# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം  സമ്മേളനം

## 2020 മാർച്ച് 4, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1609/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .....35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....35
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .....92

**II അടിയന്തരപ്രമേയം**

ചരക്ക് സേവന നികുതി ......468
(അവതരണാനുമതി നിഷേധിച്ചു.)

**III ശ്രദ്ധക്ഷണിക്കൽ**

1. പ്രളയ ദുരിതാശ്വാസം

— ശ്രീ. ജെയിംസ് മാത്യു .....484

2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം

— ശ്രീ. വി. ടി. ബൽറാം .....487

**IV സബ്മിഷൻ**

(1) മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെയുള്ള അക്രമം

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ......491

(2) സാമ്പത്തിക സംവരണം

— ശ്രീ. പി. സി. ജോർജ് .....495

(3) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സംരക്ഷണം

— ശ്രീ. കെ. കുഞ്ഞിരാമൻ .....498

(4) പ്രളയ ദുരിതാശ്വാസ ആനുകൂല്യം

— ശ്രീ. കെ. ശശീന്ദ്രൻ .....501

— ശ്രീ. ഐ. സി. ബാലകൃഷ്ണൻ .....502

(5) അതിർത്തി നിർണ്ണയം

— ശ്രീമതി ഇ. എസ്. ബിജിമോൾ ..... 503

*പേജ്*

(6) തടയണ നിർമ്മാണം
— ശ്രീ. ബി. സത്യൻ .....505.
(7) കുടിവെള്ള പദ്ധതി
— ശ്രീ. വി. ടി. ബൽറാം .....507
— ശ്രീ. മുഹമ്മദ് മുഹസിനി. പി
(8) ലോ ഫ്ലോർ എ.സി. ബസ് സർവ്വീസ്
— ശ്രീമതി ഗീതാ ഗോപി .....509
(9) പുലമൺ മേൽപ്പാലം
— ശ്രീമതി പി. അയിഷാ പോറ്റി .....510
(10) മിശ്ര വിവാഹിതർക്കുള്ള സംവരണാനുകൂല്യങ്ങൾ
— ശ്രീ. പി. ടി. തോമസ് .....511

**V മേശപ്പുറത്തുവച്ച കടലാസുകൾ** .....514

**VI ധനകാര്യം**

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെടുപ്പും .....515

ധനാഭ്യർത്ഥന നമ്പർ IX— വാഹനനികുതികൾ .....516

ധനാഭ്യർത്ഥന നമ്പർ XXXIII— മത്സ്യബന്ധനം .....517

ധനാഭ്യർത്ഥന നമ്പർ XLI— ഗതാഗതം .....520

**VII വ്യക്തിപരമായ വിശദീകരണം**

പത്രവാർത്ത സംബന്ധിച്ച് .....594

— സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ)

**(ധനകാര്യം) തുടർച്ച** .....596

**VIII പ്രത്യേക പരാമർശം**

മിന്നൽ പണിമുടക്ക് .....617
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

**(ധനകാര്യം) തുടർച്ച** .....619

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്തൊമ്പതാം സമ്മേളനം

*2020 മാർച്ച് 4, ബുധൻ*

വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2020 മാർച്ച് മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

### വരൾച്ച നേരിടാൻ വാട്ടർ അതോറിറ്റിയുടെ പദ്ധതി

1(*61) ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാല വരൾച്ച നേരിടുന്നതിനായി വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) വറ്റാത്ത ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) കുടിവെള്ള സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കാനും ലഭ്യമായ ജലം സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും വിനിയോഗിക്കാനും കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കാറുണ്ട്. അടിക്കടിയുണ്ടാകുന്ന വരൾച്ചയുടെ

പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിനും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനും താഴെപ്പറയുന്ന നടപടികൾ എല്ലാ വേനൽക്കാലത്തും ചെയ്തുവരുന്നു:

1. ജലലഭ്യത കുറയാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഉപ്പുവെള്ളം കയറാൻ സാധ്യതയുള്ള സ്രോതസ്സുകളിൽ അത് തടയുന്നതിന് താൽക്കാലിക തടയണകൾ നിർമ്മിക്കുക, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിക്കുക;

2. ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ച് ബാക്കിയുള്ള ജലം മാത്രം കനാലുകളിലൂടെ തുറന്നുവിടുക;

3. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക;

4. വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക;

5. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക;

6. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ നടപ്പാക്കുക;

7. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യാനാവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക;

8. അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയും കുടിവെള്ളക്ഷാമം പരിഹരിക്കുക;

9. ഉപേക്ഷിച്ച പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും ചെയ്യുക;

(ബി) ജലസ്രോതസ്സുകൾ കണ്ടെത്തി സംരക്ഷിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നടപടികളെടുക്കാറുണ്ട്. ഇത്തരം സ്രോതസ്സുകൾ കമ്പിവേലി കെട്ടി സംരക്ഷിച്ചും മലിനീകരണത്തിനെതിരെയുള്ള പരസ്യ ബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്നതിനാൽ മനുഷ്യ ഇടപെടൽമൂലമുണ്ടാകുന്ന നശീകരണമുണ്ടാകാതെ സ്രോതസ്സുകൾ നിലനിൽക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന വറ്റാത്ത സ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്പെടുത്താൻ അതോറിറ്റി ശ്രമിക്കാറുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആനത്താഴ്ച്ചിറ, വണ്ടിച്ചിറ എന്നീ കുളങ്ങൾ അതോറിറ്റി ഇപ്പോൾ നവീകരിച്ച് കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കഴിഞ്ഞവർഷമുണ്ടായ ശക്തമായ മഴയെത്തുടർന്ന് ഈ വർഷം ആദ്യംതന്നെ കഠിനമായ വരൾച്ചയുണ്ടാകുമെന്ന് കാലാവസ്ഥാ നിരീക്ഷകർ പ്രവചിച്ചിരുന്നു. അത് കണക്കിലെടുത്ത് വരൾച്ച തടയുന്നതിനുവേണ്ടി എന്തൊക്കെ ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? വാട്ടർ അതോറിറ്റിയുടെ പൈപ്പിലൂടെയുള്ള ജലലഭ്യത നിലവിൽ വന്നതോടുകൂടി നമ്മൾ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ജലസ്രോതസ്സുകളായ കുളങ്ങളും തടാകങ്ങളും പൊതുകിണറുകളുമൊക്കെ ഉപേക്ഷിക്കാനും അതിൽ മാലിന്യങ്ങൾ നിക്ഷേപിച്ച് നശിപ്പിക്കാനുമുള്ള പ്രവണത കൂടി വന്നിട്ടുണ്ട്. രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ ഇത്തരം ജലസ്രോതസ്സുകൾ സംരക്ഷിക്കാനും അവ പുനരുദ്ധരിക്കാനും എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്; വരൾച്ച വരുന്നതോടുകൂടി ജലത്തിന്റെ മാലിന്യത്തോത് വർദ്ധിക്കുകയാണെന്നത് മുൻകൂട്ടിക്കണ്ട് ജലസ്രോതസ്സുകൾ മലിനമാകാതെ സൂക്ഷിക്കാനും ജലത്തിന്റെ പരിശുദ്ധി ഉറപ്പുവരുത്താനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 2017-ലാണ് ഏറ്റവും കൂടുതൽ വരൾച്ചയുണ്ടായത്. ആ അനുഭവം കണക്കിലെടുത്ത് ഇനി അത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം മുപ്പതോളം തടയണകൾ അതിനുവേണ്ടി നിർമ്മിച്ചിട്ടുണ്ട്. ജലസ്രോതസ്സുകൾ വറ്റാതിരിക്കാൻ ഡാമുകളിൽ ജലക്രമീകരണം നടത്തിയിട്ടുണ്ട്. അതുപോലെ

ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിന് ഇറിഗേഷൻ വകുപ്പിനെക്കൊണ്ടു തന്നെ കേസ് ചാർജ് ചെയ്യാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. എല്ലാവരുടേയും സഹായത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം നഗരസഭയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ ഏക ജലസ്രോതസ്സ് മലപ്പുറം സിവിൽ സ്റ്റേഷന് പുറകിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ സ്ഥാപിച്ചിരുന്ന നമ്പ്രാണി ചെക്ക് ഡാമാണ്. ആ ചെക്ക് ഡാമിന് ചോർച്ചയുണ്ടായതിനെത്തുടർന്ന് അത് തടയാനുള്ള നടപടി സ്വീകരിക്കണമെന്ന് മുനിസിപ്പാലിറ്റിയും ജനങ്ങളുമൊക്കെ പലതവണ ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റിയുടെ കയ്യിൽ ഓട്ടയടയ്ക്കാനോ റിപ്പയർ ചെയ്യാനോ ആവശ്യമായ പണമില്ലാതെവന്ന സന്ദർഭത്തിലാണ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പുതിയ ചെക്ക് ഡാം സ്ഥാപിക്കണമെന്ന നിർദ്ദേശമുയർന്നത്. ചെക്ക് ഡാം സ്ഥാപിക്കാനാവശ്യമായ സർവ്വേ നടപടികൾക്കുവേണ്ടി മലപ്പുറം നഗരസഭ 16 ലക്ഷം രൂപ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്തു. സർവ്വേ നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കയ്യിൽ പണമില്ലാത്ത സാഹചര്യത്തിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ തുക ഉപയോഗിച്ച് പുതിയ ചെക്ക് ഡാം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ചുള്ള നടപടി സ്വീകരിക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മാർച്ച് മാസം ആരംഭിച്ചതേയുള്ളൂ, അപ്പോൾത്തന്നെ കേരളം വലിയ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. 2017-ൽ കിഫ്ബിയിൽ അംഗീകാരം നൽകിയ കാങ്കക്കടവ് ആർ.സി.ബി. കുടിവെള്ള പദ്ധതി; ഇരിമ്പിളിയം, എടയൂർ, പുലാമന്തോൾ, തൃത്താല, തവനൂർ തുടങ്ങിയ അഞ്ച് പഞ്ചായത്തുകളിലേയ്ക്കും വളാഞ്ചേരി, എടയൂർ പഞ്ചായത്തുകളിൽ ഇപ്പോൾ പുതുതായി അങ്ങ് അംഗീകരിച്ച പദ്ധതിക്കുമടക്കം കുടിവെള്ളം ലഭിക്കണമെങ്കിൽ ഈയൊരു പദ്ധതി പൂർത്തീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതുവരെ അതിനാവശ്യമായ സംശയനിവാരണം വരുത്തി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് കൃത്യമായൊരു പ്രോജക്ട് നൽകാത്തതുമൂലം മൂന്നുവർഷമായി കിഫ്ബി വീണ്ടുംവീണ്ടും സംശയങ്ങൾ ചോദിച്ച് നീട്ടിക്കൊണ്ടു പോകുകയാണ്. സംശയനിവാരണം വരുത്താവുന്ന തരത്തിലൂടെയുള്ള പ്രോജക്ട് സമർപ്പിച്ച് കിഫ്ബിയിൽ നിന്ന് അംഗീകാരം വാങ്ങി ഈ അഞ്ച് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയുടെയും പുതുതായി അങ്ങുതന്നെ അവതരിപ്പിച്ച് അംഗീകരിച്ച ഇരിമ്പിളിയം, വളാഞ്ചേരി, എടയൂർ കുടിവെള്ള പദ്ധതിയുടെയും പ്രോജക്ടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും പരിശോധിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, വാട്ടർ അതോറിറ്റിയുടെ പമ്പിംഗുമായി ബന്ധപ്പെട്ട് പലസ്ഥലങ്ങളിലും താൽക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്. അതിന്റെ റെക്കറിംഗ് എക്സ്പെൻസസായി ഓരോ വർഷവും പത്തും പതിനഞ്ചും ലക്ഷം രൂപ ചെലവ് വരികയാണ്. എന്റെ മണ്ഡലത്തിലെ ഒറോംപുറത്ത് ഒരു താൽക്കാലിക തടയണയുണ്ട്. ഒരു മഴ വന്നാൽ അത് പൊട്ടിപ്പോകും. അങ്ങനെ താൽക്കാലിക തടയണകളുള്ളയിടത്ത് സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിനുവേണ്ടി അങ്ങ് ശ്രമിക്കുമോ; അങ്ങനെ ചെയ്താൽ വാട്ടർ അതോറിറ്റിക്ക് ഒരോ വർഷവും വരുന്ന റെക്കറിംഗ് എക്സ്പെൻസസ് കുറയ്ക്കാനും സ്ഥിരമായി ജല ലഭ്യതയുണ്ടാക്കാനും ജലവിതാനം ഇരുവശങ്ങളിൽ നിലനിർത്താനും സാധിക്കും. ഒറോംപുറത്തെ തടയണയെ സംബന്ധിച്ച് ഒന്നുരണ്ട് തവണ ഞാൻ അങ്ങയെ കണ്ട് സംസാരിച്ചതാണ്. അക്കാര്യം പ്രത്യേകമായി പരിഗണിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വെള്ളപ്പൊക്കമുണ്ടാകുന്ന സമയത്ത് ആ തടയണ മാറ്റി വെള്ളപ്പൊക്കത്തിന് നിയന്ത്രണമുണ്ടാക്കാൻ സാധിക്കുമെന്നുള്ളതു കൊണ്ടാണ് താൽക്കാലിക തടയണ നിർമ്മിക്കുന്നത്. യുക്തമായ സ്ഥലങ്ങളിൽ സ്ഥിരം തടയണകൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കളമശ്ശേരി, ഏലൂർ, തൃക്കാക്കര, കൊച്ചിൻ കോർപ്പറേഷൻ തുടങ്ങിയ നഗരങ്ങളിലും സമീപപ്രദേശങ്ങളിലെ പത്ത് പഞ്ചായത്തുകളിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ശുദ്ധജല പദ്ധതിക്ക് ഗവൺമെന്റ് 238.53 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കളമശ്ശേരി കിൻഫ്രയിൽ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. പക്ഷെ പ്രവർത്തനം ആരംഭിക്കാതെ വന്നപ്പോൾ ഇവിടത്തെ എം.എൽ.എ.-മാർ ആവശ്യപ്പെട്ടതുപ്രകാരം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 2019 മേയ് 28-ന് നിയമസഭയിലെ 610-ാം നമ്പർ കോൺഫറൻസ് ഹാളിൽ ഒരു യോഗം വിളിക്കുകയും പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. പക്ഷേ ഇതുവരെ ആ പദ്ധതി ഒരിഞ്ച് നീങ്ങിയിട്ടില്ല. അത് മുന്നോട്ട് പോകണം. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; അതുപോലെതന്നെ ശുദ്ധീകരണശാല കളമശ്ശേരി കിൻഫ്രയിലാണോ അതോ ആലുവ വാട്ടർ അതോറിറ്റിയുടെ സ്ഥലത്താണോ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ യോഗത്തിൽ നടന്ന തീരുമാനങ്ങൾ അക്ഷരംപ്രതി നടപ്പിലാക്കാൻ ശ്രമിക്കുകയും സമയബന്ധിതമായി നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട് പ്രത്യേക ചോദ്യമുണ്ടെങ്കിൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വിവിധ ഡാമുകളിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ വിപുലീകരിച്ച് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടത്തുന്ന പരിശ്രമത്തെ ശ്ലാഘിക്കുകയാണ്. എന്റെ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്കുവേണ്ടി പോത്തുണ്ടി, മംഗലം ഡാം പദ്ധതികൾ വിപുലീകരിക്കുന്നുണ്ട്. പക്ഷെ പ്രസ്തുത ഡാമുകളെ ആശ്രയിച്ച് കൃഷി ചെയ്യുന്ന കർഷകർ പലരും ആശങ്കയിലാണ്; കാരണം വെള്ളത്തിന്റെ സ്രോതസ്സ് കുറഞ്ഞുവരുന്നു. ഡാമുകളിലെ ചെളി നീക്കം ചെയ്യാൻ ഈ ഗവൺമെന്റ് നടത്തുന്ന പരിശ്രമത്തെ അഭിനന്ദിക്കുന്നതോടൊപ്പം പലയിടത്തും പാഴായിപ്പോകുന്ന പുഴവെള്ളം ഡാമുകളിലേയ്ക്ക് തിരിച്ചുവിടാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. നെല്ലിയാമ്പതി മലനിരകളിലെ പുലയമ്പാറ ഭാഗത്തുകൂടി ഒഴുകുന്ന പുഴ, മണലാർ ടീ ഫാക്ടറി പരിസരത്തുനിന്നും ചെക്ക് ഡാം കെട്ടി വെള്ളം തിരിച്ചുവിട്ടാൽ പോത്തുണ്ടി ഡാമിലേയ്ക്കും കാരപ്പാറ പുഴയെ കുഞ്ചിയാർപതി വഴി രണ്ടാംപുഴയിലേയ്ക്കും അതുവഴി മംഗലം ഡാമിലേയ്ക്കും എത്തിക്കാൻ കഴിഞ്ഞാൽ വലിയ തോതിൽ വെള്ളം സംഭരിക്കാൻ കഴിയും. ഇതിനാവശ്യമായ പഠനം നടത്താൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നെല്ലിയാമ്പതി മലനിരകളിലെ പുലയമ്പാറ ഭാഗത്തുകൂടി ഒഴുകുന്ന പുഴ, മണലാർ ടീ ഫാക്ടറി പരിസരത്തുനിന്നും ചെക്ക് ഡാം കെട്ടി വെള്ളം തിരിച്ച് പോത്തുണ്ടി ഡാമിലേയ്ക്കും കാരപ്പാറ പുഴയെ കുഞ്ചിയാർപതി വഴി രണ്ടാംപുഴയിലേയ്ക്കും അതുവഴി മംഗലം ഡാമിലേയ്ക്കും എത്തിച്ചാൽ വലിയ തോതിൽ വെള്ളം സംഭരിക്കാൻ കഴിയും. ഇതിനാവശ്യമായ പഠനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, വരൾച്ച നേരിടാൻ വാട്ടർ അതോറിറ്റി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു എന്നതാണ് ഇവിടത്തെ പ്രധാന വിഷയം. സത്യം പറഞ്ഞാൽ നമ്മുടെ നാട്ടിലെ എല്ലാ പ്രദേശങ്ങളും ഇപ്പോൾത്തന്നെ വരൾച്ച നേരിടുന്ന അവസ്ഥയിലാണുള്ളത്. ഇന്ന് രാവിലെ ആലുവയിലുള്ള ഒരു വ്യക്തി എന്നെ വിളിച്ചുണർത്തിയത് ആലുവ കാർമൽ ഹോസ്പിറ്റലിനടുത്ത് പ്രധാനപ്പെട്ട ഒരു പൈപ്പ് പൊട്ടിക്കിടക്കുന്നു എന്നുപറഞ്ഞുകൊണ്ടാണ്. ആ പൈപ്പ് നന്നാക്കാനുള്ള സാഹചര്യമില്ലാതെ വെള്ളം പാഴായിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: യെസ്.... യെസ്....

ശ്രീ. അൻവർ സാദത്ത്: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 'ഞങ്ങൾക്ക് കുടിവെള്ളം മുടങ്ങിയിട്ട് ഒരുപാട് നാളായി, എന്തുകൊണ്ട് എം.എൽ.എ. നടപടി എടുക്കുന്നില്ല' എന്ന് അവർ ചോദിച്ചു. ഞാൻ ഉടൻതന്നെ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിളിച്ചപ്പോൾ, വർക്ക് ഏറ്റെടുക്കാൻ ഒരു കോൺട്രാക്ടർമാരും വരുന്നില്ലെന്നും അവരുടെ പണിക്കാരെ വിട്ടുതരുന്നില്ലെന്നുമാണ് അറിയാൻ കഴിഞ്ഞത്. അവർ പ്രവൃത്തികൾ ബഹിഷ്കരിച്ചിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ കോൺട്രാക്ടർമാർക്ക് നയാപൈസ നൽകിയിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഇന്ന് കേരളത്തിലെ ഒരു പണിയും അവർ ഏറ്റെടുക്കാത്ത സ്ഥിതിയുണ്ടായത്.

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ, ഗവൺമെന്റ് എത്രയുംവേഗം വാട്ടർ അതോറിറ്റി കോൺട്രാക്ടർമാരുടെ പണം നൽകാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ രൂക്ഷമായ കുടിവെള്ള പ്രശ്നമുണ്ടാകും. കൂടാതെ കോൺട്രാക്ടർമാരുടെ സമരം നേരിടാൻ കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

മി. സ്പീക്കർ: ഇരിക്കൂ... ഇരിക്കൂ... ബാക്കിയുള്ളവർക്ക് ചോദ്യം ചോദിക്കണ്ടേ?

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ പൈപ്പ് ലൈൻ റോഡ് നന്നാക്കുന്നതു സംബന്ധിച്ച് ഞാൻ ഈ നിയമസഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അതിനെത്തുടർന്ന് പൈപ്പ് ലൈൻ റോഡ് നന്നാക്കാൻ എൻ.ഒ.സി. നൽകാമെന്ന് പറഞ്ഞു. പക്ഷെ ഇതുവരെ എൻ.ഒ.സി. ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയെ പഞ്ചായത്ത് പ്രസിഡന്റും ചെയർപേഴ്സണും അടക്കമുള്ളവർ വന്നു കണ്ടിരുന്നു. പക്ഷെ ഇതുവരെ അതിന് നടപടിയെടുത്തിട്ടില്ല.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... മിനിസ്റ്റർ, ഒരു ഉപചോദ്യത്തിന് അങ്ങേയ്ക്ക് ഉത്തരം പറയാം.

ശ്രീ. അൻവർ സാദത്ത്: സർ, ജില്ലാ പഞ്ചായത്തും മുനിസിപ്പാലിറ്റിയും പൈസ നൽകിയിട്ടുപോലും പൈപ്പ് ലൈൻ റോഡ് .....(മൈക്ക് ഓഫ്).... തിന്നുകയുമില്ല തീറ്റിക്കുകയുമില്ല എന്ന നടപടിയാണ് വാട്ടർ അതോറിറ്റി എടുത്തിരിക്കുന്നത്. അതുകൊണ്ട് അക്കാര്യത്തിൽ എത്രയുംവേഗം നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കരാറുകാർക്ക് പൈസ കിട്ടാത്തതിൽ ചെറിയ വിഷമമുണ്ട്; ഇല്ലെന്നുപറയുന്നില്ല. ബിൽ ഡിസ്കൗണ്ട് ചെയ്യാനുള്ള ഏർപ്പാട് ചെയ്ത് ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡിന്റെ കാര്യം അങ്ങ് പറഞ്ഞത് പരിഗണിച്ച് അതിനുള്ള അടിയന്തര നിർദ്ദേശം നൽകാം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കേരളം അതിരൂക്ഷമായ വരൾച്ചയിലേയ്ക്ക് നീങ്ങുകയാണ്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം 2004-05 കാലയളവിൽ എന്റെ മണ്ഡലത്തിലുൾപ്പെടെ നിരവധി കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതിൽ നാലഞ്ച് കുടിവെള്ള പദ്ധതികൾ വലിയ സ്രോതസ്സാണ്. പക്ഷെ പല കാരണങ്ങൾകൊണ്ടും അത് നടപ്പാക്കാൻ കഴിയാതെ പോകുന്നുണ്ട്. പലതവണ അതിന്റെ മോട്ടോറും മറ്റും മാറ്റിവയ്ക്കാനുള്ള സഹായം നൽകിയിട്ടും പുനരുദ്ധരിക്കാൻ സാധിച്ചില്ല. ഇത്തരത്തിലുള്ള സ്രോതസ്സുകളെ സംരക്ഷിച്ചെടുക്കാൻ കൃത്യമായി അവയുടെ ലിസ്റ്റെടുത്ത് പണവും സാങ്കേതിക സഹായവുംകൂടി ലഭ്യമാക്കി അവയെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതിന് ശ്രമിക്കുന്നതാണ്. പ്രസ്തുത വിഷയം പ്രത്യേകമായി പരിശോധിക്കാനുള്ള നിർദ്ദേശം നൽകാം.

<u>ശ്രീ. അനിൽ അക്കര</u>: സർ, വരൾച്ച നേരിടാൻ എല്ലാ പഞ്ചായത്തുകളിലും നിരവധി വാട്ടർ കിയോസ്കുകൾ നേരത്തെതന്നെ സ്ഥാപിച്ചതാണ്. അതിലേയ്ക്ക് വെള്ളമെത്തിക്കുന്നത് വാട്ടർ അതോറിറ്റിയാണ്. പക്ഷെ കഴിഞ്ഞ രണ്ടുവർഷമായി കൃത്യമായ രീതിയിൽ വാട്ടർ അതോറിറ്റി വെള്ളമെത്തിക്കാത്തതുകൊണ്ട് പല വാട്ടർ കിയോസ്കുകളും ഉപകാരപ്രദമല്ലാത്ത രീതിയിൽ മറിഞ്ഞുകിടക്കുകയാണ്. അതിൽ വെള്ളമെത്തിക്കുന്നതിനുള്ള സംവിധാനം വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കുന്നതിനുപകരം പഞ്ചായത്തുകളെ ഏൽപ്പിക്കാൻ തയ്യാറാകുമോ; അതുപോലെതന്നെ അവിടെയുള്ള ചില പ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചാൽ അതിൽ മോട്ടോറുകൾ വച്ച് ഈ കിയോസ്കുകൾ നിറയ്ക്കാൻ കഴിയും. യുദ്ധകാലാടിസ്ഥാനത്തിൽ അത് ചെയ്താൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. വളരെ കൊട്ടിഘോഷിച്ചാണ് നമ്മൾ പല സ്ഥലത്തും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചത്. അതൊക്കെ ഓരോ സ്ഥലത്തും മറിഞ്ഞ് കിടക്കുകയും മറ്റുചില ആവശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുകയുമാണ്. ഇത്തരം വാട്ടർ കിയോസ്കുകൾ ഉപകാരപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പൈപ്പുകൾ നീട്ടിയപ്പോൾ ലോറി വെള്ളത്തിന്റെ ആവശ്യമില്ലാത്ത സ്ഥലത്ത് ചില കിയോസ്കുകൾ വെറുതെ ഇരിക്കുന്നുണ്ട്. അവ ആവശ്യമുള്ള സ്ഥലത്തേയ്ക്ക് മാറ്റാൻ ശ്രമിക്കാം. അടിയന്തരമായി കുടിവെള്ള മെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെയുള്ള പ്രത്യേക സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിച്ച് തൽക്കാലം അവരെ രക്ഷിക്കാനുള്ള നടപടി സ്വീകരിക്കാം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കേരളത്തിൽ പ്രതീക്ഷിക്കാത്ത തരത്തിലുള്ള വേനലാണ് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉണ്ടായി ക്കൊണ്ടിരിക്കുന്നത്. ഇത് വളരെ വലിയ തോതിൽ മുന്നോട്ടുപോകുമെന്നാണ് പറയുന്നത്. അപ്പോൾ ജലസ്രോതസ്സുകൾ വറ്റിപ്പോകുന്ന സാഹചര്യവുമുണ്ടാകും. ഏറ്റവും വിഷമകരമായ ജലദൗർലഭ്യം നേരിടുന്ന ജില്ലകളിലൊന്ന് കൊല്ലം ജില്ലയാണ്. ഈ വിഷയം ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പഠിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അങ്ങും റവന്യൂ വകുപ്പുമന്ത്രിയും മുൻകയ്യെടുത്ത് കേന്ദ്രത്തെ അറിയിക്കുകയും ഈ സാഹചര്യം നേരിടുന്നതിന് അവരുടെ സഹായത്തോടെ പരിപാടികൾ ആവിഷ്കരിക്കാനും ഫണ്ട് കണ്ടെത്താനും ഒരു സംവിധാനമൊരുക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കഴിഞ്ഞ പ്രാവശ്യത്തെക്കാളും കുറേക്കൂടി മെച്ചമാണ് നമ്മുടെ ജലത്തിന്റെ ശേഖരണം. ജലശക്തി മിഷനിൽ ഇപ്പോൾ വാട്ടർ കൺസർവേഷന് ഒരു പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. അതുകൊണ്ട് കേന്ദ്രത്തിൽ അതിനുപറ്റിയ പദ്ധതി സമർപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കും. മുഖ്യമന്ത്രിയുമായി ആലോചിച്ച് കൊല്ലം ജില്ലയിലെ പ്രത്യേക പ്രശ്നങ്ങൾ എന്താണെന്ന് പഠിച്ച് വേണ്ട നടപടി സ്വീകരിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എറണാകുളം പട്ടണത്തിന്റെ ഹൃദയഭാഗം വരുന്ന തൃക്കാക്കര മണ്ഡലത്തിലെ കളക്ടറേറ്റ് സ്ഥിതിചെയ്യുന്ന പ്രദേശമുൾപ്പെടെ ചിറ്റേത്തുകര, അത്താണി, വെണ്ണല, പനമ്പള്ളിനഗർ അടക്കമുള്ള പ്രദേശത്ത് മൂന്ന് ദിവസത്തിലൊരിക്കലാണ് വെള്ളമെത്തിക്കുന്നത്. അവിടെ വളരെ ഗുരുതരമായ ജലക്ഷാമമാണുള്ളത്. കുനിന്മേൽ കുരു എന്നതുപോലെ നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി അവിടെ വന്ന് ഒരു തെളിവെടുപ്പ് നടത്തി. ഫ്ലാറ്റുകളിലേയ്ക്ക് വെള്ളമെടുക്കുന്നതിന്റെ ഗുണനിലവാരം നിശ്ചയിക്കണമെന്നുള്ളതായിരുന്നു അവരുടെ ആവശ്യം. ഞാൻ അതിനെ പിന്തുണയ്ക്കുകയുമാണ്. ഇതിനെത്തുടർന്ന് ഒരു ദിവസം 2000-ത്തോളം ലോറികളിൽ വെള്ളം നിറയ്ക്കാനുള്ള സംവിധാനം ഒരുക്കാമെന്ന് വാട്ടർ അതോറിറ്റി സമ്മതിച്ചിരുന്നു. പക്ഷെ ഇപ്പോൾ വാട്ടർ അതോറിറ്റിക്ക് വെള്ളം കൊടുക്കാനും കഴിയുന്നില്ല, ഫ്ലാറ്റുകളിൽ വെള്ളവും കിട്ടുന്നില്ല. ഫ്ലാറ്റുകളിൽ താമസിക്കുന്നവരും മനുഷ്യരാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി എപ്പോഴും വരുന്ന ഇൻഫോ പാർക്കും സ്മാർട്ട്സിറ്റിയും ഉൾപ്പെടെയുള്ള മേഖലകളിൽ വളരെ ഗുരുതരമായിട്ടുള്ള കുടിവെള്ള പ്രശ്നമാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുറച്ച് പണം നൽകി ഈ വരൾച്ച നേരിടാൻ അടിയന്തര നടപടി സ്വീകരിക്കുകയും അതുവഴി തൃക്കാക്കര മണ്ഡലത്തെ രക്ഷിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വാട്ടർ അതോറിറ്റി 80 ലക്ഷം രൂപ ചെലവുചെയ്ത് ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള നടപടികൾക്കുവേണ്ടി പോയിന്റുകൾ കണ്ടെത്തിയിട്ടുണ്ട്. അത് തീർച്ചയായും ചെയ്യും.

ശ്രീ. ആർ. രാജേഷ്: സർ, മുൻകാലങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ നടത്തണം. അതിന്റെ ഭാഗമായി എന്റെ മണ്ഡലത്തിൽ ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ഒരു കുടിവെള്ള പദ്ധതിയാണ് ഭരണിക്കാവ്-കുറത്തിയാട് കുടിവെള്ള പദ്ധതി. ഓവർഹെഡ് ടാങ്ക്, ടാപ്പേർഡ് പ്ലാന്റ്, അവിടേയ്ക്കുള്ള സപ്ലൈ ലൈൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ എന്നിവയെല്ലാം പൂർത്തീകരിച്ചിരിക്കുകയാണ്. പക്ഷെ റെയിൽവേ ക്രോസ് ഒരു പ്രശ്നമാണ്. അതിന്റെ ഭാഗമായി ഈ പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഇത്തരം ചെറിയ പ്രശ്നങ്ങളുടെ ഭാഗമായി മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാനും ഈ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഗവൺമെന്റ് ഇടപെട്ടിട്ടുണ്ട്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് വിതരണ ശൃംഖല വിപുലപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ കരാറുകാരുടെ സമരം തുടങ്ങിയിട്ട് ഒരു മാസം പിന്നിടുകയാണ്. അങ്ങ് ഇതിൽ ഇടപെട്ടുവെന്ന് കുറച്ച് മുൻപ് പറയുകയുണ്ടായി. ഇത് പരിഹരിക്കപ്പെട്ടിട്ടില്ല. ഇപ്പോഴും അതേ രീതിയിൽത്തന്നെ തുടരുകയും ലക്ഷക്കണക്കിന് ലിറ്റർ വെള്ളം പാഴായിക്കൊണ്ടിരിക്കുകയുമാണ്. കഴിഞ്ഞ വേനലിലും ഇതു തന്നെയാണുണ്ടായത്. അപ്പോഴും അവർ സമരത്തിലേയ്ക്ക് പോയി. ഇവരുടെ വിഷയങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ എന്തുകൊണ്ട് ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നില്ലെന്ന് അങ്ങ് വ്യക്തമാക്കണം. ഇതിൽ പല സ്ഥലങ്ങളിലും പ്രത്യേകിച്ച് എറണാകുളം ജില്ലയിലെ ആലുവ, മൂവാറ്റുപുഴ അടക്കമുള്ള പ്രദേശങ്ങളിലാണ് ഈ സമരം ഏറ്റവും രൂക്ഷമായി നിൽക്കുന്നത്. അവിടെ അത് വലിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. ഞാൻ അങ്ങയെ രണ്ടുതവണ വിളിച്ചിരുന്നു; കിട്ടിയില്ല. അങ്ങയുടെ ഓഫീസുമായി ബന്ധപ്പെട്ട് സംസാരിച്ചു.

പക്ഷെ ഇതുവരെ യാതൊരു നടപടിയുമുണ്ടായിട്ടില്ല. മറ്റൊരു കാര്യം, വരൾച്ച നേരിടാൻ 2014-15 കാലയളവിൽ അടിയന്തരമായി തുക അനുവദിച്ചിരുന്നു. നൂറ് മീറ്റർ പൈപ്പ് മാറ്റിയാൽ വെള്ളമെത്തുന്ന പല സ്ഥലങ്ങളുമുണ്ടാകും. അങ്ങനെയുള്ള സ്ഥലങ്ങൾ നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഇപ്പോഴുള്ള വരൾച്ചയുടെ പശ്ചാത്തലത്തിൽ അവിടെ പണം ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നുള്ളത് ശരിയാണ്. ബിൽ മാറാൻ പി.ഡബ്ല്യു.ഡി.-യിൽ കൊടുക്കുന്നതുപോലുള്ള നടപടിക്രമങ്ങൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് കുറേയേറെ പ്രശ്നങ്ങൾ തീർക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. രണ്ടാമത്തെ ചോദ്യം പൈപ്പ് മാറ്റാനുള്ളത് സംബന്ധിച്ചാണ്. നമുക്ക് 128 പദ്ധതികൾ നിലവിലുണ്ട്. പൈപ്പും ടാങ്കും ട്രീറ്റ്മെന്റ് പ്ലാന്റുമുണ്ട്, പക്ഷെ വിതരണം മാത്രമില്ല. ആ സ്ഥലങ്ങൾക്ക് മുൻഗണന നൽകി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യാനാണ് ശ്രമിക്കുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

2 (*62) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) മതപരമായ വിഭാഗീയത സൃഷ്ടിച്ചുകൊണ്ടും ആചാരങ്ങളുടെയും സ്മൃതിയുടെയും പേരിലും ജാതീയ ഉച്ചനീചത്വം അരക്കിട്ടുറപ്പിക്കുന്ന വർഗ്ഗീയവാദികൾ അടിച്ചമർത്തപ്പെട്ടിരുന്ന വിവിധ വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിലുള്ള സംവരണത്തോടുള്ള എതിർപ്പ് തീവ്രമാക്കിക്കൊണ്ടുള്ള പ്രസ്താവനകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) സംസ്ഥാന സർക്കാരുകൾ സംവരണതത്വം പാലിക്കാൻ ബാധ്യസ്ഥരല്ലെന്ന സുപ്രീംകോടതിയുടെ വിധി പഠന വിധേയമാക്കിയിരുന്നോ; വിധി തിരുത്തിക്കിട്ടാൻവേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; ആവശ്യമെങ്കിൽ ഭരണഘടന ഉചിതമായി ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സർക്കാർ സർവ്വീസും പൊതുമേഖലയും ചുരുക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ധരിപ്പിക്കാൻ നടപടിയുണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരെ മുഖ്യധാരയിലെത്തിക്കാൻ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഈ സർക്കാർ നിരവധി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

- പട്ടികജാതി-പട്ടികവർഗ്ഗ-മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 50 ശതമാനം വർദ്ധിപ്പിച്ചു;
- ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് ആയി പ്രതിവർഷം രണ്ടായിരം രൂപ വീതം അനുവദിച്ചു;
- സംഗീതം, നൃത്തം എന്നീ മേഖലകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആടയാഭരണങ്ങൾ വാങ്ങാൻ ധനസഹായം അനുവദിച്ചു;
- സർക്കാർ ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിന് 4,500 രൂപ പ്രതിമാസ അലവൻസ് അനുവദിച്ചു;
- പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദ പഠനം നടത്തുന്നതിന് സൗകര്യമൊരുക്കി. 30 പട്ടികജാതി വിദ്യാർത്ഥികൾക്കും 5 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകി;
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക സ്കൂളുകളിൽ പ്രവേശനം നേടുന്നതിന് പരിശീലനം ആരംഭിച്ചു. 23 കുട്ടികൾ വിവിധ സൈനിക സ്കൂളുകളിൽ പഠിച്ചുവരുന്നു;
- എല്ലാ സ്കോളർഷിപ്പ് പദ്ധതികളും ഇ-ഗ്രാന്റ്സ് വെബ്സൈറ്റിലേയ്ക്ക് കൊണ്ടുവന്ന് വിതരണം കൂടുതൽ ലളിതവും സൗകര്യപ്രദവുമാക്കി;

- പ്ലസ്-ടു പാസ്സായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനുള്ള ഒരു പുതിയ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്നു;
- വകുപ്പിന്റെ കീഴിലുള്ള 44 ഐ.റ്റി.ഐ.-കളിൽ 7 എണ്ണം റെസിഡൻഷ്യൽ ഐ.റ്റി.ഐ.-കളാക്കി. എല്ലാ ഐ.റ്റി.ഐ.-കളിലും വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഏർപ്പെടുത്തി. എല്ലാ ഐ.റ്റി.ഐ.-കളും നവീകരിച്ചു;
- <u>പഠനമുറിയും സാമൂഹ്യ പഠനമുറിയും</u>:- സൗകര്യങ്ങളും വിസ്തൃതിയും കുറഞ്ഞ പട്ടികജാതിക്കാരുടെ വീടുകളോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൗകര്യം ഒരുക്കുന്നതിന് 150 സ്ക്വയർ ഫീറ്റിൽ 2 ലക്ഷം രൂപ ചെലവിൽ 25000 പഠനമുറികൾ നിർമ്മിക്കാൻ പദ്ധതി ആരംഭിച്ചു. ഇതുവരെ 15746 കുടുംബങ്ങൾക്ക് പഠനമുറികൾ അനുവദിച്ചു; 8907 എണ്ണം പൂർത്തിയായി. 10000 എണ്ണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റടക്കം ശ്രദ്ധിച്ച പദ്ധതിയാണിത്;
- പട്ടികവർഗ്ഗ മേഖലയിൽ ഒരു സങ്കേതത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഒരുമിച്ചിരുന്ന് പഠിക്കുന്നതിനാണ് സാമൂഹ്യ പഠനമുറികൾ നിർമ്മിച്ചുവരുന്നത്. 100 സങ്കേതങ്ങളിലായി 100 സാമൂഹ്യപഠന മുറികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. 80 കെട്ടിടങ്ങൾ കൂടി പൂർത്തിയായി. ഈ വർഷം 250 സാമൂഹ്യപഠനമുറികൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. സാമൂഹ്യപഠന മുറികളിൽ ലൈബ്രറി, ഇന്റർനെറ്റ് എന്നീ സൗകര്യങ്ങളും പഠനത്തിന് മേൽനോട്ടം വഹിക്കാൻ 15,000 രൂപ ഓണറേറിയത്തിൽ അദ്ധ്യാപക യോഗ്യതയുള്ള ഒരു ഇൻസ്ട്രക്ടറും ഉണ്ട്.

<u>ആരോഗ്യം</u>

പട്ടികജാതി വികസന വകുപ്പ് ചികിത്സാ ധനസഹായം T-grantz വെബ്സൈറ്റ് മുഖേന വിതരണം ചെയ്യാൻ ആരംഭിച്ചതോടെ അതിവേഗം ധനസഹായം ലഭ്യമാക്കാൻ കഴിയുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽ 76344 പേർക്ക് 137.45 കോടി രൂപ ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞു. പട്ടികവർഗ്ഗ വിഭാഗത്തിൽ ആശുപത്രികൾ മുഖേനയും വകുപ്പിൽ നേരിട്ട് അപേക്ഷ സ്വീകരിച്ചും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വിവിധ പദ്ധതികളിലായി 102000 പേർക്ക് 91.31 കോടി രൂപ ചികിത്സാ സഹായം ലഭ്യമാക്കി.

അതിനുപുറമെ കമ്മ്യൂണിറ്റി കിച്ചണുകൾ മുഖേനയുള്ള പോഷകാഹാര വിതരണവും ഭക്ഷ്യസുരക്ഷാ പദ്ധതിയിലൂടെയുള്ള കിറ്റുകളുടെ വിതരണവും നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിന് വാതിൽ പുറ ഭക്ഷ്യ വിതരണ പദ്ധതി ആരംഭിച്ചു.

നൈപുണ്യ വികസന പരിശീലനവും തൊഴിലും

- ഐ.റ്റി.ഐ.-കളിൽനിന്നും പാസ്സാകുന്നവർക്കായി സംഘടിപ്പിച്ച ജോബ്ഫെയർ മുഖേന സ്വകാര്യ സ്ഥാപനങ്ങളിൽ 600 പേർക്ക് തൊഴിൽ നൽകി;
- സ്കിൽ ഡെവലപ്മെന്റ് പരിശീലനത്തിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ 2565 പട്ടികജാതി യുവാക്കൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കി;
- ഹോസ്പിറ്റാലിറ്റി, ഓയിൽ റിഗ് എന്നീ മേഖലകളിൽ 360 പേർക്ക് വിദേശ കമ്പനികളിൽ പ്ലേസ്മെന്റ് നൽകി;
- 2019-20-ൽ 4810 പേർക്ക് കൂടി പരിശീലനം നൽകിവരുന്നു;
- നൈപുണ്യ വികസന പരിശീലനത്തിലൂടെ 5431 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയതിൽ 2331 പേർക്ക് തൊഴിൽ ലഭിച്ചു. ഇതിൽ 23 പേർക്ക് വിദേശത്താണ് ജോലി ലഭിച്ചത്;
- 2640 പട്ടികജാതിക്കാർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു;
- പട്ടികജാതിയിൽപ്പെട്ട 187 നഴ്സുമാർക്ക് സംസ്ഥാന സർക്കാർ ആശുപത്രികളിൽ രണ്ട് വർഷം പ്രതിമാസം 15,000 രൂപ സ്റ്റൈപ്പന്റോടെ അധിക പരിശീലനത്തിന് സൗകര്യമൊരുക്കി;
- അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന ആധുനിക വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിച്ചതിലൂടെ 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ലഭിച്ചു;
- 'ഗോത്രജീവിക' എന്ന പേരിൽ 1170 പട്ടികവർഗ്ഗ യുവതീ യുവാക്കളെ 53 സ്വയം സഹായ സംഘങ്ങളാക്കി തൊഴിൽസേന രൂപീകരിച്ച് കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ നൽകി. മൊത്തം അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് തുടർ പ്രവൃത്തികൾ നടന്നുവരുന്നു;

- ഐ.ടി. മേഖലയിൽ ആരംഭിച്ച സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന സ്ഥാപനത്തിൽ 70 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.ടി. പരിശീലനം നൽകി;

- നൂതന കാർഷിക വരുമാനദായക പരിപാടികളുടെ ഭാഗമായി അട്ടപ്പാടിയിലെ 72 ഊരുകളിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ മില്ലെറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കി;

- മണ്ണന്തല അംബേദ്കർ ഭവനിൽ പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസിൽ കഴിഞ്ഞ മൂന്ന് ബാച്ചുകളിലായി 159 പേർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകി. അതിൽ 14 പേർ സ്വന്തം വ്യവസായ സംരംഭങ്ങൾ വിജയകരമായി ആരംഭിച്ചുകഴിഞ്ഞു. 50 ലക്ഷം രൂപവരെ ഓരോ സംരംഭകനും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന വായ്പ നൽകാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 10 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടും അനുവദിച്ചുവരുന്നു. 26 പേർ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസാന ഘട്ടത്തിലാണ്;

- <u>ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>:- തൊഴിൽ മേഖലയിൽ അനന്ത സാധ്യതകളുള്ള ഫുഡ്ക്രാഫ്റ്റ് രംഗത്തെ പാലക്കാട് പ്രതിവർഷം 70 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു.

- <u>ജേർണലിസം കോഴ്സ്</u>:- മണ്ണന്തല ഐ.സി.എസ്.ഇ.ടി.എസ്.-ൽ 30 വിദ്യാർത്ഥികൾക്ക് പുതുതായി ജേർണലിസം പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് ആരംഭിച്ചു.

- സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് ICSETS മുഖേന 300 പേർക്കും സ്വകാര്യ സ്ഥാപനങ്ങളിൽ 30 പേർക്കും പരിശീലനം നേടുന്നതിന് സൗകര്യമൊരുക്കി.

<u>സർക്കാർ മേഖലയിൽ പുതിയ തൊഴിലുകൾ</u>

- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ അന്തരീക്ഷവും പഠന മാധ്യമമായ മലയാളവുമായി പൊരുത്തപ്പെടാൻ സഹായിക്കുക, ഹാജർ നിലനിർത്തി നല്ല പഠന നിലവാരം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച

ഗ്രോത്രബന്ധു പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ അദ്ധ്യാപക യോഗ്യത നേടിയ 267 മെന്റർ ടീച്ചർമാരെ വയനാട്, അട്ടപ്പാടി മേഖലയിൽ നിയമിച്ചു. പാലക്കാട്, മലപ്പുറം ജില്ലകളിലായി 59 പേരെ കൂടി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത വർഷം സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി വ്യാപിപ്പിക്കുകയാണ്.

- സ്പെഷ്യൽ ഡ്രൈവിലൂടെ 100 പട്ടികവർഗ്ഗ യുവാക്കളെ പോലീസ്, എക്സൈസ് വകുപ്പുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിച്ചു. 500 പട്ടികവർഗ്ഗ യുവാക്കളെ വനം വകുപ്പിൽ വാച്ചർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും റെസിഡന്റ് ട്യൂട്ടർമാരായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

**ഭൂരഹിതർക്ക് ഭൂമി**

- വിവിധ പദ്ധതികളിലായി 4265 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3663.374 ഏക്കർ ഭൂമി അനുവദിച്ചു. പട്ടികജാതിയിൽപ്പെട്ട 16406 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കി.
- പട്ടികവർഗ്ഗ മേഖലയിൽ കേന്ദ്ര വനാവകാശ നിയമപ്രകാരം 3697 ഏക്കർ ഭൂമിയും സുപ്രീംകോടതി വിധി പ്രകാരം നിക്ഷിപ്ത വനഭൂമിയിൽ 705 ഏക്കറും സ്ഥലം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ഭവനനിർമ്മാണം</u>

എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടെ പട്ടികജാതി മേഖലയിൽ 59576 വീടുകൾ ഈ സർക്കാർ പൂർത്തീകരിച്ചു.

| | |
|---|---|
| സ്പിൽ ഓവർ (വകുപ്പ്) | - 9780 |
| സ്പിൽ ഓവർ (ഐ.എ.വൈ.) | - 20300 |
| പുതിയത് (വകുപ്പ്) | - 18968 |
| ലൈഫ് മിഷൻ | - 5711 |
| പി.എം.എ.വൈ. | - 4817 |
| ആകെ | 59576 |

പട്ടികവർഗ്ഗ വിഭാഗത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടെ 29195 വീടുകൾ പൂർത്തിയാക്കി.

| | |
|---|---|
| സ്പിൽ ഓവർ (വകുപ്പ്) | -17876 |
| സ്പിൽ ഓവർ (ഐ.എ.വൈ.) | - 8534 |
| പുതിയത് (വകുപ്പ്) | - 555 |
| ലൈഫ് മിഷൻ | - 1109 |
| പി.എം.എ.വൈ | - 1121 |
| ആകെ | 29195 |

പട്ടികജാതി വിഭാഗത്തിൽ 10916 വീടുകളുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽ 8724 വീടുകളുടെയും നിർമ്മാണം നടന്നുവരുന്നു.

ലിംഗനീതിയും വനിതാക്ഷേമവും

- തൊഴിലെടുക്കുന്ന പട്ടികജാതി വനിതകൾക്കായി 3 പ്രധാന നഗരങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരത്ത് പേരൂർക്കടയിൽ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. കോഴിക്കോട്, കൊച്ചി നഗരങ്ങളിലും സമാനമായ ഹോസ്റ്റലുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.
- പെൺകുട്ടികൾക്കുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയായ വാത്സല്യ നിധിയിൽ 5645 പെൺകുട്ടികളെ രജിസ്റ്റർ ചെയ്തു. പട്ടികവർഗ്ഗ മേഖലയിൽ ഗോത്ര വാത്സല്യനിധി എന്ന പദ്ധതിയിൽ 1576 പേരെയും രജിസ്റ്റർ ചെയ്തു. ഇതിൽ ഒരു കുടുംബത്തിലെ 4 പേരെ ചേർക്കാം. ഇതിൽ ചേരുന്ന പെൺകുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ 3 ലക്ഷം രൂപ വീട്ടിൽ എത്തിച്ചുകൊടുക്കും. അവർ മരണപ്പെട്ടാലും ഈ തുക ലഭിക്കും. രക്ഷിതാവാണ് മരണപ്പെടുന്നതെങ്കിൽ 4 ലക്ഷം രൂപ കൊടുക്കും.

## മറ്റു പദ്ധതികൾ

കടാശ്വാസ നടപടികൾ

- കടാശ്വാസ നടപടികളുടെ ഭാഗമായി പട്ടികജാതിക്കാരുടെ 31-3-2010-ന് മുമ്പ് അടവ് തീരേണ്ടിയിരുന്ന വായ്പകളിൽ ഒരു ലക്ഷം രൂപ ഇളവ് നൽകുന്ന പദ്ധതി പ്രകാരം 69413 പേർക്ക് 88.54 കോടി രൂപ അനുവദിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽ 31-3-2014-ന് മുമ്പ് അടച്ചുതീർക്കേണ്ടിയിരുന്ന വായ്പകളിൽ കുടിശ്ശിക ഉണ്ടായിരുന്ന 3275 പേരുടെ കടം എഴുതിത്തള്ളുന്നതിന് 9.18 കോടി രൂപയും അനുവദിച്ചു.

- പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെടുമ്പോൾ നിരാലംബമാകുന്ന കുടുംബങ്ങൾക്ക് മുമ്പ് 50,000 രൂപ ധനസഹായമായി നൽകിയിരുന്നത് ഇപ്പോൾ 2 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 548 കുടുംബങ്ങൾക്ക് ഇതുവരെ ധനസഹായം അനുവദിച്ചു.
- പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 199 കുടിവെള്ള പദ്ധതികളും 157 റോഡുകളും നിർമ്മിച്ചു.

പി. കെ. കാളൻ കുടുംബ പദ്ധതി

ആലപ്പുഴ ജില്ലയിലും പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ഒറ്റപ്പെട്ട് താമസിക്കുന്ന 250 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പി. കെ. കാളൻ കുടുംബ പദ്ധതി മുഖേന സമഗ്ര വികസന പരിപാടി നടപ്പിലാക്കി.

ക്ഷേമ പദ്ധതികളുടെ നിരക്ക് ഉയർത്തി

- പട്ടികജാതിക്കാരുടെ വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും 50,000 രൂപയിൽ നിന്നും 75,000 രൂപയായി ഉയർത്തി. ഇതിനുള്ള വരുമാന പരിധി 50,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായും ഉയർത്തി. മിശ്ര വിവാഹ ധനസഹായം നിലവിലുള്ള 75,000 രൂപയിൽ നിന്നും രണ്ടര ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം 7,000 രൂപയിൽനിന്നും 10,000 രൂപയായും എസ്.ടി. പ്രൊമോട്ടർമാരുടെ ഓണറേറിയം 9,500 രൂപയിൽ നിന്ന് 12,500 രൂപയായും വർദ്ധിപ്പിച്ചു.
- പട്ടികവർഗ്ഗ മേഖലയിൽ ജനനി ജന്മരക്ഷാ പദ്ധതിയുടെ ആനുകൂല്യം പ്രതിമാസം 1,000 രൂപയിൽ നിന്ന് 2,000 രൂപയായും അരിവാൾ രോഗികൾക്കുള്ള ധനസഹായം പ്രതിമാസം 2,000 രൂപയിൽ നിന്ന് 2,500 രൂപയായും ഉയർത്തി. വിവാഹ ധനസഹായം 50,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.
- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) നേതൃത്വത്തിൽ പോർട്ടൽ തയ്യാറാക്കുന്ന നടപടി അവസാന ഘട്ടത്തിലാണ്.

(ബി) ഉണ്ട്.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഇപ്പോൾ സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാണ്. ഒരു പ്രത്യേക വിഭാഗത്തിന് മാത്രമാണ് സംവരണം നൽകുന്നത് എന്ന ചിന്തയിൽ നിന്നാണ് ഇത്തരം പരാമർശങ്ങൾ വരുന്നത്. ആ ധാരണ തെറ്റാണ്.

(സി) ഭരണഘടനയുടെ 16(4) അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകിവരുന്നത്. ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെങ്കിൽ അത് പരിഹരിക്കുന്നതിനും സംസ്ഥാനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ഇക്കാര്യം ആവർത്തിക്കുക മാത്രമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി 1226/2020 നമ്പർ സിവിൽ അപ്പീലിലെ വിധിയിൽ ചെയ്തിട്ടുള്ളത്.

16(4) അനുച്ഛേദ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനത്തിലും 16(4)A പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് പ്രൊമോഷനിലും മതിയായ പ്രാതിനിധ്യം ഇല്ലാത്തപക്ഷം സംവരണം നൽകുകയെന്നത് ഏതൊരു പുരോഗമന സർക്കാരിന്റെയും ഉത്തരവാദിത്വവും കടമയുമാണ്. കേരള സംസ്ഥാന സർക്കാർ ഈ കടമയും ഉത്തരവാദിത്വവും കൃത്യമായി നിർവ്വഹിച്ചുവരുന്നു.

വിധിയുടെ സവിശേഷതകളെക്കുറിച്ച് വിശദമായ നിയമോപദേശം തേടി ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്വകാര്യ മേഖലയിലെ വളർന്നുവരുന്ന തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പട്ടികവിഭാഗത്തിലെ അഭ്യസ്തവിദ്യരെ പ്രാപ്തരാക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലന പരിപാടികൾക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. എയ്ഡഡ് നോൺ-മൈനോരിറ്റി കോളേജുകളിലെ നിയമനത്തിൽ സംവരണം നടപ്പാക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവിനെതിരെ കോളേജ് മാനേജ്മെന്റുകൾ സമർപ്പിച്ച എസ്.എൽ.പി. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഏകപക്ഷീയമായി ഗവൺമെന്റ് ഒരു തീരുമാനവുമെടുത്തിട്ടില്ല. സ്വകാര്യ തൊഴിൽ മേഖലകളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം കൂടുതൽ ചർച്ചകൾക്കുശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ്. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ മുന്നോട്ടുകൊണ്ടുവരുന്നതിനായി ഗവൺമെന്റും വകുപ്പുമന്ത്രിയും സ്വീകരിച്ചിരിക്കുന്ന നടപടികളെ എത്രകണ്ട് പുകഴ്ത്തിയാലും മതിയാകുകയില്ല. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗമാണ് പട്ടികവർഗ്ഗമെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അവർക്ക് പഴയതിനെക്കാളും മെച്ചപ്പെട്ട രീതിയിൽ പഠന നിലവാരവും മറ്റും നൽകിയിട്ടുണ്ട്. എന്നാൽ അവരെല്ലാം സംഘടിതമായി നിൽക്കുന്നതിനുപകരം മതത്തിന്റെ പേരിൽ പ്രത്യേകിച്ച് ജാതിയുടെ പേരിൽ മറ്റ് വ്യക്തികൾ ഇടപെട്ട് അവരെ ഭിന്നിപ്പിച്ച് നിർത്തുന്നതിന് ശ്രമിക്കുന്നുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അറിഞ്ഞിട്ടുണ്ടോ; അവരെ തെറ്റിദ്ധരിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിന് ചില ആളുകൾ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ചില തെറ്റിദ്ധാരണകൾ പട്ടികവർഗ്ഗ മേഖലയിൽ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഗവൺമെന്റ് അതു മനസ്സിലാക്കി ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഊര് അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം ഇത്തരം ആശയഗതിയിലേയ്ക്ക് വഴുതി പ്പോകാതിരിക്കുന്നതിനുള്ള ശക്തമായ നിലപാടും സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗത്തെയാണ് ചില വിഭാഗങ്ങൾക്ക് ആകർഷിക്കാൻ സാധിക്കുന്നത്. അത് മനസ്സിലാക്കി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ ആളുകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി എന്തൊക്കെ പുതിയ പദ്ധതികളാണ് ഈ സർക്കാരും പ്രത്യേകിച്ച് വകുപ്പും ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സ്ത്രീകളായാലും പുരുഷന്മാരായാലും നൂറുകണക്കിന് വിദ്യാസമ്പന്നരായ ചെറുപ്പക്കാർ അവരുടെ കൂട്ടത്തിലുണ്ട്; അവർക്ക് തൊഴിൽ നൽകി മുന്നോട്ടുകൊണ്ടുപോകാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇരുപത്തിയഞ്ചോളം സ്ഥാപനങ്ങളിലൂടെ പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നുണ്ട്. ആ പരിശീലന കേന്ദ്രങ്ങളിലേയ്ക്ക് വിദേശത്തുനിന്നുള്ള ആൾക്കാരെ ഉൾപ്പെടുത്തുന്നുമുണ്ട്. നൈപുണ്യ വികസനത്തിന്റെ ഭാഗമായി ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നല്ലരീതിയിലുള്ള തൊഴിൽ പരിശീലനമാണ് നൽകുന്നത്. ആശുപത്രി, ടൂറിസം, കമ്പനികൾ, യന്ത്ര നിർമ്മാണം, ഓട്ടോമൊബൈൽസ്, ഇൻഷ്വറൻസ്, ബാങ്കിംഗ് തുടങ്ങിയ

മേഖലകളിൽ പരിശീലനം നൽകി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നതിനാവശ്യമായ പാസ്പോർട്ട്, വിസ, എയർ ടിക്കറ്റ് എന്നിവ എടുത്തുകൊടുത്ത് ഇവരെ വിദേശത്തേയ്ക്ക് പറഞ്ഞയയ്ക്കുകയാണ്. 360-ഓളം ഉദ്യോഗാർത്ഥികളെ വിദേശത്തേയ്ക്ക് തൊഴിലിനായി പറഞ്ഞയച്ചുവെന്ന കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ഇപ്പോൾ 700 പേരെക്കൂടി വിദേശത്തേയ്ക്ക് ജോലിക്കായി അയയ്ക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തികമായ ചില പ്രശ്നങ്ങൾ കാരണമാണ് ഉദ്ദേശിച്ച രൂപത്തിൽ കാര്യങ്ങൾ നടക്കാത്തത്. അല്ലെങ്കിൽ ഈ വർഷംതന്നെ 1000 ഉദ്യോഗാർത്ഥികളെ വിദേശത്തേയ്ക്ക് അയയ്ക്കാൻ സാധിക്കുമായിരുന്നു. പട്ടികജാതി വിഭാഗത്തിൽനിന്ന് 2565 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 2331 പേരെയും ചേർത്ത് ആകെ 4896 ഉദ്യോഗാർത്ഥികളെ സ്വകാര്യമേഖലയിലേയ്ക്ക് എത്തിക്കാൻ സാധിച്ചു. ഇപ്പോൾ 3706 ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽനിന്ന് 8610 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 3706 പേരെയും ഉൾപ്പെടുത്തി ആകെ 12316 പേർക്ക് ഇപ്പോൾ ട്രെയിനിംഗ് കൊടുത്തുവരികയാണ്. എന്ത് സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടെങ്കിലും ചില മേഖലകളിൽ ഇപ്പോഴും നല്ല തൊഴിൽ സാദ്ധ്യതകളുണ്ട്. 1000 എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് പോളണ്ടിൽ തൊഴിൽകൊടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഉത്തരവാദപ്പെട്ട ആൾക്കാർ ഇവിടെവന്ന് ചർച്ചകൾ നടത്തിയിരുന്നു. പക്ഷെ പോകാൻ സാധിച്ചില്ല. അൺസ്കിൽഡ് ജോലിയായ ഇറച്ചി വെട്ടിനുപോലും നല്ല തൊഴിൽ സാദ്ധ്യതയാണുള്ളത്. എല്ലാ കാര്യങ്ങളും ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ എസ്.ടി. മേഖലയിൽനിന്ന് 2745 പേർക്കും എസ്.സി. മേഖലയിൽനിന്ന് 1544 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവങ്ങളുടെ ജീവിത പുരോഗതിക്കുവേണ്ടി ആവിഷ്കരിച്ച ഒരു പദ്ധതിയാണ് അംബേദ്കർ ഗ്രാമം പദ്ധതി. ഓരോ നിയോജകമണ്ഡലത്തിലും ഏറ്റവും കൂടുതൽ എസ്.സി./എസ്.ടി. വിഭാഗത്തിലുൾപ്പെട്ടവരുടെ കോളനികളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. ആ തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ പ്രവർത്തനങ്ങൾ ഗവൺമെന്റ് യഥാസമയം റിവ്യൂ ചെയ്യുന്നുണ്ടോ; പരിമിതികൾ അതിജീവിക്കുന്നതിനാവശ്യമായ സഹായം കൊടുക്കേണ്ടതുണ്ടോ; ഉദാഹരണത്തിന് ഒരു വർക്കിനായി ഒരു കോടി രൂപ അനുവദിച്ചുകഴിഞ്ഞാൽ ചിലപ്പോൾ അതിന്റെ പണികളൊക്കെ പൂർത്തീകരിച്ചുവരുമ്പോൾ തുക തികയാതെ വരും. ഏതെങ്കിലുമൊരു വീടിന്റെയോ റോഡിന്റെയോ വർക്കിന് തുക തികയാതെ വന്നാൽ ആ ഒരു കോടി രൂപ നിശ്ചലമായിത്തീരുന്ന സ്ഥിതി വിശേഷമാണുണ്ടാകുന്നത്. ഇക്കാര്യം റിവ്യൂ ചെയ്ത് പരിശോധിച്ചതിനുശേഷം കുറവുകൾ പരിഹരിക്കുന്നതിനും

അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി വികസന പദ്ധതികൾക്കാവശ്യമായ സഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിൽ വിവിധ വകുപ്പുകളുടെ സാമ്പത്തിക സഹായം എത്താത്ത ചില കോളനികളുണ്ട്. അങ്ങനെയുള്ള കോളനികളിൽ അതിന്റെ പശ്ചാത്തല സൗകര്യങ്ങളും മറ്റ് വികസന സാദ്ധ്യതകളും കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ഇത് മുൻ ഗവൺമെന്റ് രൂപം കൊടുത്ത പദ്ധതിയാണ്. അത് നവീകരിച്ച് അംബേദ്കർ കോളനിയെന്നാക്കി മാറ്റി. ഒരു കോടി രൂപയാണ് ഇപ്പോൾ ഈ പദ്ധതിക്കായി കൊടുക്കുന്നത്. ചില ഗവൺമെന്റ് ഏജൻസികളെയാണ് പണികൾ ഏൽപ്പിച്ചിരുന്നത്. എന്നാൽ ചില ഏജൻസികൾ ഒരു പണിയും ചെയ്യുന്നില്ല. അങ്ങനെയുള്ള ഏജൻസികളെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ചൂണ്ടിക്കാണിച്ച് ഏത് വകുപ്പിനുകീഴിലാണോ ഇത്തരം ഏജൻസികൾ വരുന്നത് പ്രസ്തുത വകുപ്പ് മേധാവികൾക്ക് ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 204 കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. അതിന്റെ പണികൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറെക്കുറെ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ 204 കോളനികളിൽ 162 കോളനികളിലെ പണികൾ പൂർത്തീകരിച്ചു. ബാക്കി പൂർത്തീകരിക്കും. പട്ടികവർഗ്ഗ കോളനികളിൽ ബാക്കി 33 എണ്ണമുണ്ട്. എവിടെയെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അക്കാര്യം റിവ്യൂ ചെയ്ത് അതിൽ ഇടപെടുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട റിവ്യൂ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചിലപ്പോൾ ഒരു കോടി രൂപ മതിയാകില്ല. എന്നാൽ അത്യാവശ്യം ഏതെങ്കിലുമൊരു പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് കുറച്ചുകൂടി തുക ആവശ്യമാണെങ്കിൽ വളരെ ഫ്ലെക്സിബിളായിട്ടുള്ള സമീപനമാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യഥാസമയം ഈ സ്റ്റൈപ്പന്റ് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അക്കാര്യം ശരിയാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്.

അത് പ്രത്യേകിച്ച് എല്ലാവർക്കും അറിയാവുന്നതാണ്. പ്ലാനിൽ വന്നിട്ടുള്ള കുറവ് സ്വാഭാവികമായും പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിലും ഉണ്ടായിട്ടുണ്ട്. അതോടൊപ്പംതന്നെ കേന്ദ്രഗവൺമെന്റ് കമ്മിറ്റഡ് ലയബിലിറ്റി എന്ന് പറഞ്ഞ് നമുക്ക് തരുന്ന തുക, അത് 100 ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീം ആണെന്ന് പറയും. പക്ഷെ സംസ്ഥാന സർക്കാരിന്റെ കമ്മിറ്റഡ് ലയബിലിറ്റിയിൽ ഇതുൾപ്പെടും. കഴിഞ്ഞ പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷം എത്രയാണോ ആനുകൂല്യം ലഭിച്ചത് ആ ആനുകൂല്യം തൊട്ടടുത്ത വർഷം സംസ്ഥാനത്തിന്റെ ലയബിലിറ്റിയായിവരും. ആ രീതിയിൽ ഇതിനെ നോക്കുമ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടേണ്ട തുകയും ഇവിടെയുള്ള ബാധ്യതയും നോക്കിയാൽ ഒന്നും തരികയില്ല. സെൻട്രലി സ്പോൺസേർഡ് സ്കീമാണെന്ന് പറയും. അതുപോലെ ഇപ്പോൾ കുറേ വിഭാഗങ്ങളെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലേയ്ക്കും ഒ.ഇ.സി. വിഭാഗത്തിലേയ്ക്കും ഉൾപ്പെടുത്തി. അതിന്റെ ഭാഗമായി ആയിരക്കണക്കിന് ആനുകൂല്യങ്ങൾ പുതുതായി കൊടുക്കേണ്ടിവന്നു. ബഡ്ജറ്റിൽ അതിനുള്ള പ്രൊവിഷനില്ല. സ്വാഭാവികമായും അഡീഷണൽ ആതറൈസേഷൻ ആവശ്യപ്പെടേണ്ടിവരും. ഇക്കാര്യത്തിൽ ഗവൺമെന്റ് സജീവമായി ശ്രദ്ധിക്കുന്നുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇതിൽ ഇടപെട്ടിട്ടുണ്ട്. സമയബന്ധിതമായി ആനുകൂല്യങ്ങൾ റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന് കുറച്ച് സമയംകൂടി വേണ്ടിവരും. ചില സ്ഥലങ്ങളിൽ ഈ പ്രശ്നം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ അത് വകുപ്പിന്റെ ഹോസ്റ്റലിനെയും മെസ്സിനെയും ഒരു രൂപത്തിലും ബാധിച്ചിട്ടില്ല. ഇത് മറ്റാനുകൂല്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ്. ഒരിക്കലും അതാത് വർഷത്തെ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാറില്ല. ഏതായാലും ഇക്കാര്യം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലുള്ളതും ഗൗരവമായി കാണുന്നതുമാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക ജനവിഭാഗങ്ങൾക്ക് ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന സംവരണാനുകല്യങ്ങൾപോലും അട്ടിമറിക്കപ്പെടുന്ന ബി.ജെ.പി.-യുടെ കേന്ദ്ര ഭരണത്തിന് ബദൽ തീർക്കുന്ന നിരവധി പദ്ധതികളാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കുന്നത്. ആ എൽ.ഡി.എഫ്. സർക്കാരിനെയും അതിന് നേതൃത്വം വഹിക്കുന്ന വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്.... (ബഹളം).... ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് അഭിനന്ദനം പറഞ്ഞാൽ അതിനുപോലും ആക്ഷേപം പറയുന്ന രീതിയിലേയ്ക്കാണ് പോകുന്നത്. അവർക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ചെയ്യുന്നുവെന്ന് പറഞ്ഞാൽ അതിനെ അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. അതിനെ അഭിനന്ദിച്ചുതന്നെ പോകും.

മി. സ്പീക്കർ: അഭിനന്ദനവും വിമർശനവും ചോദ്യങ്ങൾ ചോദിക്കുന്ന സമയത്ത് ഒഴിവാക്കുന്നത് നല്ലത്. അത് ചർച്ചയിൽ പറഞ്ഞാൽ മതി. അങ്ങ് ചോദ്യം ചോദിക്കുക.

ശ്രീ. കെ. ബാബു: സർ, ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് നഴ്സിംഗ്, ജി.എൻ.എം. എന്നീ യോഗ്യതകളുള്ള നിരവധി നിർദ്ധനരായ പെൺകുട്ടികൾ നഴ്സിംഗ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് പരിശീലനം ആവശ്യമാണ്. ഇപ്പോൾ 187 പേർക്ക് സർക്കാർ ആശുപത്രികളിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം നേടുന്നതിനുവേണ്ടി സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സൗകര്യം കൂടുതൽ പേർക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; അതുപോലെ ഈ മേഖലയിൽ സെക്യൂരിറ്റി ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. അവർക്ക് തൊഴിൽ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഏതെങ്കിലുമൊരു വകുപ്പ് എന്തെങ്കിലും നല്ല കാര്യം ചെയ്യുമ്പോൾ അതിനെ പുകഴ്ത്തി പറയേണ്ട ഒരാവശ്യവുമില്ല. ഞാൻ അത് ഒട്ടും ഇഷ്ടപ്പെടുന്നില്ല. മാത്രവുമല്ല, ശക്തമായ വിമർശനം വരുമ്പോഴാണ് യഥാർത്ഥത്തിൽ ഞങ്ങളുടെ തനിനിറം പ്രകടിപ്പിക്കാനും സാധിക്കുന്നത്.

മി. സ്പീക്കർ: ഇക്കാര്യം എല്ലാ അംഗങ്ങളും ശ്രദ്ധിക്കുക. വിമർശനങ്ങളും അഭിനന്ദനങ്ങളും ചോദ്യോത്തരവേളയിൽ ഒഴിവാക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ബി.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ് എന്നീ കോഴ്സുകൾ പൂർത്തിയാക്കിയ പട്ടികജാതിക്കാരായ 187 പേരെ ജില്ലാശുപത്രിയിലും താലൂക്കാശുപത്രിയിലും 15,000 രൂപ ഓണറേറിയം നൽകി നിയമിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കുറെ ആൾക്കാരെ നിയമിക്കാൻ സാധിക്കും. അതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഒരു ഇടപെടൽ നടത്തിയാൽ ആളുകളെ നിയമിക്കാം. അതുപോലെ സെക്യൂരിറ്റി ട്രെയിനിംഗിന്റെ കാര്യം പരിശോധിക്കാം. പ്രൈമറി ഹെൽത്ത് സെന്ററുകളെല്ലാം ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായതുകൊണ്ട് എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെട്ട കുറച്ചുപേരെക്കൂടി ജോലിക്കായി നിയമിക്കാൻ സാധിക്കും. സ്ഥിരമായി നിയമിക്കാൻ സാധിച്ചില്ലെങ്കിലും താൽക്കാലികമായിട്ടെങ്കിലും ജോലി കൊടുക്കാൻ സാധിക്കും. അതിനുവേണ്ടി ആരോഗ്യവകുപ്പ് മുൻകയ്യെടുക്കുന്നത് നല്ലതായിരിക്കും.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 'സി' പിരിവിനുള്ള ഉത്തരം തീർത്തും അവ്യക്തമായിരുന്നു. 'സംസ്ഥാന സർക്കാരുകൾ സംവരണതത്വം പാലിക്കാൻ ബാദ്ധ്യസ്ഥരല്ലെന്ന

സുപ്രീംകോടതി വിധിയെ പഠനവിധേയമാക്കിയിരുന്നോ; വിധി തിരുത്തിക്കിട്ടാൻ വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ; ആവശ്യമെങ്കിൽ ഭരണഘടന ഉചിതമായി ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ' എന്നതാണ് ചോദ്യം. കേരളത്തിൽ സംവരണവുമായി ബന്ധപ്പെട്ട് ഇത് ബാധകമല്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഇത് വളരെ ഗൗരവമുള്ള ചോദ്യമാണ്. അങ്ങയോട് നേരിട്ടും ഞാൻ ഈ വിഷയം സംസാരിച്ചതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി സംവരണം മൗലികാവകാശമല്ലായെന്നൊരു അഭിപ്രായ പ്രകടനംകൂടി നടത്തുകയുണ്ടായി. ആയതിനാൽ ഈ ചോദ്യത്തിൽ അന്തർലീനമായിട്ടുള്ള കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനെ ബോധിപ്പിക്കാനും അതല്ലെങ്കിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കക്ഷിചേർന്നുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നടപടിയെന്താണെന്ന് സൂചിപ്പിക്കുവാൻ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു സബ്മിഷൻ ലഭിച്ചിരുന്നു. പ്രസ്തുത സബ്മിഷന് അന്ന് മറുപടി പറയാൻ സാധിച്ചില്ല. ഇത് വളരെ പ്രസക്തമായൊരു കാര്യമാണ്. സർക്കാർ നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ഉറപ്പുവരുത്തുന്നത് ഭരണഘടനയുടെ 16(4) അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിലാണ്. അത് മൗലികാവകാശമല്ലെന്ന അർത്ഥത്തിൽ ഒരു വിധി ഇപ്പോൾ വന്നിട്ടുണ്ട്. പ്രസ്തുത വിധി 1226/2020 നമ്പർ കേസുമായി ബന്ധപ്പെട്ടുള്ളതാണ്. ഉദ്യോഗസ്ഥരുടെ പ്രൊമോഷന്റെ കാര്യത്തിലോ എൻട്രി പോസ്റ്റിലേയ്ക്കോ ഒരു രൂപത്തിലുമുള്ള പ്രശ്നവും കേരളത്തെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നില്ല. പ്രൊമോഷൻ തസ്തിക ഉൾപ്പെടെയുള്ള ഏതെങ്കിലും ഒരു വിഭാഗത്തിൽ ഒഴിവ് വരികയാണെങ്കിൽ നമ്മൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. എല്ലാ വർഷവും അത് സംബന്ധിച്ച റിവ്യൂവും നടത്തുന്നുണ്ട്. അതുകൊണ്ട് അത്തരമൊരു പ്രശ്നം ഇവിടെയില്ല. എന്നാൽ ആശങ്ക ഉളവാക്കുന്ന വിധിയാണ് വന്നിട്ടുള്ളതെന്ന കാര്യം യാഥാർത്ഥ്യമാണ്. സംവരണം എന്നത് ഭരണഘടനാപരമാണെന്ന് ഭരണഘടനയിൽ എഴുതിവയ്ക്കുകയും അത് മൗലികാവകാശമല്ലെന്ന് മറ്റൊരു തരത്തിൽ പറയുകയും ചെയ്യുമ്പോൾ, വരേണ്യ വിഭാഗത്തിന്റെ, ഒരു പ്രത്യേക ആശയത്തിന്റെ സ്വാധീനം ബ്യൂറോക്രാറ്റിക് തലത്തിലും ജുഡീഷ്യറിയിലും ഇപ്പോഴുണ്ട്. അതിന്റെ ഭാഗമായാണ് ഇതിനെ ഞങ്ങൾ കാണുന്നത്. ഇതുമായി ബന്ധപ്പെട്ട വിധിയുടെ സവിശേഷതകളെക്കുറിച്ച് വിശദമായ നിയമോപദേശം തേടി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ തുടർനടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞത്.ആ വിധി തിരുത്തിക്കിട്ടുന്നതിനു വേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സർക്കാരിന് അപ്പീൽ കൊടുക്കാൻ

സാധിക്കുമോ എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യത്തെ സംബന്ധിച്ച്, ഭരണഘടനയെ ചോദ്യം ചെയ്യുന്ന രീതിയിലാണ് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നത്. ഇത് കേന്ദ്ര സർക്കാരിന്റെ നയമാണ് വ്യക്തമാക്കുന്നത്. സംസ്ഥാന സർക്കാർ അടിയന്തരമായി അപ്പീൽ പോകണമെന്നാണ് എന്റെ അഭിപ്രായം. സ്പെഷ്യൽ റിക്രൂട്ട്മെന്റ് കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോ? സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് കൂടി വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സ്പെഷ്യൽ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ബാക്ക് ലോഗ് ഉണ്ടെങ്കിൽ അത് നികത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജനുവരി മാസത്തിൽ ഇക്കാര്യം റിവ്യൂ ചെയ്യുകയും ഏത് മേഖലയിലാണ് ഒഴിവുള്ളതെന്ന് മനസ്സിലാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താറുമുണ്ട്. അങ്ങനെയൊരു പ്രശ്നം ഇപ്പോൾ നിലവിലില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ഇന്ത്യൻ ഭരണഘടന 16 (4 a) പ്രകാരം സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് സംവരണം ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താം. അതിന് യാതൊരുവിധത്തിലുള്ള തടസ്സവുമില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ മറികടക്കാനായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് വിദഗ്ദ്ധ അഭിപ്രായം തേടി ആവശ്യമായ തുടർനടപടി സ്വീകരിക്കും.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികവർഗ്ഗ മേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിന്റെ തുടർച്ചയായി ഈ ഗവൺമെന്റിന്റെ കാലത്തും നടന്നുകൊണ്ടിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വികസനത്തിന് ഏറ്റവുമധികം തടസ്സം നിൽക്കുന്നത് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റാണ്. കൂടുതൽ ആദിവാസി വിഭാഗങ്ങൾ താമസിക്കുന്നത് വനാവകാശ നിയമം അനുസരിച്ച് അവർക്ക് ലഭിച്ച ഭൂമിയിലാണ്. റോഡ്, കുടിവെള്ളം പോലെയുള്ള പല പദ്ധതികൾക്കും ഇന്ന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ സ്റ്റോപ് മെമ്മോ കൊടുത്തിരിക്കുകയാണ്.ഞാൻ കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ പാക്കം എന്ന കോളനി സന്ദർശിച്ചിരുന്നു. അവിടെയുള്ള രണ്ട് വീട്ടുകാർ കാലാകാലമായി ആ വനത്തിലാണ് താമസിക്കുന്നത്. ആദ്യം അവർ ഒരു ഷെഡ് കെട്ടിയാണ് താമസിച്ചിരുന്നത്. അതിനുശേഷം അത് പൊളിച്ച് പുതിയ വീട് വയ്ക്കാൻ തുടങ്ങുകയും വീടിന്റെ തറയുടെയും ഭിത്തിയുടെയും മേൽക്കൂരയുടെയും നിർമ്മാണം നടത്തുകയും ചെയ്തു. ആ വീടിന്റെ മറ്റ് പ്രവൃത്തികൾ നടത്തുമ്പോൾ ഫോറസ്റ്റ് വകുപ്പ് അവർക്ക് സ്റ്റോപ് മെമ്മോ നൽകി. ഇത് പ്രസ്തുത കോളനിയിലെ

മാത്രം കാര്യമല്ല. പല സ്ഥലങ്ങളിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഇത്തരത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം ശരിയാണ്. കേന്ദ്ര വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ഭൂമി പാവങ്ങൾക്ക് ലഭ്യമാകുന്നതിന് തടസ്സം നിൽക്കുന്ന ഒരു വിഭാഗമുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ റവന്യൂ, പട്ടികജാതി-പട്ടികവർഗ്ഗ, ഫോറസ്റ്റ് വകുപ്പുകൾ ചേർന്നുകൊണ്ട് ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. എന്നാൽ ചില സ്ഥലങ്ങളിലെ ഡി.എഫ്.ഒ.-മാർ വളരെ പോസിറ്റീവായിട്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. നിലമ്പൂർ ഫ്ലഡുമായി ബന്ധപ്പെട്ട് ഞാൻ ഒരു യോഗം വിളിച്ചുചേർത്തപ്പോൾ അവിടത്തെ ഡി.എഫ്.ഒ. പറഞ്ഞത് 'കേന്ദ്ര വനാവകാശ നിയമപ്രകാരം ഭൂമി ഞങ്ങളുടെ കയ്യിലുണ്ട്, ആവശ്യമായ ഭൂമി ഞങ്ങൾ നൽകാം' എന്നാണ്. അത്തരത്തിലുള്ള പോസിറ്റീവായ സമീപനം കാട്ടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുമുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെയുള്ള ഒറ്റപ്പെട്ട സംഭവങ്ങളും നടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്ന ഘട്ടത്തിൽതന്നെ ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അക്കാര്യം പരിഹരിക്കുന്നതിനായി നല്ല രീതിയിലുള്ള ശ്രമമാണ് നടത്തുന്നത്. ഏതെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങളിൽ എസ്.സി./എസ്.ടി. ഡെവലപ്പ്മെന്റ് കോർപ്പറേഷന് എന്ത് പങ്കാണ് വഹിക്കാൻ കഴിഞ്ഞിട്ടുള്ളത്; എത്രപേരെ വിദേശത്തേയ്ക്ക് അയയ്ക്കാൻ കഴിഞ്ഞുവെന്ന് പറയാമോ?

ശ്രീ. എ. കെ. ബാലൻ: സർ, എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് മുഴുവൻ കാര്യങ്ങളും ഇപ്പോൾ എനിക്ക് പറയാൻ സാധിക്കില്ല. അതിനായി ഒരു പ്രത്യേക നോട്ടീസ് വേണം. നിരവധി പുതിയ പദ്ധതികൾ എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പറേഷൻ സബ്സിഡി നൽകുന്നില്ല. കുറഞ്ഞ Interest rate-ലാണ് കൊടുക്കുന്നത്. എന്നാൽ Backward Community Development Corporation സബ്സിഡി നൽകുന്നുണ്ട്. Backward Community Development Corporation, Minority Community Development Corporation എന്നീ രണ്ട് ഏജൻസികൾക്ക് കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കുന്നുണ്ട്. അതേരൂപത്തിൽ എസ്.സി./എസ്.ടി. കോർപ്പറേഷന് ഫണ്ട് ലഭിക്കുന്നില്ല.

അതിനാൽ പലിശയ്ക്കാണ് നമ്മൾ തുക കൊടുക്കുന്നത്. എന്നാൽ പലിശ കുറവാണ്. 6 ശതമാനം മുതൽ 8 ശതമാനം വരെ മാത്രമേ പലിശ ഈടാക്കുന്നുള്ളൂ. വിദേശത്ത് പോകാനായി എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും തുക എടുക്കേണ്ട കാര്യമില്ല. വകുപ്പ് മുഖേനതന്നെ പോകാനുള്ള സംവിധാനമുണ്ടെന്നുള്ളതുകൊണ്ട് അങ്ങനെയുള്ള വിഭാഗങ്ങളെ ഇതിലേയ്ക്ക് ആകർഷിക്കുന്നില്ല. നോവൽറ്റിയുള്ള അനേകം പദ്ധതികൾ ആവിഷ്കരിച്ച് കോർപ്പറേഷന്റെ പ്രവർത്തനം ശക്തമാക്കുന്നതിനുള്ള നിർദ്ദേശം കോർപ്പറേഷൻ എം.ഡി.-ക്കും ചെയർമാനും നൽകിയിരുന്നു. അവർ പുതിയ പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, സിവിൽ സർവ്വീസ് പരിശീലനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇതിനോടകം എത്ര വിദ്യാർത്ഥികൾ സിവിൽ സർവ്വീസ് പരിശീലനത്തിന് ചേർന്നിട്ടുണ്ട്; ആർക്കെങ്കിലും ഇതിനോടകം സെലക്ഷൻ ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 10-25 വർഷങ്ങളായി ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവ്വീസുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. പ്രത്യേക പരിശീലനത്തിന്റെ ഭാഗമായി ഉദ്ദേശിച്ച രൂപത്തിലുള്ള ഔട്ട് കം ഉണ്ടാകുന്നില്ല. അതിനാൽ, സിവിൽ സർവ്വീസ് മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പ്രത്യേക സ്കീമിന് രൂപം കൊടുത്തിട്ടുണ്ട്. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് സിവിൽ സർവ്വീസ് മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് Institute for Civil Services Examination Training Society (*ICSETS*) മുഖേന 300 പേർക്ക് ഇപ്പോൾ പരിശീലനം നൽകുകയാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ 30 പേർക്ക് ഇപ്പോൾ പരിശീലനം നൽകുന്നുണ്ട്. ഐ.എ.എസ്.-ന് സെലക്ഷൻ ലഭിച്ചിട്ടില്ല എന്നത് സത്യമാണ്, എന്നാൽ മറ്റ് കേന്ദ്ര മേഖലകളിൽ കുറച്ചുപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. അത് സംബന്ധിച്ച കൃത്യമായ കണക്ക് പിന്നീട് മേശപ്പുറത്ത് വയ്ക്കാം. ഇക്കാര്യത്തിൽ ആശാവഹമായ മാറ്റം ഉണ്ടായിട്ടില്ല. അതിനുള്ള പ്രധാന കാരണം അവർക്ക് ഫലപ്രദമായ കോച്ചിംഗ് ലഭിച്ചിരുന്നില്ലെന്നുള്ളതാണ്. അത് പരിഹരിക്കുന്നതിനായി ഈ മേഖലയിൽ പ്രാഗത്ഭ്യമുള്ള ഉദ്യോഗസ്ഥൻമാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല ഐ.എ.എസ്. കോച്ചിംഗ് സെന്ററിൽ പ്രത്യേക പരിശീലനം കൊടുക്കുന്നുണ്ട്. സാധാരണ 45-50 പേർക്കാണ് പരിശീലനം നൽകാറുള്ളത്. എന്നാൽ ഇപ്പോൾ 300 പേർക്ക് പരിശീലനം നൽകുന്നുണ്ട്. സിവിൽ സർവ്വീസ് പരീക്ഷയുമായി ബന്ധപ്പെട്ട് ഏതെങ്കിലുമൊരു കുട്ടി സ്വകാര്യ മേഖലയിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥാപനത്തിൽ പരിശീലനത്തിന് പോകുന്നുണ്ടെങ്കിൽ അവർക്കും ആനുകൂല്യം നൽകുന്നുണ്ട്.

<u>ശ്രീ. ബി സത്യൻ</u>: സർ, കുറച്ചുകാലം അംബേദ്കർ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചിരുന്ന വയനാട് ജില്ലയിലുള്ള കുമാരി ശ്രീധന്യാ സുരേഷിന് കഴിഞ്ഞ വർഷം ഐ.എ.എസ്. സെലക്ഷൻ ലഭിച്ചു. മണ്ണന്തലയിലെ അംബേദ്കർ ഗ്രാമത്തിനകത്ത് പ്രവർത്തിക്കുന്ന *ICSETS* എന്ന സ്ഥാപനവും അവിടെ ആരംഭിച്ചിട്ടുള്ള വിവിധ സംരംഭങ്ങളായ സ്കിൽ ഡെവലപ്മെന്റും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ടി വിവിധങ്ങളായുള്ള തൊഴിൽ പരിശീലനവും നൽകുന്നുണ്ട്. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നൊരു പ്രശ്നം, പരിശീലനം ലഭിച്ചുകഴിഞ്ഞ ആളുകളുടെ പുനരധിവാസവും അവർക്ക് തൊഴിൽ ചെയ്യാനുള്ള അവസരം ലഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഒരുക്കണമെന്നുള്ളതാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും വ്യവസായ പാർക്കുകളുണ്ട്. പലതും ആരംഭിച്ചതിനുശേഷം ഇപ്പോൾ ഏതാണ്ട് പ്രവർത്തനക്ഷമമല്ലാതായിരിക്കുകയാണ്. അങ്ങ് വിവിധ വകുപ്പുകളുമായി ചേർന്ന് പുതിയ തൊഴിൽ സംരംഭങ്ങളുണ്ടാക്കാൻ നടത്തുന്ന പരിശ്രമങ്ങളുടെ ഫലമായി നല്ല മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിൽ പരിശീലനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ചെയ്യാൻ സാധിക്കുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യമൊരുക്കാൻ വ്യവസായ വകുപ്പുമായി ചേർന്നുകൊണ്ടുള്ളൊരു പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുമോ;

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കുമാരി ശ്രീധന്യാ സുരേഷ് എന്ന കുട്ടി ഐ.എ.എസ്.-ന്റെ പ്രിലിമിനറി പരീക്ഷയ്ക്ക് തയ്യാറെടുത്തിരുന്നത് മണ്ണന്തലയിലുള്ള കോച്ചിംഗ് സെന്ററിലായിരുന്നു. പിന്നീടുള്ള ഐ.എ.എസ്. പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലേയ്ക്ക് തയ്യാറെടുക്കുന്നതിനായി ഈ കുട്ടി സ്വകാര്യ സ്ഥാപനത്തിലേയ്ക്കാണ് പോയത്. അതുകൊണ്ടാണ് പരിപൂർണ്ണമായും അവിടെ പഠിച്ച് ഐ.എ.എസ്. ലഭിച്ചുവെന്ന് ഞാൻ പറയാതിരുന്നത്. ഏറ്റവും ഫലപ്രദമായിട്ടുള്ള ആൾക്കാരാണ് ഇപ്പോൾ ക്ലാസ്സുകളെടുക്കുന്നത്. അതിനുവേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിനുവേണ്ടി മണ്ണന്തല അംബേദ്കർ ഭവനിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്റ്റാർട്ടപ്പ് ഡ്രീംസിൽ കഴിഞ്ഞ മൂന്ന് ബാച്ചുകളിലായി 159 പേർക്ക് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. അതിൽ 14 പേർ സ്വന്തം വ്യവസായ സംരംഭങ്ങൾ വിജയകരമായി ആരംഭിച്ചു കഴിഞ്ഞു. ഓരോ സംരംഭകനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 50 ലക്ഷം രൂപ വരെ വായ്പ നൽകാൻ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വികസനവകുപ്പ് 10 ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടും

അനുവദിക്കുന്നു. ഇപ്പോൾ 26 സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസാന ഘട്ടത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇതൊരു പുതിയ സംരംഭമാണ്; കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ വ്യവസായ വകുപ്പിന്റെ സഹായത്തോടുകൂടി പുതിയ സംരംഭങ്ങൾ ആരംഭിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അംബേദ്കർ കോളനിയെക്കുറിച്ച് അങ്ങ് വളരെ മനോഹരമായി സംസാരിച്ചത് ഞാൻ കേട്ടു. സ്ഥലം എം.എൽ.എ. പറഞ്ഞതനുസരിച്ച് ഒരു നിയോജകമണ്ഡലത്തിൽ അംബേദ്കർ കോളനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു, അതിനായുള്ള നിർദ്ദേശങ്ങൾ നൽകി, അതുമായി മുന്നോട്ട് പോയി. എന്നാൽ അംബേദ്കർ കോളനികൾക്കായി കൊടുക്കേണ്ട ഫണ്ട് ഇതുവരെ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം ആളുകൾ വട്ടംകറങ്ങി നടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുഴിക്കാട്ട് കോളനിയിലെ വിഷയം പറഞ്ഞപ്പോൾ ഇവിടെ ഇരിക്കുന്ന മുഴുവൻ ആളുകൾക്കും സമാനമായ വിഷമം തന്നെയാണ് ഉണ്ടായിട്ടുള്ളത്. ഇത് സഭയുടെ പൊതു സെൻസായി വന്നിരിക്കുകയാണ്. കോളനി പ്രഖ്യാപിക്കുന്നു, അവിടെ പ്രവൃത്തികൾ ആരംഭിക്കുന്നു, തുക അനുവദിക്കാത്തതുകൊണ്ട് ആളുകൾ വിഷമിക്കുന്നു. കക്കൂസിന്റെ നിർമ്മാണംപോലും പകുതിയിൽ നിർത്തിയിരിക്കുകയാണ്. അങ്ങനെയുള്ള സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കാൻ ആളുകൾക്ക് സാധിക്കാതെ വരുന്നു. പരമ ദയനീയമായ അവസ്ഥയാണത്. ഈ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. തുക മുഴുവനായും നൽകാൻ സാധിച്ചിട്ടില്ല. കുഴിക്കാട്ട് കോളനി എന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. പക്ഷെ, താങ്കളുടെ നിയോജകമണ്ഡലത്തിലെ ഒരു പട്ടികവർഗ്ഗ കോളനിയുടെ നവീകരണം കഴിഞ്ഞു. ആ ചടങ്ങിൽ ബഹുമാനപ്പെട്ട എം.എൽ.എ. പങ്കെടുത്തതാണ്. എന്നെ ക്ഷണിച്ചിരുന്നില്ല; ക്ഷണിക്കാത്തതു കൊണ്ട് പ്രശ്നമൊന്നുമില്ല. കുഴിക്കാട്ട് കോളനിയുടെ നവീകരണം ബാക്കിയുണ്ട്; അത് നമുക്ക് നോക്കാം. പ്രശ്നമെന്തെന്നാൽ അഖിലലോകതലത്തിലും ഇന്ത്യയിലും കേരളത്തിലും സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. അത് നമ്മുടെ വിവിധ വകുപ്പുകളെയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിനെയും ബാധിക്കും. എന്റെ വകുപ്പിനെ മാത്രം ബാധിക്കില്ലെന്ന് പറയാൻ സധിക്കുമോ? ഇത് ബാധിച്ചുവെന്നുള്ളത് യാഥാർത്ഥ്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ വകുപ്പിനൊരു പ്രത്യേകതയുണ്ട്. ഈ രാജ്യത്തെ അടിസ്ഥാന വർഗ്ഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന വകുപ്പാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്. ഏത് വകുപ്പിന് ഫണ്ടില്ലെങ്കിലും അങ്ങയുടെ വകുപ്പിന് ഫണ്ട് നൽകേണ്ടതാണ്. ഞാൻ അങ്ങയുടെ

കുറ്റമല്ല പറയുന്നത്. അംബേദ്കർ കോളനിയായി ഏറ്റെടുത്തിട്ടുള്ള ഒരു സ്ഥലത്തും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് അങ്ങ് ആവശ്യപ്പെടണം.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് പൂർണ്ണമായും ശരിയല്ല. 204 പട്ടികജാതി കോളനികളിൽ 162 കോളനികളുടെ പ്രവൃത്തികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തിയാക്കി. പട്ടികവർഗ്ഗ കോളനികളിൽ ബാക്കിയുള്ള 33 കോളനികളുടെ പ്രവൃത്തികൾ പൂർത്തിയായി. ഈ സർക്കാർ വന്നതിനുശേഷം 309 കോളനികൾ ഏറ്റെടുത്തതിൽ 21 കോളനികളുടെ പണി മാത്രമേ പൂർത്തിയായിട്ടുള്ളൂ. ബാക്കിയുള്ളത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കും. പറഞ്ഞത് കറക്ടാണ്. ഇല്ലാത്ത കാര്യങ്ങളൊന്നും ഞാൻ ഇവിടെ പറയാറില്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് കളവുപറഞ്ഞിട്ട് കാര്യമുണ്ടോ? ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

**സംഘടിത-അസംഘടിത തൊഴിൽ മേഖലകളിൽ മിനിമം വേതനം**

3 (*63) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ദാസൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ വിവിധ സംഘടിത-അസംഘടിത തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ പുതുക്കുന്നതിനും അതുപ്രകാരം തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) മുത്തൂറ്റ് ഫിനാൻസ് എന്ന സ്ഥാപനം ഇന്ത്യൻ ബാങ്ക് ഉൾപ്പെടെയുള്ള പൊതുമേഖലാ ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പയെടുത്ത് സ്വർണ്ണപണയ വായ്പ നൽകി പൊതുജനങ്ങളിൽ നിന്ന് ബ്ലേഡ് പലിശ ഈടാക്കുന്നുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) തൊഴിലാളികൾക്ക് ടാർഗറ്റ് നൽകി പൊതുജനങ്ങളിൽനിന്നും നിക്ഷേപം സമാഹരിക്കുകയും അതുപയോഗിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ബ്ലേഡ് പലിശയ്ക്ക് വായ്പ നൽകി സമ്പാദ്യം സ്വരുക്കൂട്ടുകയും ചെയ്യുന്നതായി ആക്ഷേപം നേരിടുന്ന ഈ സ്ഥാപനം സംസ്ഥാന വികസനത്തിന് യാതൊരു

നിക്ഷേപവും നടത്താതെ നിക്ഷേപകരെന്ന വ്യാജ ലേബലിൽ നടത്തുന്ന തൊഴിലാളി പീഡനം അവസാനിപ്പിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) സംസ്ഥാനത്ത് വിവിധ സംഘടിത-അസംഘടിത മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. ഇത് കൂടുതൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

സംസ്ഥാനത്ത് മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിലെ കാലാവധി പൂർത്തിയാക്കിയിട്ടുള്ള തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ശ്രയിക്കുന്നതിനും പുതിയ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും മിനിമം വേതന ഉപദേശ സമിതി ഉപസമിതികൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തിവരുന്നു. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ 1948-ലെ മിനിമം വേതന നിയമത്തിന്റെ വകുപ്പ് 20 പ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നുണ്ട്.

കൂടാതെ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം മുഖേന വേതനം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ മിനിമം വേതനം ലഭ്യമാകുന്നു. ടി സിസ്റ്റം മോണിറ്റർ ചെയ്യുന്നത് വഴിയും തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നു.

(ബി & സി) മുത്തൂറ്റ് ഫിനാൻസുമായി ബന്ധപ്പെട്ട് നിലവിലുള്ള തൊഴിൽ തർക്കം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വരികയും ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഹൈക്കോടതിയുടെ മദ്ധ്യസ്ഥന്റെകൂടി സാന്നിദ്ധ്യത്തിൽ മാനേജ്മെന്റ്, തൊഴിലാളി യൂണിയൻ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിലും ഇതിനകം നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർ ചർച്ചയിലൂടെ തർക്ക പരിഹാരത്തിന് ഊർജ്ജിത ശ്രമം നടത്തിവരുന്നു. സംസ്ഥാനത്ത് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും പ്രാബല്യത്തിലുണ്ട്. കേരള ധനകാര്യ സ്ഥാപനങ്ങളിലെ

നിക്ഷേപകരുടെ താല്പര്യസംരക്ഷണ ആക്റ്റ് 2013 (2015-ലെ ആക്റ്റ് 7), ആയതിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്ത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. നിയമലംഘനം നടത്തുന്നവർക്കെതിരെ ചട്ടപ്രകാരം സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

മുത്തൂറ്റ് ഫിനാൻസിൽ തൊഴിലാളികളുടെ അഭിപ്രായ സ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും നിഷേധിക്കുന്നതായ പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികളെ ദ്രോഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന മാനേജ്മെന്റ് നടപടികൾക്കെതിരെ തൊഴിൽ നിയമങ്ങൾക്കനുസൃതമായ എല്ലാ നിയമനടപടികളും സർക്കാർ സ്വീകരിച്ചു വരികയാണ്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, വളരെ ഗൗരവതരമായൊരു സാഹചര്യമാണ് മുത്തൂറ്റ് ഫിനാൻസിൽ ഇപ്പോൾ നിലനിൽക്കുന്നത്. രണ്ടുമാസത്തിലധികമായി അവിടത്തെ തൊഴിലാളികൾ പണിമുടക്കിലാണ്; സ്ഥാപനത്തിന്റെ ബ്രാഞ്ചുകൾ അടഞ്ഞു കിടക്കുകയുമാണ്. ഇതിനുമുമ്പ് രണ്ടുമാസത്തോളം നീണ്ടുനിന്നിരുന്ന സമരത്തെ തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം മീഡിയേറ്റർമാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചകളെത്തുടർന്നാണ് ഒത്തുതീർപ്പിലെത്തിയത്. ആ ഒത്തുതീർപ്പു ചർച്ചകൾ ഏകപക്ഷീയമായി ലംഘിച്ച് ബഹുമാനപ്പെട്ട കോടതിയെത്തന്നെ പരിഹസിക്കുന്ന വിധത്തിലുള്ള കൂട്ടപ്പിരിച്ചുവിടലും ബ്രാഞ്ചുകൾ അടച്ചുപൂട്ടലും നടത്തിയതിനെത്തുടർന്നാണ് ഇപ്പോൾ വീണ്ടും സമരമായിട്ടുള്ളത്. അവിടത്തെ ചെയർമാനും മാനേജിംഗ് ഡയറക്ടറും നിലവിലുള്ള തൊഴിൽ നിയമങ്ങളെയും കോടതിയെയും ഗവൺമെന്റിനെയും നമ്മുടെ സമൂഹത്തെയാകെയും വെല്ലുവിളിച്ചുകൊണ്ടാണ് മുമ്പോട്ടുപോകുന്നത്. ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞാലും ഞാൻ കേൾക്കില്ലെന്ന് വാർത്താ സമ്മേളനം നടത്തി പറയുന്നൊരു രീതിയാണ് അവലംബിച്ചിട്ടുള്ളത്. അവിടെ പണിമുടക്കുന്ന തൊഴിലാളികൾ അസാധാരണവും അവിശ്വസനീയവുമായ ക്ഷമയും സഹനവും പ്രകടിപ്പിക്കുന്നതുകൊണ്ടാണ് സമരം ഈ രീതിയിൽ മുമ്പോട്ടുപോകുന്നത്. ഇത് കേരളീയ സമൂഹത്തോടുള്ള വെല്ലുവിളിയാണ്. തെറ്റായ നിലപാട് സ്വീകരിക്കുന്ന, സമൂഹത്തിനുതന്നെ നാണക്കേടായ ഈ സ്ഥാപനത്തിൽ തൊഴിൽ നിയമങ്ങളുടെ ലംഘനമുണ്ടാകുമ്പോൾ നടപടിയെടുത്താലും, നമ്മുടെ തൊഴിൽ നിയമങ്ങൾ വേണ്ടത്ര ശക്തമല്ലെന്നാണ് മനസ്സിലാക്കുന്നത്. വളരെ ദുർബലമായ നടപടികളേ

എടുക്കാൻ സാധിക്കുന്നുള്ളൂ. ആ നടപടികളെയൊന്നും ഇവർ ഭയപ്പെടുന്നില്ല. ഇത്തരക്കാരെ നിലയ്ക്ക് നിർത്താൻ കർക്കശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ക്കൊണ്ടുള്ള പുതിയ തൊഴിൽ നിയമങ്ങളുടെ ആവശ്യത്തിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ആ ദിശയിലേയ്ക്ക് സർക്കാർ ചിന്തിക്കുമോ; നമ്മുടെ നാടിനെതന്നെ അപമാനമായി മാറുന്ന, കടുത്ത ചൂഷണം നടത്തുന്ന, നിയമവിരുദ്ധരായിട്ടുള്ള, ബഹുമാനപ്പെട്ട കോടതിയെയും സർക്കാരിനെയും മാനിക്കാത്ത, പണത്തിന്റെ അഹങ്കാരത്തിൽ എന്തും ചെയ്യാമെന്ന് ധരിക്കുന്നവരെ നിലയ്ക്ക് നിർത്താൻ കഴിയുന്ന വിധത്തിൽ തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്താൻ സാധിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, മുത്തൂറ്റ് ഫിനാൻസിലെ പ്രശ്നങ്ങൾ ഒരു പുതിയ രീതിയിലാണ് വന്നിരിക്കുന്നത്. വളരെ സങ്കീർണ്ണമായ നിലയിലാണ് മാനേജ്മെന്റ് ഇത് കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നത്. ഗവൺമെന്റ് ഇപ്പോഴും കൂടിയാലോചനകളിലൂടെ പ്രശ്നത്തിന് പരിഹാരം കാണാനാണ് ശ്രമിക്കുന്നത്. തൊഴിലാളികളുടെ ജോലി സംരക്ഷിക്കണം; ഈ സ്ഥാപനം ശരിയായ നിലയിൽ നടത്തിക്കൊണ്ട് പോകുകയും വേണം; എന്നിങ്ങനെ രണ്ട് ഭാഗങ്ങളുണ്ട്. രണ്ട് ഭാഗത്തുള്ളവരും നിയമം പാലിക്കണം. അങ്ങനെയൊരു സമീപനമാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുത്തൂറ്റ് ഫിനാൻസിന്റെ 43 ബ്രാഞ്ചുകളാണ് അനധികൃതമായി പൂട്ടിയത്. 164 തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയൊരു നടപടി സ്വീകരിച്ചിട്ടും കൂടിയാലോചനയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടക്കുന്നത്. നിലവിൽ കേരളത്തിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കാൻ സാധിക്കുക. ബഹുമാനപ്പെട്ട അംഗം ഇവിടെ ഒരു നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്. കൂടുതൽ കടുത്ത നടപടികൾ സ്വീകരിക്കുന്നതിന് നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിന് ആലോചിക്കണമെന്നുള്ളതാണ് ആ നിർദ്ദേശം. സമൂഹത്തിൽനിന്നും വരുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് ആലോചിക്കുന്നതാണ്. പക്ഷെ, ഇപ്പോൾ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികളുമായാണ് മുന്നോട്ട് പോകുന്നത്.

<u>മി. സ്പീക്കർ:</u> ഓർഡർ...... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്ത കേരളം

4*(64) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുവാനായി എക്സൈസ് വകുപ്പ് നടത്തുന്ന പ്രചരണ പരിപാടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വിമുക്തി പദ്ധതിയുടെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് കഴിഞ്ഞ വർഷം പുതുതായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം പതിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചതെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ മദ്യനയം ലഹരി മുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകമായ ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ഇ) എങ്കിൽ ഈ നയത്തിലെ ഏതൊക്കെ കാര്യങ്ങളാണ് ഇതിന് സഹായകമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റെസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി മഹിളാ, യുവജന മഹിളാ സംഘടനകൾ എന്നിവയടക്കം പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തുടനീളം

വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിൽ വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണ പവലിയനുകൾ, ഫ്ലോട്ടുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിച്ചുവരുന്നു.

യുവാക്കളും വിദ്യാർത്ഥികളും ലഹരിയിലേയ്ക്ക് വീഴാതെ അവർക്കായി ലഹരിക്കെതിരെ കായിക ലഹരി എന്ന മുദ്യാവാക്യം ഉയർത്തി കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. കരിയർ ഗൈഡൻസ് സെന്ററുകൾ, ലൈബ്രറികൾ എന്നിവ ആരംഭിച്ചിട്ടുള്ളതും പുസ്തക വിതരണം നടത്തിയിട്ടുള്ളതുമാണ്. മേയ് 31 ലോക പുകയില വിരുദ്ധ ദിനം, ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഒക്ടോബർ 2 ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എഫ്.എം. റേഡിയോകൾ, ടി.വി. ചാനലുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ വിമുക്തി സന്ദേശ പ്രചാരണം നടത്തിയിട്ടുണ്ട്. മലയാള സിനിമാ ലോകത്തെ പ്രമുഖ താരങ്ങളെ ഉൾപ്പെടുത്തി ലഹരിക്കെതിരായ സന്ദേശം തയ്യാറാക്കി നവമാധ്യമങ്ങളിലൂടെ നിരന്തരം പ്രചരിപ്പിക്കുന്നുണ്ട്.

കേരളത്തിലുടനീളമുള്ള ആദിവാസി തീരദേശ പട്ടികജാതി കോളനികളിൽ ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ വീടുകളിൽ എക്സൈസ് ജീവനക്കാർ നേരിട്ടും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയും ഭവന സന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, റെസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സംഘടനകൾ, യുവജന വിദ്യാർത്ഥി സംഘടനകൾ, വിവിധ ക്ഷേമനിധി ബോർഡുകൾ, ട്രേഡ് യൂണിയനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, സാമൂഹിക-സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും 917 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനം നടത്തിവരുന്നുണ്ട്. നവംബർ 14-ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും ഡിസംബർ 4-ന് വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്. 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബുകളും 392 കോളേജ് ക്ലബ്ബുകളും 1794

ഗ്രന്ഥശാലാ ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുണ്ട്. മുഴുവൻ ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ടും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ അങ്ങോളമിങ്ങോളം വിദ്യാർത്ഥികളെയും യുവജനങ്ങളെയും അണിനിരത്തി ലഹരിക്കെതിരെ ദീപം തെളിയിക്കൽ, 'വിമുക്തി ജ്വാല' സംഘടിപ്പിച്ചു. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്. വിമുക്തി ബോധവത്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കി. നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിൽ ബോധവത്കരണ സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്. വിവിധ സാംസ്കാരിക പരിപാടികൾവഴിയും വിമുക്തി സന്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. നികുതി ഉൾപ്പെടെ 1,01,77,500 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി & ഇ) ഉണ്ട്. ലഹരിമുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകരമായിട്ടുള്ള മദ്യനയത്തിലെ കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ച് ശക്തിപ്പെടുത്തുന്നതാണ്. (വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

2. മദ്യാസക്തിക്ക് അടിമപ്പെടുന്നവരെ ചികിത്സയ്ക്ക് വിധേയമാക്കി ലഹരിയിൽനിന്ന് വിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. (പുതുതായി കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ചു)

3. മദ്യവർജ്ജന-ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. (ഫലപ്രദമായി നടന്നുവരുന്നു)

4. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് കൂടുതൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. (എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു)

5. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 23 വയസ്സായി ഉയർത്തിയിട്ടുണ്ട്.

## പ്രളയ പ്രതിരോധത്തിന് നയരൂപീകരണം

5(*65) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ പ്രതിരോധവുമായി ബന്ധപ്പെട്ട് നയരൂപീകരണത്തിന് ജലസേചന വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള പുതിയ നയരൂപീകരണത്തിന് ഏതെല്ലാം രാജ്യങ്ങളുടെ ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഈ നയം എന്നത്തേക്ക് പ്രാവർത്തികമാക്കാനാകും; വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്ത് പ്രളയ പ്രതിരോധവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിന്റെ ഭാഗമായി ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ദ്വിദിന ദേശീയ സമ്മേളനം (National Conference on Policies and Strategies for flood Management- Kerala Scenario)2020 ജനുവരി 23-24 തീയതികളിൽ സംഘടിപ്പിച്ചിരുന്നു. തദവസരത്തിൽ പ്രളയ നിയന്ത്രണ അണക്കെട്ടുകൾ (Flood Control Dams), സ്പോഞ്ച് സിറ്റി (Sponge City) റൂം ഫോർ റിവർ (Room for River) എന്നീ ആശയവും നദീതട മാനേജ്മെന്റ്, സംയോജിത വെള്ളപ്പൊക്ക പരിപാലനം, ഫ്ലെഡ്സൊണേഷൻ, മണ്ണിടിച്ചിൽ, പ്രളയം എന്നിവ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങൾ മുതലായ വിഷയങ്ങളിൽ വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അതിന്മേലുള്ള ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ സമവായത്തിലൂടെ 2018, 2019-ൽ ഉണ്ടായ പ്രളയത്തെപ്പോലെ ഭാവിയിൽ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളെ/ദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള നയരൂപരേഖ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ക്രോഡീകരിച്ചുവരുന്നു.

2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP) എന്ന ഏജൻസിയുടെ നേതൃത്വത്തിൽ പ്രളയാനന്തര നഷ്ടങ്ങളെക്കുറിച്ചും ഭാവിയിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട ഹ്രസ്വകാല, ദീർഘകാല നടപടികളെക്കുറിച്ചും നയപരമായി സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ചും

വിശദീകരിക്കുന്ന പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് എന്ന വിശദമായ രേഖ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത രേഖയിൽ ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ട് നിർദ്ദേശങ്ങളാണ് ഭാവി ആസൂത്രണവുമായി രൂപപ്പെട്ടിട്ടുള്ളത്.

1. നദീതടാടിസ്ഥാനത്തിലുള്ള ആസൂത്രണം സാധ്യമാക്കുന്നതിനായി നദീതട അതോറിറ്റി രൂപീകരണം.

2. ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റിന്റെ (IWRM) (സമഗ്ര ജലവിഭവ മാനേജ്മെന്റ്) അടിസ്ഥാനത്തിൽ ജലവിഭവ പരിപാലനം നിർവ്വഹിക്കുക. ഇതിൽ നദീതട അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ച നടത്തി കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രളയക്കെടുതികൾ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നെതർലന്റിൽ നിന്നുള്ള ഡച്ച് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ടീം, വേൾഡ് ബാങ്ക് പോലെയുള്ള സ്ഥാപനങ്ങളുടെ സാങ്കേതിക വിദഗ്ദ്ധർ, തദ്ദേശീയരായ സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ സഹകരണം സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഡച്ച് ടീമും ജലസേചന വകുപ്പിലെ എഞ്ചിനീയർമാരും ചേർന്ന് കുട്ടനാട്ടിലെ പ്രളയ പ്രതിരോധത്തിനായി കേരള ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി കുട്ടനാട്ടിലെ വെള്ളപ്പൊക്ക പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. റൂം ഫോർ റിവർ എന്ന പേരിൽ അറിയപ്പെടുന്ന ഡച്ച് സർക്കാരിന്റെ വെള്ളപ്പൊക്ക പ്രതിരോധ രീതി കേരളത്തിലെ ചില പുഴകളിലെങ്കിലും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നുണ്ട്. ഈ പദ്ധതികളുടെ ഒന്നാംഘട്ടം തോട്ടപ്പള്ളി സ്പിൽവേയും ലീഡിംഗ് ചാനലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തോട്ടപ്പള്ളിയിൽനിന്നും കടലിലേയ്ക്കുള്ള പ്രളയജലത്തിന്റെ ഒഴുക്ക് വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) 2018, 2019 കളിലെ പ്രളയ ദുരന്തംപോലുള്ളവയെ ഫലപ്രദമായി നേരിടുന്നതിനായി കേരള സർക്കാർ വിദേശ രാജ്യങ്ങളുടെ വിദഗ്ദ്ധോപദേശം ഉൾക്കൊണ്ട് നെതർലാന്റ് മാതൃകയിൽ റൂം ഫോർ റിവർ (Room for River) ആശയവും ചൈനയിൽ പരീക്ഷിച്ചുവിജയിച്ച സ്പോഞ്ച് സിറ്റി (Sponge City) എന്ന ആശയവും ഉൾക്കൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുവാൻ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പ്രവൃത്തികൾക്ക് ജലവിഭവ വകുപ്പ് വിശദമായ അവലോകനവും നയരൂപീകരണ രേഖയും തയ്യാറാക്കി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

6(*66) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ശുദ്ധമായ കടിവെള്ളം ലഭ്യമാക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ ജലലഭ്യതയും ആവശ്യകതയും കണ്ടെത്താൻ ജലബഡ്ജറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നീരൊഴുക്കിന്റെ അളവിനനുസരിച്ച് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിന് നദികളിലും തോടുകളിലും തടയണകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രളയം നദികളുടെ വാഹകശേഷിയിലും ജലസംഭരണ ശേഷിയിലും കുറവ് വരുത്തിയത് കണക്കിലെടുത്ത് മാലിന്യങ്ങൾ നീക്കുന്നതിനും ശാസ്ത്രീയ പരിശോധനയുടെ അടിസ്ഥാനത്തിൽ മണൽ വാരി നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്. കുടിവെള്ളം, ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുവേണ്ടി വരുന്ന ജലം, കൃഷി, കന്നുകാലി വളർത്തൽ, പക്ഷി-മൃഗാദികൾ, വ്യാവസായികാവശ്യം എന്നിവയോടൊപ്പം പാരിസ്ഥിതികാവശ്യം തുടങ്ങിയവയ്ക്കും വേണ്ടിവരുന്ന ജലത്തിന്റെ അളവുകൂടി പരിഗണിച്ചാണ് ജലബഡ്ജറ്റ് തയ്യാറാക്കുന്നത്. ജലബഡ്ജറ്റിനുവേണ്ട മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ജലവികസന വിനിയോഗ കേന്ദ്രത്തിൽവച്ച് ഹരിതകേരളം മിഷൻ പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ യോഗം 2020 ഫെബ്രുവരി മാസം ചേരുകയും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള ശാസ്ത്രീയമാർഗ്ഗം നദീതടാടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ സംയോജിത നീർത്തടാടിസ്ഥാനത്തിൽ നിർവ്വഹിക്കുക എന്നതാണ്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായിവരുന്ന ഒരു പ്രവർത്തനമാണ് വിവിധതലത്തിലുള്ള തടയണകൾ

നിർമ്മിക്കുക എന്നത്. വേനൽക്കാലത്ത് ജലലഭ്യത വർദ്ധിപ്പിക്കുക എന്നതിലുപരി ഭൂജല സംപോഷണം വർദ്ധിപ്പിക്കുന്നതിലും തടയണകൾ പ്രധാന പങ്ക് വഹിക്കുന്നു. നദികൾക്കും തോടുകൾക്കും കുറുകെ ചെറു തടയണകളും റെഗുലേറ്ററുകളും നിർമ്മിച്ച് തത്പ്രദേശത്തെ ജലനിരപ്പ് ഉയർത്തുകയും വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും കണക്കാക്കി ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-2-ന്റെ കാര്യാലയത്തിനു കീഴിൽ മീനച്ചിൽ നദീതട പദ്ധതിയിൽ നിലവിൽ ആറ് തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയിൽ മൂന്ന് പദ്ധതികളുടെ എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മൂന്ന് പദ്ധതികളുടെ പര്യവേഷണ ജോലികൾ ആരംഭ ഘട്ടത്തിലാണ്. ഭൂജലവകുപ്പ് മുഖേന ചെറുകിട നീർത്തടാതിഷ്ഠിതമായി ചെറിയ തടയണകളുടെ നിർമ്മാണം 2019-20 സാമ്പത്തിക വർഷത്തിലെ 'ഭൂജല സംരക്ഷണവും സംപോഷണവും' പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത ബ്ലോക്കായ ചിറ്റൂരിലെ വടകരപതി പഞ്ചായത്തിൽ എരിക്കലംപാറ തോടിൽ അഞ്ച് തടയണകളുടെ നിർമ്മാണം നടപ്പിലാക്കുന്നതിന് 40.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ തോടിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തടയണകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിക്കുന്നു. ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ സ്ഥിരമായിട്ടുള്ളതും താൽക്കാലികവുമായ തടയണകൾ പുഴകളിലും തോടുകളിലും നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ എം.എൽ.എ.-മാരുടെ പ്രാദേശിക ആസ്തി വികസന ഫണ്ടുപയോഗിച്ചും തടയണകളും വി.സി.ബി.-കളും നിർമ്മിക്കുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി കൂടുതൽ വരൾച്ച അനുഭവപ്പെടുന്ന നാല് ജില്ലകളിൽ ഗോവൻ മാതൃകയിലുള്ള ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം കിഫ്ബിയുടെ സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രളയാനന്തരം നദികളുടെ ഒഴുക്കിലും ജല ആവാഹശേഷിയിലുമുണ്ടായ കുറവ് നികത്തി ആവാഹശേഷി വർദ്ധിപ്പിക്കുന്നതിന്റെ പ്രാഥമിക ഘട്ടമായി പ്രധാന നദികളിൽ സ്ഥിതിചെയ്യുന്ന ജലസേചന നിർമ്മിതികളായ പൂക്കോട്ടുമന റെഗുലേറ്റർ-കം-ബ്രിഡ്ജ്, മഞ്ചുമ്മൽ റെഗുലേറ്റർ, ചെറുതുരുത്തി തടയണ, ചങ്ങണാംകടവ് റെഗുലേറ്റർ, വെള്ളിയാങ്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്, പുറപ്പള്ളിക്കാവ് റെഗുലേറ്റർ എന്നിവയുടെ നിയന്ത്രണ മേഖലയിൽ അടിഞ്ഞുകൂടിയ

മണൽ/ചെളിയുടെ ഏകദേശ കണക്ക് നിർണ്ണയിക്കുകയും ടി നിർമ്മിതികളുടെ പരിധിയിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനായി ഭരണാനുമതി നൽകുകയും ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ഡാമുകളിലും റിസർവ്വോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും മണലും നീക്കി അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ റിസർവ്വോയറുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനും മംഗലം, ചുള്ളിയാർ എന്നീ ഡാമുകളെ പൈലറ്റ് പ്രോജക്ടുകളാക്കി ഡീസൽറ്റേഷൻ നടത്തുന്നതിനും ഒരു Standard Operating Procedure (SOP) അംഗീകരിച്ച് 8-11-2019-ലെ G.O.(Ms) No.79/2017/WRD പ്രകാരം ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെണ്ടർ ക്ഷണിക്കുകയും 8-11-2019-ലെ G.O.(Ms) No. 50/20/WRD പ്രകാരം വെള്ളിയാംകല്ല് ആർ.സി.ബി.-യുടെ പരിധിയിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആഗോള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മലമ്പുഴ, മീങ്കര, കാരാപ്പുഴ, വാളയാർ എന്നീ ഡാമുകളിലും പഴശ്ശി ബാരേജിലും കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരിയകളിലും ഡീസിൽറ്റേഷൻ നടത്തുന്നതിന് 7-12-2019-ലെ G.O.(Rt.) No.919/2018/WRD പ്രകാരം സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ചെയർമാനായി Desiltation Tendering/Facilitation Cell രൂപീകരിക്കുകയും Desiltation നടത്തുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി താൽപ്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ ഈ സെല്ലിനു കീഴിൽ പുരോഗമിക്കുന്നുമുണ്ട്.

കുട്ടനാട് പാക്കേജ് ഒന്നാം ഘട്ടത്തിൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലുമായി ഏകദേശം 250 കിലോമീറ്റർ നീളത്തിൽ തോടുകളിലെ ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയാനന്തരം SDRF-ൽ ഉൾപ്പെടുത്തി 195 കിലോമീറ്ററോളം നീളത്തിൽ തോടുകളുടെ നവീകരണം നടപ്പിലാക്കിവരുന്നു. ഇതുമൂലം തോടുകളുടെ ജലസംഭരണശേഷിയും വാഹക ശേഷിയും ഉയർന്നിട്ടുണ്ട്. ഹരിതകേരളത്തിന്റെ ഭാഗമായി ജലസ്രോതസ്സുകളിലെ മാലിന്യംനീക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹരിതകേരളം പദ്ധതി നിലവിൽ വന്നശേഷം നാളിതുവരെ 412 കി.മീ. പുഴകളും 36323 കി.മീ. തോടുകളും ജനകീയമായി മാലിന്യം നീക്കി ശുചിയാക്കിയിട്ടുണ്ട്. " ഇനി ഞാൻ ഒഴുകട്ടെ" എന്ന പേരിൽ 2019 ഡിസംബർ 14-ന് ആരംഭിച്ച ജനകീയ നീർച്ചാല് പുനരുജ്ജീവനത്തിന്റെ ഭാഗമായി 820 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 914 നീർച്ചാലുകൾ 2034 കി.മീ. നീളത്തിൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

## കാട്ടുതീയിൽനിന്നും വനങ്ങളുടെ സംരക്ഷണം

7(*67) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന് മുൻകരുതൽ സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ;

(ബി) വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജല ലഭ്യത ഉറപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) തീപിടിത്ത സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി കാട്ടുതീ തടയുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന് മുൻകരുതൽ സ്വീകരിക്കാറുണ്ട്.

കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച്തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire Prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾതലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ അഞ്ച് ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും മൂന്ന് വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡിവിഷൻ, റെയിഞ്ച്തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളുകളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനംവകുപ്പാസ്ഥാനത്തും ഫയർ സെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന

ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർ ലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിച്ചുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്കുഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC) / വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിയിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലയിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യവിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫ് പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ പുതുതായി നിർമ്മിക്കുകയും നിലവിലുള്ള നീരുറവകളിലെ ചെളി നീക്കംചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വെള്ളം കൂടുതൽ വലിച്ചെടുക്കുമെന്ന് ആരോപിക്കപ്പെടുന്ന അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, വാറ്റിൽ എന്നീ വിദേശീയ വ്യാവസായിക ഏകവിള തോട്ടങ്ങൾ മുറിച്ചുമാറ്റി പ്രകൃതിദത്ത വനങ്ങളാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. 2018 മുതൽ മേൽ ഇനങ്ങളിൽപ്പെടുന്ന തൈകൾ കേരളത്തിലെ വനങ്ങളിൽ നടുന്നില്ല.

(സി) കാട്ടുതീ തടയുന്നതിന് വനപ്രദേശങ്ങളെ കാട്ടുതീ സാധ്യതയുടെ അടിസ്ഥാനത്തിൽ Highly Fire Prone, Moderately Fire Prone & Low Fire Prone എന്നിങ്ങനെ തരം തിരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ Highly Fire Prone സ്ഥലങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുകയും ചെയ്തുവരുന്നുണ്ട്. കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാദ്ധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കലും നിയന്ത്രിത കത്തിക്കലും നടത്തിവരുന്നു. ഇത്തരം പ്രദേശങ്ങളിലും സമീപത്തും താമസിക്കുന്ന ജനങ്ങളിൽ കാട്ടുതീയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പോസ്റ്ററുകൾ, ബോർഡുകൾ മുതലായവ സ്ഥാപിക്കുകയും കൂടാതെ ടി പ്രദേശങ്ങളിൽ വളരെ വേഗം എത്തിച്ചേരുന്നതിന് വാഹനങ്ങൾ സജ്ജമാക്കി നിർത്തുകയും സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താല്ക്കാലിക വാച്ച് ടവറുകൾ ഉണ്ടാക്കി നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

**പരിസ്ഥിതി സംവേദക മേഖലകൾ**

8(*68) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംവേദക മേഖലകൾ രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ; ഇവ രൂപീകരിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർക്കാർ 2013-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക മേഖലയ്ക്കായുള്ള കരട് വിജ്ഞാപനത്തിന്റെ സ്ഥിതി എന്താണെന്നറിയിക്കുമോ;

(സി) സംസ്ഥാന സർക്കാർ സംരക്ഷിത മേഖലകൾക്ക് ചുറ്റും പരിസ്ഥിതി സംവേദക മേഖല പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ വരെയാണ് പരിസ്ഥിതി സംവേദക മേഖലയായി പരിഗണിക്കേണ്ടിയിരുന്നതെങ്കിലും കരട് വിജ്ഞാപനം തയ്യാറാക്കിയപ്പോൾ പരിസ്ഥിതി സംവേദക മേഖല ഒരു കിലോമീറ്ററിന് പുറത്തു പോയ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) പരിസ്ഥിതി സംവേദക മേഖലകളിൽ കരിങ്കൽ ക്വാറികൾക്ക് പ്രവർത്തനാനുമതി ലഭിക്കുമോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ് പരിസ്ഥിതി സംവേദക മേഖലകൾ രൂപീകരിക്കുന്നത്. പരിസ്ഥിതി സംവേദക മേഖല സംരക്ഷിത പ്രദേശങ്ങൾക്ക് സുരക്ഷാകവചമായി പ്രവർത്തിക്കുമെന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതിക ആഘാതം എന്നിവയിൽനിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നു എന്നതിനുപുറമെ വനനശീകരണം തടയാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും കഴിയുന്നുവെന്നതാണ് പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതു കൊണ്ടുള്ള പ്രധാന നേട്ടങ്ങൾ. ശുദ്ധവായു, ശുദ്ധജലം എന്നിവയുടെ ലഭ്യത, സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിലൂടെ പ്രകൃതി ദുരന്തങ്ങളിൽനിന്നുള്ള മോചനം എന്നിവ പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിന്റെ പരോക്ഷമായ നേട്ടങ്ങളാണ്.

(ബി) കേരള സർക്കാർ 2013-ൽ സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളെ തുടർന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിനായുള്ള കരട് വിജ്ഞാപനം 2016 ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കുകയും പ്രസ്തുത വിജ്ഞാപന നിർദ്ദേശങ്ങൾ അന്തിമമായി അംഗീകരിക്കുന്നതിന് മുന്നോടിയായി 2017 ഫെബ്രുവരി 28-28 തീയതികളിൽ ന്യൂഡൽഹിയിൽ ചേർന്ന ചീഫ് വൈൽഡ് ലൈഫ് വാർഡൻമാരുടെ യോഗത്തിൽ സംസ്ഥാനത്തുനിന്ന് സമർപ്പിച്ച കരട് നിർദ്ദേശങ്ങളിൽ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അവ ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ കഴിയാതിരുന്നതിനാൽ കേന്ദ്ര സർക്കാർ 2016-ൽ പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനം റദ്ദാക്കി.

(സി) സംസ്ഥാനത്ത് പരിസ്ഥിതി സംവേദക മേഖല പ്രഖ്യാപിക്കുന്നതിനായുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ 3-1-2020-ലെ ഡി2/46/2019/വനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തുനിന്ന് സമർപ്പിച്ചിട്ടുള്ള പരിസ്ഥിതി സംവേദക മേഖല സംബന്ധിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനവാസ മേഖലകളിൽ ദൂരപരിധി ഒരു കിലോമീറ്ററിന് പുറത്ത് പോയിട്ടില്ല. ജനവാസ മേഖലകൾ അല്ലാത്ത ഭാഗങ്ങളിൽ പരിസ്ഥിതി സംവേദക മേഖല ഒരു കിലോമീറ്ററിന് പുറത്തേക്കും നിശ്ചയിച്ചിട്ടുണ്ട്.

(ഇ) പരിസ്ഥിതി സംവേദക മേഖലകളിൽ കരിങ്കൽ ക്വാറികൾക്ക് നിരോധനമാണ് നിശ്ചയിച്ചിട്ടുള്ളത്.

## കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

9(*69) ശ്രീ. ഡി. കെ. മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഈ വർഷവും ആരംഭത്തിൽത്തന്നെ വേനൽ രൂക്ഷമായതുമൂലം മുൻവർഷങ്ങളിലേതുപോലെ വരൾച്ചയുണ്ടാകാനിടയുള്ളതിനാൽ കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കാൻ കരുതൽ നടപടി സ്വീകരിക്കുമോ;

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും യുക്തിസഹമായ ജലവിനിയോഗത്തിനും പരിപാടിയുണ്ടോ എന്നറിയിക്കാമോ;

(സി) തലസ്ഥാന നഗരിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പുതിയ ജലശുദ്ധീകരണശാലയുടെ പണി പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രധാന നഗരങ്ങളിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ ശരാശരി മഴ ലഭ്യത 3000 മി.മീറ്ററാണെങ്കിലും ഓരോ ജില്ലയിലും ലഭ്യമാകുന്ന മഴയുടെ അളവിൽ വലിയ വ്യത്യാസം കാണാൻ കഴിയും. ഇതോടൊപ്പം കഴിഞ്ഞ കുറച്ചു വർഷങ്ങളായി മഴയുടെ ലഭ്യതയിൽ സ്ഥലകാല വ്യതിയാനം വർദ്ധിച്ചുവരുന്നതായി കാലാവസ്ഥ ശാസ്ത്രജ്ഞൻമാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യൻ കാലാവസ്ഥ വകുപ്പിന്റെ കണക്കുപ്രകാരം 2020 ജനുവരി 1 മുതൽ ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ (2 മാസം) ദീർഘകാല ശരാശരി കണക്കാക്കിയാൽ ലഭ്യമാകേണ്ട മഴയുടെ അളവിൽ നിന്ന് 58 ശതമാനത്തിന്റെ വ്യതിയാനം ഉണ്ടായിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2020 ഫെബ്രുവരി 27-ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പുറത്തിറക്കിയിട്ടുള്ള പത്രക്കുറിപ്പിൽ സൂചിപ്പിച്ചിട്ടുള്ളത് 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ശരാശരി ചൂടിൽ സാധാരണയുള്ളതിനേക്കാൾ 0.5 ഡിഗ്രി സെൽഷ്യസ് വരെയുള്ള വർദ്ധനവ് കേരളത്തിലും ഉണ്ടാകാനിടയുണ്ടെന്നാണ്. ഇത്തരം മാറ്റം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമാണെന്ന് സ്ഥിരീകരിച്ചിട്ടില്ലെങ്കിലും കാലാവസ്ഥയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലിന്റെ (climate variability) ഭാഗമാണെന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞൻമാർ വിലയിരുത്തിയിട്ടുണ്ട്.

നിലവിൽ വന്നിട്ടുള്ള കുറവിനുപരിയായി ചൂട് വർദ്ധിക്കുകകൂടി ചെയ്യുകയാണെങ്കിൽ വരൾച്ചയുടെ രൂക്ഷത വർദ്ധിക്കുവാനിടയുണ്ട്. എന്നാൽ വേനൽമഴ ലഭ്യമാകുകയാണെങ്കിൽ വരൾച്ചയെ മറികടക്കുവാനും സാധിക്കും. കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കപ്പെടുന്ന അണക്കെട്ടുകൾ, നദികൾ, റെഗുലേറ്ററുകൾ എന്നിവയിലെ നിലവിലെ ലഭ്യത കണക്കാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ, ഓരുവെള്ളക്കയറ്റം കാരണം ജലം മലിനമാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ പ്രത്യേകിച്ച് ഓരുമുട്ടുകളുടെ നിർമ്മാണം, വെന്റഡ് ക്രോസ് ബാറുകൾ, തടയണകൾ എന്നിവയുടെ സംരക്ഷണം ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്.

വേനൽ രൂക്ഷമാകുമ്പോൾ കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കുവാനായി ലഭ്യമായ ജലം പരമാവധി സംഭരിക്കൽ, പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ജലം ലഭ്യമായ പദ്ധതികളിൽനിന്നും ഇന്റർകണക്ഷനുകൾ നൽകൽ തുടങ്ങിയ ജലവിതരണം സുഗമമായി നടത്തിക്കൊണ്ടുപോകുന്ന പ്രവൃത്തികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു. സ്രോതസ്സുകളിൽ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി മേഖല ചീഫ് എഞ്ചിനീയർമാർക്ക് ഫെബ്രുവരി മാസം ആദ്യ വാരംതന്നെ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 30 താത്കാലിക തടയണകൾ ഈ സമയം പൂർത്തിയാക്കിയിട്ടുണ്ട്. ടാങ്കർ ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വെൻഡിംഗ് സ്റ്റേഷനുകളിൽ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നു. ഓപ്പറേഷൻ പ്യൂവർ വാട്ടറുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ അധികമായി ടാങ്കർ ജലവിതരണ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി; ഇവയുടെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്തുവാൻ ആവശ്യമായ അളവിൽ ജലസംഭരണികൾ ഇല്ലാത്തതാണ്. മേൽ സാഹചര്യത്തിൽ നദികളെത്തന്നെ ജല സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം താരതമ്യേന ചെറുതും വലുതുമായ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള പദ്ധതികൾ പരിഗണനയിലാണ്.

പൈപ്പിലൂടെയുള്ള ജലവിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളിൽ ജല ലഭ്യത ഉറപ്പുവരുത്തുവാൻ കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പ് സെറ്റുകൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ ഘട്ടംഘട്ടമായി മാറ്റി സ്ഥാപിച്ചും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജലചൂഷണം, ജല ഉപയോഗം എന്നിവ തടയുന്നതിന് ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ശാസ്ത്രീയമായി നിർവ്വഹിക്കപ്പെടണമെങ്കിൽ സമഗ്രമായ നീർത്തട പ്ലാനുകൾ ഓരോ ചെറുനീർത്തടത്തിന്റെയും പരിപാലനത്തിനായി തയ്യാറാക്കി അതിൻപ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിയാൽ മാത്രമേ സാധ്യമാകൂ. ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി 914 തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള നീർത്തട പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. പ്രസ്തുത പ്ലാനുകളിൽ റിഡ്ജ് ടു വാലി സമീപനത്തോടുകൂടി മുൻഗണനപ്പെടുത്തിയിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുദ്ധാരണവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം തൊഴിലുറപ്പു പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേനയും ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് കമ്പിവേലി കെട്ടിയും പരസ്യ ബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾവഴി ബോധനൽക്കരണം നടത്തുകയും ചെയ്യുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനം, റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തിയും സ്രോതസ്സുകൾ സംരക്ഷിച്ചുവരുന്നു. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ റെഗുലേറ്ററുകൾ എന്നിവവഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനുമുള്ള സമീപനമാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ള കയറ്റം നിയന്ത്രിക്കുന്നതിനും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും അതുവഴി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഇത് ഉപകാരപ്രദമാണ്. സ്രോതസ്സുകളിൽ ലഭ്യമായ ജലം ദീർഘകാലാടിസ്ഥാനത്തിൽ ശാസ്ത്രീയമായി വിനിയോഗിക്കുവാനായി നിലവിലെ പദ്ധതികൾ വിപുലീകരിച്ചും വിതരണ ശൃംഖലകൾ വിപുലീകരിച്ചും ശുദ്ധജലനഷ്ടം

ഒഴിവാക്കുന്ന നടപടികൾ സ്വീകരിക്കുന്നു. ശുദ്ധജലവിതരണത്തിന് ഏക സ്രോതസ്സിനുപകരം ബദൽ സ്രോതസ്സുകൾ ഏർപ്പെടുത്തുന്നത് ശാസ്ത്രീയമായ വിനിയോഗത്തിനുള്ള ഒരു മാർഗ്ഗമാണ്. 2016-17-ൽ ഹരിതകേരള പദ്ധതിയോടനുബന്ധിച്ച് ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കാനും നിലവിലുള്ള ഉപയോഗശൂന്യമായ കിണർ റീ-ചാർജ്ജ്ചെയ്ത് ഉപയോഗയോഗ്യ മാക്കുകയും സ്ഥലലഭ്യതയുള്ള സ്രോതസ്സുകൾക്ക് സമീപം ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ ജലശുദ്ധീകരണ ശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജല ദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കൂടാതെ ആവശ്യാനുസരണം മാത്രം പമ്പ് ചെയ്യുന്ന പമ്പ് ഓട്ടോമേഷൻ സിസ്റ്റം കുഴൽകിണർ പമ്പ് ഹൗസുകളിൽ സ്ഥാപിച്ചുവരുന്നു. ഇത് ഭൂജല വിനിയോഗം മിതമായി ഉപയോഗിക്കാൻ സഹായകമാകും.

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കരയിൽ നിർമ്മിക്കുന്ന 75mld ജലശുദ്ധീകരണ ശാലയുടെ പണി 2020 ജൂൺ മാസത്തോടെ പൂർത്തിയാക്കുന്നതാണ്.

(ഡി) ADB സഹായത്തോടെ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ ശുദ്ധജലവിതരണം മെച്ചപ്പെടുത്തി (24x7) നിലയിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതിക്ക് 2511 കോടി രൂപ കണക്കാക്കി 7-2-2020-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ADB-യിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

### വരൾച്ച നേരിടുന്നതിന് ഭൂജലവകുപ്പിന്റെ പദ്ധതികൾ

10(*70) <u>ശ്രീ. പി. ഉണ്ണി</u> :
<u>ശ്രീ. സജി ചെറിയാൻ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച ആവർത്തിച്ചുണ്ടാകുന്ന പ്രതിഭാസമായതിനാൽ ഇത് നേരിടുന്നതിന് ഭൂജലവകുപ്പ് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വകുപ്പ് നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ സുസ്ഥിരമാക്കുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനംമൂലം ഭൂഗർഭ ജലനിരപ്പ് ഗണ്യമായി താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭൂഗർഭ ജലചൂഷണം കർശനമായി തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഭൂജലവകുപ്പ് വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. 127 റീചാർജ്ജ് പിറ്റ് പദ്ധതികൾ, 78 തുറന്ന കിണർ റീചാർജ്ജ് പദ്ധതികൾക്കും 12 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കും 5 ചെറിയ തടയണകൾക്കുമുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

കൂടാതെ വരൾച്ചയെ നേരിടുന്നതിനായി ജലലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും ചെറുകിട കുടിവെള്ള പുനരുദ്ധാരണ പ്രവർത്തികളും കുഴൽക്കിണർ ഹാന്റ് പമ്പ് റിപ്പയർ പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ഭൂജലവകുപ്പ് ശാസ്ത്രീയ പഠനങ്ങൾ നടത്തി ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ രീതിയിലുള്ള റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികളിലൂടെയുള്ള ഭൂജല സംപോഷണം വകുപ്പ് വിപുലമായ രീതിയിൽ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഭൂജലവകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ കുഴൽക്കിണറുകളുടെ ഭൂജലസംപോഷണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2019-20 സാമ്പത്തികവർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12 കുഴൽക്കിണർ റീചാർജ്ജ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ജലഗുണനിലവാര പരിശോധന, ജലവിതാന പഠനങ്ങൾ എന്നിവ പൂർത്തീകരിക്കുന്ന മുറയ്ക്ക് വകുപ്പ് നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതി പ്രദേശങ്ങളിലെ സുസ്ഥിരതയ്ക്കായി കുഴൽക്കിണറുകളുടെ പുനരുജ്ജീവന പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിക്കും.

(സി) കേരള ഭൂജന (നിയന്ത്രണവും, ക്രമീകരണവും) ആക്റ്റ് 2002-ലെ നിയമങ്ങൾ പ്രകാരമാണ് ഭൂജല ചൂഷണവുമായി ബന്ധപ്പെട്ട പരാതികളിൽ വകുപ്പ് നിലവിൽ നടപടി സ്വീകരിച്ചുവരുന്നത്. ഭൂജലചൂഷണത്തിനുള്ള നിയമങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ആക്റ്റ് 2002-ൽ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12-3-2018-ലെ സർക്കുലർ നമ്പർ RC 4/244/2017/LSGD പ്രകാരം

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കുപ്പിവെള്ള കമ്പനികൾക്ക് പഞ്ചായത്തിൽനിന്ന് ലൈസൻസ് പുതുക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുണ്ട്.

**എക്സൈസ് വകുപ്പിലെ ക്രൈംബ്രാഞ്ച് വിഭാഗം**

11(*71) ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ മയക്കുമരുന്ന്, മദ്യ കേസ്സുകൾ അന്വേഷിക്കുന്നതിനായി എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് വിഭാഗം ആരംഭിച്ചിട്ടുണ്ടോ;

(ബി) ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ ഈ വിഭാഗത്തിന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ എറണാകുളം ആസ്ഥാനമായി എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ട്. ഓഫീസ് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും നിലവിൽ ക്രൈംബ്രാഞ്ച് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്.

**വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

12(*72) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ കയ്യേറ്റ വനഭൂമി തിരിച്ചു പിടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വന സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യകൾ വനംവകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) വനാതിർത്തി സർവ്വേകൾ കാര്യക്ഷമാക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടോ;

(ഇ) വനാതിർത്തിയിലെ ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കുമോ?

മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ വിശദമാക്കുന്നു:

1. വനം കയ്യേറ്റങ്ങൾ തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും ദ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി.

2. പുതിയ കയ്യേറ്റ ശ്രമങ്ങൾ നടന്നപ്പോൾത്തന്നെ തടയുകയും ഒഴിപ്പിക്കുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

3. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സാങ്കേതിക റിമോട്ട് സെൻസിംഗ് വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കൽ.

5. കേരളത്തിൽ ആകെ 124 ഫോറസ്റ്റ് സ്റ്റേഷനുകളാണ് നിലവിലുള്ളത്. ആയതിൽ 10 എണ്ണം 2018– 19 സാമ്പത്തിക വർഷത്തിൽ പുതുതായി തസ്തികകൾ ഉൾപ്പെടെ അനുവദിച്ച് സ്ഥാപിച്ചതാണ്.

6. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്. 2015-16 വർഷം മുതൽ നാളിതുവരെ 30 പേരടങ്ങുന്ന എട്ട് ബാച്ചുകളിലായി 240 പേർക്ക് ആധുനിക സർവ്വേ ട്രെയിനിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

7. വനം വകുപ്പുമായി ബന്ധപ്പെട്ട സർവ്വേ സ്കെച്ചുകൾ ഉൾപ്പെടെയുള്ള പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുണ്ട്. 2018 സെപ്തംബർ മുതൽ ടി റിക്കാർഡ് റൂമിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

8. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം ചെയ്തുവരുന്നു.

9. ജി.ഐ.എസ്.-ന്റെ സഹായത്തോടെ M-StrIPES (Monitoring System for Tigers -Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കിവരുന്നു.

10. ടെറിട്ടോറിയൽ വനം ഡിവിഷനുകളിലുള്ള 400 വനസംരക്ഷണ സമിതികളെയും വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലുമുള്ള 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളെയും ഉൾപ്പെടുത്തി പങ്കാളിത്ത വനപരിപാലനവും അഗ്നിസംരക്ഷണവും നടത്തിവരുന്നു.

(ബി) തിരിച്ചുപിടിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 522.93 ഏക്കർ വനഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്. ആയവയുടെ സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതികവിദ്യകൾ വനംവകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. 2018 സെപ്റ്റംബർ മാസത്തിൽ കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ ഒരു മോഡേൺ റിക്കാഡ് റൂം സ്ഥാപിച്ചിട്ടുണ്ട്. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പാക്കുന്നു. 240 ജീവനക്കാർക്ക് ആധുനിക സർവ്വേ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ജി.ഐ.എസ്. സഹായത്തോടെ M-STRIPES (Monitoring System for Tigers -Intensive Protection and Ecological Status) ഉപയോഗിച്ചുള്ള പട്രോളിംഗ് 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കിവരുന്നുണ്ട്. 2017-18 മുതൽ കാട്ടുതീ പ്രതിരോധത്തിനായി ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിമോട്ട് സെൻസിംഗ് വിദ്യ ഉപയോഗിക്കുന്നുണ്ട്. ആധുനികമായ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ ഈ ഫയർ സീസണിന് മുമ്പായി വാങ്ങി ഉപയോഗിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഉണ്ട്. 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 4-4-2016-ലെ G.O.(P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് -1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ട്രെയിനിംഗിൽ വിജയികളായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളവയുൾപ്പെടെ ഇതിൽ 15,533 കിലോമീറ്ററോളം വനാതിർത്തി 31-3-2019 വരെ ജണ്ടകെട്ടി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 1-4-2019-ൽ ജണ്ടകെട്ടിത്തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ. അവശേഷിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17-ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 13,000 ജണ്ടകൾ (ഉദ്ദേശം 600 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുന്നതാണ്. വനാതിർത്തിയിലെ അവശേഷിക്കുന്ന ഉദ്ദേശം 713 കി.മീറ്റർ ജണ്ടകളുടെ നിർമ്മാണം അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തെളിനീർ കുപ്പിവെള്ള പദ്ധതി**

13(*73) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിപണിയിൽ കുറഞ്ഞ നിരക്കിൽ കുപ്പിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ അരുവിക്കരയിൽ ആരംഭിച്ച കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) കുപ്പിവെള്ള പദ്ധതിയായ തെളിനീരിന്റെ നിർമ്മാണ വിപണന ചുമതല വാട്ടർ അതോറിറ്റിയെ ഒഴിവാക്കി കിഡ്കിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കുപ്പിവെള്ളം എന്നു മുതൽ വിപണിയിൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ -സി) സംസ്ഥാന വിപണിയിൽ കുറഞ്ഞ നിരക്കിൽ കുപ്പിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ അരുവിക്കരയിൽ ആരംഭിച്ച കുപ്പിവെള്ള പ്ലാന്റിന്റെ മൂന്ന് പാക്കേജിലുമുള്ള (സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആൻഡ് മെഷിനറി) വർക്കുകൾ 22-5-2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ്.-ൽ നിന്ന് അംഗീകാരം കിട്ടുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷയെത്തുടർന്ന് 2019 മേയ് മാസം ബി.ഐ.എസ്. ഉദ്യോഗസ്ഥർ പ്ലാന്റ് സന്ദർശിച്ച് വെള്ളത്തിന്റെയും കുപ്പികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോയിരുന്നു. സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും 16 കോടി രൂപയോളം മുതൽ മുടക്കിയാണ് പ്രസ്തുത പ്ലാന്റിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. സ്വകാര്യ കമ്പനികൾ വിപണിയിൽ വിറ്റഴിക്കുന്ന ചില കുപ്പിവെള്ള സാമ്പിളുകളുടെ ഗുണമേന്മയെക്കുറിച്ച് പരാതികൾ ഉയർന്നിരുന്നു. ആയതിനാൽത്തന്നെ ജനങ്ങളുടെ ആരോഗ്യത്തെ വളരെ സാരമായി ബാധിക്കാൻ സാധ്യതയുള്ള കുപ്പിവെള്ള വിപണന മേഖലയിൽ സർക്കാരിന്റേതായ ഇടപെടലുകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വവുമുണ്ട്. കൂടാതെ ഇത്രയും വലിയ സാമ്പത്തിക മുതൽമുടക്ക് നടത്തിയ പദ്ധതി ഇനിയും നീട്ടിക്കൊണ്ടുപോകുന്നത് അഭികാമ്യവുമല്ല. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2025-ഓടുകൂടി കുടിവെള്ളമെത്തിക്കുന്നതിനുള്ള ബൃഹത് പദ്ധതിയായ ജൽജീവൻ മിഷൻ പദ്ധതി കൂടാതെ KIIFB, ADB, നബാർഡ്, സംസ്ഥാന സർക്കാർ നൽകിയ ഭരണാനുമതികൾ എന്നിവ ഉൾപ്പെടുന്ന ഏകദേശം 9000 കോടി രൂപയുടെ കുടിവെള്ള/സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കുണ്ട്. ഇപ്പോഴത്തെ കാലാവസ്ഥാ വ്യതിയാനം കണക്കിലെടുക്കുമ്പോൾ 2020-ൽ ഉണ്ടായേക്കാവുന്ന വരൾച്ചയും കുടിവെള്ളക്ഷാമവും നേരിടുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽനിന്നും അവരുടെ പരിമിതമായ സൗകര്യങ്ങൾക്കകത്തു നിന്നുകൊണ്ട് കുറ്റമറ്റ രീതിയിൽ സമയബന്ധിതമായ പ്രവർത്തനം നടത്തേണ്ടതുണ്ട്. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വരൾച്ചകൊണ്ടുള്ള കുടിവെള്ളക്ഷാമം ഒഴിവാക്കുന്നതിനും സർക്കാർ നൽകേണ്ട

അവശ്യസേവനമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിക്ക് മുൻഗണന നൽകിക്കൊണ്ട് 28-2-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2020/ജ.വി.വ. പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കുപ്പിവെള്ള പ്ലാന്റ് KIIDC-ന് കൈമാറുന്നതിന് ഉത്തരവായിട്ടുണ്ട്. KIIDC കേരള വാട്ടർ അതോറിറ്റിയുമായി കരാർ വയ്ക്കുന്ന മുറയ്ക്ക് പ്ലാന്റ് കൈമാറി പ്രവർത്തനം ആരംഭിക്കും.

## ലഹരിവിരുദ്ധ പ്രചരണം

14(*74) ശ്രീ. കാരാട്ട് റസാഖ് :

ശ്രീമതി യു. പ്രതിഭ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടത്തിയ സർവ്വേ പ്രകാരം ലഹരി വസ്തുക്കളുടെ അമിതോപയോഗമുള്ള സംസ്ഥാനമല്ലെങ്കിലും സംസ്ഥാനത്തെ യുവജനതയിൽ മുപ്പത് ശതമാനത്തോളം വരുന്നവർ മദ്യം, പുകയില ഉല്പന്നങ്ങൾ, മറ്റു ലഹരി വസ്തുക്കൾ തുടങ്ങിയവ ഉപയോഗിക്കുന്നവരാണെന്ന ചില റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രചരണം ശക്തിപ്പെടുത്തുമോ;

(ബി) ലഹരി വിപത്തിനെ നിർമ്മാർജ്ജനം ചെയ്യാൻ 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ പരിപാടി ജനകീയ പങ്കാളിത്തത്തോടെയാണോ ആവിഷ്കരിച്ചിരിക്കുന്നത്;

(സി) മയക്കുമരുന്നു വ്യാപാരികൾ കുട്ടികളെ ഉപയോഗിച്ചുകൊണ്ടും എൻ.ഡി.പി.എസ്. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചുകൊണ്ടും കേസിൽ നിന്നും രക്ഷപെട്ട് വീണ്ടും വ്യാപാരം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നിയമഭേദഗതിയുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുന്നുണ്ടോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ & ബി) ഇത്തരത്തിലുള്ള ഒരു സർവ്വേ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിനാവശ്യമായ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി ജനകീയ പങ്കാളിത്തത്തോടെ

ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സർക്കാർ ഓഫീസുകളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കോർപ്പറേഷൻ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, വാർഡുതല കമ്മിറ്റികൾ എന്നിവ സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവരുടെ സജീവ സഹകരണത്തോടെയാണ് ലഹരി വർജ്ജന പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

(സി) ഉണ്ട്. ഇത് പരിഹരിക്കുന്നതിനായി കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് ഭേദഗതി ചെയ്യുന്നതിനായുള്ള ശിപാർശ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

## സിനിമ റെഗുലേറ്ററി അതോറിറ്റി

15(*75) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാമേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സിനിമ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ ചലച്ചിത്ര മേഖലയിലെ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിരുന്നോ; വിശദാംശം നൽകാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ-സി) ശ്രീ അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സാംസ്കാരികകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഒരു സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിവരുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് സിനിമാ മേഖലയിലെ സർക്കാർ നിയന്ത്രണത്തിലുള്ള കെ.എസ്.എഫ്.ഡി.സി., കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ മേധാവികളുമായി പ്രാഥമിക ചർച്ച നടത്തിയതല്ലാതെ മറ്റ് ചർച്ചകൾ നടന്നിട്ടില്ല.

**കാട്ടുതീ നിയന്ത്രണം**

16(*76) ശ്രീ. പി. കെ. ബഷീർ :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ തടയുവാൻ വനം വകുപ്പ് ഫയർ മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കാട്ടുതീ തടയുവാനുള്ള ആധുനിക സംവിധാനങ്ങളുടെ അഭാവവും നിലവിലുള്ള ഉപകരണങ്ങളുടെ കാലപ്പഴക്കവുംമൂലം സംസ്ഥാനത്തെ വനങ്ങളിൽ പടർന്നു പിടിക്കുന്ന കാട്ടുതീ നിയന്ത്രിക്കുവാൻ വനം വകുപ്പിന് സാധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ.കെ. രാജു):

(എ) കാട്ടുതീ തടയുവാൻ വനംവകുപ്പ് ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. റെയിഞ്ച്തലം മുതൽ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ടി ഫയർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire Prone, Moderately Fire Prone, Low Fire Prone എന്ന് തിരിച്ച് റെയ്ഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾതലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ അഞ്ച് ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും മൂന്ന് വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാകുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. നിലവിൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനംവകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കംവന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

## പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനം

17(*77) ശ്രീ. ആർ. രാജേഷ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടിക ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹ്യ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞ നേട്ടം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പട്ടികഗോത്രവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ള പദ്ധതികൾ മുഖേന കൈവരിച്ച നേട്ടം വിലയിരുത്തുന്നതിനും സാമൂഹ്യ - സാമ്പത്തിക സർവ്വേ നടത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(സി) പട്ടികജാതി - പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതം സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ സമ്പൂർണ്ണമായും നികത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി-പട്ടികവഗ്ഗ ഗോത്രവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞ നേട്ടം അവലോകനം ചെയ്യാറുണ്ട്. സംസ്ഥാനതലത്തിൽ വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിലും വകുപ്പുതലത്തിൽ ചീഫ് സെക്രട്ടറി, ഡയറക്ടർ എന്നിവരുടെ അദ്ധ്യക്ഷതയിലും അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) പട്ടികവർഗ്ഗക്കാരുടെ 2008-ലെ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിനും കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനുമായി വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിലുള്ള ഒരു മൊബൈൽ ആപ് ഉപയോഗിച്ച് പട്ടികവർഗ്ഗ പ്രമോട്ടർമാർവഴി എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തിക്കഴിഞ്ഞു.

വിദ്യാഭ്യാസം, സാമ്പത്തികം, ആരോഗ്യം, ജീവനോപാധി, അടിസ്ഥാന സൗകര്യം മുതലായ എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് സമഗ്രമായ ഇ-സർവ്വേ നടന്നുവരുന്നത്.

ഇതുവരെ ലഭ്യമായ കണക്ക് പ്രകാരം 1,40,750 കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികഗോത്രവർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതം സംവരണംചെയ്തിട്ടുള്ള തസ്തികകളിലെ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ളക്ഷാമം നേരിടാൻ നടപടി**

18(*78) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട കുടിവെള്ള പദ്ധതികളിലൂടെ കുടിവെള്ളം അധികമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വെള്ളത്തിന്റെ മിതമായ ഉപയോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്;

(ഡി) നീരൊഴുക്കിന്റെ അളവനുസരിച്ച് നദികളിലും തോടുകളിലും വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി സാധ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ചും നീരൊഴുക്ക് കൂട്ടുന്നതിനായി ഇൻടേക്ക് പോയിന്റുകളിലെ മണ്ണും ചെളിയും നീക്കംചെയ്തും ജലവിതരണ പദ്ധതികളിലെ നിലവിലുള്ള വിതരണ ശൃംഖലകളിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പുകളുടെയും മോട്ടോറുകളുടെയും അറ്റകുറ്റപ്പണികൾ കൃത്യമായ ഇടവേളകളിൽ നടത്തിയും പമ്പിംഗ് തടസ്സപ്പെടാതെ കുടിവെള്ളവിതരണം നടത്തുന്നു. പദ്ധതിയിലെ വിതരണ ശൃംഖലകളിൽ ജലലഭ്യത കുറവുള്ള ഭാഗങ്ങൾ കണ്ടെത്തുകയും ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങളുമായി കൂട്ടിയോജിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിതരണ ശൃംഖലയില്ലാത്ത മേഖലകളിൽ വിവിധ പദ്ധതികളിലൂടെ വിതരണ ശൃംഖല സ്ഥാപിച്ചുവരുന്നു. പദ്ധതികളിൽ നിലവിലുള്ള ഓപ്പറേറ്റിംഗ് വാൽവുകൾ സമയബന്ധിതമായി ക്രമീകരിച്ച് പദ്ധതികളിലെ ഉയർന്ന പ്രദേശങ്ങളിലും ജലലഭ്യത കുറവുള്ള പ്രദേശങ്ങളിലും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ടാങ്കർ ലോറികലിൽ ജലം വിതരണം ചെയ്യുന്നതിനായി ഹൈഡ്രന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജലമോഷണവും ജലദുരുപയോഗവും തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഴകേന്ദ്രത്തിന്റെ പ്രവർത്തനകാലയളവിൽ സംസ്ഥാനത്തെ 44 ഗ്രാമപഞ്ചായത്തുകളിലെ 8100 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ ജലനിധി നിർമ്മിച്ചു നൽകിയിട്ടുണ്ട്. മാത്രമല്ല ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 'ജലസൗഹൃദ വിദ്യാലയം' പദ്ധതിയിൽ 840 സർക്കാർ വിദ്യാലയങ്ങൾക്കും സംഭരണികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. മഴ പെയ്യുമ്പോൾ സംഭരിച്ചുവയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ഉപയോഗിക്കുവാൻ സാധിക്കുന്നതിലൂടെ വേനൽ മാസങ്ങളിലെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ സഹായകരമാകും.

ഭൂജല വകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ, കൈപ്പമ്പ് പദ്ധതികളും ഭൂജലലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികളും വരൾച്ച ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. 2019-20 സാമ്പത്തികവർഷം മൂന്ന് കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 46 ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 82 കുഴൽക്കിണർ നിർമ്മാണം, 180 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 193 കുഴിൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 12 ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതി, 22 കുഴൽക്കിണർ നിർമ്മാണം, 178 ചെറുകിട കുടിവെള്ള പദ്ധതി പുനരുദ്ധാരണം, 82 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. 14254 ഉപഭോക്തൃ കുടുംബങ്ങൾക്കും മൂന്ന് സ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതിവഴി പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് ഡാമിന്റെ കനാലുകൾ ആവശ്യാനുസരണം തുറന്ന് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിലേയ്ക്ക് അധികജലം എത്തിച്ച് ചെറുകിട കുടിവെള്ള പദ്ധതികളിലൂടെ കുടിവെള്ളം അധികമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പമ്പിംഗ് സമയം ദീർഘിപ്പിച്ചും പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചും കിണറുകളിലെ മണ്ണും ചെളിയും നീക്കംചെയ്തും അവശ്യ സ്ഥലങ്ങളിൽ പുതിയ ട്യൂബ് വെൽ നിർമ്മിച്ചും ചെറുകിട കുടിവെള്ള പദ്ധതിക്ക് അധിക ജലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) വെള്ളത്തിന്റെ മിതമായ ഉപയോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പത്രമാധ്യമങ്ങളിലൂടെയും പോസ്റ്ററുകൾ പ്രദർശിപ്പിച്ചും നൂതന ഡിജിറ്റൽ മാധ്യമങ്ങൾ വഴിയും അവബോധം നൽകാറുണ്ട്. കൂടാതെ ജലവിഭവ വകുപ്പ് ജലം ജീവാമൃതം എന്ന കൈപ്പുസ്തകം വിതരണം ചെയ്തിട്ടുണ്ട്. ജലദുർവിനിയോഗം തടഞ്ഞ് ബോധവൽക്കരണം നടത്തുന്നതിന് സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി ജലനിധിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. മഴവെള്ള സംഭരണത്തിന്റെയും ജലപരിപോഷണത്തിന്റെയും പ്രാധാന്യവും ആവശ്യകതയും ചർച്ചചെയ്യുന്നതിനുവേണ്ടി ജലനിധി പഞ്ചായത്തുകളിൽ ബോധവത്കരണം നടത്തുന്നതിനായി കുടിവെള്ള ഗുണഭോക്തൃ സമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

2. ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ജല ദുരുപയോഗം തടയുന്നതിനും അവബോധം ഉണ്ടാക്കുന്നതിനായി റോഡ് ഷോകൾ, ശില്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു.

3. ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ കുട്ടികളിൽ ശരിയായ ജലവിനിയോഗം സംബന്ധിച്ചും ജലദുരുപയോഗം തടയുന്നതിനും ജലപരിപോഷണ പ്രവർത്തനങ്ങൾക്കുള്ള ബോധവൽക്കരണത്തിനുമായി സ്കൂൾതലത്തിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ജലശ്രീ ക്ലബ്ബുകളുടെ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി മാർഗ്ഗരേഖകളും സ്കൂളുകളിൽ വിതരണം ചെയ്തുകഴിഞ്ഞു.

4. വിവിധ മാധ്യമങ്ങളിലൂടെ (റേഡിയോ, പത്രം) ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി സന്ദേശങ്ങൾ പ്രചരിപ്പിക്കാനുദ്ദേശിക്കുന്നു.

5. ജലനിധി പദ്ധതി പഞ്ചായത്തുകളിൽ ജലവുമായി ബന്ധപ്പെട്ട വിഷയത്തിൽ ബോധവൽക്കരണ പരിപാടികളും ജനസമ്പർക്ക പരിപാടികളും കുടുംബശ്രീ യൂത്ത് ക്ലബ്ബുകൾ, ജലശ്രീ ക്ലബ്ബുകൾ, മറ്റ് സാമൂഹിക സമിതികൾ എന്നിവയെ ഉൾപ്പെടുത്തിയുമാണ് സംഘടിപ്പിച്ചുവരുന്നത്.

6. ലോക ജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സെമിനാറുകൾ, ജലനിധി പഞ്ചായത്തുതല പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നുണ്ട്.

7. ജലനിധിയുടെ കീഴിലുള്ള ചെറുകിട കുടിവെള്ള പദ്ധതികളിൽ 24 മണിക്കൂറും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ആയതുമായി ബന്ധപ്പെട്ട തയ്യാറെടുപ്പുകൾ ചുവടെ ചേർത്തിരിക്കുന്നു.

1. ജലനിധി ഗുണഭോക്തൃ കുടുംബങ്ങളെ 24X 7 മണിക്കൂറും ജലം ലഭ്യമാകുന്ന രീതികളെപ്പറ്റി ബോധവൽക്കരിക്കുക.

2. പൈപ്പുലൈനുകളിൽ ലീക്ക് ഇല്ലെന്ന് ഉറപ്പുവരുത്തുകവഴി ജലം വൻതോതിൽ പാഴാകുന്നത് തടയുകയും ജലദൗർലഭ്യത ഇല്ലാതാക്കുകയും ചെയ്യുന്നു.

3. വാട്ടർ മീറ്ററുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

4. എല്ലാ വീടുകളിലും ടാപ്പ് തുറന്നാൽ തുല്യ അളവിൽ കുടിവെള്ളം ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.

5. വെള്ളക്കരം മീറ്റർ റീഡിംഗ് അടിസ്ഥാനത്തിൽ ഉപഭോഗ തോതനുസരിച്ച് നിജപ്പെടുത്തുക.

6. മുഴുവൻ സമയവും (24 മണിക്കൂറും) ടാപ്പിൽ കുടിവെള്ളം ലഭ്യമാണെന്ന് ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തുകവഴി വെള്ളം ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന ശീലം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കുന്നു.

7. ജല ദുരുപയോഗത്തിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുകവഴി ജലസംരക്ഷണം നടപ്പിലാക്കുന്നു.

8. വാട്ടർ ഓഡിറ്റിംഗിന് സമിതികളെ സജ്ജരാക്കുക.

9. (ഡി) വേനൽക്കാലത്ത് ജലലഭ്യത കുറവുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കരമന, നെയ്യാർ എന്നീ നദികളിൽ സ്ഥായിയായതും താത്കാലികവുമായ തടയണകളുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ കുളത്തൂപ്പുഴയാറിലും ഇത്തിക്കരയാറിലും തടയണയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലടയാറ്റിൽ സ്ഥായിയായ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. പത്തനംതിട്ടയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ ഇൻടേക്ക് വെല്ലിനു സമീപം താല്ക്കാലിക തടയണ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിലെ പാല ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിൽ താല്ക്കാലിക തടയണ പണിത് ജലം സംഭരണ കിണറുകളിൽ എത്തിക്കുന്നതിനായി പദ്ധതിയുണ്ട്.

കാസർഗോഡ് ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ കാര്യങ്കോട് പുഴയിലും ചെറിയപുഴയിലും തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ജില്ലയിലെതന്നെ കരിച്ചേരി പുഴയിലും ഉപ്പള പുഴയിലും ഷിറിയ പുഴയിലും തടയണകൾ നിർമ്മിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ബാരേജ് ഉപയോഗിക്കുന്നു. ജില്ലയിലെതന്നെ മറ്റ് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ അഞ്ചരക്കണ്ടി പുഴയിൽ തടയണ നിലവിലുണ്ട്.

കോഴിക്കോട് ജില്ലയിൽ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ രണ്ടും വയനാട് ജില്ലയിൽ നാല് തടയണകളും നിലവിലുണ്ട്.

മലപ്പുറം ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ ചാലിയാർ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, തൂതപ്പുഴ എന്നിവയിൽ സ്ഥിരം തടയണകളുണ്ട്.

പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭാരതപ്പുഴയ്ക്കു കുറുകെ ചെറുതുരുത്തിയിൽ ഒരു ചെക്ക് ഡാം നിർമ്മിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ തൂതപ്പുഴയ്ക്കും കരിമ്പുഴയ്ക്കും കുറുകേ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ് ചെറുകിട നീർത്തടാധിഷ്ഠിതമായി ചെറിയ തടയണകളുടെ നിർമ്മാണം 2019-20 സാമ്പത്തിക വർഷത്തിലെ 'ഭൂജല സംരക്ഷണവും സംപോഷണവും' പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത ബ്ലോക്കായ ചിറ്റൂരിൽ വടകരപതി പഞ്ചായത്തിലെ എരിക്കലംപാറ തോടിൽ അഞ്ച് തടയണകളുടെ നിർമ്മാണം നടപ്പിലാക്കുന്നതിന് ഭൂജലവകുപ്പ് പാലക്കാട് ജില്ലാ ഓഫീസർക്ക് 40.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ തോടിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിക്കുന്നു.

നീരൊഴുക്കിന്റെ അളവനുസരിച്ച് നദികളിലും തോടുകളിലും വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന് കീഴിൽ നിലവിൽ പദ്ധതികളൊന്നുംതന്നെ ഇല്ല. എന്നിരുന്നാലും ലഭ്യമായ ജലവിഭവം പരമാവധി സംരക്ഷിക്കുന്നതിനായി നദികളിലെയും തോടുകളിലെയും നീരൊഴുക്ക് തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ തടയണകൾ,

വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. കൂടാതെ ചിറകൾ, അരുവികൾ, പുഴകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ഉപ്പുവെള്ള ഭീഷണിയിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും ജലം ലഭ്യമാക്കുന്നുണ്ട്.

വരൾച്ച പ്രതിരോധിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളിലൊന്നാണ് നീർത്തടാധിഷ്ഠിത ആസൂത്രണവും അതനുസരിച്ചുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി) പദ്ധതിയുടെ ഭാഗമായി നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

## ലഹരിവസ്തുക്കളുടെ വിതരണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

19(*79) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കൾ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് ഓൺലൈൻ സംവിധാനത്തെയും ഭക്ഷ്യവിതരണ ശൃംഖലകളെയും ഉപയോഗിക്കുന്നുവെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) എക്സൈസ് വകുപ്പിൽ നിലവിലുള്ളത് വർഷങ്ങൾക്ക് മുമ്പുള്ള സ്റ്റാഫ് പാറ്റേൺ ആയതിനാൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതും വാഹനങ്ങൾ ഇല്ലാത്തതും ഷാഡോ സംവിധാനത്തിന്റെയും ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾക്ക് പ്രതിബന്ധമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സ്റ്റാഫിന്റെ എണ്ണം കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ ജീവനക്കാരെ വകുപ്പിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ;

(ഇ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരി വില്പന വ്യാപകമാണെന്ന വസ്തുത പരിഗണിച്ച് ഈ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇത്തരം സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷ്യവിതരണ ശൃംഖലകളുടെ വിതരണത്തിൽ ഏർപ്പെട്ടിട്ടുള്ള ചിലർ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കൈമാറ്റം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തിയ പരിശോധനകളിൽ കോട്ടയം, എറണാകുളം ജില്ലകളിലായി മൂന്ന് കേസുകൾ രജിസ്റ്റർചെയ്ത് പതിനാല് പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

വിവിധ സാമൂഹിക മാധ്യമങ്ങൾ, ഡാർക്ക്വെബ് തുടങ്ങിയവ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിവിധ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെടുത്ത് നിയമനടപടി സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. എക്സൈസ് വകുപ്പിന്റെ നിരീക്ഷണത്തിൽ ചില പ്രത്യേക വെബ്സൈറ്റുകൾ മുഖേന സിന്തറ്റിക് ഡ്രഗ്സ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ ഓൺലൈനായി വാങ്ങാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യമായ കേന്ദ്രങ്ങളില്ലാതെ മാറിമാറിയുള്ള വിലാസങ്ങളിലും വെബ്സൈറ്റിലൂടെയുമാണ് ഈ പ്രവർത്തനം നടത്തുന്നത് എന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്.

(ബി) മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരികളുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ വിപണനം സംബന്ധിച്ചും സോഷ്യൽ മീഡിയയിൽ വർദ്ധിച്ചുവരുന്ന പ്രചാരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എക്സൈസ് വകുപ്പിൽ ഒരു സൈബർ സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഓൺലൈൻ സംവിധാനംവഴി സംസ്ഥാനത്തെ കൊറിയർ പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കുമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്.

(സി) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ

നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്ക് മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതുസമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു.

(ഡി) 1968-ലെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളതെങ്കിലും കാലോചിതമായി പുതിയ തസ്തികകളും സൃഷ്ടിച്ച് കൂടുതൽ ജീവനക്കാരെ വകുപ്പിൽ നിയമിച്ചുവരുന്നുണ്ട്.

(ഇ) ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം**

20(*80) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയ പ്രവേശനം നേടുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ വിനിമയ ഭാഷയിൽ നിന്നും പഠന മാധ്യമമായ മലയാളത്തിലേക്ക് വരുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഗോത്രഭാഷ അറിയുന്ന പട്ടികവർഗ്ഗ വിഭാഗക്കാരായ അദ്ധ്യാപകരെ സ്കൂളുകളിൽ നിയമിച്ച് ഈ പ്രതിസന്ധി മറികടന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അദ്ധ്യാപന യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാർക്കും ജോലി ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന് ശേഷം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പൊതുവിദ്യാലയ പ്രവേശനം നേടുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ വിനിമയഭാഷയിൽനിന്നും പഠന മാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസനവകുപ്പ് 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിച്ച് കൊഴിഞ്ഞുപോക്ക് കുറയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വയനാട് ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട റ്റി.റ്റി.സി./ബി.എഡ്/ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 26 പേരെ മെന്റർ ടീച്ചർമാരായി നിയമിച്ചു. പാലക്കാട് ജില്ലയിലെ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) പട്ടികവർഗ്ഗക്കാർ കൂടുതലായുള്ള മേഖലകളിലെ 30 സർക്കാർ /എയ്ഡഡ് സ്കൂളുകളിലും മലപ്പുറം ജില്ലയിലെ 29 സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. മെന്റർ ടീച്ചർമാർ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകർക്കൊപ്പംനിന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കുവാനുള്ള വേദിയൊരുക്കുകയും സഹഅദ്ധ്യാപകർക്ക് ഗോത്ര സംസ്കാരിക പാരമ്പര്യത്തിലും ഗോത്രവർഗ്ഗ കലാരൂപങ്ങളിലും ധാരണ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അദ്ധ്യാപന യോഗ്യതയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും ജോലി ലഭ്യമാക്കുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു. വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലായി അദ്ധ്യാപന യോഗ്യതയുള്ള 267 പേരെ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലും (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) മലപ്പുറം ജില്ലയിലുമായി 59 പേരെ കൂടി പദ്ധതി പ്രകാരം നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. മറ്റ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഇതിനുപുറമെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ കോളനികളിൽ ആരംഭിച്ച 'സാമൂഹ്യപഠനമുറി'കളിൽ ഫെസിലിറ്റേറ്റർമാരായി അദ്ധ്യാപന യോഗ്യതയുള്ള 100 പേരെ നിയമിച്ചിട്ടുണ്ട്. 150 സാമൂഹ്യ പഠനമുറികൾകൂടി ആരംഭിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. പ്രസ്തുത സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതോടുകൂടി അദ്ധ്യാപന യോഗ്യതയുള്ള 150 പേർക്കുകൂടി ജോലി നൽകുവാൻ സാധിക്കുന്നതാണ്.

(ഡി) വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം 241 മെന്റർ ടീച്ചർമാരെ നിയമിച്ചു. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

21(*81) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങളിൽ 31.8 ശതമാനം ലഹരി മരുന്ന്, മദ്യം, സിഗരറ്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കുന്നുവെന്ന് പോലീസ് നടത്തിയ സർവ്വേയിൽ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുവജനങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽനിന്നും മോചിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ലഹരിവിമുക്ത കേന്ദ്രങ്ങളുണ്ടെന്നുള്ള കണക്ക് ലഭ്യമാണോ; അതിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് കൂടുതൽ ബാറുകൾക്ക് ലൈസൻസ് നൽകിയത് യുവാക്കളിലെ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാക്കി എന്ന ആക്ഷേപം വസ്തുതയാണോ; എങ്കിൽ മദ്യത്തിന്റെ ലഭ്യത കുറച്ച് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇത്തരത്തിലൊരു സർവ്വേ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) യുവജനങ്ങളെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിൽനിന്നും മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്തിയിട്ടുണ്ട്. പുതുതലമുറയെ മദ്യ/ലഹരി/മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവാന്മാരാക്കുന്നതിനുള്ള പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു.

(സി) ലഭ്യമല്ല. എന്നാൽ എക്സൈസ് വകുപ്പിൽ വിമുക്തി മിഷന്റെ ഭാഗമായി ഒരു ജില്ലയിൽ ഒന്ന് എന്ന കണക്കിൽ സംസ്ഥാനത്ത് 14 ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ഡി) വസ്തുതയല്ല. മദ്യത്തിന്റെ ആവശ്യകത സമൂഹത്തിൽ കുറയ്ക്കുന്നതിലൂടെ മാത്രമെ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനാവുകയുള്ളൂ. ആയതിനാൽ എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് വിവിധ ബോധവത്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജ മദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടു വരുന്നതിനും വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് മദ്യനയങ്ങളിലൂടെ സർക്കാർ നടപ്പിലാക്കിവരുന്നത്.

## പട്ടികവിഭാഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

22(*82) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ:സ്ഥിതരാക്കപ്പെട്ട് ദളിതരെന്ന് വ്യവഛേദിക്കപ്പെടുന്നവരുടെ നേർക്ക്,കേന്ദ്ര ഭരണത്തിൽ പ്രതിലോമ ശക്തികൾക്ക് മേൽക്കൈ ലഭിച്ചതിനെ തുടർന്ന് വർദ്ധിച്ച് വരുന്ന അക്രമങ്ങളുടെ അലയൊലിയെന്നവണ്ണം സംസ്ഥാനത്ത് ചേരാനെല്ലൂരിൽ സോപാന ഗായകന് ജാതീയ അവഹേളനം നേരിടേണ്ടി വന്നതിനെതിരെ കർശന നിയമനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ;

(ബി) പൗരാവകാശ സംരക്ഷണ നിയമവും അതിക്രമ നിരോധന നിയമവും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ;

(സി) പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ചേരാനെല്ലൂർ പോലീസ് സ്റ്റേഷനിലെ എഫ്.ഐ.ആർ. നമ്പർ 7-10-2019, തീയതി 19-10-2019 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അതിക്രമം തടയൽ നിയമപ്രകാരം അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് 1955-ലെ പൗരാവകാശ സംരക്ഷണ നിയമവും 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. അതിക്രമത്തിനിരയായവരെ പുനരധിവസിപ്പിക്കുക, ആവശ്യമായ അടിയന്തര സഹായം നൽകുക, മിശ്രവിവാഹിതർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ ധനസഹായം നൽകുക, സൗജന്യ നിയമ സഹായം നൽകുക, ബോധവത്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക, സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണ പരിപാടികൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാതലത്തിൽ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തിവരുന്നു. ഇതിനുപുറമെ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യ പ്രവർത്തകർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്.

അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണം, നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം-മഞ്ചേരിയിലും വയനാട്-മാനന്തവാടിയിലും, കൊല്ലം-കൊട്ടാരക്കരയിലും പാലക്കാട്-മണ്ണാർക്കാടും നാല് സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) പട്ടികജാതിക്കാരെ വികസന മുഖ്യധാരയിലെത്തിക്കാൻ സംസ്ഥാന സർക്കാർ വകുപ്പുമുഖേന നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി
2. പഠന മുറി
3. ഭവനരഹിതർക്ക് ഭവനം (ലൈഫ് മിഷൻ)
4. വിവിധ വിദ്യാഭ്യാസ പദ്ധതികളും സ്കോളർഷിപ്പുകളും
5. ആരോഗ്യ സംരക്ഷണ പരിപാടികളും ചികിത്സാ ധനസഹായവും
6. സ്വയംതൊഴിൽ നേടുവാനും വിദേശത്ത് തൊഴിൽ നേടുവാനുമുള്ള ധനസഹായം
7. ഹോസ്റ്റലുകൾ, സ്വകാര്യ ഹോസ്റ്റലുകൾ എന്നിവയിൽ താമസിക്കുന്നതിനുള്ള സഹായം
8. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
9. ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്
10. ഐ.റ്റി.ഐ.-കൾ
11. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടത്തുന്ന കുടിവെള്ള ശുചീകരണം, റോഡ് മുതലായ പദ്ധതികൾ

12. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

13. മാതൃകാ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റെസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

14. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം (പാലക്കാട് മെഡിക്കൽ കോളേജ്),

(എം.അർ.എസുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിടം പണിയുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി)

15. തൊഴിലിനും പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള സഹായം

16. മിശ്രവിവാഹിതർക്കുള്ള ധനസഹായങ്ങൾ

17. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൽ തടയൽ നിയമവും നടപ്പാക്കൽ (50% സംസ്ഥാന വിഹിതം)

18. പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവയ്ക്കുള്ള വാത്സല്യനിധി, ഇൻഷ്വറൻസ് പദ്ധതി

19. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

20. ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള സങ്കേതങ്ങളുടെ നവീകരണം

21. പട്ടികജാതി വിദ്യാർത്ഥികൾക്ക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

22. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ സ്വകാര്യ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠനം

23. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന 100% കേന്ദ്രാവിഷ്കൃത പദ്ധതി

24. അനാരോഗ്യകരമായ സാഹചര്യത്തിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

25. 9-ഉം 10-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

26. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലെത്തിക്കാൻ താഴെ പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സ്കൂളുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സാമൂഹ്യ പഠനമുറി പദ്ധതി
2. കുട്ടികളുടെ ഭാഷാ പ്രശ്നം പരിഹരിക്കുക, അഭ്യസ്ഥവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഗോത്രബന്ധു പദ്ധതി
3. നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണത്തിൽനിന്നും മോചിതരാകുന്നതിന് സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി
4. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.
5. പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് ഗോത്രവാത്സല്യനിധി പദ്ധതി
6. ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ പദ്ധതി
7. സാമൂഹ്യ ശാക്തീകരണത്തിന് ഗോത്രരശ്മി പദ്ധതി
8. ലൈഫ് മിഷൻ പദ്ധതി
9. പാരമ്പര്യ കൃഷി വികസനത്തിന് മില്ലറ്റ് വില്ലേജ് പദ്ധതി
10. നൈപുണ്യ വികസന പരിശീലനത്തിന് നൈപുണ്യ വികസന പദ്ധതി

**ജൽജീവൻ പദ്ധതി**

23(*83) ശ്രീ. കെ. ദാസൻ :
ശ്രീ., രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിലുള്ള എല്ലാവർക്കും പ്രവർത്തനക്ഷമമായ ഗാർഹിക കണക്ഷൻ വഴി കുടിവെള്ളം എത്തിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽജീവൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിൽ പുതിയ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ള ജലവിതരണ പദ്ധതികളിൽ നിന്നും കണക്ഷനുകൾ നൽകുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയ്ക്കായുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എപ്രകാരമാണെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ വിപുലീകരണത്തിനായി ജലലഭ്യതയുള്ള പദ്ധതികളിൽനിന്നും പൈപ്പുലൈനുകൾ നീട്ടിയും ജലശുദ്ധീകരണ ശാലയുടെ പുനർനിർമ്മാണം നടത്തി ശേഷിവർദ്ധിപ്പിച്ചും ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിൽ അളോഹരി ഉപഭോഗം 100 എൽ.പി.സി.ഡി. എന്ന കണക്കിൽ പുതിയ പദ്ധതികൾ രൂപകല്പനചെയ്ത് സ്രോതസ്സുകൾ, ശുദ്ധീകരണശാലകൾ, സംഭരണികൾ, വിതരണ ശൃംഖലകൾ എന്നിവ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ഇതിനായി KIIFB, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എം.എൽ.എ. - എ.ഡി.എഫ്., എം.പി.-എൽ.എ.ഡി., കേന്ദ്രാവിഷ്കൃത പദ്ധതികൾ, ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നു. കൂടാതെ 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ശുദ്ധജലമെന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ കേരള ജല അതോറിറ്റി തയ്യാറാക്കിവരുന്നു.

ഗ്രാമീണ മേഖലകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 2012-2019 കാലയളവിൽ 115 ഗ്രാമപഞ്ചായത്തുകളിലായി 1358 കോടി രൂപ അടങ്കൽ തുകയിൽ ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയാണ് ജലനിധി രണ്ടാംഘട്ട പദ്ധതി. ജലനിധി രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത 2176 പദ്ധതികളിൽ 2169 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. തുടർ നടത്തിപ്പിനാവശ്യമായ പരിശീലനം നൽകിയതിനുശേഷം പൂർത്തീകരിച്ച പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചു.

ഈ സർക്കാരിന്റെ കാലത്ത് 313 കുടിവെള്ള പദ്ധതികൾക്ക് ജലനിധി രണ്ടാംഘട്ടത്തിന്റെ ഭാഗമായി സാങ്കേതികാനുമതി നൽകിയിരുന്നു. 1013 കുടിവെള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കുകയും അതുവഴി 1.82 ലക്ഷം കുടുംബങ്ങളിലെ 8.15 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു.

(ബി) 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ശുദ്ധജലം എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫംഗ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖലകളിൽനിന്ന് കണക്ഷനുകൾ നൽകുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നല്കുന്നതിനുമുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ താഴെപ്പറയുന്ന ഘടക പ്രവൃത്തികളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുവാൻ വിഭാവനം ചെയ്യുന്നു.

1. എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം നൽകുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിലുള്ള കുടിവെള്ള വിതരണ സംവിധാനം നിർമ്മിക്കുക.

2. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും വിപുലീകരിക്കലും നടത്തി കുടിവെള്ള വിതരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുവാൻ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.

3. എല്ലാ ഭവനങ്ങൾക്കും കുടിവെള്ളം നൽകുന്നതിനുവേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ ട്രീറ്റ്മെന്റ് പ്ലാന്റും വിതരണ സംവിധാനമുള്ള ബൾക്ക് വാട്ടർ പദ്ധതി സംവിധാനം ഉപയോഗപ്പെടുത്തുക.

4. ജലഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങളിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സാങ്കേതികമായ ഇടപെടലുകൾ നടത്തുക.

5. ഇപ്പോൾ നടപ്പിലാക്കുന്നതും പൂർത്തിയായതുമായ പദ്ധതികളിലൂടെ ഒരു വ്യക്തിക്ക് 55 LPCD എങ്കിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.

6. ഗ്രേവാട്ടർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടത്തുക.

7. IEC, മനുഷ്യവിഭവശേഷി വികസനം, പരിശീലനം, നിലവിലുള്ള Water quality testing laboratories-ന്റെ ഉപയോഗം, ജലമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ, knowledge സെന്ററുകൾ, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുക.

8. 2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ളം നൽകുന്നതിനുവേണ്ടി മുൻകൂട്ടി കാണുവാൻ കഴിയാത്ത വെല്ലുവിളികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ നേരിടുവാൻ ആവശ്യമായ നടപടികൾ.

(ഡി) ജൽജീവൻ പദ്ധതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് ഫണ്ട് ലഭ്യമാക്കുന്നത്.

**കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം**

24(*84) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര-ഗ്രാമ പ്രദേശങ്ങളിൽ പൈപ്പിലൂടെയുള്ള ശുദ്ധജല ലഭ്യത വിപുലീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) കിഫ്ബി വഴി നടത്തുന്ന 4500 കോടിയോളം രൂപ ചെലവു വരുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തിയിട്ടുണ്ടോ; പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്തിരുന്നോ;

(സി) കുടിവെള്ള കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ഡി) കേന്ദ്രസർക്കാർ പങ്കാളിത്തത്തോടെയുള്ള ജൽജീവൻ മിഷന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതി മാർഗ്ഗരേഖ കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള ജല അതോറിറ്റി നിലവിൽ 1058 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1,88,80,311 ജനങ്ങൾക്ക് 25.92 ലക്ഷം കണക്ഷനുകളിലൂടെയും 2 ലക്ഷം പൊതു ടാപ്പുകൾ വഴിയും കുടിവെള്ളം

വിതരണം ചെയ്തുവരുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയും വിവിധ ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടുകൂടിയാണ് ഗ്രാമീണ നഗര ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയത്. നിലവിൽ കേരള ജല അതോറിറ്റിയിൽ 2840 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് ഉൽപ്പാദിപ്പിച്ച് പ്രതിദിനം വിതരണത്തിന് ലഭ്യമാക്കുന്നത്. നിലവിൽ കുടിവെള്ള വിതരണം ഇല്ലാത്ത സ്ഥലങ്ങളിലും കുറഞ്ഞ അളവിൽ വിതരണം ഉള്ളയിടങ്ങളിൽ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഇപ്പോൾ ജല അതോറിറ്റിയിൽ 7982.37 കോടി രൂപയുടെ (നബാർഡ് - 623.37 കോടി രൂപ, സ്റ്റേറ്റ് പ്ലാൻ - 1058.94 കോടി രൂപ, NRDWP – 71.14 കോടി രൂപ, JnNURM -62.83 കോടി രൂപ, JICA 206.3 കോടി രൂപ, കിഫ്ബി - 4238.052 കോടി രൂപ, അമൃത് - 1021.74 കോടി രൂപ) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ശുദ്ധജലം ലഭ്യമാക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫങ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു. ഇതുകൂടാതെ ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. 2000-2008 കാലയളവിൽ 112 ഗ്രാമപഞ്ചായത്തുകളിലായി നടപ്പാക്കിയ ജലനിധി ഒന്നാം ഘട്ട പദ്ധതിയിലൂടെ 3710 കുടിവെള്ള പദ്ധതികളും 2012-19 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാം ഘട്ടപദ്ധതിയിലൂടെ 2169 കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി ഒന്നും രണ്ടും ഘട്ട പദ്ധതികളുടെ പ്രവർത്തനക്ഷമതയും സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിനായി 2019-20 കാലയളവിൽ 55 കോടി രൂപയും 2020-21 കാലയളവിൽ 30 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ച് നടപ്പിലാക്കുന്നതിനുള്ള ഒരു സുസ്ഥിരതാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ എല്ലാ വീടുകളിലും പൈപ്പ് വഴിയുള്ള കുടിവെള്ള സൗകര്യം ലഭ്യമാക്കുന്ന ജൽജീവൻ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ 99 വൻകിട കുടിവെള്ള പദ്ധതികൾക്കും പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,

കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) വിവിധ പ്രവൃത്തികൾക്കുമാണ് കിഫ്ബിയുടെ 4351.552 കോടി രൂപയുടെ മൊത്തം ധനസഹായ അംഗീകാരം ലഭ്യമായിട്ടുള്ളത്.

മേൽപ്പറഞ്ഞ പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഇതുവരെ ലഭ്യമാക്കാത്ത പദ്ധതികളൊഴികെയുള്ള മറ്റു പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി ജല അതോറിറ്റി ഹെഡ് ഓഫീസിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റ് (PMU) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിൽ പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രീക്വാളിഫിക്കേഷനുശേഷം പ്രൈസ് ബിഡ് തുറന്നാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ട് കേന്ദ്ര കാര്യാലയത്തിലേക്ക് അയയ്ക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കിയതിനാൽ കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ ടെണ്ടറിന് അംഗീകാരം നല്കാനും അതുവഴി പദ്ധതി പ്രവൃത്തികൾ കാലവിളംബം കൂടാതെ ആരംഭിക്കാനും സാധിക്കുന്നുണ്ട്.

ഭൂമി കൈമാറ്റം/ഏറ്റെടുക്കൽ എന്നിവയ്ക്കുള്ള അനുമതി, റോഡ് മുറിക്കുന്നത് ഇന്റർ ഡിപ്പാർട്ട്മെന്റ് ഏകോപനം, കനാൽ ക്രോസ്സിംഗ്, റെയിൽവേ ക്രോസ്സിംഗ് എൻ.എച്ച്. എന്നിവ സംബന്ധിച്ച അനുമതിയുടെ കാലതാമസം പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുവേണ്ടി റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അതാത് ഏജൻസികൾതന്നെ നടപ്പിലാക്കുന്നതിനുള്ള സംവിധാനം കിഫ്ബി പദ്ധതികളിൽ നടപ്പിലാക്കിവരുന്നു. മാത്രമല്ല കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മോണിട്ടറിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പുതലത്തിലും സർക്കാർ തലത്തിലും കിഫ്ബി തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ വിളിച്ച് ചേർക്കുകയും പദ്ധതികളുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) കുടിവെള്ള കണക്ഷനുകൾ നൽകുന്ന നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സബ് ഡിവിഷൻ തലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിരുന്ന കണക്ഷനുകൾ നിലവിൽ സെക്ഷൻ തലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് നൽകിവരുന്നത്. മാത്രമല്ല കണക്ഷനുകൾ നൽകുമ്പോൾ

ഉപഭോക്താവ് വാട്ടർ അതോറിറ്റിയുമായി 200 രൂപ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടുന്നത് ഒഴിവാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് കണക്ഷനുകൾ ലഭ്യമാക്കുന്നതിനുവേണ്ടി 2020 മാർച്ച് മാസം നടക്കുന്ന റവന്യൂ അദാലത്തിനോടൊപ്പം കണക്ഷൻ മേളയും സംഘടിപ്പിച്ച് കൂടുതൽ കണക്ഷനുകൾ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ശുദ്ധജലം എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫംഗ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപഭോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിൽ നിലവിലുള്ള മതിയായ ശേഷിയുള്ള ജലവിതരണ പദ്ധതികളുടെ വിതരണ ശൃംഖലകളിൽനിന്ന് കണക്ഷനുകൾ നൽകുന്നതിനും ജലവിതരണ പൈപ്പുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷൻ നല്കുന്നതിനുമുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു. പദ്ധതി മാർഗ്ഗരേഖ കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇത് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### സംസ്ഥാനം ലഹരി വിമുക്തമാക്കുന്നതിനുള്ള നടപടികൾ

25(*85) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ ഉപഭോഗം സംസ്ഥാനത്ത് വ്യാപകമാകുന്നത് മൂലമുള്ള പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനും സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുന്നതിനും എക്സൈസ് വകുപ്പിന്റെയും എൻഫോഴ്സ്മെന്റിന്റെയും പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പിന്റെ ഷാഡോ സംവിധാനവും ഇന്റലിജൻസ് സംവിധാനവും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) കോടിക്കണക്കിന് രൂപ ചെലവഴിച്ച് വിമുക്തിയുടെ പേരിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നില്ലായെന്ന വസ്തുത പരിശോധിക്കുമോ;

(ഇ) ലഹരിവസ്തുക്കളുടെ ലഭ്യത കുറയ്ക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.റ്റി. പി. രാമകൃഷ്ണൻ):

(എ) പരിഗണിച്ചിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ഉപഭോഗത്തിനെതിരെ എക്സൈസ് വകുപ്പ് നിതാന്ത ജാഗ്രത പുലർത്തിവരുന്നതും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാൻറുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) ലഹരിവസ്തുക്കളുടെ വിപണനവും വിനിയോഗവും അവസാനിപ്പിക്കാനുതകുന്ന വിധത്തിൽ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി എക്സൈസ് വകുപ്പിൽ രണ്ട് ജില്ലകളിൽ വയർലസ് സംവിധാനം ഏർപ്പെടുത്തുകയും ആയത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു. മയക്ക് മരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകൾ വേഗം തിരിച്ചറിഞ്ഞ് കേസ്സെടുക്കുന്നതിനായി എക്സൈസ് വകുപ്പ് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ട് റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ/പിസ്റ്റൾ ലഭ്യമാക്കി ഫയറിംഗ് പരിശീലനം നൽകിവരുന്നു. കൂടാതെ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും

അടിസ്ഥാന പരിശീലനം നൽകുകയും തുടർ പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ടീമിന് കൂടുതൽ പ്രവർത്തിക്കുന്നതിനായി 14 വാഹനം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. ഇതിനുപുറമെ സംസ്ഥാനതലത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) വിമുക്തി മിഷൻ നടത്തുന്ന ബോധവൽക്കരണ പ്രചരണ പരിപാടികളും പ്രവർത്തനങ്ങളും എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾക്കിടയിലും കാര്യക്ഷമമായിട്ടുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പുതുതലമുറ, പ്രത്യേകിച്ച് സ്കൂൾ -കോളേജ് വിദ്യാർത്ഥികൾ മദ്യ/മയക്കുമരുന്ന്/ലഹരി ഉപയോഗത്തിന് വശംവദരാകാതിരിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ വിമുക്തി മിഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(ഇ) സമൂഹത്തിൽ മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിലൂടെ മാത്രമേ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനാവുകയുള്ളൂ. ആയതിനാൽ എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് വിവിധ ബോധവത്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിങ്ങനെ സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് 'ലഹരി വിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് വിമുക്തി മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനായി 14 ജില്ലകളിലും ഓരോ സർക്കാർ

ആശുപത്രികളോടനുബന്ധമായി 14 വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 10 കിടക്കകളുൾപ്പെടുന്ന സൗകര്യത്തോടെയുള്ള ടി സെന്ററുകളിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളും സജ്ജമായിട്ടുണ്ട്. ടി സെന്ററുകളിൽ 20293 പേർക്ക് ഔട്ട് പേഷ്യന്റ് സേവനവും 2249 പേർക്ക് കിടത്തി ചികിത്സയും നൽകിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർക്കും ലഹരിയുടെ പാതയിലേയ്ക്ക് വഴുതിപ്പോകാൻ ഇടയുള്ളവർക്കും പരിചരണവും കരുതലും ആവശ്യമാണെന്ന ഉത്തമ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ വിമുക്തി മിഷന്റെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ച് കൗൺസലിംഗ് നൽകിവരുന്നുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികളുടെ ഡാറ്റാബാങ്ക്**

26(*86) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ ഡാറ്റാബാങ്ക് തൊഴിൽ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതരസംസ്ഥാന തൊഴിലാളികളിൽ കുറ്റവാളികളും ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇവരെ നിരീക്ഷിക്കുന്നതിന് തൊഴിൽ വകുപ്പ് ആഭ്യന്തര വകുപ്പുമായി ചേർന്ന് എന്തെങ്കിലും സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) സംസ്ഥാനത്ത് ജോലി നോക്കിവരുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 27-2-2020 വരെ 5,07,246 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമനിധി പ്രകാരം 31-1-2020 വരെ 44,520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ആഭ്യന്തര/തദ്ദേശസ്വയംഭരണ/ആരോഗ്യ/വകുപ്പുകളുമായി കൂടിയാലോചിച്ചാണ് തൊഴിൽ വകുപ്പുമുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ/വിവര

ശേഖരണ/തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതിയായ "ആവാസ്" നടപ്പിലാക്കിവരുന്നത്. തൊഴിൽ വകുപ്പ് ആരംഭിച്ച ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖാന്തരം ശേഖരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ആഭ്യന്തര വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കിവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനുള്ള പദ്ധതി**

27(*87) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നിർമ്മിച്ച് നൽകുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ പട്ടികജാതി വകുപ്പിന്റെ ഫണ്ടിൽ നിന്നും ഇതിനായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നേരത്തെ നടപ്പിലാക്കിയ പദ്ധതികളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റിയ ശേഷവും ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്തവർക്ക് അത് പൂർത്തീകരിക്കുവാൻ പട്ടികജാതി വകുപ്പ് ഏന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) നിർമ്മാണം പൂർത്തിയാക്കിയതും വാസയോഗ്യമായതുമായ ഭവനങ്ങളുടെ അറ്റകുറ്റപ്പണിക്കും അതിൽ അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുന്നതിനുള്ള നിലവിലെ പദ്ധതി വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനവും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങളും നിർമ്മിക്കുന്നതിനായി ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പദ്ധതി രൂപീകരണം അന്തിമഘട്ടത്തിലാണ്.

(ഡി) വാസയോഗ്യമായ രീതിയിൽ നിർമ്മാണം പൂർത്തീകരിച്ച് ആറ് വർഷം പൂർത്തിയായതും അറ്റകുറ്റപ്പണികൾ ആവശ്യമായിട്ടുള്ളതും അധിക സൗകര്യം ഏർപ്പെടുത്തേണ്ടതുമായ മുഴുവൻ വീടുകൾക്കും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1.50 ലക്ഷം രൂപവരെ അനുവദിക്കുന്നുണ്ട്.

**കുടിവെള്ളത്തിന്റെ ഗുണനിലവാരം**

28(*88) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധന ലാബുകളിൽ പരിശോധന നടത്തി ഉറപ്പുവരുത്തിയ ശേഷമാണോ കുടിവെള്ള വിതരണം നടത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ നിലവാരത്തിൽ പോരായ്മയുള്ളതായി ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ജല ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽത്തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പദ്ധതികളിൽ വെള്ളം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വെള്ളം വിതരണം ചെയ്യുന്നത്.

ശുദ്ധീകരണ ശാലകളിലെ ലാബുകൾക്കു പുറമെ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ വിശദമായ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ കുടിവെള്ള പദ്ധതികൾ നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. പ്രതിമാസം പരിശോധിക്കേണ്ട സ്കീമുകളുടെ പട്ടിക ഗുണനിലവാര പരിശോധന വിഭാഗത്തിന്റെ വാർഷിക പ്രവർത്തന രൂപരേഖ പ്രകാരം നിർവ്വചിച്ചു നൽകി അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ നിലവാരത്തിൽ ചില പോരായ്മകളുള്ളതായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കലക്കൽ, അലൂമിനിയം, കോളിഫോം എന്നിവയുടെ തോതാണ് അനുവദനീയമായതിൽനിന്നും കൂടുതലായി കാണപ്പെട്ടത്.

(സി) മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ ലാബുകളിലും അലൂമിനിയത്തിന്റെ അംശംകൂടി ഇപ്പോൾ പരിശോധിച്ചുവരുന്നു. ശുദ്ധീകരണ പ്രക്രിയയിൽ അമിതമായ കലക്കൽ നിയന്ത്രിക്കുന്നതിനായി ആലം കൂടുതലായി ഉപയോഗിക്കേണ്ടിവന്നതുമൂലമാണ് ഇത്തരത്തിൽ അലുമിനിയത്തിന്റെ അംശം കൂടുതലായി കാണപ്പെട്ടത്. ആയതിനാൽ ജല ശുദ്ധീകരണ ശാലകളിൽ ഫലപ്രദമായി രാസപ്രവർത്തനം നടക്കത്തക്കരീതിയിൽ ശുദ്ധീകരണത്തിനു പയോഗിക്കുന്ന ആലം, കുമ്മായം എന്നിവയുടെ അളവുകൾ തിട്ടപ്പെടുത്തുന്നതിന് ദിവസേന ജാർ ടെസ്റ്റ് നടത്തുകയും അളവുകൾ ക്രമീകരിച്ച് കലക്കൽ, അലൂമിനിയം എന്നിവയുടെ തോത് അനുവദനീയമായ അളവിൽ നിർത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

ആലത്തിനു പകരമായി അലുമിനിയത്തിന്റെ അളവ് താരതമ്യേന കുറഞ്ഞ പോളി അലുമിനിയം ക്ലോറൈഡ് ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

കോളിഫോം ബാക്റ്റീരിയയുടെ സാന്നിദ്ധ്യം രേഖപ്പെടുത്തിയ മേഖലകളിൽ ആയതിന്റെ കാരണം കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുകയുണ്ടായി. കൂടാതെ വിതരണ ശൃംഖലയുടെ അവസാന ഭാഗംവരെ നിശ്ചിത അളവിൽ ആവിഷ്കരിച്ച ക്ലോറിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

29(*89) ശ്രീ. ബി. സത്യൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പട്ടികജാതി കോളനികളിൽ നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിക്കും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. 2016-17-ൽ 254 കോളനികളും 2018-19-ൽ പ്രളയ പുനരധിവാസത്തിന്റെ ഭാഗമായി 89 കോളനികളും 2019-20-ൽ ഇതുവരെ 86 കോളനികളും പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെ പറയുന്ന പ്രവൃത്തികളാണ് നടപ്പാക്കുന്നത്:

1. ഇന്റേണൽ റോഡ് /ഫുട് പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(സി) 2016-17 സാമ്പത്തിക വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള നാല്പതിലധികം പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിൽ 1 കോടി രൂപവരെയുള്ള നിർമ്മാണ പ്രവൃത്തികൾക്കും 2019-20 സാമ്പത്തിക വർഷം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 30 പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിൽ 50 ലക്ഷം രൂപവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്.

## കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ

30(*90) ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായുള്ള അസാധാരണ ചൂട് കാട്ടുതീ തനിയെ ഉണ്ടാകുന്നതിനും സാമൂഹ്യവിരുദ്ധർ തീ പടർത്തുന്നതിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിച്ചു വരുന്ന വനസംരക്ഷണ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കാട്ടുതീ കെടുത്താനുള്ള ശ്രമത്തിനിടയിൽ വനപാലകർ മരിക്കാനിടയായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ തീയണയ്ക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങളും സുരക്ഷാസംവിധാനങ്ങളും അടിയന്തരമായി ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ;

(സി) വനാതിർത്തി സർവ്വേ നടത്തി അതിർത്തി തിരിച്ച് സംരക്ഷണ മാർഗ്ഗങ്ങൾ ഏർപ്പെടുത്താനുള്ള പ്രവർത്തനം കാര്യക്ഷമതയോടെ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായുള്ള അസാധാരണ ചൂട് കാട്ടുതീ തനിയെ ഉണ്ടാകുന്നതിനും സാമൂഹ്യവിരുദ്ധർ തീ പടർത്തുന്നതിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടുതീ പ്രതിരോധ – സംരക്ഷണ മാർഗ്ഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

(സി) ഉണ്ട്. 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്.

സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15,533- കിലോമീറ്ററോളം വനാതിർത്തി 31-3-2019 വരെ ജണ്ടകെട്ടി വേർതിരിച്ചു കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽവന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17-ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി) 2017-18-ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി) 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 13,000 ജണ്ടകൾ (ഉദ്ദേശം 600 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുന്നതാണ്. അവശേഷിക്കുന്ന ഉദ്ദേശം 713 കി.മീറ്റർ വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടിക വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹിക സ്ഥിതി

1(654) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക-സാമൂഹിക സ്ഥിതിയെപ്പറ്റി സർക്കാർതലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ഇവർക്കായി ബഡ്ജറ്റിലും കേന്ദ്രവിഹിതമായും എത്ര തുക ഉൾപ്പെടുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക സാമൂഹിക സ്ഥിതിയെപ്പറ്റി ഒരു സമഗ്ര വിവരശേഖരണ സർവ്വേ നടത്തുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പട്ടികവർഗ്ഗക്കാരുടെ 2008-ലെ സാമൂഹിക സാമ്പത്തിക സർവ്വേയിലെ വിവരങ്ങൾ കാലാനുസൃതമായി പുതുക്കുന്നതിനും കൂടുതൽ വിവരങ്ങൾ കൂട്ടി ചേർക്കുന്നതിനുമായി ഒരു മൊബൈൽ ആപ് വികസിപ്പിക്കുകയും ടാബ് ഉപയോഗിച്ച് പട്ടികവർഗ്ഗ പ്രൊമോട്ടർമാർവഴി എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. വാലിഡേഷൻ പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും സംസ്ഥാന വിഹിതമായി വകയിരുത്തുന്ന തുകയുടെ ഏകദേശം 90 ശതമാനം തുകയും ചെലവഴിക്കാൻ കഴിയുന്നുണ്ട്. കേന്ദ്രാവിഷ്കൃത

പദ്ധതികളെല്ലാം തന്നെ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരമായിരിക്കും നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗക്കാർ കൂടുതലും വനത്തിലും വനാന്തര പ്രദേശങ്ങളിലുമാണ് അധിവസിക്കുന്നത്. ഇത്തരം മേഖലകളിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. വിവിധ മേഖലകളിൽ കാലവർഷക്കെടുതിമൂലം ഗതാഗത തടസ്സം ഉണ്ടാകാറുണ്ട്. കൂടാതെ സാധന സാമഗ്രികളുടെ ലഭ്യതകുറവ്, കാലാവസ്ഥാ വ്യതിയാനം മുതലായ കാരണങ്ങളാൽ ചില പദ്ധതികൾ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ല.

(ഡി) പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | സംസ്ഥാന വിഹിതം (തുക കോടിയിൽ) | | കേന്ദ്ര വിഹിതം (തുക കോടിയിൽ) | |
|---|---|---|---|---|
| | വകയിരുത്തിയത് | ചെലവഴിച്ചത് | വകയിരുത്തിയത് | ചെലവഴിച്ചത് |
| 2018-19 | 1570.36 | 1167.40 | 317.48 | 256.67 |
| 2019-20 | 1649.00 | 662.26 | 343.33 | 193.21 |

കേന്ദ്രപദ്ധതികൾക്ക് സംസ്ഥാന സർക്കാർ തുക ചെലവഴിച്ചശേഷം കേന്ദ്രവിഹിതത്തിനായി അപേക്ഷിക്കുകയാണ്. എന്നാൽ കമ്മിറ്റഡ് ലയബിലിറ്റി എന്ന വ്യവസ്ഥയുള്ളതുകൊണ്ട് വളരെ ചെറിയ തുകകൾ മാത്രമാണ് കേന്ദ്രത്തിൽനിന്ന് ലഭിച്ചുവരുന്നത്.

2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിന്റെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു: (പ്ലാൻ സ്പെയ്സ് പ്രകാരം)

| പദ്ധതി | 2018-19 | | |
|---|---|---|---|
| | ബജറ്റ് വിഹിതം | പദ്ധതി ചെലവ് (ട്രഷറി) | % |
| സംസ്ഥാന പദ്ധതി വിഹിതം (20% പ്ലാൻ കട്ട് കഴിച്ച തുക) | 48690 | 47527.685 | 97.6 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 8230.02 | 4680.43 | 56.87 |
| ആകെ | 56920.02 | 52208.115 | 91.71 |

| പദ്ധതി | 2019-20 | | |
|---|---|---|---|
| | ബജറ്റ് വിഹിതം | പദ്ധതി ചെലവ് (ട്രഷറി) | % |
| സംസ്ഥാന പദ്ധതി വിഹിതം | 62488.00 | 27056.966 | 43.30 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 7450.03 | 3528.85 | 47.37 |
| ആകെ | 69938.03 | 30585.82 | 43.73 |

**പട്ടിക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക**

2(655) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2016 മുതൽ 31-1-2020 വരെ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനും വികസനത്തിനുമായി കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചെന്നും അതിലെത്ര ചെലവഴിച്ചെന്നും വെളിപ്പെടുത്താമോ;

(ബി) ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്രഫണ്ടിന് ആനുപാതികമായി സംസ്ഥാനം ഫണ്ട് വകയിരുത്തേണ്ടിയിരുന്നോ; എങ്കിൽ അപ്രകാരം വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും കണക്കുകൾ നൽകാമോ?

ഉത്തരം

(എ) 1-7-2016 മുതൽ 31-1-2020 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന 7 പദ്ധതികൾക്കായി 198.32 കോടി രൂപ കേന്ദ്രവിഹിതം അനുവദിച്ചു. ആയതിൽ പ്രധാനമന്ത്രി ആദർശ് ഗ്രാമയോജന എന്ന പദ്ധതിക്കായി അനുവദിച്ച 21.20 ലക്ഷം രൂപ ഒഴികെ ബാക്കി മുഴുവൻ ചെലവഴിച്ചു.

ഇതേ കാലയളവിൽ വകുപ്പിന്റെ 13 പദ്ധതികളിൽ 139.63 കോടി രൂപ കേന്ദ്ര വിഹിതം അനുവദിച്ചു. 98.16 കോടി രൂപ ചെലവഴിച്ചു.

(ബി) വകയിരുത്തിയിരുന്നു.

പട്ടികജാതി വിഭാഗത്തിന് 2015-16 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന

ബഡ്ജറ്റിൽ 1095.01 കോടി രൂപ വകയിരുത്തിയതിൽ 31-1-2020 വരെ 930.25 കോടി രൂപ ചെലവഴിച്ചു. കേന്ദ്രവിഹിതമായി ലഭിച്ച 139.63 കോടി കഴിച്ച് ബാക്കിയുള്ള 790.62 കോടി രൂപ സംസ്ഥാന പദ്ധതിയിൽ നിന്നാണ് വിനിയോഗിച്ചത്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വകുപ്പുവഴി നടപ്പിലാക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ തുക സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ചെലവഴിക്കുകയും വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് കേന്ദ്ര സഹായം ലഭ്യമാകുകയുമാണ് ചെയ്യുന്നത്. എന്നാൽ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സഹായം ലഭ്യമാകാൻ കാലതാമസം നേരിടുന്നതിനാൽ പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ബഡ്ജറ്റ് വിഹിതത്തിന് തുല്യമായ തുക സംസ്ഥാനം ചെലവഴിക്കുകയാണ് ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതമായി 325.38 കോടി രൂപ സംസ്ഥാനം വകയിരുത്തിയിരുന്നു. 211.70 കോടി രൂപ ചെലവഴിച്ചു. കേന്ദ്ര വിഹിതമായി ലഭിച്ച 139.63 കോടി രൂപ കഴിച്ച് ബാക്കി 72.07 കോടി രൂപ സംസ്ഥാന പദ്ധതിയിൽ നിന്നാണ് വിനിയോഗിച്ചത്.

**മരണാനന്തര ധനസഹായം**

3(656) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണാനന്തര ധനസഹായമായി പരമാവധി എത്ര തുകയാണ് പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ച് നൽകാറുള്ളതെന്നറിയിക്കുമോ;

(ബി) അപേക്ഷകൻ എന്തെല്ലാം രേഖകൾ ഹാജരാക്കാനാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്; അപേക്ഷ സമർപ്പിച്ച് പരമാവധി എത്ര ദിവസത്തിനകം സഹായധനം അനുവദിച്ച് നൽകാറുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി കുടുംബത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ 50,000 രൂപയാണ് ധനസഹായമായി അനുവദിച്ചുവന്നിരുന്നത്. 22-11-2018 മുതൽ പ്രസ്തുത ധനസഹായം 2,00,000 രൂപ (രണ്ട് ലക്ഷം രൂപ മാത്രം)യായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മരണപ്പെട്ടയാൾ കുടുംബത്തിലെ ഏകവരുമാനദായകൻ ആയിരുന്നെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, രോഗംമൂലമുള്ള മരണമാണെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, അപകടമരണമാണെങ്കിൽ തൽസംബന്ധമായ സാക്ഷ്യപത്രം, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകളിൽ പരമാവധി വേഗത്തിൽ ധനസഹായം അനുവദിക്കാറുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ അപര്യാപ്തത

4(657) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പട്ടികജാതി സെറ്റിൽമെൻറുകളും എത്ര പട്ടികവർഗ്ഗ സെറ്റിൽമെൻറുകളുമുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സെറ്റിൽമെൻറുകളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നവയുടെ ശതമാന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013-ലെ സർവ്വേ പ്രകാരം സംസ്ഥാനത്ത് 26342 പട്ടികജാതി കോളനികളും 4762 പട്ടികവർഗ്ഗ സെറ്റിൽമെന്റുകളുമുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ഓരോ കോളനിയിലും വ്യത്യസ്തമാകയാൽ ശതമാന നിരക്ക് കണക്കാക്കിയിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസനം

5(658) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിൽ ഊന്നൽ നൽകിവന്നിരുന്ന മേഖലകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ജനകീയാസൂത്രണവും പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഇടപെടലും ഈ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും മത്സരശേഷിയും പ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പട്ടികവിഭാഗങ്ങളുടെ ഇടയിലെ സ്ത്രീ-സൗഹൃദ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഇ) ഇ ഗവേണൻസ് വ്യാപിപ്പിക്കുന്നത് വഴി ഈ മേഖലയിൽ ഉണ്ടാകുന്ന പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക വികസന, സാമൂഹിക ക്ഷേമ, സാംസ്കാരിക മേഖലകളിലെ സമഗ്ര വികസനത്തിനും നിയമാധിഷ്ഠിത സേവനങ്ങൾക്കുമാണ് പ്രധാനമായും ഊന്നൽ നൽകുന്നത്.

വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, കൃഷി, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഊന്നൽ നൽകുന്നത്. ടി മേഖലകളിൽ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- ഭവനരഹിതരായവർക്ക് ഭവന നിർമ്മാണം
- ഭൂരഹിതർക്ക് ഭൂവിതരണം, ഭൂമി വാങ്ങി നൽകൽ
- സമഗ്ര ആരോഗ്യ സുരക്ഷ
- ഭക്ഷ്യ സഹായം
- പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ
- വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ്
- സമ്പൂർണ്ണ വൈദ്യുതീകരണം
- കോളനികളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി
- വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി

- വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠനമുറി, ഗോത്ര ബന്ധു പദ്ധതികൾ
- പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി
- തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനവും തൊഴിലും
- ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വികസനത്തിനുള്ള പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി
- ജീവനോപാധി/സ്വയം തൊഴിൽ പദ്ധതികൾ
- തൊഴിലുറപ്പ്
- കാർഷിക വരുമാനദായക പദ്ധതി.

(ബി) ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ്, മുൻവർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയും, തുടർന്ന് അംബേദ്കർ ഗ്രാമ പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ കുടിവെള്ളം, റോഡുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതികളായ ഭവന നിർമ്മാണം, കോളനി വികസനം (അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി) എന്നിവയും നബാർഡ് (ആർ.ഐ.ഡി.എഫ്., കോർപ്പസ്) ഫണ്ടിൽ ഉൾപ്പെടുത്തി റോഡ്, പാലം, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാൾ മുതലായവയും നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ഭവനം

2011-12 മുതൽ 2015-16 വരെ അനുവദിച്ച 17605 വീടുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് മുഖേന 6792 വീടുകളും മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016 വരെ പൂർത്തിയാകാത്തതുമായ 11084 വീടുകളും ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചു.

ഹാംലറ്റ് വികസന പദ്ധതി

ഹാംലറ്റ് വികസന പദ്ധതിക്കായി 2013-14, 2014-15, 2015-16

വർഷങ്ങളിലായി 31.27 കോടി രൂപ അനുവദിച്ചതിൽ 26.62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെ 46 കോളനികൾ ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിലൂടെയുള്ള സമഗ്ര വികസന പദ്ധതി (എ.റ്റി.എസ്.പി.)</u>

<u>എ.റ്റി.എസ്.പി.</u>:

അടിസ്ഥാന സൗകര്യങ്ങൾ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, ജീവനോപാധികൾ, വിദ്യാഭ്യാസം, നൈപുണ്യ വികസനവും പരിശീലനവും മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കാണ് ഈ പദ്ധതിയിൽ മുൻതൂക്കം നൽകുന്നത്.

<u>2014-15 (എ.റ്റി.എസ്.പി.)</u>:

2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി. നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തി. പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/പഞ്ചായത്തുകളിലെ 134 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്തു.

<u>2015-16 (എ.റ്റി.എസ്.പി.)</u>:

2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽനിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ.റ്റി.എസ്.പി. 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഏറ്റെടുത്ത പദ്ധതികൾ മന്ദഗതിയിലായതിന്റെ കാരണം പരിശോധിക്കുകയും അത്യാവശ്യമല്ലാത്തതും നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾ ഉപേക്ഷിച്ച് പദ്ധതി ഭേദഗതി ചെയ്താണ് നടപ്പിലാക്കിവരുന്നത്. വയനാട് ജില്ലയിൽ ഏറ്റെടുത്ത 24 കോളനികളിൽ 2 എണ്ണം ഉപേക്ഷിച്ച് 22 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ പദ്ധതികൾ പുരോഗമിച്ചുവരുന്നു. ദുർഘട പ്രദേശങ്ങളിലായതിനാൽ നിർമ്മാണപ്രവൃത്തികൾ ഉദ്ദേശിച്ച വേഗത്തിൽ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു. എന്നിരുന്നാലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആകെ 184 കോളനികളെ വികസനത്തിനായി തെരഞ്ഞെടുത്തതിൽ 155 കോളനികളിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ലക്ഷ്യമിടുന്നത്.

സങ്കേതങ്ങളിൽ അടിയന്തരമായി വികസിപ്പിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് കോളനി വികസനത്തിലൂടെ നടപ്പിലാക്കുന്നത്. ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കോളനി വികസന പദ്ധതി പ്രകാരം 95 സങ്കേതങ്ങൾ തെരെഞ്ഞെടുക്കുകയും അതിൽ 61 സങ്കേതങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയും 3 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. 19,20:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 19,20 പദ്ധതിയിൽ ഉൾപ്പെടുത്തി 224 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ നാളിതുവരെ 152 പ്രവൃത്തികൾ പൂർത്തീകരിച്ചു. 11 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ശേഷിക്കുന്നവയിൽ 36 പ്രവൃത്തികൾ വനാവകാശ നിയമപ്രകാരം ഫീസിബിലിറ്റി ലഭ്യമല്ലാത്തവയാണ്.

സമ്പൂർണ്ണ വൈദ്യുതീകരണം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൈദ്യുതീകരിക്കാത്ത എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും 16 കോടി രൂപ ചെലവഴിച്ച് വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

പി.കെ. കാളൻ കുടുംബസഹായ പദ്ധതി

ഊരുകളിലല്ലാതെ ചിന്നിച്ചിതറി വസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പി.കെ. കാളൻ കുടുംബ സഹായ പദ്ധതി. ഇത്തരം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പാർപ്പിടം, ശുദ്ധജലം, വൈദ്യുതി,

ശുചിത്വ പരിപാടികൾ, അംഗൻവാടികൾ മുതലായവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നു. ആലപ്പുഴ ജില്ലയിലും പാലക്കാട് ജില്ലയിലുമുള്ള 250 പട്ടികവർഗ്ഗ കുടുംബങ്ങളിൽ നാളിതുവരെയായി പി.കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി നഴ്സറി സ്കൂളുകൾ, എം.ആർ.എസ്സ്-കൾ, ഐ.റ്റി.ഐ.-കൾ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, മെഡിക്കൽ കോളേജ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തിവരുന്നു. ഹൈസ്കൂൾ തലം മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ 'പഠനമുറി' പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പും മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പും വാങ്ങുന്നതിനുള്ള സഹായം നൽകിവരുന്നു. ബിരുദ/ബിരുദാനന്തര കലാകോഴ്സുകളിൽ പഠിക്കുന്നവർക്ക് പഠന/പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം, ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്കുള്ള ധനസഹായം, വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം, സംസ്ഥാനത്തിന് പുറത്തും വിദേശരാജ്യങ്ങളിലും പഠിക്കുന്നവർക്കുള്ള സഹായം, പാരലൽ കോളേജ് പഠനത്തിനുള്ള സഹായം, സിവിൽ സർവ്വീസ് എക്സാമിനേഷന് തയ്യാറെടുക്കുന്നതിനുള്ള പരിശീലനം എന്നിങ്ങനെ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്ന് തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ നടത്തുകയും അവർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും പ്രസ്തുത സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

ഈ വിഷയത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

<u>ഗോത്രബന്ധു പദ്ധതി</u>

ഗോത്രബന്ധു - പട്ടികവർഗ്ഗത്തിൽപ്പെട്ട അധ്യാപക യോഗ്യതയുള്ള യുവതീ യുവാക്കളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെന്റർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു. കൂടാതെ പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം

ജില്ലകളിലായി 59 മെന്റർ ടീച്ചർമാർക്ക് നിയമനം നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

<u>സാമൂഹ്യപഠന മുറി</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠന മുറികൾ ആരംഭിച്ചു. 2018-19-ൽ 150 പഠന മുറികളുടെ നിർമ്മാണം ആരംഭിക്കുകയും 84 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു.

<u>സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി</u>

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനികനവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

<u>ലാപ്ടോപ്പ് വിതരണം</u>

ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിൻപ്രകാരം 400 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2019-20 വർഷം 371 കുട്ടികൾക്ക് ലാപ്ടോപ് അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

<u>സമഗ്ര-സാക്ഷരതാ പദ്ധതി</u>

പട്ടികവർഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ മിഷൻ മുഖേന പഠന ക്ലാസ്സുകൾ നടത്തി വിവിധ ക്ലാസ്സുകളിലെ തുല്യതാ പരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. 2018-ൽ 1996 പേർക്ക് സാക്ഷരതാ പദ്ധതി വഴി പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചു. നാലാംതരം തുല്യതാ പരീക്ഷയിൽ

1555 പേരും ഏഴാം തരം തുല്യതാ പരീക്ഷയിൽ 959 പേരും പങ്കെടുത്തു. റിസൾട്ട് പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതോട പദ്ധതി പൂർത്തീകരിക്കുന്നതാണ്.

വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളോടെ വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ്സ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുന്നു.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി., +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3,000 രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4,500, 6,000 രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹന സമ്മാനം നൽകിവരുന്നു.

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 രൂപയ്ക്കു താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം

+2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സ് എന്നിവ നടത്തുന്നു.

ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. ഭാരത ദർശൻ പരിപാടിക്കു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വിനോദയാത്രയും പഠനയാത്രയ്ക്കു വേണ്ടിയുള്ള സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു.

നൈപുണ്യ വികസന പദ്ധതികൾ

നൈപുണ്യ വികസന രംഗത്ത് വലിയ ഇടപെടലുകളാണ് ഈ സർക്കാർ നടത്തിവരുന്നത്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു. വിവിധ മേഖലകളിൽ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ വിദേശ തൊഴിലവസരങ്ങൾ ലഭ്യമാകുന്നു.

വിജയകരമായി പരിശീലനം പൂർത്തിയാക്കി വിദേശത്ത് പോകാൻ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി സാമ്പത്തിക സഹായം നൽകിവരുന്നു.

ഇതിനോടകം 5431 പേർക്ക് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ 1725 പേർക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചു. 23 പേർക്ക് വിദേശത്ത് പ്ലെയ്സ്മെന്റ് ലഭിച്ചു. നടപ്പു വർഷം 1050 പേർക്ക് ഗോത്ര ജീവിക പദ്ധതിയുടെ രണ്ടാം ഘട്ട പരിശീലനത്തിനായി ഭരണാനുമതി നൽകി.

കരിയർ ഗൈഡൻസ് ജോബ് ഫെയർ:

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ എല്ലാ ജില്ലകളിലും തൊഴിൽ അവബോധ ക്യാമ്പ് സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് ടു, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ കരസ്ഥമാക്കിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

<u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:</u>

വനിതാശാക്തീകരണത്തിന്റെ ഭാഗമായി 2018-19-ൽ അട്ടപ്പാടിയിലെ 291 പട്ടികവർഗ്ഗ യുവതികൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ വസ്ത്രനിർമ്മാണ ഫാക്ടറി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2019-20 അദ്ധ്യയന വർഷത്തെ യൂണിഫോമും നൈറ്റ് ഡ്രസ്സുകളും ഇവിടെ നിന്നും തയ്ച്ച് നൽകി.

<u>സെന്റർ ഓഫ് സ്കിൽ എക്സലൻസ്:</u>

വകുപ്പിന്റെ കീഴിൽ 2017-18-ൽ തിരുവനന്തപുരം മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക്ടോപ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുക എന്നതാണ് ടി സ്ഥാപനത്തിന്റെ ലക്ഷ്യം. 300-ഓളം വിദ്യാർത്ഥികൾക്ക് ഒരേ സമയം പരിശീലനം നൽകുന്നതിന് സാധിക്കുന്ന ഈ സ്ഥാപനത്തിന്റെ ആദ്യ ബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കിവരുന്നു.

<u>മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിലുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലായി 6070 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് സ്മാർട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി., സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്, സ്റ്റീം അടുപ്പുകൾ, ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം, ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്.

എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പു വരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ ഉള്ള എം.ആർ.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു. കൂടാതെ പുതുതായി ഒരു എം.ആർ.എസ്.-ഉം ഒരു സ്പോർട്സ് സ്കൂളും ആരംഭിക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും

വകുപ്പിന് കീഴിൽ 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ച് 4 പ്രീമെട്രിക് ഹോസ്റ്റലും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും, നാട്ടുകാണി ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും (2 എണ്ണം) നിർമ്മിക്കുന്നതിന് അനുമതി നൽകുകയും 3 പ്രീമെട്രിക് ഹോസ്റ്റലിന്റെയും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ ഹോസ്റ്റൽ - അക്കാദമിക് ബ്ലോക്കിന്റെയും പ്രവർത്തനോദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. 4 ഹോസ്റ്റലുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവീസിൽ പ്രവേശനം ലഭിക്കാൻ ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു. സൗജന്യ താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാക്കുന്നു.

ജൂഡീഷ്യൽ സർവീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുക എന്ന ലക്ഷ്യംവച്ച് 2018-19 സാമ്പത്തികവർഷം തിരുവനന്തപുരം ലോ കോളേജുമായി

ചേർന്ന് ജുഡീഷ്യൽ സർവീസ് പരീക്ഷാ പരിശീലനം നടത്തുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള പട്ടികവർഗ വിദ്യാർത്ഥികളാണ് പരിശീലനം നേടുന്നത്.

മത്സര പരീക്ഷ പരിശീലനം

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകൾ, ഉയർന്ന തൊഴിൽ സാധ്യതയുള്ള മറ്റു മേഖലകൾ, പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകൾ എന്നിവയിൽ മതിയായ യോഗ്യതയുണ്ടായിട്ടും പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷകളിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവ. ലോ കോളേജുമായി ചേർന്ന് എൽ.എൽ.ബി. പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സ്പെഷ്യൽ ഡ്രൈവ്

തൊഴിൽ വകുപ്പുമായി ചേർന്ന്, തൊഴിൽ രഹിതരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി പെൺകുട്ടികൾക്ക് 75,000 രൂപ വിവാഹ ധനസഹായമായി നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് 2 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. കുടുംബശ്രീ മുഖേന വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീ, മഹിളാ സമഖ്യ സൊസൈറ്റി, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന ഉദ്പാദന വിപണന യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അട്ടപ്പാടിയിൽ 291 വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി അഡാപ്പ് എന്ന പേരിൽ ഒരു സൊസൈറ്റിയായി വസ്ത്ര നിർമ്മാണശാല ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട്, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇ-ഗവേണൻസ് വ്യാപകമാക്കിയതിനാൽ പട്ടികജാതി വികസന വകുപ്പു വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ കൃത്യമായും ഗുണഭോക്താക്കൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനാകുന്നു. ഇടനിലക്കാരെ ഒഴിവാക്കി ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ നേരിട്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഇ-ഗവേണൻസിന്റെ സഹായത്തോടെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് നൽകുന്നത്. ഇ-ഗവേണൻസ് മുഖാന്തരം ആനുകൂല്യം വളരെ വേഗം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഗവേണൻസ് വ്യാപിപ്പിക്കുന്നത് വഴി ഭരണപരമായ കാര്യങ്ങൾക്ക് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നു. വിവിധ സർക്കാർ ഏജൻസികളും സ്റ്റാർട്ട് അപ് സ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ അനുമതിയോടുകൂടി ഇ-ഗവേണൻസ് നടപ്പിലാക്കിവരുന്നു. ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കാനും, ഡിജിറ്റൽ സംവിധാനത്തിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഇതിലൂടെ സാധ്യമാകുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ കെ-സ്വാൻ കണക്ടിവിറ്റിയും എല്ലാ ഓഫീസുകളിലും ലാൻ കണക്ടിവിറ്റിയും നൽകുന്ന നടപടി പൂർത്തീകരിച്ചുവരുന്നു. ഡിജിറ്റൽ ആൻഡ്രോയിഡ് പ്ലാറ്റ്ഫോമിൽ പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണം പൂർത്തീകരിച്ചുവരുന്നു.

**അംബേദ്കർ ഗ്രാമവികസന പരിപാടിയിലെ നവീകരണ പ്രവർത്തനങ്ങൾ**

6(659) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന ചില വീടുകളുടെ ഭിത്തിക്ക് ബലക്കുറവുള്ളതിനാൽ മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വീടുകളിൽ ജി.ഐ. റൂഫിംഗ് ഷീറ്റ് ഉപയോഗിക്കുന്നതിന് തടസ്സമുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) തടസ്സമുണ്ടെങ്കിൽ പകരം നിഷ്കർഷിച്ചിട്ടുള്ള ബദൽ മാർഗ്ഗങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കവറ പാപ്പാനഗർ കോളനി, പാരിക്കാട് കോളനി, അംബേദ്കർ കോളനി എന്നീ കോളനികളിൽ ചില വീടുകളുടെ ഭിത്തികൾക്ക് ബലക്കുറവുള്ളതിനാൽ മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ട്.

(ബി) തടസ്സമുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി സംബന്ധിച്ച ഉത്തരവിൽ ജി.ഐ. റൂഫിംഗ് ഷീറ്റ് ഉപയോഗിക്കുന്നതിന് വ്യവസ്ഥയില്ല. റൂഫിംഗ് ഷീറ്റുകൾ ഉപയോഗിക്കുന്നത് ഗൃഹാന്തരീക്ഷത്തിലെ താപനില ഗണ്യമായ തോതിൽ വർദ്ധിക്കുവാൻ സാദ്ധ്യതയുള്ളതിനാലാണ്.

(സി) ജി.ഐ.റൂഫിംഗ് ഷീറ്റ് ഉപയോഗിക്കുന്നതിന് പകരം അലുമിനിയം ഷീറ്റുകൾ ഉപയോഗിക്കുന്നതിനാണ് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നത്.

**മാനന്തവാടി താലൂക്കിൽ ലഭിച്ചിട്ടുള്ള പ്രളയാശ്വാസ പദ്ധതി**

7(660) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ വീടുകളിൽ വെള്ളം കയറിയ വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയ സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയാശ്വാസ പദ്ധതികളിൽ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം മാനന്തവാടി താലൂക്കിന് നൽകിയിട്ടുണ്ടെങ്കിൽ അവ ലഭിച്ചിട്ടുള്ള ആളുകളുടെ പട്ടികയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2018 വർഷത്തെ പ്രളയത്തെ തുടർന്ന് ജീവനോപാധികൾ, സ്ഥാവരജംഗമ വസ്തുക്കൾ എന്നിവയുടെ നാശനഷ്ടങ്ങൾ സംഭവിച്ച വയനാട് ജില്ലയിലെ 1720 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ദുരിതാശ്വാസമായി വകുപ്പ് 10,000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പൂർണ്ണമായും വീട് തകർന്ന 3 കുടുംബങ്ങൾക്ക് വകുപ്പ് മുഖേന വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 166 വീടുകൾ റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയും 64 വീടുകൾ സഹകരണ വകുപ്പും മറ്റ്

ഏജൻസികൾ മുഖേനയും അനുവദിച്ചിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ തകർന്ന വീടുകൾ നിർമ്മിക്കുന്നതിനുള്ള ചെലവ് ബജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും അനുവദിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ ഒറ്റപ്പെട്ടുപോയ പ്രദേശങ്ങളിൽ ഭക്ഷ്യക്ഷാമം ഉണ്ടായ ആളുകൾക്ക് ഭക്ഷ്യധാന്യങ്ങൾ വകുപ്പ് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

മാനന്തവാടി താലൂക്കിലെ 682 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ദുരിതാശ്വാസമായി വകുപ്പ് 10,000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് ലഭിച്ച ആളുകളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.*

## അംബേദ്കർ സ്വയംപര്യാപ്തത ഗ്രാമം പദ്ധതി

8(661) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം കോളനികളെയാണ് ശിപാർശ ചെയ്തിരുന്നതെന്നും പ്രസ്തുത കോളനികളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ഇനിയും ഏതെല്ലാം കോളനികളിലാണ് നവീകരണം നടത്താനുള്ളതെന്നും അതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനി, വാറുൾ പുറ്റമൺകര എന്നീ കോളനികളിലെ നവീകരണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| കോളനി | പ്രവൃത്തികൾ | നിലവിലെ അവസ്ഥ |
|---|---|---|
| പിണറ്റിൻമൂട് കൊതുമ്പിൽ തെക്കേക്കര കോളനി | റോഡ് കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തി നിർമ്മാണവും (4 എണ്ണം) | പൂർത്തീകരിച്ചു |
| | ഇന്റർ ലോക്ക് ബ്രിക്സ് പാകൽ, റോഡ്, ഫുട്പാത്ത് (4 എണ്ണം) | |
| | പൊതുകിണറും ഗ്രിൽ വർക്കും പബ്ലിക് ടാപ്പും | |
| വാറുൾ പുറ്റമൺകര | പള്ളിയറ – അയണിമൂട് റോഡ് | പൂർത്തീകരിച്ചു |
| | കലുങ്ക് - 1 | നിർമ്മാണം പുരോഗമിക്കുന്നു. |
| | കിണർ നവീകരണം - 1 | |
| | ഗ്രിൽ നിർമ്മാണം | |

2019-20 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത കായിലമേമംഗലം കോളനിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ക്ഷേമ പദ്ധതികളുടെ ഏകീകരണം

9(662) ശ്രീ. പി. ഉബൈദുള്ള:
ശ്രീ.എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടും പരിപൂർണ്ണമായും നടപ്പിലായിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഠനമുറി, വിവാഹ ധനസഹായം, ഭൂമി വാങ്ങുന്നതിനുള്ള സഹായം തുടങ്ങിയ പദ്ധതികൾക്കുള്ള മാനദണ്ഡങ്ങളും വരുമാന പരിധിയും വ്യത്യസ്തമായിട്ടുള്ളതിനാൽ ഇതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പദ്ധതികൾ ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സ്കീമുകളിലുള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണെന്ന് 14-2-2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/തസ്വഭ. പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്നുവരുന്ന സാമ്പത്തിക വർഷത്തിൽ തയ്യാറാക്കുന്ന മാർഗ്ഗരേഖയിൽ ഇനിയും തുകകൾ ഏകീകരിക്കുന്നതിനും അന്തരങ്ങൾ പരിഹരിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

**സ്റ്റാർട്ടപ് പദ്ധതി**

10(663) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് സ്റ്റാർട്ടപ് ഡ്രീം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയുടെ കീഴിൽ ഇതിനകം എത്രപേർക്ക് ധനസഹായം നൽകി; അത് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വ്യക്തമാക്കുമോ;

(സി) പട്ടികജാതി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകുന്നുണ്ടോ; അതിനുള്ള മാനദണ്ഡം എന്താണ്; എത്രപേർക്ക് ധനസഹായം നൽകിയെന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം ധനസഹായം ലഭിക്കുന്ന സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അത് ഒരുക്കുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിലേയ്ക്കായി പട്ടികജാതി വികസന വകുപ്പും സ്റ്റാർട്ടപ് മിഷനും സംയുക്തമായി ആരംഭിച്ച പദ്ധതിയാണ് സ്റ്റാർട്ട് അപ് ഡ്രീംസ്. തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല അംബേദ്കർ ഭവനിലാണ് സ്റ്റാർട്ടപ് ഡ്രീംസ് പ്രവർത്തിക്കുന്നത്.

(ബി) 55 പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഡ്രീംസ് മുഖേന സൗകര്യവും പരിശീലനവും നൽകി. 26 സ്റ്റാർട്ടപ്പുകൾ പ്രവർത്തനമാരംഭിച്ചു.

പുതിയ വ്യവസായം ആരംഭിക്കുവാൻ താല്പര്യമുള്ളതും ഒരു വ്യവസായ ആശയമുള്ളതുമായ ആർക്കും അപേക്ഷിക്കാം. 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വീതം പലിശരഹിത സീഡ് ലോൺ നൽകുന്നതിനായി 40 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റാർട്ടപ്പിന് 22 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്.

അപേക്ഷകർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പ്രായപരിധി 18-നും 55 വയസ്സിനും മധ്യേയുള്ളവരുമായിരിക്കണം. കൂടാതെ അപേക്ഷകന് തന്റെ ബിസിനസ് ആശയം യാഥാർത്ഥ്യമാക്കുന്നതിനും അത് വിജയകരമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനമുണ്ടായിരിക്കണം. ഏതെങ്കിലും സംരംഭകത്വ വികസന പരിശീലന പരിപാടികളിൽ പങ്കെടുത്തവർക്ക് മുൻഗണന നൽകും. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സ്വന്തം ബിസിനസ് ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും പരിഗണന നൽകുന്നുണ്ട്.

(ഡി) വകുപ്പ് മുഖേന ധനസഹായം വിനിയോഗിച്ചു പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകളെ സ്റ്റാർട്ടപ്പ് ഡ്രീംസ് മുഖേന നിരീക്ഷിച്ചുവരുന്നു.

കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽനിന്ന് വായ്പ ലഭിക്കുന്ന സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനത്തിന് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതിക്കാരുടെ ഭ്രവ്യടമസ്ഥത**

11(664) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ഭ്രവ്യടമസ്ഥത മെച്ചപ്പെടുത്താൻ ഏതൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പട്ടികജാതിക്കാർ കൈവശം വച്ച് വരുന്ന പുറംപോക്ക് ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനും യഥാക്രമം 6 ലക്ഷം, 4.50 ലക്ഷം, 3.75 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. കൂടാതെ ദുർബ്ബല വിഭാഗമായ അരുന്ധതിയാർ, ചക്കിലിയൻ, വേടൻ, കള്ളാടി, നായാടി എന്നീ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കൃഷി ഭൂമി വാങ്ങി കൃഷി ചെയ്യുന്നതിനായി 10 ലക്ഷം രൂപ അനുവദിക്കുന്നു. വകുപ്പിന്റെ ഈ പദ്ധതികളിലൂടെ പട്ടികജാതി വിഭാഗക്കാരുടെ ഭൂവുടമസ്ഥത മെച്ചപ്പെട്ടുവരുന്നു.

(ബി) ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർ**

12(665) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരുടെയും ഭവനരഹിതരുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ബി) പാറശാല മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; അവരിൽ ആർക്കെല്ലാമാണ് ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പദ്ധതികളിലൂടെ ഭൂമിയും വീടും നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശേഖരിച്ചിട്ടുണ്ട്.

<u>ജില്ല തിരിച്ചുള്ള വിശദാംശം</u>

പട്ടികജാതി വികസന വകുപ്പ്

| ജില്ല | നിലവിൽ ലൈഫ് മിഷൻ പ്രകാരമുള്ള ഭവനരഹി തരുടെ എണ്ണം | ലൈഫ് മിഷനിൽ ഉൾപ്പെടാത്ത അർഹതയുള്ള ഭവന രഹിതരുടെ എണ്ണം | ലൈഫ് മിഷൻ പ്രകാരമുള്ള ഭൂരഹിതരുടെ എണ്ണം | ലൈഫ് മിഷനിൽ ഉൾപ്പെടാത്ത അർഹതയുള്ള ഭൂരഹിതരുടെ നിലവിലെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 942 | 3160 | 9606 | 3700 |
| കൊല്ലം | 581 | 7419 | 7063 | 4679 |
| പത്തനംതിട്ട | 100 | 2770 | 1965 | 1134 |
| ആലപ്പുഴ | 398 | 2409 | 2662 | 2126 |
| കോട്ടയം | 191 | 1441 | 1915 | 933 |
| ഇടുക്കി | 1119 | 1113 | 8047 | 663 |
| എറണാകുളം | 99 | 5352 | 4025 | 2865 |
| തൃശ്ശൂർ | 420 | 3440 | 7564 | 3639 |
| പാലക്കാട് | 792 | 2920 | 5261 | 5266 |
| മലപ്പുറം | 244 | 7887 | 3050 | 5039 |
| കോഴിക്കോട് | 192 | 4768 | 1618 | 2763 |
| വയനാട് | 105 | 612 | 760 | 204 |
| കണ്ണൂർ | 34 | 2107 | 512 | 2139 |
| കാസർഗോഡ് | 52 | 1465 | 505 | 890 |
| ആകെ | 5269 | 46863 | 54553 | 36040 |

പട്ടികവർഗ്ഗ വികസന വകുപ്പ്

| ജില്ല | ഭൂരഹിത ഭവന രഹിതർ | ഭൂമിയുള്ള ഭവന രഹിതർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 22 | 1147 | 1169 |
| കൊല്ലം | 124 | 282 | 406 |
| പത്തനംതിട്ട | 335 | 462 | 797 |
| ആലപ്പുഴ | 334 | 80 | 414 |
| കോട്ടയം | 199 | 197 | 396 |
| ഇടുക്കി | 328 | 2176 | 2504 |
| എറണാകുളം | 220 | 273 | 493 |
| തൃശ്ശൂർ | 151 | 95 | 246 |
| പാലക്കാട് | 791 | 1095 | 1886 |
| മലപ്പുറം | 626 | 454 | 1080 |
| കോഴിക്കോട് | 94 | 355 | 449 |
| വയനാട് | 3051 | 3797 | 6848 |
| കണ്ണൂർ | 334 | 1044 | 1378 |
| കാസർഗോഡ് | 564 | 2666 | 3230 |
| ആകെ | 7173 | 14123 | 21296 |

(ബി) പാറശ്ശാല മണ്ഡലത്തിൽ നിലവിൽ 276 ഭൂരഹിതരും 364 ഭവനരഹിതരുമുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 159 ഗുണഭോക്താക്കൾക്ക് ഭൂമിയും 169 ഗുണഭോക്താക്കൾക്ക് വീടും അനുവദിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗത്തിൽപ്പെട്ട 2 പേർ ഭൂരഹിതരായിട്ടും 246 പേർ ഭവന രഹിതരായിട്ടും കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 42 പേർ വിവിധ ഭവന പദ്ധതികൾ പ്രകാരം ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് ഇപ്പോൾ ഭൂമിയും ഭവനവും ലഭ്യമാകുന്നത്. പ്രസ്തുത വിഭാഗങ്ങൾക്ക് ഈ പദ്ധതി പ്രകാരം ഭൂമി/ഭവനം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പദ്ധതികൾ ഒരു വെബ്സൈറ്റ് വഴി നടപ്പാക്കാൻ നടപടി

13(666) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലെ പല പദ്ധതികളും നടപ്പാക്കുന്നത് വ്യത്യസ്ത വെബ് സൈറ്റുകൾ വഴിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ്, ടി-ഗ്രാന്റ്സ് മുതലായ ഒരേ വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ വ്യത്യസ്ത സൈറ്റുകൾ വഴി കൈകാര്യം ചെയ്യുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ ഏകീകരിക്കുന്നതിനും ഒരു സൈറ്റിൽ തന്നെ വ്യത്യസ്ത പേജുകളാക്കി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യത്യസ്ത പദ്ധതികളിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന രീതിയും തുകയും പദ്ധതിയുടെ സ്വഭാവവും പദ്ധതി നടപ്പിലാക്കുന്ന മാനദണ്ഡങ്ങളും വ്യത്യസ്ത തരത്തിൽ ആകയാൽ ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ്, ടി-ഗ്രാന്റ്സ് എന്നിവ ഒരേ സൈറ്റിൽതന്നെ ക്രമീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന കലാസമിതികൾക്ക് ഗ്രാന്റ്

14(667) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർ നടത്തുന്ന കലാസമിതികൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ ആയത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന കലാസമിതികൾക്കോ കലാകാരന്മാർക്കോ സാമ്പത്തിക സഹായം ലഭ്യമാകുന്നതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടതും പ്രോത്സാഹനം ലഭിക്കാത്തതുമായ കലാകാരന്മാരെ കണ്ടെത്തി സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിനും കലാപരമായ കഴിവ് വളർത്തിയെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതിക്കാർ നടത്തുന്ന കലാസമിതികൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലില്ല.

(ബി&സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായ സാഹിത്യ കലാകാരന്മാർക്ക് കൃതികൾ പ്രസിദ്ധീകരിക്കുന്നതിനായി 40,000 രൂപ ധനസഹായം നൽകുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

15(668) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി നഗരസഭയിലെ മൂത്തേത്ത് പട്ടികജാതി കോളനിയിൽ നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കരുനാഗപ്പള്ളി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അംബേദ്കർ ഗ്രാമം തൊടിയൂർ കോളനി, മൂത്തേത്ത് എന്നീ കോളനികളിലാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ഇപ്രകാരമാണ്

I. അംബേദ്കർ ഗ്രാമം തൊടിയൂർ കോളനി

1. 32 വീടുകളുടെ മെയിന്റനൻസ് പൂർത്തിയായി
2. ചാൽ നിർമ്മാണം പൂർത്തിയായി

3. ഫുട്പാത്ത് നിർമ്മാണം - 65 മീറ്റർ പൂർത്തിയായി

4. സംരക്ഷണ ഭിത്തി നിർമ്മാണം - 50% പൂർത്തിയായി

5. ഓട നിർമ്മാണം - 72 മീറ്റർ പൂർത്തിയായി

6. കോൺക്രീറ്റ് റോഡ് - 180 മീറ്റർ പൂർത്തിയായി

II. മൂത്തേത്ത് കോളനി

1. റോഡ് ഡ്രെയിനേജ്, സൈറ്റ് ക്ലിയറൻസ്, പ്രൊട്ടക്ഷൻ വാൾ, എർത്ത് ഫില്ലിംഗ് - പൂർത്തീകരിച്ചു

2. വീട് നവീകരണം - പൂർത്തീകരിച്ചു

3. ഇന്റർനെറ്റോടു കൂടിയ ലൈബ്രറി - പൂർത്തീകരിച്ചു

4. വൈദ്യുതീകരണം, സോളാർ ലൈറ്റിംഗ് - പൂർത്തീകരിച്ചു

5. കുടിവെള്ള വിതരണം - പൂർത്തീകരിച്ചു.

(സി) മൂത്തേത്ത് കോളനിയിലെ പ്രവൃത്തികൾ പൂർത്തിയായി. ടി കോളനിയിൽ നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. റോഡ് ഡ്രെയിനേജ്, സൈറ്റ് ക്ലിയറൻസ്, പ്രൊട്ടക്ഷൻ വാൾ, എർത്ത് ഫില്ലിംഗ്

2. വീട് നവീകരണം

3. ഇന്റർനെറ്റോടു കൂടിയ ലൈബ്രറി

4. വൈദ്യുതീകരണം, സോളാർ ലൈറ്റിംഗ്

5. കുടിവെള്ള വിതരണം.

## അംബേദ്കർ ഗ്രാമം പദ്ധതി

16(669) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ബി) നിലവിലുള്ള പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | കോളനി | പഞ്ചായത്ത് |
|---|---|---|
| 2016-17 | കുട്ടാലകവറപ്പുര | എരിമയൂർ |
| | പറക്കുന്നം | ആലത്തൂർ |
| | നെട്ടങ്ങരൻ കാട് | തേങ്കുറിശ്ശി |
| | പനമ്പഴക്കാട് | മേലാർകോട് |
| 2019-20 | മലക്കാട് കുന്ന് | എരിമയൂർ |

(ബി) 2016-17 ആരംഭിച്ചിട്ടുള്ള കോളനികളുടെ നിർമ്മാണം 2020 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

2019-20-ൽ അനുവദിച്ച മലക്കാട് കുന്ന് കോളനിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

17(670) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ കോളനികളാണ് നവീകരിച്ചിട്ടുള്ളതെന്നും ഓരോ കോളനി നവീകരണത്തിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 2016-17 സാമ്പത്തിക വർഷം 25 കോളനികളും 2019-20 സാമ്പത്തിക വർഷം 9 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2016-17 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അൻപതു ലക്ഷംവീതം ഒന്നാം ഗഡു മുൻകൂറായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഏജൻസികൾക്ക് അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ വീതം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

18(671) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം കോളനികളിലാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പൂർത്തിയാകാത്തിടത്ത് യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 255 കോളനികളും 2019-20 സാമ്പത്തിക വർഷം 86 കോളനികളും പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ, കേരളത്തിൽ 2018-ലെ പ്രളയംമൂലം നാശനഷ്ടമുണ്ടായ 90 കോളനികളെ 2018-19 സാമ്പത്തിക വർഷവും, 2019-20-ൽ നാളിതുവരെ 86 കോളനികളെയും പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷം തെരഞ്ഞെടുത്തിട്ടുള്ള 255 കോളനികളിൽ 21 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. (അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) മറ്റ് കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ തെരഞ്ഞെടുത്തിട്ടുള്ള കോളനികളിലെ നിർമ്മാണം പുരോഗമിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഏജൻസികളിൽ നിന്നും കൃത്യസമയത്ത് എസ്റ്റിമേറ്റ് ലഭിക്കാത്തത്, നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി കൃത്യസമയത്ത് സറണ്ടർ ചെയ്ത് ലഭിക്കാത്തത് തുടങ്ങിയ പല കാരണങ്ങൾ കൊണ്ടാണ് പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത്.

(ഡി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഏജൻസികളെക്കൂടി ഉൾപ്പെടുത്തി മേഖലാതല അവലോകന യോഗങ്ങളും കൂടുന്നുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

19(672) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പൂളക്കുഴി, നെല്ലിയാംകുന്ന് കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നുമറിയിക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നുവരെയാണ്, നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നുണ്ടോ,എങ്കിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്, പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് ഈ ഉദ്യോഗസ്ഥർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് തുടങ്ങിയ വിവരങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) പൂളക്കുഴി കോളനിയിൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാനുണ്ട്. നെല്ലിയാംകുന്ന് കോളനിയിലെ കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള പദ്ധതി എന്നീ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.

(ബി&സി) കരാർ ഒപ്പുവച്ച് ആറ് മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ടി രണ്ട് കോളനികളിലും അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തുന്നു.

കൂടാതെ അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം രൂപീകരിച്ച കോളനിയിലെ മോണിറ്ററിംഗ് കമ്മിറ്റിയും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്.

## പട്ടികജാതി കോളനികളുടെ വികസന പ്രവർത്തനങ്ങൾ

20(673) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ അമരമംഗലം, ലെക്കിടിപേരൂർ ഗ്രാമത്തിൽപ്പെട്ട കതിർപറമ്പ് എന്നീ കോളനികളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക എന്ന് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി കോളനികളുടെ വികസന പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള അമരമംഗലം, കതിർപറമ്പ് എന്നീ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഒന്നാം ഗഡുവായി 20 ലക്ഷം രൂപ വീതം ആകെ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകുകയും യഥാസമയം അവലോകന യോഗങ്ങൾ ചേർന്ന് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം

21(674) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്.സി. കോളനികൾ ഏതെല്ലാമാണ്; ഏതെല്ലാം കോളനികളിലെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ വെള്ളുവ കോളനിയിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം പുഞ്ചവയൽ കോളനി, വെടിയപ്പൻചാൽ എന്നീ കോളനികളെയും 2019-20 സാമ്പത്തിക വർഷം വള്ളുവ കോളനിയെയും തെരെഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ പുഞ്ചവയൽ കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പ്രാരംഭഘട്ടത്തിലാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതികൾ**

22(675) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ലൈഫ് മിഷൻ പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗങ്ങൾക്കായി എത്ര പാർപ്പിടങ്ങൾ/ഭവന സമുച്ചയങ്ങൾ നിർമിച്ചു നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പാർപ്പിട പദ്ധതികൾക്ക് ഓരോന്നിനും എത്ര രൂപ വകയിരുത്തിയിരുന്നുവെന്നും അതിൽ എത്ര തുക നാളിതുവരെയായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ടി പദ്ധതികളിൽ കൂടി നടപ്പ് വർഷം എത്ര പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്ക് പാർപ്പിടം നൽകുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഏറനാട് മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പാർപ്പിടങ്ങൾ/ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്, വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും ഉൾപ്പെടെ 23801 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമെ 2018 വർഷം പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായി തുക അനുവദിക്കുന്ന പദ്ധതി പ്രകാരം 170 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 108 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ലൈഫ്

മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 20948 പേരിൽ 9160 പേർ നിർമ്മാണം ആരംഭിക്കുകയും 5230 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായി 12054 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വീടുകൾ ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുകയും ആയതിൽ 11085 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 969 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളായി പുരോഗമിച്ചുവരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ 5526 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 3503 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും 1109 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 6709 വീടുകൾ അനുവദിച്ചതിൽ 555 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി)

| വർഷം | പട്ടികജാതി വികസന വകുപ്പ് | | പട്ടികവർഗ്ഗ വികസന വകുപ്പ് | |
|---|---|---|---|---|
| | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
| 2016-17 | 373,67,89,030 | 373,62,39,000 | 206.92 കോടി | 206.92 കോടി |
| 2017-18 | 575,00,00,000 | 568,72,95,000 | 153.4 കോടി | 153.4 കോടി |
| 2018-19 | 440,00,00,000 | 436,60,16,000 | 143.9 കോടി | 137.84 കോടി |
| 2019-20 | 200,00,00,000 | 125,71,81,600 | 87.2 കോടി | 58.25 കോടി |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2018-19 വർഷം ലൈഫ് മിഷൻ മുഖേന നിർമ്മാണം ആരംഭിച്ച പട്ടികജാതി വിഭാഗക്കാർക്കുള്ള സംസ്ഥാന വിഹിതമായി 61.30 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്.

2019-20 വർഷം ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 102 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കരാർ ഒപ്പു വച്ച് നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം അനുവദിക്കുന്നതിനായി 64.64 കോടി രൂപ ലൈഫ് മിഷന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപ്പ് വർഷം ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണം നടക്കുന്നത്. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും ധനസഹായം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

നടപ്പ് സാമ്പത്തിക വർഷം ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ 5526 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 3503 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും 1109 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 2020-ൽ നടത്തിയ സർവ്വേയുടെയും, ഊരുകൂട്ടത്തിന്റെയും കണക്കുപ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 14123 പേരെ കണ്ടെത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന 2019-20, 2020-21 വർഷങ്ങളിലായി വീട് അനുവദിക്കുന്നതിന് ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഭൂമിയുള്ള ഭവനരഹിതർ |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം | 1147 |
| 2. | കൊല്ലം | 282 |
| 3. | പത്തനംതിട്ട | 462 |
| 4. | ആലപ്പുഴ | 80 |
| 5. | കോട്ടയം | 197 |
| 6. | ഇടുക്കി | 2176 |

| (1) | (2) | (3) |
|---|---|---|
| 7. | എറണാകുളം | 273 |
| 8. | തൃശ്ശൂർ | 95 |
| 9. | പാലക്കാട് | 1095 |
| 10. | മലപ്പുറം | 454 |
| 11. | കോഴിക്കോട് | 355 |
| 12. | വയനാട് | 3797 |
| 13. | കണ്ണൂർ | 1044 |
| 14. | കാസർഗോഡ് | 2666 |
| | ആകെ | 14123 |

(ഡി) ഏറനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന 176 പട്ടികജാതി കുടുംബങ്ങൾക്കും, ലൈഫ് മിഷൻ മുഖേന 17 കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | പട്ടികജാതി വകുപ്പ് മുഖേന അനുവദിച്ചത് | | ലൈഫ് മിഷൻ മുഖേന കരാറിൽ ഏർപ്പെട്ടവർ |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| അരിക്കോട് | 20 | 9 | 2 |
| എടവണ്ണ | 21 | 11 | 6 |
| കീഴുപറമ്പ് | 9 | 6 | - |
| ഊർങ്ങാട്ടിരി | 16 | 12 | 3 |
| കാവനൂർ | 18 | 13 | 2 |
| കുഴിമണ്ണ | 18 | 11 | - |
| ചാലിയാർ | 7 | 5 | 4 |
| ആകെ | 109 | 67 | 17 |

ഏറനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 വർഷം ഹഡ്കോ പി.വി.ടി.ജി. ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 7 വീടുകൾ അനുവദിച്ചിരുന്നു. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ

ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 158 വീടുകൾ അനുവദിച്ചതിൽ 148 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 10 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 6 വീട് അനുവദിച്ചിരുന്നു. ടി വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

23(676) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനി നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നുംപ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാരന്താട് കോളനി, മടക്കാം പൊയിൽ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി രണ്ട് കോളനികളിലും 10 ശതമാനം വീതം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം**

24(677) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് പാലക്കാട് ജില്ലയിൽ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമായി വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് പാലക്കാട് ജില്ലയിൽ നൽകിയ ധനസഹായത്തുക നിയോജകമണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| എലപ്പുള്ളി | 10,50,000 |
| ചിറ്റൂർ | 69,50,000 |
| തരൂർ | 27,20,000 |
| ആലത്തൂർ | 38,50,000 |
| പാലക്കാട് | 31,50,000 |
| മണ്ണാർക്കാട് | 10,50,000 |
| കോങ്ങാട് | 1,28,25,000 |
| ഒറ്റപ്പാലം | 35,50,000 |
| പട്ടാമ്പി | 15,75,000 |
| തൃത്താല | 12,25,000 |
| ഷൊർണ്ണൂർ | 24,00,000 |
| മലമ്പുഴ | 51,25,000 |
| നെന്മാറ | 54,25,000 |

**ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

25(678) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികജാതി വികസന വകുപ്പ് വഴി ചികിത്സാ ധനസഹായമായി 76344 പേർക്ക് 135,06,02,782 രൂപ (നൂറ്റി മുപ്പത്തി അഞ്ച്

കോടി ആറ് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ്

26(679) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നല്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എത്ര വിദ്യാർത്ഥികളാണ് സ്റ്റൈപന്റിന് അർഹരായിട്ടുള്ളതെന്നും, അതിനായി എത്ര തുകയാണ് പ്രതിവർഷം സംസ്ഥാന സർക്കാർ വകയിരുത്തുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നിഷേധിക്കപ്പെടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) സംസ്ഥാനത്തെ സർക്കാർ സ്വാശ്രയകോളേജുകളിലെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ വിദ്യാർത്ഥികൾ സ്റ്റൈപന്റിന് അർഹരാകാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സ.ഉ.(അച്ചടി)നമ്പർ 50/2009/പജപവവിവ. തീയതി: 2-7-2009 ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത്.

(ബി) 2019-20-ൽ നാളിതുവരെയായി എസ്.സി. വിഭാഗത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന 1,29,378 വിദ്യാർത്ഥികൾക്കും എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 16,329 വിദ്യാർത്ഥികൾക്കും സ്റ്റൈപന്റ് തുക നൽകിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് ആനുകൂല്യ വിതരണത്തിനായി നടപ്പു വർഷം 2225-01-227-98 (P) ശീർഷകത്തിൽ 170 കോടി രൂപയും, 225-01-227-53 (P) ശീർഷകത്തിൽ 51.71 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

പട്ടികവർഗ്ഗ വിഭാഗത്തിന് 51.3 കോടി രൂപയാണ് ഈയിനത്തിൽ വകയിരുത്തിയിട്ടുള്ളത്.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നിഷേധിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ സ്റ്റൈപന്റ് അനുവദിക്കുന്നുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ ഒഴികെയുള്ള ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

**ഗോത്രബന്ധു പദ്ധതി**

27(680) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ കാരണങ്ങളാൽ വിദ്യാലയങ്ങളിൽ നിന്ന് പഠനം നിർത്തി പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവരുടെ വിനിമയ ഭാഷയിൽനിന്നും പഠനമാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് ഇത്തരം കൊഴിഞ്ഞു പോക്കിന് പ്രധാന കാരണമാകുന്നതെന്ന് പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് ഗോത്രഭാഷ അറിയുന്ന പട്ടികവർഗ്ഗവിഭാഗക്കാരായ അദ്ധ്യാപകരെ എൽ.പി.സ്കൂളുകളിൽ നിയോഗിക്കുന്നതിന് ഗോത്രബന്ധു എന്ന പേരിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി നടപ്പാക്കിയതിലൂടെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് എത്രമാത്രം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും പദ്ധതി കൂടുതൽ പട്ടികവർഗ്ഗമേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിനിമയ ഭാഷയിൽനിന്നും പഠന മാധ്യമമായ മലയാളത്തിലേയ്ക്ക് വരുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കൊഴിഞ്ഞ് പോക്കിനുള്ള പ്രധാന കാരണങ്ങളിൽ ഒന്നെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2017-18 വർഷം മുതലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലുമായി 26 മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) പട്ടികവർഗ്ഗക്കാർ കൂടുതലായുള്ള മേഖലയിൽ 30 സർക്കാർ/എയ്ഡഡ് സ്കൂളുകളിലും മലപ്പുറം ജില്ലയിലെ 29 സ്കൂളുകളിലും ഗോത്രബന്ധു നടപ്പിലാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ഡി) വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം 241 മെന്റർ ടീച്ചർമാരെ നിയമിച്ചു. ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയതിൽ നിന്നും 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സാധിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

28(681) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ ജോലി ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് ഇത് നടപ്പിലാക്കിയതെന്നും ഇതിലൂടെ എത്ര പേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബത്തിലെ അഭ്യസ്ത വിദ്യരായ ഒരാൾക്കെങ്കിലും തൊഴിൽ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണ്;

(ഡി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപടി മറ്റ് വകുപ്പുകളിൽ കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) " പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക" എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരികയാണ്. അത് സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

തൊഴിലും നൈപുണ്യവികസനവും സംരംഭകത്വവും

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

എംപ്ലോയ്മെന്റ് സ്പെഷ്യൽ ഡ്രൈവ്

തൊഴിൽരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് തൊഴിലും നൈപുണ്യ വികസനവും വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചു.

പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം

2019-20 സാമ്പത്തിക വർഷത്തെ ഒരു പുതിയ പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ചേർന്ന് പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ

2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:

വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്ടറി "അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്" എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഗോത്രജീവിക

2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകി ഇതിനോടകം 53 സംഘങ്ങൾ രൂപീകരിച്ച് ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ 2019-20 വർഷം 1050 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾക്ക് ഓൺലൈൻ വിപണി**

29(682) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വില്പന ശൃംഖല വഴി ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏത് ഓൺലൈൻ വില്പന ശൃംഖല വഴിയാണ് പ്രസ്തുത ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നും, ഇതിനായി ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർ ഉത്പാദിപ്പിക്കുന്ന നാടൻ ഉൽപ്പന്നങ്ങളായ കരകൗശല വസ്തുക്കൾ, മുളയിൽ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ, കുരുമുളക്, ഏലം,

ഗ്രാമ്പു, തേൻ തുടങ്ങിയവയ്ക്ക് ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും വിപണി കണ്ടെത്തുന്നതിനും അതുവഴി അവരുടെ ഉൽപ്പന്നങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഓൺലൈൻ വില്പന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന 'ഗദ്ദിക' ഉത്പന്നങ്ങളുടെ വിപണനം ആമസോൺ മുഖേന ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ മാത്രമായി ഒരു ഓൺലൈൻ വിപണന സംവിധാനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കോളനികളിലേയ്ക്ക് ഗതാഗത സൗകര്യം**

30(683) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനികളായ വെട്ടുവിട്ടകാട്, അരയ്ക്കാപ്പ് എന്നിവിടങ്ങളിലേക്ക് ഗതാഗത സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികളിലേയ്ക്ക് റോഡ് നിർമ്മാണത്തിനായി ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് കോടി രൂപ വീതം ചെലവുവരുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുള്ളതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെട്ടുവിട്ടകാട്, അരയ്ക്കാപ്പ് എന്നീ കോളനികളിൽ റോഡ് നിർമ്മാണം നടത്തുന്നതിനായി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ആകെ 33 കോടി രൂപയുടെ (അരയ്ക്കാപ്പ് കോളനി - 18 കോടി രൂപ, വെട്ടുവിട്ടകാട് കോളനി - 15 കോടി രൂപ)എസ്റ്റിമേറ്റ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ പരിഗണനയിലാണ്.

**പട്ടികവർഗ്ഗക്കാരുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളൽ**

31(684) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പട്ടികവർഗ്ഗക്കാരുടെ വായ്പകുടിശ്ശിക എഴുതിത്തള്ളുന്നതിന് പ്രഖ്യാപനം നടത്തിയിരുന്നതിന്റെ അടിസ്ഥാനത്തിൽ

പട്ടികവർഗ്ഗ വികസന വകുപ്പ് എത്ര കോടി രൂപ ഈ ആവശ്യത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്; ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനു വിരുദ്ധമായി വായ്പ കുടിശ്ശിക തീയതിയിൽ മാറ്റം വരുത്തിയിരുന്നുവോ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവുപ്രകാരം വായ്പ കുടിശ്ശിക എഴുതിത്തള്ളിയവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കാട്ടുനായ്ക്കർ, ചോലനായ്ക്കർ, പണിയ വിഭാഗം തുടങ്ങിയ വിഭാഗങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നറിയിക്കുമോ;

(ഡി) എത്ര ജില്ലകളിലെ ഗുണഭോക്താക്കൾക്കാണ് വായ്പാകുടിശ്ശിക എഴുതിത്തള്ളിയതിന്റെ പ്രയോജനം ലഭിച്ചതെന്ന് വെളിപ്പെടുത്താമോ;

(ഇ) അനർഹർക്കാണ് വായ്പാകുടിശ്ശിക എഴുതിത്തള്ളിയതിന്റെ ആനുകൂല്യം ലഭിച്ചത് എന്ന മാധ്യമ വാർത്തകൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് 1-10-2015-ലെ സ.ഉ.(അ)നമ്പർ. 71/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 39,52,41,000 രൂപ ടി കോർപ്പറേഷനിൽ നിക്ഷേപിച്ചിട്ടുണ്ട്. അർഹരായ 3275 പട്ടികവർഗ്ഗക്കാരുടെ 9,17,34,154 രൂപയുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്. വായ്പാ കുടിശ്ശിക തീയതിയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതാണ്.

(ഡി) കൊല്ലം, ആലപ്പുഴ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ അർഹരായ 3275 പട്ടികവർഗ്ഗക്കാരുടെ 9,17,34,154 രൂപയുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്.

(ഇ) അനർഹർക്കാണ് വായ്പാകുടിശ്ശിക എഴുതിത്തള്ളിയതെന്ന മാധ്യമ വാർത്തകൾ 2016 വർഷത്തിൽ പ്രചരിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ അന്വേഷണം നടത്തുകയുണ്ടായി. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നതിൽ മാനന്തവാടി ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് അധികൃതരുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചകളാണ് ആരോപണങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ളത്. ശ്രീ. കേളു. പി. ആർ, ബാബു. സി., ബിന്ദു. ടി. കെ., എന്നിവരുടെ കാലാവധി പൂർത്തീകരിക്കാത്ത ലോൺ എഴുതിത്തള്ളിയതായും രാജൻ. സി., ദേവകി. കെ. കെ., എന്നിവരുടെ 2 ലോണുകൾ വീതം എഴുതിത്തള്ളിയതായും ബാബു. സി. യുടെയും ഭാര്യ ബിന്ദു. ടി. കെ. യുടെയും ലോൺ എഴുതിത്തള്ളുകവഴി ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ പേരുടെ ലോൺ എഴുതിത്തള്ളിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം എഴുതിത്തള്ളിയ മുഴുവൻ തുകയും പത്രവാർത്ത വന്നതിനുശേഷം 8-11-2016-ൽ ബാങ്കിൽ തിരിച്ചടച്ചിട്ടുണ്ട്.

**'ആശിക്കും ഭൂമി ആദിവാസികൾക്ക്"**

32(685) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മുതൽ 'ആശിക്കും ഭൂമി ആദിവാസികൾക്ക് ' പദ്ധതിപ്രകാരം പത്തനംതിട്ട ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര എണ്ണത്തിന് ഇതുവരെ തീർപ്പുകൽപ്പിക്കുവാനായി വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവശേഷിക്കുന്ന അപേക്ഷകർക്ക് ഭൂമി നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവർക്ക് എന്നത്തേക്ക് ഭൂമി നൽകാനാകും; വിശദീകരിക്കാമോ?

ഉത്തരം

(എ) 2015 മുതൽ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ 82 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 47 അപേക്ഷകർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) ഭൂമി വാങ്ങി നൽകുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി എന്നൊരു പുതിയ പദ്ധതി നിലവിൽ വന്നതിനാൽ ലാൻഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ഏറനാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനി വികസന പദ്ധതികൾ

33(686) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച ഹാംലെറ്റ് വികസന പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി തുടങ്ങിയ വിവിധതരം പദ്ധതികൾ ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനിയിലേക്കുള്ള റോഡ് നിർമ്മാണ പ്രവൃത്തി കിറ്റ്കോ മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഹാംലറ്റ് വികസന പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുവമ്പാടം കോളനിയെയും 2016-17 വർഷം പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം വെള്ളാമ്പുറം കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഹാംലറ്റ് വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പെരുവമ്പാടം കോളനിയിൽ ടി പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വെള്ളാമ്പുറം കോളനിയിൽ റോഡ്/നടപ്പാതകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, ഭവന പുനരുദ്ധാരണം, സാംസ്കാരിക നിലയം/സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) പാലക്കയം കോളനിയിലേയ്ക്ക് നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് കിറ്റ്കോയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## ചെമ്പ്ര കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണം

34(687) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചെമ്പ്ര കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തികളുടെ ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഈ പ്രവൃത്തി ഏത് ഏജൻസി വഴിയാണ് നിർവ്വഹിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ടി പ്രവൃത്തിയുടെ കരാറുകാരന്റെ പേരും വിലാസവും ഫോൺ നമ്പരും ലഭ്യമാക്കാമോ;

(ഇ) കരാറിന് വിരുദ്ധമായി പ്രവൃത്തിയിൽ, കാലതാമസം വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുമോ എന്നറിയിക്കാമോ;

(എഫ്) മേൽ കരാറുകാരൻ പി.എൻ.ടി.ജി. പദ്ധതിയിൽ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ് 19 സ്കീമിലുൾപ്പെട്ട ചെമ്പ്ര പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കരാറുകാരൻ ജോലികൾ ചെയ്യാമെന്ന് ആരംഭഘട്ടത്തിൽ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുടർന്ന് കരാറുകാരന് നോട്ടീസ് അയയ്ക്കുകയും കരാർ റദ്ദാക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കിറ്റ്കോ ലിമിറ്റഡ്.

(ഡി) M/s ജാസ് അസ്സോസിയേറ്റ്സ്, സെന്റ് സേവ്യർ കോളേജ് ബിൽഡിംഗ്, കറുകുറ്റി

ഫോൺ നമ്പർ - 9846242047

(ഇ) കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് വിശ്വാസവഞ്ചന, കൃത്യവിലോപം, ഗുരുതര കരാർ ലംഘനം എന്നീ കുറ്റങ്ങൾ ആരോപിച്ച് M/s ജാസ് അസോസിയേറ്റ്സിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കിറ്റ്കോ ലിമിറ്റഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പി.എൻ.ടി.ജി. പദ്ധതി ഈ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല.

## കോളനികളിലെ വികസന പദ്ധതികൾ

35(688) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം കോളനികളിൽ നടപ്പിലാക്കുന്ന ഒരു കോടി രൂപയുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന റിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഇരിക്കൂർ മണ്ഡലത്തിൽ കരയത്തുംചാൽ, ചെമ്പുവവെച്ചമൊട്ട, പെരുവട്ടം, തോപ്പിലായി, മാവുംതട്ട് എന്നീ 5 പട്ടികവർഗ്ഗ കോളനികളെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം ഒരു കോടി രൂപ വീതം ചെലവഴിച്ച് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ഇരിക്കൂർ മണ്ഡലത്തിൽനിന്നും പട്ടികജാതി കോളനികളെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ടി കോളനികളുടെ ഡി.പി.ആർ.-ന് 15-2-2020-ൽ ചേർന്ന ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) നിർവ്വഹണ ഏജൻസിയുമായുള്ള കരാർ തീയതി മുതൽ 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

36(689) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ 2018-19-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏത് കോളനിയെയാണ് നവീകരിക്കാൻ തെരഞ്ഞെടുത്തിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം പ്രൊപ്പോസ് ചെയ്ത കോളനി പര്യാപ്തമല്ലായെങ്കിൽ പകരം കോളനി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; ആയതിന്റെ പ്രൊപ്പോസൽ തയ്യാറാക്കുവാൻ വകുപ്പുതലത്തിൽ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2018-19 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും കോളനികളൊന്നും തന്നെ തെരഞ്ഞെടുത്തിട്ടില്ല.

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം**

37(690) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന് 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന തലത്തിൽ എത്ര തുകയാണ് നീക്കിവെച്ചിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നതും വിവരിക്കാമോ;

(ബി) ഈ കാലയളവിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക എത്രയാണെന്നത് അറിയിക്കാമോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം വികസന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 42,60,00,000 രൂപയും (നാൽപത്തി രണ്ട് കോടി അറുപത് ലക്ഷം രൂപ മാത്രം), 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയും സംസ്ഥാനതലത്തിൽ അനുവദിച്ചിട്ടുണ്ട്. ആയതിൽ 2018-19 സാമ്പത്തിക വർഷം 2,37,25,911 രൂപയും 2019-20 വർഷം 12,70,94,434 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം 110 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയും വകയിരുത്തിയിരുന്നു. ആയതിൽ 2018-19 വർഷം 3,61,00,000 രൂപയും, 2019-20 നാളിതുവരെ 11,13,73,013 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ തുക ചെലവഴിച്ചിട്ടില്ല.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മണ്ണാറത്തറ പട്ടികജാതി കോളനിയിൽ റോഡ് നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ 90% പൂർത്തീകരിച്ചിട്ടുണ്ട്. ചെറുമിക്കാട് പട്ടികജാതി കോളനിയിൽ റോഡ് നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ

38(691) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര സങ്കേതങ്ങൾക്ക് പ്രയോജനമുണ്ടാകുമെന്നും വ്യക്തമാക്കാമോ; ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു പ്രവൃത്തിയും ആരംഭിക്കാത്ത എത്ര സങ്കേതങ്ങൾ ഉണ്ടെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിന്റെ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം സങ്കേത വികസനത്തിനായി നാളിതുവരെ 22.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതുവഴി 95 പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പ്രയോജനമുണ്ടാകുന്നതാണ്. ആയതിൽ 3 സങ്കേതങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 34 കോളനികളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 430 പട്ടികജാതി കോളനികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 142.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 20 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ചെമ്പക്കാട് കോളനിവാസികൾക്ക് വാസയോഗ്യമായ വീട്

39 (692) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ചെമ്പക്കാട് കോളനിയിൽ വാസയോഗ്യമായ വീടില്ലാത്ത മുപ്പത്തിനാല് ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങളെ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ചെമ്പക്കാട് പട്ടികവർഗ്ഗ കോളനിയിൽ വാസയോഗ്യമായ വീടില്ലാത്ത 14 കുടുംബങ്ങളെയും, ഭൂമിയുള്ള ഭവനരഹിതരായ 20 കുടുംബങ്ങളെയും കണ്ടെത്തിയിട്ടുണ്ട്. ടി 34 കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

## അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി

40(693) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ രണ്ട് കോളനികളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കാരന്തോട്, മാടക്കാംപൊയിൽ എന്നീ പട്ടികജാതി കോളനികളെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ എയ്യൻകല്ല്, പട്ടുത്തുവയൽ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ഡി.പി.ആർ 15-2-2020-ൽ കൂടിയ ജില്ലാതല പ്രവർത്തക സമിതി അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ കോളനികളിൽ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച ഡി.പി.ആർ. ജില്ലാതല സമിതി പരിശോധിച്ചതിൽ പിഴവുകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തി ഡി.പി.ആർ. ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായതിനാലും പട്ടികജാതി കോളനികളിൽ ഏജൻസി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലുമാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ വൈകിയത്. പട്ടികജാതി കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും 10% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകരയിൽ അംബേദ്കർ ഗ്രാമം പദ്ധതി**

41(694) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2019-20 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി കോളനി ഏത് എന്ന് വ്യക്തമാക്കുമോ;

(ബി) അംബേദ്കർ ഗ്രാം പദ്ധതിയിൽ എത്ര കോടി രൂപയാണ് അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഒരു കോളനിയും എം.എൽ.എ. ശിപാർശ ചെയ്തിട്ടില്ല.

(ബി) 2016-17 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത ഓരോ കോളനിയിലും ഒരു കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ഒരു കോളനിയിൽ അനുവദിക്കുന്നത്.

## വനാവകാശ നിയമം നടപ്പിലാക്കൽ

42(695) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ; ഇല്ലെങ്കിൽ ഇതിനകം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വന സംരക്ഷണം ആദിവാസികളെ ഏല്പിക്കണമെന്ന വനാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കാത്തതിന്റെ കാരണം അധികൃതരുടെ ഭാഗത്ത് നിന്നുള്ള നിസ്സഹകരണവും താല്പര്യക്കുറവുമാണെന്ന ആക്ഷേപം പരിഗണിച്ച് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തി കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ സംസ്ഥാനം ഏറെ പിന്നിലാണെന്ന ആക്ഷേപം വസ്തുതാപരമല്ല. വനാവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനമൊട്ടാകെ 661 വനാവകാശ കമ്മിറ്റികൾ മുഖേന (FRC) 43237 അപേക്ഷകൾ ലഭിച്ചതിൽ 26766 അപേക്ഷകൾ DLC പാസ്സാക്കി നൽകിയിട്ടുണ്ട്. 26256 പേർക്ക് 34682.13 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ബാക്കിയുള്ളതിൽ DLC പാസ്സാക്കിയ 510 അപേക്ഷകളിൽ കൈവശാവകാശ രേഖ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 11701 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6171 അപേക്ഷകൾ പുതിയതായി ലഭിക്കുകയും മുമ്പ് DLC പാസ്സാക്കിയത് ഉൾപ്പെടെ 1311 പേർക്ക് 1608.75 ഏക്കർ ഭൂമിയുടെ കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. 4326 അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വേ നടപടികളും നടന്നുവരുകയാണ്.

(ബി) വന സംരക്ഷണം ആദിവാസികളെ ഏൽപ്പിക്കണമെന്ന വനാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം സംസ്ഥാനമൊട്ടാകെ 661 FRC-കൾ രൂപീകരിച്ചിട്ടുണ്ട്.

(സി) വനാവകാശ കമ്മിറ്റികൾ കൂടിയാണ് പുതിയ അപേക്ഷകൾ ഗ്രാമസഭയ്ക്ക് ശിപാർശ ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്ന അവസരത്തിൽ 579 വനാവകാശ കമ്മിറ്റികളാണുണ്ടായിരുന്നത്. നിർജ്ജീവമായ FRC-കൾ പുനഃസംഘടിപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിനെത്തുടർന്ന് ആയവ പുനരുജ്ജീവിപ്പിക്കുകയും സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ പുതിയതായി 82 FRC-കൾ കൂടി രൂപീകരിക്കുകയും ചെയ്തശേഷം നിലവിൽ 661 FRC-കൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. വനാവകാശ കമ്മിറ്റികളുടെ അടിയന്തര ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്നതിന് പി.ഒ./റ്റി.ഡി.ഒ.-മാർക്ക് നിർദ്ദേശംനൽകി അവയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെമ്പർമാർക്ക് പരിശീലന ക്ലാസ്സുകൾ നൽകുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ഉദ്യോഗസ്ഥർക്കും വനാവകാശ സമിതി അംഗങ്ങൾക്കും ഈ മേഖലയിലെ വിദഗ്ദ്ധരെ ഉപയോഗിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വനാവകാശ കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

43(696) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് തുക അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിശീലനത്തിലൂടെ മെരിറ്റിൽ അഡ്മിഷൻ നേടുന്നതിന് കുട്ടികളെ പര്യാപ്തരാക്കുവാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തൊക്കെ സാമ്പത്തിക സഹായമാണ് അനുവദിക്കുന്നത്; കഴിഞ്ഞ വർഷം എത്ര വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സഹായം അനുവദിച്ചു; വിശദമാക്കാമോ;

(ഇ) കേന്ദ്ര സർക്കാർ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് നൽകുന്ന പ്രീമെട്രിക് സ്കോളർഷിപ്പിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(എഫ്) വരുമാന പരിധി കാരണം സ്കോളർഷിപ്പ് ലഭിക്കാത്ത കുട്ടികൾക്ക് സംസ്ഥാന സർക്കാർ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് ഈ സർക്കാർ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>പട്ടികജാതി വികസന വകുപ്പ്</u>

1. പട്ടിക വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 50% വർദ്ധിപ്പിച്ചു. [സ.ഉ.(പി)4/16/പജപവവിവ തീയതി 23-7-2016]
2. ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Polytechnic, Bsc, Msc (Computer Science), Msc (Electronics), MBBS, BAMS, BHMS, BVS, LAH, MBA, B.Arch, Mphil, Ph.D എന്നീ കോഴ്സുകൾ ഉൾപ്പെടുത്തി.
3. ബി.ടെക് വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി റെമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി.
4. നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകുന്ന പദ്ധതി.
5. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷ ആരംഭത്തിൽ ചെലവ് കണ്ടെത്തുന്നതിനായി 2,000 രൂപ വീതം നൽകുന്ന പദ്ധതി.

6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.

7. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഠനമുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

8. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് (+2 പഠനത്തിന് ശേഷം) ധനസഹായം.

9. വകുപ്പിന്റെ നിയന്ത്രണത്തിൽ മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ (ICSETS), 30 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം പ്രസ് ക്ലബ്ബ് ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ജേർണലിസം ഡിപ്ലോമ കോഴ്സ് 26-9-2019-ലെ സ.ഉ. (സാധാ)നമ്പർ 1056/19/പ.ജ.പ.വ.വി.വ. പ്രകാരം ആരംഭിച്ചു.

10. പാലക്കാട് ജില്ലയിൽ പുതുതായി ഒരു ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു.

11. ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഏർപ്പെടുത്തി.

12. ഹോസ്റ്റൽ പ്രവേശനം ലഭിക്കാത്ത അർഹരായ വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നതിന് പ്രതിമാസം 4,500 രൂപ അനുവദിച്ചു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

1. പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകയോഗ്യതയുള്ള യുവതീ യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി

2. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠന മുറി പദ്ധതി

3. അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി.

4. തെരഞ്ഞെടുക്കപ്പെട്ട 32 പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് രണ്ടാം വർഷം പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണ പദ്ധതി.

5. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് സമഗ്ര-സാക്ഷരത പദ്ധതി

6. ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക്ടോപ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തലയിൽ "സെന്റർ ഓഫ് സ്കിൽ എക്സലൻസ്."

7. വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് സ്മാർട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി., സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര ദ്രാവക മാലിന്യസംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ, ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം, ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി എന്നിവ സ്ഥാപിക്കുന്ന പദ്ധതി.

8. എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

9. കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിലുള്ള എം.ആർ.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതി.

10. പുതുതായി ഒരു എം.ആർ.എസും ഒരു സ്പോർട്സ് സ്കൂളും ആരംഭിക്കുന്നതിനുള്ള പദ്ധതി.

11. ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

12. കിഫ്ബി ഫണ്ടുപയോഗിച്ച് 4 പ്രീ-മെട്രിക് ഹോസ്റ്റലും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും (2 എണ്ണം) നിർമ്മിക്കുന്നതിനുള്ള പദ്ധതി.

13. കേന്ദ്രാനുമതിയോടെ 4 ഹോസ്റ്റലുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള പദ്ധതി.

14. ജുഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജുഡീഷ്യൽ സർവ്വീസ് പരീക്ഷ പരിശീലന പദ്ധതി.

(ബി) പ്ലസ്-ടു പഠനം കഴിഞ്ഞ 6 ലക്ഷത്തിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് 54,000 രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നീറ്റ്, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പരിശീലനം നൽകുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും നടപ്പിലാക്കിവരുന്നുണ്ട്.

(സി) പ്രസ്തുത പരിശീലനത്തിലൂടെ മെരിറ്റിൽ പ്രോഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. 2019-20 വർഷത്തിലാണ് പദ്ധതി ആരംഭിച്ചത് എന്നതിനാൽ അതിന്റെ റിസൾട്ട് പരിശോധിക്കുവാൻ സമയമാകുന്നതേയുള്ളൂ.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ പ്രശസ്തമായ എൻട്രൻസ് പരിശീലന സ്ഥാപനങ്ങളിൽവച്ച് 100 പേർക്ക് ഒരു മാസത്തെ ക്രാഷ് കോഴ്സും 80 പേർക്ക് 10 മാസത്തോളം നീണ്ടുനിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സും നടത്തിവരുന്നു.

2018-19 വർഷം 10 മാസക്കാലം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 80 വിദ്യാർത്ഥികൾ പങ്കെടുക്കുകയും ആയതിൽ 70 വിദ്യാർത്ഥികളും 2019 വർഷം ഒരു മാസത്തെ ക്രാഷ് പരിശീലന പരിപാടിയിൽ പങ്കെടുത്ത 97 വിദ്യാർത്ഥികളിൽ 44 വിദ്യാർത്ഥികളും നീറ്റ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പരിശീലനത്തിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾ പ്രവേശനം നേടുന്നതിനുള്ള അവസരം ലഭിക്കുന്നുണ്ട്.

(ഡി) വിദേശത്ത് ഉന്നതപഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4-10-2012-ലെ സ.ഉ.(എം.എസ്.)നമ്പർ 81/2017/പ.ജ.പ.വ.വി.വ. പ്രകാരം ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസസ്, വിമാനയാത്രാ ചാർജ്, വിസാ ചാർജ്, ഇൻഷ്വറൻസ് എന്നിവ ഉൾപ്പെടെ പരമാവധി 25 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. കഴിഞ്ഞ വർഷം (2018-19-ൽ)12 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ഒരു പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥിക്കും 2019-20 സാമ്പത്തിക വർഷം മൂന്ന് വിദ്യാർത്ഥികൾക്കും ഈ പദ്ധതി പ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്.

(ഇ) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകുന്ന കേന്ദ്ര സർക്കാരിന്റെ പ്രീമെട്രിക് സ്കോളർഷിപ്പിന് വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത പരിധി 6 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും വരുമാന പരിധി ഇല്ലാതെ സംസ്ഥാന സർക്കാരിന്റെ പ്രീമെട്രിക് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

## മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

44(697) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയിട്ടുള്ള ഗവേണിംഗ് ബോഡി മീറ്റിംഗുകളുടെ വിശദ വിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് ടി സ്കൂളുകളിൽ കൊണ്ടുവരാനായി കഴിഞ്ഞിട്ടുള്ളത്; വിശദ വിവരം നൽകുമോ?

ഉത്തരം

(എ&ബി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാനതലത്തിൽ ഗവേണിംഗ് ബോഡിയും ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായ എക്സി. കമ്മിറ്റിയും സ്കൂൾ തലത്തിൽ ഉപദേശക സമിതിയുമാണുള്ളത്. ഇവയുടെ യോഗവിവരങ്ങൾ ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

## പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

45(698) ശ്രീ. ഒ. ആർ. കേളു :
ശ്രീ.കെ. വി. വിജയദാസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) സ്വന്തം വീടുകളിൽ ഗൃഹപാഠങ്ങൾ ചെയ്യുവാനും പഠിക്കുവാനും വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് ഒരുമിച്ചിരുന്ന് പഠിക്കുന്നതിനായി സാമൂഹ്യപഠന മുറികൾ സജ്ജമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇത്തരം സാമൂഹ്യപഠന മുറികൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളതെന്നും കൂടുതൽ പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. <u>സാമൂഹ്യപഠനമുറി</u>

   പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. 2017-18 വർഷം 100 പഠനമുറികൾ ആരംഭിച്ചു. ടി പഠനമുറികൾ വഴി 3000 കുട്ടികൾക്ക് പഠനസൗകര്യം ലഭ്യമാക്കിവരുന്നു. 2018-19-ൽ 150 പഠനമുറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇവയിൽ 84 പഠനമുറികളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ടി പഠനമുറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. <u>ഗോത്രബന്ധു</u>

   വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, അട്ടപ്പാടി മേഖലകളിൽ 267 മെന്റർ ടീച്ചർമാരെ നിയമിച്ചു. 13620 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം ജില്ലകളിൽ 59 പേരെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ലാപ്ടോപ് വിതരണം

ലാപ്ടോപ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം 2018-19 വർഷം 400 കുട്ടികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു. 2019-20 വർഷം 371 കുട്ടികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

4. സമഗ്ര-സാക്ഷരതാ പദ്ധതി

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും അവരെ മോചിതരാക്കുന്നതിന് വിവിധ ജില്ലകളിൽ നിന്നും 100 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് ആദിവാസി സാക്ഷരത - തുല്യതാ പരിപാടി-സമഗ്ര നടപ്പിലാക്കിവരുന്നു. 2017-18 വർഷം 1996 പേർ സാക്ഷരത കൈവരിച്ചിട്ടുണ്ട്. തുടർന്ന് നാലാംതരം തുല്യതാ പരീക്ഷയിൽ 1555 പേരെയും 7-ാം തരം തുല്യതാ പരീക്ഷയിൽ 959 പേരെയും പങ്കെടുപ്പിച്ചിട്ടുണ്ട്.

5. വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ 2019-20 വരെ ആകെ 5 കുട്ടികൾക്ക് വിദേശപഠന സ്കോളർഷിപ്പായി 1,25,76,676 രൂപ അനുവദിച്ചു.

6. നൈപുണ്യ വികസന പദ്ധതി

2016-17 വർഷം മുതൽ 2018-19 വർഷം വരെ തൊഴിൽ-നൈപുണ്യ വികസനത്തിന് 27 കോഴ്സുകളിലായി 12 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന, 3706 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. ഇവരിൽ 2161 പേർക്ക് തൊഴിൽ ഉറപ്പുവരുത്തി. ടി പരിശീലനത്തിന്റെ ഭാഗമായി 23 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2019-20 വർഷം 2775 പേർക്ക് പരിശീലനം നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അവരിൽ 1725 പേരുടെ പരിശീലനം ആരംഭിക്കുകയും 170 പേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 1050 പേരുടെ പരിശീലനം താമസിയാതെ ആരംഭിക്കുന്നതാണ്.

7. <u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u>

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ., നഴ്സിംഗ്, ബിരുദം എന്നീ യോഗ്യതകൾ നേടിയ 200-ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള കോഴ്സുകൾ തെരെഞ്ഞെടുക്കുകയും ചെയ്തു.

(ബി) ഗൃഹപാഠങ്ങൾ ചെയ്യുവാനും പഠിക്കുവാനും സ്വന്തം വീടുകളിൽ വേണ്ടത്ര സൗകര്യങ്ങളില്ലാത്ത വിദ്യാർത്ഥികൾക്ക് ഒരുമിച്ചിരുന്ന് പഠിക്കുന്നതിനായി, 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരവരുടെ കോളനികളിൽ ഒരേ സമയം പഠനം നടത്തുവാൻ കഴിയുന്ന തരത്തിലുള്ള സാമൂഹ്യ പഠന മുറികൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം അനുവദിച്ച 100 സാമൂഹ്യപഠനമുറികൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. 2018-19 വർഷം 150 സാമൂഹ്യ പഠന മുറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. ആയതിൽ 84 സാമൂഹ്യ പഠന മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്റർ നിയമനം നടത്തുന്ന മുറയ്ക്ക് ടി സാമൂഹ്യ പഠന മുറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനമാകും വിധം പുതിയ കേന്ദ്രങ്ങളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സാമൂഹ്യ പഠനമുറികളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊടക്കാട് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് 2 കോഴ്സ്**

46(699) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കൊടക്കാട് നല്ല നിലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായുള്ള മോഡൽ റെസിഡൻസ് സ്കൂളിൽ പ്ലസ് 2 കോഴ്സ് എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

കാസർഗോഡ് ജില്ലയിലെ കൊടക്കാട് വെള്ളച്ചാൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ +2 കോഴ്സ് ആരംഭിക്കുന്നതിനായി, KIIFB മുഖാന്തിരം 100 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുള്ളതുമായ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ സ്കൂളിൽ +2 കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി**

47(700) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം.ഷാജി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രകാരം ഏതെല്ലാം രാജ്യങ്ങളിൽ തൊഴിൽ നേടാനായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പോളണ്ടിലെ തൊഴിൽ മേഖലയിൽ അവസരം ലഭിക്കുന്നതിന് എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് ഹോട്ടൽ മാനേജ്മെന്റ്, Pipe Fabricator/Fitter Industrial electrician എന്നീ കോഴ്സുകളിൽ പരിശീലനം നൽകി യു.എ.ഇ., സൗദി അറേബ്യ, ഒമാൻ/ഖത്തർ മുതലായ വിദേശരാജ്യങ്ങളിൽ 360 പേർക്ക് തൊഴിൽ ലഭ്യമാക്കാനായിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നൈപുണ്യ വികസന പദ്ധതി മുഖേന പരിശീലനം ലഭിച്ച 23 ഉദ്യോഗാർത്ഥികൾക്ക് യു.എ.ഇ.-യിൽ ജോലി ലഭിച്ചിട്ടുണ്ട്.

(ബി) ഇന്ത്യയിലെ പോളിഷ് എംബസിയിലെ ചേംബർ ഓഫ് കൊമേഴ്സിന്റെ പ്രതിനിധികളുമായി വകുപ്പുമന്ത്രി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. പോളണ്ടിൽ നിലവിലുള്ള വിവിധ തൊഴിൽ മേഖലയിലേയ്ക്ക് പോളണ്ട് സർക്കാരിന്റെ അനുമതിയോടെ കുട്ടികളെ അയയ്ക്കുന്ന കാര്യത്തിൽ തുടർ ചർച്ചകൾ നടന്നുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ തസ്തികകൾ സൃഷ്ടിക്കൽ

48(701) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ വാച്ച്മാൻമാരുടെ ജോലിഭാരം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ ഈ വാച്ച്മാൻമാരുടെ അധിക തസ്തിക സൃഷ്ടിച്ച് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയെങ്കിലും പട്ടികജാതി ഹോസ്റ്റലുകളിൽ ഇപ്പോഴും വാച്ച്മാൻമാർ 24 മണിക്കൂറും ജോലി ചെയ്യേണ്ട സാഹചര്യം നിലനൽക്കുന്നതിനാൽ പട്ടികജാതി ഹോസ്റ്റലുകളിലും അധിക തസ്തിക സൃഷ്ടിച്ച് വാച്ച്മാന്മാരുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ കുക്ക് തസ്തികയിൽ ജോലി ചെയ്യുന്നവർ 24 മണിക്കൂറും തുടർച്ചയായി ജോലി ചെയ്യേണ്ട സാഹചര്യം നിലവിലുള്ളതിനാൽ ഇവരുടെ ജോലിഭാരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പട്ടികജാതി -പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ നിലവിൽ ഒരു പാർട്ട്ടൈം സ്വീപ്പറുടെ തസ്തിക മാത്രമുള്ളതിനാൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ഹോസ്റ്റലുകളിൽ പാർട്ട്-ടൈം സ്വീപ്പർമാർക്ക് അധികജോലി ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ ഇത്തരത്തിലുള്ള ഹോസ്റ്റലുകളിൽ പാർട്ട്-ടൈം സ്വീപ്പർമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിലെ വാച്ച്മാൻമാരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സ്വീപ്പിംഗ് ഏരിയയുടെ അടിസ്ഥാനത്തിൽ പാർട്ട്-ടൈം സ്വീപ്പർമാരുടെ അധിക തസ്തിക സൃഷ്ടിക്കേണ്ടതുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കാനം വയൽ പട്ടികവർഗ്ഗ കോളനിയിലെ പാലം നിർമ്മാണം

49(702) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വരുന്ന കാനം വയൽ പട്ടികവർഗ്ഗ കോളനിയിലേക്ക് പാലം നിർമ്മിക്കാൻ കോർപ്പസ് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്ന പാലം പണിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പാലത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തി അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക കുറച്ച് അറുപത്തിയഞ്ച് ലക്ഷം രൂപയ്ക്ക് പാലം നിർമ്മിക്കാൻ ടെക്നിക്കൽ അനുമതി നൽകാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പയ്യന്നൂർ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ വരുന്ന കാനം വയൽ പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള കോൺക്രീറ്റ് പാലത്തിന്റെ രണ്ട് ഫൗണ്ടേഷൻ അബട്ട്മെന്റ് നിലവിൽ പൂർത്തിയായിട്ടുണ്ട്.

(ബി) പാലം പണിയുന്നതിനായി ഭരണാനുമതി ലഭ്യമായ 1.5 കോടി രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും 65 ലക്ഷം രൂപയുടെ സാങ്കേതികാനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. കോളനിയുടെ ഭാഗത്തു കൂടി ഒഴുകുന്ന പുഴയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി ലഭിക്കാത്തതിനാലാണ് 65 ലക്ഷം രൂപയായി പരിമിതപ്പെട്ടത്. പുഴയുടെ സംരക്ഷണം ജലസേചന വകുപ്പിന്റെ ചുമതലയായതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന് സാങ്കേതികാനുമതി നൽകുവാൻ കഴിയില്ലെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് പുഴയുടെ അരികിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ നേരിട്ട് സ്ഥലം പരിശോധിച്ച് പാലം പണിയുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്കും, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം**

50(703) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ പാലക്കാട് ജില്ലക്ക് എത്ര തുക ലഭ്യമാക്കിയിരുന്നുവെന്ന വിവരം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഈ കാലയളവിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 2019-20 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ 9,55,74,500 രൂപ (ഒൻപത് കോടി അൻപത്തിഅഞ്ച് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി&സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2019-20-ൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഇല്ല.

**കോർപ്പസ് ഫണ്ട് മുഖേനയുള്ള കുടിവെള്ള പദ്ധതികൾ**

51(704) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2020 വരെ കോർപ്പസ് ഫണ്ട് മുഖേന വേങ്ങര നിയോജക മണ്ഡലത്തിലെ വിവിധ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ വകുപ്പ് അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്നും ഇവയിൽ ഏതൊക്കെ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഇപ്രകാരമുള്ള ഓരോ പദ്ധതിക്കും അനുവദിച്ചിരുന്ന തുകയെത്രയാണെന്നും നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2017 മുതൽ 2020 വരെ കോർപ്പസ് ഫണ്ട് മുഖേന വേങ്ങര നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ള പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

**കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

52(705) <u>ശ്രീ. എൻ . എ. നെല്ലിക്കുന്ന് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ പറ്റുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിക്കാൻ കഴിയുമോയെന്നും എങ്കിൽ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.* ആലപ്പുഴ, കോട്ടയം, വയനാട് ജില്ലകളിലെ പ്രവൃത്തികൾ ശേഖരിച്ചു നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാതലത്തിൽ വിനിയോഗിക്കേണ്ടതും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പാക്കേണ്ടതുമാണ്. ജില്ലകൾക്ക് അനുവദിക്കുന്ന ഫണ്ടിൽനിന്ന് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കായി പരമാവധി 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് ജില്ലാതലത്തിൽ അനുമതി നൽകേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കുടിവെള്ള വിതരണം: പട്ടികജാതി വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗങ്ങൾക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃലിസ്റ്റ്, സോഷ്യൽമാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

2. ഗതാഗത സൗകര്യ വികസനം: കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം.

3. വൈദ്യുതി വിതരണം: പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവ മാത്രം.

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് പ്രോജക്ടുകൾ ഡയറ്റിന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹിക്കാവുന്നതാണ്.

   നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനം നടപ്പിലാക്കി ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാതെ വരികയാണെങ്കിൽ ടി തുക വിനിയോഗിക്കാവുന്നതാണ്.

5. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ

(സി) കോർപ്പസ് ഫണ്ടുപയോഗിച്ച് കോളനിക്കുള്ളിലെ റോഡുകൾ ഫീസിബിലിറ്റി ഉറപ്പാക്കി നടപ്പിലാക്കാവുന്നതാണ്. മൊത്തം ഗുണഭോക്തൃ കുടുംബങ്ങളിൽ 51% ഏതെങ്കിലും പട്ടികജാതിയിൽപ്പെട്ടവരായിരിക്കണം.

## ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

53(706) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ടുപയോഗിച്ച് 1-6-2016 മുതൽ 31-3-2019 വരെനടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗദ്ദിക പ്രദർശന വിപണന മേള

54(707) ശ്രീ. ആർ. രാജേഷ്
ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. എം. മുകേഷ്
ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനതു കലകളും സംരക്ഷിക്കുന്നതിനും അവരുടെ പരമ്പരാഗത ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുമായി നടത്തിയ 'ഗദ്ദിക' പ്രദർശന വിപണന മേള ഏതെല്ലാം ജില്ലകളിലാണ് സംഘടിപ്പിച്ചതെന്ന് അറിയിക്കാമോ;

(ബി) ഗോത്ര സമൂഹങ്ങളുടെ പരമ്പരാഗത രുചിക്കൂട്ടുകളും വനവിഭവങ്ങളും പൈതൃകമായി പകർന്ന് കിട്ടിയ വൈദ്യ ചികിത്സാ രീതികളും പൊതുജനങ്ങൾക്ക് അനുഭവിച്ചറിയാനുള്ള അവസരം പ്രസ്തുത മേളയിൽ ഒരുക്കിയിട്ടുണ്ടോ;

(സി) ഈ രംഗത്തുള്ള സംരംഭകർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആഗോള തലത്തിൽ വ്യാപാരം വ്യാപിപ്പിക്കുന്നതിനും ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ)

2016-17

1. പാലക്കാട് (വടക്കഞ്ചേരി)
2. കോഴിക്കോട് (വളയം)

2017-18

3. കൊല്ലം (പത്തനാപുരം)
4. മലപ്പുറം (പൊന്നാനി)

2018-19

5. തിരുവനന്തപുരം (ആറ്റിങ്ങൽ)
6. കാസർഗോഡ് (പീലിക്കോട്)

2019-20

7. ആലപ്പുഴ (മാവേലിക്കര)

8. കണ്ണൂർ

(ബി) ഉണ്ട്.

വിവിധ ഗോത്ര വിഭാഗങ്ങളുടെ തനത് ഭക്ഷ്യ വിഭവങ്ങളുടെ തൽസമയ നിർമ്മാണവും പ്രദർശന പരിപാടിയുടെ ഭാഗമാണ്.

(സി) ഗദ്ദികയിൽ പങ്കെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ ഉൽപ്പന്നങ്ങളെ ആഗോളതലത്തിൽ വ്യാപാരം കണ്ടെത്തുന്നതിനായി ആമസോൺ, ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിൽ 'ഗദ്ദിക' എന്ന പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ 6 മാസമായി നടന്നുവരുന്ന പ്രക്രിയയുടെ ഭാഗമായി 240 പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകരുടെ ഉൽപ്പന്നങ്ങള ഇ-കോമേഴ്സ് സൈറ്റിൽ ലഭിച്ചിട്ടുണ്ട്. 2019 ഡിസംബർ മാസം ആരംഭിച്ച പദ്ധതിയിലൂടെ ഇതിനകം തന്നെ 85,000 രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്. www.amazon.in എന്ന വെബ്സൈറ്റിൽ ഗദ്ദിക എന്ന് സർച്ച് ചെയ്താൽ പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെ വിവിധ ഉൽപ്പന്നങ്ങളെ ലഭ്യമാകും.

## ഉദുമ നിയോജകമണ്ഡലത്തിലെ മൂന്ന് റോഡുപദ്ധതികളുടെ തുക പഞ്ചായത്തിന് നൽകാൻ നടപടി

55(708) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിലെ എസ്.ടി കോർപ്പസ് ഫണ്ടിൽ ഉൾപ്പെട്ടതും 11-12-2018 നടന്ന സംസ്ഥാനതല വർക്കിങ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതുമായ ഉദുമ നിയോജകമണ്ഡലത്തിലെ മൂന്ന് റോഡുപദ്ധതികളുടെ തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകാത്തതിനാൽ പ്രവൃത്തി ടെൻണ്ടർ ചെയ്യാൻ പറ്റാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി നൽകിയ സാഹചര്യത്തിൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) മേൽ തുക ഗ്രാമപഞ്ചായത്തുകൾക്ക് എന്ന് നൽകും വിശദാംശങ്ങൾ അറിയിക്കാമോ;?

<u>ഉത്തരം</u>

(എ - സി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ചുവടെപറയുന്ന മൂന്ന് റോഡുകൾക്ക് തുക അനുവദിച്ച് നൽകിയിരുന്നില്ല:

1. കരിവേടകം - പള്ളക്കാട് - ചുഴിപ്പ് - കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്
2. ബാബയ്യമൂല കോളനി റോഡ് കോൺക്രീറ്റ് - ദേലംപാടി ഗ്രാമപഞ്ചായത്ത്
3. കളക്കര - കിഴക്കേത്തൊട്ടി റോഡ് ടാറിംഗ് - കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്.

പ്രസ്തുത റോഡുകളുടെ ഭരണാനുമതി നൽകിയത് 10-1-2019-നാണ്. ആ വർഷം പ്രളയക്കെടുതിമൂലം കോർപ്പസ് ഫണ്ടിൽനിന്നും 20% തുക പദ്ധതിയിൽ കുറവ് ചെയ്തിരുന്നു. കൂടാതെ പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം പ്രസ്തുത ഫണ്ടിൽനിന്ന് അനുവദിച്ച് നൽകിയിരുന്നു. പ്രളയക്കെടുതിമൂലം സ്വയം തൊഴിൽ, ജീവനോപാധി എന്നീ പദ്ധതികൾക്ക് മുൻഗണനനൽകി പദ്ധതി പൂർത്തീകരിക്കേണ്ടതിനാൽ ഭരണാനുമതി നൽകിയ 24.49 കോടി രൂപയുടെ പദ്ധതികൾ 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നു. പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ റോഡുകൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി സെപ്റ്റംബർ 2020-വരെ നീട്ടി നൽകുന്നതിന് സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ചക്ലിയർ സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്**

56(709) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചക്ലിയർ സമുദായത്തിൽപ്പെട്ടവർ തമിഴ്നാട്ടിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, തമിഴ്നാടിന്റെ അതിർത്തിഗ്രാമമായ മലക്കപ്പാറയിലും സമീപ പ്രദേശങ്ങളിലുമായി താമസിച്ചുവരുന്ന ചക്ലിയർ സമുദായത്തിൽപ്പെട്ടവരെ കേരളത്തിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും അതു പ്രകാരമുള്ള സഹായങ്ങൾ അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

1950-ന് മുൻപ് തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ കുടിയേറിപ്പാർത്ത ചക്കിലിയൻ വിഭാഗക്കാർക്ക് കോട്ടയം, കോഴിക്കോട്, കൊല്ലം, കണ്ണൂർ എന്നീ നാല് ജില്ലകളിൽ കിർത്താഡ്സ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചക്കിലിയൻ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തമിഴ്നാടിന്റെ അതിർത്തി ഗ്രാമമായ മലക്കപ്പാറയിലും സമീപ പ്രദേശങ്ങളിലുമായി താമസിച്ചുവരുന്ന ചക്കിലിയൻ സമുദായത്തിൽപ്പെട്ടവർക്ക് ചക്കിലിയൻ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നിവേദനമോ/ അപേക്ഷയോ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല.

**നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

57(710) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും, പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖാന്തരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം**

58(711) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി,പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമായി എത്ര തുകയാണ് വിതരണം ചെയ്തത് എന്ന് അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക സമയബന്ധിതമായി അർഹതപ്പെട്ടവർക്ക് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ ചികിത്സാ ധനസഹായമായി പട്ടികജാതിയിൽപ്പെട്ട 76344 പേർക്ക് 135,06,02,782 രൂപയും (നൂറ്റി മുപ്പത്തി അഞ്ച് കോടി ആറ് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം)പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 55981 പേർക്ക് ചികിത്സാ ധനസഹായമായി 17,46,00,274 രൂപയും (പതിനേഴ് കോടി നാല്പത്തിയാറ് ലക്ഷത്തി ഇരുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിലെ അർഹതപ്പെട്ടവർക്ക് ചികിത്സാ ധനസഹായ തുക ഓൺലൈൻ സംവിധാനമായ റ്റി-ഗ്രാൻസ് മുഖേന സമയബന്ധിതമായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നൽകിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ഐ.എഫ്.എസ്.സി നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

**പിന്നാക്ക വിഭാഗ കോർപ്പറേഷനിലെ നിയമനങ്ങൾ**

59(712) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷനിൽ പി.എസ്.സി. അംഗീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരം ഒഴിവുകൾ നികത്തുന്നതിനുള്ള പി.എസ്.സി. നോട്ടിഫിക്കേഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷൻ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷം കോർപ്പറേഷനിൽ എത്ര പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയത്; ടി നിയമനങ്ങൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ ഏതൊക്കെ ജില്ലകളിൽ പുതുതായി സബ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; സബ് ഓഫീസുകൾ ആരംഭിക്കുന്നതിന് ആധാരമായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഈ സർക്കാർ കോർപറേഷന് അനുവദിച്ച ഷെയർ ക്യാപിറ്റൽ വിഹിതം വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കോർപ്പറേഷൻ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷം ഒരു ഓഫീസ് അറ്റൻഡന്റിന്റെ താൽക്കാലിക നിയമനം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. ടി നിയമനത്തിന് പി.എസ്.സി.-യുടെ അംഗീകാരം നേടിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് താഴെപ്പറയുന്ന 14 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. നെയ്യാറ്റിൻകര
2. കരുനാഗപ്പള്ളി
3. പത്തനാപുരം
4. അടൂർ
5. ചേർത്തല
6. കാഞ്ഞിരപ്പള്ളി
7. നെടുങ്കണ്ടം
8. മൂവാറ്റുപുഴ
9. വടക്കഞ്ചേരി
10. പേരാമ്പ്ര
11. നാദാപുരം
12. മാനന്തവാടി
13. കൂത്തുപറമ്പ്
14. കാഞ്ഞങ്ങാട്

ഇതിൽ തിരുവനന്തപുരം (നെയ്യാറ്റിൻകര), കൊല്ലം (കരുനാഗപ്പള്ളി), ആലപ്പുഴ (ചേർത്തല), ഇടുക്കി (നെടുങ്കണ്ടം), എറണാകുളം (മൂവാറ്റുപുഴ), പാലക്കാട് (വടക്കഞ്ചേരി), കോഴിക്കോട് (പേരാമ്പ്ര) എന്നീ ജില്ലകളിൽ പുതിയതായി സബ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇപ്രകാരമാണ്. ഉപജില്ലാ ഓഫീസുകൾ ഇല്ലാത്ത ജില്ലകൾക്കും വിവിധ താലൂക്കുകളിലെ കോർപ്പറേഷന്റെ വായ്പാ വിതരണത്തോത് വിലയിരുത്തി കുറവുള്ള താലൂക്കുകൾക്കും പുതിയ ഓഫീസുകൾ ആരംഭിക്കുമ്പോൾ പരിഗണ നൽകിയിട്ടുണ്ട്. കൂടുതൽ വായ്പ വിതരണം ചെയ്യുതും എന്നാൽ വായ്പാ തിരിച്ചടവ് തോത് താരതമ്യേന കുറവായതുമായ താലൂക്കുകളിൽ റിക്കവറി സംബന്ധിച്ച് ഫീൽഡ്തല പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് പരിഗണന നൽകിയിട്ടുണ്ട്.

ഈ സർക്കാർ കോർപ്പറേഷന് അനുവദിച്ച ഷെയർ ക്യാപിറ്റൽ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള (from 2016-17 to 29-2-2020) കണക്ക് ചുവടെ ചേർക്കുന്നു:

| Year | Amount Allotted in Budget | Actual Amount Received |
|---|---|---|
| 2016-17 | Rs. 13.00 Crores | Rs.13.00 Crores |
| 2017-18 | Rs. 14.00 Crores | Rs.10.50 Crores |
| 2018-19 | Rs. 14.30 Crores | Nil |
| 2019-20 | Rs. 14.30 Crores | Rs.2.288 Crores |

**അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി/ക്ഷേമപെൻഷൻ**

60(713) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അഡ്വ. ക്ലാർക്കുമാരുടെ ക്ഷേമനിധി തുക 4 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള കരട് ബില്ലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ നിലവിലെ പെൻഷൻ 600 രൂപ മാത്രമാണ്. ക്ഷേമപെൻഷനുകൾ എല്ലാം 1,300 രൂപയായി സർക്കാർ ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ ഇവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ ക്ഷേമനിധി തുക 4 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു ബിൽ നിലവിലില്ല. എന്നാൽ, അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ പെൻഷനും വിരമിക്കലാനുകൂല്യവും വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക സ്രോതസിനുവേണ്ടി ക്ഷേമനിധിയിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷിക വരിസംഖ്യയും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യവും വർദ്ധിപ്പിക്കുന്നതിനായി 14-ാം കേരള നിയമസഭയിൽ 237-ാം നമ്പരായി ഒരു ബിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ബി)അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് നൽകിവരുന്ന നിലവിലെ പരമാവധി പെൻഷൻ 600 രൂപയാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**ഈവനിംഗ് ബാച്ച് നിയമ ബിരുദധാരികൾക്ക് എൻറോൾമെന്റ്**

61(714) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലാ കോളേജുകളിൽ എൽ.എൽ.ബി. ഈവനിംഗ് ബാച്ച് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈവനിംഗ് ബാച്ചുകളിൽ നിന്നും പഠിച്ചിറങ്ങുന്ന നിയമ ബിരുദധാരികൾക്കെല്ലാം എൻറോൾമെന്റ് അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം ഗവൺമെന്റ് ലാ കോളേജ്, തിരുവനന്തപുരം കേരള ലാ അക്കാഡമി ലാ കോളേജ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡിപ്പാർട്ടുമെന്റ് എന്നിവിടങ്ങളിൽ ത്രിവത്സര എൽ.എൽ.ബി. ഈവനിംഗ് ബാച്ച് നടത്തുന്നുണ്ട്. എം.ജി. സർവ്വകലാശാലയുടെ പഠന വകുപ്പായ School of Indian Legal Thought -ൽ 2016 admission-നുശേഷം ത്രിവത്സര, സായാഹ്ന എൽ.എൽ.ബി. കോഴ്സിൽ പ്രവേശനം നടന്നിട്ടില്ല.

(ബി & സി) ഈവനിംഗ് ബാച്ചുകളിൽനിന്നും പഠിച്ചിറങ്ങുന്ന നിയമ ബിരുദധാരികൾക്ക് അതത് സംസ്ഥാനങ്ങളിലെ ബാർ കൗൺസിലുകളാണ് എൻറോൾമെന്റ് അനുവദിക്കുന്നത്. എന്നാൽ, തിരുവനന്തപുരം ഗവൺമെന്റ് ലോ

കോളേജിലെ സായാഹ്ന എൽ.എൽ.ബി ബിരുദം കഴിഞ്ഞ് പഠിച്ചിറങ്ങുന്ന നിയമ വിദ്യാർത്ഥികൾക്ക് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അപ്രൂവൽ ഓഫ് അഫിലിയേഷൻ ലഭിച്ചാൽ മാത്രമേ എൻറോൾ ചെയ്യുവാൻ കഴിയുകയുള്ളൂ. 2014-15 അക്കാദമിക വർഷം മുതൽ തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ സ്വാശ്രയ അടിസ്ഥാനത്തിൽ പുനരാരംഭിച്ച ത്രിവത്സര എൽ.എൽ.ബി. കോഴ്സിന് 8-2-2017-ലെ ജി.ഒ. (ആർ.ടി) നമ്പർ 223/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ത്രിവത്സര എൽ.എൽ.ബി. യൂണിറ്ററി (അഡീഷണൽ ബാച്ച് സെൽഫ് ഫിനാൻസിംഗ്) എന്ന് പുനഃനാമകരണം ചെയ്തിട്ടുണ്ട്. പ്രസ്തുത കോഴ്സിന് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി 2015-ൽ തന്നെ കോളേജ് അധികൃതർ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് 5-1-2020-ൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യ പ്രസ്തുത കലാലയം സന്ദർശിച്ച് പോയിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച് ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഉത്തരവ് നാളിതുവരെ ലഭ്യമായിട്ടില്ല.

**നോട്ടറി നിയമനം**

62(715) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടറി നിയമനം യഥാസമയം പുതുക്കുന്നതിനായി പാലിക്കേണ്ട വ്യവസ്ഥകൾ വിശദീകരിക്കാമോ;

(ബി) ഇത് പുതുക്കാനുള്ള അപേക്ഷ യഥാസമയം നൽകാൻ കഴിയാതെ പോയവർക്ക് ആയത് പുതുക്കി നൽകുന്നതിന് സർക്കാർ അനുവാദം നൽകാറുണ്ടോ; ഇതിനായി പാലിക്കേണ്ട നടപടിക്രമങ്ങളും ഫീസിന്റെ ഘടനയും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1956-ലെ നോട്ടറി ചട്ടങ്ങളിലെ ചട്ടം 8 (ബി) പ്രകാരമാണ് നോട്ടറി നിയമനം പുതുക്കി നൽകുന്നത്. പ്രസ്തുത ചട്ട പ്രകാരം നിലവിൽ നോട്ടറിയായി സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് ലഭിച്ചിട്ടുള്ള ഒരാളുടെ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് അടുത്ത അഞ്ച് വർഷത്തേയ്ക്ക് കൂടി സർക്കാരിന് പുതുക്കി നൽകാവുന്നതാണ്. ആയതിന് നിലവിലുള്ള സർട്ടിഫിക്കറ്റിന്റെ കാലാവധി തീരുന്നതിന് 6 മാസം മുൻപ് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. നിലവിൽ സർട്ടിഫിക്കറ്റ് ഓഫ് പ്രാക്ടീസ് പുതുക്കുന്നതിനുള്ള ഫീസ് 1,000 രൂപയാണ്. പ്രസ്തുത ഫീസ് "0070-01-800-95"

എന്ന ശീർഷകത്തിൽ ട്രഷറി ചെലാൻ മുഖാന്തരമാണ് ഒടുക്കേണ്ടത്. 5-11-2019-ൽ മേൽപ്പറഞ്ഞ ചട്ടം കേന്ദ്ര സർക്കാർ G.S.R. 821 (E) നമ്പർ വിജ്ഞാപന പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും പുതുക്കുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. സംസ്ഥാനത്ത് നിലവിൽ ഇക്കാര്യത്തിന് ഓൺലൈൻ പോർട്ടൽ ഇല്ലാത്ത സാഹചര്യത്തിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുള്ളതും പ്രസ്തുത സംവിധാനം നിലവിൽ വരുന്നതുവരെ ഭേദഗതിക്ക് മുൻപുണ്ടായിരുന്ന നടപടിക്രമം പാലിച്ച് പുതുക്കി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ളതുമാണ്.

(ബി) നോട്ടറി ചട്ടങ്ങളിലെ ചട്ടം 8 (ബി) ഭേദഗതി വരുത്തുന്നതിന് മുൻപ് ഇപ്രകാരമായിരുന്നു.

" 8B Renewal of Certificate of Practice: The certificate of practice issued under sub rule (4) of rule 8 may be renewed for a further period of five years on payment of prescribed fee. An application for renewal of Certificate of Practice shall be submitted to the appropriate Government before three months from the date of expiry of its period of validity:

Provided that the appropriate Government may, after considering the reasons stated in the application, relax the condition of submission of application for renewal of certificate of practice before the above specified period" . എന്നാൽ ഭേദഗതി വരുത്തിയശേഷം ഉള്ള വ്യവസ്ഥ താഴെപ്പറയും പ്രകാരമാണ്:

" 8B Renewal of Certificate of Practice: The certificate of practice issued under sub rule (4) of rule 8 may be renewed for a further period of five years on payment of prescribed fee. An application for renewal of Certificate of Practice shall be submitted online in Form XVI to the appropriate Government before (six months) from the date of expiry of its period of validity."

ഓൺലൈൻ പോർട്ടൽ സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ ഭേദഗതിക്ക് മുൻപുള്ള വ്യവസ്ഥയിലെ അധികാരം വിനിയോഗിച്ച്, പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകാൻ കഴിയാതെ പോയവർക്ക് മെറിറ്റ് പരിശോധിച്ച് പുതുക്കി നൽകുന്നതിന് സർക്കാർ അനുവാദം നൽകിവരുന്നുണ്ട്. പുതുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന തന്നെയാണ് ഇക്കാര്യത്തിലും പാലിക്കുന്നത്.

## സർക്കാർ വക്കീലൻമാരല്ലാത്തവരുടെ സേവനം തേടിയ നടപടി

63(716) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാരിന് വേണ്ടി വാദിക്കുവാൻ സർക്കാർ വക്കീലന്മാരല്ലാത്തവരുടെ സേവനം തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കേസുകളിലാണ് ഇപ്രകാരം പുറമെ നിന്നുള്ള അഭിഭാഷകരുടെ സേവനം ഉപയോഗിച്ചത്; ഏതൊക്കെ അഭിഭാഷകരുടെ സേവനമാണ് ഉപയോഗിച്ചതെന്ന് അറിയിക്കുമോ;

(സി) ഇവർ ഓരോരുത്തർക്കും വക്കീൽ ഫീസിനത്തിലും കൺസൾട്ടൻസി ഇനത്തിലും നൽകിയ തുക എത്രയാണ്;

(ഡി) വക്കീൽ ഫീസല്ലാതെ വിമാനക്കൂലി, താമസം തുടങ്ങിയ മറ്റ് ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ അതിനായി ഓരോരുത്തർക്കും എന്ത് ചെലവ് വന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

## നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ

64(717) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോത്ഥാന നായകരുടെ പേരിൽ ആരംഭിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലകളിലും ഏത് നവോത്ഥാന നായകരുടെ പേരിലാണ് സാംസ്കാരിക കേന്ദ്രം ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം, പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തുടർന്ന് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-4-2017-ലെ സ.ഉ. (സാധാ) നമ്പർ 318/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്.

(ബി)

| | | |
|---|---|---|
| 1. | തിരുവനന്തപുരം | അയ്യങ്കാളി |
| 2. | കൊല്ലം | ശ്രീനാരായണ ഗുരു |
| 3. | ആലപ്പുഴ | പി. കൃഷ്ണപിള്ള |
| 4. | പത്തനംതിട്ട | ചട്ടമ്പി സ്വാമി |
| 5. | ഇടുക്കി | അക്കാമ്മ ചെറിയാൻ |
| 6. | കോട്ടയം | ലളിതാംബിക അന്തർജ്ജനം |
| 7. | എറണാകുളം | സഹോദരൻ അയ്യപ്പൻ |
| 8. | തൃശ്ശൂർ | വള്ളത്തോൾ നാരായണ മേനോൻ |
| 9. | പാലക്കാട് | വി.ടി. ഭട്ടതിരിപ്പാട് |
| 10. | മലപ്പുറം | അബ്ദുറഹിമാൻ സാഹിബ് |
| 11. | കോഴിക്കോട് | വൈക്കം മുഹമ്മദ് ബഷീർ |
| 12. | കണ്ണൂർ | വാഗ്ഭടാനന്ദൻ |
| 13. | വയനാട് | എടച്ചേന കുങ്കൻ |
| 14. | കാസർഗോഡ് | സുബ്രഹ്മണ്യൻ തിരുമുമ്പ് |

## സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

65(718) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനെ ഭരണകൂടത്തിന്റെ പതാകവാഹകരാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ പ്രളയദുരിതാശ്വാസ ക്യാമ്പുകളിൽ നടത്തിയ പരിപാടികൾ ദുരന്തത്തിൽ വിറങ്ങലിച്ചുനിന്ന മനസ്സുകൾക്ക് ആശ്വാസം പകർന്നു നല്കുന്നതായിരുന്നോ; വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിനും സാംസ്കാരിക പുരോഗതിക്കുമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അറിയിക്കുമോ;

(ഡി) നവോത്ഥാന നായകരുടെ സ്മരണക്കായി 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളുടെ വാർഷികഗ്രാന്റ് ഈ സർക്കാർ വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ടോ;

(എഫ്) സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ "വിവേകാനന്ദസ്പർശം" പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പും സാംസ്കാരിക സ്ഥാപനങ്ങളും സംസ്ഥാന ഭരണകൂടത്തിന്റെ പുരോഗമന മൂല്യങ്ങളിൽ ഊന്നിയ നയപരിപാടികൾക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

സാംസ്കാരിക വകുപ്പിനെ ഭരണകൂടത്തിന്റെ പതാക വാഹകരാക്കുന്നതിന് ഉതകും വിധം വിവിധങ്ങളായ പദ്ധതികൾ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നതയെ സംരക്ഷിക്കുന്നതിനും സാംസ്കാരിക പൈതൃകത്തെ പരിപോഷിപ്പിക്കുന്നതിനും

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് 1000 യുവ കലാകാരൻമാർക്ക് വജ്ര ജൂബിലി ഫെല്ലോഷിപ്പ് നൽകി സംസ്ഥാനത്ത് എമ്പാടുമായി വിന്യസിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കലാപരിശീലനം നൽകുന്നതിന് അവസരമൊരുക്കി. കേരളത്തിന്റെ കരകൗശല പാരമ്പര്യം സംരക്ഷിക്കുന്നതിനും കരകൗശല കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും റൂറൽ ആർട്ട് ഹബ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വർദ്ധിതമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ജില്ലകൾ തോറും ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങളും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ "നാട്ടരങ്ങ്" എന്ന പേരിൽ കലാപ്രകടന രംഗവേദികൾ സജ്ജീകരിക്കുകയും ചെയ്തുവരുന്നു.

ഫോക് ലോർ അക്കാദമി പോലുള്ള സ്ഥാപനങ്ങൾ നാടൻ കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സമൂഹത്തെ മുന്നോട്ട് നയിക്കുന്നതും വിശാല ജനാധിപത്യ, മാനവിക മൂല്യങ്ങൾ പ്രസരിപ്പിക്കുന്നതുമായ സിനിമകൾ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കുന്നു. ചലച്ചിത്ര മേളയിൽ മൂന്നാം ലോക രാജ്യങ്ങളുടെ സാംസ്കാരിക പ്രതിരോധം വിഷയമാക്കിയ ചലച്ചിത്രങ്ങൾക്ക് പ്രാമുഖ്യം നൽകി. ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ഫാസിസ്റ്റ് വിരുദ്ധ ജനമുന്നേറ്റങ്ങൾ അവതരിപ്പിക്കുന്ന ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുന്നു. പുരോഗമന മൂല്യങ്ങളിലൂന്നിയ സിനിമകൾക്കും ചലച്ചിത്ര പ്രവർത്തകർക്കും അംഗീകാരങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നു.

(ബി) വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൻ കീഴിൽ വകുപ്പ് വിന്യസിച്ചിട്ടുള്ള കലാകാരൻമാർ ദുരിതാശ്വാസ ക്യാമ്പുകളിൽ നേരിട്ട് എത്തി കലാപരിപാടികൾ അവതരിപ്പിക്കുകയും ക്യാമ്പുകളിലുള്ളവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരത് ഭവൻ, സംസ്ഥാനത്തെ വിവിധ അക്കാദമികൾ എന്നിവ സമാനമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. തിരുവനന്തപുരത്തെ എം.ബി.എസ്. യൂത്ത് ക്വയർ പ്രളയ ബാധിത ജില്ലകളിൽ സംഗീത സാന്ത്വനം പരിപാടി അവതരിപ്പിക്കുകയുണ്ടായി.

ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ വിവിധ ചലച്ചിത്ര പ്രവർത്തകർ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും അതിജീവനം പ്രമേയമായ സിനിമകളുടെ പ്രത്യേക പാക്കേജ് പ്രദർശിപ്പിക്കുകയും ചെയ്തു.

കേരള കലാമണ്ഡലം പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ നടത്തിയ വിവിധ കലാപരിപാടികൾ ദുരിതമനുഭവിക്കുന്നവരിൽ ആശ്വാസവും കുളിർമയുമേകുകയുണ്ടായി.

(സി) കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിനും സാംസ്കാരിക പുരോഗതിക്കും വകുപ്പ് സുപ്രധാനമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികാചരണം, മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വാചരണം, ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം എന്നിവ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയുണ്ടായി.

നവോത്ഥാന നായകർക്കുള്ള ആദരമായി മോയിൻകുട്ടി വൈദ്യർ അക്കാദമിയിലെ ടി.എ. റസാഖ് തിയേറ്ററിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി 'ദൃശ്യാദരം' എന്ന പേരിൽ വിവരപൊതുജന സമ്പർക്ക വകുപ്പ് നിർമ്മിച്ച ഡോക്യുമെന്ററികളുടെ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. പ്രദർശനങ്ങളും ഓപ്പൺഫോറങ്ങളും നടന്നു.

കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് മൂലൂർ എസ്.പദ്മനാഭപ്പണിക്കർ, ശ്രീനാരായണഗുരു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, കുമാരനാശാൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, മഹാകവി കുട്ടമത്ത് തുടങ്ങിയവരുടെ രചനകളെയും സന്ദേശങ്ങളെയും കുറിച്ച് നിരവധി പരിപാടികൾ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്.

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ "നമുക്ക് ജാതിയില്ല വിളംബരം", " പന്തിഭോജനം" എന്നിവയെ ആസ്പദമാക്കി ചിത്രകലാ ക്യാമ്പും, പ്രഭാഷണങ്ങളും, കലാവിഷ്കാരങ്ങളും, വില്ലുവണ്ടി യാത്രയുടെ 125-ാം വർഷാചരണത്തിന്റെ ഭാഗമായി വെങ്ങാനൂരിൽ 'വില്ലുവണ്ടി വർണ്ണങ്ങൾ' ചിത്രകലാ ക്യാമ്പ്, നവോത്ഥാന ചിത്രകലാ ക്യാമ്പ്, ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികത്തോടനുബന്ധിച്ച് വനിത മതിൽ ചിത്രകലാ ക്യാമ്പ് എന്നിവ നടത്തുകയുണ്ടായി.

ചലച്ചിത്ര അക്കാദമി ജാതിയില്ലാ വിളംബര സന്ദേശം ഉൾക്കൊള്ളുന്ന രണ്ട് പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിച്ചു.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി.ടി. ഭട്ടതിരിപ്പാട്, സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. മലപ്പുറം ജില്ലയിൽ ശ്രീ. അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ സ്ഥാപിക്കുന്ന സമുച്ചയത്തിന്റെ വിശദമായ പദ്ധതിരേഖ

കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തു. കണ്ണൂർ, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ സ്വകാര്യ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ സർക്കാർ/സ്വകാര്യ ഭൂമിയുടെ ലഭ്യത കണ്ടെത്തുവാനുള്ള ശ്രമം തുടരുകയാണ്.

(ഇ) വാർഷിക ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ഭാരതത്തിന്റെ നവോത്ഥാന നായകനായ സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'വിവേകാനന്ദ സ്പർശം' എന്ന പേരിൽ ആഘോഷിച്ചിരുന്നു. സ്വാമി വിവേകാനന്ദൻ കേരളത്തിൽ പ്രവേശിച്ച 1892 നവംബർ 27-നെ അനുസ്മരിച്ച് 2017 നവംബർ 27-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തിരുവനന്തപുരം കവടിയാറിൽ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. സ്വാമി വിവേകാനന്ദൻ ട്രെയിൻ മാർഗ്ഗം വന്നിറങ്ങിയ ഷൊർണ്ണൂരിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള സാംസ്കാരിക വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തു. 2017 നവംബർ 27-ാം തീയതി മുതൽ ഒരു മാസക്കാലം നീണ്ടുനിന്ന ആഘോഷ പരിപാടികളാണ് വകുപ്പ് സംഘടിപ്പിച്ചിരുന്നത്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ വിവേകാനന്ദ സ്പർശം പരിപാടിയുടെ ഓരോ ജില്ലകളിലെയും സംഘാടനം നിർവ്വഹിക്കുകയുണ്ടായി.

**സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം**

66(719) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമായി എത്ര തുക സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര സംഘടനകൾക്കും, സ്ഥാപനങ്ങൾക്കുമാണ് സംസ്ഥാനത്ത് സർക്കാർ ധനസഹായം ലഭ്യമാക്കുന്നത്;

(സി) സർക്കാർ ധനസഹായം അനുവദിച്ച സാംസ്കാരിക സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പേര് വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഓരോ സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അനുവദിച്ച സർക്കാർ ധനസഹായ തുക എത്ര രൂപ വീതമാണെന്ന് വേർതിരിച്ച് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിൽ സാംസ്കാരിക സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമായി പദ്ധതിയിനത്തിൽ 1,81,71,438 രൂപയും (ഒരു കോടി എൺപത്തിയൊന്ന് ലക്ഷത്തി എഴുപത്തിഒന്നായിരത്തി നാനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) പദ്ധതിയേതരയിനത്തിൽ 9,03,20,000 രൂപയും (ഒൻപത് കോടി മൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ 77 സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമാണ് പ്രസ്തുത കാലയളവിൽ ധനസഹായം ലഭ്യമാക്കിയിട്ടുള്ളത്.

(സി & ഡി) വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

**കെ.പി.എ.സി. സുലോചന സ്മാരക ഗ്രന്ഥശാല**

67(720) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം സാസ്കാരിക വിനോദകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കെ.പി.എ.സി. സുലോചന സ്മാരക ഗ്രന്ഥശാല കലാകായിക കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം കൃഷ്ണപുരം സാംസ്കാരിക ക്യാമ്പസിൽ പ്രവർത്തിച്ചിരുന്ന കെ.പി.എ.സി. സുലോചന സ്മാരക ഗ്രന്ഥശാല തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്, ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 6-2-2020-ന് ചേർന്ന സാംസ്കാരിക ക്യാമ്പസ് മാനേജിംഗ് കമ്മിറ്റിയോഗം, നഗരസഭയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് സാംസ്കാരിക ക്യാമ്പസ് മാനേജിംഗ് കമ്മിറ്റി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഫോക് ലോർ വില്ലേജിന്റെ പ്രവർത്തനം

68(721) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തെയ്യം കലയുടെ കുലപതിയായ മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണപെരുവണ്ണാനും ഉചിതമായ സ്മാരകം എന്ന നിലയിൽ കാസർഗോഡ് ജില്ലയിലെ കൊടക്കാട് തുടങ്ങാൻ തീരുമാനിച്ച ഫോക് ലോർ വില്ലേജിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിൽ കണ്ണപ്പെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ 13-10-2017-ലെ സ.ഉ.(സാധാ) നമ്പർ 597/2017/സാം.കാ.വ ഉത്തരവ് പ്രകാരം കേരള ഫോക് ലോർ അക്കാദമിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ശ്രീ. കണ്ണപെരുവണ്ണാൻ സ്മാരകം പണിയുന്നതിന് കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിലെ റീ-സ.298/സർവ്വേ നമ്പറിലുള്ള പുറമ്പോക്ക് ഭൂമിയിൽനിന്നും അക്കാദമിക്ക് മേൽപ്പറഞ്ഞ പദ്ധതിക്കായി സ്ഥലം അനുവദിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും സ്ഥലം അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് കേരള ഫോക് ലോർ അക്കാദമി മുഖാന്തരം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം

69(722) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏക സാംസ്കാരിക സ്ഥാപനമായ ലെക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത കൊണ്ട് വീർപ്പുമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം സന്ദർശകർ ദൈനംദിനം എത്തുന്ന ഈ സ്ഥാപനത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ലക്കിടി കിള്ളിക്കുറിശ്ശി മംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വാർഷിക/ആവർത്തന ഗ്രാന്റ് 4 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് (2017-18 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ) 10-7-2018-ലെ സ.ഉ. (സാ.ധാ) നമ്പർ. 451/2018/സാം.കാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് താഴെപ്പറയുന്ന പട്ടിക പ്രകാരമുള്ള വിവിധ ധനസഹായങ്ങൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ക്രമ നമ്പർ | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| 2016-17 | 1 | 13,94,000 രൂപ | ചുറ്റു മതിൽ നിർമ്മാണം, കിണർ നിർമ്മാണം, കെടാവിളക്ക് സംരക്ഷണം |
| | 2 | 10,00,000 രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| | 3 | 25,00,000 രൂപ | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം |
| 2017-18 | 4 | 9,50,000 രൂപ | അടിസ്ഥാന സൗകര്യ വികസനം |
| | 5 | 5,00,000 രൂപ | തുള്ളൽ മഹോത്സവം നടത്തിപ്പ് |
| | 6 | 3,00,000 രൂപ | കലാ പ്രവർത്തനങ്ങൾക്കുള്ള അധിക ധനസഹായം |
| 2018-19 | 7 | 4,95,000 രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| | 8 | 50,00,000 രൂപ | വിവിധ വികസന പ്രവർത്തനങ്ങൾക്ക് |

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധത്തിൽ* (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) ക്രമനമ്പർ 2321-ആയി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ കലാപീഠം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിൽ എസ്റ്റിമേറ്റ് തുകയായി 100 ലക്ഷം രൂപയും 2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്ന തുകയായി 100 രൂപ പരാമർശിച്ചിട്ടുണ്ട്, കൂടാതെ പ്രസ്തുത ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ക്രമ നമ്പർ 2477-ആയി കുഞ്ചൻ നമ്പ്യാർ സ്മാരകം-കെട്ടിടം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് കീഴിൽ എസ്റ്റിമേറ്റ് തുകയായി 3,00,00,000 രൂപയും 2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്ന തുകയായി 60,00,000 രൂപയും പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അടിസ്ഥാനത്തിൽ ടി സ്മാരകത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് ടി സ്മാരക അധികൃതർ സർക്കാരിൽ സമർപ്പിച്ച 1,96,80,000 രൂപയുടെ പ്രപ്പോസൽ പരിശോധിച്ച് വരുന്നു.

**ഒറ്റപ്പാലം സാംസ്കാരിക നിലയം**

70(723) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് അനുവദിച്ചിരുന്ന തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം സാംസ്കാരിക നിലയം എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്ന പദ്ധതി മൊത്തം 5,38,70,118 രൂപ (അഞ്ചു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 7-9-2019-ലെ സ.ഉ. (സാ.ധാ) നമ്പർ. 408/2019/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, 2018-19 സാമ്പത്തിക വർഷത്തെ വർക്ക് ബഡ്ജറ്റ്-അനുബന്ധത്തിൽ* ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അസെറ്റ് ക്രിയേഷന്റെ (Asset Creation) ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ധനസമാഹരണം കണ്ടെത്തുവാൻ കഴിയില്ലെന്ന ധനകാര്യ വകുപ്പിന്റെ അറിയിപ്പ് പ്രകാരം, ഒറ്റപ്പാലത്തെ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് 31-1-2020-ലെ സ.ഉ.(സാ.ധാ)നമ്പർ 55/2020/സാം.കാ.വ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് സപ്തസ്വര കേന്ദ്രം

71(724) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് സപ്തസ്വരകേന്ദ്രം പണിയുന്നതിന് ഏതെല്ലാം ബഡ്ജറ്റുകളിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നും കൂടുതൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മണ്ഡലം തിരിച്ച വ്യക്തമാക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളല്ല സാംസ്കാരിക വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നത്. എന്നാൽ കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പ് മുഖേന 36 വജ്രജൂബിലി കലാകാരന്മാർക്ക് പ്രതിമാസം 10,000 രൂപ വീതം ഫെലോഷിപ്പ് തുക അനുവദിച്ച് പോരുന്നുണ്ട്. നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നവോത്ഥാന നായകൻ സുബ്രഹ്മണ്യൻ തിരുമുൻപിന്റെ പേരിൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ ഒരു സാംസ്കാരിക സമുച്ചയം കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആയതിന് 36,20,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാഞ്ഞങ്ങാട് പി. കുഞ്ഞിരാമൻ നായർ സ്മാരക ട്രസ്റ്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് 50,000 രൂപയും കാസർഗോഡ് മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരകത്തിന് ഒരു കോടി രൂപയും തുളു അക്കാദമിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിൽ സംഘടിപ്പിച്ച ആദിവാസി കലോത്സവത്തിന് 1,58,350 രൂപയും നിലേശ്വരം ചിറപ്പുറം ഫെസ്റ്റിന് 8,16,890 രൂപയും ലോക കേരള സഭയുടെ 2020 വിളംബര സംഗമ പരിപാടിക്ക് 1,11,000 രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഗവർണറുടെ 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ കലയ്ക്കും സംസ്കാരത്തിനുംവേണ്ടി ഒരു 'സപ്തസ്വര' കേന്ദ്രം കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ തുടർന്നുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിലോ/ധനാഭ്യർത്ഥനയിലോ/ഉപധനാഭ്യർത്ഥനയിലോ ഈ കേന്ദ്രത്തിനായി ധനസഹായം പ്രഖ്യാപ്പിക്കുകയോ/ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല.

(സി&ഡി) കാസർഗോഡ് ജില്ലയിൽ സപ്തസ്വരകേന്ദ്രം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രപ്പോസൽ സാംസ്കാരിക കാര്യ വകുപ്പിൽ നിലവിലില്ല

## സിനിമാ റെഗുലേറ്ററി അതോറിറ്റി

72(725) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര മേഖലയിലെ സമഗ്രപരിഷ്കരണം ലക്ഷ്യമാക്കി സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) സിനിമാ പ്രവർത്തകർക്കായി രൂപീകരിക്കുന്ന അതോറിറ്റി സംബന്ധിച്ച് പ്രസ്തുത മേഖലയിലുള്ളവരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ജുഡീഷ്യൽ സ്വഭാവമുള്ള അതോറിറ്റി സിനിമാരംഗത്ത് എത്രമാത്രം പ്രായോഗികമാകുമെന്ന് പരിശോധിക്കാമോ ?

<u>ഉത്തരം</u>

(എ & ബി) സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കിവരുന്നു.

സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിയന്ത്രണത്തിലുള്ള കെ.എസ്.എഫ്.ഡി.സി., കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ മേധാവികളുമായി പ്രാഥമിക ചർച്ച നടത്തിയിരുന്നു.

(സി) കരട് ബില്ല് രൂപീകരിക്കുന്ന വേളയിൽ ഈ വിഷയം പരിശോധിക്കാവുന്നതാണ്.

## സാംസ്കാരിക സമുച്ചയം

73(726) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലകളിലെ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സാംസ്കാരിക സമുച്ചയത്തിനായി ഏതെങ്കിലും ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

(സി) ഇതിലേക്കായി ഇതിനോടകം എത്ര രൂപ ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തുടർന്ന് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 27-4-2017-ലെ സ. ഉ. (സാ.ധാ) നമ്പർ 318/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ശ്രീ. അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ സ്ഥാപിക്കുന്ന സമുച്ചയത്തിന്റെ വിശദമായ പദ്ധതിരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തു. കണ്ണൂർ,

കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ സ്വകാര്യ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വയനാട്,എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ സർക്കാർ/സ്വകാര്യ ഭൂമിയുടെ ലഭ്യത കണ്ടെത്തുവാനുള്ള ശ്രമം തുടരുകയാണ്.

(സി) ഈ പദ്ധതിയിൻ പ്രകാരം കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം കിഫ്ബിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും നാളിതുവരെ ഒന്നും ചിലവഴിച്ചിട്ടില്ല.

| ജില്ല | തുക |
|---|---|
| കൊല്ലം | 44,40,70,000 രൂപ |
| പാലക്കാട് | 56,48,00,000 രൂപ |
| കാസർഗോഡ് | 36,20,00,000 രൂപ |

കണ്ണൂർ ജില്ലയിലും കോഴിക്കോട് ജില്ലയിലും സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനത്തിനുവേണ്ടി പദ്ധതിയുടെ പ്രാരംഭ ചിലവിനത്തിലേക്കായി അനുവദിച്ചിട്ടുള്ള സെന്റേജ് തുകയിൽ നിന്നും യഥാക്രമം 20 ലക്ഷം രൂപയും 50 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. -ആയ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ വിനിയോഗിച്ചിട്ടുണ്ട്.

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് പെൻഷൻ**

74(727) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും പന്തൽ ലൈറ്റ് സൗണ്ട് വിഭാഗത്തിൽപ്പെട്ട ഉടമകൾ/മുതലാളിമാർ എന്നിവർക്ക് പെൻഷൻ നൽകുന്നതുപോലെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത വിഭാഗത്തിൽ രാപ്പകൽ പ്രവർത്തിക്കുന്ന കലാകാരന്മാരായ തൊഴിലാളികൾക്ക് കൂടി പെൻഷൻ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ;

ഉത്തരം

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ പന്തൽ അലങ്കാരം, ലൈറ്റ് ആന്റ് സൗണ്ട് വിഭാഗത്തിലുള്ളവർക്ക് അംഗത്വം നൽകി വരുന്നുണ്ട്. അംഗത്വമുള്ളവർക്കാണ് ക്ഷേമനിധി ബോർഡിന്റെ പെൻഷൻ അനുവദിക്കുന്നത്.

## കായംകുളം നിയോജകമണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പരിപാടികൾ

75(728) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വഴി കായംകുളം നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി വിനിയോഗിച്ച തുക എത്രയാണെന്നും ഏതൊക്കെ സ്കൂളുകളെയാണ് ടി പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന സ്കൂളുകളെ വിവിധ പരിപാടികൾക്കായി തെരഞ്ഞെടുക്കുകയും മേൽ സ്കൂളുകൾക്ക് പരിപാടിയിൽ തെരഞ്ഞെടുത്തതായുള്ള അറിയിപ്പും മാർഗ്ഗ നിർദ്ദേശങ്ങളും അയച്ചു കൊടുക്കുകയും ചെയ്തു. ആയതിൽ, CNPPMVHSS-ൽ സ്കൂൾ സെമിനാറും CMS HS കറ്റാനം പള്ളിക്കൽ (PO), HSS ചെട്ടികുളങ്ങര എന്നീ സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരവും നടത്തിയിട്ടുണ്ട്. ബാക്കി സ്കൂളുകൾ പരിപാടി നടത്തിയിട്ടില്ല. ആകെ 17,390 രൂപ അനുവദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്കൂളുകളെ വിവിധ പരിപാടികൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. ഗവൺമെന്റ് ബോയ്സ് HSS, കായംകുളം
2. NRPM HSS, കായംകുളം
3. HSS ചെട്ടികുളങ്ങര
4. CMS HS കറ്റാനം, പള്ളിക്കൽ (PO)
5. കൊയ്പ്പാണി കാരണ്മ HS, ഓലകെട്ടിയമ്പലം
6. പഞ്ചായത്ത് HS, പത്തിയൂർ, കീരിക്കാട്
7. KIT ഇംഗ്ലീഷ് സ്കൂൾ, കരീലകുളങ്ങര
8. CNPPMVHSS പള്ളിക്കൽ കടച്ചിറ
9. വിശ്വഭാരതി മോഡൽ HSS

10 CMSHSS പുതുപ്പള്ളി (PO)

11. സെന്റ് മേരീസ് GHS പുതിയിടം

## വിദ്യാർത്ഥികളിൽ ജനാധിപത്യാവബോധം വർദ്ധിപ്പിക്കാൻ നടപടി

76(729) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ ജനാധിപത്യാവബോധം വർദ്ധിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി പാർലമെന്ററി അഫയേഴ്സ് വിഭാഗം എന്തെല്ലാം പരിപാടികളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് 2019-20 വർഷത്തിൽ ഇത്തരം പരിപാടികൾ നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ പ്രക്രിയയെക്കുറിച്ചും അവബോധം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ സ്കൂളുകളിൽ യൂത്ത് പാർലമെന്റും കോളേജുകളിൽ മോഡൽ പാർലമെന്റും സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും അനുവദിക്കുകയും അവയിലൂടെ കുട്ടികൾക്കിടയിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്ന വിധത്തിൽ ക്വിസ്സ് മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിൽ ഭരണഘടന, പാർലമെന്ററി ജനാധിപത്യം, മനുഷ്യാവകാശം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. യുവജനങ്ങളെ ലക്ഷ്യമാക്കി കോളേജുകളിൽ മോഡൽ പാർലമെന്റിനു പുറമെ ഏകദിന, ദ്വിദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുന്ന രണ്ട് കുട്ടികൾക്ക് വീതം ഇന്ത്യൻ പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതിനും ജനപ്രതിനിധികളുമായി സംവദിക്കുന്നതിനും അവസരം നൽകുന്നു. ഇവർക്കായി സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ കോളേജ് യൂണിയൻ ഭാരവാഹികൾക്ക് ഭരണഘടന, പാർലമെന്ററി ജനാധിപത്യം എന്നിവ സംബന്ധിച്ച ദ്വിദിന വർക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിച്ചു:

| ക്രമ നമ്പർ | പരിപാടി | സ്കൂൾ |
|---|---|---|
| 1 | യൂത്ത് പാർലമെന്റ് മത്സരം | GHSS, നടുവണ്ണൂർ ഗവൺമെന്റ് ഗേൾസ് HSS, ബാലുശ്ശേരി തിരുവാങ്ങൂർ HSS, GVHSS ഫോർ ഗേൾസ്, നടക്കാവ് സെന്റ് ജോസഫ് HSS, പുല്ലൂരം പാറ, സെന്റ് സെബാസ്റ്റ്യൻസ് HS പുന്നക്കൽ |
| 2 | പാർലമെന്ററി ലിറ്ററസി ക്ലബ്ബ് | ഗവൺമെന്റ് ഗേൾസ് HSS, കൊയിലാണ്ടി |
| 3 | ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് | ഗവൺമെന്റ് ഗേൾസ് HSS, കൊയിലാണ്ടി സെന്റ് മേരീസ് HSS, കൂടത്തായി |
| 4 | സ്കൂൾ സെമിനാർ | GHSS, ബേപ്പൂർ |

## വിദ്യാർത്ഥികൾക്കിടയിൽ ജനാധിപത്യാവബോധം സൃഷ്ടിക്കാനുതകുന്ന പ്രത്യേക പദ്ധതികൾ

77(730) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യത്തിലും, പാർലമെന്ററി രംഗത്തും കുട്ടികളുടെ അവബോധം വർദ്ധിപ്പിക്കുന്നതിന് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണഘടനയും ജനാധിപത്യവും സംരക്ഷിക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് കൂടുതൽ സമഗ്രമായ പദ്ധതികൾ പുതിയ സാഹചര്യത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ പ്രക്രിയയെക്കുറിച്ചും അവബോധം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ കീഴിൽ സ്കൂളുകളിൽ യൂത്ത് പാർലമെന്റും കോളേജുകളിൽ മോഡൽ പാർലമെന്റും

സംഘടിപ്പിച്ചുവരുന്നു. സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകളും അനുവദിക്കുകയും അവയിലൂടെ കുട്ടികൾക്കിടയിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്ന വിധത്തിൽ ക്വിസ്സ് മത്സരങ്ങൾ, ഉപന്യാസ മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. സ്കൂളുകളിൽ ഭരണ ഘടന, പാർലമെന്ററി ജനാധിപത്യം, മനുഷ്യാവകാശം എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു. യുവജനങ്ങളെ ലക്ഷ്യമാക്കി കോളേജുകളിൽ മോഡൽ പാർലമെന്റിനു പുറമെ ഏകദിന, ദ്വിദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് കുട്ടികൾക്ക് വീതം ഇന്ത്യൻ പാർലമെന്റും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതിനും ജനപ്രതിനിധികളുമായി സംവദിക്കുന്നതിനും അവസരം നൽകുന്നു. ഇവർക്കായി സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കൂടാതെ പഴയ നിയമസഭാ ഹാളിൽവച്ച് മോഡൽ പാർലമെന്റും ഇവർക്കായി സംഘടിപ്പിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ കോളേജ് യൂണിയൻ ഭാരവാഹികൾക്ക് ഭരണഘടന, പാർലമെന്ററി ജനാധിപത്യം എന്നിവ സംബന്ധിച്ച് ദ്വിദിന വർക്ക്ഷോപ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ഒറ്റപ്പാലത്ത് മൾട്ടിപ്ലസ് തിയേറ്റർ സമുച്ചയം**

78(731) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കെ.എസ്.എഫ്.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന മൾട്ടിപ്ലസ് തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മൾട്ടിപ്ലക്സ് തിയേറ്റർ സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

## സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം

79(732) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായ സമിതി, പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സമിതിയിലെ ഓരോ അംഗവും സർക്കാരിൽനിന്നും എത്ര തുക വീതം കൈപ്പറ്റി; പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് തയ്യാറാക്കിവരുന്നു.

(ബി) ജസ്റ്റിസ് കെ. ഹേമ സമിതിയുടെ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് 31-12-2019-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 1-6-2019-ലെ സ.ഉ.(സാധാ)നമ്പർ 219/2019/സാം.കാ.വ. പ്രകാരം സമിതി അദ്ധ്യക്ഷയ്ക്ക് 70,000 രൂപയും സമിതി അംഗങ്ങൾക്ക് 50,000 രൂപ വീതവും പ്രതിമാസ ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടന്നുവരുന്നു. സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന ഇതുവരെ 46,55,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കാട്ടുതീ തടയാൻ നടപടി

80(733) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ വനങ്ങളിൽ കാട്ടുതീ പടർന്നു പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൃശ്ശൂർ ദേശമംഗലത്തിനടുത്ത് പള്ളം കൊറ്റമ്പത്തൂരിൽ കാട്ടുതീ തടയാൻ ശ്രമിക്കവേ മൂന്നു വാച്ചർമാർ പൊള്ളലേറ്റ് മരണമടഞ്ഞ സംഭവത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ കാട്ടുതീ തടയുന്നതിന് അപരിഷ്കൃതവും അശാസ്ത്രീയവുമായ സംവിധാനമാണുള്ളതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ദേശമംഗലത്തിനടുത്ത് പള്ളം കൊറ്റമ്പത്തൂരിലെ കാട്ടുതീ തടയാൻ ശ്രമിക്കവേ മൂന്ന് വാച്ചർമാർ പൊള്ളലേറ്റ് മരണമടഞ്ഞ സംഭവത്തിൽ തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ-4/2020 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിവരുന്നുണ്ട്. ഈ കേസിന്റെ മേൽനോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire

Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

ഡിവിഷൻ, റെയ്ഞ്ച് തലത്തിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക് ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/ വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെട നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൽ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതാണ്.

**കാട്ടുതീ നിയന്ത്രണ നടപടികൾ**

81(734) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട ഫയർ റസ്പോണ്ടർ ഉൾപ്പെടെ എന്തെല്ലാം ഉപകരണങ്ങളാണ് വനം വകുപ്പ് ഉപയോഗിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കാട്ടുതീ നിയന്ത്രണ ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തനം ഫലപ്രദമായി നടത്തുവാനുള്ള ഓക്സിജൻ സിലിണ്ടറുകൾ, വയർലെസ് മൊബൈൽ സെറ്റുകൾ, ഫയർലൈൻ തെളിയിക്കുവാനുള്ള ഉപകരണങ്ങൾ തുടങ്ങി അവശ്യം വേണ്ടുന്ന ഉപകരണങ്ങൾ എത്രയാണ്; നിലവിലുള്ളത് എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) കാട്ടുതീ നിയന്ത്രണത്തിനായുള്ള വെള്ളത്തിനായി ചെക്ക് ഡാം, മഴക്കുഴികൾ തുടങ്ങിയവ സ്ഥാപിക്കുന്നത് ഫലപ്രദമായി നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വനമേഖലകളിൽ വാച്ചർമാരുടെ കുറവും, ഫയർ വാച്ച് ടവറുകളുടെ കുറവും കാട്ടുതീ തടയുവാനുള്ള തടസ്സങ്ങളാണെന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ആയതു പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നി പ്രതിരോധമുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്.

പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

(ബി) നിലവിൽ വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. 1360 വയർലെസ് സെറ്റുകൾ ഫീൽഡ് സ്റ്റാഫ് നിലവിൽ ഉപയോഗിച്ചുവരുന്നു.

കൂടാതെ ഈ വർഷം 17 വയർലെസ് റിപീറ്റർ സെറ്റുകൾ, 80 മെയിൻ സെറ്റുകൾ, വാഹനങ്ങളിൽ ഘടിപ്പിക്കാവുന്ന 50 മൊബൈൽ സെറ്റുകൾ, 300 വാക്കി ടോക്കികൾ എന്നിവ ഫീൽഡ് സ്റ്റാഫിന് ലഭ്യമാക്കിയിട്ടുണ്ട്.

ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

(സി) ഉണ്ട്. കാട്ടുതീ നിയന്ത്രണത്തിനായുള്ള വെള്ളത്തിനായി വന പ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുകയും പഴയ കുളങ്ങളും ചെക്ക ഡാമുകളും നവീകരിക്കുകയും ചെയ്യുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാട്ടുതീ നിയന്ത്രണ രേഖകൾ ടെണ്ടർ സംവിധാനത്തിൽ വനം കരാറുകാർ മുഖേനയും പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വി.എസ്.എസ്.സി./ഇ.ഡി.സി. അംഗങ്ങളുടെ പങ്കാളിത്തത്തോടും മേൽനോട്ടത്തിലും നടപ്പിലാക്കുകയും ഫയർ സീസണിൽ വകുപ്പിലെ വാച്ചർമാരെ കൂടാതെ ദിവസ വേതനാടിസ്ഥാനത്തിൽ ഫയർ വാച്ചർമാരെ നിയോഗിച്ചും വന നിരീക്ഷണം നടത്തിവരുന്നു. കൂടാതെ ഫയർ സീസണിൽ താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

## വന്യജീവി ആക്രമണവും കൃഷിനാശവും

82(735) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണവും കൃഷി നാശവും വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യജീവി ആക്രമണവും, കൃഷിനാശവും തടയുന്നതിനായി ട്രഞ്ച് നിർമ്മാണവും ഇലക്ട്രിക് ഫെൻസിംഗും സ്ഥാപിക്കുന്നതടക്കമുള്ള സംരക്ഷണ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) നിലവിലുള്ള വൈദ്യുത സംരക്ഷണ വേലികളുടെ അറ്റകുറ്റപ്പണികൾ വിഎസ്എസിന്റെ സേവനം പ്രയോജനപ്പെടുത്തി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ കാട്ടാന അടക്കമുള്ള വന്യജീവികളുടെ ആക്രമണവും കൃഷിനാശവും വ്യാപകമായിട്ടുണ്ട്.

(ബി) വന്യജീവി ആക്രമണവും കൃഷിനാശവും തടയുന്നതിനായി വാഴച്ചാൽ ഡിവിഷനിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 2.205 കി. മീ. ട്രഞ്ചും 14.5 കി.മീ. ചുറ്റളവിൽ സോളാർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ പുതിയ കുളങ്ങളും ചെക്ക് ഡാമുകളും നിർമ്മിക്കുകയും നിലവിലുള്ളവ വൃത്തിയാക്കുകയും ചെയ്യുന്നുണ്ട്. ചാലക്കുടി ഡിവിഷനിൽപ്പെട്ട പ്രദേശങ്ങളിൽ 1.27 കി.മീ. ട്രഞ്ചും 44.5 കി.മീ. സോളാർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം തടയാൻ മൊബൈൽ സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) നിലവിലുള്ള വൈദ്യുത സംരക്ഷണ വേലികളുടെ അറ്റകുറ്റപ്പണികൾ വി.എസ്.എസ്സിന്റെ സേവനം പ്രയോജനപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്. അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലായി 14.738 കി.മീ. വൈദ്യുത സംരക്ഷണ വേലികളുടെ അറ്റകുറ്റപ്പണികൾ വി.എസ്.എസ്സിന്റെ സേവനം പ്രയോജനപ്പെടുത്തി നടത്തിവരുന്നുണ്ട്.

**കാട്ടുതീ തടയുന്നതിനുള്ള നടപടികൾ**

83(736) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനലിന്റെ കാഠിന്യംമൂലം കൂടെക്കൂടെയുണ്ടാകുന്ന കാട്ടുതീ തടയുവാനും, മനുഷ്യരേയും വനത്തിലെ മൃഗങ്ങളുൾപ്പെട്ട ജീവജാലങ്ങളേയും, പച്ചപ്പുകളേയും കാട്ടുതീയിൽനിന്നും സംരക്ഷിക്കുവാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ഇത്തരം കാട്ടുതീ വിപത്തുകൾ സംസ്ഥാനത്തെ വനമേഖലയേയും അതോടൊപ്പമുള്ള മനുഷ്യവാസ മേഖലയേയും എങ്ങനെയെല്ലാം ബാധിച്ചുവെന്നും എന്തെല്ലാം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്ര വനമേഖലയുൾപ്പെടെ മനുഷ്യവാസ മേഖല കത്തിനശിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിലുണ്ടായ ഇത്തരം കാട്ടുതീ വിപത്തുകൾമൂലം എത്ര പേർ മരണപ്പെട്ടുവെന്നും എത്ര ഹെക്ടർ വനഭൂമി നഷ്ടപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻതലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനു കീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പുസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം ഡിവിഷൻ സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്കു ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/ വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യവിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ 2020 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ ഏകദേശം 6437.291 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. മനുഷ്യവാസ മേഖലയെ കാട്ടുതീ ബാധിച്ചിട്ടില്ല. ഉണങ്ങിയ പുൽമേടുകളും അടിക്കാടുകളും മാത്രം കത്തി നശിച്ചതിനാലും തുടർന്ന് വരുന്ന കാലവർഷത്തിൽ ടി മേഖലയിൽ വീണ്ടും പുല്ലുകൾ കിളിർത്ത് പൂർവ്വസ്ഥിതിയിൽ ആകുന്നതിനാലും വനത്തിനോ വന്യജീവികൾക്കോ മറ്റ് നാശനഷ്ടങ്ങളൊന്നും സംഭവിച്ചിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലയളവിൽ 28-2-2020 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ ഏകദേശം 6437.291 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. ഇതുമൂലം മൂന്ന് പേർ മരണപ്പെടുകയുണ്ടായി.

## പയ്യന്നൂർ മണ്ഡലത്തിൽ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിയ കാവുകൾ

84 (737) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിയ എത്ര കാവുകളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ഇങ്ങനെയുള്ള കാവുകൾ സംരക്ഷിക്കാനും വിപുലപ്പെടുത്താനുമായി സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) പയ്യന്നൂർ മണ്ഡലത്തിൽ സംരക്ഷിത പട്ടികയിൽ ഉൾപ്പെടുത്തിയ കാവുകളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.

കാവുകളുടെ ജൈവവൈവിധ്യം നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ ഉത്തരവ് 24-12-2016-ലെ സ.ഉ.(സാധാ) നമ്പർ 485/16/വനം പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തെരഞ്ഞെടുത്ത് ധനസഹായം നൽകിവരുന്നുണ്ട്. ജില്ല അടിസ്ഥാനത്തിൽ വർഷംതോറും അപേക്ഷകൾ ക്ഷണിക്കുകയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ചെയർപേഴ്സണായ ഒൻപത് അംഗ സംസ്ഥാനതല വിദഗ്ദ്ധ കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നു.

## തിരുവനന്തപുരം ജില്ലയിൽ ആദിവാസികൾക്കായി വനം വകുപ്പിന്റെ പദ്ധതികൾ

85(738) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആദിവാസികൾക്കായി തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആദിവാസികൾക്കായി തിരുവനന്തപുരം ജില്ലയിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. ആദിവാസി സെറ്റിൽമെന്റുകളിൽ വന്യമൃഗങ്ങൾമൂലം ഉണ്ടാകുന്ന ആക്രമണം തടയുന്നതിനായി/കുറയ്ക്കുന്നതിനായി ആനകിടങ്ങുകൾ, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.
2. ആദിവാസികളുടെ ജീവിതമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി വന്യജീവി സങ്കേതങ്ങളിൽ ദിവസവേതന വാച്ചർമാരായി ജോലി നൽകിവരുന്നു.
3. ആദിവാസികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ശൗചാലയങ്ങൾ നിർമ്മിച്ചു നൽകിവരുന്നു.
4. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ കുടുംബത്തിനും എൽ.പി.ജി. ഗ്യാസ് കണക്ഷൻ നൽകിവരുന്നു.
5. പാങ്കാവ് സെന്റിൽമെന്റിലെ ആദിവാസികളുടെ ഉപജീവനാർത്ഥം ഒരു കരകൗശല യൂണിറ്റ് അനുവദിച്ച് നൽകി.
6. ആദിവാസി വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലൈബ്രറികൾക്കുമായി ആവശ്യമായ ഉപകരണങ്ങൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു.
7. നെയ്യാർ വന്യജീവി സങ്കേതത്തിലെ അയ്യവിളാകം, കാരിക്കുഴി എന്നീ സെറ്റിൽമെന്റുകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കുടിവെള്ള പദ്ധതി നടപ്പിലാക്കി.
8. വന്യമൃഗങ്ങളുടെ ആക്രമണംമൂലം ഉണ്ടായ കൃഷി നാശത്തിന് നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം നൽകിവരുന്നു. അതുപോലെ ജീവഹാനി സംഭവിക്കുന്നവർക്കും/ പരിക്ക്/ചികിത്സ എന്നിവർക്കും സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നഷ്ടപരിഹാരം നൽകി വരുന്നു.
9. നെയ്യാർ, പേപ്പാറ, കോട്ടൂർ എന്നിവിടങ്ങളിലെ ആദിവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ സെറ്റിൽമെന്റുകളിൽ കാലാകാലങ്ങളിൽ വനംവകുപ്പ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

10. ആദിവാസി വിഭാഗത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്ന പേപ്പാറ വന്യജീവി സങ്കേതത്തിലെ പൊടിയം എം.ജി.എൽ.സി. സ്കൂളിന് പാചകപ്പുര പണിത് നൽകി.

11. എ.ബി.പി. റെയിഞ്ച് കോട്ടൂരിലെ വാലിപ്പാറ ആദിവാസി സെന്റിൽമെന്റിലെ അങ്കണവാടിയിലെ ആവശ്യങ്ങൾക്കായി കിണർ നിർമ്മിച്ച് നൽകി.

12. ആദിവാസികളും കർഷകരുമായ 50 പേർക്ക് കാർഷിക വൃത്തിയിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിന് കൃഷി സംബന്ധമായ പണിയായുധങ്ങൾ വാങ്ങി നൽകി.

13. കോട്ടൂർ എ.ബി.പി. റെയിഞ്ചിലെ കോട്ടൂർ സെക്ഷനിൽ സ്വയം തൊഴിൽ സഹായത്തിന്റെ ഭാഗമായി വനിതാ ശിങ്കാരിമേളത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകി.

14. കോട്ടൂർ എ.ബി.പി. റെയിഞ്ചിലെ ചോനാംമ്പാറ അങ്കണവാടി അറ്റകുറ്റപ്പണികൾ നടത്തി. കൂടാതെ ഒരു കരിയർ ഗൈഡൻസ് സെന്ററിന് ക്യാബിൻ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) എല്ലാ പ്രവൃത്തികളും യഥാസമയം പൂർത്തീകരിച്ചിട്ടുള്ളതും തൽഫലമായി ആദിവാസി ജനസമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളതായും വിലയിരുത്തിയിട്ടുണ്ട്.

### വനാതിർത്തികളിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്

86(739) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ, പത്ത് കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കി ഇരുപത് ശതമാനം തുക വകയിരുത്തിയ വഴിക്കടവ്, മൂത്തേടം, അമരമ്പലം, കരുളായി, പോത്തുകൽ എന്നീ പഞ്ചായത്തുകളിലെ വനാതിർത്തികളിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കി, ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയിഞ്ചിന് കീഴിലുള്ള പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏര്യയിൽ 3.80 കിലോമീറ്റർ നീളത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് കിഫ്ബി ഫേസ് II പദ്ധതിയിൽ ഉൾപ്പെടുത്തി 12-11-2018-ലെ സ.ഉ.(കൈ)നമ്പർ 46/2018/വനം ഉത്തരവ് പ്രകാരം 225.00 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 2,25,83,000 രൂപയുടെ അടങ്കൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. വഴിക്കടവ്, അമരമ്പലം, കരുളായി, പോത്തുകൽ എന്നീ പഞ്ചായത്തുകൾക്ക് കീഴിൽ വനം വകുപ്പുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ പ്രവൃത്തികൾ നിലവിലില്ല.

(ബി) മേൽ പദ്ധതിക്ക് കിഫ്ബി ഫേസ് II പദ്ധതിയിൽ ഉൾപ്പെടുത്തി 23-1-2020-ലെ സ.ഉ.(കൈ) നമ്പർ 2/2020/വനം ഉത്തരവ് പ്രകാരം 225.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി അടങ്കലും സ്കെച്ചും പരിശോധിച്ച് വരികയാണ്. അടങ്കൽ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് നടപടി ആരംഭിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ വനവിസ്തൃതി**

87(740) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോഴുള്ള വനവിസ്തൃതി എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനവിസ്തൃതിയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഏതൊക്കെ പദ്ധതികളിലൂടെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) 2017-18 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പ്രകാരം 31-3-2018-ൽ കേരളത്തിലെ വനവിസ്തൃതി 11521.813 ചതുരശ്ര കിലോമീറ്ററാണ്.

(ബി) ഉണ്ട്. 2015-16 ലെ വനം വകുപ്പിന്റെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപ്രകാരം 31-3-2016 തീയതിയിലെ കേരളത്തിലെ വനവിസ്തൃതി 11309.4754 ചതുരശ്ര കിലോമീറ്ററാണ്. ആയത് 2017-18-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപ്രകാരം 31-3-2018 തീയതിയിലെ 11521.813 ചതുരശ്ര കിലോമീറ്ററായിട്ടുണ്ട്. 1-4-2016 മുതൽ 31-3-2018 വരെയുള്ള 2 വർഷക്കാലയളവിൽ വനവിസ്തൃതിയിൽ 212.3376 ചതുരശ്ര കിലോമീറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചു വരുന്നുണ്ട്. കൂടാതെ തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952, ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805, ഹെക്ടർ) വനനിയമം സെക്ഷൻ 4 പ്രകാരം "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്ന് കിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും ഇപ്രകാരമുള്ള പ്രദേശങ്ങളിലെ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. KIIFB യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി റീബിൽഡ് കേരളയുടെ കീഴിലും KIIFB ലും പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടെങ്കിലും ആയതിനാൽ ഇതുവരെയും തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

## കാക്കനാട്-മൂവാറ്റുപുഴ നാലുവരി പാതയുടെ സർവ്വേ

88(741) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ 40 കോടി രൂപ അനുവദിച്ച നിർദ്ദിഷ്ട കാക്കനാട് - മൂവാറ്റുപുഴ നാലുവരി പാതയുടെ സ്ഥലമെടുപ്പ് സർവ്വേ നടപടികൾക്ക് കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വീട്ടൂർ വനമേഖലയിൽ നേരിടുന്ന തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. കാക്കനാട് മൂവാറ്റുപുഴ നാലുവരി പാതയുടെ സ്ഥലമെടുപ്പ് സർവ്വേ നടപടികളുടെ ഭാഗമായി വീട്ടൂർ വനമേഖലയുമായി ബന്ധപ്പെട്ടോ വനഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ടോ വനഭൂമിയിലെ സർവ്വേ നടപടികളുമായി ബന്ധപ്പെട്ടോ വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള യാതൊരു അപേക്ഷകളും നിർവ്വഹണ ഏജൻസികളിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**കാട്ടുതീ നേരിടുവാൻ സംവിധാനം**

89(742) ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി ഷാനിമോൾ ഉസ്മാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായതോടുകൂടി കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കൂടിയ സാഹചര്യത്തിൽ അത് നേരിടുവാൻ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷം കാട്ടുതീമൂലം എത്ര ഏക്കർ വനമാണ് കത്തി നശിച്ചത്; ഇതിലൂടെ ഉണ്ടായ നഷ്ടം എത്രയാണ്;

(സി) വന്യജീവികളെയും വനസമ്പത്തിനെയും നശിപ്പിക്കുന്ന കാട്ടുതീക്ക് കാരണമാകുന്നത് സാമൂഹ്യവിരുദ്ധരുടെ ഇടപെടൽ ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വനത്തിനുള്ളിൽ ഇത്തരക്കാരെ നിയന്ത്രിക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വരൾച്ച കൂടിയ സാഹചര്യത്തിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് വനം വകുപ്പ് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി റെയിഞ്ച് തലം മുതൽ സർക്കിൾതലം വരെ വിവിധ തലങ്ങളിൽ നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംസ്ഥാനതല ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അതനുസരിച്ചുള്ള

പരിപാടികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് ഫയർലൈൻ തെളിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ, കൺട്രോൾ ബേണിംഗ് നടത്തൽ തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നു. ആവശ്യമായ ഇടങ്ങളിൽ ഫയർ വാച്ചർമാരെ നിയോഗിച്ച് തുടർച്ചയായി കാട്ടുതീ നിരീക്ഷണവും ചെയ്തുവരുന്നു. അതുപോലെ സാധാരണഗതിയിൽ കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളെ High, Moderate, Low എന്നിങ്ങനെ തരംതിരിച്ച് അതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടുതീ ഫലപ്രദമായി നേരിടുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചുണ്ട്. കൂടാതെ ഉൾവനങ്ങളിൽ ഫലപ്രദമായി കാട്ടുതീ അണയ്ക്കുന്നതിനായി രണ്ട് മിനി റെസ്പോണ്ടർ ഫയർ ഫൈറ്റിംഗ് വാഹനങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ വാങ്ങിയിട്ടുണ്ട്. ഇത് വിജയപ്രദമാകുന്ന മുറയ്ക്ക് കൂടുതൽ ഇത്തരത്തിൽ വാഹനങ്ങൾ വാങ്ങാൻ വനം വകുപ്പ് ആലോചിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് 2017-18 വർഷത്തിൽ 3160.41 ഏക്കറിലും 2018-19 വർഷത്തിൽ 4472.50 ഏക്കറിലും കാട്ടുതീ ഉണ്ടായിട്ടുണ്ട്. ഇതിലൂടെ 1,10,650 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു.

(സി) വന സന്ദർശനത്തിനും മറ്റുമായി എത്തുന്നവരുടെ അശ്രദ്ധമൂലവും സാമൂഹ്യവിരുദ്ധരുടെ പ്രവൃത്തികൾമൂലവും കാട്ടുതീ ഉണ്ടാകാറുണ്ട്.

(ഡി) വനത്തിനുള്ളിൽ എത്തുന്ന സഞ്ചാരികളെ നിയന്ത്രിക്കുന്നതിനും മറ്റ് സാമൂഹ്യവിരുദ്ധർ വനവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിനും വനംവകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്താറുണ്ട്. സ്ഥിര ജീവനക്കാരെയും താൽക്കാലിക ജീവനക്കാരെയും വന നിരീക്ഷണത്തിനും മറ്റ് മുൻകരുതലുകൾക്കും ആവശ്യമായ ഇടങ്ങളിൽ വനം വകുപ്പ് നിയോഗിച്ച് വരുന്നുണ്ട്.

**പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണവും പരിപാലനവും**

90(743) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതിന്റെ ഭാഗമായി കാട്ടുതീ നിയന്ത്രണ രേഖകൾ നിർമ്മിക്കുന്നതിനും മേൽനോട്ടത്തിനായി വാച്ചർമാരെ നിയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിവിധ കാരണങ്ങളാൽ നശിച്ചുപോകുന്ന വനങ്ങൾക്ക് പകരം വനം വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര ഹെക്ടർ സ്ഥലത്ത് പുതിയ മരങ്ങൾ വച്ചു പിടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക് ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇ.ഡി.സി/ വി.എസ്.എസ്. അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ നിയന്ത്രണരേഖകൾ ടെണ്ടർ സംവിധാനത്തിൽ വനം കരാറുകാർ മുഖേനയും പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളുടെ പങ്കാളിത്തത്തോടും മേൽനോട്ടത്തിലും നടപ്പിലാക്കുകയും ഫയർ സീസണിൽ വകുപ്പിലെ വാച്ചർമാരെ കൂടാതെ ദിവസ വേതനാടിസ്ഥാനത്തിൽ ഫയർ വാച്ചർമാരെ നിയോഗിച്ചും വനനിരീക്ഷണം നടത്തിവരുന്നു.

(ഡി) ഏതെങ്കിലും കാരണത്താൽ വനം പൂർണ്ണമായി നശിച്ചുപോയതായി റിപ്പോർട്ടില്ല. എന്നാൽ 2009-10 മുതൽ അഡ്-ഹോക് ക്യാമ്പ റിലീസ് ചെയ്ത ക്യാമ്പ ഫണ്ട് ഉപയോഗിച്ച് 303.26 ഹെക്ടർ സ്ഥലത്ത് പരിഹാര വനവൽക്കരണംവഴി പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## വന സംരക്ഷണ പ്രവർത്തനങ്ങൾ

91(744) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്തമായ വനത്തിന്റെ അതിരുകൾ വേർതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി എത്ര കോടി രൂപയാണ് 2019-20-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; ഇതിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ;

(ബി) നാളിതുവരെ ഇതിനായി എത്ര രൂപ ചെലവഴിച്ചെന്നും എന്തെല്ലാം പ്രവൃത്തികൾക്കാണ് ഈ തുക ചെലവഴിച്ചതെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നുവെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) പ്രകൃതിദത്തമായ വനത്തിന്റെ അതിരുകൾ വേർതിരിച്ച് വനം സംരക്ഷിക്കുന്നതിനായി ജണ്ടകൾ നിർമ്മിക്കുന്നതിലേയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 4406-01-101-99 വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) എന്ന ശീർഷകത്തിൽ 29 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി ബഡ്ജറ്റ് ശീർഷകത്തിൽ പ്രകൃതിദത്തമായ വനത്തിന്റെ അതിരുകൾ വേർതിരിച്ച് വനം സംരക്ഷിക്കുന്നതിനായി വനാതിർത്തികളുടെ സർവ്വേയും അതിർത്തി തിരിക്കലും (ജണ്ട നിർമ്മാണം), വനാതിർത്തിയിലെ കരിങ്കൽ ഭിത്തികളുടേയും സംരക്ഷണ ഭിത്തികളുടേയും നിർമ്മാണം മുതലായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) നാളിതുവരെ ഇതിനായി സർക്കിൾ തലത്തിൽ ചെലവഴിച്ച തുകയും പ്രവൃത്തിയും അനുബന്ധമായി ചേർക്കുന്നു.*

(സി) നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുകയ്ക്കുള്ള പ്രവൃത്തികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫയർ മാനേജ്മെന്റ് പ്ലാൻ

92 (745) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽ ശക്തമായതോടെ പല പ്രദേശങ്ങളിലും കാട്ടുതീ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുതീ തടയുന്നതിനായി ഫയർ മാനേജ്മെന്റ് പ്ലാൻ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നിബിഡ വനങ്ങളിൽ കാട്ടുതീയുണ്ടായാൽ തീയണയ്ക്കുന്നതിനായി വനപാലകർക്ക് ശാസ്ത്രീയ സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാട്ടുതീ തടയുന്നതിനായി ഫയർ മാനേജ്മെന്റ് പ്ലാൻ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്.

കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

ഡിവിഷൻ, റെയിഞ്ച് തലത്തിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക് ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/ വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

(സി) കാട്ടുതീ ഫലപ്രദമായി നേരിടുന്നതിനായി അത്യാധുനിക സംവിധാനങ്ങളുള്ള രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇവ നിലവിൽ തൃശ്ശൂർ, പാലക്കാട് മേഖലകളിൽ ഉപയോഗിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കാണുകയാണെങ്കിൽ ഇത്തരം കൂടുതൽ വാഹനങ്ങൾ വാങ്ങുന്നതിന് പദ്ധതിയുണ്ട്.

ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കംവന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതാണ്.

**കാട്ടുതീ തടയുന്നതിനുള്ള സംവിധാനങ്ങൾ**

93(746) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീ തടയുന്നതിന് വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കാട്ടുതീ യഥാസമയം കണ്ടെത്തി നിയന്ത്രിക്കുന്നതിനുള്ള ഫയർ അലർട്ട് സിസ്റ്റം എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ;

(സി) അപൂർവ്വ വൃക്ഷങ്ങളും സസ്യങ്ങളുമുള്ള പ്രദേശങ്ങളിൽ കാട്ടുതീ പടരാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയിഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയിഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽനിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽനിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കലും ചെയ്തുവരുന്നു.

ഡിവിഷൻ, റെയിഞ്ച് തലത്തിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽനിന്നും യഥാസമയം

ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർ ലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്ക് ഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/ വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെട നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയാണ് ഫയർ അലർട്ട് സിസ്റ്റം, വനം വകുപ്പിലെ ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ ആകെ 3700 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും ടി സംവിധാനത്തിൽ മൊബൈൽ നമ്പർ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

എഫ്.എസ്.ഐ.-യുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന തീയുടെ വിവരം,

കൃത്യസ്ഥലം (അക്ഷാംശവും രേഖാംശവും അടക്കം), കൃത്യസ്ഥലത്തിന്റെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്. ആയതിനെ ആസ്പദമാക്കി ക്രിയാത്മകമായ പ്രതിരോധ പ്രവൃത്തികൾ സ്വീകരിക്കാൻ കഴിയും. ഇപ്രകാരം ലഭിക്കുന്ന വിവരത്തിന് ഫീഡ്ബാക്ക് നൽകുന്നതിനുള്ള ഒരു ലിങ്ക് കൂടി എസ്.എം.എസ്. സന്ദേശത്തിൽ ലഭ്യമാണ്. ഈ ലിങ്ക് ഉപയോഗിച്ച് ലഭിച്ച വിവരം കൃത്യമാണോയെന്ന് എഫ്.എസ്.ഐ.-ക്ക് ഫീഡ് ബാക്ക് നൽകുന്നു. ഇത് ടി സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എഫ്.എസ്.ഐ.-യെ സഹായിക്കുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മേയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എഫ്.എസ്.ഐ. മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അപൂർവ്വ വൃക്ഷങ്ങളും സസ്യങ്ങളുമുള്ള പ്രദേശങ്ങൾ കാട്ടുതീ പടരാതെ സംരക്ഷിക്കുന്നതിന് വനമേഖല, തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. തീവ്രസാധ്യതയുള്ള മേഖലകളിൽ കൂടുതൽ ഫയർ ലൈനുകൾ സൃഷ്ടിക്കുകകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു.

**വനാതിർത്തി സംരക്ഷണം**

94(747) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കൈയ്യേറ്റം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ടോ;

(സി) വനസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉൾവന പ്രദേശങ്ങളിൽ ജീവനക്കാർക്കായി പ്രൊട്ടക്ഷൻ ക്യാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ഡി) വനാതിർത്തി സർവ്വേ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഉദ്യോഗസ്ഥർക്കായി സർവ്വേ പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിരജണ്ടകൾ സ്ഥാപിക്കുക എന്നതാണ് വനം കയ്യേറ്റം തടയുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി.

2. പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾതന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

3. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

4. സംസ്ഥാനത്തിന്റെ വനഭൂമി സംബന്ധിച്ചുള്ള സർവ്വേ സ്കെച്ചുകളും അനുബന്ധ രേഖകളും വനം വകുപ്പിന്റെ കൈവശമുള്ള മറ്റ് രേഖകളും ഭദ്രമായി സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കോർഡ് റൂം കോഴിക്കോട് മാത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി രേഖകളെല്ലാം തന്നെ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

(ബി) കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16846 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 15533 കിലോമീറ്ററോളം വനാതിർത്തി 31-3-2019 വരെ ജണ്ടകെട്ടി വേർതിരിച്ചു കഴിഞ്ഞിട്ടുണ്ട്. 1-4-2019-ൽ ജണ്ട കെട്ടി തിരിക്കുവാനായി ഉദ്ദേശം 1313 കി.മീ. അവശേഷിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 മുതൽ ജണ്ട നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാനായി. 2016-17-ൽ 12500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി). 2017-18-ൽ 14416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി). 2018-19-ൽ 14618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2019-20-ൽ 13000 ജണ്ടകളും (ഉദ്ദേശം 600 കി.മീ. വനാതിർത്തി) നിർമ്മിക്കുവാൻ കഴിയുന്നതാണ്. അവശേഷിക്കുന്ന ഉദ്ദേശം 713 കി.മീറ്റർ വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 2016-17 മുതൽ വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ സർക്കാൻ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. ഇതുവരെ 8 ബാച്ചുകളിലായി 240 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 4-4-2016-ലെ G.O. (p) No 290/16/RD പ്രകാരം കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ്-1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ട്രെയിനിംഗിൽ വിജയികളായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**വനം വകുപ്പിനെ ആധുനികവൽക്കരിക്കാനുള്ള നടപടി**

95(748) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാകൃതവും അശാസ്ത്രീയവുമായ രീതികളുമായി വനസംരക്ഷണത്തി നിറങ്ങിയാൽ വനപാലകരുടെ ജീവന് ഏത് സമയത്തും അപകടം സംഭവിക്കാം എന്നതിന്റെ തെളിവായി കൊറ്റമ്പത്തൂരിലെ കാട്ടുതീ മൂലമുള്ള അപകടത്തെ സർക്കാർ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രതിവർഷം പതിനഞ്ച് കോടിയോളം രൂപ കാട്ടുതീ തടയാൻ വനംവകുപ്പ് ചെലവഴിക്കുമ്പോഴും മരത്തിന്റെ കമ്പുകൾ കൊണ്ട് തീ തല്ലിക്കെടുത്തുന്ന രീതിക്കും നീളമുള്ള ഇരുമ്പ് പൈപ്പിന്റെ അറ്റത്ത് റബ്ബർ വള്ളി ഘടിപ്പിച്ചുള്ള ഫയർ ബീറ്ററിനും പുറമെ കാട്ടുതീ തടയാൻ എന്ത് പ്രതിരോധമാർഗ്ഗമാണ് വനം വകുപ്പിനുള്ളതെന്ന് അറിയിക്കാമോ ;

(സി) എങ്കിൽ കേരളത്തിലെ എല്ലാ വനമേഖലകളിലും തീ പടരാനുള്ള സാധ്യതയുള്ളതിനാൽ വനപാലകരുടെ ജീവനും അമൂല്യമായ വനസമ്പത്തും വന്യജീവികളുടെ ജീവനും സംരക്ഷിക്കുന്നതിനായി വനംവകുപ്പിനെ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. അടിക്കാട് വെട്ടി തെളിക്കുന്ന പ്രവൃത്തി HNL കമ്പനി യഥാസമയം ചെയ്യാതിരുന്നതും പ്രതികൂല കാലാവസ്ഥയുമാണ് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കാൻ കാരണമായതെന്നാണ് പ്രാഥമിക നിഗമനം.

(ബി) കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവയ വാങ്ങിക്കുന്നതുമാണ്.

(സി) കേരളത്തിലെ എല്ലാ വനമേഖലകളിലും തീ പടരാനുള്ള സാധ്യതയുള്ളതിനാൽ വനപാലകരുടെ ജീവനും അമൂല്യമായ വനസമ്പത്തും വന്യജീവികളുടെ ജീവനും സംരക്ഷിക്കുന്നതിനായി വനംവകുപ്പിനെ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഈ വർഷം മുതൽ പുതുതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് ഫയർ റെസ്പോണ്ടർ വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ

ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

**വടക്കാഞ്ചേരി, മച്ചാട് റെയിഞ്ചുകളിലെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ**

96(749) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, മച്ചാട് വനം റെയിഞ്ചുകളിൽ കാട്ടുതീ പ്രതിരോധിക്കുന്നതിന് ഫയർലൈൻ തെളിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇനിയും എത്ര കി.മീ. ദൂരം ഫയർലൈൻ തെളിക്കാനുണ്ടെന്നും തെളിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദീകരിക്കുമോ;

(സി) കാട്ടുതീ പ്രതിരോധിക്കുന്നതിന് ഈ റെയിഞ്ചുകളിൽ എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാട്ടുതീ പ്രതിരോധിക്കുന്നതിനായി തൃശ്ശൂർ വനം ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിൽ 86.28 കി.മീറ്ററും മച്ചാട് വനം റെയിഞ്ചിൽ 29.52 കി.മീറ്ററും ഫയർലൈൻ തെളിച്ചിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി, മച്ചാട് വനം റെയിഞ്ചുകളിൽ വിവിധ ബ്ലോക്കുകളായി തിരിച്ച് കാട്ടുതീ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ ഫയർലൈൻ എടുത്തിട്ടുണ്ട്. M/s. HNL Ltd.-ന് അക്കേഷ്യ നടുന്നതിനായി പാട്ടത്തിന് നൽകിയ വനഭൂമിയിൽ ടി കമ്പനി ഫയർലൈൻ തെളിച്ചിട്ടില്ല.

(സി) കാട്ടുതീ പ്രതിരോധിക്കുന്നതിനായി ഈ റെയിഞ്ചുകളിൽ ആവശ്യമായ ഇടങ്ങളിൽ ഫയർലൈൻ തെളിച്ചിട്ടുണ്ട്. കൂടാതെ ഫയർ വാച്ചർമാരെ നിയോഗിച്ച് കാട്ടുതീ നിരീക്ഷണ പ്രവൃത്തികൾ ചെയ്യുകയും Blower, Chainsaw, gas cutter എന്നിവയും അത്യാവശ്യ ഘട്ടങ്ങളിൽ പുതിയതായി വാങ്ങിയ മിനി ഫയർ റെസ്പോണ്ടർ വാഹനവും ഉപയോഗിച്ചുവരുന്നുണ്ട്.

## കാട്ടുതീയിടുന്നവർക്ക് ശിക്ഷ ഉറപ്പാക്കാനുള്ള നടപടികൾ

97(750) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം കാടിന്റെ ജലശേഖര ശേഷി കുറയുന്ന സാഹചര്യമുണ്ടോ; കാടിന്റെ ജലശേഖര ശേഷി കുറയുന്നതും വർദ്ധിച്ചു വരുന്ന ചൂടും കാട്ടുതീ ഉണ്ടായാൽ പെട്ടെന്ന് പടരാനുള്ള സാഹചര്യം ഒരുക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) കൊറ്റമ്പത്തൂരിലുണ്ടായ കാട്ടുതീ മനുഷ്യനിർമ്മിതമാണെന്ന സൂചന ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വനം വകുപ്പ് പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(സി) തടി മോഷ്ടിക്കാനും തെളിവ് നശിപ്പിക്കാനും വന്യ മൃഗങ്ങളുടെ ശല്യം ഒഴിവാക്കുവാനും കൃഷി ഇറക്കുവാനുമൊക്കെയായി കാടിന് തീയിടുന്നവരുണ്ടെന്ന വിദഗ്ദ്ധ അഭിപ്രായം പരിശോധിക്കുകയുണ്ടായോ;

(ഡി) കാട്ടുതീ ഉണ്ടാക്കുന്നവരെ കണ്ടെത്തി അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനും അർഹമായ ശിക്ഷ ഉറപ്പാക്കാനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇടയ്ക്കിടെ ഉണ്ടാകുന്ന ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാടിന്റെ ജലസംഭരണശേഷി കുറയുന്നതിന് കാരണമാകുന്നുണ്ട്. കൂടാതെ ജനുവരി മുതൽ ലഭിക്കുന്ന വേനൽ മഴയിലുണ്ടാകുന്ന കുറവും അതിതീഷ്ണമായ വേനലും മണ്ണിന്റെ ജലസംഭരണ ശേഷിയിൽ കുറവ് വരുന്നതിനും കാട്ടുതീ ഉണ്ടായാൽ വളരെവേഗം പടരുന്നതിനും കാരണമാകുന്നുണ്ട്.

(ബി) തൃശ്ശൂർ ദേശമംഗലത്ത് കൊറ്റമ്പത്തൂരിലുണ്ടായ കാട്ടുതീയിൽപ്പെട്ട് മൂന്ന് വനപാലകർ മരിക്കാനുണ്ടായ സംഭവത്തിൽ തൃശ്ശൂർ വനം ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ. 4/2020 നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിവരുന്നുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയ സ്ഥലത്താണ് കാട്ടുതീ ഉണ്ടായത്. എച്ച്.എൻ.എൽ.-ന്റെ ഭാഗത്തുനിന്നുള്ള അശ്രദ്ധയും അനാസ്ഥയും കാട്ടുതീയ്ക്ക് കാരണമായിട്ടുണ്ടെന്നും കാട്ടുതീ മനുഷ്യ സൃഷ്ടിയാണെന്നുമാണ് വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നിഗമനത്തിലെ

ത്തിയിട്ടുള്ളത്. എങ്കിലും നിലവിലുള്ള കേസ്സന്വേഷണം പൂർത്തിയായതിനുശേഷം മാത്രമേ അവിടെ ഉണ്ടായ കാട്ടുതീ മനുഷ്യനിർമ്മിതമാണോ അതോ മറ്റ് കാരണങ്ങളാലാണോ എന്ന് വ്യക്തമായി പറയാൻ സാധിക്കുകയുള്ളൂ.

(സി) തടി മോഷ്ടിക്കാനും തെളിവ് നശിപ്പിക്കാനുമായി വനത്തിന് തീ ഇടാറുണ്ടെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. കൃഷിയിറക്കാനും വന്യമൃഗശല്യം ഒഴിവാക്കുന്നതിനുമായി വനത്തിനടുത്തുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ തീ ഇടുന്നത് പലപ്പോഴും വനത്തിലേയ്ക്ക് തീ പടരാൻ ഇടയാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വന സന്ദർശനത്തിനും മറ്റുമായി എത്തുന്നവരുടെ അശ്രദ്ധമൂലവും സാമൂഹ്യ വിരുദ്ധരുടെ പ്രവൃത്തികൾമൂലവും കാട്ടുതീ ഉണ്ടാകാറുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ വനവൽക്കരണ പ്രവർത്തനങ്ങൾ**

98(751) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ വനവൽക്കരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ആയതിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽവരുന്ന ആലത്തൂർ, നെന്മാറ, കുഴൽമന്ദം ബ്ലോക്കുകളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഹരിതകേരളം, വഴിയോരതണൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് മുതലായ പദ്ധതികളാണ് നടപ്പിലാക്കിയത്. ആയതിന് ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 13,15,969 |
| 2017-18 | 11,65,149 |
| 2018-19 | 27,44,395 |
| 2019-20 | 13,05,200 |
| ആകെ | 65,30,713 |

**ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി പദ്ധതി**

99(752) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനം വകുപ്പിന്റെ നേതൃത്വത്തിൽ പ്രയോജനപ്രദമായ വൃക്ഷങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വിതരണം ചെയ്യാനും ഉതകുന്ന തരത്തിൽ വിഭാവനം ചെയ്ത ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി എന്ന പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി എന്ന പേരിൽ വനം വകുപ്പ് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**കോഴിക്കോട് ജില്ലയിലെ വൃക്ഷത്തൈ വിതരണം**

100(753) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ പരിസ്ഥിതി വാരാഘോഷത്തോടനുബന്ധിച്ച് കോഴിക്കോട് ജില്ലയിൽ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) 2020 ൽ എത്ര ലക്ഷം വൃക്ഷത്തൈകൾ ജില്ലയിൽ വിതരണം ചെയ്യാനാണ് വകുപ്പ് ഒരുങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ ഫല വൃക്ഷങ്ങൾ ഉൾപ്പെടുത്തി വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ പരിസ്ഥിതി വാരാഘോഷത്തോടനുബന്ധിച്ച് വിതരണം ചെയ്ത വൃക്ഷത്തൈകളുടെ എണ്ണം താഴെച്ചേർക്കുന്നു:

| വർഷം | എണ്ണം |
|---|---|
| 2016-17 | 350000 |
| 2017-18 | 470000 |
| 2018-19 | 490000 |
| 2019-20 | 370000 |

(ബി) 2020 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ 350000 വൃക്ഷത്തൈകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2020 വർഷത്തിൽ വിതരണം ചെയ്യുവാൻ തയ്യാറാക്കിവരുന്ന വൃക്ഷത്തൈകളിൽ 25 ശതമാനവും ഫലവൃക്ഷത്തൈകളാണ്.

**കാവ് സംരക്ഷണ പദ്ധതി**

101(754) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് നടപ്പിലാക്കുന്ന കാവ് സംരക്ഷണ പദ്ധതിപ്രകാരം പാറശാല നിയോജകമണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അപേക്ഷകളുടെ സ്ഥലവും വില്ലേജും തിരിച്ച് വിശദമാക്കാമോ;

(ബി) അതിൽ ഏതൊക്കെ സ്ഥലത്താണ് കാവ് സംരക്ഷണ പദ്ധതിക്കായി ഫണ്ട് നൽകിയതെന്ന് സ്ഥലവും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ;

(സി) കാവ് സംരക്ഷണ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും എന്തൊക്കെ രേഖകൾ ആണ് വേണ്ടതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ കാവു സംരക്ഷണ പദ്ധതി പ്രകാരം പാറശാല നിയോജകമണ്ഡലത്തിൽ ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അപേക്ഷകളുടെ എണ്ണം | കാവിന്റെ പേര്, സ്ഥലം, വില്ലേജ് |
|---|---|---|
| 2016-17 | 1 | കരക്കടിച്ചാൻ പാറ ശ്രീ ധർമ്മാശാസ്ത ക്ഷേത്രം, കോവില്ലൂർ, കുടപ്പനമൂട് |
| 2017-18 | | ഇല്ല. |
| 2018-19 | 3 | 1.ആയിരവല്ലി തമ്പുരാൻകാവ്, കണ്ണംതിട്ട, അമ്പൂരി.<br>2. കോണത്തുകാവിലമ്മ, പെരുങ്കടവിള.<br>3.പോങ്കോട് ദേവിമലക്കാവ്, ചെറിയകൊല്ല, വെള്ളറട. |
| 2019-20 | 2 | 1. നെല്ലന്നൂർ ശ്രീ. നാഗരാജക്ഷേത്രം, എള്ളുവിള, കുന്നത്തുകാൽ.<br>2.കാവിൽ ശ്രീ. വനദുർഗ്ഗ നാഗരാജക്ഷേത്രം, വെള്ളറട. |

(ബി) മേൽ അപേക്ഷകളൊന്നുംതന്നെ സർക്കാർ ധനസഹായം അനുവദിക്കുന്ന 24-12-16-ലെ ജി.ഒ. (ആർ.റ്റി.)485/16/ എഫ് &ഡബ്ല്യൂ.എൽ.ഡി. നമ്പർ ഉത്തരവ് അനുശാസിക്കുന്ന മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നവയല്ല. ആയതിനാൽ പ്രസ്തുത അപേക്ഷകളിലൊന്നിനും ധനസഹായം അനുവദിച്ചിട്ടില്ല.

(സി) 24-12-16-ലെ ജി.ഒ. (ആർ.റ്റി.)485/16/ എഫ് &ഡബ്ല്യൂ.എൽ.ഡി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നതിലേയ്ക്കായി കാവുകളെ തെരഞ്ഞെടുക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തെഞ്ഞെടുക്കാറുണ്ട്. സംരക്ഷിക്കപ്പെടേണ്ട കാവുകൾ വൃക്ഷങ്ങളാലും ജൈവ വൈവിദ്ധ്യത്താലും സമ്പന്നമായിരിക്കണം. വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, തന്നാണ്ടത്തെ കരം അടച്ച രസീത്, ലൊക്കേഷൻ സ്കെച്ച്, കാവിന്റെ ഫോട്ടോ എന്നിവ ഉൾപ്പെടെ നിശ്ചിത ഫോറത്തിൽ കാവ് സംരക്ഷണ പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ജി.ഒ. (ആർ.റ്റി.) 485/16/ എഫ് &ഡബ്ല്യൂ.എൽ.ഡി. തീയതി 24-12-2016 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള വിദഗ്ദ്ധ കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നു.

### വൃക്ഷത്തൈ നടീൽ പദ്ധതി

102(755) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് എത്ര മരങ്ങൾ പുതുതായി നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷം സംസ്ഥാനത്ത് 58.27 ലക്ഷം മരങ്ങൾ പുതിയതായി നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വനം വകുപ്പ് ഹരിതകേരളം പദ്ധതി മുഖേന ഉല്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ തനത് വർഷത്തെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവയ്ക്ക് സൗജന്യമായോ സഹായനിരക്കിലോ നട്ട് പിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, വഴിയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നക്ഷത്രവനം എന്നീ പദ്ധതികൾ പ്രകാരവും തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**വനവിഭവങ്ങളുടെ ഉല്പാദനം**

103(756) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനവിഭവങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വനത്തിൽ നിന്നും വനവിഭവങ്ങൾ ശേഖരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട വനവിഭവങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സുസ്ഥിര വിളവെടുപ്പ് (Sustainable Harvest) എന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഇതുവഴി ചെറുകിട വനവിഭവങ്ങളുടെ ലഭ്യത കുറയാതെ നിലനിർത്തി ഉപയോഗപ്രദമാക്കുവാൻ കഴിയുന്നു.

(ബി) സംസ്ഥാനത്ത് ചെറുകിട വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി വകുപ്പിന്റെ കീഴിൽ രണ്ട് മൊബൈൽ യൂണിറ്റ് ഉൾപ്പെടെ 37 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വനാശ്രിതർ വനത്തിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ വനസംരക്ഷണ സമിതികൾ മുഖേന ശേഖരിച്ച് വനശ്രീ വഴി പൊതുജനങ്ങൾക്ക് ചെറുകിട വനവിഭവങ്ങൾ അനായാസം ലഭ്യമാക്കുവാൻ കഴിയുന്നു.

**അച്ചൻകോവിലാറിന്റെ തീരസംരക്ഷണ പദ്ധതികൾ**

104(757) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലൂടെ ഒഴുകുന്ന അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിനും മനോഹരമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(ബി) തീരങ്ങളിൽ മുള, മറ്റ് വൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിച്ച് ബലപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആറിന്റെ തീരങ്ങളിൽ തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ട് കുട്ടിവനങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന അച്ചൻകോവിലാറിന്റെ തീരത്തുൾപ്പെടെ പത്തനംതിട്ട ജില്ലയിലെ നദീതീരങ്ങളിൽ മുള തൈകൾ വച്ചുപിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിന് വനം വകുപ്പ് ജില്ലാ ഭരണകൂടവുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) പത്തനംതിട്ട ജില്ലയിലെ നദികളുടെയും അവയുടെ കൈവഴികളുടെയും തീരങ്ങളിൽ ജില്ല ഭരണകൂടവുമായി ചേർന്ന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ വഴി, 2020 ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി, നട്ട് പരിപാലിക്കുന്നതിനായി 100000 (ഒരു ലക്ഷം) മുളംതൈകൾ ഉല്പാദിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അച്ചൻകോവിലാറിന്റെ കരകളിലും മുളംതൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്.

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി**

105(758) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

21-11-2019-ൽ ഇക്കോ ടൂറിസം ക്ലിയറിംഗ് കമ്മിറ്റി ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിയുടെ വിപുലീകരണത്തിന് അനുവദിച്ച 30 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഈ പ്രവൃത്തികളുടെ നിർമ്മാണ ചുമതല ആർക്കാണെന്നും അറിയിക്കാമോ?

ഉത്തരം

അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിക്കായി 2019-20 വർഷത്തിൽ 30 ലക്ഷം രൂപ അനുവദിച്ചതിൽ വിവിധ പ്രവൃത്തികൾക്കായി തയ്യാറാക്കിയിട്ടുള്ള അടങ്കലുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ടിക്കറ്റ്കൗണ്ടർ പുനർനിർമ്മാണം | 10 ലക്ഷം |
| 2 | പാർക്കിംഗ് ഏരിയ വികസനം | 5 ലക്ഷം |
| 3 | വിശ്രമ സ്ഥലം നവീകരണം | 5 ലക്ഷം |
| 4 | അമിനിറ്റി സെന്റർ/കാന്റീൻ നവീകരണം | 1 ലക്ഷം |
| 5 | ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും | 3 ലക്ഷം |
| 6 | കുട്ടികളുടെ കളിസ്ഥലം നിർമ്മിക്കൽ | 2 ലക്ഷം |
| 7 | പബ്ലിസിറ്റി, ലഘുലേഖ, ബ്രോഷർ മുതലായവ | 1 ലക്ഷം |
| 8 | ലാന്റ് സ്കേപ്പിംഗ്, ഗാർഡനിംഗ്, സൈൻബോർഡ് മുതലായവ | 3 ലക്ഷം |
| ആകെ | | 30 ലക്ഷം |

**മാനന്തവാടി ഡി.എഫ്.ഒ. ഓഫീസ് നിലനിൽക്കുന്ന സ്ഥലം**

106(759) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ഡി.എഫ്.ഒ. ഓഫീസ് നിലനിൽക്കുന്ന സ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്ത സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് നിലനിൽക്കുന്ന ഭൂമിയുടെ അളവ് എത്രയാണെന്നും ഇത് സംബന്ധിച്ച് വനം വകുപ്പിന്റെ പക്കലുള്ള മുഴുവൻ രേഖകളും ലഭ്യമാക്കാമോ;

(സി) മാനന്തവാടി ഡി.എഫ്.ഒ. ഓഫീസ് നിലനിൽക്കുന്ന ഭൂമി ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഏത് വർഷം മുതലാണ് വനം വകുപ്പ് ഉപയോഗിക്കാൻ തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ഡി) വനം വകുപ്പിന്റെ കൈവശം വരുന്നതിന് മുമ്പ് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കായിരുന്നു എന്നും വനംവകുപ്പിന് കൈമാറിയ ഉത്തരവുകൾ എന്തെല്ലാമാണെന്നുമുള്ള രേഖകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് നിലനിൽക്കുന്ന സ്ഥലം അടവൻകുന്ന് റിസർവ് ഫോറസ്റ്റ് എന്ന പേരിൽ നോട്ടിഫിക്കേഷൻ നമ്പർ 222/1890 ആയി വിജ്ഞാപനം ചെയ്തിട്ടുള്ളതും ആയത് 10-6-1890-ലെ ഫോർട്ട് സെന്റ് ജോർജ്ജ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ, പിന്നീട് ജി.ഒ. നമ്പർ 1379 ഡെവലപ്മെന്റ് പ്രകാരം പ്രസ്തുത സ്ഥലം ഡിസ് റിസർവ് ചെയ്തിട്ടുള്ളതും ആയത് 19-5-1925-ലെ ഫോർട്ട് സെന്റ് ജോർജ്ജ് ഗസറ്റിൽ

പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ വനം വകുപ്പ് ഓഫീസുകളും ക്വാർട്ടേഴ്സുകളും നിലനിന്നിരുന്ന സ്ഥലം തുടർന്നും വനം വകുപ്പിന്റെ അധീനതയിൽ തുടർന്നുവരുന്നതും റവന്യൂ രേഖകൾ പ്രകാരം വനമായി നിലനിൽക്കുന്നതുമാണ്. ഇതുസംബന്ധിച്ച് മാനന്തവാടി വില്ലേജ് ഓഫീസിലെ അടങ്കൽ രജിസ്റ്ററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് നിലനിൽക്കുന്ന ബീറ്റിന്റെ ആകെ വിസ്തീർണ്ണം 8.92 ഹെക്ടറാണ്. ആയതിന്റെ സർവ്വെ സ്കെച്ചിന്റെ പകർപ്പ് ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.*

(സി) പ്രസ്തുത ഭൂമി 1890-ന് മുമ്പ് മുതലേ വനം വകുപ്പിന്റെ കൈവശമായിരുന്നുവെന്ന് വ്യക്തമാകുന്നുണ്ട്. ആയതിന്റെ തെളിവിനായി 10-6-1890-ലെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) പ്രസ്തുത ഭൂമി കേരള സംസ്ഥാന രൂപീകരണത്തിനും വളരെ മുമ്പ് തന്നെ വനം വകുപ്പിന്റെ കൈവശമായിരുന്നു എന്ന് മേൽപ്പറഞ്ഞ രേഖകൾ പ്രകാരം വ്യക്തമാകുന്നുണ്ട്.

### വിരമിച്ച ജീവനക്കാരുടെ തുടർ സേവനം

107(760) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിൽ നിന്നോ വനം വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നോ വിരമിച്ച ഉദ്യോഗസ്ഥർ നിലവിൽ ഏതൊക്കെ തസ്തികകളിൽ എവിടെയൊക്കെ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വനം വകുപ്പിൽനിന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ തസ്തികയിൽ വിരമിച്ച ശ്രീ. കെ. ജെ. വർഗ്ഗീസ്, ഐ.എഫ്.എസ്.-നെ തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രവും തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കും സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സായി വിരമിച്ച ഡോ. എച്ച്. നാഗേഷ് പ്രഭു, ഐ.എഫ്.എസ്.-നെ State Level Environment Impact Assessment Authority, Kerala-യുടെ ചെയർമാനായി നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായി വിരമിച്ച ശ്രീ. കെ. എ. മുഹമ്മദ് നൗഷാദ് ഐ.എഫ്.എസ്.-നെ കേരള സംസ്ഥാന മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സായി വിരമിച്ച ഡോ. എസ്. സി. ജോഷി ഐ.എഫ്.എസ്.-നെ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാനായി നിയമിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ആയി വിരമിച്ച ശ്രീ. കെ. ജി. മോഹൻലാൽ ഐ.എഫ്.എസ്-നെ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

കേരള വനവികസന കോർപ്പറേഷനിൽനിന്നും സ്റ്റേനോ ടൈപ്പിസ്റ്റായി വിരമിച്ച ഒരാളെ കേരള വനവികസന കോർപ്പറേഷനിൽ ടൈപ്പിസ്റ്റായി നിയമിച്ചിട്ടുണ്ട്.

## കാട്ടുതീയിൽ അകപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

108(761) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ദേശമംഗലം കൊറ്റമ്പത്തൂരിൽ കാട്ടുതീയിൽപ്പെട്ട് മരണപ്പെട്ട വനംവകുപ്പിലെ വാച്ചർമാരുടെ കുടുംബത്തിന് തൽക്കാല ആശ്വാസധനസഹായം നൽകി ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് തൽക്കാല ആശ്വാസമായി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെട്ട വാച്ചർമാരുടെ കുടുംബം അനാഥമായതു കണക്കിലെടുത്ത് മതിയായ ആശ്വാസ ധനസഹായവും ആശ്രിതരിലൊരാൾക്ക് ജോലിയും നൽകുന്നതിനു നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. നിലവിൽ ധനസഹായമായി സർക്കാരിൽനിന്നും അഞ്ച് ലക്ഷം രൂപയും പെരിയാർ ഫൗണ്ടേഷനിൽനിന്നും രണ്ടര ലക്ഷം രൂപയും വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയിൽനിന്നും ഒരു ലക്ഷം രൂപയും ചേർത്ത് ഓരോ കുടുംബത്തിനും എട്ടര ലക്ഷം രൂപ വീതം വിതരണം നടത്തിയിട്ടുണ്ട്.

(സി) മരണപ്പെട്ട വാച്ചർമാരുടെ കുടുംബങ്ങൾക്ക് തൽക്കാല ആശ്വാസധന സഹായം നൽകിയിട്ടുണ്ട്. മരണപ്പെട്ട മൂന്നുപേരിൽ ഒരാൾ ട്രൈബൽ വാച്ചർ ആയതിനാൽ ടിയാന്റെ ആശ്രിതരിലൊരാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് രണ്ട് പേരുടെയും ആശ്രിതരിൽ ഒരാൾ വീതം വനസംരക്ഷണ ജോലികൾക്കായി അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വാഴപ്പാറയിൽ സോഷ്യൽ ഫോറസ്ട്രിയുടെ ജില്ലാ നഴ്സറി

109(762) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള കോന്നി മണ്ഡലത്തിലെ വാഴപ്പാറയിൽ അനുവദിച്ച സോഷ്യൽ ഫോറസ്ട്രിയുടെ ജില്ലാ നഴ്സറി ഉടൻ ആരംഭിക്കുമോ;

(ബി) പോളിഹൗസ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവും കാംപ(സി.എ.എം.പി.എ) ഫണ്ടും ലഭ്യമായിട്ടുള്ള വാഴപ്പാറയിൽ നഴ്സറി തുടങ്ങുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടോ; എങ്കിൽ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ വാഴപ്പാറയിൽ പെർമനന്റ് നഴ്സറി ആരംഭിക്കുവാനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

സ്ഥലം പരിശോധിച്ചതിൽ പെർമനന്റ് നഴ്സറി സ്ഥാപിക്കുവാൻ വാഴപ്പാറ അനുയോജ്യമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

## കൊറ്റമ്പത്തൂരിലെ വനത്തിലുണ്ടായ കാട്ടുതീ

110(763) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശമംഗലം കൊറ്റമ്പത്തൂരിൽ വനത്തിലുണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടെ വനം വകുപ്പിലെ മൂന്ന് ജീവനക്കാർ വെന്ത് മരിച്ച സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ തീ പിടിത്തത്തിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത തീ പിടിത്തത്തിൽ എത്ര ഏക്കർ വനമാണ് കത്തി നശിച്ചത്;

(ഡി) കാട്ടുതീ അണയ്ക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ തുലോം പരിമിതമായതിനാലാണ് തീ പടർന്ന് പിടിച്ചതും മൂന്ന് പേർ മരണപ്പെടാൻ ഇടയായതെന്നതും പരിശോധിച്ചിട്ടുണ്ടോ;

(ഇ) കൊറ്റമ്പത്തൂരിൽ അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായമാണ് വനം വകുപ്പ് നൽകിയത്; ഇത്തരം അപകടങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ വനമേഖലയോട് ചേർന്നുള്ള അഗ്നിശമന നിലയങ്ങളിൽ ആധുനിക ഉപകരണങ്ങൾ നൽകുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ദേശമംഗലം കൊറ്റമ്പത്തൂരിൽ HNL കമ്പനിക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിലുണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടെ വനം വകുപ്പിലെ മൂന്ന് ജീവനക്കാർ വെന്ത് മരിച്ച സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി റെയ്ഞ്ചിലെ പൂങ്ങോട് സ്റ്റേഷനിൽ ഒ.ആർ.4/2020 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്കാണ് അന്വേഷണ ചുമതല. ടി കേസ്സിന്റെ മേൽനോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്.

(ബി) അപകടം സംഭവിച്ച പ്രദേശം ഉൾക്കൊള്ളുന്ന വനഭൂമി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതാണ്. അടിക്കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തി കമ്പനി ചെയ്യാതിരുന്നതാണ് ദുരന്തത്തിന് കാരണമായതെന്നാണ് പ്രാഥമിക നിഗമനം. കേസന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) HNL കമ്പനിക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിൽ 58 ഹെക്ടർ പ്രദേശമാണ് കത്തി നശിച്ചത്.

(ഡി) അപകടം സംഭവിച്ച പ്രദേശത്തെ അടിക്കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തിയും ഫയർലൈനുകൾ എടുക്കുന്നതും ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിക്കുന്നതും അടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ HNL ചെയ്യാത്തതും പ്രതികൂല കാലാവസ്ഥയുമാണ് മൂന്ന് പേർ മരണപ്പെടാൻ ഇടയാക്കിയത്.

(ഇ) കേരള സർക്കാർ അനുവദിച്ച ഏഴര ലക്ഷം രൂപയും വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഒരു ലക്ഷം രൂപയും ചേർത്ത് എട്ടര ലക്ഷം രൂപ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അനുവദിച്ചുകഴിഞ്ഞു. വനമേഖലയോട് ചേർന്നുള്ള അഗ്നിശമന നിലയങ്ങളിൽ ആധുനിക ഉപകരണങ്ങൾ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കാട്ടുതീയിൽപ്പെട്ട് വനപാലകർ മരിച്ച സംഭവം

111(764) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ദേശമംഗലത്ത് കൊറ്റമ്പത്തൂരിൽ കാട്ടുതീയിൽപ്പെട്ട് വനപാലകർ മരിച്ച സംഭവത്തിൽ വകുപ്പ് സമഗ്രമായ അന്വേഷണം നടത്തിയിട്ടുണ്ടോ; കാട്ടുതീ മനുഷ്യനിർമ്മിതമാണെന്നും അശ്രദ്ധയും അനാസ്ഥയും കാരണം സംഭവിച്ചതാണെന്നും വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) അപകടം സംഭവിച്ച പ്രദേശം ഉൾക്കൊള്ളുന്ന നാനൂറ്റി എഴുപത്തിയഞ്ച് ഹെക്ടറോളം വനഭൂമി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് കരാർ നൽകിയിരുന്നുവോ; കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) അടിക്കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തി കമ്പനി ചെയ്യാത്തതാണ് ദുരന്തത്തിന് കാരണമായത് എന്ന് വിലയിരുത്തിയിട്ടുണ്ടോ; കമ്പനി വകുപ്പിന്റെ നിർദ്ദേശം കൃത്യമായി പാലിച്ചിട്ടില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തൃശ്ശൂർ ദേശമംഗലത്ത് കൊറ്റമ്പത്തൂരിൽ കാട്ടുതീയിൽപ്പെട്ട് വനപാലകർ മരിച്ച സംഭവത്തിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയ സ്ഥലത്താണ് കാട്ടുതീ ഉണ്ടായത്. HNL-ന്റെ ഭാഗത്തുനിന്നുള്ള അശ്രദ്ധയും അനാസ്ഥയും കാട്ടുതീക്ക് കാരണമായിട്ടുണ്ടെന്നും കാട്ടുതീ മനുഷ്യസൃഷ്ടി ആണെന്നുമാണ് വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നിഗമനത്തിലെത്തിയിട്ടുള്ളത്. തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയ്ഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒ.ആർ.4/2020 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിവരുന്നുണ്ട്. ടി കേസ്സിന്റെ മേൽനോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്.

(ബി) അപകടം സംഭവിച്ച പ്രദേശം ഉൾക്കൊള്ളുന്ന 475 ഹെക്ടറോളം വനഭൂമി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. കരാർ കാലാവധി 31-3-2020-ന് ആണ് അവസാനിക്കുന്നത്.

(സി) അടിക്കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തി കമ്പനി ചെയ്യാതിരുന്നതാണ് ദുരന്തത്തിന് കാരണമായതെന്നാണ് പ്രാഥമിക നിഗമനം. കമ്പനിക്ക് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറും നിർദ്ദേശം നൽകിയിരുന്നെങ്കിലും അടിക്കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തി ചെയ്തിട്ടില്ല. ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം കമ്പനിയുടെ ഭാഗത്തുനിന്ന് ലഭ്യമാക്കുന്നതിന്, ആയത് കമ്പനിയുടെ ബാധ്യതയിൽ ഉൾപ്പെടുത്തി claim interim resolution professional-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായതിനുശേഷം കമ്പനിക്കെതിരെ മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

**വയനാട് ജില്ലയിലെ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾ**

112(765) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കിഫ്ബി ധനസഹായത്താൽ ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ നടത്താൻ വനം വകുപ്പ് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികൾക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകി എന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) വയനാട് ജില്ലയിലെ വന്യമൃഗശല്യ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വയനാട് വന്യജീവി സാങ്കേതത്തിലെ തോൽപ്പെട്ടി ഏര്യ, വാകേരി എന്നിവിടങ്ങളിൽ കിഫ്ബി ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി ആന പ്രതിരോധ മതിൽ നിർമ്മിച്ചിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ച് പിരിധിയിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചംവരെ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കിഫ്ബി ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സാങ്കേതത്തിൽ 410 മീറ്റർ ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ മാനന്തവാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വയനാട് വന്യജീവി സങ്കേതത്തിലെ തോൽപ്പെട്ടി റെയ്ഞ്ചിലെ തോൽപ്പെട്ടി ഏര്യയിൽ 34 മീറ്റർ ദൂരത്തിലും ആന പ്രതിരോധ കിടങ്ങ് പ്രവൃത്തി

പൂർത്തിയായിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ച് പരിധിയിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംസ് സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബി രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) വയനാട് വന്യജീവി സങ്കേതത്തിൽ കിഫ്ബി ഫേസ് I പദ്ധതിയിൽ ഉൾപ്പെടുത്തി 10 കി. മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ്, 410 മീറ്റർ ആന പ്രതിരോധ മതിൽ, കിഫ്ബി ഫേസ് II പദ്ധതിയിൽ ഉൾപ്പെടുത്തി 11 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് ഫെൻസിംഗ് എന്നീ പദ്ധികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വന്യമൃഗശല്യം ലഘൂകരിക്കുന്നതിന്റെ ഭാഗമായി നോർത്ത് വയനാട് ഡിവിഷനിലെ ബേഗൂർ റെയ്ഞ്ച് പരിധിയിലെ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ 6 കി. മീറ്റർ ദൂരത്തിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 3.6 കോടി രൂപയുടെ പദ്ധതിയാണ് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നത്. കൂടാതെ സൗത്ത് വയനാട് ഡിവിഷനുകീഴിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 25.7 കി.മീറ്ററിന് 13,90,49,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (കൽപ്പറ്റ റെയ്ഞ്ചിലെ സുഗന്ധഗിരി സെക്ഷനിലെ കുന്നംപുറം പത്താംമൈൽ ഭാഗം 3 കി. മീറ്ററിന് 1,58,24,000 രൂപ, ചെതലത്ത് റെയ്ഞ്ചിലെ പുൽപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ ദാസനക്കര, പാതിരിയമ്പലം, കക്കോടൻ ബ്ലോക്ക് ഭാഗം 14.5 കി.മീറ്ററിന് 7,87,40,000 രൂപ, ഇരുളം ഫോറസ്റ്റ് സ്റ്റേഷനിലെ കൊമ്മൻചേരി സുബ്രഹ്മണ്യൻ കൊല്ലി ഭാഗം 3.2 കി. മീറ്ററിന് 1,80,60,000 രൂപ, മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷനിലെ വേങ്ങാക്കോട് മുതൽ ചെമ്പ്ര വരെയുള്ള ഭാഗം 5 കി. മീറ്ററിന് 2,64,25,000 രൂപ

## പശ്ചിമ കൊച്ചിയിൽ വന്യജീവികളെ പിടിക്കുന്നതിനും കൈമാറുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ

113(766) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടനാട് ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഓഫീസിന് കീഴിലായിരുന്ന പശ്ചിമ കൊച്ചിയിലെ ബി.ഒ.ടി. പാലം മുതൽ തെക്കോട്ട് പള്ളുരുത്തി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം, ഇടക്കൊച്ചി തുടങ്ങിയ പ്രദേശങ്ങളെ കോട്ടയം ജില്ലയിലെ എരുമേലി ഫോറസ്റ്റ് റേഞ്ച് ഓഫീസിന് കീഴിലാക്കിയതിനാൽ വന്യജീവികളെ പിടിക്കുന്നതിനും കൈമാറുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 6-1-2020-ന് വനംവകുപ്പുമന്ത്രിക്ക് നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പശ്ചിമ കൊച്ചിയിലെ ബി.ഒ.റ്റി. പാലം മുതൽ തെക്കോട്ട് പള്ളുരുത്തി, പെരമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം, ഇടക്കൊച്ചി എന്നീ പ്രദേശങ്ങൾ കോടനാട് ഫോറസ്റ്റ് ഓഫീസിന് കീഴിലായിരുന്നില്ല. 31-7-1981-ലെ ജി.ഒ.(എം.എസ്)197/81/വനം വന്യജീവി ഉത്തരവ് പ്രകാരം മലയാറ്റൂർ ഡിവിഷന്റെ അതിരുകൾ പുനർനിർണ്ണയിച്ച കാലംമുതൽ തന്നെ പ്രസ്തുത പ്രദേശങ്ങൾ കോട്ടയം ഡിവിഷന് കീഴിലാണ് വരുന്നത്. ആകയാൽ, ടി പ്രദേശങ്ങളിലെ വന്യജീവികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷനും എരുമേലി റെയ്ഞ്ചും കോട്ടയം ഡിവിഷനുമാണ് നടപടികൾ സ്വീകരിക്കുന്നത്. ഓരോ വനം ഡിവിഷന്റെയും റെയ്ഞ്ചിന്റെയും ഫോറസ്റ്റ് സ്റ്റേഷന്റെയും അധികാരപരിധിയും അതിരുകളും സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ളതാണ്. അപ്രകാരമുള്ള അധികാര പരിധിക്കകത്തുണ്ടാകുന്ന വനം-വന്യജീവി സംബന്ധമായ എല്ലാ വിഷയങ്ങളിലും അനുയോജ്യമായ നടപടി സ്വീകരിക്കേണ്ടത് ടി അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരാണ്. മാത്രവുമല്ല എല്ലാ വനം ഡിവിഷനുകളുടെയും അതിർത്തികൾ മറ്റ് വനം ഡിവിഷനുകളുമായോ ജില്ലകളുമായോ അതിർത്തി പങ്കിടുന്നവയാണ്. ആയതിനാൽ, സർക്കാർ നോട്ടിഫൈ ചെയ്ത അതിരുകൾക്കുള്ളിലും അധികാരപരിധിക്കുള്ളിലും നടക്കുന്ന വനം-വന്യജീവി സംബന്ധമായ വിഷയങ്ങളിൽ അതാത് അധികാര പരിധിയിലുള്ളവർ മാത്രം നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമേ ആയതിന് നിയമസാധുതയുള്ളൂ. ആയതുകൊണ്ട് ഈ വിഷയത്തിൽ അതിരുകളും അധികാര പരിധികളും വ്യത്യാസം വരുത്തുന്ന നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

(ബി) 6-1-2020-ന് ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് നൽകിയ കത്ത് പരിശോധിക്കുകയുണ്ടായി. ചോദ്യം (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ടി കത്തിലെ ആവശ്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതായി കാണുന്നില്ല.

**കാട്ടുതീ പടർന്നുപിടിക്കാതിരിക്കുവാൻ സുരക്ഷാ ക്രമീകരണങ്ങൾ**

114(767) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വനപ്രദേശങ്ങളിൽ കാട്ടുതീ പിടിച്ച് നഷ്ടങ്ങൾ സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടുതീമൂലം എത്ര രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടുതീ പടർന്ന് പിടിക്കാതിരിക്കുവാൻ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുതീ പിടിച്ച വനമേഖലയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കാട്ടുതീമൂലം ഏകദേശം 3,43,350 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) കാട്ടുതീ തടയുവാൻ നടപ്പിലാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റെയ്ഞ്ച് തലത്തിൽ ആദ്യം ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നു. കാട്ടുതീ തടയുന്നതിനുള്ള മാർഗ്ഗങ്ങളും ആയതിന് ആവശ്യമായ ഫണ്ടിന്റെ വിവരങ്ങളും കാട്ടുതീ പ്രവണതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് റെയ്ഞ്ച് തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇത്തരത്തിൽ 5 ടെറിട്ടോറിയൽ സർക്കിളുകളിൽ നിന്നും 3 വൈൽഡ് ലൈഫ് സർക്കിളുകളിൽ നിന്നും ലഭ്യമാക്കുന്ന ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഏകീകരിച്ച് ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.

ഡിവിഷൻ, റെയ്ഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനുകീഴിലും ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പാസ്ഥാനത്തും ഫയർസെൽ പ്രവർത്തിച്ചുവരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്തെ ഫയർ മോണിറ്ററിംഗ് സെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർ നടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നു. പഴയ കുളങ്ങളും ചെക്കുഡാമുകളും നവീകരിക്കുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിംഗുകൾ നടത്തുന്നു.

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസ്സുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ കാട്ടുതീക്കെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.

ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും വനത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വനസംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.

സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്. ഈ വർഷം മുതൽ പുതിയതായി അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോൺസ് വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

## കുളക്കാടൻ മലയിലെ അതിർത്തിയിൽ വന്യജീവികളിൽ നിന്നുള്ള സംരക്ഷണം

115(768) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ കുളക്കാടൻ മലയിലെ അതിർത്തിയിൽ വന്യജീവികളിൽ നിന്ന് സംരക്ഷണം നൽകുന്നതിന് സംരക്ഷണ വേലി കെട്ടുന്നത് പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ കുളക്കാടൻ മലയിലെ അതിർത്തിയിൽ വന്യജീവികളിൽനിന്ന് സംരക്ഷണം നൽകുന്നതിന് സംരക്ഷണ വേലി കെട്ടുന്നത് നിലവിൽ പരിഗണനയിലില്ല.

**വന്യജീവികൾക്ക് കുടിവെള്ളം**

116(769) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ച മുൻനിർത്തി വന്യജീവികൾക്ക് കുടിവെള്ളം ഉറപ്പാക്കാൻ വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ജലലഭ്യത ഉറപ്പാക്കുന്നതിന് കാട്ടിനുള്ളിൽ കൂടുതൽ തടയണകളും മറ്റും നിർമ്മിച്ചും ജലസ്രോതസ്സുകൾ പരിപോഷിപ്പിച്ചും വന്യജീവികളുടെ കുടിവെള്ളം ഉറപ്പാക്കുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗള്ളി, പ്ലഗ്ഗിംഗ്, ചെക്ക് ഡാമുകൾ, കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് വനപ്രദേശങ്ങളിലെ ജലലഭ്യത ഉറപ്പ് വരുത്തുകയും വർഷംതോറും ഇവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കടുത്ത വരൾച്ചയിൽ വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപോകുന്നത് തടയുന്നതിനായി നിലവിലുള്ള നീരുറവകളിലെ ചെളി നീക്കം ചെയ്ത് പുനരുദ്ധീകരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, പരമാവധി ജലനഷ്ടം കുറയ്ക്കുന്നതിനായി മണ്ണ് സംരക്ഷണ ജോലികൾ നടത്തുകയും ചെയ്യുന്നു.

(ബി) കൂടുതൽ തടയണകളും മറ്റും നിർമ്മിച്ചും ജലസ്രോതസ്സുകൾ പരിപോഷിപ്പിച്ചും വന്യജീവികളുടെ കുടിവെള്ളം ഉറപ്പാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ണൊലിപ്പ് തടഞ്ഞ് മഴവെള്ളം നിലനിർത്തുന്നതിനായി ഗള്ളി പ്ലഗ്ഗിംഗ് ജോലികളും നടപ്പാക്കിവരുന്നു.

**വന്യജീവി സങ്കേതങ്ങളിൽ പ്രകൃതിപഠന ക്യാമ്പ്**

117(770) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ സന്നദ്ധ സംഘടനകൾക്ക് പ്രകൃതിപഠന ക്യാമ്പിന് അവസരം നൽകാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 2019-20 വർഷത്തിൽ ഇതുവരെയായി ഏതെല്ലാം സന്നദ്ധ സംഘടനകൾക്ക് കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ പ്രകൃതിപഠന ക്യാമ്പിന് അനുമതി നൽകിയെന്ന കാര്യം അറിയിക്കാമോ;

(സി) ഓരോ വർഷവും ഇത്തരം പ്രകൃതി പഠന ക്യാമ്പിന് വേണ്ടി സർക്കാർ ചെലവിടുന്ന പണം എത്രയെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ യുവജന ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയ സന്നദ്ധ സംഘടനകൾക്ക് പ്രകൃതി പഠന ക്യാമ്പിന് അവസരം നൽകാറുണ്ട്.

(ബി) 2019-20 വർഷത്തിൽ താഴെപ്പറയുന്ന സന്നദ്ധ സംഘടനകൾക്കാണ് കേരളത്തിലെ വന്യജീവി സങ്കേതങ്ങളിൽ പ്രകൃതിപഠന ക്യാമ്പിന് അനുമതി നൽകിയിട്ടുള്ളത്.

1. രഞ്ചിനി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്
2. യൂത്ത് ഹോസ്റ്റിലിയേഴ്സ് അസോസിയേഷൻ, മലപ്പുറം
3. കൊച്ചിൻ അഡ്വഞ്ചർ ഫൗണ്ടേഷൻ
4. കേരള മഹിളാ സമഖ്യ സൊസൈറ്റി, തിരുവനന്തപുരം
5. നാഷണൽ ഗ്രീൻ കോർപ്പ്സ്, പാലക്കാട്
6. യങ്മെൻസ് ലൈബ്രറി, തിരുരങ്ങാടി
7. കലാലയ ഗ്രന്ഥാലയം, തിരുവനന്തപുരം
8. അഖിലകേരള ബാലജന സഖ്യം, മലയാള മനോരമ
9. യുവകലാ സാഹിതി, കൊല്ലം
10. കോർട്ട് അഡ്വക്കേറ്റ് അസോസിയേഷൻ
11. സനാതന ലൈബ്രറി, കൊല്ലം
12. ബെറ്റർ ആർട്ട് ഫൗണ്ടേഷൻ
13. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, പാലപ്പിള്ളി, തൃശ്ശൂർ
14. സഹ്യാദ്രി നാച്വറൽ ഹിസ്റ്ററി സൊസൈറ്റി, തിരുവനന്തപുരം

15. സാംസ്കാരിക വേദി, കണ്ണൂർ

16. ബയോ നാച്വറൽ ക്ലബ്ബ്, തൃശ്ശൂർ

17. വന കുടുംബകം, തിരുവനന്തപുരം

18. കേരള ശാസ്ത്രസാഹിത്യ പരിഷത്, തിരുവനന്തപുരം

19. എന്റെ പുസ്തകം ഗ്രന്ഥശാല, പേയാട്

20. കുട്ടനാട് ഫൗണ്ടേഷൻ.

(സി) പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നതിനായി 2017 മുതൽ നാളിതുവരെയായി ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ചെലവായ തുക |
|---|---|
| 2017-18 | 2,39,911 |
| 2018-19 | 2,00,429 |
| 2019-20 | 3,13,954 |

**വന്യമൃഗ ശല്യത്തിന് പരിഹാരം**

118(771) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യത്തിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) കാട്ടുമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കാൻ ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിലേക്കായി വനം വകുപ്പിന്റെ തേക്ക മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വന്യമൃഗശല്യത്തിന് പരിഹാരം കാണാൻ വനം വകുപ്പ് താഴെപ്പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ,

ആന പ്രതിരോധ കിടങ്ങുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ. ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (Stone pitched trenches), 26 കി.മീ. ജൈവവേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി&സി) വന്യജീവി സങ്കേതങ്ങളായി പ്രഖ്യാപിക്കപ്പെട്ട പല വന പ്രദേശങ്ങളും മുമ്പ് തേക്കുൾപ്പെടെയുള്ള പ്ലാന്റേഷനുകൾ ആയിരുന്നവയാണ്. പ്രസ്തുത മേഖലകളിൽ സ്വാഭാവിക വനം ഇല്ലാത്തതിനാൽ കാട്ടുമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കാൻ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിലേയ്ക്കായി തേക്ക് മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ പഠനം നടന്നുവരികയാണ്. അതല്ലാതെ പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല.

## വന്യജീവി ആക്രമണ സംരക്ഷണം

119(772) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം പരിഹരിക്കുന്നതിനായി വനാതിർത്തിയിൽ സംരക്ഷണവേലിയും, ഭിത്തിയും നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആണ് നിർമ്മിക്കുന്നതെന്നും അതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും കർഷകർക്കും നഷ്ടപരിഹാരം നൽകാനുള്ള അപേക്ഷകളിൻമേൽ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ഡിവിഷനിൽ 2019-2020-ലെ എ.പി.ഒ.യിൽ എം.ആർ.എം.എ.സി. ശീർഷകത്തിൽ സോളാർ ഫെൻസിംഗിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 11 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇരിക്കൂർ മണ്ഡലത്തിലെ വനാതിർത്തികളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) തളിപ്പറമ്പ് റെയ്ഞ്ചിൽ ശ്രീകണ്ഠാപുരം സെക്ഷനിലെ ആടാംപാറ മുതൽ പീടികക്കുന്ന് വരെ 13 കിലോമീറ്റർ ഫെൻസിംഗ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലിൽ 7 കിലോമീറ്റർ ചെയ്യുന്നതിന് 11 ലക്ഷം രൂപയ്ക്കുള്ള അടങ്കൽ അംഗീകരിക്കുകയും ആയത് പ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും കർഷകർക്കും നഷ്ടപരിഹാരം നൽകാനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി നഷ്ടപരിഹാരത്തുക കണക്കാക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകിവരികയും ചെയ്യുന്നുണ്ട്.

**വന്യമൃഗങ്ങളെ വെടിവയ്ക്കാനുള്ള അനുമതി**

120(773) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യനും ശല്യം ചെയ്യുന്ന ഏതൊക്കെ വന്യമൃഗങ്ങളെ വെടിവെച്ചു കൊല്ലാനാണ് സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുന്നത്; എന്തൊക്കെ നിബന്ധനകൾ ആണ് ഇതിൽ പറഞ്ഞിരിക്കുന്നത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) വനം വകുപ്പിലെ ഏത് റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്ക് ഈ അധികാരം ഉപയോഗിച്ച് ഇവയെ വെടിവെയ്ക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ പന്നികളെ വെടി വെയ്ക്കുമ്പോൾ അതിന് ഉപയോഗിക്കുന്ന തോക്ക് സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക നിബന്ധനകൾ ഉണ്ടോ; സർവ്വീസ് തോക്ക്, ലൈസൻസ് ഉള്ള സ്വകാര്യ വ്യക്തികളുടെ തോക്ക് എന്നിവ ഉപയോഗിച്ച് ഇവയെ വെടിവെച്ചുകൊല്ലാൻ സാധിക്കുമോ; വിശദമാക്കാമോ;

(ഡി) ലൈസൻസ് ഉള്ള നാടൻ തോക്കുകൾ ഉപയോഗിക്കാൻ കഴിയുമെങ്കിൽ അക്കാര്യം കൂടി ഉൾപ്പെടുത്തി മേൽ പറഞ്ഞിരിക്കുന്ന ഉത്തരവ് ഭേദഗതി ചെയ്യാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) നാട്ടിലിറങ്ങി കൃഷിക്കും മനുഷ്യനും ശല്യം ചെയ്യുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലാനാണ് സ.ഉ (കൈ)നമ്പർ 7/2019/വനം തീയതി 16-2-2019 പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്. കഴിഞ്ഞ 3 വർഷക്കാലത്തിനിടയിൽ ഒരു തവണയെങ്കിലും മനുഷ്യന് നേരെ വന്യജീവി ആക്രമണം ഉണ്ടായിട്ടുള്ള പഞ്ചായത്ത് വാർഡുകളിൽ കടന്നുവരുന്നവയെ മാത്രമെ കൊല്ലുന്നതിന് പരിഗണിക്കാവൂ. കഴിഞ്ഞ 3 വർഷക്കാലത്തിനുള്ളിൽ കൃഷി നാശത്തിന് നഷ്ടപരിഹാരമായി 10 ലക്ഷം രൂപയെങ്കിലും നൽകിയിട്ടുള്ള പഞ്ചായത്തിലെ വാർഡുകളിലും ഇതുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

തീവ്രമായ മൃഗശല്യമുള്ളതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ അദ്ധ്യക്ഷനായതും ഗ്രാപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു സർക്കാരിതര ഏജൻസിയുടെ പ്രതിനിധി എന്നിവർ ചേർന്ന കമ്മിറ്റി വിലയിരുത്തിയതുമായ പഞ്ചായത്ത് വാർഡിലും അതുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. പ്രദേശത്തെ ജനജാഗ്രതാ സമിതി യോഗം ചേർന്ന് തീരുമാനിച്ച് ശിപാർശ ചെയ്യുന്ന പ്രകാരമുള്ള ഭാഗത്തെ കാട്ടു പന്നികളെയും ഒഴിവാക്കുന്നതിന് പരിഗണിക്കേണ്ടതാണ്. (സ.ഉ.(കൈ)നമ്പർ 7/2019/വനം തീയതി 16-2-2019 ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) വന്യജീവി സംരക്ഷണ നിയമം, 1972-ലെ സെക്ഷൻ 5(2) പ്രകാരം, മേൽ നിയമത്തിലെ സെക്ഷൻ 11(1)(ബി)-ക്ക് കീഴിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ, മനുഷ്യജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് ഡെലിഗേറ്റ് ചെയ്യുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) പന്നികളെ വെടിവയ്ക്കുന്നതിന് ഉപയോഗിക്കുന്ന തോക്ക് സംബന്ധിച്ച് പ്രത്യേക നിബന്ധനകളൊന്നും തന്നെ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്നില്ല.

(ഡി) ലൈസൻസുള്ള തോക്ക് ഉപയോഗിക്കിന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**വന്യമൃഗങ്ങളുടെ ആക്രമണം**

121(774) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷിയും മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന സാഹചര്യത്തിൽ ഇത്തരത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വകുപ്പ് യഥാർത്ഥ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഇതിന്റെ മാനദണ്ഡം എന്താണെന്നും യഥാർത്ഥ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കുന്നുണ്ടോയെന്നും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടത്തിന് നൽകുന്ന പരമാവധി നഷ്ടപരിഹാരം എത്ര രൂപയാണ്; വീടുകൾക്കും കൃഷികൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡവും പരമാവധി തുകയും വ്യക്തമാക്കാമോ;

(സി) ആക്രമണത്തിന് ഇരയാകുന്നവർക്ക് യഥാർത്ഥ നഷ്ടപരിഹാരം കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1980-ലെ "ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" എന്ന ചട്ടപ്രകാരവും തുടർന്ന് കാലാകാലങ്ങളിൽ (5-4-2018 വരെ) വന്ന ഭേദഗതിപ്രകാരവും 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം വന്യമൃഗാക്രമണംമൂലമുള്ള കൃഷി നാശത്തിന് 8-1-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 02/2015/വനം പ്രകാരവുമാണ് നഷ്ടപിരഹാരം അനുവദിച്ചുവരുന്നത്.

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ തുകയും ചെലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി നൽകിവരുന്നു. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം, കന്നുകാലി നഷ്ടം, വീട് നഷ്ടം തുടങ്ങിയവയ്ക്ക് നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നു.

(സി) നിയമാനുസൃതമായ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**കടൽജൈവ വൈവിദ്ധ്യ മേഖലകൾക്ക് സംരക്ഷണം**

122(775) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടൽജൈവ വൈവിധ്യ മേഖലകൾക്ക് സംരക്ഷണം നൽകുവാൻ വനംവകുപ്പ് ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

വനം വകുപ്പ് നടപ്പിലാക്കുന്ന കടലിലെ ഉൾപ്പെടെയുള്ള വന്യജീവി സംരക്ഷണം-അവബോധ നിർമ്മിതി പരിപാടികൾക്ക് പുറമേ, ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഒരു "Coastal & Marine Ecosystem Cell" -ഉം "Kerala Marine conservation Foundation" -ഉം രൂപീകരിക്കുന്നതിനായുള്ള ശിപാർശ പരിശോധിച്ചുവരുന്നു. നിലവിലെ സമുദ്ര ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായും ശാസ്ത്രീയമായും നടപ്പിലാക്കാനും വിവിധ ഏജൻസികൾ വിവിധ ആവശ്യങ്ങൾക്കായി ഇടപെടുന്ന മേഖലകളാണെന്നതിനാൽ അവ തമ്മിലുള്ള ഏകോപനം സാധ്യമാക്കാനും ഇതുവഴി ലക്ഷ്യമിടുന്നു. കൂടാതെ, തീരദേശ-സമുദ്ര ജൈവ വൈവിധ്യ സമ്പന്നമായ പ്രമുഖ ഇടങ്ങളെ സംരക്ഷിത പ്രദേശങ്ങളായി (Coastal & Marine Protected Areas) പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശയും സജീവ പരിഗണനയിലാണ്.

## വന്യജീവി സംരക്ഷണം

123(776) ശ്രീ. എൻ . എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കൻ പുള്ളിപുലികളും ഏഷ്യൻ ആനകളും കേരളത്തിലെ വനങ്ങളിൽ കാണപ്പെടാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അമേരിക്കൻ പുള്ളിപ്പുലികളുടെ സംരക്ഷണത്തിന് നിയമങ്ങളുണ്ടോയെന്നും വനനശീകരണം, വേട്ടയാടൽ എന്നീ ഭീഷണികൾ അവയെ ഇപ്പോഴും ബാധിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ഇന്ത്യയിലുള്ള ഏഷ്യൻ ആനകളുടെ എണ്ണത്തിന്റെ എത്ര ശതമാനമാണ് കേരളത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുജറാത്തിലെ ഗാന്ധിനഗറിൽ ഈയിടെ നടന്ന വന്യജീവി ഉച്ചകോടിയിൽ കേരളത്തിൽ നിന്ന് ആരെങ്കിലും പങ്കെടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അമേരിക്കൻ പുള്ളിപ്പുലികൾ കേരളത്തിലെ കാടുകളിൽ കാണപ്പെടാറില്ല. കേരളത്തിലെ വനങ്ങളിൽ ഇന്ത്യൻ പുള്ളിപ്പുലികളും (Panthera Pardus Fusca) ഏഷ്യൻ ആനകളും (Elephas Maximus) കാണപ്പെടാറുണ്ട്.

(ബി) അമേരിക്കൻ പുള്ളിപ്പുലികൾ കേരളത്തിലെ കാടുകളിൽ കാണപ്പെടാറില്ല. ആയതിനാൽ, അവയുടെ സംരക്ഷണത്തിന് പ്രത്യേക നിയമങ്ങൾ ഒന്നുംതന്നെയില്ല.

(സി) ഇന്ത്യയിലുള്ള ഏഷ്യൻ ആനകളുടെ എണ്ണത്തിന്റെ 19.042 ശതമാനമാണ് കേരളത്തിലുള്ളത്.

(ഡി) ശ്രീ. കെ. രാജു, വനം വകുപ്പുമന്ത്രി, ഡോ. ആശാ തോമസ് ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി (വനം-വന്യജീവി വകുപ്പ്), ശ്രീ. സുരേന്ദ്രകുമാർ, ഐ.എഫ്.എസ്., പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ശ്രീ. സജ്ഞയൻ കുമാർ ഐ.എഫ്.എസ് (ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ടെക്നിക്കൽ അസിസ്റ്റന്റ്), ശ്രീ. നരേന്ദ്രനാഥ് വേല്ലൂരി ഐ.എഫ്.എസ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട്, ശ്രീ. ജി. ശ്രീകുമാർ, മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി എന്നിവർ ഉച്ചകോടിയിൽ പങ്കെടുത്തിരുന്നു.

## ഉത്സവാഘോഷങ്ങളിലെ എഴുന്നള്ളത്തിന് ആവശ്യാനുസരണം ആനകൾ

124(777) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നാട്ടാനകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവ എത്ര ഉടമസ്ഥരുടെ കീഴിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) 2016, 2017, 2018, 2019 എന്നീ വർഷങ്ങളിൽ എത്ര ആനകൾ സംസ്ഥാനത്ത് ചരിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നൂറുകണക്കിന് ഉത്സവങ്ങളും, പെരുന്നാളുകളും, നേർച്ചകളും ആഘോഷിക്കപ്പെടുന്ന സംസ്ഥാനത്ത് ആവശ്യമായ എണ്ണം ആനകളെ എഴുന്നള്ളത്തിന് ലഭിക്കുന്നില്ല എന്ന ആഘോഷകമ്മിറ്റിക്കാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആഘോഷങ്ങൾ നമ്മുടെ മതേതരത്വമൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് വലിയതോതിൽ സഹായിക്കുന്നുണ്ട് എന്നത് കണക്കിലെടുത്ത് ഉത്സവാഘോഷങ്ങളിലെ എഴുന്നള്ളത്തിന് ആവശ്യത്തിന് ആനകളെ ലഭ്യമാക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ കഴിയുകയെന്ന് വകുപ്പ് ആലോചിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-11-2018-ൽ നടന്ന നാട്ടാനകളുടെ സെൻസസ് പ്രകാരം കേരളത്തിൽ 521 നാട്ടാനകൾ ഉണ്ടായിരുന്നു. നിലവിൽ സംസ്ഥാനത്ത് 496 നാട്ടാനകളുണ്ട്.

| ക്രമ നമ്പർ | ഉടമസ്ഥൻ/കൈവശക്കാർ | 29-11-2018-ലെ നാട്ടാനകളുടെ സെൻസസ് പ്രകാരം | 28-2-2020-ലെ കണക്ക് പ്രകാരം |
|---|---|---|---|
| 1 | വനം വകുപ്പ് | 39 | 38 |
| 2 | സർക്കാർ ദേവസ്വം | 87 | 83 |
| 3 | സ്വകാര്യ ദേവസ്വം | 42 | 41 |
| 4 | സ്വകാര്യ വ്യക്തികൾ | 353 | 334 |
| ആകെ | | 521 | 496 |

(ബി)

2016 - 23 എണ്ണം

2017 - 18 എണ്ണം

2018 - 34 എണ്ണം

2019 - 19 എണ്ണം

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്സവങ്ങൾക്കാവശ്യമായ ആനകളെ ലഭ്യമാക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് നടപടികളൊന്നും സ്വീകരിക്കാൻ ആലോചിച്ചിട്ടില്ല. കേരളത്തിൽ 500-ഓളം നാട്ടാനകൾ നിലവിലുണ്ട്. നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് ടി ആനകളെ ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും പങ്കെടുപ്പിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിവരുന്നു.

**പ്രളയബാധിത പ്രദേശത്തെ കർഷകർക്കുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സഹായങ്ങൾ**

125(778) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിത പ്രദേശത്തെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് മൃഗസംരക്ഷണ വകുപ്പ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ കൃത്യമായി അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയം 2018:- പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി. പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷഷണ വകുപ്പ്, മിൽമ, കേരളാ ഫീഡ്സ്, മറ്റ് സ്വകാര്യ പൊതുമേഖലാ ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുകയുണ്ടായി. മൃഗ സംരക്ഷണ വകുപ്പ് വഴി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, അമൂൽ എന്നിവിടങ്ങളിൽനിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. തമിഴ്നാട് കോഴിവളർത്തൽ കർഷക സംഘം നാഷണൽ എഗ്ഗ് കോഡിനേഷൻ എന്നിവ യഥാക്രമം 1 ലക്ഷം, 10 ലക്ഷം മുട്ടകൾ വകുപ്പ് വഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2018-ലെ പ്രളയത്തിൽ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി രൂപ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും. നവകേരള സൃഷ്ടി പ്രകാരം 77 കോടി രൂപയുടെ പുനരധിവാസ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നി വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

പ്രളയം 2019:- പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് ലഭിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) മേൽ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ സംവിധാനം നിലവിലുണ്ട്. അപേക്ഷകൾ പ്രദേശിക വെറ്ററിനറി സർജന്മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിധികൾ, ക്ഷീരവികസന വകുപ്പ്/മൃഗസംരക്ഷണ വകുപ്പ് പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതി സംയുക്തമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

**പാരാ വെറ്ററിനറി കൗൺസിൽ രൂപീകരണം**

126(779) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൗൺസിലിന്റെ ഘടന, ഉദ്ദേശലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കാമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**ആട് വളർത്തൽ പ്രോത്സാഹന പദ്ധതി**

127(780) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആട് വളർത്തൽ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി എന്തെല്ലാം പദ്ധതികൾ നിലവിൽ നടത്തിവരുന്നു എന്ന് വിശദാംശം സഹിതം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19-ൽ ആരംഭിച്ച അനിമൽ റിസോഴ്സസ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു.

<u>കെ.എൽ.ഡി.ബി.യുടെ പദ്ധതികൾ</u>

1. മെച്ചപ്പെട്ട മുട്ടനാടുകളെ തെരഞ്ഞെടുത്ത് അവയുടെ ബീജം ഗാഢ ശീതീകരിച്ച് സംസ്ഥാനത്തിനകത്തെ 689 കൃത്രിമ ബീജദാന കേന്ദ്രങ്ങൾ വഴി വിതരണം നടത്തിവരുന്നു.
2. കർഷകർക്ക് മെച്ചപ്പെട്ട ഇനത്തിലുള്ള ആട്ടിൻ കുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ തക്ക രീതിയിൽ ബോർഡിന്റെ ധോണി, പുത്തൂർ ഫാമുകൾ ശക്തിപ്പെടുത്തി. 2016-17 മുതൽ 2018-19 വർഷം വരെ 825 ആട്ടിൻ കുട്ടികളെ ഉല്പാദിപ്പിക്കുകയും 336 ആട്ടിൻ കുട്ടികളെ വിതരണം ചെയ്യുകയും ചെയ്തു. 2019-20-ൽ 2019 ഡിസംബർ വരെ 312 ആട്ടിൻ കുട്ടികളെ ഉല്പാദിപ്പിക്കുകയും 159 എണ്ണം വിതരണം ചെയ്യുകയും ചെയ്തു.

(ബി)

<u>മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ</u>

1. ഗോട്ട് സാറ്റലൈറ്റ് പദ്ധതിയിലൂടെ തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകിവരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിച്ചു. ഒരു യൂണിറ്റിന് 25,000 രൂപയാണ് ധനസഹായം. 2019-20-ലും പദ്ധതി തുടർന്നുവരുന്നു. 2019-20-ൽ 1298 യൂണിറ്റുകൾ സ്ഥാപിക്കും.
2. 2018-19-ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ

വീതം കർഷകന് ധനസഹായം നൽകുന്നു. 140 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിച്ചു. 2019-20-ലും പദ്ധതി തുടർന്നുവരുന്നു. 2019-20-ൽ 191 യൂണിറ്റുകൾ സ്ഥാപിക്കും.

3. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് കീഴിൽ 10 പെണ്ണാടും ഒരു ആണാടും അടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ കർഷകന് 59,400 രൂപ വീതം ധനസഹായം നൽകുന്നു. 387 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിച്ചു. 2019-20-ലും പദ്ധതി തുടർന്നുവരുന്നു. 2019-20-ൽ 353 യൂണിറ്റുകൾ സ്ഥാപിക്കും.

4. മൃഗസംരക്ഷണ വകുപ്പിന്റെ പാറശാലയിലുള്ള ആട് വളർത്തൽ ഫാം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതിക്കായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് കീഴിൽ 320 ലക്ഷം രൂപ 2019-20-ൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 192 ലക്ഷം രൂപ കേന്ദ്രവിഹിതവും 128 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. പദ്ധതി പൂർത്തിയാകുന്നതോടെ പ്രതിവർഷം 1800 ആട്ടിൻകുട്ടികളെ ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു.

<u>കെ.എൽ.ഡി.ബി. നടപ്പാക്കുന്ന പദ്ധതികൾ</u>

5. കൃത്രിമ ബീജദാന സൗകര്യങ്ങൾ 500 കൃത്രിമ ബീജദാന കേന്ദ്രങ്ങളിൽ കൂടി ഒരുക്കുന്നതിനുള്ള പദ്ധതി നിലവിൽ നടത്തിവരുന്നു. ഇതിന്റെ ആദ്യപടിയായി മൃഗസംരക്ഷണ വകുപ്പിലെ 500 എ.ഐ. ടെക്നീഷ്യൻമാരുടെ പരിശീലനം ബോർഡ് നടത്തിക്കഴിഞ്ഞു. ഈ കേന്ദ്രങ്ങളിലേയ്ക്ക് വേണ്ട പ്രത്യേക ഉപകരണങ്ങൾ 2020 മാർച്ച് 14-ാം തീയതി മുതൽ വിതരണം ചെയ്ത് തുടങ്ങുന്നതാണ്.

6. വംശനാശ ഭീഷണി നേരിടുന്ന അട്ടപ്പാടി കരിയാടുകളെ സംരക്ഷിക്കുവാനും അവയുടെ കുട്ടികളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാനുമുള്ള പദ്ധതിയും ബോർഡ് നടപ്പിലാക്കിവരുന്നു. 150 ആടുകളെ സംരക്ഷിക്കുകയും ആവശ്യമുള്ള കർഷകർക്ക് ഇവയുടെ കുട്ടികളെ വിതരണം ചെയ്യുകയും ചെയ്തു.

7. അടുത്ത കാലത്തായി വിവിധ ജനുസ്സുകളിൽപ്പെട്ട ആടുകളെ വളർത്തുന്ന പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. പ്രധാനമായും സിരോഹി, ബീറ്റൽ മുതലായ ഇനങ്ങളാണ് ഇപ്രകാരം വളർത്തപ്പെടുന്നത്. ഈ ഇനം ആടുകളെ പ്രജനനം ചെയ്യുന്നതിലേയ്ക്കായി ഇവയുടെ മുട്ടനാടുകളുടെ ബീജവും ആവശ്യാനുസരണം ബീജദാന കേന്ദ്രങ്ങൾ വഴി വിതരണത്തിന് ബോർഡ് തയ്യാറാക്കിക്കഴിഞ്ഞു.

## മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

128(781) ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്ക് ഇളവ് നൽകുന്ന പദ്ധതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ എത്ര പേർക്ക് ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) മൃഗസംരക്ഷണ മേഖലയിൽ എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ്(ആർ.കെ.ഐ)വുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന് പദ്ധതികൾ അനുവദിച്ച് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ നൽകാൻ ഉതകുന്ന പദ്ധതികൾ എന്തെങ്കിലും വകുപ്പ് വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദീകരിക്കാമോ;

(ഇ) കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്;

(എഫ്) വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങൾ ജിയോ മാപ്പിംഗ് നടത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; എത്ര കർഷക ഭവനങ്ങൾ ഇത്തരത്തിൽ മാപ്പിംഗ് നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. 2018-19-ൽ സംസ്ഥാനത്തൊട്ടാകെ 6291 പേർക്ക് പദ്ധതികൊണ്ട് സഹായം ലഭിച്ചു. 2019-20-ൽ കുറഞ്ഞത് 3778 കർഷകർക്ക് പദ്ധതിയുടെ സഹായം ലഭിക്കും.

(ബി)

1. കന്നുകാലി ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്ര വിഹിതം)

2. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (60% കേന്ദ്ര വിഹിതം)

3. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വെയും

   (50% കേന്ദ്ര വിഹിതം)

4. കന്നുകാലി സെൻസസ് (100% കേന്ദ്ര വിഹിതം).

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റിവിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾക്കായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്:

1. സഞ്ചരിക്കുന്ന ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുക-2.21 കോടി രൂപ. (G.O.(Rt) No.520/2019/P&EA, തീയതി 6-12-2019 പ്രകാരം (അനുബന്ധം ആയി ചേർത്തിരിക്കുന്നു.)*

   കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടുകൂടി സഞ്ചരിക്കുന്ന മൃഗ ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. നിലവിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ 2 പുതിയ യൂണിറ്റുകൾകൂടി സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുക. കരാറടിസ്ഥാനത്തിൽ ഒരു യൂണിറ്റിൽ ഒരു വെറ്ററിനറി സർജൻ, റേഡിയോഗ്രാഫർ, ഡ്രൈവർ കം അറ്റൻഡന്റ് എന്നിവരെ നിയോഗിച്ച് പദ്ധതി നടപ്പിലാക്കും. മൊത്തം 2.21 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

2. റേഡിയോഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് അടിസ്ഥാനത്തപെടുത്തടിയുള്ള ജിയോഗ്രാഫിക് മാപ്പിംഗ് സംവിധാനം- 20.8 കോടി രൂപ. (G.O.(Rt) No.521/2019/P&EA, തീയതി 6-12-2019 പ്രകാരം (അനുബന്ധം ആയി ചേർത്തിരിക്കുന്നു.)*-

   ജിയോഗ്രാഫിക് ഇൻഫർമേഷൻ സംവിധാനവുമായി സമന്വയിപ്പിച്ച് ഉരുക്കളിൽ മൈക്രോ ചിപ്പ് (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ്) ഘടിപ്പിച്ച് കന്നുകാലികളെ തിരിച്ചറിയുന്നതിനായി ഒരു യുണീക്ക് ഐ.ഡി. നമ്പരും നൽകും. പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ മുഴുവൻ ഉരുക്കളുടെയും അടിസ്ഥാന വിവരങ്ങൾ ജിയോഗ്രാഫിക് ഇൻഫർമേഷൻ സംവിധാനംവഴി ലഭ്യമാകും. ഇതിലൂടെ മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ മേൽനോട്ടവും ആസൂത്രണവും സാധ്യമാകും. 20.8 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

(ഡി)

1. ആട് വളർത്തൽ യൂണിറ്റുകൾ- വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കൽ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും.

2. മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി- മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം ലഭിക്കും.

3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി- മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

4. കിടാരി വളർത്തൽ പദ്ധതി- മൃഗസംരക്ഷണ മേഖലയിൽ പ്രളയ ദുരന്തങ്ങൾക്കിരയായ പ്രദേശങ്ങളിൽ സഹായം നൽകുന്ന പദ്ധതി. 2019-20-ൽ പുതിയതായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഒരു യൂണിറ്റിന് 25,000 രൂപ വീതം 1120 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

5. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്- 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നു. ഒരു യൂണിറ്റിന് കർഷകന് 25,000 രൂപയാണ് ധനസഹായം.

6. NLM ഗോട്ട് സ്കീം- കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന് കീഴിൽ 10 പെണ്ണാടും ഒരാണാടും ഉൾപ്പെടുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു.

(ഇ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങൾ ജിയോമാപ്പ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള (IIITM-K) യുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗാശുപത്രികളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി കർഷക ഭവനങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് കർഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അവരുടെ വീടിന്റെ അക്ഷാംശ രേഖാംശ വിവരങ്ങൾ (ജിയോഗ്രാഫിക് ലൊക്കേഷൻ) മാപ്പിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഇതുവരെ മൂന്നര ലക്ഷത്തിലധികം കർഷകരുടെ വിവരങ്ങൾ ഇങ്ങനെ രേഖപ്പെടുത്തിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി വിവിധ പകർച്ച വ്യാധികളുടെ വ്യാപനം കൃത്യമായി നിരീക്ഷിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. കൂടാതെ പ്രകൃതി ദുരന്തങ്ങൾ പോലുള്ള അവസരങ്ങളിൽ അടിയന്തര രക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലെ ഏതൊരു വകുപ്പിനും ഈ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**കന്നുകുട്ടി പരിപാലന പദ്ധതി**

129(782) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുക്കുട്ടി പരിപാലനത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കന്നുക്കുട്ടികളുടെ പരിപാലനത്തിന് കന്നുകാലി ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ എത്ര കന്നുക്കുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ശരാശരി 4 ലക്ഷത്തോളം സങ്കരയിനം കന്നുകുട്ടികൾ ജനിക്കുന്നുണ്ട്. ഇതിൽ 2 ലക്ഷത്തോളം പശുക്കുട്ടികളാണ്. ഇപ്രകാരം ജനിക്കുന്ന മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം നൽകുവാൻ കർഷകർക്ക് കഴിയുന്നില്ല. അതിനാലാണ് പശുക്കുട്ടികളെ ദത്തെടുത്ത് ശാസ്ത്രീയമായി വളർത്തി പ്രത്യുൽപ്പാദന ക്ഷമതയും ഉല്പാദന ക്ഷമതയും ക്രമേണ വർദ്ധിപ്പിക്കുന്നതിനും പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത നേടുന്നതിനുമായി

കർഷകർക്ക് സഹായം നൽകുന്ന "പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി" ആവിഷ്കരിച്ച് നടപ്പിലാക്കിയത്. 1976 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഈ പദ്ധതി നിലവിൽ കേന്ദ്ര സംസ്ഥാന തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ധനസഹായത്തോടെ വിവിധ പേരിൽ നടത്തിവരുന്നു. ഇതിൽ 50% വരെ ധനസഹായം സർക്കാർ നൽകും.

നിലവിലെ പദ്ധതികൾ

1. ഗോവർദ്ധിനി- 50% സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാക്കുന്ന പദ്ധതിയാണിത്. മൃഗാശുപത്രികളിലും കൃത്രിമ ബീജദാന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ചേർക്കുന്ന കർഷകരുടെ 2 പശു/എരുമക്കുട്ടി വരെ ആനുകൂല്യങ്ങൾ ലഭിക്കാം.

2. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme)- 25% സംസ്ഥാന മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കും. പഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിലുള്ളവർക്കാണ് ഈ പദ്ധതി നൽകുന്നത്. 5 ലക്ഷം രൂപ വാർഷിക വരുമാന പരിധിയുണ്ട്. വനിതകൾക്കും/പിന്നോക്ക വിഭാഗത്തിനും മുൻഗണനയുണ്ട്.

3. ഗ്രാമപഞ്ചായത്ത് പദ്ധതി- 50% ചെലവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന ഈ പദ്ധതിയിലും ഗ്രാമസഭകൾ അംഗീകരിക്കുന്ന ലിസ്റ്റിലുള്ളവർക്ക് നൽകുന്നു. 5 ലക്ഷം രൂപ വാർഷിക വരുമാന പരിധിയുണ്ട്.

4. സ്പെഷ്യൽ ഗോവർദ്ധിനി- 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം (RKVY) മൃഗാശുപത്രികളിലെ കന്നുകുട്ടി ജനന രജിസ്റ്ററിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്ര സഹായം ലഭിക്കുമ്പോൾ മാത്രം നടപ്പിലാക്കും.

തെരഞ്ഞെടുത്ത പശുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ആരോഗ്യ പരിരക്ഷ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു. ഈ പദ്ധതികൾ പ്രകാരം നിലവിൽ ഒരു പശുക്കുട്ടിക്ക് 12,500 രൂപ സബ്സിഡി ലഭിക്കുന്നു. ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി (CAP) എന്നീ രണ്ട് പദ്ധതികൾക്കുമായി 60 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അവയുടെ ഉല്പാദന പ്രത്യുൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതികൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

(ബി) 4 മുതൽ 6 മാസം വരെയുള്ള കന്നുകുട്ടികളെ വരി ചേർത്ത് 30 മാസം വരെ പകുതി വിലയ്ക്ക് സമീകൃത കാലിത്തീറ്റ, വിരമരുന്ന്, ഇൻഷ്വറൻസ്, മിനറൽ മിക്സ്ചർ എന്നിവ സബ്സിഡി നിരക്കിൽ നൽകി ശാസ്ത്രീയമായി വളർത്താൻ കർഷകരെ സഹായിക്കുന്നു. ക്ഷീരസംഘം മുഖേനയാണ് ടി തീറ്റ വിതരണം നടത്തിവരുന്നത്. ശാസ്ത്രീയമായ പരിചരണം നൽകുന്നതുമൂലം ആദ്യ പ്രസവം നേരത്തെയാക്കുന്നതിനും തന്മൂലം കർഷകർക്കുള്ള അധിക ചെലവ് കുറയ്ക്കുന്നതിനും ടി പദ്ധതി സഹായകരമാകുന്നു. കന്നുകുട്ടികളെ ഇൻഷ്വർ ചെയ്യുന്നതിനാൽ മരണമോ ഉല്പാദന പ്രത്യുല്പാദന നഷ്ടമോ ഉണ്ടായാൽ പരമാവധി 40,000 രൂപ വരെ പ്രായമനുസരിച്ച് നഷ്ടപരിഹാരം ലഭിക്കും.

(സി) കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ആർ.കെ.വി.വൈ. പ്രകാരം സ്പെഷ്യൽ ഗോവർദ്ധിനി 2017-18 പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 10000 കന്നുകുട്ടികളെ പരിപാലിച്ചുവരുന്നു. പദ്ധതിയിലെ ആദ്യ ഗഡുവായ 6,12,00,000 രൂപ ലഭ്യമായിട്ടുണ്ട്. രണ്ടാം ഗഡു ലഭ്യമായിട്ടില്ല.

(ഡി) 1976-77 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ 1996-97, 2000-01 എന്നീ വർഷങ്ങൾ ഒഴിച്ച് ആകെ 794942 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പശുക്കളിലെ 'തടിച്ച ചർമ്മരോഗം' തടയുന്നതിനുള്ള നടപടികൾ**

130(783) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുക്കൾക്ക് വരുന്ന തടിച്ച ചർമ്മരോഗം (ലമ്പി സ്കിൻ ഡിസീസ്) തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) 2019 ൽ തടിച്ച ചർമ്മരോഗം കണ്ടെത്തിയത് എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) ഇത്തരം രോഗങ്ങൾ പശുക്കൾക്ക് പാല് കുറയുന്നതിനും മരണത്തിനും കാരണമാകുമെന്ന ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലബോറട്ടറിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള മുന്നറിയിപ്പ് വകുപ്പ് പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിലെ പാലോടുള്ള 'ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ്' എന്ന സ്ഥാപനത്തിൽ ഇത്തരത്തിൽ പരിശോധന നടക്കാറുണ്ടോ; 2019-ൽ പ്രസ്തുത സ്ഥാപനത്തിൽ നടത്തിയ പരിശോധനകളുടെയും കണ്ടെത്തലുകളുടെയും വിവരം അറിയിക്കുമോ;

(ഇ) മലപ്പുറം ജില്ലയിൽ എത്ര മൃഗങ്ങൾക്ക് തടിച്ച ചർമ്മരോഗം കണ്ടെത്തിയിട്ടുണ്ട്; ഇതിൽ ജില്ലാ മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 9-1-2020-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ ജോയിന്റ് സെക്രട്ടറിയുടെ DO Lr. No. K/11053/69/2019-LH എന്ന നമ്പർ കത്ത് പ്രകാരം കേരളത്തിലെ ലംപി സ്കിൻ ഡിസീസ് സ്ഥിരീകരിച്ചുകൊണ്ട് അറിയിപ്പ് ലഭിക്കുകയുണ്ടായി. കേന്ദ്ര നിർദ്ദേശ പ്രകാരം ഇതിനായുള്ള പ്രതിരോധ വാക്സിൻ (ഗോട്ട് പോക്സ് വാക്സിൻ-ഉത്തരകാശി സ്ട്രെയിൻ) വാങ്ങി രോഗബാധ കണ്ടെത്തിയ പ്രദേശത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ പ്രതിരോധ കുത്തിവയ്പ്പ് തുടങ്ങുകയും ചെയ്തു. അസുഖം ബാധിച്ച പഞ്ചായത്തുകളിൽ അടിയന്തരമായി ആവശ്യമായ മരുന്നുകളും അണുനാശിനി ലായനികളും വാങ്ങി ഉപയോഗിക്കുന്നതിനായി ഓരോ പഞ്ചായത്തിനും 5,000 രൂപ വീതം അനുവദിക്കുകയുണ്ടായി. കർഷകരെ ബോധവത്കരിക്കുന്നതിനായി യോഗങ്ങൾ നടത്തി ബോധവത്കരണ ക്ലാസ്സുകൾ നൽകുകയുണ്ടായി.

(ബി) ആകെ 9 ജില്ലകളിൽ രോഗം കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഉരുക്കളുടെ എണ്ണം |
|---|---|---|
| 1 | പാലക്കാട് | 796 |
| 2 | തൃശ്ശൂർ | 440 |
| 3 | ആലപ്പുഴ | 128 |
| 4 | കോട്ടയം | 1345 |
| 5 | പത്തനംതിട്ട | 119 |
| 6 | മലപ്പുറം | 88 |
| 7 | എറണാകുളം | 629 |
| 8 | കോഴിക്കോട് | 4 |
| 9 | കാസർഗോഡ് | 2 |
| ആകെ | | 3551 |

(സി) ഇത്തരം രോഗംമൂലമുള്ള മരണനിരക്ക് കുറവാണെങ്കിലും പാലുല്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നുണ്ട്. ഇതുസംബന്ധിച്ച് ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലബോറട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാരിൽനിന്നും വകുപ്പിന് നിർദ്ദേശങ്ങൾ ലഭിക്കുന്നത്. ഇത് വകുപ്പുതലത്തിൽ ഗൗരവമായി നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) പരിശോധന നടത്തുന്നുണ്ട്. ടെസ്റ്റിംഗിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സാമ്പിൾ പരിശോധിച്ചത് (പോസിറ്റീവ്) |
|---|---|---|
| 1 | തിരുവനന്തപുരം | 2(0) |
| 2 | കൊല്ലം | 1(0) |
| 3 | പത്തനംതിട്ട | 19(3) |
| 4 | ആലപ്പുഴ | 20(3) |
| 5 | ഇടുക്കി | 8(0) |
| 6 | കോട്ടയം | 15 (5) |
| 7 | എറണാകുളം | 25(6) |
| 8 | തൃശ്ശൂർ | 14(4) |
| 9 | പാലക്കാട് | 17(6) |
| 10 | മലപ്പുറം | 8(2) |
| 11 | കോഴിക്കോട് | 5(1) |
| 12 | കാസർഗോഡ് | 20(2) |
| ആകെ | | 154(32) |

(ഇ) മലപ്പുറം ജില്ലയിൽ 16 പഞ്ചായത്തുകളിലായി 88 ഉരുക്കൾക്ക് രോഗബാധയുണ്ടായിട്ടുണ്ട്. ഇതിൽ 2 ഉരുക്കൾക്ക് മാത്രമാണ് ലബോറട്ടറിയിൽ നിന്നും സ്ഥിരീകരണം ഉണ്ടായിട്ടുള്ളത്. എന്നാൽ മലപ്പുറം ജില്ലയിലെ 16 പഞ്ചായത്തുകളിലും അടിയന്തരമായി ആവശ്യമായ മരുന്നുകളും അണുനാശിനികളും വാങ്ങുന്നതിനായി ഓരോ പഞ്ചായത്തിനും 5,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ജില്ലയിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 3000 ഡോസ് വാക്സിൻ സൗജന്യമായി നൽകുകയും 2176 ഉരുക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

**കേരള ചിക്കൻ പദ്ധതിയുടെ വിപുലീകരണവും വിപണനവും**

131(784) <u>ശ്രീ. എം. സ്വരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കേരള ചിക്കൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) എത്ര ഔട്ട്ലെറ്റുകളിലൂടെയാണ് നിലവിൽ ഇവയുടെ വിപണനം നടക്കുന്നതെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ;

(സി) ഇവയുടെ വിപണനം വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, കുടുംബശ്രീ എന്നീ സ്റ്റേക്ക് ഹോൾഡേഴ്സുമായി സഹകരിച്ചുകൊണ്ടാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്. ബ്രീഡർ ഫാമുകളിൽനിന്നും വിരിയിച്ചെടുക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയാണ് തെരഞ്ഞെടുത്ത കർഷകർക്ക് നൽകുന്നത് (1000 കോഴിക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്). 40-45 ദിവസം പ്രായമായ ഇറച്ചിക്കോഴികളെ വിവിധ യൂണിറ്റുകളിൽനിന്നും തിരികെയെടുത്ത് പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് വിവിധ ഏജൻസികളിലൂടെ വിറ്റഴിക്കപ്പെടുന്നു.

ബ്രോയിലർ മാർക്കറ്റിന്റെ 5 ശതമാനം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി തുടങ്ങിയിട്ടുള്ളത്. ഒന്നാം വർഷം 650 പുതിയ ബ്രോയിലർ ഫാമുകൾ തുടങ്ങുക വഴി 19.5 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ കഴിയും. 2730 ടൺ ശുദ്ധമായ ബ്രോയിലർ കോഴിയിറച്ചി ശാസ്ത്രീയമായ പരിശോധനയ്ക്കുശേഷം "കേരള ചിക്കൻ" എന്ന ലേബലിൽ വിൽക്കുക, ഇതുമൂലമുണ്ടാകുന്ന പൗൾട്രി വെയ്സ്റ്റുകൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്നിവയാണ് കേരളാ ചിക്കന്റെ പ്രധാന പ്രവർത്തനങ്ങൾ. ബ്രോയിലർ മാർക്കറ്റിന്റെ 20% നേടിയെടുക്കുക എന്നതാണ് അടുത്ത വർഷം ലക്ഷ്യമിടുന്നത്. അതിലേയ്ക്കായി അടുത്ത വർഷം പുതിയതായി 1950 ഫാമുകൾ (1000 കോഴികൾ വീതം ഉള്ളത്) തുടങ്ങുവാനും കോഴിയിറച്ചി ഉല്പാദനം 25480 എംടി ആയി ഉയർത്തുവാനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ പൗൾട്രി വെയ്സ്റ്റ് സംസ്കരിക്കുന്നതിന് പുതിയ റെൻഡറിംഗ് പ്ലാന്റുകൾ സ്ഥാപിക്കുവാനും 'കേരള ചിക്കൻ ഷോപ്പീ' എന്ന പേരിൽ ചിക്കൻ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിടുന്നുണ്ട്. പാലക്കാട്

ജില്ലയിലെ അട്ടപ്പാടിയിൽ ബ്രഹ്മഗിരിയുടെയും ബ്രഹ്മഗിരി ഫാർമേഴ്സ് സൊസൈറ്റിയുടെയും കൂട്ട ഉടമസ്ഥതിയിൽ സർക്കാർ സഹായത്തോടെ 50000 കോഴികളുള്ള മെഗാ വെങ്കോബ് ബ്രീഡർ ഫാം അട്ടപ്പാടിയിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് സാധ്യമാകുക വഴി മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ 1000 ഫാമുകൾ, 115 ഔട്ട്ലെറ്റുകൾ എന്നിവയാണ് അടുത്ത ഒരു വർഷം കൊണ്ട് പ്ലാൻ ചെയ്യുന്നത്. ബ്രീഡർ ഫാമുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങൾ അന്നുമുതൽ കോഴിയിറച്ചിയാക്കി വിപണനം നടത്തുന്നതുവരെ മൃഗസംരക്ഷണ വകുപ്പിന്റെ മോണിറ്ററിംഗിന് വിധേയമായിരിക്കും. ഇതിനായി ഒരു സോഫ്റ്റ്‌വെയർ ഉണ്ടാക്കാൻ ഈ പ്രോജക്ട് നിർദ്ദേശിച്ചിരുന്നു. അതിനാൽ വിപണനം ചെയ്യുന്ന കോഴിയിറച്ചി ഏത് ഫാമിൽ നിന്ന് ഉല്പാദിപ്പിച്ചുവെന്നും ആ കോഴിക്കുഞ്ഞുങ്ങൾ ഏത് ഹാച്ചറിയിൽ നിന്നും നൽകിയതാണെന്നും അറിയുവാൻ ഉപഭോക്താവിന് സാധിക്കുമെന്നുള്ളത് ഈ പ്രോജക്ടിന്റെ പ്രത്യേകതയാണ്. കോഴി വളർത്തൽ മേഖലയിലേയ്ക്ക് കർഷകരെ ആകർഷിക്കുക, അവർക്ക് ന്യായമായ വില ഉറപ്പാക്കുക, സംശുദ്ധമായ കോഴിയിറച്ചി ഉപഭോക്താവിന് നൽകുക എന്നിവ പദ്ധതി ലക്ഷ്യങ്ങളാണ് ഇതുവഴി ഈ മേഖലയിൽ നിലനിന്നുവരുന്ന അനാരോഗ്യകരമായ പല പ്രവണതകളും ചൂഷണങ്ങളും അവസാനിപ്പിക്കാൻ ഒരു പരിധിവരെ സാധിക്കുമെന്ന് വിലയിരുത്തുന്നു. കേരള ചിക്കൻ പദ്ധതി പൂർണ്ണമായ രീതിയിൽ സജ്ജമാകാൻ ഏകദേശം 2 വർഷമെടുക്കും. ഫാമുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക, കർഷക ഫാമുകൾ വർദ്ധിപ്പിക്കുക, പ്രോസസ്സിംഗ് യൂണിറ്റുകൾ, റെൻഡറിംഗ് യൂണിറ്റുകൾ, സെയിൽസ് പോയിന്റുകൾ എന്നിവ കൂട്ടുക എന്നിങ്ങനെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയത് സംബന്ധിച്ച പദ്ധതി നിർദ്ദേശം തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് 7 ഔട്ട്ലെറ്റുകളാണുള്ളത്.

1. ആനമങ്ങാട്-മലപ്പുറം
2. പെരിന്തൽമണ്ണ-മലപ്പുറം
3. മക്കരപ്പറമ്പ്-മലപ്പുറം
4. കരിങ്കല്ലത്താണി-മലപ്പുറം
5. കരുവാരക്കുണ്ട്-മലപ്പുറം
6. ചട്ടിപ്പറമ്പ്-മലപ്പുറം
7. മണ്ണാർക്കാട്-പാലക്കാട്

കുടുംബശ്രീക്ക് നിലവിൽ കേരള ചിക്കൻ ഔട്ടലെറ്റുകൾ ഇല്ല. എന്നാൽ എറണാകുളം, തൃശ്ശൂർ, കോട്ടയം ജില്ലകളിലായി 40 ഔട്ട്ലെറ്റുകൾ തുടങ്ങാൻ പദ്ധതിയുണ്ട്.

(സി) കേരള ചിക്കൻ പദ്ധതി പൂർണ്ണമായ രീതിയിൽ പ്രവർത്തന സജ്ജമാകാൻ ഏകദേശം 2 വർഷമെടുക്കും. ആദ്യ വർഷം 5 ശതമാനവും അടുത്ത വർഷം 20 ശതമാനവും മാർക്കറ്റ് ഷെയർ നേടിയെടുക്കുക എന്നതാണ് ലക്ഷ്യം. അതിനായി ഫാമുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക, കർഷക ഫാമുകൾ വർദ്ധിപ്പിക്കുക, പ്രോസസ്സിംഗ് യൂണിറ്റുകൾ, റെൻഡറിംഗ് യൂണിറ്റുകൾ, സെയിൽസ് പോയിന്റുകൾ കൂട്ടുക എന്നിവയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കുടുംബശ്രീയുടെ കീഴിൽ തിരുവനന്തപുരം കഠിനംകുളത്തെ പൗൾട്രി പ്രോസസ്സിംഗ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലൂടെ 200 ഔട്ട്ലെറ്റുകൾ മുഖേന കേരള ചിക്കൻ മാർക്കറ്റിൽ ലഭ്യമാകുന്നതാണ്.

**കല്ലയം ഹാച്ചറി നവീകരണം**

132(785) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലെ കല്ലയം ഹാച്ചറി നവീകരണത്തിന് നിലവിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഹാച്ചറിയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 2020-21 സാമ്പത്തിക വർഷം ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) കല്ലയം ഹാച്ചറിയിലെ സ്ഥലം പ്രയോജനപ്പെടുത്തി കാലിത്തീറ്റ/കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കല്ലയത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഹാച്ചറികളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ കേരള പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കുടപ്പനക്കുന്നിലെ ഹാച്ചറിയിൽ ഈ സർക്കാരിന്റെ കാലത്ത് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കുടപ്പനക്കുന്നിൽ ഒരു കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

**കല്ലയം ഹാച്ചറിയുടെ വികസനം**

133(786) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിലെ കല്ലയം ഹാച്ചറി നവീകരണത്തിന് നിലവിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) ഈ ഹാച്ചറിയിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 2020-21 സാമ്പത്തിക വർഷം ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കല്ലയം ഹാച്ചറിയിലെ സ്ഥലം പ്രയോജനപ്പെടുത്തി കാലിത്തീറ്റ/ കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) കല്ലയത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഹാച്ചറികളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ കേരള പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കുടപ്പനക്കുന്നിലെ ഹാച്ചറിയിൽ ഈ സർക്കാരിന്റെ കാലത്ത് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കുടപ്പനക്കുന്നിൽ ഒരു കോഴിത്തീറ്റ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

**മുട്ടക്കോഴി വളർത്തൽ**

134(787) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്ന എന്ന് വിശദാംശം സഹിതം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നതിന് നിലവിൽ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കെപ്കോ ആശ്രയ പദ്ധതി- തെരഞ്ഞെടുക്കുന്ന പഞ്ചയത്തുകളിലെ വിധവാ പെൻഷൻ വാങ്ങുന്ന മുഴുവൻ വിധവകൾക്കും 10 കോഴി, 10 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

2. കെപ്കോ വനിതാമിത്രം- തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 1000 വനിതകൾക്ക് 10 കോഴി, 10 കിലോ തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 250 രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി.

3. കെപ്കോ നഗരപ്രിയ പദ്ധതി- തെരഞ്ഞടുക്കുന്ന മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന 1000 ഗുണഭോക്താക്കൾക്ക് ആധുനിക രീതിയിലുള്ള ഒരു കൂട്, 5 കോഴികൾ, 5 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 850 രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി.

4. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി- സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 5 കോഴി, 5 കിലോത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

5. സ്കൂൾ ബാക്യാർഡ് പൗൾട്രി പദ്ധതി- സംസ്ഥാനത്തെ മൊത്തം 1305 സർക്കാർ/എയ്ഡഡ് അപ്പർ പ്രൈമറി/ഹൈസ്കൂൾ ക്ലാസുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ നൽകുന്നു. ടി പദ്ധതി നടത്തിപ്പിനായി 425 ലക്ഷം രൂപയാണ് 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ 65250 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കും. 326250 കോഴിക്കുഞ്ഞുങ്ങളെ പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യും. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

6. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി- കൂട്, മുട്ടക്കോഴി (5 എണ്ണം) എന്നിവയുൾപ്പെടെ 5,000 രൂപയുടെ സഹായം ഒരു ഗുണഭോക്താവിന് ലഭിക്കും. 20.5 ലക്ഷം രൂപയാണ് 2019-20 സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. 410 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കും.

(ബി) പത്രപ്പരസ്യം, മറ്റ് ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ എന്നിവ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ചെയർമാൻമാർ എന്നിവർക്ക് രേഖാമൂലം മുൻകൂട്ടി അറിയിപ്പുകൾ നൽകിയും പ്രചാരണം നടത്തിവരുന്നു.

**ഇറച്ചിക്കോഴി വളർത്തൽ**

135(788) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരണം നടത്തുന്നതിന് നിലവിൽ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇറച്ചിക്കോഴി വളർത്തൽ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'കേരള ചിക്കൻ' എന്ന ബൃഹത്തായ പദ്ധതി ഈ മേഖലയിലെ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സായ മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുകയും ആയതിന്റെ ആവശ്യത്തിലേയ്ക്ക് 63 കോടി രൂപയുടെ പ്രോജക്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ബ്രോയിലർ പേരന്റ് സ്റ്റോക്ക് ഫാം നിലവിലില്ല. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ എന്ന സ്ഥലത്ത് 12000 ബ്രോയിലർ പേരന്റ് സ്റ്റോക്കിനെ വളർത്തുവാൻ സൗകര്യമുള്ള ഫാമിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. പ്രവർത്തനം തുടങ്ങുമ്പോൾ ഓരോ ആഴ്ചയിലും 40000 ഗുണമേന്മയുള്ള ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ കേരളത്തിലുടനീളം കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. ബ്രോയിലർ മേഖലയിൽ ഇപ്പോൾ കെപ്കോ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ സ്വന്തമായി ബ്രോയിലർ പേരന്റ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിപ്പിച്ചുവരുന്നു.

കെപ്കോ

ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെപ്കോയുടെ ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെപ്കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രം നവീകരിക്കുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 40-45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമുണ്ടാകുമ്പോൾ കെപ്കോ തന്നെ വിലകൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കിവരുന്നു.

കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നു വരുന്നതിനനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിന് കൂടുതൽ പാരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കുടുംബശ്രീ

നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് പുതിയ ബ്രോയിലർ ഫാമുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും കുടുംബശ്രീ സാമ്പത്തിക സഹായം നൽകിവരുന്നു. ഉല്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ, കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ മാതൃപിതൃ ശേഖരം (ബ്രീഡർ സ്റ്റോക്ക്) മുതൽ ഹാച്ചറികൾ, മാംസ സംസ്കരണത്തിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉല്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇറച്ചിക്കോഴി പദ്ധതിക്ക് നിലവിൽ ഇൻഷ്വറൻസ് നൽകിവരുന്നില്ല. കാലാവസ്ഥ വ്യതിയാനവും പക്ഷികളിൽ പെട്ടെന്ന് വരുന്ന രോഗങ്ങളും കോഴികർഷകർക്ക് വലിയ

സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു. ഈ അവസരത്തിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, കേരളത്തിൽ ആദ്യമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 241050 എണ്ണം കോഴികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് നൽകി.

ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി

കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ ഫാമുകൾ നടത്തിവരുന്നു. ഇതുവഴി കർഷകർക്ക് ലാഭമുണ്ടാക്കുവാൻ സഹായിക്കുവാനും ഒരു പരിധിവരെ വിപണി വില നിയന്ത്രിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഉപഭോക്താവിന് ഗുണമേന്മയുള്ള കോഴിയിറച്ചി ഉറപ്പുവരുത്താനും ഇതുവഴി സാധിക്കുന്നു. കേരള ചിക്കൻ പദ്ധതി കേരളം മുഴുവൻ പ്രാവർത്തികമാക്കുന്നതിലൂടെ കേരളത്തിലെ കോഴികർഷകർക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്താൻ സാധിക്കും.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

കുടുംബശ്രീയും എം.പി.ഐ.യുമായി ഉണ്ടാക്കിയ ധാരണ പ്രകാരം കോട്ടയം/എറണാകുളം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകളിൽനിന്ന് കോഴികളെ എം.പി.ഐ. തിരികെ വാങ്ങുന്നതാണ്. ഇതിനുപുറമെ എം.പി.ഐ.-യ്ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7500 കോഴികളെ വളർത്തുന്നു. ദിനംപ്രതി 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്തുവരുന്നു.

(ബി) ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി എല്ലാ ദിവസവും കാർഷിക മേഖലാ വാർത്തകളിലൂടെയും ആകാശവാണി, ടെലിവിഷൻ, പത്രം തുടങ്ങിയ മാധ്യമങ്ങളിലൂടെയും ഇറച്ചിക്കോഴി വളർത്തൽ പദ്ധതികളെക്കുറിച്ച് പൊതു ജനങ്ങൾക്കിടയിൽ പ്രചാരണം നടത്താറുണ്ട്. സ്കൂളുകളിൽ ജനപ്രതിനിധികളും രക്ഷിതാക്കളും ചേർന്ന് വലിയ ചടങ്ങായിട്ടാണ് സ്കൂൾ പൗൾട്രി ക്ലബ് എന്ന പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാറുള്ളത്. കൂടാതെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ രക്ഷിതാക്കൾക്കായി ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിനെക്കുറിച്ചും അതിന്റെ വിപണന സാധ്യതകളെക്കുറിച്ചും ലഘുലേഖകൾ തയ്യാറാക്കി പൊതുജനങ്ങൾക്കിടയിൽ വിതരണം ചെയ്യാറുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കർഷക പരിശീലന കേന്ദ്രങ്ങൾ (എൽ.എം.റ്റി.സി.) വഴി സംസ്ഥാനത്തെ കർഷകർക്ക് രണ്ട് ദിവസത്തെ സൗജന്യ പരിശീലനം നൽകിവരുന്നുണ്ട്.

ആകാശവാണിയിലൂടെ വാണിജ്യ പ്രക്ഷേപണത്തിലൂടെയും കെപ്കോയുടെ വെബ്സൈറ്റിലൂടെയും എഗ്ഗർ നഴ്സറികളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെയും വിവിധ പ്രചാരണ പരിപാടികൾ നടത്തിവരുന്നു.

**വെട്ടത്തൂർ മൃഗാശുപത്രി നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി**

136(789) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വെട്ടത്തൂർ മൃഗാശുപത്രിയിൽ ജലനിധിയുടെ കീഴിലുള്ള ജലവിതരണസംവിധാനം പ്രവർത്തനരഹിതമായത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മൃഗാശുപത്രിയിൽ പാഴ്വസ്തുക്കൾ നശിപ്പിക്കുന്നതിന് ആവശ്യമായ സൗകര്യമില്ലാത്തതുമൂലം ആശുപത്രി നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) വെട്ടത്തൂർ പഞ്ചായത്തിന്റെ മിനി വാട്ടർ സപ്ലൈ സ്കീം മുഖേന ജലവിതരണ സംവിധാനം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) പാഴ്വസ്തുക്കൾ നശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വെട്ടത്തൂർ പഞ്ചായത്ത് മുഖേന സ്വീകരിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ എണ്ണം**

137(790) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ എത്ര മൃഗാശുപത്രികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിൽ നിലവിലുള്ള മൃഗാശുപത്രികളിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്രയെന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു വെറ്ററിനറി പോളി ക്ലിനിക്, ഒരു മൊബൈൽ വെറ്ററിനറി ഹോസ്പിറ്റൽ, 2 വെറ്ററിനറി ഹോസ്പിറ്റലുകൾ, 9 വെറ്ററിനറി ഡിസ്പെൻസറികൾ ഉൾപ്പെടെ ആകെ 13 മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വെറ്ററിനറി പോളി ക്ലിനിക്, ചെങ്ങന്നൂർ

2. മൊബൈൽ വെറ്ററിനറി ഹോസ്പിറ്റൽ, ചെങ്ങന്നൂർ

3. വെറ്ററിനറി ഹോസ്പിറ്റൽ, മുളക്കുഴ

4. വെറ്ററിനറി ഹോസ്പിറ്റൽ, മാന്നാർ

5. വെറ്ററിനറി ഡിസ്പെൻസറി, ആല

6. വെറ്ററിനറി ഡിസ്പെൻസറി, ബുധനൂർ

7. വെറ്ററിനറി ഡിസ്പെൻസറി, ചെറിയനാട്

8. വെറ്ററിനറി ഡിസ്പെൻസറി, തുരുത്തിമേൽ

9. വെറ്ററിനറി ഡിസ്പെൻസറി, പാണ്ടനാട്

10. വെറ്ററിനറി ഡിസ്പെൻസറി, പുലിയൂർ

11. വെറ്ററിനറി ഡിസ്പെൻസറി, തിരുവൻവണ്ടൂർ

12. വെറ്ററിനറി ഡിസ്പെൻസറി, വെൺമണി

13. വെറ്ററിനറി ഡിസ്പെൻസറി, ചെന്നിത്തല

(ബി) ചെങ്ങന്നൂർ മൃഗാശുപത്രിക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ചെങ്ങന്നൂർ മണ്ഡലത്തിലെ 13 മൃഗാശുപത്രികളും സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

## കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരവികസന ഓഫീസർ തസ്തിക

138(791) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരവികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിൽ അനുവദിക്കപ്പെട്ട ക്ഷീരവികസന ഓഫീസർ തസ്തിക ജില്ലകൾക്ക് പുറത്തേക്ക് വിന്യസിച്ചത് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഓഫീസിൽ നിന്നും ക്ഷീരവികസന ഓഫീസർ തസ്തിക പുനർവിന്യസിച്ചിട്ടില്ല. കണ്ണൂർ ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഓഫീസിൽനിന്നും ഒരു ക്ഷീരവികസന ഓഫീസറുടെ തസ്തിക പുനർവിന്യസിച്ചിരുന്നു. ടി തസ്തിക പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ക്ഷീരവികസന വകുപ്പിലെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകൾ മുഖേനയാണ്. ക്ഷീരവികസന യൂണിറ്റുകളിൽ ക്ഷീരവികസന ഓഫീസറുടെ കുറവുണ്ടായിരുന്നതിനാലും പദ്ധതികൾ രൂപീകരിക്കുന്നതിന് ഡയറക്ടറേറ്റിൽ പ്രോജക്ട് സെൽ രൂപീകരിക്കുന്നത് അനിവാര്യവുമായതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കൈകാര്യം ചെയ്യാത്ത കണ്ണൂർ ക്വാളിറ്റി കൺട്രോൾ ഓഫീസിലെ ക്ഷീരവികസന ഓഫീസറുടെ തസ്തിക പുനർവിന്യസിക്കേണ്ടി വന്നത്.

## പത്തനംതിട്ട ജില്ലയിലെ ക്ഷീര മേഖലയിൽ പ്രളയം സൃഷ്ടിച്ച ആഘാതം

139(792) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പാലുൽപ്പാദന മേഖലയിൽ പ്രളയം സൃഷ്ടിച്ച ആഘാതം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രളയത്തെ തുടർന്ന് പത്തനംതിട്ട ജില്ലയിലെ ക്ഷീര മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അതുവഴി കൈവരിക്കാനായ നേട്ടങ്ങളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2019 ജൂലൈയിൽ പത്തനംതിട്ട ജില്ലയിൽ ക്ഷീരസംഘങ്ങളിൽ കൂടിയുള്ള പ്രതിദിന പാൽസംഭരണം 49443 ലിറ്ററായിരുന്നത് 2019 ആഗസ്റ്റ് മാസത്തിൽ പ്രളയംമൂലം 41004 ലിറ്ററായി കുറഞ്ഞു. ജില്ലയിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി തീറ്റപ്പുല്ല്, വൈക്കോൽ, കാലിത്തീറ്റ, മിനറൽ മിക്സ്ചർ തുടങ്ങിയവ ദുരിതബാധിത ബ്ലോക്കുകളിൽ നൽകുകയുണ്ടായി. ഇവയുടെ ഫലമായി 2019 ഒക്ടോബർ മാസത്തോടെ പ്രതിദിന പാൽ സംഭരണം 50109 ലിറ്ററായി വർദ്ധിപ്പിക്കാൻ സാധിച്ചു.

(ബി) ജില്ലയിൽ ക്ഷീരമേഖലയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടേയും ക്ഷീരസംഘങ്ങളുടേയും സഹകരണത്തോടെ നടത്തുകയുണ്ടായി. പ്രളയം കൂടുതൽ ബാധിച്ചത് ജില്ലയിലെ പുളിക്കീഴ്, പന്തളം, കോയിപ്ര, റാന്നി, മല്ലപ്പള്ളി ബ്ലോക്കുകളിലാണ്. ടി ബ്ലോക്കുകളിലേയ്ക്കായി വകുപ്പിന്റെ സഹകരണത്തോടെ 15 ടൺ പച്ചപ്പുല്ലും 107 ടൺ വൈക്കോലും വിതരണം ചെയ്തു. വകുപ്പിൽനിന്ന് 120 ബാഗ് കാലിത്തീറ്റ പുളിക്കീഴ് ബ്ലോക്കിൽ വിതരണം നടത്തി. വകുപ്പിന്റെ ധനസഹായത്തോടെ 490 കിലോഗ്രാം Total Mixed Ration-ഉം വിതരണം ചെയ്യുകയുണ്ടായി. പത്തനംതിട്ട ജില്ലാ ഡെയറി ഫാർമേഴ്സ് ഫ്ലഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് 1500 കിലോഗ്രാം ധാതു ലവണ മിശ്രിതം ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തു. പറക്കോട് ബ്ലോക്കിലെ ക്ഷീരസംഘങ്ങൾ സംഭാവനയായി നൽകിയ 2200 കിലോഗ്രാം കാലിത്തീറ്റയും 50 കിലോഗ്രാം മിനറൽ മിക്സ്ചറും പന്തളം കോയിപ്രം ബ്ലോക്കുകളിലായി വിതരണം നടത്തി. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്നെത്തിച്ച 4 ടൺ തീറ്റപ്പുല്ല് പുളിക്കീഴ് ബ്ലോക്കിലെ അപ്പർ കുട്ടനാടൻ കർഷകർക്ക് നൽകി. അടയന്തിര ഘട്ടത്തിൽ നൽകിയ മേൽപ്പറഞ്ഞ സഹായങ്ങൾ കർഷകർക്ക് ഏറെ പ്രയോജനം ചെയ്തു. പാലുല്പാദനത്തിലെ കുറവ് ഏറെക്കുറെ പരിഹരിക്കാനായി. വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി പ്രളയാനന്തര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ജില്ലയ്ക്ക് അനുവദിച്ച ഒരു കോടി അറുപത്തി നാല് ലക്ഷം രൂപ ഉപയോഗിച്ച് 67 ഗോദാനം യൂണിറ്റുകളും 35 രണ്ട് പശു യൂണിറ്റുകളും 4 അഞ്ച് പശു യൂണിറ്റുകളും 7 ഒരു പശു+ ഒരു കിടാരി -കോമ്പോസിറ്റ് ഡയറി യൂണിറ്റുകളും 6 മൂന്ന് പശു+ 2 കിടാരി-കോമ്പോസിറ്റ് ഡയറി യൂണിറ്റുകളും 53 യൂണിറ്റ് അവശ്യാധിഷ്ഠിത ധനസഹായങ്ങളും 34 യൂണിറ്റ് കാലിത്തൊഴുത്ത്

നിർമ്മാണ ധനസഹായങ്ങളും 2000 കിലോഗ്രാം ധാതുലവണ മിശ്രിതവും 48 പേർക്ക് കണ്ടിജൻസി ധനസഹായവും നൽകിവരുന്നു. കൂടാതെ പ്രളയത്തിൽ നാശം സംഭവിച്ച ഡയറി ഫാമുകളുടെ പുനരുദ്ധാരണത്തിനായി 22 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഈ പദ്ധതികൾവഴി കുറഞ്ഞത് 275 ക്ഷീരകർഷക കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. പ്രതിദിനം 1200 ലിറ്റർ പാലിന്റെ വർദ്ധനവും പ്രതീക്ഷിക്കുന്നുണ്ട്.

**വനിതാ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

140(793) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വനിതാ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) അതുവഴി വനിതാ ക്ഷീരകർഷകർക്ക് കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും വനിതാ ക്ഷീരകർഷകർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ഘടക പദ്ധതി ഫണ്ട് പ്രയോജനപ്പെടുത്തിയും വനിതാ ക്ഷീരകർഷകർക്ക് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

താഴെപ്പറയുന്ന പദ്ധതികളാണ് വനിതാ ക്ഷീരകർഷകർക്ക് പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുന്നത്.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

2. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

3. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

ക്ഷീര വികസന വകുപ്പ് ഈ വർഷം സംസ്ഥാനത്ത് ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന വനിതാ ക്ഷീരകർഷകരുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനിതാ ക്ഷീരകർഷകർക്ക് തുടർവർഷങ്ങളിൽ കൂടുതൽ പദ്ധിതകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(ബി) വനിതാ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് കൂടുതലായി കൊണ്ടുവരുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനത്തിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പാക്കി ക്രിയാത്മകവും കാര്യക്ഷമവുമായ ഇടപെടലുകൾ ഉണ്ടാക്കുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി**

141(794) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തെ പാൽ ഉല്പാദനം ഗണ്യമായി ഉയർത്തുന്നതിനും പാൽ ഉല്പാദനകാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) 2020-21 വർഷം ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക ഉപയോഗിച്ച് ഈ പദ്ധതിയിൻ കീഴിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീര മേഖലയിലേയ്ക്ക് കൂടുതൽ കർഷകരേയും സംരംഭകരേയും കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന സഹായങ്ങളാണ് കർഷകർക്ക് നൽകുന്നത്.

| ക്രമ നമ്പർ | ഇനവിവരം | ധനസഹായം |
|---|---|---|
| (1) | (2) | (3) |
| 1 | ഒരു പശു യൂണിറ്റ് (ഗോദാനം) | 35,000 |
| 2 | ഒരു പശു യൂണിറ്റ് (നാടൻ പശു) | 36,500 |
| 3 | രണ്ട് പശു യൂണിറ്റ് | 69,000 |
| 4 | അഞ്ച് പശു യൂണിറ്റ് | 1,84,000 |

| (1) | (2) | (3) |
|---|---|---|
| 5 | അഞ്ച് കിടാരി യൂണിറ്റ് | 98,800 |
| 6 | പത്ത് പശു യൂണിറ്റ് | 3,83,000 |
| 7 | പത്ത് കിടാരി യൂണിറ്റ് | 1,96,400 |
| 8 | 1 പശു+ 1 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 53,000 |
| 9 | 3 പശു +2 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 1,50,000 |
| 10 | 6 പശു + 4 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 2,92,000 |
| 11 | അവശ്യാധിഷ്ഠിതധനസഹായം (ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം) | 50,000 |
| 12 | കറവയന്ത്രം | 25,000 |
| 13 | ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |
| 14 | കിടാരി പാർക്ക് (ക്ഷീര സംഘങ്ങൾക്ക്) | 19,37,500 |

(ബി) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സഹകരണ മേഖലയിലൂടെയുള്ള പാൽ സംഭരണത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2018-19 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ പ്രകൃതിക്ഷോഭം കാരണം സംസ്ഥാനത്തെ പൂർണ്ണമായും സ്വയം പര്യാപ്തതയിലെത്തിക്കുന്നതിന് തടസ്സമായി. എന്നാൽ സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടേയും പ്രളയാനന്തര പദ്ധതികൾ നടപ്പിലാക്കിയതിന്റെയും ഫലമായി പാലുല്പാദനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) 2020-21 വർഷത്തിൽ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിക്കായി 4028 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) 2019-20-ൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

ഒരു പശു യൂണിറ്റ് (ഗോദാനം)

ഒരു പശു യൂണിറ്റ് (നാടൻ പശു)

രണ്ട് പശു യൂണിറ്റ്

അഞ്ച് പശു യൂണിറ്റ്

അഞ്ച് കിടാരി യൂണിറ്റ്

പത്ത് പശു യൂണിറ്റ്

പത്ത് കിടാരി യൂണിറ്റ്

1 പശു+ 1 കിടാരി കോമ്പോസിറ്റ് യൂണിറ്റ്

3 പശു +2 കിടാരി കോമ്പോസിറ്റ് യൂണിറ്റ്

6 പശു + 4 കിടാരി കോമ്പോസിറ്റ് യൂണിറ്റ്

അവശ്യാധിഷ്ഠിത ധനസഹായം

കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം

ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം

കിടാരി പാർക്ക്

**പാലക്കാട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി**

142(795) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ക്ഷീരഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്;

(സി) കൂടുതൽ ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) പറളി, പെരിങ്ങോട്ടുക്കുറിശ്ശി ഗ്രാമപഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| ക്രമ നമ്പർ | പദ്ധതികൾ | യൂണിറ്റ് ധനസഹായം (രൂപ) |
|---|---|---|
| 1 | 2 പശു യൂണിറ്റ് | 69,000 |
| 2 | 5 പശു യൂണിറ്റ് | 1,84,000 |
| 3 | 1 പശു+ 1 കിടാരി കോമ്പോസിറ്റ് യൂണിറ്റ് | 53,000 |
| 4 | 3 പശു +2 കിടാരി യൂണിറ്റ് (കോമ്പോസിറ്റ് യൂണിറ്റ്) | 1,50,000 |
| 5 | അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000 |
| 6 | കറവയന്ത്രം | 25,000 |
| 7 | ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം | 50,000 |
| 8 | പശുക്കൾക്കുള്ള ബാഹ്യസമ്മർദ്ദം കുറയ്ക്കൽ | 25,000 |
| 9 | ധാതുലവണ മിശ്രിതം | 100 രൂപ/കിലോഗ്രാം |

(സി) 2020-21-ൽ വാർഷിക പദ്ധതിയിൽ കൂടുതൽ പഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. ഷൊർണ്ണൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കുറ്റിപ്പുറം കേന്ദ്രമാക്കി ഡെയറി സോൺ അനുവദിക്കുവാൻ നടപടി**

143(796) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം കേന്ദ്രമാക്കി ഒരു ഡെയറി സോൺ ആരംഭിക്കണമെന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പശുക്കൾക്ക് ആവശ്യമായ തീറ്റപ്പുല്ല് സുലഭമായി ലഭിക്കുന്നതും പുല്ലിന്റെ വളർച്ചയ്ക്കും മറ്റും ആവശ്യമായ ജലം ധാരാളം ലഭിക്കുന്നതുമായ കുറ്റിപ്പുറം കേന്ദ്രീകരിച്ച് ഒരു ഡെയറി സോൺ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2019-20-ൽ ഡെയറി സോൺ പദ്ധതി നടപ്പിലാക്കിയിരുന്നില്ല. 2020-21-ൽ ടി പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) 2019-20-ൽ ഡെയറി സോൺ പദ്ധതി ഇല്ലാതിരുന്നതിനാൽ ടി നിവേദനത്തിലെ ആവശ്യം പരിഗണിച്ചിരുന്നില്ല.

(സി) ഡെയറി സോൺ പദ്ധതി നടപ്പിലാക്കുന്ന അവസരത്തിൽ ടി ആവശ്യം പരിഗണിക്കുന്നതാണ്.

**ക്ഷീരമേഖലയുടെ പുനരധിവാസ പദ്ധതി**

144(797) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീമതി യു. പ്രതിഭ</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം നഷ്ടം സംഭവിച്ച ക്ഷീരമേഖലയെ പുനരുദ്ധരിക്കുന്നതിനും ക്ഷീരകർഷകരെ പുനരധിവസിപ്പിക്കുന്നതിനും ഈ സർക്കാർ പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കറവപ്പശുക്കളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ഇതരസംസ്ഥാനങ്ങളിൽ നിന്നും കറവപ്പശുക്കളെ വാങ്ങി നൽകുന്നതിനും നാശം സംഭവിച്ച തൊഴുത്തുകൾ പുനർനിർമ്മിക്കുന്നതിനും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പുനരധിവാസ പദ്ധതിയിൽ കാലികളുടെ ആരോഗ്യസംരക്ഷണത്തിനായി സബ്സിഡി നിരക്കിൽ ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള നടപടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ കൂടുതൽ ക്ഷീരകർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരവികസന വകുപ്പ് 2018-19-ലും 2019-20-ലും 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കിയിരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം, 2018-ലെ പ്രളയം രൂക്ഷമായി ബാധിച്ച 7 ജില്ലകളിൽ കിടാരി വളർത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിക്കായി 2.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ഒരു കിടാരിയും തീറ്റയുമുൾപ്പെടെ 25000 രൂപയുടെ ധനസഹായം ലഭിക്കും. 1120 ഗുണഭോക്താക്കൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(ബി) കറവപ്പശുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് കറവപ്പശുക്കൾ വാങ്ങുന്നതിനും തൊഴുത്ത് നവീകരിക്കുന്നതിനും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്.

(സി) ധാതുലവണ മിശ്രിതം സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൂടുതൽ കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്ഷീരോല്പാദന പ്രോത്സാഹന പദ്ധതികൾ**

145(798) <u>ശ്രീ. സജി ചെറിയാൻ</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥയുടെ പ്രാതികൂല്യത്തിനിടയിലും നിലവിൽ സംസ്ഥാനത്തിന് ആവശ്യമായ പാലിന്റെ തൊണ്ണൂറ്റി നാല് ശതമാനം ഉല്പാദിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള ക്ഷീരോൽപാദന പ്രോത്സാഹന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) സർക്കാർ നടത്തിവരുന്ന വിവിധ മൃഗസംരക്ഷണ പദ്ധതികളുടെ വിജയഫലമായി 2019-ൽ നടത്തിയ കന്നുകാലി സെൻസസ് പ്രകാരം 1996 മുതൽ ക്രമാനുഗതമായി കുറഞ്ഞുവന്നിരുന്ന കാലി സമ്പത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(സി) ക്ഷീര കൃഷി ആദായകരമായ തൊഴിലാക്കി മാറ്റുന്നതിന് മൃഗപരിപാലനത്തെക്കുറിച്ചുള്ള ശാസ്ത്രീയ പരിജ്ഞാനം ലഭ്യമാക്കുന്നതിന് വിജ്ഞാന വ്യാപന പരിപാടികളും പരിശീലന പരിപാടികളും

സംഘടിപ്പിക്കുന്നതിനും മൃഗരോഗ പ്രതിരോധവും ചികിത്സാ സൗകര്യവും വർദ്ധിപ്പിക്കുന്നതിനും നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷീരോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ക്ഷീര കർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ക്ഷീരഗ്രാമം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, സമഗ്ര ഇൻഷ്വറൻസ് പദ്ധതി, കാലിത്തീറ്റ സബ്സിഡി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികൾ, ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശത പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡ് എന്നിവയും നടപ്പിലാക്കിവരുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതികൂല കാലാവസ്ഥയിൽ കന്നുകാലികളുടെ ആരോഗ്യവും ഉല്പാദനവും സംരക്ഷിക്കുന്നതിന് മൃഗചികിത്സാ ക്യാമ്പുകൾ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സംഘടിപ്പിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി, കന്നുകാലികളുടെ മരണംമൂലവും ഉല്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്നു. 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കറവ പശുക്കൾക്കുള്ള വിരയിളക്കലിനുള്ള മരുന്ന് വാങ്ങുന്നതിന് 90 ലക്ഷം രൂപയും ധാതു മിശ്രിത സപ്ലിമെന്റ് വാങ്ങുന്നതിന് 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വിരമരുന്നും ധാതുമിശ്രിത സപ്ലിമെന്റും നൽകുന്നത് പ്രതികൂല കാലാവസ്ഥയിൽ കന്നുകാലികളുടെ ആരോഗ്യവും ഉല്പാദനവും സംരക്ഷിക്കുന്നതിന് സഹായിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന പ്രതിരോധ കുത്തിവയ്പ്പ് യജ്ഞങ്ങൾവഴി ഉല്പാദനത്തെ ബാധിക്കുന്ന രോഗങ്ങൾ തടയാൻ കഴിയുന്നു.

(ബി) വർദ്ധനവുണ്ടായിട്ടുണ്ട്. 1996 മുതൽ 2012 വരെയുള്ള കാലയളവിൽ നടന്ന 5 കന്നുകാലി സെൻസസുകളിൽ (രണ്ട് വർഷങ്ങളും ഉൾപ്പെടെ) കന്നുകാലികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2019-ലെ 20-ാം കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണത്തിൽ ഒരു ശതമാനം (1%) വർദ്ധനവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012-ലേയും 2019-ലേയും കന്നുകാലി സെൻസസ് പ്രകാരമുള്ള കന്നുകാലികളുടെ എണ്ണം (പശു, കാള വിഭാഗം) ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കന്നുകാലി സെൻസസ് നടന്ന വർഷം | കന്നുകാലികളുടെ എണ്ണം (പശു, കാള വിഭാഗം) |
|---|---|---|
| 1 | 2012 | 1328627 |
| 2 | 2019 | 1341996 |

(സി) മൃഗപരിപാലനത്തെക്കുറിച്ചും ആധുനിക സാങ്കേതിക വിദ്യകളും പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), അമ്മക്കണ്ടകര (പത്തനംതിട്ട), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നിവിടങ്ങളിൽ ക്ഷീര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ക്ഷീര കർഷകർക്കായുള്ള പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയ പശു പരിപാലനത്തെക്കുറിച്ചുള്ള കൂടുതൽ അറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും സഹായകരമായ ബോധവത്കരണ ക്ലാസ്സുകളും ബ്ലോക്ക് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. 2019-20 വർഷത്തിൽ 3650 കർഷക സമ്പർക്ക പരിപാടിയും പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായി 300 ക്വാളിറ്റി അവയർനെസ് പ്രോഗ്രാമുകളും നടത്തിവരുന്നു. സംരംഭകത്വ വികസന പരിപാടികൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സംഘടിപ്പിക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾവഴി പശുവളർത്തൽ ആദായകരമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ 3114 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 275 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 45 ലക്ഷം രൂപയും വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു.

മൃഗാശുപത്രികളുടെ വികസനവും പുനഃസംഘാടനവും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്ന് സംഭരണത്തിനായി പ്രത്യേകം ഘടകം ഉള്ളതിൽ 2019-20-ൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്.

രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതിയിലൂടെ മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷവും അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നു. നിലവിൽ 105 ബ്ലോക്കുകളിൽ സേവനം ലഭ്യമാണ്. 2019-20-ൽ പദ്ധതിക്കായി 725 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രതിരോധ മരുന്നുകൾ നിർമ്മിക്കുന്ന സ്ഥാപനമായ പാലോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് വെറ്ററിനറി ബയോളജിക്കൽസിന്റെ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

146(799) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ ക്ഷീരവികസന വകുപ്പ് മുഖാന്തിരം ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ കാലയളവിൽ ക്ഷീര വികസന വകുപ്പ് മുഖാന്തിരം ഷൊർണ്ണൂർ മണ്ഡലത്തിൽ റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസ്, ഫോഡർ, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീര സംഘങ്ങളുടെ ആധുനികവത്കരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനായി ചെലവഴിച്ച തുകകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

147(800) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതികളിലൂടെ ധനസഹായം ലഭിച്ചവരുടെ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോജക്ട്
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
4. കണ്ടിജൻസി ഫണ്ട്
5. ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം
6. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ പ്രവർത്തനം
8. ക്ഷീര കർഷക കടാശ്വാസ പദ്ധതി
9. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി
10. കാലിത്തീറ്റ സബ്സിഡി
11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ
12. പ്രളയ ദുരിതാശ്വാസ പദ്ധതി
13. ക്ഷീര ഗ്രാമം.

(ബി) വിവിധ പദ്ധതികളിലായി ധനസഹായം ലഭിച്ചവരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ക്ഷീരമേഖലയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ**

148(801) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരമേഖലയുടെ വളർച്ചയ്ക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷീരമേഖല കൂടുതൽ വ്യാപിപ്പിക്കുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പരമ്പരാഗത മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിക്ക് പുറമേ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ 2016-17, 2017-18 വർഷങ്ങളിൽ ഡയറി സോൺ പദ്ധതിയും 2016-17 മുതൽ തുടർ വർഷങ്ങളിൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടുതൽ കർഷകരിൽ തീറ്റപ്പുൽകൃഷിയുടെ പ്രയോജനം എത്തിക്കുന്നതിനും തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾവശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

2. ഡെയറി ഫാമുകളുടെ യന്ത്രവൽക്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകി ഫാം മെക്കനൈസേഷനുവേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

3. ഉരുക്കളേയും കർഷകരേയും അവരുടെ കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും വകുപ്പിന്റെ പദ്ധതി വിഹിതവും വിനിയോഗിച്ച് ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി നാല് രൂപവരെ സഹായം നൽകുന്ന പദ്ധതി ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു.

5. ഉല്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക ഗുണവുമുള്ള കറവ പശുക്കളെ തദ്ദേശീയമായി കർഷകർക്ക് ലഭ്യമാക്കുന്നതിനായി ക്ഷീര സംഘങ്ങൾ മുഖേന 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നു.

6. പ്രളയത്തിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും ഭാഗമായി കനത്ത നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ ക്ഷീര നവോത്ഥാനം എന്ന ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കുന്നു. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള കടാശ്വാസ പദ്ധതി, കോമ്പോസിറ്റ് ഡെയറി യൂണിറ്റ്, എലിവേറ്റഡ്

കാറ്റിൽ ഷെഡ്, സമഗ്ര സഹകരണ പ്രചരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീര സംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ്‌വെയർ തുടങ്ങിയ പദ്ധതികളും ഈ വർഷത്തെ നൂതന പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും പാൽ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

ക്ഷീര കർഷക ക്ഷേമനിധിയിലൂടെയുള്ള പെൻഷൻ 500 രൂപയിൽ നിന്നും 1200 രൂപയായും കുടുംബ പെൻഷൻ 150 രൂപയിൽനിന്നും 600 രൂപയായും ഉയർത്തി.

(ബി) ക്ഷീര മേഖലയിലേയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽപേരെ കൊണ്ടുവരുന്നതിന് ക്ഷീര പരിശീലന കേന്ദ്രങ്ങൾവഴി സംരംഭകർക്കുവേണ്ടി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഈ മേഖലയിലെ കർഷകരെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ടുവന്ന് വിവിധ ഏജൻസികളിൽ നിന്നുള്ള സഹായം ഉറപ്പുവരുത്തുന്നതിനായി സമഗ്ര സഹകരണ പ്രചരണ പരിപാടി നടപ്പിലാക്കി. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കായി പ്രത്യേക ശില്പശാലകൾ നടത്തുകയും ക്ഷീര മേഖലയ്ക്ക് കൂടുതൽ ഫണ്ട് വകയിരുത്തുന്നതിനും ക്ഷീരകർഷകരെ പങ്കെടുപ്പിച്ച് പ്രത്യേക പ്രോജക്ട് ഫോർമുലേഷൻ ശില്പശാലകളും ക്ഷീരകർഷക പാർലമെന്റുകളും സംഘടിപ്പിച്ചു വരുന്നു. കർഷകരുടെ ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും അനുസൃതമായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ കഴിഞ്ഞതിനാൽ കൂടുതൽപേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനിതാ ക്ഷീരകർഷകർക്കായി പ്രത്യേക വനിതാ ക്ഷീരകർഷക സർവ്വേ നടത്തുകയുണ്ടായി. ഇതിന്റെ റിപ്പോർട്ടിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീ സൗഹൃദ വനിതാ ശാക്തീകരണത്തിന് സഹായകരമായ പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**പാൽ ഉല്പാദനത്തിലെ അപര്യാപ്തത പരിഹരിക്കാൻ നടപടി**

149(802) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുമെന്നത് പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായതോടുകൂടി പാലുല്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുകയും പ്രസ്തുത കുറവ് നികത്തുന്നതിനായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തിട്ടുണ്ടോ;

(സി) നിലവിൽ എത്ര ലക്ഷം ലിറ്റർ പാലാണ് ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ക്ഷീരമേഖലയിൽ വളരെയധികം പദ്ധതികൾ നടപ്പിലാക്കുകയും കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്ത ശേഷവും പാലിന്റെ കാര്യത്തിൽ ഇതരസംസ്ഥാനങ്ങളെ ഇപ്പോഴും ആശ്രയിക്കേണ്ട സാഹചര്യം ഗൗരവമായി പരിശോധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2018-ലും 2019-ലും ഉണ്ടായ മഹാപ്രളയം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭം കാരണമാണ് പാലുല്പാദനത്തിൽ പൂർണ്ണ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കാതെവന്നത്.

(ബി) സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ച കാരണം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ കുറവുണ്ടായിട്ടില്ലെങ്കിലും പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായ സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതായിവരുന്നുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏകദേശം 2.45 ലക്ഷത്തോളം ലിറ്റർ പാൽ മിൽമ കൊണ്ടുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങൾ കാരണമാണ് പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കന്നുകാലി പരിപാലന പദ്ധതികൾ**

150(803) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉല്പാദനത്തിൽ സംസ്ഥാനം നേരിടുന്ന കുറവ് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ കന്നുകാലി വളർത്തലിന് നൽകുന്ന പരിഗണനയും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർഷകരെ നേരിട്ട് സമീപിച്ച് കന്നുകാലി വളർത്തലിനു വേണ്ട ഉപദേശങ്ങളും അവശ്യാവശ്യമായ ചികിത്സയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങളുടെ ഭാഗമായിട്ടാണ് പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായിട്ടുള്ളത്. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണികളും മറ്റ് ജലസ്രോതസ്സുകളും നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതികൾക്ക് കൂടുതൽ പരിഗണന നൽകുന്നതാണ്. ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റ മിശ്രിതത്തിന്റെ അളവ് പരമാവധി കുറച്ചും തീറ്റപ്പുല്ലിന്റെയും പ്രാദേശികമായി ലഭ്യമാകുന്ന കാലിത്തീറ്റ വിളകളുടെയും പാരമ്പര്യേതര കാലിത്തീറ്റയുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്തിവരുന്നു. കർഷകർക്ക് നേരിട്ട് ലഭിക്കുന്ന വ്യക്തിഗത സഹായങ്ങളായ കറവ പശുക്കൾ, കിടാരികൾ, കറവയന്ത്രം എന്നിവ വാങ്ങുന്നതിനുള്ള സഹായം, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത പദ്ധതിയുടെ സഹായം, തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സഹായം, കാലിത്തീറ്റ സബ്സിഡി തുടങ്ങിയവ കർഷകർക്ക് പരമാവധി പ്രയോജനകരമാകുന്ന രീതിയിലാണ് നടപ്പാക്കുന്നത്.

(ബി) ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർ കർഷക ഭവന സന്ദർശനം നടത്തി ഉപദേശങ്ങൾ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന ചികിത്സാ സേവനവും നൽകിവരുന്നു.

**സംസ്ഥാനത്തെ ക്ഷീര ഉപഭോഗം**

151(804) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന ക്ഷീര ഉപഭോഗത്തിനാവശ്യമായ പാൽ സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നുണ്ടോ; പ്രതിദിനം ശരാശരി എത്ര ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നുണ്ട്; ഇവയുടെ ഗുണമേന്മ ഉറപ്പാക്കാൻ നിലവിൽ വകുപ്പിന് സംവിധാനങ്ങളുണ്ടോ;

(ബി) സംസ്ഥാനത്ത് ലഭ്യമാകുന്ന കവർ പാൽ നിയമപരമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നവയാണെന്ന് ഉറപ്പാക്കാൻ ഉപഭോക്താക്കളെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി അഗ്മാർക്ക്, ഹാൾമാർക്ക് മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന് അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ഉത്തരം**

(എ) സംസ്ഥാനത്തെ പ്രതിദിന ഉപഭോഗത്തിനാവശ്യമായ പാലിന്റെ ഏകദേശം 85 ശതമാനത്തിലധികം തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നുണ്ട്. പ്രതിദിനം ശരാശരി 2.45 ലക്ഷത്തോളം ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ഡെയറി ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ കവർപാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ലഭ്യമാകുന്ന കവർ പാൽ നിയപരമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നവയാണെന്ന് ഉറപ്പാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ഓഫ് ഇന്ത്യയുടെ (FSSAI) രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനുപുറമേ സഹകരണ മേഖലയിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനായി മിൽമയുടെ കീഴിലുള്ള ഡയറി പ്ലാന്റുകൾക്ക് ISO 22000 (ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം) സാക്ഷ്യപ്പെടുത്തൽ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ പാൽ ശീതീകരണവും സംസ്കരണവുമുള്ള പ്രാഥമിക ക്ഷീരസംഘങ്ങൾക്ക് ISO 22000 അംഗീകാരം ലഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ അടങ്ങിയിരിക്കുന്ന മൊത്തം ഖരപദാർത്ഥങ്ങളുടെ (fat & SNF) അടിസ്ഥാനത്തിലാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് പ്രധാനമായും വിതരണം ചെയ്യുന്ന ഡബിൾ ടോൺഡ്, ടോൺഡ്, സ്റ്റാൻഡഡൈസ്ഡ് മിൽക്ക് എന്നിവയാണ്.

| ക്രമ നമ്പർ | ഇന വിവരം | FAT % | SNF % | വില്പന വില ലിറ്ററിന് |
|---|---|---|---|---|
| 1 | ഡബിൾ ടോൺഡ് മിൽക്ക് | 1.5 | 9.0 | 44 |
| 2 | ടോൺഡ് മിൽക്ക് | 3 | 8.5 | 46 |
| 3 | സ്റ്റാൻഡഡൈസ്ഡ് മിൽക്ക് | 4.5 | 8.5 | 48 |

## സംസ്ഥാനത്തെ പാലുൽപ്പാദനവും സംഭരണവും വർദ്ധിപ്പിക്കാൻ നടപടി

152(805) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽകാലത്ത് പാൽ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞത് കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരത്തും മലബാറിലും മിൽമയിലെ പാൽക്ഷാമം പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തെ മറികടക്കാൻ സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും സംഭരണവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങൾ കാരണമാണ് പാലുൽപ്പാദനത്തിൽ നേരിയ കുറവുണ്ടായിട്ടുള്ളത്. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണികളും മറ്റ് ജലസ്രോതസ്സുകളും നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതികൾക്ക് കൂടുതൽ പരിഗണന നൽകുന്നതാണ്. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റ മിശ്രിതത്തിന്റെ അളവ് പരമാവധി കുറച്ചും തീറ്റപുല്ലിന്റെയും പ്രാദേശികമായി ലഭ്യമാകുന്ന കാലിത്തീറ്റ വിളകളുടെയും പാരമ്പര്യേതര കാലിത്തീറ്റയുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്തിവരുന്നു.

വേനൽക്കാലത്ത് പച്ചപ്പുല്ലിന്റെ അഭാവത്താൽ പശുക്കൾക്കുണ്ടാകുന്ന ജീവകങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് മിൽമയുടെ മേഖലാ യൂണിറ്റുകൾ ഫീഡ് സപ്ലിമെന്റുകൾ ലഭ്യമാക്കിവരുന്നു. കന്നുകാലി വികസന ബോർഡിന്റെ സഹായത്തോടെ ചോളത്തിന്റെയും പുല്ലിന്റെയും വിത്തുകൾ സൗജന്യമായി നൽകിവരുന്നു. കെട്ടുകളാക്കിയ വൈക്കോൽ, Total Mixed Ration (TMR), Maize, സൈലേജ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വേനൽക്കാലത്ത് പശുപരിപാലനത്തിന് സ്വീകരിക്കേണ്ട ശാസ്ത്രീയ വശങ്ങളെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിന് നിരന്തരം സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനങ്ങളും നടത്തിവരുന്നു.

(ബി) ഇപ്പോൾ മലബാർ മേഖലയിൽ പ്രതിദിന വിപണനത്തിന് ആവശ്യമായതിനേക്കാൾ 10000 ലിറ്റർ പാൽ പ്രാദേശികമായി സംഭരിക്കുന്നുണ്ട്. മലബാർ മേഖലയിൽ മിച്ചംവന്നിരുന്ന പാൽ മുമ്പ് എറണാകുളം, തിരുവനന്തപുരം മേഖലയിൽ വിപണനത്തിന് നൽകുകയാണ് ചെയ്തിരുന്നത്.

എന്നാൽ തിരുവനന്തപുരം മേഖലയിൽ പ്രതിദിനം 1.4 ലക്ഷം ലിറ്റർ പാലിന്റെ കുറവ് പ്രാദേശിക സംഭരണത്തിലുണ്ട്. ഈ കുറവ് നികത്തുന്നതിനായി തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരികയാണ് ചെയ്യുന്നത്.

സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

153(806) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ട് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ആവശ്യകതയുടെ എത്ര ശതമാനം പാലാണ് ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷീരഗ്രാമം പദ്ധതി ക്ഷീരോത്പാദന രംഗത്ത് വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദനത്തിന്റെ സ്വയംപര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിട്ട് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. കാലിത്തീറ്റ സബ്സിഡി
4. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
5. അവശ്യാധിഷ്ഠിത സഹായ പദ്ധതികൾ
6. ഹീഫർ പാർക്ക്
7. ക്ഷീരഗ്രാമം
8. ക്ഷീരകർഷകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ
9. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ
12. ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം, ക്ഷീരകർഷക ക്ഷേമനിധി അവാർഡുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ ആവശ്യകതയുടെ 85 ശതമാനത്തിലധികം പാൽ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

(സി) ക്ഷീരോൽപ്പാദനത്തിനും ക്ഷീരവൃത്തിക്കും അനുയോജ്യമായതും കൂടുതൽ പാലുൽപ്പാദന സാധ്യതയുള്ളതുമായ പഞ്ചായത്തുകളിലാണ് 2016-17 മുതൽ ക്ഷീരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2016-17 നേക്കാൾ 2019-20-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.84 ലക്ഷം ലിറ്ററിന്റെ വർദ്ധനവുണ്ടാക്കുന്നതിനും കുറഞ്ഞുവന്നിരുന്ന കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ക്ഷീരകർഷകരെ, പ്രത്യേകിച്ച് വനിതകളെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത

154 (807) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽ കടുത്തതോടെ സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ കുറവു വരികയും മിൽമ വഴിയുള്ള പാൽ വിതരണത്തിൽ കുറവുസംഭവിക്കുകയും ചെയ്തത് പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന താല്ക്കാലിക മാർഗങ്ങൾ എന്തെല്ലാമാണ്;

(ബി) ദീർഘകാലാടിസ്ഥാനത്തിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും മിതമായ വിലയ്ക്ക് ആവശ്യാനുസരണം കാലിത്തീറ്റ ലഭ്യമാക്കുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മിൽമയെ ആനന്ദ് മാതൃകയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ച കാരണം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ കുറവുണ്ടായിട്ടില്ലെങ്കിലും പാലുൽപ്പാദനത്തിൽ നേരിയ കുറവുണ്ടായ സാഹചര്യത്തിൽ തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം 2.45 ലക്ഷം ലിറ്റർ പാൽ കൂടുതലായി സംഭരിച്ച് കുറവ് താൽക്കാലികമായി പരിഹരിച്ചുവരുന്നു.

(ബി) ദീർഘകാലാടിസ്ഥാനത്തിൽ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

3. കാലിത്തീറ്റ സബ്സിഡി

4. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം

5. അവശ്യാധിഷ്ഠിത സഹായ പദ്ധതികൾ

6. ഹീഫർ പാർക്ക്

7. ക്ഷീരഗ്രാമം

8. ക്ഷീരകർഷകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ

9. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം

10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ.

ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള പെൻഷൻ, അവശതാ പെൻഷൻ, കുടുംബപെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം, ക്ഷീരകർഷക ക്ഷേമനിധി അവാർഡുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു.

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ കിടാരി ദത്തെടുക്കൽ പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, കാലിത്തീറ്റ സബ്സിഡി, കന്നുകാലികളെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നതിന് കടത്തുകൂലി, വികേന്ദ്രീകരണ മൃഗചികിത്സാ യൂണിറ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല ഇൻസെന്റീവ്, ലോൺ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി ലോൺ പലിശ സബ്സിഡി, ഫാമുകളുടെ യന്ത്രവൽക്കരണത്തിന് നൽകുന്ന ധനസഹായം, 50 ലിറ്ററിൽ കൂടുതൽ പാൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്, വൈക്കോൽ വിതരണത്തിനും പ്രത്യേക സംവിധാനങ്ങളും സബ്സിഡിയും നൽകുന്നുണ്ട്.

മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50 ശതമാനം ധനസഹായത്തോടെ കന്നുകുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ ഒന്നര വർഷക്കാലത്തേക്ക് നൽകിക്കൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ച് വരുന്നു. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നീ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന്, സംഘങ്ങൾക്ക് മിൽമയുടെ ഫണ്ട് ഉപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുപരിപാലനത്തിന് കറവമാടുകൾ,

തൊഴുത്ത്, കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവ സൗജന്യമായി നൽകിവരുന്നു. ഫാം സപ്പോർട്ട് സബ്സിഡി വഴി മലബാർ യൂണിയൻ കൂടുതൽ പശുക്കളുള്ള ആധുനിക ഡയറി ഫാമുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. വിവിധ പദ്ധതികൾവഴി വർദ്ധിച്ചുവരുന്ന പാൽ ശീതികരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചുവരുന്നു. അധികമായി വരുന്ന പാൽ സംസ്കരിക്കുന്നതിനും പുതിയ മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 5 ഏക്കർ സ്ഥലത്ത് വ്യാവസായിക പുൽകൃഷി നടത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകിവരുന്നു. ക്ഷീരകർഷകർക്ക് ആവശ്യമായ പച്ചപ്പുല്ലിനുപുറമെ ചോള സൈലേജ്, വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾവഴി കർഷകർക്ക് സബ്സിഡി നിരക്കിൽ എത്തിച്ചുനൽകുന്നു. കന്നുകാലികൾക്കാവശ്യമായ ഗുണമേന്മയുള്ള വിവിധതരം പിണ്ണാക്കുകൾ, ചോളപ്പൊടി, തവിടുകൾ ഇവയെല്ലാം ക്ഷീര സംഘങ്ങൾവഴി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘങ്ങളിലെ കർഷകരിൽനിന്നും മിൽമയുടെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ്.വഴി പഴം, പച്ചക്കറി, മുട്ട എന്നിവ സംഭരിച്ച് വിപണിയിലെത്തിക്കുന്നു. ഫീഡ് സപ്ലിമെന്റുകളായ വിവിധയിനം ധാതുലവണ മിശ്രിതങ്ങൾ, മീനെണ്ണ എന്നിവ ക്ഷീര സംഘങ്ങൾക്ക് വിതരണം ചെയ്യുന്നു. കുത്തിവയ്പ്പിനാവശ്യമായ കൃത്രിമ ബീജദാന സെന്ററുകൾ സംഘങ്ങൾവഴി നടത്തുകയും കർഷകരുടെ വീട്ടിലെത്തി കുത്തിവയ്പ്പ് സൗകര്യങ്ങൾ നൽകി വരികയും ബീജമാത്രുകളുടെ വില കർഷകർക്ക് തിരികെ നൽകുകയും ചെയ്യുന്നു.

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പുവരുത്തി പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനായി 20 സെന്റിൽ കൂടുതൽ തീറ്റപ്പുൽക്യഷി ചെയ്യുന്ന കർഷകർക്ക് പുൽക്കടകളുടെ വിലയുൾപ്പെടെ ഹെക്ടറിന് 21,500 രൂപ ധനസഹായം നൽകുന്നു. കൂടാതെ പുൽകൃഷി ചെയ്യുന്നതിന് താൽപ്പര്യമുള്ള കർഷകർക്കും സൗജന്യമായി പുൽക്കടകൾ ലഭ്യമാക്കുന്നുണ്ട്.

ക്ഷീരസംഘങ്ങൾ മുഖേനയോ, മറ്റ് സ്വാശ്രയ ഗ്രൂപ്പുകൾ മുഖേനയോ, സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെയോ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് സബ്സിഡി നിരക്കിൽ തീറ്റപ്പുല്ലും വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. 2019-20-ൽ 70 ഹെക്ടർ തരിശ് സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തിയിട്ടുണ്ട്.

കാലിത്തീറ്റ വൃക്ഷവിളകൾ കൃഷി ചെയ്യുന്നതിനും അസോളകൃഷി ചെയ്യുന്നതിനുമാവശ്യമായ സഹായവും കർഷകർക്ക് നൽകുന്നുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയൻ കന്നുകാലി വികസന ബോർഡിന്റെ സഹായത്തോടെ ചോളം, പുല്ല് എന്നിവയുടെ വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ പുൽവിത്തുകൾ നൽകിവരുന്നു. കെട്ടുകളാക്കിയ വൈക്കോൽ, Total Mixed Ration (TMR), Maize, സൈലേജ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണനിലവാരമുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് കാലിത്തീറ്റ ഫാക്ടറിയിൽ നിന്നും ലഭ്യമാക്കിവരുന്നു. എറണാകുളം മേഖല യൂണിയൻ കുറഞ്ഞ നിരക്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൈക്കോൽ സംഭരിച്ച് സംഘങ്ങൾ മുഖേന വിതരണം നടത്തുന്നുണ്ട്.

മലബാർ മേഖല യൂണിയൻ കാലിത്തീറ്റ വിലവർദ്ധനവ് മൂലം കർഷകർക്കുണ്ടാകുന്ന പാലുല്പാദന ചെലവിലെ വർദ്ധനവിന് പരിഹാരമായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ് എന്നിവ വലിയ സബ്സിഡിയോടെ കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ച് നൽകുന്നുണ്ട്.

(ഡി) മിൽമ ആനന്ദ് മാതൃകയിലാണ് പ്രവർത്തിക്കുന്നത്.

**പാലിന്റെ ഗുണനിലവാര പരിശോധന**

155(808) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കമ്പനികളാണ് കവർപാൽ വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ കമ്പനികളും വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർ പാൽ കമ്പനികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആര്യങ്കാവ് (കൊല്ലം), മീനാക്ഷിപുരം (പാലക്കാട്) അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന സംവിധാനം സജ്ജമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ജില്ലാ ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്.

## പാലിന്റെ ഉൽപ്പാദനവും ഇതരസംസ്ഥാന പാലിന്റെ ഗുണനിലവാര പരിശോധനയും

156(809) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ദിനംപ്രതി സംസ്ഥാന ജനതയ്ക്ക് ആവശ്യമായി വരുന്ന പാലിന്റെ അളവ് എത്രയാണെന്ന് അറിയിക്കാമോ;

(ബി) പാലിന്റെ ഉല്പാദനം ദിനംപ്രതി എത്രയെന്നും മറ്റ് സംസ്ഥാനങ്ങൾ ഉൾപ്പെടെ ഏതെല്ലാം സ്രോതസ്സുകൾ വഴി എത്ര പാൽ സംസ്ഥാനത്തെത്തിക്കുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) ഇത്തരത്തിലെത്തിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2019 ജനുവരി മുതൽ 2019 ഡിസംബർ വരെ ഇത്തരത്തിൽ ഗുണനിലവാര പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എത്ര പേർക്കെതിരെ ഏതൊക്കെ വിധത്തിലുള്ള നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ പാൽവിലയും മറ്റു സംസ്ഥാനങ്ങളിലെ പാൽവിലയും എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ആവശ്യമാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽസംഭരണം പ്രതിദിനം 19.11 ലക്ഷം ലിറ്ററാണ്. എന്നാൽ സംസ്ഥാനത്തെ മൊത്തം പാൽ സംഭരണം ഏകദേശം പ്രതിദിനം 81 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ഏകദേശം 2.45 ലക്ഷത്തോളം ലിറ്റർ പാലും കൊണ്ടുവരുന്നുണ്ട്.

നിലവിൽ സംസ്ഥാനത്തിന് ആവശ്യമുള്ള പാലിന്റെ 85 ശതമാനത്തിലധികം ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. കൂടുതലായി ആവശ്യമുള്ളത് പ്രധാനമായും തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നാണ് കൊണ്ടുവരുന്നത്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്.

കൂടാതെ തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബും കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ റീജിയണൽ ഡയറി ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ കവർ പാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

മിൽമ സ്വീകരിക്കുന്ന പാൽ പരിശോധിക്കാൻ മിൽമ പ്ലാന്റുകളിലെല്ലാം തന്നെ ഗുണനിലവാര പരിശോധനയ്ക്കായിട്ടുള്ള സുസജ്ജമായ ലബോറട്ടറികളുണ്ട്. മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL അക്രഡിറ്റേഷനോടുകൂടിയ ലാബുകൾവഴി മിൽമയുടെ ഡെയറികൾ ഹെവിമെറ്റൽഡ് ആന്റിബയോട്ടിക്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും മിൽമ പാലിന്റെ ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധന നടത്തിവരുന്നു. കൂടാതെ ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെയും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബ് ഉപയോഗിച്ചും ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തുന്ന പക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ക്ഷീരവികസന വകുപ്പിന് അധികാരമില്ലാത്തതിനാൽ ഗുണനിലവാര പരിശോധനയിൽ കുറ്റകരമെന്ന് കണ്ടെത്തുന്ന പാലിന്റെ വിവരം ഭക്ഷ്യ സുരക്ഷാവകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ 2019 ജനുവരി മുതൽ ഡിസംബർ വരെ 347 പാൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുകയും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ 3 ബ്രാന്റുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. കൂടാതെ ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിൽ ഉപയോഗ കാലാവധി രേഖപ്പെടുത്താത്ത 90 കവർ പാൽ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ അടങ്ങിയിരിക്കുന്ന മൊത്തം ഖരപദാർത്ഥങ്ങളുടെ (fat & SNF) അടിസ്ഥാനത്തിലാണ് വില നിശ്ചയിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് പ്രധാനമായും വിതരണം ചെയ്യുന്ന ഡബിൾ ടോൺഡ്, ടോൺഡ്, സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക് എന്നിവയാണ്.

| ക്രമ നമ്പർ | ഇന വിവരം | FAT % | SNF % | വിൽപ്പന വില ലിറ്ററിന് |
|---|---|---|---|---|
| 1 | ഡബിൾ ടോൺഡ് മിൽക്ക് | 1.5 | 9.0 | 44 |
| 2 | ടോൺഡ് മിൽക്ക് | 3 | 8.5 | 46 |
| 3 | സ്റ്റാൻഡേർഡൈസ്ഡ് മിൽക്ക് | 4.5 | 8.5 | 48 |

3.5 ശതമാനം ഫാറ്റും 8.5 ശതമാനം എസ്.എൻ.എഫ്. അടങ്ങിയ പാലിന് സംഘങ്ങളിൽനിന്നും സംഭരിക്കുന്ന വില ലിറ്ററൊന്നിന് 38.23 പൈസയാണ്.

അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്ടിൽനിന്നും പ്രോസസ്സ് ചെയ്യാത്ത തണുപ്പിച്ച പാൽ കിലോയ്ക്ക് 42 രൂപയും കർണാടകയിൽനിന്ന് പ്രോസസ്സ് ചെയ്യാത്ത തണുപ്പിച്ച പാൽ കിലോയ്ക്ക് 36 രൂപയുമാണ് മിൽമ വാങ്ങുന്നത്.

**പാൽക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ**

157(810) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനമായ വേനൽമൂലം സംസ്ഥാനത്ത് പാലുൽപ്പാദനം കുറയുന്നതും, രൂക്ഷമായ പാൽക്ഷാമം നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ മിൽമ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മിൽമയുടെ മലബാർ മേഖല യൂണിയൻ കാലിത്തീറ്റ വില വർദ്ധനവുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന പാലുൽപ്പാദന ചെലവിലെ വർദ്ധനവിന് പരിഹാരമായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ് എന്നിവ വലിയ സബ്സിഡിയോടെ കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ച് കൊടുക്കുന്നുണ്ട്. നടപ്പു സാമ്പത്തികവർഷം 2300 മെട്രിക് ടൺ ചോളം, സൈലേജും 3200 മെട്രിക് ടൺ പച്ചപ്പുല്ലും 600 മെട്രിക് ടൺ ചോളപ്പുല്ലും ഇത്തരത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വൈക്കോൽ, ചോളപ്പൊടി, പിണ്ണാക്കുകൾ തുടങ്ങി മറ്റ് ഖരാഹാര തീറ്റകളും മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നുണ്ട്.

എറണാകുളം മേഖലാ യൂണിയൻ 2019 ഡിസംബർ 1 മുതൽ 2020 ജനവരി വരെ സംഘങ്ങൾ മേഖല യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 1 രൂപ 50 പൈസ നിരക്കിൽ ഇൻസെന്റീവ് നൽകി. കിലോയ്ക്ക് 2 രൂപ സബ്സിഡി നിരക്കിൽ വൈക്കോൽ വിതരണം നടത്തിവരുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ കർണാടകയിൽനിന്ന് 60000 ലിറ്റർ പാലും തമിഴ്നാട്ടിൽനിന്നും 110000 ലിറ്റർ പാലും ദിനംപ്രതി എത്തിച്ച് വിതരണം ചെയ്യുന്നു. കൂടാതെ മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽനിന്നും 82 മെട്രിക് ടൺ പാൽപ്പൊടിയും സംഭരിക്കുന്നു.

**ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ**

158(811) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് പാൽക്ഷാമമുണ്ടോ; എങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് മുൻകാലങ്ങളിൽ പാൽക്ഷാമമുണ്ടായത് ഏതെല്ലാം വർഷങ്ങളിലാണെന്നും അതിന് ആധാരമായ വിഷയങ്ങൾ എന്തെല്ലാമെന്നും ക്ഷീരവകുപ്പ് പരിശോധിച്ചുവോ; എങ്കിൽ അവ എന്തെല്ലാമാണ് എന്നറിയിക്കാമോ; ആയതിൽ ഏതെല്ലാം വിഷയങ്ങളാണ് സംസ്ഥാനത്ത് നിലവിലെ പാൽ ക്ഷാമത്തിന് കാരണമായത് എന്ന് വ്യക്തമാക്കുമോ;

(സി) കാലിത്തീറ്റ, പിണ്ണാക്ക്, തവിട്, പുല്ലുകൾ, വൈക്കോൽ തുടങ്ങിയവയുടെ ലഭ്യതക്കുറവും വിലക്കയറ്റവും ക്ഷീരകർഷകരെ ബാധിക്കുന്ന പ്രധാന വിഷയമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്താകമാനമുള്ള ക്ഷീരകർഷകരുടെ എണ്ണം എത്ര; ഇവരെ സഹായിക്കുവാനും ക്ഷീരകർഷക മേഖലയുടെ വികസനത്തിനും കൂടുതൽ കർഷകരെ പ്രസ്തുത മേഖലകളിലെത്തിക്കാനും അതുവഴി സംസ്ഥാനത്തെ പാൽക്ഷാമം പരിഹരിക്കുവാനുമായി എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ പാൽക്ഷാമമില്ല. കടുത്ത വേനൽ അനുഭവപ്പെട്ടതോടെ പാലുൽപ്പാദനത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് മുൻകാലങ്ങളിൽ വളരെ രൂക്ഷമായ പാൽക്ഷാമമുണ്ടായിട്ടില്ല. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി പ്രത്യേകിച്ച് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വെള്ളത്തിന്റെയും പച്ചപ്പുല്ലിന്റെയും കുറവ് കാരണം പാൽ സംഭരണത്തിൽ കുറവ് സംഭവിക്കാറുണ്ട്. എന്നാൽ ഇത് സംസ്ഥാനത്ത് പാൽ വിതരണത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല.

(സി) കാലിത്തീറ്റ, പിണ്ണാക്ക്, തവിട്, പുല്ലുകൾ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ് ക്ഷീരകർഷകരെ ബാധിക്കുന്ന പ്രധാന വിഷയമാണ്. കാലിത്തീറ്റയുടെ അളവ് കുറച്ച് പച്ചപ്പുല്ലിന്റെയും മറ്റ് പ്രാദേശികമായി ലഭിക്കുന്ന തീറ്റവിളകളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. വൈക്കോൽ, പിണ്ണാക്ക് തുടങ്ങിയവ ക്ഷീരസംഘങ്ങൾവഴി കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ഏകദേശം 4 ലക്ഷം കർഷകരാണുള്ളത്. ക്ഷീരസംഘങ്ങൾ വഴിയല്ലാതെ നേരിട്ട് വിപണനം നടത്തുന്നവർ ഉൾപ്പെടെ ആകെ ഏകദേശം 8 ലക്ഷം ക്ഷീരകർഷകരാണുള്ളതെന്ന് കണക്കാക്കപ്പെടുന്നു.

ക്ഷീരകർഷകരെ സഹായിക്കുന്നതിനും കൂടുതൽപേരെ ഈ മേഖലയിലേക്ക് കൊണ്ടുവന്ന് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ്

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ക്ഷീരകർഷകർക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

159(812) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങളും അതുവഴി പാൽ ഉൽപ്പാദനത്തിൽ എത്രമാത്രം വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ;

(ബി) ക്ഷീരകർഷകർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ക്ഷീരവികസന വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ഇതിന്റെ ഭാഗമായി 2016-17, 2017-18 വർഷങ്ങളിൽ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ഡയറി സോൺ പദ്ധതിയും 2016-17 മുതൽ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കിവരുന്നു.
2. ഹീഫർ പാർക്ക്
3. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
4. ഡെയറി ഫാമുകളുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനുമുള്ള പദ്ധതികൾ
5. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതികൾ
6. ക്ഷീരകർഷകർക്കുള്ള കടാശ്വാസ പദ്ധതികൾ
7. കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ
8. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
9. കാലിത്തീറ്റ സബ്സിഡി
10. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ

12. ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ

ഈ പദ്ധതികളിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ശരാശരി 2.84 ലക്ഷം ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉൽപ്പാദനം ആവശ്യകതയുടെ ഏകദേശം 85 ശതമാനത്തിലധികമായി ഉയർന്നിട്ടുണ്ട്.

(ബി) 18 മുതൽ 80 വയസ്സുവരെയുള്ള ക്ഷീരകർഷക കുടുംബത്തിന് പരിരക്ഷ ഉറപ്പുവരുത്തക്കരീതിയിലാണ് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

കർഷകർ, ജീവിതപങ്കാളി, മാതാപിതാക്കൾ, മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്ന 25 വയസ്സുവരെയുള്ള വിവാഹം കഴിക്കാത്തവരോ, ജോലി ലഭിക്കാത്തവരോ ആയ 2 കുട്ടികൾ എന്നിവരെ ഈ പദ്ധതിയിൻകീഴിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്.

നിലവിലുള്ള അസുഖങ്ങളുടെ ചികിത്സാ ചെലവും ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ആകെ പ്രീമിയം തുകയിൽ സർക്കാർ വിഹിതം, മേഖലാ ക്ഷീരോൽപ്പാദക യൂണിയൻ വിഹിതം, ക്ഷീരകർഷക ക്ഷേമനിധി വിഹിതം, എന്നിവ ഒഴികെയുള്ള പ്രീമിയം തുകയാണ് കർഷകർ അടയ്ക്കേണ്ടത്. കർഷകന് മാത്രമായോ, കർഷകനും ജീവിത പങ്കാളിക്കുമായോ, കർഷകനും ജീവിതപങ്കാളിക്കും മാതാപിതാക്കൾക്കും 2 കുട്ടികൾക്കും ഉൾപ്പെടെയോ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. കൂടാതെ ഉരുക്കളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യാവുന്നതാണ്.

**ക്ഷീരകർഷക പെൻഷൻ**

160(813) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷീരകർഷകർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഒരു കർഷകന് എത്ര രൂപയാണ് പെൻഷൻ നൽകുന്നതെന്നും സർക്കാർ പ്രഖ്യാപിച്ചതുപോലെ രണ്ടായിരം രൂപാ വീതം പെൻഷൻ നൽകി തുടങ്ങിയോ എന്നും വെളിപ്പെടുത്തുമോ;

(സി) പെൻഷൻ നൽകാൻ ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നുമാണോ പണം നൽകുന്നതെന്നും ഇതിന് പുറമെ സംസ്ഥാന സർക്കാരിൽ നിന്നും പെൻഷനു വേണ്ടി തുക അനുവദിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ഡി) പെൻഷന് അർഹത നേടാനുള്ള യോഗ്യത എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിലവിൽ 83,736 പേരുടെ പെൻഷൻ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 71,169 പേർ ജീവിച്ചിരിപ്പുണ്ട്. ആയതിൽ ഗവൺമെന്റ് അംഗീകാരം ലഭ്യമായിട്ടുള്ള 62,122 പേരിൽ പലവിധ കാരണങ്ങളാൽ തടസ്സങ്ങൾ നേരിട്ടിട്ടുള്ള 3870 പേർ ഒഴികെ ബാക്കിയുള്ള 58,252 പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) ക്ഷീരകർഷകന് പ്രതിമാസം 1,200 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നു. ഇതുവരെ 2,000 രൂപാവീതം പെൻഷൻ നൽകി തുടങ്ങിയിട്ടില്ല.

(സി) ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും പെൻഷൻ ഇനത്തിൽ നൽകിവരുന്ന 1,200 രൂപയിൽ സംസ്ഥാന സർക്കാർ വിഹിതം 900 രൂപയും ക്ഷേമനിധി വിഹിതം 300 രൂപയുമാണ്.

(ഡി) ക്ഷേമനിധിയിൽ അംഗമായശേഷം 5 വർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

**വർക്കല നിയോജക മണ്ഡലത്തിലെ പാലുൽപ്പാദനവും പാലിന്റെ ആവശ്യകതയും**

161(814) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ മുനിസിപ്പാലിറ്റിയിലും ഗ്രാമപഞ്ചായത്തുകളിലും പാലിന്റെ ആവശ്യകത സംബന്ധിച്ചും പാലുല്പാദനം സംബന്ധിച്ചുമുള്ള സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തയ്യാറാക്കിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | ശരാശരി പ്രതിദിന പാലുൽപ്പാദനം ലിറ്ററിൽ | ശരാശരി പ്രതിദിന ആവശ്യകത ലിറ്ററിൽ |
|---|---|---|---|
| 1 | ഇലകമൺ | 6800 | 5400 |
| 2 | ഇടവ | 3500 | 6500 |
| 3 | ചെമ്മരുതി | 8730 | 8125 |
| 4 | വെട്ടൂർ | 2070 | 9225 |
| 5 | വർക്കല മുനിസിപ്പാലിറ്റി | 4100 | 5450 |
| 6 | മടവൂർ | 6080 | 5214 |
| 7 | നാവായിക്കുളം | 10650 | 6637 |
| 8 | പള്ളിയ്ക്കൽ | 11355 | 3677 |
| ആകെ | | 53,285 | 50,228 |

**മൃഗശാലകളുടെ നവീകരണം**

162(815) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മൃഗശാലകളിലേയ്ക്ക് പുതിയതായി വന്യമൃഗങ്ങളെ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളിൽ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ജലപക്ഷികൾക്കുമാത്രമായി തിരുവനന്തപുരം മൃഗശാലയിൽ വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
2. കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനായി വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
3. തിരുവനന്തപുരം മൃഗശാലയിലെ അക്വേറിയം നവീകരിച്ചു.

4. സ്ത്രീ സന്ദർശകർക്കായി സ്ത്രീ സൗഹാർദ്ദപരവും വിശ്രമമുറിയും ചേർന്ന ടോയ്‌ലെറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

5. മൃഗശാല സ്റ്റോറിനും ഓഫീസിനുമായി കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

6. വിദേശപക്ഷികളെ പാർപ്പിക്കുന്നതിനായി കൂടുകളുടെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

7. സന്ദർശകർക്ക് വന്യമൃഗങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനായി വ്യാഖ്യാന കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

8. ചിത്രശലഭ പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

9. നീർനായകളെ പാർപ്പിക്കുന്നതിനായിട്ടുള്ള പരിബന്ധനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

10. ജിറാഫ്, സീബ്ര, കടുവകൾ, കുരങ്ങുകൾ, കൃഷ്ണമൃഗം, പന്നിമാൻ, സിംഹം, ഒട്ടകപ്പക്ഷികൾ എന്നിവയെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണ, പ്രവേശന കവാട കോംപ്ലക്സിന്റെയും മതിലിന്റെയും നവീകരണ ജോലികൾ എന്നിവ പുരോഗമിച്ചുവരുന്നു.

11. മൃഗശാലയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ.

12. കരപ്പക്ഷികൾക്ക് മാത്രമായിട്ടുള്ള വിശാലമായ പരിബന്ധനം, ക്വാറന്റൈൻ, സ്റ്റേഷന്റെ നിർമ്മാണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

13. തൃശ്ശൂർ മൃഗശാലയിൽ അക്വേറിയത്തിന്റെ നിർമ്മാണം, പന്നിമാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണം എന്നീ ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരിഗ്നാർ അണ്ണാ സുവോളജിക്കൽ പാർക്കിൽനിന്നും 2 ജോഡി വെള്ള മയിലുകൾ, ഒരു ജോഡി ഒട്ടകപ്പക്ഷി, അഞ്ച് ജോഡി വർണ്ണക്കൊക്കുകൾ, രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, നാഗാലാന്റ് മൃഗശാലയിൽനിന്നും ഒരു ജോഡി ഹിമാലയൻ കരടികൾ, കാൺപൂർ മൃഗശാലയിൽനിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പീലിക്കുള ബയോളജിക്കൽ പാർക്കിൽനിന്നും 2:1 അനുപാതത്തിൽ രാജവെമ്പാലകൾ, 2:2 അനുപാതത്തിൽ ആൺ-പെൺ ഇനത്തിൽപ്പെട്ട

ബാർക്കിംഗ് ഡിയറുകൾ, 2:2 അനുപാതത്തിൽ ആൺ-പെൺ ഇനത്തിൽപ്പെട്ട മണ്ണൂലിപ്പാമ്പുകൾ, നെഹ്റു സുവോളജിക്കൽ പാർക്കിൽനിന്നും 2:2 അനുപാതത്തിൽ ആൺ-പെൺ ഇനത്തിൽപ്പെട്ട ഗ്രീൻ ഇഗ്വാനകൾ, 1:1 അനുപാതത്തിൽ സ്ലോത്ത് ബിയറുകൾ എന്നിവയെ കൊണ്ടുവരുന്നതിനുവേണ്ടി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കി. മൃഗങ്ങളെ കൊണ്ടുവരുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**പുഴകളെ വീണ്ടെടുക്കുന്നതിനായി നടപടി**

163(816) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുഴകളെ വീണ്ടെടുക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പൊതുജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്തിന്റെ ജലസമൃദ്ധി പഴയപ്രതാപത്തിലേക്ക് എത്തിക്കുന്നതിന് ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പാരിസ്ഥിതിക പ്രാധാന്യം ഏറെയുള്ള ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിൽ പരിസ്ഥിതി നിലനിർത്തുന്നതിൽ പ്രധാനപ്പെട്ട ഘടകങ്ങളാണ് ഇവിടെ ലഭിക്കുന്ന മഴയും നദികളും കായലുകളും കുളങ്ങളും തോടുകളും ചേർന്ന ഉപരിതല ജലവിഭവ മേഖല. എന്നാൽ ഭൂവിനിയോഗത്തിൽ വന്ന മാറ്റം, നഗരവൽക്കരണം തുടങ്ങിയ കാരണങ്ങളാൽ ജലസ്രോതസ്സുകൾ പലതും ഉപയോഗയോഗ്യമല്ലാതായി തീരുകയാണുണ്ടായത്. എന്നാൽ ഹരിത കേരള മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നായ ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ വികസന വകുപ്പുകൾ/ഏജൻസികൾ എന്നിവയ്ക്കുപുറമേ വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സഹകരണത്തോടെ കേരളത്തിലൊട്ടാകെ വിവിധ നദികളുടെ/തോടുകളുടെ പുനരുദ്ധാരണം-മാലിന്യം നീക്കം ചെയ്യൽ-പുനഃസ്ഥാപനം എന്നീ പ്രവൃത്തികൾ നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്.

വരട്ടാർ, മീനച്ചിൽ-മീനന്തറ-കൊടൂരാർ, കുട്ടമ്പേരൂർ ആർ, കോലറയാർ, വള്ളിക്കലാർ, കാനാമ്പുഴ, കിള്ളിയാർ തുടങ്ങിയവയാണ് പ്രധാനപ്പെട്ട പദ്ധതികൾ.

ജലസംരക്ഷണം കാര്യക്ഷമവും സ്ഥായിയുമാകണമെങ്കിൽ സംയോജിത നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി റിഡ്ജ് ടു വാലി സമീപനത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കണം. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാന്റുകൾ തയ്യാറാക്കുകയും ഇതിനകം 914 ഗ്രാമപഞ്ചായത്തുതല പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പറയുന്ന പരമ്പരാഗത ജലസ്രോതസ്സുകൾ ശുചിയാക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. അതോടൊപ്പം തോടുകളുടെ ശുചീകരണം, ഭൂജലപോഷണം എന്നിവ സാധ്യമാക്കുന്ന പ്രവൃത്തികൾ ലക്ഷ്യം വച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**പി.എം.കെ.എസ്.വൈ. പദ്ധതി**

164(817) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പി.എം.കെ.എസ്.വൈ. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്കായി പ്രതിവർഷം സംസ്ഥാനത്തിന് അനുവദിച്ച തുകയും ഓരോ വർഷവും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച ഫണ്ട് ചെലവഴിക്കുന്നതിൽ സംസ്ഥാനം വളരെ പിന്നിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2 കാര്യാലയത്തിനുകീഴിൽ മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ PMKSY-CADWM പദ്ധതി നടപ്പിലാക്കുന്നുണ്ട്. CADWM പദ്ധതിയിൽ നാളിതുവരെ 99 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. 2020 ജനുവരി വരെ സംസ്ഥാന വിഹിതം ഉൾപ്പെടെ ആകെ 11.04 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ CADWM-ന് തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ ഈ കാലയളവിൽ കേന്ദ്ര വിഹിതം ലഭിച്ചിരുന്നില്ല.

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചെയ്യുന്ന FMP (Food Management Programme) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് 2018-19, 2019-20 വർഷങ്ങളിൽ 4711-01-103-86-PMKSY-Kuttanad Flood Management Component

50 ശതമാനം CSS എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത FMP പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ ഫണ്ട് വകയിരുത്തുകയും ആയതിൽനിന്നും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂജലവികസനം 60 ശതമാനത്തിൽതാഴെ മാത്രം എത്തിനിൽക്കുന്ന സുരക്ഷിത വിഭാഗത്തിൽ ഉൾപ്പെടെ 106 ബ്ലോക്കുകളിലെ ചെറുകിട നാമമാത്ര കർഷകർക്ക് PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജലാധിഷ്ഠിത ജലസേചന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2 കാര്യാലയത്തിനുകീഴിൽ PMKSY-CADWM പദ്ധതിക്ക് ലഭിച്ച കേന്ദ്ര ഫണ്ട് പൂർണ്ണമായും പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2018 മാർച്ചിൽ കേന്ദ്രവിഹിതമായി 19.92 കോടി രൂപ ലഭിച്ചിട്ടുണ്ട്.

മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിൽ PMKSY പദ്ധതിയിലെ മാനദണ്ഡങ്ങൾ ലഘൂകരിച്ചിട്ടുള്ളതുമൂലം ടി ജില്ലകളിൽനിന്നുള്ള പ്രവൃത്തികൾ PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2 കാര്യാലയത്തിനുകീഴിൽ 2019-20-ൽ 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിലേക്ക് 2.702 ഹെക്ടർ സ്ഥലത്ത് ജലലഭ്യതക്കായി 9.71 കോടി രൂപയുടെ CADA പ്രവൃത്തികൾക്കായുള്ള പ്രൊപ്പോസൽ CWC-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന ബഡ്ജറ്റിൽനിന്നും ചെലവഴിച്ചതിന് ആനുപാതികമായ തുക കേന്ദ്രവിഹിതം റീ ഇംപേഴ്സ്മെന്റായിട്ടാണ് ലഭ്യമാകുന്നത്. ആയത് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ കേന്ദ്ര മന്ത്രാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ നടപ്പിലാക്കുന്നത് FMP സ്കീമാണ്.

**നദികളെ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

165(818) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും മറ്റ് ജലസ്രോതസ്സുകളും രൂക്ഷമായ മലിനീകരണത്തിന് വിധേയമായിട്ടുള്ളതായ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ഏജൻസികളാണ് ഇക്കാര്യത്തിൽ പഠനം നടത്തിയത്; അവയുടെ കണ്ടെത്തൽ പ്രകാരം സംസ്ഥാനത്ത് കൂടുതൽ മാലിന്യവാഹിനികളായ നദികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത നദികളെ മാലിന്യമുക്തമാക്കുന്നതിന് ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) നദികൾ മലിനീകരിക്കുന്നവർക്കെതിരെ 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി നിയമപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ സാധിച്ചതെന്ന് അറിയിക്കാമോ;

(ഇ) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 20-9-2018-ലെ ഉത്തരവ് പ്രകാരം റിവർ റിജുവനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളും കായലുകളും മറ്റ് ജലസ്രോതസ്സുകളും വിവിധതരത്തിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

1. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ കോഴിക്കോട് ആസ്ഥാനമായുള്ള ജലവിഭവ വികസന വിനിയോഗകേന്ദ്രം കേരളത്തിലെ 44 നദികളുടെ ജലഗുണനിലവാര പരിശോധനാ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കേന്ദ്ര ജലവിഭവ കമ്മീഷൻ (CWC) ഇന്ത്യയിലെ വിവിധ നദികളിലായി പ്രത്യേക നിരീക്ഷണ കേന്ദ്രങ്ങൾ മുഖേന ജലത്തിലെ ലോഹ സാന്നിദ്ധ്യത്തെക്കുറിച്ച് പഠിച്ച് Status of Trace and Toxic Metals in Indian Rivers (2014) എന്ന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് ഇന്ത്യയിലെ 351 നദികളുടെ ഭാഗങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ട്. (ബയോളജിക്കൽ ഓക്സിജൻ ഡിമാന്റിന് പ്രാധാന്യം നൽകിക്കൊണ്ടാണ് പഠനം നടത്തിയത്.)

4. ദേശീയ ജലഗുണനിലവാര പരിശോധന പദ്ധതിയുടെ ഭാഗമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേരളത്തിലെ വിവിധ ജലസ്രോതസ്സുകളിലായി 128 മോണിറ്ററിംഗ് സ്റ്റേഷനുകളിൽ ജലഗുണ

നിലവാര പരിശോധന നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. (42 നദികളിലായി 65 കേന്ദ്രങ്ങൾ, നദിയുടെ കൈവഴികളിൽ-7, ഡാമുകളിൽ-6, ശുദ്ധജലതാടകങ്ങൾ-3, അഴികൾ-8, കനാൽ-3, കുളം-2, ഭൂജലം-34 എന്നീ എണ്ണം കേന്ദ്രങ്ങളിലാണ് ദേശീയ ജലഗുണനിലവാര പദ്ധതി (NWMP) പ്രകാരം പരിശോധന നടത്തുന്നത്.) കൂടാതെ സംസ്ഥാന ജലഗുണനിലവാര പദ്ധതി (SWMP)യുടെ ഭാഗമായി 23 നദികളിൽ 129 കേന്ദ്രവും 4 കായലുകളിലായി 23 കേന്ദ്രവും പരിശോധനാ വിധേയമാക്കുന്നു.

മേൽപ്പറഞ്ഞിട്ടുള്ള 2014-ലെ CWC റിപ്പോർട്ട് പ്രകാരം പ്രധാനമായും കോപ്പർ, ഇരുമ്പ് എന്നീ ലോഹ സാന്നിദ്ധ്യം കേരളത്തിലെ 7 നദികളിൽ കാണപ്പെടുന്നു. എന്നാൽ നദികളിലെ ജലലഭ്യതയിൽ വരുന്ന മാറ്റം, നദികളിലേക്ക് എത്തിച്ചേരുന്ന/ഒഴുക്കിവിടുന്ന ജലത്തിൽ വരുന്ന മാറ്റം ഗുണനിലവാരത്തെ ബാധിക്കാവുന്നതാണ്. ആയതിനാൽ 2014-ലെ റിസൾട്ടിൽ വ്യതിയാനം ഉണ്ടാകാനിടയുണ്ട്.

(സി) കേരളത്തിലെ ചെറുതും വലുതുമായ നദികളെയും മറ്റ് ജലസ്രോതസ്സുകളെയും ശുചിയാക്കുന്നതിന് ഹരിതകേരളം മിഷന്റെ ജലസമൃദ്ധി പദ്ധതി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ നടത്തിയ നദീശുചീകരണ പ്രവർത്തനങ്ങൾ ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുണ്ട്.

(ഡി) 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി വരുത്തിയാണ് ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്ക് എതിരെയുള്ള ശിക്ഷയും പിഴയും വർദ്ധിപ്പിച്ചത്. ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി 3 വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത നിയമ ഭേദഗതിക്കുശേഷം ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യ നിക്ഷേപം ശ്രദ്ധയിൽവരികയാണെങ്കിൽ പോലീസ് സ്റ്റേഷനിൽ കേസ് നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 20-9-2019-ലെ ഉത്തരവനുസരിച്ച് 30-4-2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 12/2019/ജ.വി.വ. നമ്പർ ഉത്തരവ് പ്രകാരം റിവർ റീജ്യുവേഷൻ കമ്മിറ്റി (RRC) രൂപീകരിച്ചിട്ടുണ്ട്. 8 അംഗങ്ങളുള്ള കമ്മിറ്റിക്ക് കീഴിൽ ജില്ലാതല സാങ്കേതിക സമിതി (DLTC) പ്രവർത്തിക്കുന്നു. വലിയ തോതിലുള്ള മലിനീകരണത്തിന് വിധേയമായെന്ന് കേന്ദ്ര മലിനീകരണ

നിയന്ത്രണ ബോർഡ് കണ്ടെത്തിയ കേരളത്തിലെ 21 കേന്ദ്രങ്ങളുടെ മലിനീകരണ ലഘൂകരണ/നിയന്ത്രണ പദ്ധതിരേഖ തയ്യാറാക്കുക എന്നത് ജില്ലാതല സാങ്കേതിക സമിതിയുടെ ചുമതലയാണ്. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡാണ്.

**നദികളിലെ ലോഹവിഷ സാന്നിദ്ധ്യം**

166(819) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലകമ്മീഷൻ നദികളിലെ ലോഹവിഷ സാന്നിധ്യത്തെക്കുറിച്ച് തയ്യാറാക്കിയ പഠന റിപ്പോർട്ടിൽ സംസ്ഥാനത്തെ നദികൾ ഗുരുതരമായ മാലിന്യ ഭീഷണി നേരിടുന്നുവെന്ന കാര്യം സൂചിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ നദികളിലാണ് ലോഹവിഷ സാന്നിധ്യം കൂടുതലായി കണ്ടെത്തിയിട്ടുള്ളത്;

(സി) നദികളെ വിഷവിമുക്തമാക്കുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2014 മേയ് മാസത്തിലാണ് കേന്ദ്ര ജല കമ്മീഷൻ സ്റ്റാറ്റസ് ഓഫ് ട്രേഡ് ആന്റ് ടോക്സിക് മെറ്റൽസ് ഇൻ ഇന്ത്യൻ റിവേഴ്സ് എന്ന പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. 2011 സെപ്റ്റംബർ, 2012 ഫെബ്രുവരി, 2012 ജൂൺ, 2012 ഒക്ടോബർ 2013 മാർച്ച്, 2013 ആഗസ്റ്റ് മാസങ്ങളിലായി ഇന്ത്യയിലൊട്ടാകെ 387 വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകളിൽ നിന്നായി ആകെ 1921 സാമ്പിളുകൾ ശേഖരിച്ചാണ് അപകടകാരികളായ വിവിധ ലോഹങ്ങളുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള പഠനം നടത്തിയത്. അഴ്സനിക്, കാഡ്മിയം, ക്രോമിയം, കോപ്പർ, മെർക്കുറി, ഇരുമ്പ് (അയൺ) ലെഡ്, നിക്കൽ, സിങ്ക് എന്നീ ലോഹങ്ങളുടെ സാന്നിദ്ധ്യം പഠന വിധേയമാക്കിയിട്ടുണ്ട്. കേരളത്തിലെ 13 നദികളിലായി 21 മോണിറ്ററിംഗ് സ്റ്റേഷനുകളിലാണ് പരിശോധന നടത്തിയിട്ടുള്ളത്. (പെരിയാർ, വാമനപുരം, മൂവാറ്റുപുഴ, പമ്പ, കടലുണ്ടി, മീനച്ചിൽ, ഭാരതപ്പുഴ, ചാലിയാർ, കുറ്റ്യാടി, കല്ലട, വളപട്ടണം, പയസ്വിനി, കബനി എന്നിവയാണ് 13 നദികൾ) 2014-ലെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ

നദികളിൽ കോപ്പർ, ഇരുമ്പ് എന്നിവയുടെ സാന്നിദ്ധ്യമാണ് മോണിറ്ററിംഗ് സ്റ്റേഷനുകളിലെ ജലഗുണനിലവാര പരിശോധനയിൽ കാണാൻ സാധിച്ചിട്ടുള്ളത്. നദികളിലെ ജലലഭ്യയിൽ വരുന്ന മാറ്റത്തിനുസരിച്ച് ഇത്തരം ലോഹങ്ങളുടെ സാന്നിദ്ധ്യത്തിലും/അളവിലും മാറ്റം വരാം.

(സി) സ്വാഭാവികമായും നദീജലത്തിൽ ലോഹസാന്നിദ്ധ്യം ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രകൃതിയിൽ പലവിധത്തിലുള്ള ലോഹങ്ങൾ കാണുന്നുവെന്നതാണ് ഇതിനുകാരണം. എന്നാൽ ഇവയുടെ അളവ് വർദ്ധിക്കുന്നതിന് കാരണം ഖനനവും വ്യാവസായിക മാലിന്യം പുഴയിലെത്തുന്നതും കാർഷിക മേഖലയിലെ അമിത രാസവള പ്രയോഗം/രാസകീടനാശിനി പ്രയോഗം, ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം, ഇലക്ട്രോ പ്ലേറ്റിംഗ് വ്യവസായ മാലിന്യം എന്നിവ പുഴയിലെത്തുന്നതുമാണ്. ഇവ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞാൽ നദീജല ഗുണനിലവാരം വർദ്ധിപ്പിക്കാൻ സാധിക്കും. നദികൾ മാലിന്യമുക്തമായി മാറണമെങ്കിൽ നദീതടത്തിലാകെ വിവിധ ഇടപെടലുകൾ ആവശ്യമാണ്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നദികളിലേക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചിയാക്കിയിട്ടുണ്ട്. കൂടാതെ ജലസേചനവകുപ്പിന്റെ വരട്ടാർ, കനാമ്പുഴയാർ, കുട്ടമ്പേരൂർ ആർ, കിള്ളിയാർ തുടങ്ങിയ ചെറുനദികൾ ജനപങ്കാളിത്തത്തോടെ ശുചിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജലസേചന വകുപ്പ് ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കിയിരുന്നു.

കേരളത്തിലെ എല്ലാ നദികളുടെയും ജലഗുണനിലവാര പരിശോധന കോഴിക്കോട് ആസ്ഥാനമായുള്ള CWRDM എന്ന സ്ഥാപനം നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലഗുണനിലവാരം സംബന്ധിച്ച് വർഷംതോറും റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്.

## തൃശ്ശൂർ ജില്ലയിലെ നാശോന്മുഖമായ നദികളുടെ സംരക്ഷണം

167(820) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാശോന്മുഖമായ നദികളുടെ സംരക്ഷണത്തിനായുള്ള ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് എന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം നദികളുടെ സംരക്ഷണത്തിനാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കേന്ദ്ര വനം പരിസ്ഥിതി & കാലാവസ്ഥ വ്യതിയാന വകുപ്പ് തയ്യാറാക്കിയിട്ടുള്ള 'ഇന്റഗ്രേറ്റഡ് ആന്റ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റീജനേഷൻ ഓഫ് റിവേഴ്സ് ' (കരട്) എന്ന പദ്ധതി പ്രകാരം നിലവിൽ ഇന്ത്യയിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന നാഷണൽ റിവർ കൺസർവേഷൻ പ്ലാന്റിൽ വിഭാവനം ചെയ്തിട്ടില്ലാത്ത ഘടകങ്ങളായ നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്, നദീതട പരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീതീരങ്ങളിലെ വനവൽക്കരണം, ഭൂജലപോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യങ്ങൾ ഇല്ലാതാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ സുസ്ഥിര എക്കോ ടൂറിസം നടപ്പിലാക്കുക, ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ജലം കുറഞ്ഞയളവിൽ ഉപയോഗിക്കുന്ന വിളകൾ/കൃഷിരീതി കൊണ്ടുവരിക, വ്യാവസായിക സ്ഥാപനങ്ങളിൽ സീറോ ഡിസ്ചാർജ്ജ് സംവിധാനം കൊണ്ടുവരിക, ഉപരിതല ജലചൂഷണം ഒഴിവാക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾച്ചേർന്ന നദീപരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ചർച്ചക്കായി കരട് രൂപത്തിൽ പ്രസിദ്ധീകരിച്ച പ്രസ്തുത രേഖ പൂർണ്ണമായി അംഗീകരിച്ചതായുള്ള അറിയിപ്പുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള നദീസംരക്ഷണ നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല.

## പൂർണ്ണമായി മാലിന്യ മുക്തമാക്കിയ ജലസ്രോതസ്സുകൾ

168(821) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ എത്ര ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കിയെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) പൂർണ്ണമായി മാലിന്യ മുക്തമാക്കിയ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളുടെ സഹകരണത്തോടും ജനപങ്കാളിത്തത്തോടും കൂടി ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിച്ച ജലസ്രോതസ്സുകൾ ചുവടെ ചേർക്കുന്നു:

കിള്ളിയാർ (തിരുവനന്തപുരം), പള്ളിക്കലാർ (കൊല്ലം), ആദിപമ്പ, വരട്ടാർ (പത്തനംതിട്ട ജില്ല), കോലറയാർ (പത്തനംതിട്ട-തിരുവല്ല), കുട്ടമ്പേരൂറാർ (ആലപ്പുഴ), മീനച്ചിലാർ-കൊടൂരാർ-മീന്തലയാർ പുനഃസംയോജനം (കോട്ടയം), കാനാമ്പുഴ (കണ്ണൂർ) ഇതിനുപുറമെ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ആശയത്തിനുകീഴിൽ (2019 ഡിസംബർ) 14 ജില്ലകളിലായി 2034.49 കി.മീറ്റർ ദൈർഘ്യത്തിൽ തോടുകൾ ശുചിയാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

| ജില്ല | കിലോമീറ്റർ |
|---|---|
| തിരുവനന്തപുരം | 118 |
| കൊല്ലം | 260.72 |
| പത്തനംതിട്ട | 179.15 |
| ആലപ്പുഴ | 80 |
| കോട്ടയം | 186.25 |
| ഇടുക്കി | 130 |
| എറണാകുളം | 120.4 |
| തൃശ്ശൂർ | 127.53 |
| പാലക്കാട് | 100 |
| മലപ്പുറം | 71.83 |
| കോഴിക്കോട് | 225.27 |
| വയനാട് | 78.65 |
| കണ്ണൂർ | 286.69 |
| കാസർഗോഡ് | 70 |

(ബി) മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ വലിയ അളവ് തൊഴിലുറപ്പ്, സന്നദ്ധ പ്രവർത്തനം തുടങ്ങിയവ മുഖേനയാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. ജലസേചന വകുപ്പിന്റെ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ഓഫീസ് മുഖേന ചെലവഴിച്ച തുകയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഡാമുകൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് സാധ്യമല്ല. എന്നാൽ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ആവശ്യമാണ്. ഇതോടൊപ്പം പൗരബോധവുമുണ്ടാകണം. ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജല കുഴലോ എത്തുന്നില്ല എന്ന് ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സാധിക്കും. കൂടാതെ മാലിന്യ നിക്ഷേപകർക്കുള്ള ശിക്ഷയും പിഴയും വർദ്ധിപ്പിച്ചിട്ടുണ്ട്. പരാതികൾക്കനുസരിച്ച് പോലീസാണ് നടപടികൾ സ്വീകരിക്കുന്നത്. ഇതിനുപരി നഗരപ്രദേശത്ത് വരുന്ന നദീഭാഗങ്ങൾ പ്രത്യേകിച്ച് പാലങ്ങൾക്ക് ഇരുവശത്തും കമ്പിവേലി സ്ഥാപിച്ച് മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനുള്ള നടപടി ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

## ജലാശയങ്ങളുടെ സംരക്ഷണത്തിനായി അതോറിറ്റി

169(822) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ,തോടുകൾ,കുളങ്ങൾ മുതലായ പൊതുജലാശയങ്ങളെ സംരക്ഷിക്കാൻ ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ;

(ബി) ഈ നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പൊതുജലാശയങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(ഡി) നാശോന്മുഖമായ ജലാശയങ്ങളുടെ പുനരുജ്ജീവനത്തിനായി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രത്യേക പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി RBCMA ആക്ടിന്റെ കരട് തയ്യാറാക്കുന്നതിന്

ഒരു 11 അംഗ സംസ്ഥാനതല കമ്മിറ്റി 3-5-2019-ൽ രൂപീകരിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ആക്ട് തയ്യാറാക്കുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഒരു 13 അംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി 10-6-2019-ൽ രൂപീകരിക്കുകയുണ്ടായി. കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) പൊതു ജലാശയങ്ങളായ കുളങ്ങൾ, തോടുകൾ, നദികൾ എന്നിവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ജലസേചന വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ സേവനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയ ഏജൻസികൾ മുഖേന ജലസ്രോതസ്സുകൾ ശുചിയാക്കി, സംരക്ഷണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം നടത്തുന്നതിനോടൊപ്പം ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ/ ഏജൻസികൾ എന്നിവരുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന പ്രവർത്തനവും നടത്തിവരുന്നു. കൂടാതെ സ്രോതസ്സുകൾക്ക് സമീപം വേലികെട്ടിയും പരസ്യബോർഡുകൾ സ്ഥാപിച്ചും ഒരു പരിധിവരെ മലിനീകരണം തടയുവാൻ ശ്രമിക്കുന്നുണ്ട്. ഇതിനുപുറമെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതര വകുപ്പുകളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി അവ നടപ്പാക്കിവരുന്നു.

(ഡി) ജലസ്രോതസ്സുകളുടെ സംരക്ഷണം സാധ്യമാകണമെങ്കിൽ പ്രകൃതിദത്ത സംരക്ഷണ യൂണിറ്റായ നീർത്തടം അടിസ്ഥാനമാക്കി പദ്ധതി രൂപപ്പെടുത്തുകയും ശുചിയാക്കുന്ന കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും വേണം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും റഡ്ജ് ടു വാലി (മുകളിൽ നിന്ന് താഴേക്ക്) സമീപനത്തോടുകൂടി ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം സാമ്പത്തിക ലഭ്യതയനുസരിച്ച് നിർവ്വഹിച്ചുവരുന്നു. കൂടാതെ ജലസേചന കനാലുകൾക്ക് സമീപംവരുന്ന കുളങ്ങളെ അവയുമായി ബന്ധിപ്പിച്ച് ജലലഭ്യത സ്ഥായിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതോടൊപ്പം പുനരുദ്ധാരണം പൂർത്തിയായ കുളങ്ങളിൽ മത്സ്യം വളർത്തൽ സാധ്യതയുള്ളിടത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ മത്സ്യകൃഷിയും നടത്തിവരുന്നു.

## പ്രളയ നിയന്ത്രണത്തിനായി പുതിയ അണക്കെട്ടുകൾ

170(823) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ നിയന്ത്രണത്തിനായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ നദി/പുഴകളിലാണ് വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ സ്ഥാപിക്കുന്നത്; അത് സംബന്ധിച്ച സാധ്യതാപഠനം പൂർത്തിയായിട്ടുണ്ടോ;

(സി) പ്രളയത്തിൽ അണക്കെട്ടുകളിൽ വന്നടിഞ്ഞ മണൽ മാറ്റി എസ്.ഒ.പി. പ്രകാരം അണക്കെട്ടുകളുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളിൽ ഡീ സിൽറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണ് അത് നടപ്പിലാക്കിയതെന്നും അത് പ്രകാരം ലഭിച്ച മണൽ എപ്രകാരമാണ് വിൽപ്പന നടത്തിയതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. മണിമല, പെരിയാർ, ചാലിയാർ, ചാലക്കുടി, മീനച്ചിൽ, പമ്പാ അച്ചൻകോവിൽ, അട്ടപ്പാടിവാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്. ചാലക്കുടിപ്പുഴയിൽ ഇതു സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ വിശദപദ്ധതിരേഖ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ സാധ്യതാപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി&ഡി) സ.ഉ. (കൈ) നമ്പർ 49/2019/ജ.വി.വ. തീയതി 8-11-2019, സ.ഉ. (സാധാ) നമ്പർ 919/2019/ജ.വി.വ. തീയതി 7-12-2019 എന്നിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ 10 (പത്ത്) റിസർവോയറുകളിൽ നിന്നും ഡീസിൽറ്റേഷൻ നടത്തുന്നതിനുവേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള ആഗോള കരാർ ക്ഷണിച്ചിട്ടുണ്ട്.

## പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം കൈമാറാൻ നടപടി

171(824) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഉപയോഗത്തിലില്ലാത്തതുമായ സ്ഥലം രാജാരവിവർമ്മ സെന്റർ ഓഫ്എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് നല്കുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഈ വിഷയത്തിൽ പദ്ധതി വിഭാഗം -2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഏര്യം പുഴയ്ക്ക് കുറുകെ വിയർ കം ട്രാക്ടർ വേയുടെ നിർമ്മാണം

172(825) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏര്യം പുഴക്ക് കുറുകെ നിർമ്മിക്കുന്ന വിയർ കം ട്രാക്ടർ വേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ, ഏര്യം പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന വിയർ കം ട്രാക്ടർ വേയുടെ നിർമ്മാണ പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

## വേങ്ങര മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

173(826) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും തുക നീക്കിവച്ചിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ;

(ബി) ജലവിഭവ വകുപ്പിന്റെ മറ്റു ഫണ്ടുകൾ ഉപയോഗപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം വേങ്ങര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ ഘട്ടങ്ങളും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും തുക നീക്കിവച്ചിട്ടുള്ളതുമായ ജലസേചന വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

വേങ്ങര നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കണ്ണമംഗലം പഞ്ചായത്തിൽ കണ്ണമംഗലം കുടിവെള്ള പദ്ധതിക്കായി 25 എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(ബി) ജലവിഭവ വകുപ്പിന്റെ മറ്റ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി നടപ്പുസാമ്പത്തിക വർഷം വേങ്ങര മണ്ഡലത്തിൽ നടപ്പിലാക്കിയ ജലസേചന വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളും ഭൂജല വകുപ്പിന്റെ കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

വേങ്ങര നിയോജകമണ്ഡലത്തിൽ കണ്ണമംഗലം കുടിവെള്ള പദ്ധതി പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. എ. ആർ. നഗർ കുടിവെള്ള പദ്ധതിയുടെ കിണറും മോട്ടോർ പുരയും പമ്പിംഗ് മെയിനും പൂർത്തീകരിച്ചിട്ടുണ്ട്.

ജലശുദ്ധീകരണശാലയുടെയും വിതരണ ശാലയുടെയും പ്രവൃത്തികൾക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ ജലസേചന പ്രവൃത്തികൾ**

174(827) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികളുടെ വിശദാംശങ്ങളും അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് 36 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**പാറശ്ശാല മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

175(828) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുവരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളേതെങ്കിലും പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) പാറശ്ശാല മണ്ഡലത്തിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി മുഖേന പ്രവൃത്തി നടന്നുവരുന്ന പ്രധാന കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ആര്യങ്കോട് പെരുങ്കടവിള പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കിഴക്കന്മല കുടിവെള്ള പദ്ധതി

   പ്രസ്തുത പദ്ധതിക്ക് 7-9-2019-ൽ കിഫ്ബിയിൽനിന്നും 43.09 കോടി രൂപയുടെ ധനസഹായാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി ഈ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2. <u>നേരത്തെ ഭരണാനുമതി ലഭിച്ച പാറശ്ശാലയ്ക്കും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി(കാളിപ്പാറ കുടിവെള്ള പദ്ധതി)</u>

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലയിൽ പഞ്ചായത്തിലേക്ക് ജലം കൊണ്ടുപോകുന്നതിനുള്ള 8.02 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രവൃത്തി (ഡീവിയേഷൻ പ്രൊപ്പോസിലിന്) അനുമതി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള പൊൻവിള മുതൽ ഇടിച്ചക്ക പ്ലാമൂട് വരെയുള്ള പ്രധാന ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള 4.50 കോടി രൂപയുടെ അവാർഡ് ചെയ്ത പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ജലനിധി ഒന്നാംഘട്ട പദ്ധതി പ്രകാരം നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളിൽ പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമായ സ്കീമുകളുടെ കേടുപാടുകൾ പരിഹരിച്ച് സ്കീമുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള 'സുസ്ഥിരതാ പദ്ധതി'യിൽ ഉൾപ്പെടുത്തി വെള്ളറട പഞ്ചായത്തിലെ 8 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി)

1. പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (വണ്ടിച്ചിറ കുടിവെള്ള പദ്ധതി)

2. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോട്ടുക്കോണത്ത് ഉപരിതല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും.

(സി) പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ (കാളിപ്പാറ കുടിവെള്ള പദ്ധതി) ഭാഗമായി പൊൻവിള മുതൽ പാറശ്ശാല വരെ 300 കി.മീ. മുതൽ 160 കി.മീ. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള റോഡ് റസ്റ്റൊറേഷൻ തുക, കാളിപ്പാറ പദ്ധതിയുടെ ഭാഗമായി പൊൻവിളയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾക്കായുള്ള തുക എന്നിവ ലഭിക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. നാഷണൽ ഹൈവേയിൽ കാളിപ്പാറ പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. (കഴക്കൂട്ടം-കാരോട് ബൈപ്പാസ് കടന്നുപോകുന്ന പൊൻവിളയിൽ ഏകദേശം 70 മീറ്റർ നീളത്തിലുള്ള പൈപ്പ് ലൈൻ ഹൈവേ അതോറിറ്റി ഇളക്കി മാറ്റിയതിന്റെ പുനഃസ്ഥാപനം)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കാളിപ്പാറ പദ്ധതിയുടെ ഭാഗമായി പൊൻവിള മുതൽ പാറശ്ശാല വരെ 300 മീറ്റർ മുതൽ 160 മി.മീ. വരെ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് റസ്റ്റോറേഷൻ തുകയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. കിഴക്കനേല പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കൊല്ലയിൽ പദ്ധതിയുടെ ഡീവിയേഷൻ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

## മൂലാട്-നടുവണ്ണൂർ റോഡ് നിർമ്മാണം

176(829) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഭൂമിയിലൂടെ കടന്നു പോവുന്ന മൂലാട് -നടുവണ്ണൂർ റോഡിന്റെ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തത് കാരണം റോഡ് നിർമ്മാണം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൂലാട്-നടുവണ്ണൂർ റോഡിന്റെ നവീകരണത്തിനായി അനുമതി ലഭിക്കുന്നതിനുവേണ്ടി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂലാട്-നടുവണ്ണൂർ റോഡിന്റെ നവീകരണത്തിന് അനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസലിലെ ചില കാര്യങ്ങളിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയറോടും കേരള വാട്ടർ അതോറിറ്റിയോടും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ജലസേചന പദ്ധതി**

177(830) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റഗുലേറ്ററിന് പടിഞ്ഞാറു ഭാഗത്തുള്ള പരപ്പുഴ ആഴംകൂട്ടൽ, തടയണ നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള ജലസേചന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ഇടിയഞ്ചിറ റഗുലേറ്ററിന് താഴ് ഭാഗത്തുള്ള പെരിങ്ങോട് പുഴയിൽ (പരപ്പുഴ) അടിഞ്ഞുകൂടിയ മണൽത്തിട്ടകൾ നീക്കം ചെയ്യുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഏറ്റെടുക്കാൻ ഡയറക്ടർ, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചിയെ ചുമതലപ്പെടുത്തുകയും അടുത്ത സാമ്പത്തികവർഷം ടി പ്രവൃത്തി ഏറ്റെടുക്കാമെന്ന് പ്രസ്തുത സ്ഥാപനം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ചെമ്പ്രംതോട് അഭിവൃദ്ധിപ്പെടുത്താൻ നടപടി**

178(831) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചെമ്പ്രം തോട് അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്ലൂയിസ് പുനർ നിർമ്മിക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി)മണലൂർ മണ്ഡലത്തിലെ ചെമ്പ്രംതോട് അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്ലൂയിസ് പുനർനിർമ്മാണത്തിനുമായി 1,38,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും പ്രാധാന്യവുമനുസരിച്ച്

സൂപ്രണ്ടിംഗ് എഞ്ചിനീയറിൽനിന്നും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ലഭിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാഞ്ഞാണി മുതൽ പഞ്ചാരമുക്ക് വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി**

179(832) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി മുതൽ ഗുരുവായൂർ പഞ്ചാരമുക്ക് വരെ അമൃത് പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുവെന്നും ഇനി എത്ര കിലോ മീറ്റർ പൈപ്പ് സ്ഥാപിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(സി) പ്രവൃത്തികൾ പുരോഗമിക്കുന്ന സ്ഥലത്ത് പൊടിശല്യം രൂക്ഷമായതിനാൽ പ്രദേശവാസികളും യാത്രക്കാരും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) അമൃത് പദ്ധതിയിൽ 2016-17, 2017-18 ആക്ഷൻ പ്ലാനുകളിലായി ഭരണാനുമതി ലഭിച്ച ഗുരുവായൂർ മുനിസിപ്പാലിറ്റി ശുദ്ധജലവിതരണ നവീകരണം ഇല്ലിക്കൽ മുതൽ ഗുരുവായൂർ കോട്ടപ്പടി വരെ റോ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ കാഞ്ഞാണി മുതൽ പഞ്ചാരമുക്ക് വരെ 15.55 കി.മീ. നീളത്തിൽ പി.ഡബ്ല്യു.ഡി. റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് മണലൂർ മണ്ഡലത്തിലുള്ളത്. ആയതിൽ 3.70 കി.മീ. നീളത്തിൽ പൈപ്പിടൽ പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭാഗത്ത് മാത്രമായി ഈ സീസണിൽ പി.ഡബ്ല്യു.ഡി.-യിൽനിന്നും അനുമതി ലഭ്യമായ 4.10 കി.മീ. റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുന്നതിനായി ഈ ലൈനിൽ ഇപ്പോൾ പ്രഷർ ടെസ്റ്റും ഇന്റർ കണക്ഷൻ പ്രവൃത്തികളും പൂർത്തീകരിച്ച് വരികയാണ്.

പൊതുമരാമത്ത് വകുപ്പിൽനിന്നും കട്ടിംഗ് അനുവാദം ലഭിച്ചാൽ മാത്രമേ മണലൂർ മണ്ഡലത്തിൽ ബാക്കിയുള്ള 7.75 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണം ഇല്ലിക്കൽ മുതൽ ഗുരുവായൂർ കോട്ടപ്പടി വരെ റോ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 38.5 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ നാളിതുവരെ 18.5 കി.മീ. പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 5.5 കി.മീ. പൈപ്പ് ലൈനിൽ ടെസ്റ്റിംഗ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത ഭാഗം റോഡ് പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടില്ല. ബാക്കി 20 കി.മീ. (38.5-18.5) (River Crossing ഉൾപ്പെടെ) പൈപ്പുകൾ സ്ഥാപിക്കുവാനുണ്ട്. ഇതിൽ 17.56 കി.മീ. പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിക്കേണ്ടതും ആയതിന്റെ റോഡ് റെസ്റ്റോറേഷൻ തുക ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽനിന്നും ലഭ്യമാക്കേണ്ടതുമുണ്ട്.

(സി) പാന്തോട് മുതൽ ഏനാമാവ് വരെയും (2.9 km) മുല്ലശ്ശേരി പള്ളി മുതൽ പറമ്പന്തള്ളി ബസ് സ്റ്റോപ്പ് വരെയുമുള്ള (1.2 km) റീച്ചുകളിൽ പ്രഷർ ടെസ്റ്റും ഇന്റർ കണക്ഷൻ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ഇത് പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡ് പുനരുദ്ധാരണത്തിനുള്ള തുക പി.ഡബ്ല്യൂ.ഡി.-ക്ക് ഇതിനകം തന്നെ ഒടുക്കിയിട്ടുണ്ട്.

**കോരപ്പുഴ അഴിമുഖത്തെ മണൽ നീക്കം ചെയ്യാൻ കരാർ**

180(833) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും;

(സി) ഏകദേശം എത്ര സമയം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴയുടെ അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്യുന്ന പ്രവൃത്തിക്ക് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പുവച്ചിട്ടില്ല.

(ബി) കരാറുമ്പടിവയ്ക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) പ്രവൃത്തിയുടെ സാങ്കേതികാനുമതി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ 18 മാസം സമയമാണ് അനുവദിച്ചിട്ടുള്ളത്.

**കായംകുളം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

181(834) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളും വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയ പ്രവൃത്തികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**മലപ്പുറം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

182(835) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന മൈനർ ഇറിഗേഷൻ പ്രവൃത്തികൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും പുരോഗതിയും വെളിപ്പെടുത്തുമോ;

(ബി) ഗ്രൗണ്ട് വാട്ടർ, മേജർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും പുരോഗതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പ്രവൃത്തികളുടെ വിവരങ്ങളും ഭൂജല വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരങ്ങളും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പദ്ധതികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

183(836) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവ വഴി 2016 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ, അവയുടെ തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നിവ വഴി 2016 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**ഒല്ലൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

184(837) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ മൈനർ/മേജർ/അഡീഷണൽ ഇറിഗേഷൻ ഡിവിഷനുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കോലുമാട് ജലസേചന പദ്ധതി**

185(838) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതിയ്ക്കായുള്ള രൂപകൽപ്പന പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ കോലൂമാട് ജലസേചന പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ രൂപകൽപ്പനയ്ക്കായുള്ള ഇൻഡന്റ് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളായണി കായൽ സംരക്ഷണം**

186(839) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ശുദ്ധജലതടാകമായ വെള്ളായണി കായൽ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പായൽ നീക്കുന്നതിന് സ്വസ്തി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനത്തിൽ ഏതെല്ലാം നിലയ്ക്കാണ് സർക്കാർ സഹകരിക്കുന്നത്; വിശദീകരിക്കുമോ;

(സി) പായൽ നീക്കുന്ന പ്രവർത്തനം സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുമോ; അതിന് ആവശ്യമുള്ള ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വെള്ളായണി കായൽ പുനരുജ്ജീവനത്തിനും സൗന്ദര്യ വൽക്കരണത്തിനും ടൂറിസത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള വിശദമായ പ്രോജക്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

(ബി) സ്വസ്തി ഫൗണ്ടേഷനുമായി ജലസേചന വകുപ്പ് സഹകരിക്കുന്നുണ്ട്. വെള്ളായണി കായൽ പുനരുജ്ജീവനത്തിനായി സ്വസ്തി ഫൗണ്ടേഷന്റെ കീഴിൽ പായലും ചെളിയും മാറ്റുന്ന പ്രവൃത്തി നടത്തിയിരുന്നു.

(സി) വെള്ളായണി കായൽ പുനരുജ്ജീവനത്തിനായി തയ്യാറാക്കിവരുന്ന പ്രോജക്ട് പായൽ നീക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**വെറ്റക്കട ഭാഗത്ത് വീടുകളും തീരവും സംരക്ഷിക്കുന്നതിന് സാമ്പത്തികാനുമതി**

187(840) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല വെറ്റക്കട ഭാഗത്ത് വീടുകൾ സംരക്ഷിക്കുന്നതിനും 2018-ൽ വെറ്റക്കട ഭാഗത്ത് 110 മീ. ദൂരത്തിലും 2019-ൽ 2-ാം റീച്ചായി 155 മീ. ദൂരത്തിലും ജിയോ ബാഗ് അട്ടുക്കി തീരം സംരക്ഷിക്കുന്നതിനും 40 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനുമായി എത്ര ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) സാമ്പത്തികാനുമതി ഉത്തരവിന്റെ പകർപ്പ് നല്കാമോ?

ഉത്തരം

(എ) വർക്കല വെറ്റക്കട ഭാഗത്ത് വീടുകൾ സംരക്ഷിക്കുന്നതിന് 2017-18-ൽ ഒന്നാം റീച്ചായി 100 മീറ്റർ നീളത്തിലും രണ്ടാം റീച്ചായി 155 മീറ്റർ നീളത്തിലും ജിയോബാഗ് അട്ടുക്കി തീരം സംരക്ഷിക്കുന്നതിനും 2019-20-ൽ 40 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുമായി മൂന്ന് പ്രവൃത്തികൾക്ക് 52.80 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തികാനുമതി ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തൊണ്ടാർ ജലസേചന പദ്ധതി**

188(841) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന തൊണ്ടാർ ജലസേചന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാവേരി ജലതർക്ക ട്രൈബ്യൂണലിന്റെ അന്തിമ വിധിപ്രകാരം കബനി ബേസിനിൽ അനുവദിക്കപ്പെട്ട 21 ടി.എം.സി. ജലത്തിൽ 11 ടി.എം.സി. ജലം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉപയോഗപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ഏഴ് ജലസേചന പദ്ധതികളിൽ 0.30 ടി.എം.സി. ജലം സംഭരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് തൊണ്ടാർ ജലസേചന പദ്ധതി. മാനന്തവാടി നിയമസഭാ മണ്ഡലത്തിൽ എടവക പഞ്ചായത്തിൽ മൂളിത്തോടിന് കുറുകെ വലിയ കുന്ന്, മടത്തിൽ കുന്ന് എന്നീ കുന്നുകൾക്കിടയിൽ 200 മീറ്റർ നീളത്തിലും 11.50 മീറ്റർ ഉയരത്തിലും കോൺക്രീറ്റ്/മണ്ണണ കെട്ടി അതുവഴി 1411 ഹെക്ടർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കും കുടിവെള്ളാവശ്യത്തിനും ജലമെത്തിക്കാനാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) 1411 ഹെക്ടർ സ്ഥലത്ത് ജലസേചനം, കുടിവെള്ളം എന്നിവ ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് പ്രാഥമികമായി ലക്ഷ്യമിടുന്നത്. എന്നാൽ ഇതുകൂടാതെ ഇതിന്റെ ഗുണഫലമായി പ്രദേശത്ത് ഭൂജലവിതാനത്തിൽ വർദ്ധനവുണ്ടാകാനും മത്സ്യകൃഷി, ടൂറിസം എന്നീ മേഖലകളിൽ തൊഴിൽ സാധ്യതകളും കാർഷിക വിളകളിലുണ്ടാവുന്ന വർദ്ധനവുവഴി കൃഷിക്കാർക്കുണ്ടാവുന്ന വരുമാന വർദ്ധനവും ഈ പദ്ധതി നടപ്പാക്കുന്നത് കൊണ്ടുണ്ടാകുന്ന നേട്ടങ്ങളാണ്.

**കൽപ്പറ്റ മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ**

189(842) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇത്തരത്തിൽ നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം ചെക്ക് ഡാമുകൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റിവഴി കൽപ്പറ്റ മണ്ഡലത്തിൽ മൊത്തം 404.85 ലക്ഷം (4.0485 കോടി) രൂപയുടെ അംഗീകാരം ലഭിച്ച 19 പ്രവൃത്തികൾ നടന്നുവരുന്നു. വിശദാംശങ്ങളും ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ പ്രോജക്ട് 1-ന്റെ കാര്യാലയത്തിനു കീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ ഉൾപ്പെടുന്ന കാരാപ്പുഴ ജലസേചന പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

2010-ൽ ഭാഗികമായി പൂർത്തീകരിച്ച കാരാപ്പുഴ ജലസേചന പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. ആയതിനായി പ്ലാൻ ശീർഷകത്തിൽ അതാത് വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസൃതമായി തയ്യാർ ചെയ്ത് അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാനിലെ പ്രവൃത്തികൾ നടത്തിവരുന്നു.

| സാമ്പത്തിക വർഷം | അംഗീകരിച്ച ആക്ഷൻ പ്ലാൻ തുക |
|---|---|
| 2017-18 | 1326.58 ലക്ഷം |
| 2018-19 | 1142.50 ലക്ഷം |
| 2019-20 | 1260.60 ലക്ഷം |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരാപ്പുഴ ജലസേചന പദ്ധതിക്ക് കീഴിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 4,12,17,880 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ തുക 3,74,77,866 രൂപയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂജലവകുപ്പ് കൽപ്പറ്റ മണ്ഡലത്തിൽ 4,67,381 രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു*.

ജലനിധി രണ്ടാംഘട്ടത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ കണിയാമ്പറ്റ, കോട്ടത്തറ, പൊഴുതന ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്തിരുന്നു. ടി ഗ്രാമപഞ്ചായത്തുകളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | ഗുണഭോക്തൃ കുടുംബങ്ങൾ | അടങ്കൽ തുക |
|---|---|---|
| കണിയാമ്പറ്റ | 1049 | 5,64,22,830 |
| കോട്ടത്തറ | 1421 | 7,50,36,507 |
| പൊഴുതന | 1087 | 3,76,82,100 |
| ആകെ | 3557 | 16,91,41,437 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ചെക്കുഡാമുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**കൊയിലാണ്ടി ഫിഷിംഗ് ഹാർബർ മുതൽ കടൽഭിത്തി നിർമ്മാണം**

190(843) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തി ബലപ്പെടുത്തുന്നതും സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് കൊയിലാണ്ടി ഫിഷിംഗ് ഹാർബർ മുതൽ കോരപ്പുഴവരെയുള്ള കടൽത്തീരത്ത് എന്തെല്ലാം പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽ സൂചിപ്പിച്ച ഭാഗത്ത് നടപ്പിലാക്കുന്നതിനായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുകളുടെ പേരും തുകയും ആയതിന്റെ നിലവിലുള്ള സ്ഥിതിയും പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ മുതൽ തെക്കോട്ട് കോരപ്പുഴ വരെയുള്ള കടൽത്തീരത്ത് കഴിഞ്ഞ കാലവർഷത്തിൽ രൂക്ഷമായ കടലാക്രമണ ഭീഷണി നേരിട്ട 5 ഫിഷിംഗ് ഗ്യാപ്പുകളിൽ കോർവാൾ നിർമ്മിക്കുന്ന പ്രവൃത്തി നടന്നുവരികയാണ്. കൂടാതെ ചേമഞ്ചേരി പഞ്ചായത്തിൽ കാപ്പാട് കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായിട്ടുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. ഫണ്ട് ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

191(844) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വിപുലീകരണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ജലസേചന വകുപ്പ് മുഖേന സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2018-19-ലെ മിർപ്പ ഹെഡിൽ ഉൾപ്പെടുത്തി കോടശ്ശേരി പഞ്ചായത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (45 ലക്ഷം രൂപ) എന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടി പുരോഗമിച്ചുവരുന്നു.

2019-20 മിർപ്പ ഹെഡിൽ ഉൾപ്പെടുത്തി കോടശ്ശേരി പഞ്ചായത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ആയക്കട്ട് ഏരിയയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് 60 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഭരണാനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു.

**ചെല്ലാനത്ത് കടലാക്രമണ പ്രതിരോധ പ്രവൃത്തി**

192(845) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കടലാക്രമണം തടയുന്നതിനായി 16-1-2018-ന് എട്ട് കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയതും കരാറുകാരൻ സമയബന്ധിതമായി പണി ചെയ്യാത്തതിനാൽ 12-6-2019-ന് ചേർന്ന യോഗതീരുമാനപ്രകാരം കരാർ റദ്ദാക്കാൻ തീരുമാനമെടുക്കുകയും എന്നാൽ കോടതി നിർദ്ദേശപ്രകാരം സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്ത പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) അടുത്ത കാലവർഷം വരുന്നതിന് മുൻപ് പ്രസ്തുത പ്രവൃത്തി പൂർത്തികരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോടതി നിർദ്ദേശപ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയ പ്രവൃത്തി, കാലാവധി അവസാനിക്കാറായിട്ടും കരാറുകാരന്റെ ഭാഗത്തു നിന്നും പണി ചെയ്ത് തീർക്കുവാനുള്ള ഫലപ്രദമായ യാതൊരുവിധ പരിശ്രമവും ഉണ്ടാകാത്ത സാഹചര്യത്തിലും കോടതിവിധിയുടെയും 18-1-2020-ൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എടുത്ത തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കരാറുകാരന് നൽകിയ 5 പ്രവൃത്തികളുടെയും കരാർ, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 20-1-2020-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ റദ്ദ് ചെയ്ത്

ഉത്തരവായിട്ടുണ്ട്. ബാക്കി പണികൾ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഷോർട്ട് ടെണ്ടർ ഇ-പ്രൊക്യൂർമെന്റ് വഴി പരസ്യം ചെയ്തിരുന്നുവെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല. ആയതിനാൽ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ ക്ഷണിക്കുകയും പ്രവൃത്തിയുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് കരാറുകാരനിൽനിന്നും ബാങ്ക് ഗ്യാരന്റിയായി എസ്റ്റിമേറ്റ് പി.എ.സി.-യുടെ 5 ശതമാനം അടച്ച് സർക്കാർ അംഗീകരിക്കുന്ന തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാമെന്ന ഒരു അണ്ടർ ടേക്കിംഗ് ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് 26-2-2020-ൽ വർക്ക് ഓർഡർ നൽകുകയുമുണ്ടായി.

(ബി&സി) അടുത്ത കാലവർഷം വരുന്നതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പത്തനംതിട്ട ജില്ലയിൽ പ്രളയമുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം

193(846) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദികളിലെയും പുഴകളിലെയും ജലനിരപ്പ് സംബന്ധിച്ച് അറിയുന്നതിനും മഴയുടെ തോത് അറിയുന്നതിനും പ്രളയമുന്നറിയിപ്പ് നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

പത്തനംതിട്ട ജില്ലയിൽക്കൂടി ഒഴുകുന്ന പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളുടെ ജലനിരപ്പ് അളക്കുന്നതിനും മഴയുടെ തോത് അറിയുന്നതിനുമായി സ്റ്റേറ്റ് ഹൈഡ്രോളജി വിഭാഗത്തിന്റെയും ഹൈഡ്രോളജി പ്രോജക്ടിന്റെയും കീഴിൽ ജലവിഭവ വകുപ്പ് റിവർ ഗേജിംഗ് സ്റ്റേഷനുകളും (River Discharge Station) മഴമാപിനി സ്റ്റേഷനുകളും (Rain Guage Station) സ്ഥാപിച്ചിട്ടുണ്ട്. ഈ സ്റ്റേഷനുകളിൽനിന്നും ലഭിക്കുന്ന ഡാറ്റകൾ ക്രോഡീകരിച്ച് സ്റ്റേറ്റ് ഡാറ്റ സെന്ററിൽ സൂക്ഷിക്കുകയും മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്യുന്നുണ്ട്. നിലവിൽ കാലാവസ്ഥ, പ്രളയ മുന്നറിയിപ്പിനായി IMD, CWC എന്നീ കേന്ദ്രസർക്കാർ ഏജൻസികളെയാണ് ആശ്രയിക്കുന്നത്. ഈ നദീതടങ്ങളിൽ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം നടപ്പിലാക്കാൻ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് (NHP) കീഴിൽ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ വി.സി.ബി. നിർമ്മാണം

194(847) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെട്ടിയാംകുണ്ട് മാപ്പിളായ എന്ന സ്ഥലത്ത് വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇരിമ്പിളിയം, കുറ്റിപ്പുറം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മങ്കേരി പൈങ്കണ്ണൂർ പാടശേഖരത്തിലേയ്ക്ക് ജലം എത്തിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ചെട്ടിയാംകുണ്ട്-മാപ്പിളായ വി.സി.ബി.യുടെ നിർമ്മാണത്തിനും മങ്കേരി-പൈങ്കണ്ണൂർ പദ്ധതിയിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ പൈങ്കണ്ണൂർ മേഖലയിലെ ചെട്ടിയാം കുണ്ടു-മാപ്പിളായ സ്ഥലത്ത് VCB നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക പരിശോധനകൾ നടന്നുവരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന ഭൂമിയുടെ ആയകെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കുന്നതിന് കുറ്റിപ്പുറം വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയകെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

(ബി) മങ്കേരി, പൈങ്കണ്ണൂർ പാടശേഖരത്തിലേക്ക് ജലമെത്തിക്കുന്ന പദ്ധതിക്കുവേണ്ടി സാധ്യതാപഠനം നടത്തി ജലലഭ്യതയും പ്രയോഗികതയും ഉറപ്പ് വരുത്തേണ്ടതുണ്ട്. പ്രസ്തുത പഠനത്തിന്റെ പ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടത്തിലാണ്.

(സി) ചെട്ടിയാം കുണ്ടു-മാപ്പിളായ സ്ഥലത്ത് VCB നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ആയകെട്ട് ലിസ്റ്റും ആയകെട്ട് മാപ്പും ലഭ്യമാകുന്ന മുറയ്ക്കും മങ്കേരി പൈങ്കണ്ണൂർ പാടശേഖരത്തിലേക്ക് ജലമെത്തിക്കുന്ന പദ്ധതിക്കുവേണ്ടി സാധ്യതാപഠനം നടത്തി ജലലഭ്യതയും പ്രായോഗികതയും ഉറപ്പുവരുത്തിയതിനു ശേഷവും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വെട്ടുകാട്ടിൽ തട്ടേൽ-ഇടയാറ്റുപാടം പാടശേഖരത്തിലെ ലീഡിംഗ് ചാനൽ

195(848) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് 2018 പ്രകാരം മുളക്കുളം പഞ്ചായത്തിലെ വെട്ടുകാട്ടിൽ തട്ടേൽ - ഇടയാറ്റുപാടം പാടശേഖരത്തിന്റെ ലീഡിംഗ് ചാനൽ പുനഃസ്ഥാപിക്കുന്നതിന് വേണ്ടി നൽകിയിരുന്ന അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇടയാറ്റുപാടം പാടശേഖരത്തിൽ നിന്ന് 150 ഏക്കർ പാടത്തെ കൃഷിക്ക് വേണ്ട അത്യാവശ്യം വെള്ളം പോലും എത്തിക്കാൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മൂവാറ്റുപുഴവാലി ജലസേചന പദ്ധതി-കാഡയുടെ 2019-20 വർഷത്തെ പ്രൊപ്പോസലിൽ ഇടയാറ്റുപാടം പാടശേഖരത്തിലെ ലീഡിംഗ് ചാനൽ പുനഃസ്ഥാപിക്കുന്നതിന് ഉൾപ്പെടെ 33.53 ലക്ഷം അടങ്കൽ തുകയുള്ള പ്രവൃത്തി 11-2-2020-ൽ ടെണ്ടർ ചെയ്യുകയും തുടർന്ന് മൂന്ന് തവണയായി 5-3-2020 വരെ നീട്ടുകയും ചെയ്തിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുന്നതോടെ പാടശേഖരത്തിലെ ജലദൗർലഭ്യം പരിഹരിക്കുവാൻ സാധിക്കും.

## ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ

196(849) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്ത് ഉണ്ടാകുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിനു ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സിവിൽ, മെക്കാനിക്കൽ വിഭാഗങ്ങൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റുകളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ഇതിനുവേണ്ടി എത്ര തുകയുടെ എസ്റ്റിമേറ്റാണ് സിവിൽ, മെക്കാനിക്കൽ വിഭാഗം സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആവോലിച്ചാൽ വില്ലാൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 1983 കാലത്ത് കേരള ജല അതോറിറ്റി നടപ്പിലാക്കിയതാണ്. ആയത് ഇന്ന് പ്രവർത്തനക്ഷമമല്ല.

(ബി) 7-11-2019-ൽ ബഹു ജലവിഭവ വകുപ്പുമന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനമനുസരിച്ച് 18-11-2019-ൽ ഇറിഗേഷൻ വകുപ്പിലെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി പ്രദേശം സന്ദർശിച്ചു. പഴയ മോട്ടോർ പുരയിലുള്ള മോട്ടോറും അനുബന്ധ ഉപകരണങ്ങളും പ്രളയത്തിലെ പൂഴിയാൽ മൂടപ്പെട്ട് കെട്ടിടം കാട് കയറി നശിച്ച അവസ്ഥയിലാണ്. കാട് തെളിച്ച് മണ്ണ് മാറ്റി പരിശോധന നടത്തിയതിൽനിന്നും നിലവിലുള്ള പമ്പ്, മോട്ടോർ, സക്ഷൻ, ഡെലിവറി പൈപ്പ് തുടങ്ങിയ എല്ലാ സാധനങ്ങളും മാറ്റേണ്ടതായിട്ടുള്ളതിനാൽ ആ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം കോതമംഗലം മുനിസിപ്പാലിറ്റിക്കും വാരപ്പെട്ടി പഞ്ചായത്തിലും ഏകദേശം 15 എം.എൽ.ഡി. ജലം ആവശ്യമുണ്ടെന്ന് 21-1-2020-ലെ ജല അതോറിറ്റി പി.എച്ച്. ഡിവിഷൻ, കോതമംഗലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ ആവശ്യകത നിറവേറ്റുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(സി) നിലവിലുള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി&ഇ) പമ്പിന്റെയും മോട്ടോറിന്റെയും എസ്റ്റിമേറ്റ് (106 ലക്ഷം) മെക്കാനിക്കൽ വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുള്ള പ്രൊവിഷൻസ് അതിനോട് ഉൾക്കൊള്ളിച്ചിട്ടുണ്ട്. മോട്ടോർ പുരയുടെ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമുള്ള എസ്റ്റിമേറ്റ് (102 ലക്ഷം) സിവിൽ വിഭാഗവും തയ്യാറാക്കിയിട്ടുണ്ട്. ആകെ 208 ലക്ഷം രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## കോട്ടയ്ക്കൽ മണ്ഡലത്തിലെ ഭരണാനുമതി നൽകിയ പദ്ധതികൾ

197(850) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും ജലസേചനവകുപ്പിലെയും ജലഅതോറിറ്റിയിലേയുമായി 2019 വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുണ്ട്;അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) 2019, 2020 വർഷങ്ങളിൽ ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് (ആർ.എം.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഡി) ആർ.എം.എഫ്. പദ്ധതിയിൽനിന്നും 2019, 2020 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പിന് കീഴിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽ 2019 വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 8 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു*. കോട്ടയ്ക്കൽ മണ്ഡലത്തിൽ 2019 വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ ജല അതോറിറ്റി പദ്ധതികളിൽ ഒരു പദ്ധതിക്കും ഭരണാനുമതി നൽകുവാനില്ല.

(ബി) 2019 വർഷത്തിൽ മാറാക്കര പഞ്ചായത്തിലെ കാവിൽപീടിക അച്ചിപ്പേപുറം തോട് പാർശ്വഭിത്തി സംരക്ഷണം (20 ലക്ഷം) എന്ന പ്രവൃത്തിക്ക് ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2020 വർഷത്തിൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ കാങ്കക്കടവ് ഭാഗത്ത് ഭാരതപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം - bed survey എന്ന പ്രവൃത്തിക്ക് (3 ലക്ഷം) ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) 2019-20 വർഷങ്ങളിൽ കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും ആർ.എം.എഫ്. പദ്ധതിയിൽ 6 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*. 2020 വർഷത്തിൽ ആർ.എം.എഫ്. പദ്ധതിയിൽപ്പെട്ട ഒരു പദ്ധതിക്കും ഇതുവരെയും ഭരണാനുമതി നൽകിയിട്ടില്ല.

**പള്ളിക്കലാറിൽ തടയണ നിർമ്മിച്ചതിനെത്തുടർന്നുള്ള സാഹചര്യം**

198(851) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ പള്ളിക്കലാറിൽ തടയണ നിർമ്മിച്ചതിനെത്തുടർന്ന് മഴക്കാലത്ത് വെള്ളത്തിന്റെ നില ഉയരുന്നതുകാരണം കൃഷിനാശവും പ്രദേശവാസികൾക്ക് മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ജലവിഭവ വകുപ്പ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) മഴക്കാലമെത്തുന്നതിന് മുമ്പായി പള്ളിക്കലാറ്റിലെ തടയണ നിർമ്മിച്ചതുമൂലമുണ്ടാകുന്ന പ്രളയ സമാനമായ സാഹചര്യം ഒഴിവാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പള്ളിക്കലാറിന് കുറുകെ നിർമ്മിച്ച തടയണമൂലം കൃഷിനാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2019-ലെ പ്രളയംമൂലം വെള്ളക്കെട്ടുണ്ടാകുകയും തഴവ വട്ടക്കായലിലെ കൃഷി ആരംഭിക്കാൻ താമസം നേരിട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി റ്റി.എ. കനാലിലും മാലിന്യവും കളകളും മറ്റ് തടസ്സങ്ങളും ഒഴിവാക്കി തഴവ പഞ്ചായത്തിലെ വട്ടക്കായലിന്റെ ബണ്ട് ബലപ്പെടുത്തുകയും എഞ്ചിൻ തറ ഉയർത്തുകയും ചെയ്തിട്ടുണ്ട്. പ്രളയം മൂലമുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സ്ഥായിയായ പരിഹാരമാർഗ്ഗം സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാടൻകൊല്ലിയിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

199(852) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നഗരസഭയിലെ കാടൻകൊല്ലി പ്രദേശത്ത് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. മാനന്തവാടി നഗരസഭയിലെ കാടൻകൊല്ലി പ്രദേശത്ത് മൊട്ടങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ.ഉ. (സാധാ) നമ്പർ 819/2018/ജ.വി.വ. പ്രകാരം 252 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## നെയ്യാറ്റിൻകര പുല്ലാമലയിൽ നെയ്യാർബണ്ടിലെ തകർച്ച

200(853) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ നെയ്യാർബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) ബണ്ട് തകർന്നതുകാരണം ഈ പ്രദേശത്തെ ജനങ്ങൾക്കും കൃഷിക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ജലസേചന വിഭാഗത്തിൽനിന്നും ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) നെയ്യാർബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്ത് പര്യവേക്ഷണത്തിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിന് 1,24,000 രൂപയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും സെലക്ട് ചെയ്യപ്പെട്ട കരാറുകാരൻ ടി പ്രവൃത്തി ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രസ്തുത ടെണ്ടർ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് വീണ്ടും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾ**

201(854) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ സാരമായ കേടുപാടുകൾ സംഭവിച്ച വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) റെഗുലേറ്റർ പൂർണ്ണമായും പ്രവർത്തനസജ്ജമായില്ലെങ്കിൽ പട്ടാമ്പിയിലെ ഭാരതപ്പുഴയിലെ കുടിവെള്ള, ജലസേചന പദ്ധതികളെ സാരമായി ബാധിക്കുമെന്നതിനാൽ റെഗുലേറ്റർ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾക്കായി സിവിൽ പ്രവൃത്തികൾക്ക് 17 കോടി രൂപയുടെയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 1.35 കോടി രൂപയുടെയും പ്രൊപ്പോസലുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നെച്ചിക്കുറ്റിയിൽ കടലുണ്ടി പുഴയുടെ സംരക്ഷണ ഭിത്തി**

202(855) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടിലങ്ങാടി പഞ്ചായത്തിലെ 17-ാം വാർഡിൽ പടിഞ്ഞാറേ മണ്ണ് നെച്ചിക്കുറ്റി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വീടുകൾക്ക് കഴിഞ്ഞ പ്രളയത്തിൽ കടലുണ്ടി പുഴയുടെ ഇടത് കര ഇടിഞ്ഞതുമൂലം പൂർണ്ണമായും കേടുപാടുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് സംരക്ഷണ ഭിത്തി സ്ഥാപിക്കുന്നതിന് നിലവിൽ വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ ഫയൽ നടപടി പുരോഗമിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സംരക്ഷണ ഭിത്തി സ്ഥാപിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) 60 മീറ്റർ നീളത്തിൽ 3 മീറ്റർ ഉയരത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രാധാന്യവും ഫണ്ട് ലഭ്യതയും അനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മാഞ്ഞൂരിൽ എം.വി.ഐ.പി.-യുടെ സ്ഥലത്ത് അങ്കണവാടി നിർമ്മാണം**

203(856) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ രണ്ട്, ഒമ്പത് വാർഡുകളിൽ അങ്കണവാടി നിർമ്മിക്കുന്നതിലേക്കായി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ വെറുതെ കിടക്കുന്ന സ്ഥലം വിട്ടുനൽകണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനത്തിൽ ജലസേചന വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഫയൽ നമ്പർ 4254564/2020/ ഡബ്ല്യൂ.ആർ.ഡി./ഐ.ആർ.-ൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) അങ്കണവാടി കെട്ടിടനിർമ്മാണത്തിന് സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഈ വിഷയത്തിൽ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന് 2-3-2020-ലെ ഐ.ആർ. 1-20-2020 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂജലത്തിന്റെ തോത് സംബന്ധിച്ച പഠനങ്ങൾ**

204(857) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭൂജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംവിധാനം ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഭൂജലനിരപ്പ് പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തീരെ അപര്യാപ്തമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഭൂജലത്തിന്റെ തോത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കണ്ടെത്തലുകൾ, ഭൂജലത്തിന്റെ തോതും സ്ഥലങ്ങളും സംബന്ധിച്ച വിശദാംശം എന്നിവ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഭൂജല വകുപ്പ് നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ സുസ്ഥിരമാക്കുന്നതിന് ഭൂജലസംപോഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ശുദ്ധജല പദ്ധതികളുടെ നടത്തിപ്പ്

205(858) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിഹിതം ചെലവഴിക്കാൻ പണമില്ലാത്തതിനാൽ കേന്ദ്ര ജലവിതരണ പദ്ധതി കേരളത്തിന് നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിൽ ശുദ്ധജലമെത്തിക്കാനുള്ള ജൽജീവൻ പദ്ധതി കേരളത്തിൽ തുടങ്ങിയിട്ടുണ്ടോ; ഈ പദ്ധതി കേരളത്തിൽ എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജല അതോറിറ്റി സമർപ്പിച്ച 155 കോടി രൂപയുടെ സംസ്ഥാന പദ്ധതികൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് സഹകരണ ബാങ്കിൽ നിന്നോ ഹഡ്കോയിൽനിന്നോ വായ്പയെടുക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) കേന്ദ്രജലവിതരണ പദ്ധതികളുടെ മാർഗ്ഗനിർദ്ദേശപ്രകാരം ആകെ തുകയുടെ 60 ശതമാനം വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് രണ്ടാം ഗഡു ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിന്റെ കേന്ദ്രവിഹിതം നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നില്ല.

(ബി) 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാവർക്കും ശുദ്ധജലം എന്ന ദൗത്യം സാധൂകരിക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകൾക്കും ഫംഗ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) സ്ഥാപിച്ച് പ്രതിദിനം 55 ലിറ്റർ ആളോഹരി ഉപയോഗം കണക്കാക്കി ശുദ്ധജലം ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജൽ ജീവൻ മിഷൻ. കേരളത്തിൽ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്:

1. കുടിവെള്ള കണക്ഷനുകളുടെയും മറ്റ് സ്രോതസ്സുകളുടെയും ശരിയായ കണക്കെടുത്ത് ജിയോ ടാഗ് ചെയ്യുക.
2. നിലവിൽ കണക്കിൽപ്പെടാത്ത കണക്ഷനുകളുണ്ടെങ്കിൽ അവയെ ക്രമീകരിക്കുക.
3. നിലവിലെ പദ്ധതികൾ പൂരിതാവസ്ഥയിൽ എത്തിക്കുക.
4. നിലവിൽ നിർമ്മാണത്തിലുള്ള പദ്ധതികളുടെ വിതരണ ശൃംഖല പൂർത്തിയാക്കി കണക്ഷനുകൾ നൽകുക.

   വരുമാന രഹിത ജലത്തിന്റെ അളവ് കുറയ്ക്കുകയും ഇതുവഴി ലഭിക്കുന്ന ജലം ഉപയോഗപ്പെടുത്തി അധിക കണക്ഷനുകൾ നൽകുകയും ചെയ്യുക.
5. സമഗ്ര ജലവിതരണ പദ്ധതികളുടെ ശുദ്ധീകരണ ശാലകളിൽനിന്നുള്ള ജലം ഉപയോഗപ്പെടുത്തി പഞ്ചായത്തുകൾക്ക് ബൾക്ക് വാട്ടർ സപ്ലൈ സംവിധാനത്തിലൂടെ ജലവിതരണം നടത്തുക.
6. ജലദൗർലഭ്യമുള്ളതും ദീർഘനാളായി ടാങ്കറുകളിൽ കുടിവെള്ളം നൽകുന്നതുമായ സ്ഥലങ്ങളിൽ പുതിയ കുടിവെള്ള വിതരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
7. എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം നൽകുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിലുള്ള കുടിവെള്ള വിതരണ സംവിധാനം നിർമ്മിക്കുക.

8. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, വിപുലീകരിക്കലും നടത്തി കുടിവെള്ള വിതരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പ് വരുത്തുവാൻ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.

9. എല്ലാ ഭവനങ്ങൾക്കും കുടിവെള്ളം നൽകുന്നതിനുവേണ്ടി ആവശ്യമായ സ്ഥലങ്ങളിൽ ട്രീറ്റ്മെന്റ് പ്ലാന്റും വിതരണ സംവിധാനവുമുള്ള ബൾക്ക് വാട്ടർ പദ്ധതി സംവിധാനം ഉപയോഗപ്പെടുത്തുക.

10. ജലഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങളിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി സാങ്കേതികമായ ഇടപെടലുകൾ നടത്തുക.

11. ഇപ്പോൾ നടപ്പിലാക്കുന്നതും പൂർത്തിയായതുമായ പദ്ധതികളിലൂടെ ഒരു വ്യക്തിക്ക് 55 LPCD എങ്കിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.

12. ഗ്രേവാട്ടർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടത്തുക.

13. IEC, മനുഷ്യ വിഭവശേഷി വികസനം, പരിശീലനം, നിലവിലുള്ള വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറീസിന്റെ ഉപയോഗം, ജലമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ, Knowledge സെന്ററുകൾ, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുക.

14. 2024 ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ളം നൽകുന്നതിനുവേണ്ടി മുൻകൂട്ടി കാണുവാൻ കഴിയാത്ത വെല്ലുവിളികൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ നേരിടുവാൻ ആവശ്യമായ നടപടികൾ.

(സി) ജല അതോറിറ്റി സമർപ്പിച്ച 155 കോടിരൂപയുടെ സംസ്ഥാന പദ്ധതികൾക്ക് ഭരണാനുമതി നൽകിയെങ്കിലും പിന്നീട് റദ്ദാക്കി. 2019-20-ൽ കേന്ദ്രം ജൽ ജീവൻ മിഷനിൽ അനുവദിച്ച ഫണ്ടിന്റെ സംസ്ഥാന വിഹിതവും ചേർത്ത തുക ബഡ്ജറ്റ് ഹെഡ്ഡിൽ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഭരണാനുമതി റദ്ദാക്കിയത്.

(ഡി) സഹകരണ ബാങ്കിൽനിന്നും വായ്പ എടുക്കുന്നതിനായി പ്രാഥമിക ചർച്ചകൾ നടത്തി പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും ബാങ്കിൽനിന്ന് വായ്പയൊന്നും ലഭിച്ചിട്ടില്ല.

**കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

206(859) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കുമായി 2019-20 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിരുന്നോ യെന്ന് വ്യക്തമാക്കാമോ;

(ബി) പിന്നീട് അധികം തുക ആവശ്യപ്പെട്ടിരുന്നോ എന്നും എങ്കിൽ എത്ര തുകയാണാവശ്യപ്പെട്ടതെന്നും തുക അനുവദിച്ചു കിട്ടിയിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക പര്യാപ്തമായിരുന്നോ എന്നും ഇല്ലെങ്കിൽ പദ്ധതി തുക പദ്ധതിയേതര ചെലവുകൾക്കായി വക മാറ്റേണ്ടിവന്നിരുന്നോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ശമ്പളം, പെൻഷൻ, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 356.72 കോടി രൂപ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

(ബി) 478.89 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയും (SDG) 182.80 കോടി രൂപ പെൻഷൻ ബാധ്യതകൾ തീർക്കുവാൻ വേണ്ടിയും സർക്കാരിനോട് അധികമായി അഭ്യർത്ഥിച്ചിരുന്നെങ്കിലും ഇവ അനുവദിച്ച് നൽകിയിട്ടില്ല.

(സി) അനുവദിച്ച തുക അപര്യാപ്തമാണ്. പദ്ധതി തുക പദ്ധതിയേതര ചെലവുകൾക്കായി വക മാറ്റിയിട്ടില്ല.

**കാലഹരണപ്പെട്ട പൈപ്പുകൾ പുനഃസ്ഥാപിക്കുന്ന നടപടി**

207(860) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസനത്തിന്റെ ഫലമായി ശുദ്ധ ജലവിതരണ പൈപ്പുകൾ പലപ്പോഴും പല റോഡുകളുടെയും മദ്ധ്യത്തിലൂടെയാണ് കടന്ന് പോകുന്നതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റുമ്പോൾ അറ്റകുറ്റപ്പണികൾ എളുപ്പത്തിൽ നടത്തുവാൻ കഴിയുന്ന രീതിയിൽ ഇവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കാലഹരണപ്പെട്ട പൈപ്പുലൈനുകൾ പുനഃസ്ഥാപിക്കുമ്പോൾ അറ്റകുറ്റപ്പണികൾ സുഗമമാക്കുന്നതിനുവേണ്ടി പൈപ്പ് ഡക്റ്റ് ഉള്ള സ്ഥലങ്ങളിൽ ഇവയിലൂടെയും അല്ലാത്തിടങ്ങളിൽ പരമാവധി റോഡിന്റെ അരിക് ചേർന്നുമാണ് (റോഡ് ബേം) പൈപ്പുകൾ സ്ഥാപിക്കുന്നത്.

## ഗ്രാമീണ മേഖലയിലെ ഭവനങ്ങളിലെ ശുദ്ധജലം

208(861) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഗ്രാമീണമേഖലയിലെ എത്ര ശതമാനം വീടുകളിലാണ് പൈപ്പ് വഴി ശുദ്ധജലം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥ പ്രകാരം സംസ്ഥാന സർക്കാർ മുടക്കുന്ന തുകയ്ക്ക് തുല്യമായ തുക കേന്ദ്രം അനുവദിക്കണമെന്നുണ്ടോ;

(ഡി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം സംസ്ഥാന വിഹിതമായ തുക നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഇ) കഴിഞ്ഞ വർഷം അനുവദിച്ച 170 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത ദേശീയ ഗ്രാമീണ ജലവിതരണ പദ്ധതി (എൻ.ആർ.ഡി.ഡബ്ല്യു.പി.)യിൽ നിലവിൽ എത്ര തുകയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്; പ്രസ്തുത കുടിശ്ശിക നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിലവിൽ ഗ്രാമീണ മേഖലയിൽ കേരള ജലഅതോറിറ്റി മുഖേന ഏകദേശം 22 ശതമാനം വീടുകളിൽ പൈപ്പ് വഴി ശുദ്ധജലവിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമെ ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ മുഖാന്തരം നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾകൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 33 ശതമാനത്തോളം വീടുകളിൽ പൈപ്പ് വഴി ശുദ്ധജലവിതരണം ചെയ്യുന്നുണ്ട്.

(ബി) 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ ജൽജീവൻ മിഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(സി) ഇല്ല. കേന്ദ്രസർക്കാരിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള കേന്ദ്രവിഹിതം മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കി തുക സംസ്ഥാന സർക്കാർ മുടക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) 2018-19-ലും 2019-20-ൽ ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ച തുക കൊണ്ട് ബിൽ കുടിശ്ശിക തീർത്തതിനുശേഷം നിലവിൽ എൻ.ആർ.ഡി.ഡബ്ല്യു.പി. സ്കീമിൽ 35.82 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്. 2019-20 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ അനുവദിച്ച ഒന്നാം ഗഡു തുക സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് ആകെ തുകയുടെ 60 ശതമാനം ചെലവഴിച്ച് സാക്ഷ്യപത്രം കേന്ദ്രസർക്കാരിൽ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽനിന്നും രണ്ടാം ഗഡു അനുവദിക്കുന്ന മുറയ്ക്ക് ബാക്കി തുക കുടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാൻ കഴിയുന്നതാണ്.

**കിഫ്ബി മുഖേന കുടിവെള്ള പദ്ധതികൾ**

209(862) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കിഫ്ബി മുഖേന എത്ര കോടി രൂപയുടെ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബി മുഖാന്തരം ഈ സാമ്പത്തിക വർഷം അനുവദിച്ച കുടിവെള്ള പദ്ധതികളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിൽനിന്നും 69 പദ്ധതികൾക്കായി 4351.553 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയുടെ ധനസഹായ അനുമതിയും ലഭ്യമായിട്ടുണ്ട്. ഇവയിൽ 6 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽനിന്നും 382.64 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയാണ്. കൂടാതെ കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി 34 കുടിവെള്ള പദ്ധതികൾക്ക് 2391.406 കോടി രൂപയുടെ ധനസഹായ അനുമതിയും കിഫ്ബി 2018-19-ൽ ഉൾപ്പെടുത്തി 2 കുടിവെള്ള പദ്ധതികൾക്ക് 320.407 കോടി രൂപയുടെ ധനസഹായ അനുമതിയും ലഭ്യമായിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഇതുവരെ ലഭ്യമാകാത്ത പദ്ധതികളൊഴികെ ശേഷിക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്.

(ബി) കിഫ്ബി മുഖാന്തരം ഈ സാമ്പത്തിക വർഷം അനുവദിച്ച കുടിവെള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു*.

**ജപ്പാൻ കുടിവെള്ള പദ്ധതി**

210(863) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കാലാവധി അവസാനിച്ചത് എന്നാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിയമിച്ച അധിക ജീവനക്കാർ നിലവിൽ ഏതെല്ലാം ഓഫീസുകളിലാണ് ജോലി ചെയ്യുന്നതെന്നും ഏതെല്ലാം തസ്തികയിലെ എത്ര ജീവനക്കാരാണ് ഇപ്രകാരം ജോലിയിൽ തുടരുന്നത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ലോൺ കാലാവധി 27-7-2015-ന് അവസാനിച്ചു. ശേഷിക്കുന്ന പണികൾ ഇപ്പോൾ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ബി) ജിക്ക പദ്ധതിയിൽ ഉൾപ്പെട്ട മീനാടും കോഴിക്കോടും പദ്ധതികളിലെ വിതരണശൃംഖലകളുടെ ബാക്കി പണികൾ നടന്നുവരുന്നു.

മീനാട് പദ്ധതിയുടെ ആദ്യകരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 2012-ൽ M/s Tecpro Infra Projects Ltd, Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽ M/s Tecpro Infra Projects Ltd പണികൾ യഥാസമയം തീക്കുന്നതിന് വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31-7-2017-ൽ അനവസാനിപ്പിക്കുകയുണ്ടായി. അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി M/s Tecpro-യുടെ റിസ്ക് ആന്റ് കോസ്റ്റ് അടിസ്ഥാനത്തിൽ ഒക്ടോബർ 2018-ൽ M/s Shibu Zacharia Multitech Services JV-ക്ക് 38.99 കോടി രൂപയ്ക്ക് നൽകി. ഇപ്പോൾ പണികൾ നടന്നുവരുന്നു. 2020 ഏപ്രിലിൽ ഇവരുടെ കരാർ അവസാനിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോഴിക്കോട് പദ്ധതിയുടെ ആദ്യകരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 2012-ൽ M/s Shriram EPC Ltd എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. രണ്ട് പാക്കേജുകളിലായി P3R1-75 കോടി രൂപയും P3R2-92.10 കോടി രൂപയുമാണ് കരാർ നൽകിയിട്ടുള്ളത്. പ്രസ്തുത പണികൾ ഇപ്പോൾ നടന്നുവരുന്നു. 2020 മാർച്ചിൽ ഇവരുടെ കരാർ അവസാനിക്കും.

(സി) ജിക്ക പദ്ധതി പൂർണ്ണതോതിൽ നടന്നുവന്നിരുന്ന സമയത്ത് ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ നൂറോളം ജീവനക്കാർ ചീഫ് എഞ്ചിനീയർ ഓഫീസിലും അഞ്ച് പ്രോജക്ട് മേഖലാ ഓഫീസുകളിലുമായി ജോലി ചെയ്തിരുന്നു. ലോൺ കാലാവധി അവസാനിക്കുകയും പദ്ധതി പൂർത്തീകരണത്തിലേക്കെത്തുകയും ചെയ്ത അവസ്ഥയിൽ പദ്ധതിക്കുവേണ്ടി മാത്രം ഉണ്ടായിരുന്ന ചീഫ് എഞ്ചിനീയറെ, ചീഫ് എഞ്ചിനീയർ (പി&ഒ) ആയി നിയമിച്ച് ജിക്ക പ്രോജക്ടിൽ അവശേഷിക്കുന്ന പണികൾ അധിക ചുമതലയായി മാത്രം നൽകുകയും ചെയ്തു. കൂടാതെ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ 15 ജീവനക്കാരെ മാത്രം നിലനിർത്തുകയും ശേഷിക്കുന്ന ജീവനക്കാരെ വിവിധ ഓഫീസികളിലേക്ക് പുനർ വിന്യസിക്കുകയും ചെയ്തു. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ 24x7 കുടിവെള്ള പദ്ധതി ADB ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ, ഡി.പി.ആർ. പ്രിപ്പറേഷൻ ഇവയിലേക്കാവശ്യമായി മേൽപ്പറഞ്ഞ 15 ജീവനക്കാരെ കേരള വാട്ടർ അതോറിറ്റി പുനർവിന്യസിക്കുകയുണ്ടായി. അവർക്ക് ജിക്ക പദ്ധതിയുടെ ബാക്കി പണികളുടെ അധിക ചുമതലയും നൽകി. നിലവിൽ ജിക്ക പദ്ധതികൾക്ക് മാത്രമായി ജീവനക്കാർ ആരും തന്നെയില്ല.

**തീരദേശ മേഖലയിൽ ശുദ്ധജലം ഉറപ്പാക്കുന്നതിനുള്ള മുൻകരുതലുകൾ**

211(864) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ മേഖലയിൽ ശുദ്ധജലം ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) തീരദേശജനതയ്ക്ക് ഏത് കാലാവസ്ഥയിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് സമഗ്രവും ശാശ്വതവുമായ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ മേഖലയിൽ നിലവിലുള്ള പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ മുഖേന കുടിവെള്ള വിതരണം ചെയ്യാനുള്ള സംവിധാനമുണ്ട്. തീരദേശ മേഖലയുൾപ്പെടെ എല്ലാ മേഖലയിലും വേനൽകാലത്ത് ശുദ്ധജലം ഉറപ്പാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സ്രോതസ്സുകളിൽ ലഭ്യമായ ജലം സംരക്ഷിക്കുന്നതിനും ധാതുലവണത്തിന്റെ കടന്നുകയറ്റം തടയുന്നതിനും താത്കാലിക തടയണ നിർമ്മിക്കൽ, കിണറുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, വാൽവുകൾ ക്രമീകരിച്ചും, പമ്പിങ് സമയം ദീർഘിപ്പിച്ചും ജലവിതരണം ഉറപ്പാക്കൽ തുടങ്ങിയവ സാഹചര്യമനുസരിച്ച് ചെയ്തുവരുന്നു. പദ്ധതിയുടെ സ്രോതസ്സുകളിൽ ആവശ്യത്തിന് ജലമെത്തിക്കാൻ ഇറിഗേഷൻ, KSEB മുതലായ വകുപ്പുമായുള്ള ഏകോപന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ജല വിതരണം പൈപ്പ് ലൈനിലൂടെ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ടാങ്കർ ലോറികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പൈപ്പ് ലൈനിൽ ഉണ്ടാകുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിച്ചും പമ്പ്, മോട്ടോർ, വാൽവുകൾ എന്നിവയിലുണ്ടാകുന്ന തകരാറുകൾ അടിയന്തരമായി പരിഹരിച്ചും ശുദ്ധജല വിതരണം ഉറപ്പാക്കുന്നു.

(ബി) ശുദ്ധജല പദ്ധതികൾ തീരദേശ ജനതയ്ക്കുവേണ്ടി മാത്രമായി സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി പ്രാദേശികമായി വിഭാവനം ചെയ്യുന്നില്ലെങ്കിലും വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി (സ്റ്റേറ്റ് പ്ലാൻ, KIIFB, അമൃത്) സമഗ്ര കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ തീരദേശ ജനതയ്ക്കുംകൂടി പ്രയോജനകരമാകുന്ന രീതിയിലാണ് പദ്ധതിരേഖ ഉണ്ടാക്കുന്നത്. ഇതു കൂടാതെ കേരള സംസ്ഥാന തീരദേശ കോർപ്പറേഷന്റെ ഡെപ്പോസിറ്റ് ഉപയോഗപ്പെടുത്തി തീരദേശ ജനതയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നുണ്ട്.

**വരൾച്ച നേരിടാൻ നടപടി**

212(865) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂട് ക്രമാതീതമായി വർദ്ധിച്ചതും ഭൂഗർഭ ജലവിതാനം വലിയ തോതിൽ കുറഞ്ഞതും കാരണം സംസ്ഥാനം കടുത്ത കുടിവെള്ളക്ഷാമം നേരിടേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫെബ്രുവരി തുടക്കത്തിൽതന്നെ സംസ്ഥാനത്തെ ഭൂരിഭാഗം ജലാശയങ്ങളിലും ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന സാഹചര്യത്തിൽ മാർച്ച് മാസത്തിൽതന്നെ വരൾച്ച രൂക്ഷമാകാൻ സാധ്യതയുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന് കേന്ദ്ര ജലവിഭവ കേന്ദ്രം മുന്നറിയിപ്പ് നൽകുന്നുണ്ടോ; എങ്കിൽ വരൾച്ചയെ നേരിടാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചൂട് ക്രമാതീതമായി വർദ്ധിച്ചതും ഭൂഗർഭ ജലവിതാനം കുറഞ്ഞതും കാരണം സംസ്ഥാനം കുടിവെള്ളക്ഷാമം നേരിടേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ജലാശയങ്ങളിലെ ജലനിരപ്പ് താഴ്ന്ന് പമ്പിംഗിന് ആവശ്യമായ ജലം ലഭ്യമാകാത്ത സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് നദികളിൽ താത്കാലിക തടയണകൾ നിർമ്മിക്കുകയും സ്ഥിരം തടയണകളിൽ ഷട്ടർ ഇടുകയും ചെയ്യാറുണ്ട്. കൂടാതെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ റിസർവോയറിൽനിന്ന് കനാൽ വഴി പദ്ധതിയുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്രോതസ്സിൽ ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനും താത്കാലിക തടയണ നിർമ്മിച്ചുവരുന്നുണ്ട്. കൂടാതെ കാലപ്പഴക്കംചെന്ന വിതരണ ശൃംഖല മാറ്റിസ്ഥാപിക്കൽ ജല ലഭ്യതയുള്ള പദ്ധതി പ്രദേശത്തുനിന്ന് പൈപ്പ് ലൈൻ നീട്ടി ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലത്തേക്ക് ജലം എത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. പമ്പ്, മോട്ടോർ എന്നിവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ചും സ്റ്റാൻഡ്ബൈ പമ്പ് സെറ്റുകൾ പ്രവർത്തന ക്ഷമമാക്കിയും കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുവാൻ ശ്രദ്ധ ചെലുത്തുന്നുണ്ട്. കൂടാതെ വിതരണ ശൃംഖലയിലെ വാൽവുകൾ നിയന്ത്രിച്ച് പരമാവധി സ്ഥലങ്ങളിൽ ജലവിതരണം നടത്താനുള്ള ക്രമീകരണങ്ങളും ചെയ്യാറുണ്ട്. ഇതിനെല്ലാം പുറമേ കടുത്ത വരൾച്ചയുള്ള പ്രദേശങ്ങളിൽ ജല വിതരണം നടത്തുന്നതിനായി ടാങ്കർ ഫില്ലിംഗ് സ്റ്റേഷനുകൾ അധികമായി സജ്ജീകരിച്ചിട്ടുണ്ട്. സാധ്യമായ സ്ഥലങ്ങളിൽ പമ്പിംഗ് സമയം കൂട്ടി പദ്ധതി പ്രദേശത്ത് കുടിവെള്ളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന് കേന്ദ്ര ജലവിഭവ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് ലഭിച്ചിട്ടില്ല.

**വരൾച്ച നേരിടാൻ സംവിധാനം**

213(866) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച നേരിടാൻ എന്തൊക്കെ സംവിധാനങ്ങളാണ് ജലവിഭവ വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള ജലവിതരണ പദ്ധതികളുടെ പമ്പിംഗ് കിണറുകളോട് ചേർന്ന് താൽക്കാലിക തടയണകൾ നിർമ്മിച്ച് ജല ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കടുത്ത വേനലിൽ മോട്ടോർ തകരാർ മൂലം പമ്പിങ്ങ് മുടങ്ങാതിരിക്കാൻ വാട്ടർ അതോറിറ്റി സബ് ഡിവിഷനുകളിൽ അഡീഷണൽ മോട്ടോറുകൾ നൽകാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നദികളിലെയും തോടുകളിലെയും നീരൊഴുക്ക് പുനഃസ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപപ്രദേശത്തെ ഭൂജലവിതരണം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ തടയണകൾ, വിസിബി/ആർ.സി.ബി.കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ, നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർകോട് പാക്കേജ് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. കൂടാതെ ചിറകൾ, അരുവികൾ, പുഴകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയും ഉപ്പുവെള്ള ഭീഷണിയിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും ജലം ലഭ്യമാക്കുന്നുണ്ട്.

റെഗുലേറ്ററുകളും തടയണകളുംവഴി നദികളെത്തന്നെ ജലസംഭരണികളാക്കി ഒരു സമീപനം കൈക്കൊള്ളാൻ ഉദ്ദേശിച്ച് ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ള ക്ഷാമവും പരിഹരിക്കാനും ഉതകുന്നതരത്തിൽ കുറ്റ്യാടി, മീനച്ചിൽ, കടലുണ്ടി, കുപ്പ, ചുതപ്പുഴ, ഭാരതപ്പുഴ, പമ്പ, കോരപ്പുഴ, വാമനപുരം, അഞ്ചരക്കണ്ടി, മണിമല, മൂവാറ്റുപുഴ, ചന്ദ്രഗിരി, ചിത്താരി, നെയ്യാർ, അച്ചൻകോവിൽ മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. റെഗുലേറ്ററുകൾ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള

ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്ന പ്രവൃത്തികളും നടപ്പാക്കിവരുന്നു. വരൾച്ച പ്രതിരോധിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളിലൊന്നാണ് നീർത്തടാധിഷ്ഠിത ആസൂത്രണവും അതനുസരിച്ചുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി) യുടെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകൾ നവംബർ മാസത്തോടെ അടച്ച് ഫുൾ റിസർവ്വോയർ ലെവലിൽ ജലം സംഭരിച്ചിട്ടുണ്ട്. അതുവഴി ജൂൺ മാസംവരെ കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഡാമിൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണത്തിനാവശ്യമായ ജലം സംഭരിച്ചിട്ടുണ്ട്. ഇടതുകര വലതുകര കനാലുകളിലൂടെ ജലവിതരണം നടത്തിവരുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഡാമിലേക്ക് KSEB കക്കയം ടെയ്ൽ റെയ്സിൽ നിന്നുള്ള ജലം മുഴുവനായും ഒഴുകിയെത്തുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണത്തിനാവശ്യമായ ജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ കനാലുകളിലൂടെയുള്ള ജലവിതരണം ഫെബ്രുവരി മാസം മുതൽ ആരംഭിച്ചിട്ടുള്ളതിനാൽ കനാൽ കടന്നുപോവുന്ന പ്രദേശങ്ങളിൽ റീചാർജ്ജ് മുഖേന ഭൂജല വിതാനത്തിൽ ഉയർച്ച ഉണ്ടാവാൻ സഹായിക്കുന്നു. ചിറ്റൂർപ്പുഴ പദ്ധതിക്കു കീഴിലെ കനാലുകൾവഴി ജലവിതരണം നടത്തിവരുമ്പോൾ സമീപ പ്രദേശങ്ങളിലെ കുളങ്ങളിൽ ജലം ശേഖരിക്കുന്നുണ്ട്. അതുവഴി ഭൂജല വിതാനത്തിൽ വർദ്ധന ഉണ്ടാവുകയും കുടിവെള്ള ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാവുകയും ചെയ്യുന്നു. മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ ജലസംഭരണികളിൽ കുടിവെള്ളത്തിന് ആവശ്യമായ ജലശേഖരം നിലവിലുണ്ട്. കാഞ്ഞിരപ്പുഴ ഡാമിൽ പരമാവധി ജലസംഭരണം കൈവരിച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കനാലുകളിലൂടെ ആയക്കെട്ട് പ്രദേശങ്ങളിൽ പൂർണ്ണമായി ജലവിതരണം നടത്താൻ ആവശ്യമായ ജലം ലഭ്യമാണ്.

സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയെ നേരിടാൻ ജലവിതരണ പദ്ധതികളിലെ നിലവിലുള്ള വിതരണ ശൃംഖലകളിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പുകളുടെയും മോട്ടോറുകളുടെയും അറ്റകുറ്റപ്പണികൾ കൃത്യമായി ഇടവേളകളിൽ നടത്തി പമ്പിംഗ് തടസ്സപ്പെടാതെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം നടത്തുന്നുണ്ട്. പദ്ധതിയിലെ

വിതരണ ശൃംഖലകളിൽ ജലലഭ്യത കുറവുള്ള ഭാഗങ്ങൾ കണ്ടെത്തി ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങളുമായി കൂടിയോജിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. വിതരണ ശൃംഖല ഇല്ലാത്ത മേഖലകളിൽ വിവിധ പദ്ധതികളിലൂടെ വിതരണ ശൃംഖല സ്ഥാപിച്ചുവരുന്നു. പദ്ധതികളിൽ നിലവിലുള്ള ഓപ്പറേറ്റിംഗ് വാൽവുകൾ സമയബന്ധിതമായി ക്രമീകരിച്ച് പദ്ധതികളിലെ ഉയർന്ന പ്രദേശങ്ങളിലും ജല ലഭ്യത കുറവുള്ള പ്രദേശങ്ങളിലും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ടാങ്കർ ലോറികളിൽ ജല വിതരണം ചെയ്യുന്നതിനായി ഹൈഡ്രന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജല മോഷണവും ജലദുരുപയോഗവും തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് ഡാമിന്റെ കനാലുകൾ ആവശ്യാനുസരണം തുറന്നും കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിലേക്ക് അധികജലം എത്തിച്ചും കുടിവെള്ളം അധികമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പമ്പിംഗ് സമയം ദീർഘിപ്പിച്ചും പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചും കിണറുകളിലെ മണ്ണും ചെളിയും നീക്കം ചെയ്തും അവശ്യസ്ഥലങ്ങളിൽ പുതിയ ട്യൂബ് വെൽ നിർമ്മിച്ചും അധികജലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും ഭൂജലലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികളും വരൾച്ച ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 3 കോടി രൂപ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 46 ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികൾ, 82 കുഴൽക്കിണർ നിർമ്മാണം, 180 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 193 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 12 ചെറുകിട കുടിവെള്ള പദ്ധതികൾ, 3 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികൾ, 22 കുഴൽക്കിണറുകളുടെ നിർമ്മാണം, 178 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 82 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികൾ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. 14254 ഉപഭോക്തൃ കുടുംബങ്ങൾക്കും മൂന്നു സ്ഥാപനങ്ങൾക്കും പ്രസ്തുത പദ്ധതി വഴി പ്രയോജനം ലഭിച്ചിട്ടുണ്ട്.

ജലനിധി പദ്ധതിയിൽ ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ജലനിധി രണ്ടാം ഘട്ടം പൂർത്തിയാക്കിയ 2169 പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് ജലവിതരണം നടത്തിവരുന്നു. മാത്രവുമല്ല ജലനിധി ഒന്നാം ഘട്ടം നടപ്പിലാക്കിയതിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത 924 പദ്ധതികൾ പുനരുദ്ധരിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ state Plan fund ഉപയോഗിച്ച് ചെയ്തുവരുന്നു.

ലഭ്യമായ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചും ജല ഉപഭോഗം നിയന്ത്രിച്ചും കടുത്ത ജലക്ഷാമം നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ജലനിധി പദ്ധതിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) വേനൽക്കാലത്ത് ജലലഭ്യത കുറവുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ താല്ക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കരമന, നെയ്യാർ എന്നീ നദികളിൽ സ്ഥായിയായതും താത്കാലികവുമായ തടയണയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ കുളത്തൂപ്പുഴയാറിലും ഇത്തിക്കരയാറിലും തടയണയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലടയാറ്റിൽ സ്ഥായിയായ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. പത്തനംതിട്ടയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ ഇൻടേക്ക് വെല്ലിനു സമീപം താത്കാലിക തടയണ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടയം ജില്ലയിലെ പാല ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിൽ താല്ക്കാലിക തടയണ പണിത് ജലം സംഭരണ കിണറുകളിൽ എത്തിക്കുന്നതിനായി പദ്ധതിയുണ്ട്. കാസർകോഡ് ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ കാര്യങ്കോട് പുഴയിലും ചെറിയപുഴയിലും തടയണകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ജില്ലയിലെതന്നെ കരിച്ചേരി പുഴയിലും ഉപ്പള പുഴയിലും ഷിറിയ പുഴയിലും തടയണകൾ നിർമ്മിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായി ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി

ബാരേജ് ഉപയോഗിക്കുന്നു. ജില്ലയിലെതന്നെ മറ്റ് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ അഞ്ചരക്കണ്ടി പുഴയിൽ തടയണ നിലവിലുണ്ട്. കോഴിക്കോട് ജില്ലയിൽ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ രണ്ടും വയനാട് ജില്ലയിൽ നാല് തടയണകളും നിലവിലുണ്ട്. മലപ്പുറം ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ ചാലിയാർ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, തൂതപ്പുഴ എന്നിവയിൽ സ്ഥിരം തടയണകളുണ്ട്. പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ ഒരു ചെക്ക് ഡാം നിർമ്മിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ തൂതപ്പുഴയ്ക്കും കരിമ്പുഴക്കും കുറുകെ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം ഘട്ടമായി നടപ്പാക്കിയ ജലനിധി പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടി പദ്ധതികളുടെ സ്രോതസ്സുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് താത്കാലിക തടയണകൾ പ്രയോജനപ്പെടുമെങ്കിൽ നിർമ്മിക്കുന്നതാണ്.

ഭൂജലവകുപ്പ് ചെറുകിട നീർത്തടാധിഷ്ഠിതമായി ചെറിയ തടയണകളുടെ നിർമ്മാണം 2019-20 സാമ്പത്തിക വർഷത്തിലെ "ഭൂജല സംരക്ഷണവും സംപോഷണവും" പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത ബ്ലോക്കായ ചിറ്റൂരിൽ വടകരപതി പഞ്ചായത്തിലെ എരിക്കലംപാറ തോടിൽ അഞ്ച് തടയണകളുടെ നിർമ്മാണം നടപ്പിലാക്കുന്നതിന് ഭൂജലവകുപ്പ് 40.80 ലക്ഷം രൂപയുടെ സാങ്കേതികാനുമതി പാലക്കാട് ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ തോടിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തടയണകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ പുരോഗമിക്കുന്നു.

(സി) വാട്ടർ അതോറിറ്റിയുടെ എല്ലാ പമ്പ് ഹൗസുകളിലും കുറ്റമറ്റ രീതിയിൽ പമ്പ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പമ്പ്, മോട്ടോർ എന്നിവയുടെ അറ്റകുറ്റപ്പണികൾ സമയ ബന്ധിതമായി തീർക്കുവാനും സ്റ്റാൻഡ്ബൈ പമ്പ്/മോട്ടോർ പ്രവർത്തന ക്ഷമമാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തരഘട്ടത്തിൽ പുതിയവ വാങ്ങുവാനുള്ള പദ്ധതി നിർദ്ദേശങ്ങൾ പ്രാദേശിക സാഹചര്യവും മുൻഗണനാക്രമവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് പരിഗണിക്കുന്നതാണ്.

## കുടിവെള്ളക്ഷാമം നേരിടാൻ നടപടി

214(867) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനലിൽ സംസ്ഥാനത്ത് രൂക്ഷമായികൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമം നേരിടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കുട്ടനാട്, അപ്പർ കുട്ടനാട്, ചെങ്ങന്നൂരിന്റെ ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോയെന്നറിയിക്കാമോ?

ഉത്തരം

(എ) കടുത്ത വേനലിൽ സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം നേരിടുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻടേക്ക് പോയിന്റിന് സമീപം താൽകാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ച് ബാക്കിയുള്ള ജലം മാത്രം കനാലുകളിലൂടെ തുറന്ന് വിടുക. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക, കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുക. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടാവുന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുക കൂടുതൽ പമ്പിങ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുക, ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ നവീകരണ പ്രവൃത്തികളും വിതരണ ശൃംഖല ശക്തിപ്പെടുത്തലും ഘട്ടം ഘട്ടമായി നടപ്പാക്കുക. ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക, അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിംഗ് പോയിന്റുകൾ ഏർപ്പെടുത്തുക, ഉപേക്ഷിച്ച പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ

താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും ചെയ്യുക എന്നിവയാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരുന്ന ജലനിധി പദ്ധതിയുടെ കാലാവധി 2019 ജൂണിൽ അവസാനിച്ചു. രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കിയ 2169 പദ്ധതിയിലൂടെ ജല വിതരണം നടത്തിവരുന്നു. എന്നാൽ ജലനിധി ഒന്നാം ഘട്ടം നടപ്പിലാക്കിയതിൽ ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത 924 പദ്ധതികൾ പുനരുദ്ധരിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ state Plan fund ഉപയോഗിച്ച് ചെയ്തുവരുന്നു. ലഭ്യമായ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചും ജല ഉപഭോഗം നിയന്ത്രിച്ചും കടുത്ത ജലക്ഷാമം നേരിടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ജലനിധി പദ്ധതിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കെ.ആർ.ഡബ്ല്യു.എസ്.എ. യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മുഖാന്തിരം നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച് നൽകുന്നുണ്ട്. മഴക്കാലത്ത് സംഭരിച്ചു വയ്ക്കുന്ന മഴവെള്ളം വേനൽ മാസങ്ങളിൽ ചിട്ടയോടെ ഉപയോഗിക്കുവാൻ സാധിക്കുന്നതിലൂടെ വേനൽ മാസങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ സഹായകരമാകുന്നുണ്ട്.

നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 10 ഗ്രാപഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപ്പർ കുട്ടനാട്ടിലെ പഞ്ചായത്തുകളായ നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങര എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ 14 MLD ശുദ്ധീകരണശാല പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ടുള്ള നിരണം, കടപ്ര പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയ്ക്ക് നബാർഡിൽ 20 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുട്ടനാട് അപ്പർ കുട്ടനാട്, ചെങ്ങന്നൂരിന്റെ ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി 3 പദ്ധതികളുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(i) കുട്ടനാട് മേഖലയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതി ഘട്ടം -2.

(ii) ആല, പുലിയൂർ ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെണ്മണി പഞ്ചായത്തുകളിലേക്കും ചെങ്ങന്നൂർ നഗരസഭയ്ക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

(iii) ആലപ്പുഴ മുനിസിപ്പാലിറ്റി, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത് പഞ്ചായത്തുകളിലെ വിതരണ ശൃംഖല വിപുലീകരണം

ഇതിൽ ചെങ്ങന്നൂർ പദ്ധതിയുടെ പാക്കേജ്-1-ന്റെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കിവരുന്നു. Land acquisition-ന് നടപടികൾ സ്വീകരിച്ചുവരുന്നു.

കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശങ്ങളിൽ ഉൾപ്പെടുന്ന നീലംപേരൂർ, രാമങ്കരി, എടത്വ, കാവാലം, പുളിങ്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജലനിധി 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ളസംഭരണി നിർമ്മിച്ചു നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ നാല് പഞ്ചായത്തുകളിലായി 725 കുടുംബങ്ങൾക്കാണ് കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലായി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളത്.

**ജൽജീവൻ മിഷൻ**

215(868) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജൽജീവൻ മിഷൻ' പദ്ധതി നടത്തിപ്പിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക എത്രയെന്നും ഈ പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയെന്നും അറിയിക്കാമോ;

(ബി) ജൽജീവൻ മിഷനിൽ സംസ്ഥാനത്തെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(സി) കുടിവെള്ള വിതരണത്തിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക, അതിൽ ചെലവഴിച്ച തുക എന്നിവ അറിയിക്കാമോ?

ഉത്തരം

(എ) 'ജൽജീവൻ മിഷൻ ' പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 248.76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന അനുപാതം 50:50 ആണ്.

(ബി) ജൽ ജീവൻ മിഷനിൽ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ മേഖലയിൽ നിലവിലുള്ള ജലവിതരണ ശൃംഖലകളിൽനിന്ന് കണക്ഷൻ നൽകുന്നതിനും ജല വിതരണ പൈപ്പുകളില്ലാത്ത പ്രദേശങ്ങളിൽ പുതുതായി വിതരണ ശൃംഖല സ്ഥാപിച്ച് കണക്ഷനുകൾ നൽകുന്നതിനുമുള്ള പ്രവൃത്തികൾക്കായുള്ള പദ്ധതികൾ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുടിവെള്ള വിതരണത്തിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്നും ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഗഡുവായി 101.29 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാന സർക്കാർ 50 കോടി രൂപ സർക്കാർ നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിക്ക് സംസ്ഥാന വിഹിതമായും കേന്ദ്ര വിഹിതവുമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽനിന്നും 152.58 കോടി രൂപ താൽക്കാലികമായി ജൽജീവൻ മിഷൻ പദ്ധതി നടത്തിപ്പിന് ഉപയോഗിക്കുവാൻ നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കുകൾക്കായി നിക്ഷേപിച്ച തുകയിൽനിന്നും 75 കോടി രൂപ താല്ക്കാലികമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 125 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

**അരുവിക്കരയിലെ കുടിവെള്ള പ്ലാന്റിന്റെ നടത്തിപ്പ്**

216(869) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ അരുവിക്കരയിൽ നിർമ്മാണം പൂർത്തിയായ കുടിവെള്ള പ്ലാന്റിന്റെ നടത്തിപ്പ് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കാണ് കൈമാറുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിക്ക് വൻ ലാഭം ലഭിക്കുമായിരുന്ന ഈ പദ്ധതി കൈമാറുന്നതിനുള്ള തീരുമാനം എടുത്തത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്ലാന്റ് കൈമാറ്റത്തിനെതിരെ ജീവനക്കാർ പ്രതിഷേധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 16 കോടി രൂപയോളം മുതൽ മുടക്കിയാണ് പ്രസ്തുത പ്ലാന്റിന്റെ ഇതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. സ്വകാര്യ കമ്പനികൾ വിപണിയിൽ വിറ്റഴിക്കുന്ന ചില കുപ്പിവെള്ള സാമ്പിളുകളുടെ ഗുണമേന്മയെക്കുറിച്ച് പരാതികൾ ഉയർന്നിരുന്നു. ആയതിനാൽതന്നെ ജനങ്ങളുടെ ആരോഗ്യത്തെ വളരെ സാരമായി ബാധിക്കാൻ സാധ്യതയുള്ള കുപ്പിവെള്ള വിപണന മേഖലയിൽ സർക്കാരിന്റേതായ ഇടപെടലുകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. കൂടാതെ ഇത്രയും വലിയ സാമ്പത്തിക മുതൽ മുടക്ക് നടത്തിയ പദ്ധതി ഇനിയും നീട്ടിക്കൊണ്ടു പോകുന്നത് അഭികാമ്യവുമല്ല. നിലവിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2025-ഓടുകൂടി കുടിവെള്ളമെത്തിക്കുന്നതിനുള്ള ബൃഹത് പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതി കൂടാതെ KIIFB, ADB, നബാർഡ്, സംസ്ഥാന സർക്കാർ നൽകിയ ഭരണാനുമതികൾ എന്നിവ ഉൾപ്പെടുന്ന ഏകദേശം 9000 കോടി രൂപയുടെ കുടിവെള്ള/സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിയ്ക്കുണ്ട്. ഇപ്പോഴത്തെ കാലാവസ്ഥാ വ്യതിയാനം കണക്കിലെടുക്കുമ്പോൾ 2020-ൽ ഉണ്ടായേക്കാവുന്ന വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് സമയബന്ധിതമായ പ്രവർത്തനം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അവരുടെ പരിമിതമായ സൗകര്യങ്ങൾക്കകത്തുനിന്നുകൊണ്ട് കുറ്റമറ്റ രീതിയിൽ നടത്തേണ്ടതുണ്ട്. മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വരൾച്ച കൊണ്ടുള്ള കുടിവെള്ളക്ഷാമം ഒഴിവാക്കുന്നതിനും സർക്കാർ നൽകേണ്ട അവശ്യസേവനമായ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കേരള വാട്ടർ അതോറിറ്റിക്ക് മുൻഗണന നൽകിക്കൊണ്ടാണ് 28-2-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2020/ജ.വി.വ. പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കുപ്പിവെള്ള പ്ലാന്റ് KIIDC-ക്ക് കൈമാറുന്നതിന് ഉത്തരവായത്.

(സി) 14.1 കോടി രൂപ (പതിനാല് കോടി പത്തു ലക്ഷം രൂപ)

(ഡി) പ്ലാന്റ് കൈമാറ്റത്തിനെതിരെ ജീവനക്കാരുടെ വിവിധ സംഘടനകൾ പ്രതിഷേധമറിയിച്ച് കത്ത് നൽകിയിട്ടുണ്ട്. തീരുമാനം പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

## കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പ്രവൃത്തികൾ

217(870) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2019-20 സാമ്പത്തിക വർഷം വരെ എം.എൽ.എ. ആസ്തി വികസനത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ശിപാർശകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, ടെൻഡർ, വർക്ക് പൂർത്തീകരിച്ച സമയം എന്നിങ്ങനെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികളിൽ റോഡ് റസ്റ്റോറേഷൻ ചാർജ് ഇനത്തിൽ പൊതുമരാമത്ത് റോഡ്സ് വകുപ്പിന് നൽകേണ്ട തുക എത്രയെന്ന് പ്രവൃത്തി തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) റോഡ് റസ്റ്റോറേഷൻ ഇനത്തിൽ ഇനി അനുവദിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത തുക എത്രയും വേഗം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു* .

(ഡി) 24-12-2019-ലെ G.O.(Rt) 982/2019/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2019-20 സാമ്പത്തിക വർഷം 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയ വ്യയ അനുമതി നൽകി ടി തുക വാട്ടർ അതോറിറ്റിക്ക് അനുവദിക്കുന്ന മുറയ്ക്കും ബില്ലുകളുടെ സീനിയോറിറ്റി കണക്കാക്കിയും റോഡ് റസ്റ്റോറേഷൻ തുക നൽകുന്നതാണ്.

## വാട്ടർ അതോറിറ്റിയുടെ ജലനഷ്ടം തടയാൻ നടപടി

218(871) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ പകുതിയോളം വിതരണരഹിത ജലമായി പോകുകയും അതിലൂടെ വാട്ടർ അതോറിറ്റിക്ക് കനത്ത സാമ്പത്തിക നഷ്ടം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിതരണ ശൃംഖലയിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ സമയബന്ധിതമായി മാറ്റാത്തത് മൂലമുണ്ടാകുന്ന ചോർച്ചകളിലൂടെയാണ് ഇപ്രകാരമുള്ള വൻനഷ്ടം ഉണ്ടാകുന്നത് എന്നത് വസ്തുതയല്ലേയെന്നറിയിക്കുമോ;

(സി) പ്രധാന ലൈനുകളിലെയും ഉപ ലൈനുകളിലെയും പ്രത്യക്ഷത്തിൽ കാണാത്ത ചോർച്ച കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; അത് സംസ്ഥാനത്ത് എല്ലാ ഭാഗത്തും ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) കാലപ്പഴക്കം മൂലമുള്ള ചോർച്ചയിലൂടെ ജലം നഷ്ടമാകുന്നത് തടയുവാൻ എം.എസ്. പൈപ്പുകൾ, പ്രീമോ പൈപ്പുകൾ എന്നിവ മാറ്റുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് 2019-ൽ എത്ര കിലോമീറ്റർ ഉപയോഗശൂന്യമായ പൈപ്പ് മാറ്റി പുതിയവ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാന രഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖലവഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാന രഹിത ജലമായി കണക്കാക്കുന്നത്. ഇതു പ്രധാനമായും രണ്ടു ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത്. പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം) എന്നിവയാണ്. ആകെയുള്ള വരുമാന രഹിത ജലത്തിൽ 20-25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്.

ഭൗതികനഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയുമാണ്.

(സി) പ്രധാന ലൈനുകളിലും ഉപ ലൈനുകളിലുമുണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി മേഖലാടിസ്ഥാനത്തിൽ ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവൈലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ ഗ്രൗണ്ട് മൈക്രോഫോൺ ഉപയോഗിച്ച് ഇത്തരത്തിലുള്ള ചോർച്ച കണ്ടെത്തുന്നതിനുള്ള സംവിധാനം അതോറിറ്റിയുടെ ഹെഡ് ഓഫീസിലാണുള്ളത്. മേഖലാടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിക്കുമ്പോൾ കൂടുതൽ ഉപകരണങ്ങൾ വാങ്ങി ഈ സംവിധാനം സംസ്ഥാനമൊട്ടാകെ ഉപയോഗപ്പെടുന്ന രീതിയിൽ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി എം.എസ്., പ്രിമോ പൈപ്പുകൾ ഉൾപ്പെടെ പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മൂവാറ്റുപുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട്) പ്രൊപ്പോസലുകൾക്ക് കിഫ്ബിയിൽനിന്നും 382.64 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഇ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് 2019-ൽ 34.242 കിലോമീറ്റർ ഉപയോഗശൂന്യമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചു.

**ജലവിതരണം, സ്വീവറേജ് പദ്ധതികളുടെ പുരോഗതി**

219(872) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, കിഫ്ബി എന്നീ സാമ്പത്തിക സ്രോതസ്സുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതികൾ വഴി അധികമായി ഉല്പാദിപ്പിച്ച കുടിവെള്ളത്തിന്റെയും പുതുതായി നൽകിയ വാട്ടർ കണക്ഷനുകളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിലൂടെ അനുമതി ലഭിച്ച ജലവിതരണ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) അമൃത് പദ്ധതിയിലുൾപ്പെട്ട തിരുവനന്തപുരം, കൊച്ചി, കൊല്ലം എന്നീ നഗരങ്ങളിലെ സ്വീവറേജ് സംവിധാനങ്ങൾക്കായി കേരള വാട്ടർ അതോറിറ്റി നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി എന്നീ സാമ്പത്തിക സ്രോതസ്സുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

കിഫ്ബി സാമ്പത്തിക സ്രോതസ്സിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

(ബി) ഈ പദ്ധതികൾ വഴി 456 ദശലക്ഷം ലിറ്ററോളം കുടിവെള്ളം അധികമായി ഉല്പാദിപ്പിക്കുന്നുണ്ട്. ഈ പദ്ധതികൾവഴി 98,736 വാട്ടർ കണക്ഷനുകളും പുതുതായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിലായി പുതുക്കിയ ഭരണാനുമതി പ്രകാരം 1096.77 കോടി രൂപയുടെ 168 കുടിവെള്ള പ്രവൃത്തികളുടെ നടത്തിപ്പിന്റെ ചുമതല കേരള ജല അതോറിറ്റിക്കാണ് നൽകിയിട്ടുള്ളത്. ഇവയുടെ വിശദാംശം അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

(ഡി) അമൃത് പദ്ധതിയിൽ തിരുവനന്തപുരം നഗരത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 159.66 കോടി രൂപയുടെ 112 സ്വീവറേജ് പ്രവൃത്തികളിൽ 120.79 കോടി രൂപയുടെ 94 പ്രവൃത്തികൾക്ക് കരാർ നൽകി. ഇതിൽ 17.33 കോടി രൂപയുടെ 63 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധം ആയി*ചേർത്തിരിക്കുന്നു.

അമൃത് പദ്ധതിയിൽ, കൊല്ലം നഗരത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്നത് കുരീപ്പുഴയിൽ 12 MLD ശേഷിയുള്ള മലിന ജല ശുദ്ധീകരണ ശാലയുടെ (ഭരണാനുമതി തുക - 30 കോടി രൂപ) പ്രവൃത്തിയാണ്. കേരള ജല അതോറിറ്റി ടി പ്രവൃത്തി ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അമൃത് പദ്ധതിയിൽ, കൊച്ചി നഗരത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്നത് എളംകുളത്ത് 5 MLD ശേഷിയുള്ള മലിന ജല ശുദ്ധീകരണ ശാലയുടെ (പുതുക്കിയ ഭരണാനുമതി തുക - 16.52 കോടി) പ്രവൃത്തിയാണ്. കേരള ജല അതോറിറ്റി ടി പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരന് വർക്ക് ഓർഡർ നൽകി. എന്നാൽ കരാറുകാരന്റെ പേരുമാറ്റവുമായി ബന്ധപ്പെട്ട കോടതി കേസ് നിലനിൽക്കുന്നതിനാൽ കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.

**വാട്ടർ അതോറിറ്റി മങ്കട മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികൾ**

220(873) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) മേൽ പരാമർശിച്ച പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഒന്നാം ഗഡുവിൽ കേരള വാട്ടർ അതോറിറ്റി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**മംഗലം ഡാം കുടിവെള്ള പദ്ധതി**

221(874) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ ആലത്തൂർ, തരൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ഒന്നാം പാക്കേജിന് 17.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതിൽ മംഗലം ഡാം നക്ഷത്ര ബംഗ്ലാവിന് സമീപം 24.50 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും 24.50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ഉൾപ്പെട്ട ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന്റെ ഘടകങ്ങളായ ഫിൽട്ടർ ഹൗസ്, ക്ലാരിഫയർ (1,2), സബ്, കെമിക്കൽ ഹൗസ് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിൽ പ്രവൃത്തികൾ 48% പൂർത്തീകരിച്ചു. 31-10-2020-ൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ താഴ്ന്ന പ്രദേശത്ത് ജലവിതരണം നടത്തുന്നതിനായുള്ള 24.5 ലക്ഷം ലിറ്റർ ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, കൺട്രോൾ റൂം എന്നീ ഘടകങ്ങൾക്ക് സാങ്കേതികാനുമതി നൽകി. ആയതിന്റെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ റദ്ദ് ചെയ്തു. ഫ്ലോട്ടിംഗ് ഇൻടേക്ക് സ്ട്രക്ച്ചർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 31-12-2020-ൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

മേൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഓരോ പഞ്ചായത്തിലേക്കുമുള്ള ജലസംഭരണികൾ, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ആയതിന് 69.54 കോടി രൂപയ്ക്ക് കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ഭാഗമായി നിർമ്മിക്കേണ്ട ജലസംഭരണികളുടെ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**ആനാട്, പാലോട്, കുറുപുഴ വില്ലേജുകളിലെ കുടിവെള്ള പദ്ധതി**

222(875) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(Rt.) No. 571/2018/WRD Dtd. 1-8-2018, Water Resources (WS-B) Department പ്രകാരം 16 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകപ്പെട്ട വാമനപുരം നിയോജകമണ്ഡലത്തിലെ ആനാട്, പാലോട്, കുറുപുഴ വില്ലേജുകളിലെ സമഗ്ര കുടിവെള്ള വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച് ഒന്നരവർഷം കഴിഞ്ഞിട്ടും പദ്ധതി ടെണ്ടർ ചെയ്യാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ;

(സി) പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി പ്രകാരം റോ വാട്ടർ പമ്പ് ചെയ്യുന്നതിനായി 210 എച്ച്.പി. വീതമുള്ള രണ്ട് വി.റ്റി. പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, ജലശുദ്ധീകരണശാലയിൽനിന്നും ശുദ്ധീകരിച്ച ജലം നന്ദിയോടിലെ ഉപരിതല ജലസംഭരണിയലെത്തിക്കുന്നതിനുള്ള 300 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കൽ, ജലശുദ്ധീകരണശാലയിൽനിന്നും നന്ദിയോടിലെ നിലവിലുള്ള ഭൂതല ജലസംഭരണിയിൽ ശുദ്ധജലമെത്തിക്കുന്നതിന് 100 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കൽ, നന്ദിയോട് 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം, സോൺ-2-ൽ 42000 മീറ്റർ ദൂരത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്ക് റിവൈസ്ഡ് സാങ്കേതികാനുമതിയും ഡീവിയേഷൻ സാംഗ്ഷനും ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റിവൈസ്ഡ് സാങ്കേതികാനുമതി ലഭിച്ചാലുടൻ ദർഘാസ് നടപടികൾ പൂർത്തിയാക്കി പദ്ധതി പ്രാവർത്തികമാക്കാവുന്നതാണ്.

(ബി-ഡി) പദ്ധതിയുടെ രൂപരേഖയിലുണ്ടായ മാറ്റവും അതുമൂലമുള്ള സാങ്കേതിക പ്രശ്നങ്ങളുമാണ് പദ്ധതി ടെണ്ടർ ചെയ്യാൻ കാലതാമസമുണ്ടാക്കുന്നത്. പദ്ധതിയുടെ ഭാഗമായി നന്ദിയോട് ആനക്കുഴിയിൽ ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനായി ആദ്യം കണ്ടെത്തിയിരുന്ന സ്ഥലം ലഭ്യമാകാതെ വരികയും തുടർന്ന് അതിനടുത്തായി മറ്റൊരു സ്ഥലം പഞ്ചായത്തധികാരികൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. ആദ്യം കണ്ടെത്തിയിരുന്ന സ്ഥലവും രണ്ടാമത്തെ സ്ഥലവും തമ്മിൽ തറ നിരപ്പിൽ (ലെവൽ) വ്യത്യാസമുണ്ടാകുകയും ഈ വ്യത്യാസം കാരണം ജലസംഭരണിയുടേയും സോൺ 2-ലെ ജലവിതരണ ശൃംഖലയുടേയും രൂപരേഖയിൽ മാറ്റം വരുത്തേണ്ടതായും വന്നു. പുതിയ രൂപരേഖ തയ്യാറാക്കുന്നതിനായി മണ്ണ് പരിശോധനയും സർവ്വെ പ്രവൃത്തികളും നടത്തേണ്ടതായിവന്നു. ജല സംഭരണിക്കായി കൈമാറിയ പുതിയ സ്ഥലത്തിന്റെ മണ്ണ് പരിശോധനയും രൂപരേഖ തയ്യാറാക്കലും ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജ് മുഖേനയാണ് നടത്തിയത്. മണ്ണ് പരിശോധനയും രൂപരേഖ തയ്യാറാക്കലും പുറം കരാർ വ്യവസ്ഥയിലാണ് ചെയ്തിട്ടുള്ളത്. ഇതിനായി 4 മാസത്തോളം സമയം വേണ്ടിവന്നു. ജലസംഭരണിയുടെ സ്ഥാനമാറ്റം കാരണം ജലവിതരണ ശൃംഖലയുടെ രൂപരേഖയ്ക്കും മാറ്റം വരുത്തേണ്ടിവന്നു. ഇതിനായി വീണ്ടും സർവ്വേ പ്രവൃത്തികൾ നടത്തേണ്ടതായിവന്നു. ടി രൂപരേഖയിലുണ്ടായ

മാറ്റങ്ങൾക്കനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചു. എന്നാൽ ആദ്യം തയ്യാറാക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിൽ നിന്നും മാറ്റമുണ്ടായതിനാൽ ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതായും വന്നിട്ടുണ്ട്. രൂപരേഖയിലുണ്ടായ മാറ്റവും അതിനെ തുടർന്നുള്ള സാങ്കേതിക പ്രശ്നങ്ങളുമാണ് ദർഘാസ് നടപടികൾ നീണ്ടുപോകാൻ കാരണമായിട്ടുള്ളത്. പുതുക്കിയ രൂപരേഖ അംഗീകരിച്ച് റിവൈസ്ഡ് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികളും പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**മുതുതല പരുതൂർ കുടിവെള്ള പദ്ധതി**

223(876) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുതുതല പരുതൂർ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പദ്ധതി എന്ന് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

മുതുതല പരുതൂർ തിരുവേഗപ്പുറ പഞ്ചായത്തുകൾക്കുവേണ്ടി 16 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയും കിണർ, സമ്പ് വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ്, മൂന്ന് പഞ്ചായത്തുകളിലേയ്ക്കുമുള്ള 360 കി.മീ. വിതരണശൃംഖല തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ട ഒരു പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ജലശുദ്ധീകരണശാലയ്ക്കും മൂന്ന് പഞ്ചായത്തുകൾക്കുമായി ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ 1.25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇത് ഏറ്റെടുത്ത് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമായാൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്. ഈ പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഭരണാനുമതി ലഭിച്ചാൽ ഈ പദ്ധതി 3 വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കും.

**പഴശ്ശി ജപ്പാൻ കുടിവെള്ള പദ്ധതി**

224(877) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പഴശ്ശി പദ്ധതിയിൽ സ്ഥാപിച്ച ജപ്പാൻ കുടിവെള്ള പദ്ധതിയുടെ വിതരണ ശേഷിയുടെ എത്ര ശതമാനം ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) കുടിവെള്ള ക്ഷാമം നേരിടുന്ന ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി, ചെങ്ങളായി പഞ്ചായത്ത് എന്നിവ പ്രസ്തുത പദ്ധതികൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയെത്തിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പഴശ്ശി പദ്ധതിയിൽ സ്ഥാപിച്ച പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്ഥാപിത ശേഷിയായ 90 എം.എൽ.ഡി. യുടെ 35% ജലം ഇപ്പോൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

(ബി&സി) ഉണ്ട്; ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടി സ്വീകരിക്കുന്നതിന് 4,65,000 രൂപയുടെയും ശ്രീകണ്ഠപുരം നഗരസഭയിലെ നിടിയേങ്ങ വില്ലേജിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പ്രാരംഭ സർവ്വേ നടപടി സ്വീകരിക്കുന്നതിനുള്ള 2.54 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ടി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

**തഴക്കര കുടിവെള്ള പദ്ധതി**

225(878) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, മാവേലിക്കര പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അനുവദിച്ച തഴക്കര കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര മുനിസിപ്പാലിറ്റി, തഴക്കര, ചെട്ടിക്കുളങ്ങര പഞ്ചായത്തുകൾക്കായി അച്ചൻകോവിൽ നദി സ്രോതസ്സായി ശുദ്ധീകരണ ശാലയോടുകൂടിയ പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായി. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മീനാട് കുടിവെള്ള പദ്ധതി

226(879) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും അടങ്കൽ തുക എത്രയായിരുന്നുവെന്നും അറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്നും നിർമ്മാണം ഏറ്റെടുത്തത് ആരാണെന്നും വെളിപ്പെടുത്തുമോ;

(സി) ആദ്യം നിർമാണം ഏറ്റെടുത്തവർ പദ്ധതി ഉപേക്ഷിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിന് അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രവൃത്തി റീടെണ്ടർ ചെയ്തിരുന്നോ; അതിന്റെ വിശദാംശങ്ങളും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജിക്ക ധനസഹായത്തോടെ നടപ്പിലാക്കിയ അഞ്ച് പദ്ധതികൾക്കായി 15-10-1997-ൽ 1787.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് ഈ പദ്ധതികൾക്കായി 20-10-2009-ൽ പുതുക്കിയ അടങ്കൽ തുകയായ 2987 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിൽ മീനാട് പദ്ധതിക്കായി 295.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മീനാട് പദ്ധതിയിൽ വിതരണ ശൃംഖലയുടെ ബാക്കി പണികൾ ഒഴികെയുള്ള പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണികൾക്ക് 64.27 കോടി രൂപയാണ് അടങ്കൽതുക.

(ബി) മീനാട് വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ആരംഭിച്ചത് 30-9-2006-ൽ ആണ്. ഇതിന്റെ നിർമ്മാണം ഏറ്റെടുത്തത് രാമകൃഷ്ണ കോൺട്രാക്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈദ്രാബാദ് എന്ന സ്ഥാപനമാണ്.

(സി) വിതരണശൃംഖലയുടെ പ്രവർത്തന പുരോഗതി മന്ദഗതിയിൽ ആയതിനാൽ 3-9-2011-ൽ കേരള വാട്ടർ അതോറിറ്റി രാമകൃഷ്ണ കോൺട്രാക്ടേഴ്സിന്റെ കരാർ അവസാനിപ്പിച്ചു.

(ഡി) ആദ്യ കരാറുകാരൻ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചപ്പോൾ അവരുടെ ബാങ്ക് ഗ്യാരന്റി encash ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. ഇതിനെതിരെ കരാറുകാരൻ ബാങ്കിനെക്കൂടി കക്ഷി ചേർത്ത് തിരുവനന്തപുരം സബ് കോർട്ടിൽ നൽകിയിട്ടുള്ള കേസ് (OS No.4/2014) ഇതുവരെയും തീർപ്പായിട്ടില്ല.

(ഇ) പ്രവൃത്തി റീടെണ്ടർ ചെയ്തിരുന്നു. ആദ്യകരാറുകാരൻ പണി ഉപേക്ഷിച്ചു പോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd., Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽ M/s. Tecpro Infra Projects Ltd പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ അവരുമായുള്ള കരാർ 31-7-2017-ൽ അവസാനിപ്പിക്കുകയുണ്ടായി. അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി M/s. Tecpro യുടെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ ഒക്ടോബർ 2018-ൽ M/s. Shibu Zacharia Multitech Services Jv ക്ക് നൽകി. ഇപ്പോൾ പ്രവൃത്തി നടന്നുവരുന്നു. 2020 ഏപ്രിലിൽ ഇവരുടെ കരാർ അവസാനിക്കുന്നതാണ്.

**ബാവിക്കര കുടിവെള്ള പദ്ധതി**

227(880) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ഏതൊക്കെ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവും; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതിക്കായി സൗജന്യമായി സ്ഥലം നൽകി മറ്റെല്ലാ സഹായങ്ങളും ചെയ്ത പ്രദേശവാസികൾ, പദ്ധതിയോടനുബന്ധിച്ച് ട്രാക്ടർവേ അനുവദിക്കണമെന്ന ആവശ്യം ഉന്നയിച്ചത് വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ട്രാക്ടർവേ നിർമ്മാണം നിലവിലുള്ള പദ്ധതിയോടൊപ്പം യാഥാർത്ഥ്യമാക്കുന്നതിലേക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ചന്ദ്രഗിരി പുഴയിൽ ബാവിക്കരയിൽ സ്രോതസ്സ് സ്ഥിതിചെയ്യുന്നതും കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി 76 കോടി രൂപയുടെ ധനസഹായ അനുമതിയിൽ പുരോഗമിച്ചു വരുന്ന കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഇതിൽ പാക്കേജ് II, പാക്കേജ്-III, പാക്കേജ്-IV-ൽ ഉൾപ്പെട്ടിട്ടുള്ള പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, 55 MLD

ജലശുദ്ധീകരണശാല, സബ്സ്റ്റേഷൻ, ബിൽഡിംഗ്, ഗ്രാവിറ്റി മെയിൻ, കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ജലസംഭരണികൾ തുടങ്ങിയ പ്രവൃത്തികൾ മാർച്ച് മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. എന്നാൽ പദ്ധതി പ്രവർത്തന സജ്ജമാകണമെങ്കിൽ പദ്ധതിയുടെ സ്രോതസ്സിലും ശുദ്ധീകരണശാലയിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് KSEB യ്ക്ക് ഒടുക്കേണ്ട തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പാക്കേജ് V-ൽ ഉൾപ്പെട്ടിട്ടുള്ള ചെമ്മനാട് പഞ്ചായത്തിന് വേണ്ടിയുള്ള ഉന്നതല ജലസംഭരണികളുടെ നിർമ്മാണത്തിനാവശ്യമായ രണ്ട് സ്ഥലങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഈ സ്ഥലങ്ങൾ ലഭ്യമായാൽ മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കാസർഗോഡ് മുനിസിപ്പാലിറ്റി, ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ, പുത്തൂർ, ചെമ്മനാട് പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്.

(സി) ഉണ്ട്. ഈ സ്ഥലത്ത് പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പാലത്തിന്റെ രൂപകല്പന ഐ.ഡി.ആർ.ബി.യിൽ നടന്നുവരുന്നു.

(ഡി) ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തെ ചെയ്ത വർക്കിന്റെ ബാക്കി പ്രവൃത്തിയായിട്ടാണ് ഏറ്റെടുത്തിട്ടുള്ളത്. അതുകാരണം ഇതോടൊപ്പം പാലം നിർമ്മാണം കൂടി ഉൾപ്പെടുത്താൻ സാധിക്കില്ല. എന്നാൽ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഇപ്പോൾ പണിനടക്കുന്ന സ്ഥലത്തിന് താഴെയായി പുതിയ പാലത്തിനായുള്ള പര്യവേഷണ പ്രവൃത്തി ചെയ്തുകഴിഞ്ഞു. പാലത്തിന്റെ രൂപകല്പന ഐ.ഡി.ആർ.ബി.യിൽ നടന്നുവരുന്നു. രൂപകല്പന ലഭിക്കുന്ന മുറയ്ക്ക് വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ**

228(881) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെയും പദ്ധതികളുടെയും വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ താഴെ പറയുന്ന പ്രധാന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്:

1. കിഫ്ബി 17-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12-11-2018-ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതിയും 12-6-2019-ന് 1082 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു. ഒന്നാം പാക്കേജിൽ 12 എം.എൽ.ഡി. ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡ്രെയിനേജ് പോണ്ട്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത്. പാക്കേജ്-1 പ്രവൃത്തികൾക്കായി 10-10-2019-ന് എഗ്രിമെന്റ് വച്ചു. ജലശുദ്ധീകരണശാലയുടെ ഡിസൈൻ അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. ഈ പദ്ധതിയുടെ രണ്ടാം പാക്കേജിൽ കരിമ്പ പഞ്ചായത്തിനു വേണ്ടിയുള്ള 13 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, റോഡ് പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. ഈ പദ്ധതിക്കായി 18-3-2020 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. (ടെണ്ടർ ചെയ്ത തുക 14.70 കോടി രൂപ)

2. നബാർഡ് - മണ്ണൂർ, കേരളശ്ശേരി, മങ്കര പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഈ പദ്ധതിക്കുവേണ്ടി നബാർഡിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പ്രവൃത്തികൾക്ക് 2530 ലക്ഷം രൂപയുടെള്ള ഭരണാനുമതി ലഭിച്ചു. 10 ദശലക്ഷം ജലശുദ്ധീകരണശാല, 11 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (മണ്ണൂർ), 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (കേരളശ്ശേരി), 2.6 ലക്ഷം ലിറ്റർ ശേഷിയുള്ള ക്ലിയർ വാട്ടർ പമ്പ് (കേരളശ്ശേരി) റോ വാട്ടർ & ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, വിതരണം ചെയ്ത് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്ക് വേണ്ടി ദർഘാസ് ക്ഷണിച്ച് 21-11-2018-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ചെയ്തുവരുന്നു. 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 26-10-2018-ൽ പി.ഡബ്ല്യു.ഡി-ൽ റോഡ് പുനരുദ്ധാരണത്തിനുള്ള അപേക്ഷ സമർപ്പിച്ചതനുസരിച്ച് 130.65 ലക്ഷം രൂപയുടെയും അധിക തുകയായ 41.76 ലക്ഷം രൂപയുടെയും റോഡ് പുനരുദ്ധാരണത്തിനുള്ള തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ല്യു.ഡി.-ൽ ഒടുക്കി നടപടികൾ തുടരുന്നതാണ്.

3. ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

**ആറന്മുള മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

229(882) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇരവിപേരൂർ-തോട്ടപ്പുഴശ്ശേരി-കോയിപ്രം പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതിയുടെ അന്തിമ അടങ്കൽ തയ്യാറാക്കിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(സി) കിഫ്ബിയിൽപ്പെടുത്തി ആറൻമുള നിയോജക മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു; അവ ഏതൊക്കെ എന്നും നിലവിലെ സ്ഥിതി എന്തെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇരവിപേരൂർ-കോയിപ്പുറം-തൊട്ടപ്പുഴശ്ശേരി പഞ്ചായത്തുകൾക്കായി നിർമ്മാണഘടകങ്ങൾ ഉൾപ്പെടുത്തി ഗ്രീൻബുക്കിൽ 4235 ലക്ഷം രൂപയുടെയും ജലസംഭരണികളും ട്രാൻസ്മിഷൻ മെയിനുകളും സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 8500 ലക്ഷം രൂപയുടെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ നിർമ്മാണ ഘടകങ്ങൾക്കുള്ള 4235 രൂപയുടെ പദ്ധതിക്ക് 2017-18-ൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) കിഫ്ബി 2017-18-ൽ ഉൾപ്പെട്ട പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ട പുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ടാം ഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 85 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ ആറന്മുള നിയോജക മണ്ഡലത്തിലെ ചെന്നീർക്കര-മെഴുവേലി ഗ്രാമീണ ജലവിതരണ പദ്ധതിയിൽ ഉൾപ്പെട്ട പന്നിക്കുഴി, ഇലവുംതിട്ട മുട്ടത്തുകോണം, മഞ്ഞണിക്കര,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രാമൻചിറ പ്രദേശങ്ങളിലെ കേടായ AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 1.98 കോടി രൂപയുടെ ധനസഹായ അനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് കേരള വാട്ടർ അതോറിറ്റി ഒപ്പുവച്ചിട്ടുണ്ട്.

**തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി**

230(883) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് കിഫ്ബിയിൽ നിന്നും 85.86 കോടി രൂപയുടെ ധനസഹായ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിവഴി പാനൂർ മുനിസിപ്പാലിറ്റിക്കും ചൊക്ലി ഗ്രാമപഞ്ചായത്തിനും കുടിവെള്ളമെത്തിക്കാനാണ് ലക്ഷ്യമിടുന്നത്. മേൽപ്പറഞ്ഞ പദ്ധതിയിൽ ട്രാൻസ്മിഷൻ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി രണ്ടു പാക്കേജുകളായിട്ടാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

പാക്കേജ്-1

മൈലാടിയിൽനിന്നും കനകമലയിലേക്കുള്ള ഗ്രാവിറ്റി മെയിൻ, കനകമലയിൽ 6 ലക്ഷം ലിറ്റർ സമ്പ്, പമ്പ് സെറ്റ് ട്രാൻസ്ഫോർമർ തുടങ്ങിയ ഘടകങ്ങൾ.

പാക്കേജ്-2

പമ്പിംഗ് മെയിൻ, കനകമലയിൽനിന്നും കരിയാട് ചൊക്ലി തുടങ്ങിയവയിലേക്കുള്ള ഗ്രാവിറ്റി മെയിൻ, കരിയാട് 15 ലക്ഷം ലിറ്റർ ഉപരിതല സംഭരണി കനകമലയിൽ 23 ലക്ഷം ലിറ്റർ ഭൂതല സംഭരണി തുടങ്ങിയ ഘടകങ്ങൾ.

മേൽ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിയിൽ ഉൾപ്പെട്ട സംഭരണികൾ നിർമ്മിക്കുന്നതിന് 4 സ്വകാര്യ വ്യക്തികളുടെ ഭൂമിയും ഒരു സർക്കാർ ഭൂമിയും ആവശ്യമാണ്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 77.5 സെന്റ് ഭൂമി 2013-ലെ LARR നിയമ പ്രകാരം ഏറ്റെടുക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ലാന്റ്

അക്വിസിഷൻ മുഖേന ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സാമൂഹ്യാഘാതപഠനം പൂർത്തിയായിട്ടുണ്ട്. ഇതിൻമേലുള്ള വിദഗ്ദ്ധാഭിപ്രായം തേടുന്നതിന് എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് കണ്ണൂർ ജില്ലാ കളക്ടർ ഉത്തരവിറക്കിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൂടാതെ ടി പദ്ധതിക്കായി 13 ലക്ഷം ലിറ്റർ ഉന്നതല ജലസംഭരണി നിർമ്മിക്കുന്നതിന് ചൊക്ലി-തലശ്ശേരി ഗവൺമെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള 25 സെന്റ് ഭൂമി, കോളേജിന് ആവശ്യമായി വരുന്ന ജലം സൗജന്യമായി വാട്ടർ അതോറിറ്റി ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ഉപയോഗാനുമതി നൽകാമെന്ന് തീരുമാനിച്ചു. എന്നാൽ വെള്ളം സൗജന്യമായി ലഭ്യമാക്കുന്നതിന് ഇപ്പോൾ നിയമ വ്യവസ്ഥയില്ലാത്തതിനാൽ മറ്റ് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമി ലഭ്യമാക്കുന്ന മുറക്ക് മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. മേൽപ്പറഞ്ഞ ഒന്നാംഘട്ടം പൂർത്തിയാക്കുന്നതോടുകൂടി നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഇപ്പോൾ ഉള്ളതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ കുടിവെള്ള വിതരണം ചെയ്യുവാൻ കഴിയുന്നതാണ്.

(ബി) പദ്ധതിയുടെ ഒന്നാംഘട്ടത്തിലുൾപ്പെട്ട സംഭരണികളും അവയിലേക്കുള്ള പൈപ്പ് ലൈനുകളുടെയും പ്രവൃത്തിയുടെ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് സ്ഥലം ലഭ്യമാക്കേണ്ടതാണ്.

വിതരണ ശൃംഖല അടങ്ങിയ രണ്ടാം ഘട്ടത്തിനുള്ള സർവ്വേ നടത്തി വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫണ്ട് ലഭ്യതക്കനുസരിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിതരണ ശൃംഖല പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഒന്നാംഘട്ടം പൂർത്തിയായതിനുശേഷം രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തിയും പൂർത്തിയാക്കിയാലേ പദ്ധതിയുടെ ഗുണം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളൂ.

**ചെറുതാഴം, കുന്നിമംഗലം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി**

231(884) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുന്നിമംഗലം പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി നിയമസഭാ നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം, ചെറുതാഴം പഞ്ചായത്തുകൾക്കും ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കും പ്രയോജനം ലഭിക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് സർക്കാരിൽ നിന്ന് ഭരണാനുമതിയും കിഫ്ബിയിൽ നിന്നും ധനസഹായ അനുമതിയും ലഭിച്ചിട്ടുണ്ട്.

മേൽ പദ്ധതിയിൽ ഉന്നതല ജലസംഭരണികൾ {(ശ്രീസ്ഥ-8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ-4.5 ലക്ഷം ലിറ്റർ, എടാട്ടു-8.5 ലക്ഷം ലിറ്റർ)}, ഗ്രാവിറ്റി മെയിൻ (41450 മീറ്റർ), ടെലിമെട്രീ റൂം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതി ഒരൊറ്റ പാക്കേജ് ആയി ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയിൽ 41450 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 15336 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. കുഞ്ഞിമംഗലം പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നതിനു വേണ്ടി എടാട്ടിൽ നിർമ്മിക്കുന്ന 8.5 ലക്ഷം ലിറ്റർ ഉന്നതല ജലസംഭരണിയുടെ 70% പ്രവൃത്തി പൂർത്തീകരിച്ചു. ചെറുതാഴം പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുന്നതിനുവേണ്ടി ശ്രീസ്ഥ 8.5 ലക്ഷം ലിറ്റർ, പടിക്കപ്പാറ 4.5 ലക്ഷം ലിറ്റർ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ഉന്നതല ജലസംഭരണിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ ജലക്ഷാമം നേരിടാൻ നടപടി**

232(885) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേനലിലെ ജലക്ഷാമം മുൻനിർത്തി ജലവിഭവ വകുപ്പ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ശുദ്ധജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ ഏതൊക്കെ പുഴകളിലാണ് താൽക്കാലിക തടയണകൾ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ആയതിന് ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച കുടിവെള്ള പദ്ധതികളുടെ പമ്പ് ഹൗസുകളും കിണറുകളും ഉപയോഗശൂന്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിൽ കേരള ജലഅതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ശുദ്ധജല പദ്ധതികളിലെ ജലസ്രോതസ്സുകൾക്ക് സമീപം താത്കാലിക തടയണകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലമ്പൂർ മണ്ഡലത്തിലെ ചുങ്കത്തറ, എടക്കര, മൂത്തേടം, പോത്തുകൽ, വഴിക്കടവ് എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി ഒന്നാംഘട്ടത്തിൽ കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയത്. സാമൂഹ്യ ഉടമസ്ഥതയിൽത്തന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്ന പദ്ധതികളാണിത്. ഓരോ പദ്ധതി സ്രോതസ്സുകളിലെയും ജലവിതാനവും ഗുണഭോക്താവിന്റെ കുടിവെള്ളത്തിന്റെ ഉപഭോഗവും അതാത് പ്രദേശത്തെ സമിതികൾക്ക് ബോധ്യമുള്ളതിനാൽ ശുദ്ധജലത്തിന്റെ

ഉപയോഗത്തിന്റെ കാര്യത്തിൽ സമിതികളുടെ നേതൃത്വത്തിൽ സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി മേഖലയിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനും ജലക്ഷാമം നേരിടുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) ചുങ്കത്തറ പഞ്ചായത്തിലെ മുട്ടിക്കടവിലെ ചാലിയാർ പുഴയിൽ പടിഞ്ഞാറ്റും പാടത്ത് പുന്നപ്പുഴയ്ക്ക് കുറുകെ ഭാഗികമായി താൽക്കാലിക തടയണയും നിലമ്പൂർ നഗരസഭയിൽ കളത്തിങ്കടവ് ഭാഗത്ത് താൽക്കാലിക തടയണയും നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ ബിൽ തയ്യാറാക്കി വരുന്നതേയുള്ളു.

(സി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച, കേരള ജലഅതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ കിണറുകളും പമ്പ് ഹൗസുകളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ജലനിധി പദ്ധതികളുടെ വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്ത് | PH/കിണർ |
|---|---|---|---|
| 1 | MAK-സമഗ്ര | പോത്തുകല്ല് | PH + കിണർ |
| 2 | കുട്ടംകുളം | പോത്തുകല്ല് | PH |
| 3 | കോട്ടമല | മൂത്തേടം | PH + കിണർ |
| 4 | കോട്ടുപാറ | പോത്തുകല്ല് | കിണർ |
| 5 | പമ്പ | എടക്കര | PH |
| 6 | ഡാലിയ | എടക്കര | PH |
| 7 | അക്ഷയ | ചുങ്കത്തറ | PH |

**പള്ളിച്ചൽ-ബാലരാമപുരം കുടിവെള്ള പദ്ധതി**

233(886) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന പള്ളിച്ചൽ - ബാലരാമപുരം കുടിവെള്ള പദ്ധതിക്ക് തടസ്സമായി നിൽക്കുന്ന റെയിൽവേ അനുമതിയും നാഷണൽ ഹൈവേ അനുമതിയും ലഭിച്ചിട്ടുണ്ടോ; ആയതിലേയ്ക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ബാലരാമപുരത്ത് സ്ഥാപിച്ചിട്ടുള്ള പന്ത്രണ്ട് ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കിലേയ്ക്ക് കാളിപ്പാറ പദ്ധതിയിൽനിന്നും വെള്ളം നേരിട്ട് എത്തിക്കുവാൻ സാധിക്കുമോ; അതിനുള്ള നടപടികൾ ആരംഭിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പെരിങ്ങോടിലും മുക്കംപാലമൂടിനു സമീപവും ബാലരാമപുരത്തിനു സമീപവും റെയിൽവേ ക്രോസ്സിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് സെന്റേജ് ചാർജ്ജൊടുക്കുകയും മണ്ണ് പരിശോധനാ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയ പാത വികസനത്തോടൊപ്പം പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ നടത്താൻ ദേശീയപാത അധികാരികളിൽനിന്നും അനുമതി ലഭിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്.

2008-ൽ 3862.49 ലക്ഷം രൂപയുടെ ഒരു പദ്ധതി നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള SPAN പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി. ചൂഴാറ്റുകോട്ടയിൽ 15.5 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണവും പുതിയ പമ്പിംഗ് മെയിനുകളുടെയും പമ്പ് സെറ്റുകളുടെയും പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽനിന്ന് ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളിലെത്തിച്ച്, നിലവിലുള്ള ജലവിതരണ ശൃംഖലവഴി ലഭ്യമാക്കിയിട്ടുണ്ട്. പള്ളിച്ചൽ പഞ്ചായത്തിലെ മൊട്ടമൂടിൽ നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയുടെ പ്രവൃത്തികൾ സിവിൽ കേസുമായി ബന്ധപ്പെട്ട സ്റ്റേ നിലനിൽക്കുന്നതിനാൽ നിർത്തിവച്ചിരിക്കുകയാണ്. മൊട്ടമൂടിലുള്ള സമ്പും പമ്പ്ഹൗസും പൂർത്തിയാകുന്ന മുറയ്ക്കേ ബാലരാമപുരം പഞ്ചായത്തിലും പള്ളിച്ചൽ പഞ്ചായത്തിലും കുടിവെള്ള വിതരണം പൂർത്തിയാക്കാൻ കഴിയൂ.

(ബി) ഇല്ല, കാരണം കാളിപ്പാറ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത് ഇതിനനുസൃതമായല്ല. എന്നാൽ ടി ജലസംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള മൊട്ടമൂടിലെ സംപിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം കോടതി വ്യവഹാരം കാരണം അനന്തമായി നീളുന്നതിനാൽ ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽ നിന്നും നേരിട്ട് ശുദ്ധജലമെത്തിക്കുന്നതിനുള്ള ഒരു ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ടി പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചാലും റെയിൽവേ ക്രോസ്സിംഗ് അനുമതി കൂടി ലഭിച്ചാലേ ശുദ്ധജലം ജലസംഭരണിയിലെത്തിക്കാനാവുകയുള്ളൂ.

## കാക്കക്കുഴി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

234(887) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ കാക്കക്കുഴി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കാക്കക്കുഴി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (NRDWP) യിലുൾപ്പെടുത്തി 1-2-2014-ൽ 291.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1.66 LL ശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണം 150 MM DI K9 പമ്പിംഗ് മെയിൻ (ശുദ്ധജലകുളം മുതൽ ഉപരിതല സംഭരണി വരെ) സ്ഥാപിക്കൽ, 160 mm പി.വി.സി. ട്രാൻസ്മിഷൻ മെയിൻ (ഉപരിതലസംഭരണി മുതൽ അഞ്ചുതെങ്ങ് വരെ) സ്ഥാപിക്കൽ, ശുദ്ധജലം സംഭരിക്കുന്നതിലേക്കായുള്ള കുളത്തിന്റെ നിർമ്മാണം, നിലവിലുള്ള ജലസ്രോതസ്സിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണം എന്നിവയാണ് ഇതിലുൾപ്പെടുത്തിയിരുന്നത്.

ഇതിൽ കാക്കക്കുഴിയിൽ 1.66 LL ശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണം, 160 mm പി.വി.സി. ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കൽ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ കുളം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി ഉള്ളതിനാലും കുളത്തിന് സമീപത്തുകൂടി ഒഴുകുന്ന റ്റി.എസ്. കനാലിൽ നിന്നും ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റമുണ്ടാകാനുള്ള സാധ്യതയുള്ളതിനാലും കുളത്തിന്റെ നിർമ്മാണം ഒഴിവാക്കുകയും പ്രസ്തുത പ്രവൃത്തിക്കായുള്ള കരാർ റദ്ദു ചെയ്യുകയുണ്ടായി.

തുടർന്ന് പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒരു വ്യതിയാന നിർദ്ദേശം (Deviation proposal)തയ്യാറാക്കി. ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ ഉപരിതല സംഭരണിയിൽ ശുദ്ധജലമെത്തിച്ച് വിതരണം ചെയ്യുന്നതിലേക്കായി നിലവിലുള്ള പമ്പ് ഹൗസ്, കിണർ എന്നിവയുടെ നവീകരണം, 150 mm DI K9 പമ്പിങ് മെയിൻ സ്ഥാപിക്കൽ, ജലത്തിലെ ഇരുമ്പ് നീക്കം ചെയ്യൽ സജ്ജീകരണത്തോടുകൂടിയ 0.5 mld ശേഷിയുള്ള മൈക്രോ ഫിൽറ്റർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചിട്ടുള്ളതാകുന്നു. ടി പ്രവൃത്തിയുടെ കാലാവധി 9 മാസമാണ്. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## നിലയ്ക്കൽ കുടിവെള്ള പദ്ധതി

235(888) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ നിമ്മാണ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്നും എത്ര രൂപയാണ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്എന്നും വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി; അവശേഷിക്കുന്നവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും;

(സി) വനം വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതി നിർമ്മാണത്തിന് ഏതെങ്കിലും തടസ്സമോ കാലതാമസമോ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രശ്നങ്ങൾ ആണ് നിലവിലുള്ളതെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടകർക്ക് പ്രയോജനം ചെയ്യുന്ന നിലയ്ക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 909 ലക്ഷം രൂപയുടെയും രണ്ടാം ഘട്ടത്തിന് 12000 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളായ ഇൻടേക് കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലുൾപ്പെടുത്തിയ പ്രവൃത്തികൾ 4 പാക്കേജുകളായാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാം പാക്കേജിലുൾപ്പെട്ട 6 ലക്ഷം ലിറ്റർവീതം ശേഷിയുള്ള 3 സമ്പ്, 20 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 ഉപരിതലസംഭരണികൾ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിനായി സ്റ്റീൽ ബ്രിഡ്ജുകളുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ (4 എണ്ണം), നിലയ്ക്കൽ ജലസംഭരണിയിൽ നിന്നും വിതരണശൃംഖല സ്ഥാപിക്കൽ, 3 സമ്പുകൾക്കും ചുറ്റുമതിൽ, റീറ്റെയ്നിംഗ് വാൾ നിർമ്മാണം, പമ്പിംഗ് സ്റ്റേഷനുകളുടെയും ശുദ്ധീകരണശാലയുടേയും ഓട്ടോമേഷൻ തുടങ്ങിയ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. (അംഗീകരിച്ച കരാർ തുക 5652 ലക്ഷം രൂപ).

പാക്കേജ് 2-ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, 3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികളുടെ നിർമ്മാണം, 3 ലക്ഷം ലിറ്റർ, 0.6 ലക്ഷം ലിറ്റർ ശേഷിയുള്ള 2 സമ്പ് കം പമ്പ് ഹൗസ് നിർമ്മാണം, 4 ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വിവിധ ജലസംഭരണികളിൽനിന്നും

സീതത്തോട് പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടേയും പാക്കേജ് 3-ൽ ഉൾപ്പെട്ട 0.6 ലക്ഷം, 0.3 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകളുടെ നിർമ്മാണം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ഭൂതല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണശൃംഖല സ്ഥാപിക്കൽ പ്രവൃത്തികളുടേയും ഡിസൈൻ വർക്കുകൾ നടന്നുവരുന്നു. റോഡ് റിസ്റ്റോറേഷൻ ചാർജ്ജ്, പവർ ലൈൻ എക്സ്റ്റെൻഷൻ, വനംവകുപ്പിനുള്ള നഷ്ടപരിഹാരം, സർവ്വേ ഇൻവെസ്റ്റിഗേഷൻ എന്നിവയാണ് പാക്കേജ് 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) ഇൻടേക്ക് കിണർ, പമ്പ് ഹൗസ്, 13 MLD ജലശുദ്ധീകരണശാല എന്നിവയ്ക്കാണ് ഒന്നാം ഘട്ടത്തിൽ ഭരണാനുമതി ലഭ്യമാക്കിയത്. ടി പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയായി. ഭരണാനുമതി തുകയിൽ ബാക്കി വന്നത് പവർ ലൈൻ എക്സ്റ്റെൻഷൻ നടത്തുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തികൾ 2022 മാർച്ച് മാസം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ടി പദ്ധതിയുടെ ഭാഗമായി 2.884 ഹെക്ടർ വനപ്രദേശം ഡൈവെർട്ട് ചെയ്യുന്നതിനായി വനംവകുപ്പിൽ അപേക്ഷ നൽകിയിരുന്നു. ഇതിൽ നിലവിലെ പി.ഡബ്ല്യു.ഡി. റോഡ് ഭാഗംകൂടി ഉൾപ്പെട്ടിരുന്നു. ടി റോഡ് പ്രദേശം ഒഴിവാക്കണമെന്ന് വനം വകുപ്പിനോട് അഭ്യർത്ഥിച്ചുവെങ്കിലും ആയത് അംഗീകരിച്ചില്ല. 21-11-2019-ൽ നടന്ന അവലോകന യോഗത്തിൽ റോഡ് ഉൾപ്പെട്ട പ്രദേശം (2.684 ഹെക്ടർ-പമ്പിങ് മെയിൻ സ്ഥാപിക്കുന്നതിനായി) ഒഴിവാക്കുന്നതിന് ധാരണയാവുകയും ആങ്ങമൂഴി പ്ലാപ്പള്ളി റൂട്ടിൽ തത്തക്കാമണി പ്രദേശത്തും എസ് വളവിനു സമീപത്തും സമ്പ് കം പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് 0.06 ഹെക്ടർ വീതവും പ്ലാപ്പള്ളി നിലയ്ക്കൽ റൂട്ടിൽ പ്ലാപ്പള്ളി ജംഗ്ഷനു സമീപം ബൂസ്റ്റിംഗ് സ്റ്റേഷൻ കം ഒ.എച്ച് ടാങ്ക് നിർമ്മിക്കുന്നതിനായി 0.08 ഹെക്ടർ സ്ഥലവും ഉൾപ്പെടുത്തി ആകെ 0.20 ഹെക്ടർ സ്ഥലം ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. ഇതിന് കേന്ദ്ര സർക്കാരിൽ നിന്നും Stage-1 അംഗീകാരം ലഭിച്ചു. തുടർ നടപടികൾ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസ്, റാന്നിയിൽ നടന്നുവരുന്നു.

**കൊട്ടാരക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

236(889) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര കുടിവെള്ള പദ്ധതികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിരുന്നു;

(ബി) പദ്ധതികളുടെ നിലവിലുള്ള സ്ഥിതിയും അടങ്കൽ തുകയും വ്യക്തമാക്കുമോ;

(സി) നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും പുതിയ കുടിവെള്ള പദ്ധതിയുടെ സാധ്യതാപഠനം നടത്തിവരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ രണ്ട് വൻകിട പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കിഫ്ബി-പട്ടാഴി, പട്ടാഴി വടക്കേക്കര മൈലം തലവൂർ കുടിവെള്ള പദ്ധതി (അടങ്കൽ തുക - 60.13 കോടി രൂപ). പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.
2. നബാർഡ്- RIDF 25- കുളക്കട പഞ്ചായത്തിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 29.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ മീനാടിനും സമീപ വില്ലേജുകൾക്കുമായിട്ടുള്ള ജൈക്ക സഹായത്തോടുകൂടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ ശൃംഖലയുടെ ബാക്കി പണികൾ 38.99 കോടി തുകയ്ക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും അനുമതി നൽകി നടപ്പാക്കിവരുന്നു. ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഉമ്മന്നൂർ വാളകം പഞ്ചായത്തുകളിലേക്ക് 84.90 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. വെളിയം പഞ്ചായത്തിന്റെ മൊത്തം 74 കി. മീ. വിതരണ ശൃംഖല സ്ഥാപിച്ചെങ്കിലും ഓടനാവട്ടം ഉമ്മന്നൂർ റോഡിൽ ടി പഞ്ചായത്തിലെ വിതരണത്തിനുള്ള ഭൂതല സംഭരണി സ്ഥിതിചെയ്യുന്ന വാപ്പാല പ്രദേശത്തിനും ഓടനാവട്ടം ജംഗ്ഷനും ഇടയിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി PWD അധികൃതരിൽനിന്നും ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായുള്ള ത്വരിത നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ചെറുകിട പദ്ധതികൾ

1. ഡെപ്പോസിറ്റ് വർക്ക് - കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ മാടൻകാവിലിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (അടങ്കൽ തുക 28.47 ലക്ഷം രൂപ) പുരോഗമിച്ചുവരുന്നു.

2. എം.എൽ.എ.-എസ്.ഡി.എഫ് 2018-2019 കുളക്കട പഞ്ചായത്തിലെ സി.എച്ച്.സി. പൂവാറ്റൂരിൽ വാട്ടർ കണക്ഷൻ നൽകുന്നതിനായി 9.49 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. എസ്.സി.പി. കോർപ്പസ് ഫണ്ടിൽ കുളക്കട പഞ്ചായത്തിലെ തേക്കുമേൽ എസ്.സി. കോളനിയിൽ പൈപ്പ് ലൈൻ നീട്ടുന്നതിനും വാട്ടർ കണക്ഷൻ നൽകുന്നതിനുമായി 15.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

4. കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ മുകലുവിള ഭാഗത്തിൽ വാർഡ് നമ്പർ 1-ൽ 32.15 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമായ അലിമുക്ക് ചിറക്കര കോളനിയിലേക്കുമുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി 45.10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പുതിയ കുടിവെള്ള പദ്ധതിയുടെ സാധ്യത പഠനം നടത്തിവരുന്നുണ്ട്. കൊട്ടാരക്കര, നെടുവത്തൂർ കുടിവെള്ളപദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടെ അംഗീകരിച്ച ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടമായ വിതരണശൃംഖലയുടെ സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരിപ്ര, കുളക്കട എന്നീ പദ്ധതി പ്രദേശങ്ങളിൽ പുറം കരാർ വ്യവസ്ഥയിൽ സർവ്വേ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരുന്നു.

## മൂർക്കനാട് കുടിവെള്ള പദ്ധതി

237(890) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ 2016-17 വർഷത്തെ എൽ.എ.സി - എ.ഡി.എസ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിന് റോഡ് റസ്റ്റോറേഷൻ ചാർജ്ജ് നാളിതുവരെ അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) റോഡ് റസ്റ്റോറേഷൻ ചാർജ്ജ് നൽകാത്തതിനാൽ പദ്ധതി പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കാതെ പോയതും പദ്ധതിയുടെ ഗുണഫലം പൊതുജനങ്ങൾക്ക് നഷ്ടപ്പെടുന്നതും കണ്ട് തുടർനടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ റോഡ് റസ്റ്റോറേഷൻ ചാർജ്ജ് നൽകാത്തതുമൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) മങ്കട മണ്ഡലത്തിലെ 2016-17 വർഷത്തെ എൽ.എ.സി.-എ.ഡി.എസ്. പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതി ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ റോഡ് റസ്റ്റോറേഷൻ ചാർജ്ജ് അനുവദിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. പൂർത്തീകരിച്ച പദ്ധതിയിൽനിന്നും പരമാവധി ജനങ്ങൾക്ക് ശുദ്ധജലം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 2018-2019 സാമ്പത്തിക വർഷത്തിൽ റോഡ് റസ്റ്റോറേഷൻ ചാർജ്ജ് നൽകാത്തതുമൂലം മങ്കട മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന രണ്ട് പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയ ചെറുകുളമ്പ്-ചന്തപ്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ- ആരംഭിച്ചിട്ടില്ല. (റോഡ് റിസ്റ്റോറേഷൻ തുക- 8,52,520 രൂപ)

2. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയ മൂർക്കനാടിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ - റോഡ് ക്രോസിങ് ഒഴികെ 90% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. (റോഡ് റസ്റ്റോറേഷൻ തുക-80,856 രൂപ)

**പൊന്മുടിയിലെ കുടിവെള്ള ക്ഷാമം**

238(891) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രമായ പൊന്മുടിയിൽ കുടിവെള്ള വിതരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇവിടെ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അത് പരിഹരിക്കാൻ വാട്ടർ അതോറിറ്റി പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രമായ പൊന്മുടിയിൽ നിലവിൽ നീരുറവയിൽനിന്നും വരുന്ന ജലം ചാലുകളിലൂടെ 10 ലക്ഷം ലിറ്റർ ശേഷിയുള്ള സംഭരണ ടാങ്കിൽ ശേഖരിച്ച് അവിടെനിന്നും ഫിൽട്ടർ ബെഡിലൂടെ കടത്തി വിട്ട് ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നു.

(ബി - ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പൊന്മുടിയിൽ ഒരു കുഴൽ കിണർ സ്ഥാപിച്ചിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിലെ കുടിവെള്ള വിതരണം

239(892) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന സമയത്തും ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല കാരണങ്ങളാൽ ജലവിതരണം മുടങ്ങുന്നതുമൂലം ജില്ലയിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത്;

(സി) കുടിവെള്ളം മുടങ്ങുന്ന അവസരത്തിൽ ബന്ധപ്പെട്ട പ്രദേശവാസികളെ അറിയിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) കുടിവെള്ള പൈപ്പുകൾ പൊട്ടി ജലം പാഴായിപ്പോകുന്നത് തടയുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജല വിതരണം മുടങ്ങാതിരിക്കുന്നതിനുവേണ്ടി പമ്പിംഗ് സമയം ദീർഘിപ്പിക്കുകയും വിതരണ ശൃംഖലയിലെ വാൽവുകൾ നിയന്ത്രിക്കുകയും ചെയ്യുന്നു. കൂടാതെ മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തും താൽക്കാലിക തടയണകൾ നിർമ്മിച്ചും ടാങ്കുറുകളിൽ ജലം ലഭ്യമാക്കിയും പൈപ്പുകളിലെ ചോർച്ചകൾ ഉടനടി പരിഹരിക്കുകയും ചെയ്ത് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നു. കൂടാതെ ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രയോജനപ്പെടുത്തി ലീക്കുകൾ റിപ്പയർ ചെയ്യുന്നുമുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ടാങ്കർ ലോറികളിലും ജലവിതരണം നടത്തുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പത്ര മാധ്യമങ്ങളിലൂടെയും വിഷ്വൽ മീഡിയ മുഖേനയും ജല വിതരണം മുടങ്ങുന്നത് അറിയിക്കുന്നുണ്ട്.

(ഡി) പൈപ്പ് ലൈൻ പൊട്ടുകയോ ലീക്ക് ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ ഉടൻതന്നെ അത് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയോ ബ്ലൂ ബ്രഗേഡ് സംവിധാനം മുഖേനയോ പരിഹരിച്ച് കുടിവെള്ളം പാഴായി പോകുന്നത് തടയുന്നുണ്ട്.

കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകളിലാണ് ഇത്തരത്തിൽ കൂടുതലായി ലീക്കുണ്ടാകുന്നത് എന്നതിനാൽ കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, അമൃത്, തദ്ദേശസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകൾ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. അതിമർദം കാരണം ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ ഒഴിവാക്കുവാൻ ചില സ്ഥലങ്ങളിൽ pressure release valve കൾ സ്ഥാപിച്ചിട്ടുണ്ട്.

**തിരുവനന്തപുരത്തെ ആദിവാസി ഊരുകളിൽ കുടിവെള്ള പദ്ധതി**

240(893) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിട്ടി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ;

(ബി) ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പനവൂർ പഞ്ചായത്തിന്റെ എസ്.സി. ഫണ്ടുപയോഗിച്ച് ആദിവാസി ഊരുകളായ മരുതകം-പാണയം, പട്ടംവെട്ടി-മാമൂട് എന്നിവിടങ്ങളിൽ 3,18,701 രൂപ (മൂന്നു ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റിഒന്ന് രൂപ മാത്രം) മുടക്കി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജോയിന്റ് പ്രോജക്ട് ഫണ്ടുപയോഗിച്ച് പനവൂർ പഞ്ചായത്തിലെ ആദിവാസി ഊരുകളായ വാഴമല-അജയപുരം, പാണയം-മരുതകം, മാമൂട് എന്നിവിടങ്ങളിൽ 13,75,174 രൂപ (പതിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി ഒരുന്നൂറ്റി എഴുപത്തി നാല് രൂപ മാത്രം) മുടക്കി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുടിവെള്ള കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ 90% പൂർത്തീകരിച്ചു.

**അമൃത് പദ്ധതിക്കായി കുഴിച്ച തലസ്ഥാനത്തെ റോഡുകളുടെ നവീകരണം**

241(894) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് അമൃത് പദ്ധതിയുടെ കീഴിൽ എത്ര പദ്ധതികളാണ് ജലവിഭവവകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്; ഇതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിക്കായി നഗരത്തിലെ പല റോഡുകളും കുഴിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും അവ നന്നാക്കാത്തത് മൂലം അപകടങ്ങൾ പെരുകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഭാഗമായി കുഴിച്ച കോർപ്പറേഷൻ റോഡുകൾ സമയബന്ധിതമായി നന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തലസ്ഥാനത്ത് അമൃത് പദ്ധതിയുടെ കീഴിൽ 357.50 കോടി രൂപയുടെ 275 പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ 99.04 കോടി രൂപയുടെ 45 കുടിവെള്ള പദ്ധതികളും 159.66 കോടി രൂപയുടെ 112 സ്വിവറേജ് പദ്ധതികളും കേരള ജല അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. 45 കുടിവെള്ള പദ്ധതികളിൽ എല്ലാ പദ്ധതികളും കരാർ നൽകി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 13.70 കോടി രൂപയുടെ 29 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 112 സ്വിവറേജ് പദ്ധതികളിൽ 120.79 കോടി രൂപയുടെ 94 പദ്ധതികൾക്ക് കരാർ നൽകി. 17.33 കോടി രൂപയുടെ 63 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇല്ല; ബന്ധപ്പെട്ട വകുപ്പുകളിൽ റോഡ് പുനഃസ്ഥാപന തുക ഒടുക്കിയതിന് ശേഷമാണ് കേരള ജല അതോറിറ്റിക്ക് റോഡ് മുറിക്കുന്നതിനും കുഴിക്കുന്നതിനും അനുവാദം ലഭിക്കുന്നതും തുടർന്നു ചെയ്യുന്നതും. കേരള ജല അതോറിറ്റിയിലെ പദ്ധതികളിൽ റോഡ് കുഴിച്ച് പ്രവൃത്തികൾ നടത്തിയതിനു ശേഷം കുഴികൾ മൂടാത്തതുമൂലം അപകടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. റോഡ് കുഴിച്ച പൈപ്പ് ലൈൻ സ്ഥാപിച്ചാലുടനെ കുഴികൾ ശരിയായി മൂടി റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കണമെന്ന് കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇത് പരിശോധിച്ച് ഉറപ്പുവരുത്തുന്നുമുണ്ട്. പ്രവൃത്തികൾ പൂർത്തിയാക്കിയ റോഡുകൾ പുനഃസ്ഥാപന പ്രവൃത്തിയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം കൈമാറിയിട്ടുണ്ട്.

(സി) റോഡ് പുനഃസ്ഥാപനത്തിനുള്ള തുക കോർപ്പറേഷനിൽ ഒടുക്കിയാണ് റോഡ് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാകുന്നത്. പ്രവൃത്തികൾ പൂർത്തീകരിച്ചാൽ ജല അതോറിറ്റി റോഡ് കോർപ്പറേഷന് കൈമാറും കോർപ്പറേഷനാണ് റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തുന്നത്. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ പഴയ പൈപ്പുകൾ മാറ്റാൻ നടപടി

242(895) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല സ്ഥലങ്ങളിലും കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലം കുടിവെള്ള പ്രശ്നമുണ്ടാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എവിടെയെല്ലാം കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാം ഇനിയും പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) ആയതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിയന്തരമായി മാറ്റി സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി - ഡി) കോതമംഗലം മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പ് മാറ്റി സ്ഥാപിക്കാനുള്ള 10 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 10 കിലോ മീറ്ററോളം പൈപ്പ് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇനിയും പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുള്ള സ്ഥലങ്ങളുടെ സ്കീമും ആയതിലേക്കുവേണ്ടി കണക്കാക്കിയ തുകയും ഇതുവരെ പൈപ്പുകൾ മാറ്റിയിടുന്നതിനായി ചെലവഴിച്ച തുകയും അനുബന്ധമായി* ചേർത്തിരിക്കുന്നു. പൈപ്പുകൾ മാറ്റി സ്ഥാപിക്കേണ്ട മറ്റു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഇ) കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നതും അനുമതി നൽകിയ പ്രവൃത്തികൾ നടപ്പാക്കിവരുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പേരൂർക്കട-വഴയില പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലം

243(896) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പേരൂർക്കട ഓഫീസിന് പുറകിൽ വിന്നേഴ്സ് നഗർ വരെ പേരൂർക്കട-വഴയില പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലം കൃഷി ഓഫീസറുടെ ശിപാർശ പ്രകാരം എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആന്റ് റിസർച്ച് കൺസൾട്ടൻസി എന്ന സ്വകാര്യ കൺസൾട്ടൻസിക്ക് വാടകയ്ക്ക് കൊടുക്കുവാൻ അതോറിറ്റി ബോർഡ് തീരുമാനിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം നഗരത്തിലേക്ക് കുടിവെള്ളമെത്തുന്ന പൈപ്പ് ലൈൻ കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഇല്ല. വട്ടിയൂർക്കാവ് കൃഷി ഓഫീസറുടെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം നഗരസഭയിലെ ഉരുത്തുംമൂല വാർഡിൽ പേരൂർക്കട ജംഗ്ഷനിൽ നിന്ന് വഴയിലയിലേയ്ക്ക് പോകുന്ന പൈപ്പ് ലൈൻ റോഡിൽ പേരൂർക്കട കെ.ഡബ്ല്യൂ.എ.എസ്.എസ്.യു. ഓഫീസിന് പിൻവശം മുതൽ വിന്നേഴ്സ് നഗർ വരെയുള്ള പൈപ്പ് കടന്നുപോകുന്ന പ്രദേശം ഒഴികെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള 1 ഹെക്ടർ സ്ഥലത്ത് 3 വർഷത്തേയ്ക്ക് നിബന്ധനകളോടെ കൃഷി ചെയ്യുവാനായി വട്ടിയൂർക്കാവ് കൃഷി ഓഫീസർക്ക് അനുമതി നൽകാൻ കേരള വാട്ടർ അതോറിറ്റിയുടെ 3-1-2020-ലെ 411-ാം യോഗത്തിൽ 10951-ാം നമ്പരായി തീരുമാനിച്ചിരുന്നു. എന്നാൽ കൃഷി ഓഫീസിൽനിന്നും ഈ പദ്ധതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമായതിനാൽ അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കൃഷി ഓഫീസറിൽ നിന്ന് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2014-ലെ Kerala Water Authority (Eviction of Unauthorised occupation and removal of unauthorised constructions) Regulations പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പൈപ്പ് ലൈൻ റോഡ് സംരക്ഷിച്ചു വരുന്നു.

## നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

244(897) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ എട്ട് കോടി രൂപ വകയിരുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 20-12-2019-ൽ ബഹു. എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽവച്ച് പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗം ചേരുകയും പദ്ധതിയുടെ ഗുണഭോക്ത വിസ്തൃതി ഉയർത്തുന്ന തരത്തിൽ പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ച ഭാഗത്തുനിന്നും ഉദ്ദേശം 2 കി.മീ. താഴെ ഭാഗത്തായി സാൾട്ട് വാട്ടർ എക്സ്ക്ലൂഷൻ ക്രോസ് ബാർ നിർമ്മാണത്തിനുള്ള നിർദ്ദേശം സമർപ്പിക്കാൻ തീരുമാനമായിരുന്നു. പെരുമ്പ് പുഴയിലെ ഈ മേഖലയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി പര്യവേക്ഷണ പ്രവൃത്തി നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## സ്വകാര്യ മേഖലയിലെ ശമ്പള വിശദാംശങ്ങൾ തൊഴിൽ വകുപ്പ് വെബ് സൈറ്റിൽ

245(898) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ വിഭാഗങ്ങളിലെ ജീവനക്കാരുടെ ശമ്പള വിശദാംശങ്ങൾ തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണമെന്ന നിബന്ധന ഹൈക്കോടതി ശരിവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ മേഖലയിലെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി നൽകണമെന്ന നിയമവ്യവസ്ഥ കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അനന്തര നടപടികൾക്കായി ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) റദ്ദ് ചെയ്തിട്ടില്ല. വേജ് പ്രൊട്ടക്ഷൻ സിസ്റ്റവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട വിവിധ റിട്ട് അപ്പീലുകളിൽ 23-1-2020-ൽ പുറപ്പെടുവിച്ച പൊതു വിധിന്യായപ്രകാരം തൊഴിലാളികളുടെ ശമ്പള

വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച Form XIV അപ്‌ലോഡ് ചെയ്യുന്നതിന് തൊഴിലുടമകൾക്ക് 3 മാസം സമയം അനുവദിച്ചിട്ടുണ്ട്. നിലവിൽ അക്കൗണ്ട് നമ്പർ നൽകാത്ത തൊഴിലാളികളുടെ കാര്യത്തിൽ അക്കൗണ്ട് നമ്പർ ഇല്ലാതെയും Form XIV അപ്‌ലോഡ് ചെയ്യാവുന്നതാണെന്നും ബാങ്ക് അക്കൗണ്ട് മുഖേനയോ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം മുഖേനയോ മാത്രം വേതന വിതരണം നടത്തണമെന്ന് നിർബന്ധിക്കാൻ പാടില്ലാത്തതാണെന്നും കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ 2015-ലെ മിനിമം വേതന (ഭേദഗതി) ചട്ടം 21A(2) പ്രകാരം ബാങ്ക് അക്കൗണ്ട് മുഖേന മാത്രമേ വേതനം നൽകാവൂ എന്ന ഭേദഗതി ultravires ആണെന്നും കോടതി ഉത്തരവായിട്ടുണ്ട്.

**തൊഴിൽ മേഖലയിൽ നടപ്പാക്കിയ മാറ്റങ്ങൾ**

246(899) ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ മാറ്റങ്ങൾ, തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ എന്നിവ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള അവകാശം നൽകിയതിന് ശേഷം ആയത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇരിക്കുന്നതിനുള്ള അവകാശം പ്രാവർത്തികമാക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) 1947-ലെ വ്യാവസായിക തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സംസ്ഥാനത്തെ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(എഫ്) മിനിമം വേതന നിയമപ്രകാരമുള്ള വേതനം എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മിനിമം വേതന നിയമത്തിൽ സംസ്ഥാന സർക്കാർ

വരുത്തിയ ഭേദഗതികൾ എന്തെല്ലാമെന്നും ആയതിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പിഴ തുക 500 രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തി. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകി. സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിന്റെ ജോലി സമയം രാവിലെ 8.30-നും വൈകിട്ട് 7.00 മണിക്കും ഇടയ്ക്ക് 8 മണിക്കൂറാക്കികൊണ്ട് ഉത്തരവായിട്ടുണ്ട്.

2018-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിന് അനുമതി നൽകുന്നു. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 29 പ്രകാരം കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം യഥാക്രമം ഒരു ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്.

ബോണ്ടഡ് ലേബർ നിയമം വകുപ്പ് 21 പ്രകാരം മജിസ്ട്രേറ്റിനുണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2 (s)ൽ ക്ലറിക്കൽ അല്ലെങ്കിൽ സൂപ്പർവൈസർ തസ്തിക എന്നതിന്റെ കൂടെ 'any work for the promotion of sales' എന്നതുകൂടെ കൂട്ടിച്ചേർത്തിട്ടുണ്ട്.

1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 എ-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2017-ലെ പ്രസവാനുകൂല്യ ഭേദഗതി നിയമ പ്രകാരം പ്രസവകാല അവധി 12 ആഴ്ച എന്നത് 26 ആഴ്ച ആക്കിയിട്ടുണ്ട്. ഇത് പൊതുമേഖല/സ്വകാര്യ

സ്ഥാപനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകമാക്കുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ജോലിക്കിടയിൽ ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വന്നതിനെത്തുടർന്ന് തൊഴിലുടമകൾ തൊഴിലാളികൾക്ക് ഇരിപ്പിടം നൽകുന്നുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിനായി തൊഴിലുടമകൾക്കും തൊഴിലാളികൾക്കും വേണ്ട നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകുകയും ചെയ്തുവരുന്നു. ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തിയതിലൂടെ ജീവനക്കാർ സ്ഥിരമായി നിന്നുകൊണ്ടു ജോലി ചെയ്യുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്.

(സി) പ്രാവർത്തികമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നടത്തിയ സ്പെഷ്യൽ ഡ്രൈവുകളിലും ജില്ലാതല സ്ക്വാഡുകളിലുമായി സംസ്ഥാനമൊട്ടാകെയുള്ള 588 സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ജില്ലാ ലേബർ ഓഫീസർ (ഇ), അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന പതിവ് പരിശോധനകളിൽ ഇരിപ്പിട സൗകര്യം നൽകിയിട്ടുണ്ടെന്നത് ഉറപ്പ് വരുത്തുന്നുണ്ട്.

ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തമാണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകളും വിതരണം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. Industrial Disputes (Kerala Amendment Act) 2017 അനുസരിച്ച് വകുപ്പ് 2 (s)-ൽ സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിനെക്കൂടി 'തൊഴിലാളി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ലഭ്യമായിട്ടുണ്ട്.

(എഫ്) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം സംസ്ഥാനത്തൊട്ടാകെയുള്ള കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ

ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനും കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് 1961, പേമെന്റ് ഓഫ് ബോണസ് ആക്ട് 1965, പേമെന്റ് ഓഫ് വേജസ് ആക്ട് 1936 തുടങ്ങിയ വിവിധ നിയമപ്രകാരമുള്ള പരിശോധനകളിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോർട്ടിൽ എസ്.റ്റി കേസുകളും ഫയൽ ചെയ്തുവരുന്നു.

1960-ലെ കേരളാ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വകുപ്പ് 18 പ്രകാരം തുടർച്ചയായി 6 മാസത്തിൽ കുറയാത്ത സേവനമുള്ള തൊഴിലാളിയെ പ്രത്യേക കാരണം കൂടാതെയോ ഒരു മാസത്തെ നോട്ടീസ്/വേതനം നൽകാതെയോ പിരിച്ചുവിടാൻ തൊഴിലുടമയ്ക്ക് അധികാരമില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം സംഭവിക്കുകയാണെങ്കിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതാണ്.

കേരള മിനിമം വേതന ചട്ടം 1958-ൽ 2015-ൽ വരുത്തിയ ഭേദഗതിയിലൂടെ ചട്ടം 21 എ-ൽ WPS (IT enabled Payment of Wages) കൊണ്ടുവന്നിട്ടുണ്ട്. ഇപ്രകാരം WPS മുഖാന്തരം വേതനം ബാങ്ക് അക്കൗണ്ട്വഴി വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ മിനിമം വേതനം നൽകുന്നുണ്ടോ എന്ന് സ്ഥാപന പരിശോധന കൂടാതെ അറിയാവുന്നതാണ്. മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴതുക വർദ്ധിപ്പിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പിഴ തുക 500 രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തി. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകി.

മിനിമം വേതന നിയമപ്രകാരമുള്ള ഭേദഗതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

247(900) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായമായി നിലവിൽ എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് അറിയിക്കാമോ; ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം എത്രപേർക്ക് എന്തു തുക നൽകിയെന്ന് അറിയിക്കാമോ;

(സി) ഇപ്രകാരം നെടുമങ്ങാട് താലൂക്കിൽ വിതരണം ചെയ്ത തുക വില്ലേജടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ ഒരു അംഗത്തിന് 2,000 രൂപവീതം പരമാവധി 2 പ്രാവശ്യമാണ് വിവാഹ ധനസഹായം അനുവദിക്കുന്നത്. ഈ ആനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം 976 പേർക്ക് 19,52,000 രൂപ നൽകിയിട്ടുണ്ട്.

(സി) നെടുമങ്ങാട് താലൂക്കിൽ വിതരണം ചെയ്ത വില്ലേജ് അടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

**നിയമലംഘനം നടത്തുന്ന തൊഴിലുടമകൾക്കെതിരെ നടപടി**

248(901) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്തെ ബ്രാന്റഡ് വസ്ത്ര സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ നിയമ ലംഘനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) തൊഴിലാളികൾക്ക് ഇരിപ്പിടം നൽകണമെന്ന വ്യവസ്ഥ പോലും നിഷേധിക്കുന്ന തൊഴിൽ ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു. പരിശോധനകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പരിശോധനകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 3 |
| 3 | ആലപ്പുഴ | 2 |
| 4 | പത്തനംതിട്ട | 5 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 17 |
| 8 | തൃശ്ശൂർ | 9 |
| 9 | പാലക്കാട് | 7 |
| 10 | മലപ്പുറം | 13 |
| 11 | കോഴിക്കോട് | 25 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 32 |
| 14 | കാസർഗോഡ് | 1 |

(ബി) കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്-1960, മിനിമം വേതന നിയമം-1948, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്-1958, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്-1961, കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട്-2006 എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകളും ചട്ടങ്ങളും പ്രകാരമുള്ള നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ഇരിപ്പിടം നൽകണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നിരവധി പരിശോധനകളും ക്രോസ് ഇൻസ്പെക്ഷനുകളും നടത്തിയിട്ടുണ്ട്. കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികൾക്ക് ഇരിപ്പിടസൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ

കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ 2350 പരിശോധനകൾ നടത്തിയിട്ടുണ്ട്. ആയതിൽ നിയമലംഘനങ്ങൾ പരിഹരിക്കാത്തതിനാൽ തൃശ്ശൂർ ജില്ലയിൽ 2 പ്രോസിക്യൂഷനുകളും എറണാകുളം ജില്ലയിൽ 4 പ്രോസിക്യൂഷനുകളും ഫയൽ ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പരിശോധന നടത്തിയതിൽ ഇരിപ്പിട സൗകര്യം ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും ടി സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

## നിർമ്മാണ തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ

249(902) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളി അപകടത്തിൽപ്പെട്ട് ദീർഘകാലം ചികിത്സ ചെയ്ത് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആയശേഷം വീട്ടിൽ വിശ്രമത്തിൽ ഇരിക്കെ മരണപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരത്തിൽ മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ ഇല്ലാത്തതിനാൽ അർഹതപ്പെട്ട ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകാതെ പോകുന്നത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ്, ആശുപത്രി രേഖകൾ, വൂണ്ട് സർട്ടിഫിക്കറ്റ്, മരണമടഞ്ഞ തൊഴിലാളിയുടെ അവകാശികൾ സമർപ്പിക്കുന്ന സത്യവാങ്മൂലം, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട്, കുറഞ്ഞത് 3 സാക്ഷികളുടെ സ്റ്റേറ്റ്മെന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അപകടമരണ ധനസഹായം അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപകടമരണ ആനുകൂല്യത്തിനുള്ള അപേക്ഷ മരണം സംഭവിച്ച് 90 ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

## വസ്ത്രനിർമ്മാണ വ്യവസായ മേഖലയിലെ മിനിമം വേതനം

250(903) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വസ്ത്രനിർമ്മാണ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) തയ്യൽ തുടങ്ങിയ ജോലികളുടെ പീസ് റേറ്റ് പുതുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ വസ്ത്രനിർമ്മാണ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം 30-12-2019-ലെ ജി.ഒ.(പി) നമ്പർ 143/2019/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പീസ് റേറ്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്തിട്ടുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

251(904) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം അറിയിക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളും നടപടികളുമാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും പരിസര പ്രദേശങ്ങളും ശുചിത്വം ഉള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് ആരോഗ്യ - തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഇൻഷ്വറൻസ് പരിരക്ഷയും ലക്ഷ്യംവച്ച് തൊഴിൽ വകുപ്പ് നടപ്പിലാക്കിവരുന്ന ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 27-2-2020 വരെ 5,07,246 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 31-1-2020 വരെ 55520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി "ആവാസ്" , "അപ്നാഘർ" , കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്" -ൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് 25,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും ആശ്രിതർക്ക് 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉൾപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും വ്യവസ്ഥ ചെയ്യുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ" . ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

കേരള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽവച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടു പോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ജില്ലാ ലേബർ ഓഫീസർമാർക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നത് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ "ശ്രമിക് ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തുകയും സാംക്രമിക രോഗങ്ങൾ പടരുന്നത്

തടയുന്നതിനും വ്യക്തി ശുചിത്വം പാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഇതരസംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ലഹരി നിർമ്മാർജ്ജനം, ആരോഗ്യ ശുചിത്വ പരിപാലനം എന്നീ വിഷയങ്ങളിൽ വിദഗ്ധർ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## ഐ.റ്റി. അധിഷ്ഠിത വേജ് പേമെന്റ് സംവിധാനം

252(905) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജൂലൈ 8-ന് വിജ്ഞാപനം ചെയ്ത കേരള മിനിമം വേതനചട്ടം ഭേദഗതി ചെയ്ത് ഐ.റ്റി. അധിഷ്ഠിത വേജ് പേമെന്റ് സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഇത് നടപ്പിലാക്കിയത്; ഇത് വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) ഇതിനെതിരെ കേരള ഹൈക്കോടതിയിൽ ഉണ്ടായിരുന്ന കേസിലെ വിധി എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(ഡി) പാർലമെന്റ് പാസ്സാക്കിയ ദേശീയ വേജ് കോഡ് നിലവിൽ വരുന്നതോടുകൂടി ഈ ഭേദഗതിക്ക് പ്രസക്തി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2015 ജൂലൈ 8-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 84/2015/ തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം വേതന സുരക്ഷാ പദ്ധതി എന്ന പേരിൽ ഐ.റ്റി. അധിഷ്ഠിത വേജ് പേമെന്റ് സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിലവിൽ ഷെഡ്യൂൾഡ് എംപ്ലോയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 38 തൊഴിൽ മേഖലകളിലെ ജീവനക്കാർക്ക് വേതന സുരക്ഷാ പദ്ധതി വഴി വേതന വിതരണം നടത്തിവരുന്നു. ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

ടി മേഖലകൾക്ക് പുറമേ വേതന വിതരണം ഓൺലൈനായി നടത്തുന്നതിന് സന്നദ്ധരായിട്ടുള്ള മറ്റ് തൊഴിൽ മേഖലകളിലെ സ്ഥാപനങ്ങൾക്കും വേതന സുരക്ഷാ പദ്ധതി മുഖേന ബാങ്ക് അക്കൗണ്ടിലൂടെ വേതന വിതരണം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിൽ വേതന സുരക്ഷാ പദ്ധതി മുഖാന്തരം 9514 സ്ഥാപനങ്ങൾ തങ്ങളുടെ 3,25,031 തൊഴിലാളികൾക്ക് 6134.7 കോടി രൂപ വിജയപ്രദമായി ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ തൊഴിലുടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിൽ ഫോറം XIV അപ്‌ലോഡ് ചെയ്യുന്നതിന് തൊഴിലുടമകൾക്ക് 3 മാസം സമയം അനുവദിച്ചും നിലവിൽ അക്കൗണ്ട് നമ്പർ നൽകാത്ത തൊഴിലാളികളുടെ വേതനത്തിന്റെ കാര്യത്തിൽ അക്കൗണ്ട് നമ്പർ ഇല്ലാതെയും ഫോറം XIV അപ്‌ലോഡ് ചെയ്യാവുന്നതാണെന്നും ബാങ്ക് അക്കൗണ്ട് മുഖേനയോ വേതന സുരക്ഷാ പദ്ധതി മുഖേനയോ വേതന വിതരണം നടത്തണമെന്ന് നിർബന്ധിക്കാൻ പാടില്ലാത്തതാണെന്നും കോടതി ഉത്തരവായിട്ടുണ്ട്.

(ഡി) വേജ് കോഡ് 2019 ചാപ്റ്റർ 3 പ്രകാരം കോയിനുകൾ, കറൻസികൾ, ചെക്കുകൾ എന്നിവ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ട്/മറ്റ് ഇലക്ട്രോണിക് രീതികൾ വഴി വേതനം നൽകാവുന്നതാണെന്നും സമുചിത ഗവൺമെന്റിന് വിജ്ഞാപനങ്ങളിലൂടെ ഏതെല്ലാം വ്യവസായ/വാണിജ്യ മേഖലകളിലാണ് ചെക്ക് വഴിയോ ബാങ്ക് വഴിയോ വേതനം നൽകേണ്ടതെന്ന് തീരുമാനിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോഡ് ഓൺ വേജസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ വേജ് പ്രൊട്ടക്ഷൻ സ്കീം നിലനിർത്താൻ സാധിക്കുന്നതാണ്.

**മിനിമം കൂലി**

253(906) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതൊക്കെ മേഖലകളിലാണ് മിനിമം കൂലി പുതുക്കി നിശ്ചയിച്ചത് എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഇനിയും മിനിമം കൂലി പുതുക്കി നിശ്ചയിക്കുവാൻ ശേഷിക്കുന്ന മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേഖലകളെ സംബന്ധിക്കുന്ന കാര്യം ഇതിനായുള്ള കമ്മിറ്റിയുടെ പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ - സി) ഈ സർക്കാർ നിലവിൽ വന്നശേഷം 38 തൊഴിൽ മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും 5 മേഖലകളിൽ പുതുതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇനി 34 മേഖലകളിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. പുതുക്കി നിശ്ചയിക്കേണ്ട മേഖലകളിൽ തെളിവെടുപ്പ് നടത്തി സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് മിനിമം വേതന ഉപദേശക

സമിതിയുടെ കീഴിൽ സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ സബ്കമ്മിറ്റികൾ തെളിവെടുപ്പ് നടത്തിവരുന്നു.

ഈ സർക്കാർ നിലവിൽവന്നശേഷം മിനിമം കൂലി നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്ത മേഖലകളുടേയും പുതുക്കി നിശ്ചയിക്കാനുള്ള മേഖലകളുടേയും വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## മിനിമം വേതന നിയമത്തിന്റെ പട്ടികയിലുള്ള തൊഴിൽമേഖലകൾ

254(907) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ തൊഴിൽ മേഖലകളെയാണ് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) മേൽപ്പറഞ്ഞവയിൽപെടാത്ത മേഖലകളിൽ കൂടി മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേബിൾ ടി.വി., ചെറുകിട തോട്ടം, മാധ്യമ പ്രവർത്തനം, ആയുർവേദം, ഹോമിയോ, ദന്തൽ, പാരമ്പര്യ ചികിത്സ, സിദ്ധ, യുനാനി, മർമ്മ വിഭാഗങ്ങൾ ആശുപത്രിയോടൊപ്പമല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ, ബ്ലഡ് ബാങ്കുകൾ, കാത്ത് ലാബുകൾ തുടങ്ങിയ തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി കഴിഞ്ഞാൽ മാത്രമേ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ സ്റ്റീൽ കാസ്റ്റിംഗ് ഫാക്ടറി (റ്റി.എം.റ്റി. കമ്പി നിർമ്മാണം), എയർപോർട്ട് എന്നീ മേഖലകളെ കൂടി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തി മിനിമം വേതനം നിശ്ചയിക്കാനുള്ള നടപടികൾ പുരോമഗിച്ചുവരുന്നു.

## സ്വകാര്യ സ്കൂൾ ജീവനക്കാർക്ക് മിനിമം വേതനം

255(908) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ്, സി.ബി.എസ്.ഇ. സ്വകാര്യ സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന അധ്യാപക അനധ്യാപക ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അൺ എയ്ഡഡ്, സി.ബി.എസ്.ഇ. സ്വകാര്യസ്കൂളുകളിലെ തൊഴിൽ സാഹചര്യവും അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ലഭിക്കുന്ന വേതനവും സംബന്ധിച്ച് പരിശോധന നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തൊഴിൽ മേഖലകളിലാണ് വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മിനിമം വേതന നിയമം 1948 പ്രകാരം തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ അദ്ധ്യാപകർ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകുകയും നിയമ ലംഘനങ്ങൾ പരിഹരിക്കാതെ വന്നാൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്യുകയും ചെയ്യുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മിനിമം വേതന നിയമം 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 38 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചും 5 മേഖകളിൽ പുതുതായി മിനിമം വേതനം നിശ്ചയിച്ചും വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**പാരാമെഡിക്കൽ സ്റ്റാഫുകളുടെ മിനിമം വേതനം**

256(909) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് വകുപ്പ് തലത്തിൽ പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച എത്ര പരാതികൾ നടപ്പുവർഷം ലഭിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിലെ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പിലാക്കുന്നതിന് വകുപ്പുതലത്തിൽ പരിശോധനകൾ നടത്താറുണ്ട്. 23-4-2018-ലെ ജി.ഒ. (പി) 33/18/എൽ.ബി.ആർ. ഉത്തരവ് പ്രകാരം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട് എന്നാൽ WP(C) No. 23406/18, WP(C) No. 25524/2018 എന്നീ കേസുകളിൽ വിജ്ഞാപനത്തിന് സ്റ്റേയും WP(C) No. 25109/2018 അടക്കം 10 കേസുകളിൽ മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ coercive step എടുക്കരുതെന്നും ഹൈക്കോടതി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ഹോസ്പിറ്റൽ ഇൻസ്പെക്ഷനിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഒഴിവാക്കി നിശ്ചയിച്ചിട്ടുള്ള വേതനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ചെങ്ങന്നൂരിലെ സെഞ്ച്വറി ഹോസ്പിറ്റൽ, സഞ്ജീവനി ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ബോണസ്, ശമ്പള കുടിശ്ശിക എന്നീ വിഷയങ്ങളിൽ പരാതി ലഭിക്കുകയും ചർച്ചകൾ നടന്നുവരുകയും ചെയ്യുന്നു. എക്സ്റേ ഹോസ്പിറ്റൽ, ചേർത്തല, കായംകുളം എബനേസർ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ പുതുക്കിയ മിനിമം വേതനം ലഭിക്കുന്നില്ലെന്ന പരാതികളും ലഭിച്ചിട്ടുണ്ട്.

**തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ വീട്**

257(910) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും, ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ വീട് വച്ച് നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണെന്നും, അവരുടെ ജീവിത സാഹചര്യം ദയനീയമാണെന്നും കണക്കിലെടുത്ത് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുമോ;

(സി) ലൈഫ് പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തോട്ടം മേഖലയിൽ താമസിക്കുന്നവർക്ക് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവന രഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്.

തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിനു കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

ഭവനം ഫൗണ്ടേഷൻ കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ പുനലൂരിലുള്ള റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ (ആർ.പി.എൽ.) തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുകയും ആദ്യഘട്ട ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2020 ഫെബ്രുവരിയിൽ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കായി വയനാട് ജില്ലയിൽ സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ചു നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ മറ്റ് തോട്ടം മേഖലകളിലുള്ള ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്നും വീടുകൾ നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലാണ്.

(സി) തോട്ടം മേഖലയിൽ ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കി വരുന്ന ഭവന പദ്ധതിക്കായി ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം നാല് ലക്ഷം രൂപയാണ് അനുവദിച്ചുവരുന്നത്. എന്നാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിനായി കൂടുതൽ തുക ചെലവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധികമായി തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ Beneficiary Committee/Non Governmental Agency കളിൽ നിന്നും സംഭാവനയായി തുക കണ്ടെത്തുന്നതിന് ഭവനം ഫൗണ്ടേഷന് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ നടപ്പാക്കിയ ഭവന പദ്ധതിക്കായി അധികമായി ചെലവുവന്ന തുകയിൽ 75,000 രൂപ Federation of Kerala Association in North America (FOKANA) -ൽ നിന്നും സംഭാവനയായും 13,372 രൂപ ഗുണഭോക്തൃ വിഹിതമായും സമാഹരിച്ചിരുന്നു.

**തൊഴിലാളി ഡാറ്റാബാങ്ക്**

258(911) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് സർക്കാർ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ വിവരങ്ങളാണ് ഇത്തരത്തിൽ ശേഖരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇതുവരെ എത്രപേരുടെ വിവരങ്ങൾ ഇപ്രകാരം ശേഖരിച്ചു ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളികളുടെയും ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ല. എന്നാൽ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന മൊബൈൽ ആപ്ലിക്കേഷൻ വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ "സ്കിൽ രജിസ്ട്രി" എന്ന പേരിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുന്ന രീതിയിൽ 10-7-2019 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

(ബി&സി) തൊഴിൽ വൈദഗ്ധ്യമുള്ളവർക്ക് സർവ്വീസ് പ്രൊവൈഡറായും, ഇവരുടെ സേവനം ആവശ്യമുള്ളവർക്ക് കസ്റ്റമറായും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രാഥമികഘട്ടത്തിൽ വ്യാവസായിക പരിശീലന വകുപ്പ്, കുടുംബശ്രീവഴി പരിശീലനം ലഭിച്ച തിരുവനന്തപുരം ജില്ലയിലെ വിദഗ്ദ്ധ തൊഴിലാളികളെ ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ചുവരികയാണ്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ AC, Washing, Machine, Refrigerator, Oven, Fan/Iron Box, Computer, Mixer & Grinder Service and Repair, Electrician, Plumber, Carpenter, Painter, Coconut Climber, Day care-Child care in Home, Driver, Gardening & Landscaping, Geriatric care-in home/hospitals, Grass Cutting, Home Cleaning/House Keeping, House Maid, Laundry & Ironing, Masonry-Small Construction work/Renovation/Compost pit/Ring work,

Mobile Beauty Parlour-Services at home, Santhwanam- Health Check up at Home (Sugar, Cholesterole, BP), Television Repair and Installation, 2/3/4 wheeler repair, Agricultural work, Catering, Civil Draughtsman, Cooking, Driver with vehicle, Gas Stove Repair, Interior Designing Tailor, Tractor Driver, Truss Work, Welder, wood cutter എന്നിങ്ങനെ 37 സേവനമേഖലകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ പൊതുജനങ്ങൾക്ക് സർട്ടിഫൈഡ് ടെക്നീഷ്യന്മാരെയും സ്വയംതൊഴിൽ വൈദഗ്ദ്ധ്യമുള്ള സേവനദാതാക്കളെയും കണ്ടെത്താൻ സാധിക്കും. ഇതുവരെ 2081 പേർ സ്കിൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**നോക്കുകൂലിക്കെതിരെയുള്ള നടപടി**

259(912) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തെ പുറകോട്ട് അടിച്ചതിന്റെ പ്രധാന കാരണം സംസ്ഥാനത്ത് നിലനിന്ന നോക്കുകൂലി സമ്പ്രദായമാണെന്നത് വസ്തുതയാണോ;

(ബി) നോക്കുകൂലി ഔദ്യോഗികമായി നിർത്തലാക്കിയെങ്കിലും പല മേഖലകളിലും ഇപ്പോഴും നിലനിൽക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ തൊഴിലാളി യൂണിയനുകളുടെ സഹകരണം തേടുന്നതിനും, നോക്കുകൂലി ഈടാക്കുന്ന തൊഴിലാളികൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) നിലവിൽ നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 30-4-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 511/2018/തൊഴിൽ പ്രകാരം നോക്കുകൂലി നിരോധിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്

വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുകയും ചട്ട പ്രകാരം മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. നോക്കുകൂലിയുമായി ബന്ധപ്പെട്ട് കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് തലത്തിൽ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ചകൾ നടത്തി ഇക്കാര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കരിയർ നയം**

260(913) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. യു. ജനീഷ് കുമാർ :
ശ്രീ. എം. മുകേഷ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങൾ കൊണ്ടും സംസ്ഥാനത്ത് അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലിനോടുള്ള കാഴ്ചപ്പാട് കൊണ്ടും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ കണക്കിലെടുത്ത് ഉദ്യോഗാർത്ഥികളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന് പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന കരിയർ നയം ലക്ഷ്യമിടുന്നുണ്ടോ;

(ബി) അഭ്യസ്തവിദ്യരിലും തൊഴിൽ വിപണിക്ക് ആവശ്യമായ പ്രാവീണ്യമില്ലെന്ന വസ്തുത കണക്കിലെടുത്ത് നൈപുണിശേഷി വികസനത്തിന് കരിയർ നയം ഊന്നൽ നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) വിവിധ തൊഴിൽ മേഖലകൾക്കാവശ്യമായ മാനവവിഭവശേഷി അവസരസമത്വം ഉറപ്പാക്കിക്കൊണ്ട് വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; സ്വകാര്യ കരിയർ സ്ഥാപനങ്ങളുടെ പരസ്യങ്ങളിൽ ആകൃഷ്ടരായി മനുഷ്യവിഭവശേഷി പാഴായി പോകുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കരിയർ നയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച അന്തിമഘട്ട ചർച്ചകൾ നടന്നുവരികയാണ്.

(സി) വിവിധ തൊഴിൽ മേഖലകൾക്കാവശ്യമായ മാനവ വിഭവശേഷി അവസരസമത്വം ഉറപ്പാക്കി വികസിപ്പിക്കുക എന്നത് കരിയർ നയത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. കൂടാതെ സ്വകാര്യ സ്ഥാപനങ്ങളുടെ പരസ്യങ്ങളിൽ ആകൃഷ്ടരായി മാനവ വിഭവശേഷി പാഴായിപ്പോകുന്ന പ്രവണതയ്ക്ക് മാറ്റമുണ്ടാക്കാനും

മനുഷ്യ വിഭവശേഷി കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള പദ്ധതി നിർദ്ദിഷ്ട കരിയർ നയത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സ്കിൽ പാർക്ക്

261(914) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നൈപുണ്യ വികസനമിഷൻ പദ്ധതിയായ സ്കിൽ പാർക്കിൽ വിദേശഭാഷാ പരിശീലനകേന്ദ്രവും ഹോസ്പിറ്റാലിറ്റി മേഖലയിൽ ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ കോഴ്സും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇതിലൂടെ എത്രപേർക്ക് തൊഴിൽലഭ്യത ഉറപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ഹോസ്പിറ്റാലിറ്റി മേഖലയിലെ ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ കോഴ്സ് കൂടാതെ ഇംഗ്ലീഷ്, ജാപ്പനീസ്, ഫ്രഞ്ച്, സ്പാനിഷ്, ചൈനീസ്, അറബിക്, ജർമ്മൻ എന്നീ വിദേശ ഭാഷകളിലെ ആശയവിനിമയ പ്രാവീണ്യവും പരിശീലിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഹോസ്പിറ്റാലിറ്റി മേഖലയിലെ നൈപുണ്യവും വിദേശ ഭാഷകളിൽ നേടുന്ന ആശയവിനിമയ പ്രാവീണ്യവും പ്രസ്തുത മേഖലകളിലെയും രാജ്യങ്ങളിലെയും തൊഴിലവസരങ്ങൾ ലഭിക്കുന്നത് ഗുണകരമാകുമെന്നാണ് കരുതുന്നത്. എന്നാൽ ഇത്തരം തൊഴിലവസരങ്ങൾ എത്രപേർക്ക് ലഭ്യമാകുമെന്ന് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

## യുവജനങ്ങൾക്കുള്ള നൈപുണ്യ വികസന പദ്ധതികൾ

262(915) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടുവാൻ സഹായകമായ നൈപുണ്യ വികസന പദ്ധതികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസിന്റെ (കെ.എ.എസ്.ഇ.) ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് മാറിവരുന്ന തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രീതിയിൽ പരിശീലനം വിഭാവനം ചെയ്യുന്നതിന് കെ.എ.എസ്.ഇ.-ക്ക് സാധിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പുതിയ കോഴ്സുകളിലാണ് പരിശീലനം നൽകുന്നതെന്ന് അറിയിക്കാമോ;

(സി) കെട്ടിട നിർമ്മാണ മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത തരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ പ്രവർത്തനം വിശദമാക്കുമോ;

(ഡി) ഇവിടെ നിന്നും പഠനം പൂർത്തിയായവർക്ക് ജോലി ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) വേൾഡ് സ്കിൽ ലൈസിയം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാണ് അത് രൂപീകരിച്ചതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ & ബി) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്നതരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വ്യാവസായിക മേഖലകളുടെ താല്പര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്ന വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്.

നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. അക്രഡിറ്റേഷൻ
3. കൗശൽ കേന്ദ്രകൾ
4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ
5. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ
6. സ്റ്റേറ്റ് ജോബ് പോർട്ടൽ
7. സ്കിൽ രജിസ്ട്രി.

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

തൊഴലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കുന്നതിന് വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകളെ മനസ്സിലാക്കി ടി തൊഴിലുകളിൽ യുവജനങ്ങളെ പ്രാപ്തരാക്കും വിധത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാന യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ വ്യാവസായിക മേഖലയുടെ ആനുകാലിക ആവശ്യകതയ്ക്കനുസൃതമായി രൂപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പരിശീലന പരിപാടികളാണ് സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ), അക്രെഡിറ്റേഷൻ പ്രോഗ്രാമുകൾ തുടങ്ങിയ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്നത്.

ഇതോടൊപ്പം മത്സര പരീക്ഷകളും അഭിമുഖങ്ങളും നേരിടാൻ യുവജനങ്ങളെ പ്രാപ്തരാക്കുംവിധമുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേനയും നടപ്പിലാക്കി വരുന്നു. കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ എന്ന മികവിന്റെ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രവർത്തിച്ചുവരുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്.

കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയുടെ (PMKVY) സെൻട്രലി സ്പോൺസേർഡ് സ്റ്റേറ്റ് മാനേജ്ഡ് (CSSM) ഘടകം സംസ്ഥാനത്ത് നടപ്പാക്കിവരുന്നത് KASE മുഖേനയാണ്. വിവരസാങ്കേതിക വിദ്യയുടെ നൂതനവും വിപുലവുമായ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തി

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാല സംവിധാനമായ ജോബ് പോർട്ടൽ സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിലാളി എന്നിങ്ങനെ വിവിധങ്ങളായ തൊഴിൽ ചെയ്യുന്ന വിദഗ്ദ്ധരുടെ സേവനങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന ഒരു സംവിധാനം സ്കിൽ രജിസ്ട്രി എന്ന പേരിൽ KASE വികസിപ്പിച്ചിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത തരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC). കൊല്ലം ജില്ലയിലെ ചവറയിൽ 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കും ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലെ സജ്ജീകരണങ്ങളുമായിട്ടാണ് IIIC പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത്. പൊതുസ്വകാര്യ പങ്കാളിത്തത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ സ്കില്ലിംഗ് പാർട്ണർ M/s.Uralungal Labour Contract Co-operative Society ആണ്. IIIC യുടെ പ്രഥമ ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിച്ച കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ മേഖലകളിൽ മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി നിലവിൽ 18 കോഴ്സുകൾ ആണ് IIIC-ൽ നടന്നുവരുന്നത്. ഉന്നത നിലവാരമുള്ള കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു പരിശീലനകേന്ദ്രമാക്കി മാറ്റുന്നതിനായി നിരന്തരം നടപടിക്രമങ്ങൾ കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ സാധ്യതയേറിയ മേഖലകളും ജോബ് റോളുകളും തിരിച്ചറിഞ്ഞ് പുത്തൻ കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനായി വ്യാവസായിക പ്രമുഖരെയും വിദ്യാഭ്യാസ വിചക്ഷണരെയും ഉൾപ്പെടുത്തി PLACEX'18 എന്ന ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ പരിശീലനം നേടുന്നവർക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യത്തിനായി കേംബ്രിഡ്ജ് ഇംഗ്ലീഷുമായി ചേർന്ന് സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്.

(ഡി) നിലവിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)ൽ ആദ്യ ബാച്ചിലെ 8 കോഴ്സുകളിൽ നിന്നായി പരിശീലനം പൂർത്തിയാക്കിയ 158 വിദ്യാർത്ഥികളിൽനിന്നും 99 പേർക്ക് IIIC മുഖേന തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ഇ) വേൾഡ് സ്കിൽ ലൈസിയം നിലവിൽ സ്ഥാപിതമായിട്ടില്ല.

**ഐ.ടി.ഐ.കളിൽ 'സ്ട്രൈവ്' പദ്ധതി**

263(916) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഐ.ടി.ഐ.കളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സ്ട്രൈവ്' നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള കരിയർ പ്രോഗ്രഷൻ പോളിസിയിൽ നടപ്പാക്കാൻ ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ വിശദമാക്കാമോ;

(സി) കരിയർ പ്രോഗ്രഷൻ പോളിസി പ്രകാരം സംസ്ഥാനത്ത് ഐ.ടി.ഐ. ജീവനക്കാരുടെ നിയമന രീതികളിൽ എന്തെങ്കിലും മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കരിയർ പ്രോഗ്രഷൻ പോളിസിയുടെ കരട് രൂപമാണ് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആയതിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും DGT ക്ഷണിക്കുകയും ഇതിന്മേലുള്ള സംസ്ഥാനത്തിന്റെ ആശങ്കകൾ DGT-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി കരിയർ പ്രോഗ്രഷൻ പോളിസിയുടെ അന്തിമരൂപം ആയിട്ടില്ല.

**ഐ.ടി.ഐ.കളിൽ ആധുനിക കോഴ്സുകൾ**

264(917) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക തൊഴിൽ മേഖലകളിലേയ്ക്ക് കേരളത്തിലെ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി ഐ.ടി.ഐ.കൾ മുഖേന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഐ.ടി.ഐ.-കളിൽ തുടങ്ങുവാൻ കഴിഞ്ഞിട്ടുള്ള ആധുനിക കോഴ്സുകൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നതിനുമായി ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പുതിയ ഐ.ടി.ഐ. സ്ഥാപിക്കൽ

സംസ്ഥാനത്ത് യുവജനങ്ങളെ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇതിനകം വിവിധ ജില്ലകളിലായി 17 പുതിയ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 5 പുതിയ ഐ.ടി.ഐ.കൾ കൂടി ആരംഭിക്കുന്നതാണ്.

2. ഇൻഡസ്ട്രികളുമായുള്ള സഹകരണം

ഐ.ടി.ഐ.കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ വ്യവസായ പ്രമുഖരുമായി വിവിധ ഐ.ടി.ഐ.കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

3. ജോബ് ഫെയർ

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി ജില്ലാതലത്തിലും മേഖലാ തലത്തിലും ജോബ് ഫെയർ സംഘടിപ്പിക്കുന്നുണ്ട്.

4. പ്ലേസ്മെന്റ് സെൽ

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.കളിൽ പ്രവർത്തിച്ചുവരുന്നു.

5. ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം

സർക്കാർ ഐ.ടി.ഐ.കളിൽ പഠനമികവ് പുലർത്തുന്നവർക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുത്ത 57 ട്രെയിനികൾക്ക് സിംഗപ്പൂരിൽ വച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

6. <u>സംരംഭകത്വ വികസന ക്ലബ്ബ്</u>

വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുകയെന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്. ഇതോടൊപ്പം നൈപുണ്യ പ്രവൃത്തികളിൽ പുതുതലമുറയെ സജ്ജമാക്കുന്ന പരിശ്രമത്തിലും പ്രധാന പങ്ക് വഹിക്കുന്നു.

7. <u>NSQF സിലബസ് നടപ്പിലാക്കൽ</u>

NSQF സിലബസ് അനുസരിച്ചുള്ള പരിശീലന പദ്ധതി 2018-19 വർഷം മുതൽ ഐ.ടി.ഐ.കളിൽ നടപ്പിലാക്കിവരുന്നു.

8. <u>കാലഹരണപ്പെട്ട ട്രേഡുകളുടെ റിവാംബിംഗ്</u>

ഐ.ടി.ഐ.കളിൽ നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ റീവാംമ്പ് ചെയ്ത് തൊഴിൽ സാധ്യതയുള്ളതും നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) മൾട്ടി മീഡിയ ആനിമേഷൻ സ്പെഷ്യൽ ഇഫക്ട്സ്, സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് അസിസ്റ്റന്റ്, ഡേറ്റാ ബേസ് സിസ്റ്റം അനലിസ്റ്റ്, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, സിസ്റ്റം മെയിന്റനൻസ് എന്നീ ആധുനിക കോഴ്സുകൾ ഐ.ടി.ഐ.കളിൽ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ STRIVE പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് ഓഫ് തിങ്സ് (IOT), സോളാർ ടെക്നീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT)നൽകിയിട്ടുണ്ട്.

**ഐ.ടി.ഐ.കളിൽ മികവിന്റെ കേന്ദ്രം പദ്ധതി**

265(918) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ഐ.ടി.ഐ.കളിലാണ് മികവിന്റെ കേന്ദ്രം പദ്ധതി അനുസരിച്ച് നിലവിൽ പരിശീലനം നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് പ്രസ്തുത പദ്ധതി തുടരാൻ തീരുമാനിച്ച സാഹചര്യം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പരിശീലനം, ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന്റെ (എൻ.എസ്.ക്യു.എഫ്.) പരിധിയിൽ വരുന്നുണ്ടോ;

(ഡി) എൻ.എസ്.ക്യു.എഫ്. പ്രകാരമല്ലാതെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് അംഗീകാരം ഇല്ലാതായേക്കാവുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതി അനുസരിച്ച് പരിശീലനം നേടുന്ന വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ വയനാട് ജില്ലയിലെ കല്പറ്റ ഐ.ടി.ഐ.-യിലും കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പ് ഐ.ടി.ഐ.യിലുമാണ് മികവിന്റെ കേന്ദ്രം പദ്ധതിയനുസരിച്ച് നിലവിൽ പരിശീലനം നൽകുന്നത്.

(ബി) മികവിന്റെ കേന്ദ്രം പദ്ധതി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) തലത്തിൽ നിർത്തലാക്കിക്കൊണ്ടും ആവശ്യമുള്ളവർക്ക് സംസ്ഥാന തലത്തിൽ തുടരാൻ അനുമതി നൽകിക്കൊണ്ടും കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള കോഴ്സുകൾക്ക് ധാരാളം അപേക്ഷകരുള്ളത് പരിഗണിച്ചും പരിശീലനം കഴിഞ്ഞവർക്കെല്ലാം ബന്ധപ്പെട്ട മേഖലയിൽ സ്വയം തൊഴിലടക്കമുള്ള തൊഴിൽ സാധ്യതകൾ നിലനിൽക്കുന്നതുകൊണ്ടുമാണ് രണ്ട് ഐ.ടി.ഐ.കളിൽ ആയത് തുടർന്ന് പോരുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പരിശീലനം, ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂടിന്റെ (എൻ.എസ്.ക്യു.എഫ്.)പരിധിയിൽ വരുന്നില്ല.

(ഡി) എൻ.എസ്.ക്യു.എഫ്. പ്രകാരമല്ലാതെ നടത്തുന്ന പരിശീലന പരിപാടികൾക്ക് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് അംഗീകാരം ഇല്ലാതായേക്കാവുന്ന സാഹചര്യം നിലവിലില്ല.

**മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ**

266(919) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകളിലേയ്ക്ക് എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിരുന്നു; ഇപ്പോൾ എത്ര വിദ്യാർത്ഥികൾക്കാണ് അവിടെ പ്രവേശനം ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മാടായി ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ ലഭ്യമാക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാടായി ഐ.ടി.ഐ.യിൽ നിലവിൽ നടന്നുവരുന്ന ട്രേഡുകളിലേയ്ക്കായി 5526 അപേക്ഷകൾ ലഭിച്ചിരുന്നു. ആയതിൽ വിവിധ ട്രേഡുകളിലായി പ്രവേശനം നേടിയവരുടെ കണക്ക് താഴെപറയും പ്രകാരമാണ്:

| ട്രേഡ് | പ്രവേശനം നേടിയവരുടെ എണ്ണം |
|---|---|
| ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 24 |
| ഇലക്ട്രീഷ്യൻ | 20 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ& പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 48 |
| ആകെ | 92 |

**കോന്നി മണ്ഡലത്തിൽ ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

267(920) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ സർക്കാരിന് അധിക ചെലവ് ഉണ്ടാകാത്തവിധം കെട്ടിടം ലഭിക്കുന്നപക്ഷം ഠൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) കോന്നിയിലെ പ്രമാടത്തുള്ള ഐ.എ.എസ്.അക്കാദമിയിൽ ക്രാഷ് ഫിനിഷിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും, പ്രവാസികളും വിദേശ കമ്പനികളും നോർക്കയും ചേർന്ന് തൊഴിൽ മേളകൾ നടത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സി.സി.ഇ.കെ.)യുടെ കീഴിൽ സിവിൽ സർവ്വീസ് ക്രാഷ് കോഴ്സ് നിലവിൽ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ മെയിൻ കേന്ദ്രമായ തിരുവനന്തപുരത്ത്

മാത്രമേ ഉള്ളൂ. നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ച് കോന്നിയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രത്തിൽ സിവിൽ സർവ്വീസിനുള്ള ക്രാഷ്/ഫിനിഷിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനും തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിനും നിർവ്വാഹമില്ല.

**കരിയർ ഗൈഡൻസ് സംവിധാനം**

268(921) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് വകുപ്പിൽ ആരംഭിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലിന് പ്രാപ്തമാക്കുവാൻ ഉതകുന്ന കരിയർ ഗൈഡൻസ് സംവിധാനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കരിയർ നയം പ്രഖ്യാപിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം എന്ന നിലയിൽ സ്വകാര്യ കരിയർ ഗൈഡൻസ് സ്ഥാപനങ്ങൾക്കുകൂടി ബാധകമാകുന്ന പ്രാഥമിക നിബന്ധനകൾ ഈ മേഖലയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ അറിവും പരിശീലനവും നൽകുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ
2. തൊഴിൽരഹിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'കൈവല്യ' പദ്ധതി.

(ബി) വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലിന് പ്രാപ്തരാക്കുവാൻ ഉതകുന്ന കരിയർ ഗൈഡൻസ് സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്.

(സി) സംസ്ഥാന കരിയർ നയം പ്രഖ്യാപിച്ചിട്ടില്ല. അന്തിമ ഘട്ട ചർച്ചകൾ നടന്നുവരുന്നു.

**കരിയർ നയം**

269(922) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജനങ്ങളുടെയും സമഗ്ര പുരോഗതിക്ക് ഉതകുന്ന തരത്തിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കരിയർ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ നയരൂപീകരണംമൂലം സമൂഹത്തിൽ എന്തൊക്കെ മാറ്റം സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്;

(സി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പാർട്ട്ടൈം ജോലി ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിനായി കോളേജുകളിലെ പഠനസമയം എട്ടുമണി മുതൽ ഉച്ച വരെ ക്രമീകരിക്കണമെന്ന നിർദ്ദേശം ഈ നയത്തിന്റെ ഭാഗമായി ഉണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽ രഹിതർക്ക് ലഭ്യമാക്കുന്നതിന് നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; 2019-ൽ എത്ര ജോബ് ഫെയറുകളാണ് സംഘടിപ്പിച്ചതെന്നും ഇതിലൂടെ എത്രപേർക്ക് തൊഴിൽ ലഭ്യമായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജനങ്ങളുടെയും സമഗ്ര പുരോഗതിക്ക് ഉതകുന്നതരത്തിൽ അവരുടെ കരിയർ ജീവിതം ആസൂത്രണം ചെയ്യുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കരിയർ നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേലുള്ള അന്തിമഘട്ട ചർച്ചകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് നടക്കുന്ന എല്ലാവിധ കരിയർ ഡെവലപ്മെന്റ് പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും സംസ്ഥാനത്ത് കരിയർ ഗൈഡൻസ് ആവശ്യമുള്ള മുഴുവൻ വ്യക്തികൾക്കും ഗുണമേന്മയുള്ളതും കാലാനുസൃതവുമായ സേവനങ്ങൾ യഥാസമയത്ത് ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതികളാണ് കരിയർ നയത്തിന്റെ കരടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിലൂടെ കാലാനുസൃതമായ വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകി വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും മാനവ വിഭവശേഷി ശരിയായ വിധത്തിൽ ഉപയോഗിച്ച് അഭിവൃദ്ധി നേടുന്നതിനും കേരള സമൂഹത്തെ പ്രാപ്തരാക്കാൻ കഴിയുമെന്നാണ് നിർദ്ദിഷ്ട കരിയർ നയത്തിന്റെ കരടിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത നിർദ്ദേശം കരിയർ നയത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽരഹിതർക്ക് ലഭ്യമാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. 2019 വർഷം മൂന്ന് നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ 3551 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

**കരിയർ നയം രൂപീകരണം**

270(923) <u>ശ്രീ. പി. കെ. ശശി</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ കാരണം തൊഴിലില്ലായ്മ ഏറ്റവും ഉയർന്ന നിരക്കിലെത്തിയതായും തൊഴിൽ അവകാശ നിയമങ്ങൾ പൊളിച്ചെഴുതികൊണ്ട് ചൂഷണത്തിന് അനുമതി നൽകുന്നതായും ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ, അഭ്യസ്തവിദ്യരുടെയിടയിൽ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ സംസ്ഥാനത്ത് കരിയർ നയം രൂപീകരിക്കുന്നതിന്റെ കരട് തയ്യാറായിട്ടുണ്ടോ;

(ബി) രാജ്യത്ത് ആദ്യമായി രൂപീകരിക്കുന്ന കരിയർ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാഴ്ചപ്പാട് എന്താണെന്ന് അറിയിക്കാമോ;

(സി) ഉയർന്ന ഫീസ് ഈടാക്കുന്ന സ്വകാര്യ കോച്ചിംഗ് സ്ഥാപനങ്ങൾ പാവപ്പെട്ടവർക്ക് അപ്രാപ്യമായിട്ടുള്ള സ്ഥിതിക്കു പരിഹാരമായി മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് സൗജന്യമായോ മിതമായ ഫീസിലോ ഉയർന്ന നിലവാരമുള്ള പരിശീലന പരിപാടികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വികസ്വര രാഷ്ട്രങ്ങളിലെ കരിയർ മേഖലയുടെ പരിഷ്കരണത്തിനായി ഐ.എൽ.ഒ. (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ) തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ, കേരളത്തിലെ പ്രത്യേക സാഹചര്യത്തിന് സഹായകരമായ നിലയിൽ ഒരു കരിയർ ഡെവലപ്മെന്റ് സംവിധാനം രൂപപ്പെടുത്തി എടുക്കുക എന്നതാണ് കരിയർ നയത്തിന്റെ കാഴ്ചപ്പാട്.

(സി) സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ മത്സര പരീക്ഷകൾക്ക് സൗജന്യമായും മിതമായ ഫീസിലും ഉയർന്ന നിലവാരമുള്ള പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിലുള്ള ജില്ലാ ആസ്ഥാനങ്ങൾ/യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള 21 വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേന സംസ്ഥാന വ്യാപകമായി തികച്ചും സൗജന്യമായി ഉയർന്ന നിലവാരത്തിലുള്ള PSC/IBPS/UPSC തുടങ്ങിയ മത്സര പരീക്ഷാ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടി യു.പി.എസ്.സി./ കെ.പി.എസ്.സി./ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ/ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/ പൊതുമേഖല ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന മത്സര പരീക്ഷകളിൽ മെച്ചപ്പെട്ട വിജയം നേടി കൊടുക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് കം ഗൈഡൻസ് സെന്റർ ഫോർ SC/ST എന്ന സ്ഥാപനങ്ങളിൽ സൗജ്യമായി പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) നടപ്പിലാക്കിവരുന്ന കൈവല്യ പദ്ധതി പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സൗജന്യ മത്സര പരീക്ഷാ പരിശീലനം നടത്തിവരുന്നുണ്ട്.

**കൈവല്യ വായ്പ പദ്ധതി**

271(924) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നടപ്പിലാക്കിവരുന്ന കൈവല്യ വായ്പ പദ്ധതി പ്രകാരം എത്രപേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; അതിൽ എത്ര അപേക്ഷകളിൽ വായ്പ അനുവദിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## ഉത്തരം

(എ) കൈവല്യ വായ്പ പദ്ധതി പ്രകാരം നാളിതുവരെ 1117 പേർക്ക് ചുവടെ ചേർക്കും പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്:

| സാമ്പത്തിക വർഷം | വായ്പ അനുവദിച്ചവരുടെ എണ്ണം |
|---|---|
| 2016-17 | 307 |
| 2017-18 | 170 |
| 2018-19 | 220 |
| 2019-20 | 420 |

(ബി) ഏറനാട് നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽനിന്നും നാളിതുവരെ 56 അപേക്ഷകൾ ലഭിച്ചതിൽ ആർക്കും വായ്പ അനുവദിച്ചിട്ടില്ല. എന്നാൽ ഏറനാട് താലൂക്കിൽ നിന്നും മേൽപറഞ്ഞ 56 അപേക്ഷകൾ ഉൾപ്പെടെ 134 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 12 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകളുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യതയ്ക്കനുസൃതമായാണ് വായ്പ അനുവദിക്കുന്നത്.

(സി) കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള, 21-നും 55-നും മദ്ധ്യേ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് കൈവല്യ പദ്ധതി പ്രകാരമുള്ള വായ്പയ്ക്ക് അപേക്ഷിക്കാം. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

## കൈവല്യ പദ്ധതി

272(925) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ തൊഴിൽ രഹിതരുടെ തൊഴിൽ പുനരധിവാസം ലക്ഷ്യം വച്ച് തുടങ്ങിയ കൈവല്യ പദ്ധതിക്കുവേണ്ടി 2019-2020 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയത് എന്ന് വെളിപ്പെടുത്താമോ;

(ബി) കൈവല്യയുടെ വിവിധ പദ്ധതികൾക്ക് വേണ്ടി ഇതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(സി) 2019-2020 സാമ്പത്തിക വർഷം കൈവല്യ സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ ആകെ എത്ര പേർ അപേക്ഷിച്ചു എന്നും അതിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2019-20 സാമ്പത്തികവർഷം കൈവല്യ പദ്ധതിക്കായി ₹2,10,00,000 (രണ്ട് കോടി പത്ത് ലക്ഷം രൂപ മാത്രം)യാണ് വകയിരുത്തിയിട്ടുള്ളത്.

(ബി)

| കൈവല്യ ഘടക പദ്ധതികൾ | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് | 60,000 | 50,000 |
| നൈപുണ്യ പരിശീലന പരിപാടി | 2,50,000 | 1,86,159 |
| മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി | 12,00,000 | 9,98,832 |
| സ്വയം തൊഴിൽ വായ്പ പദ്ധതി | 1,93,50,000 | 1,61,00,000 |
| സംരംഭ പരിശോധന | 62,000 | 46,000 |
| ജില്ലാ തല സമിതി കൂടുന്നതിന് | 43,000 | 33,000 |
| ഡോക്യുമെന്റേഷൻ | 35,000 | 600 |
| ആകെ | 2,10,00,000 | 1,74,14,591 |

(സി) 2019-20 സാമ്പത്തിക വർഷം കൈവല്യ സ്വയംതൊഴിൽ വായ്പയ്ക്കായി 913 അപേക്ഷകൾ ലഭിച്ചു. മുൻവർഷങ്ങളിൽ ലഭിച്ച അപേക്ഷകർക്ക് വായ്പ നൽകാനുണ്ടായിരുന്നതിനാൽ 2019-20 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകളിൽ വായ്പ അനുവദിച്ചിട്ടില്ല.

## കൊട്ടാരക്കരയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ

273(926) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(സി) കൊട്ടാരക്കര ആസ്ഥാനമാക്കി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കിവരുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകളിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.). ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.-കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതനപ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്.

(ബി) തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതിനോടൊപ്പം കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിലും കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ട്.

(സി) കൊട്ടാരക്കര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനായി PWD അധികാരികളും കൊട്ടാരക്കര തഹസീൽദാരുമായി നടത്തിയ ചർച്ചയിൽ പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ 2528 sq.ft സ്ഥലം ഒറ്റ ഹാളായി അനുവദിക്കുന്നതിന് ധാരണയായിട്ടുണ്ട്.

## എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ

274(927) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് വ്യാജവാറ്റ് സംബന്ധിച്ച കേസുകൾ മുൻ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുംവേണ്ടി പുതുതായി 6 എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുകയുണ്ടായി. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനം

ശക്തിപ്പെടുത്തുന്നതിലേയ്ക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനം കേന്ദ്രീകരിക്കുന്നതിലേയ്ക്കുമായി ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിൽ നിലമ്പൂരും ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ഓരോ ഓഫീസിലേയ്ക്കും 10 തസ്തികകൾ എന്ന രീതിയിൽ ആകെ 20 തസ്തികകൾ സൃഷ്ടിച്ചു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചു. ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും തസ്തിക സൃഷ്ടിച്ചു. ഇതുൾപ്പെടെ 3 മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. പട്ടിക വർഗ്ഗ മേഖലയിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും വനാതിർത്തികളിലും മറ്റും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുമായി പരിചയസമ്പന്നരായ 25 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി. വിമുക്തി മിഷൻ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായി 14 ജില്ലാ മാനേജർ, 14 ജില്ലാ കോർഡിനേറ്റർ, 3 റിസർച്ച് ഓഫീസർ എന്നിങ്ങനെ 31 അധിക തസ്തികകൾ സൃഷ്ടിച്ചു. ഈ തസ്തികകൾ ഉൾപ്പെടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ആകെ 300 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ എക്സൈസ് ടവർ നിർമ്മാണം പൂർത്തീകരിച്ച് മന്ദിരം ഉദ്ഘാടനം ചെയ്തു. അങ്കമാലി, ബന്തടുക്ക എന്നീ എക്സൈസ് റെയിഞ്ച് ഓഫീസുകളുടെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ്സ് സിസ്റ്റം പാലക്കാട്, എറണാകുളം ജില്ലകളിൽ സ്ഥാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി. എക്സൈസ് വകുപ്പിൽ സ്ട്രൈക്കിംഗ് ഫോഴ്സിനായി 14 റ്റാറ്റാ ഹെക്സാ വാഹനങ്ങളും ജില്ലാ മേധാവികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിനായി പുതിയ Mahindra Xylo ഇനത്തിൽപ്പെട്ട 14 വാഹനങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പുതുതായി രൂപീകരിച്ച 6 എക്സൈസ് സർക്കിൾ ഓഫീസുകളിലും, നിലമ്പൂർ, ദേവികുളം ജനമൈത്രി സ്ക്വാഡുകളിലും എൻ.ഇ.എസ്. അടിമാലിയിലും പുതിയ മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങി വിതരണം ചെയ്തു. പഴയ വാഹനങ്ങൾ മാറ്റി ഫീൽഡ് ഓഫീസുകളിലേയ്ക്ക് 65 മഹീന്ദ്ര ടി.യു.വി. വാഹനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ വാങ്ങി വിതരണം ചെയ്തു. സംസ്ഥാനത്തുള്ള 138 റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി 138 കമ്പ്യൂട്ടർ വിതരണം ചെയ്തു. എക്സൈസ് വകുപ്പ് ക്രൈം ആന്റ്

ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ്‌വെയർ 8,16,445 രൂപ ചെലവിൽ എൻ.ഐ.സി. മുഖാന്തിരം നിർമ്മിച്ചു. പൂർണ്ണമായും കേസുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തുവരുന്നു. വനിതാ കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പട്രോളിംങ് സ്ക്വാഡ് രൂപീകരിച്ചു. 100 റ്റി.വി.എസ്. ജൂപ്പിറ്റർ സ്കൂട്ടറുകളും 41 ഹോണ്ട ആക്റ്റീവ 5 ജി സ്കൂട്ടറുകളും വാങ്ങി വിതരണം ചെയ്തു.

" ലഹരി മുക്ത കേരളം" സാക്ഷാൽക്കരിക്കുന്നതിന് ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ കീഴിൽ പദ്ധതിയുടെ സമഗ്രമായ ഏകോപനം സംസ്ഥാനതലം മുതൽ വാർഡ് തലംവരെ അഞ്ച് തലങ്ങളിലായി നടപ്പിലാക്കി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മുതൽ 2019 വരെയുള്ള 4 വർഷങ്ങളിൽ 9238 കേസുകൾ എടുക്കുകയും 16677 ലിറ്റർ ചാരായവും 832248 ലിറ്റർ വാഷും കണ്ടെടുക്കുകയുമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 573 ചാരായം/വാഷ് കേസുകൾ അധികമായി കണ്ടെടുത്തിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം**

275(928) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഞ്ചായത്തിലെ വഴവാടിയിൽ എക്സൈസ് വകുപ്പിന്റെ ഭൂമിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ഉൾപ്പടെയുള്ള എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എം.എൽ.എ. -യുടെ കത്ത് ഉൾപ്പടെ നല്കിയ എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച 4.5 കോടിയുടെ എസ്റ്റിമേറ്റും പ്ലാനും പരമാവധി ചെലവ് ചുരുക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 3,80,96,000 രൂപയുടെ പുതിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്ലാൻ പ്രകാരമുള്ള കെട്ടിട വിസ്തീർണ്ണം കൂടുതലായതിനാൽ, പരമാവധി 3000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഡ്രൈ ഡേ**

276(929) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യലഭ്യത കുറയ്ക്കുന്നതിനുള്ള "ഡ്രൈ ഡേ" പിൻവലിക്കാൻ കാരണമെന്തെന്ന് അറിയിക്കുമോ;

(ബി) ഈ തീരുമാനപ്രകാരം മദ്യലഭ്യതയിൽ എത്രത്തോളം വർദ്ധനവ് ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള സർക്കാർ നയത്തിന് വിരുദ്ധമാണ് ഈ തീരുമാനമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ മദ്യത്തിന്റെ ഉപയോഗം വർദ്ധിക്കുന്നതിന് ഇടയാക്കുന്നത് കാരണം നിലവിലത്തെ മദ്യനയത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടി വരുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) " ഡ്രൈ ഡേ" പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**മദ്യനയം**

277(930) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മദ്യനയത്തിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(സി) മദ്യനയത്തിൽ മദ്യത്തിന്റെ ആളോഹരി ഉപഭോഗം കുറക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) മദ്യനയം പരിഷ്കരിക്കുന്നതിന് മുൻപ് സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്ന് അഭിപ്രായങ്ങൾ തേടുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നിലവിലുള്ള മദ്യനയത്തിൽ ഏതാനും വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി 2020-21 വർഷത്തെ മദ്യനയം 27-2-2020-ൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) മദ്യനയത്തിൽ മദ്യത്തിന്റെ ആളോഹരി ഉപഭോഗം കുറയ്ക്കാൻ പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ പ്രഖ്യാപിച്ചിട്ടില്ല. സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജ മദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറച്ച് ശുദ്ധമായ മദ്യം ലഭ്യമാക്കുന്നതോടൊപ്പം ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും കൂടാതെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് മദ്യനയത്തിലൂടെ സർക്കാർ നടപ്പിലാക്കിവരുന്നത്.

(ഡി) സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്ന് ലഭ്യമായ അഭിപ്രായങ്ങൾ മദ്യനയ രൂപീകരണത്തിന് പരിഗണിച്ചിട്ടുണ്ട്.

**ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം**

278(931) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണം, ക്യാമറ സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഔട്ട്‌ലെറ്റുകളിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിവരിക്കാമോ; വിജിലൻസ് സംവിധാനം ഔട്ട് ലെറ്റുകളിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് വിശദീകരിക്കാമോ;

(സി) ഒരേ കമ്പനികളുടെ ബ്രാൻഡുകൾ മാത്രം വിൽപ്പന നടത്തുന്നതും ജനപ്രിയ ബ്രാൻഡുകൾ പൂഴ്ത്തിവയ്ക്കുന്നതും ഇതിനുവേണ്ടി കമ്മീഷൻ പറ്റുന്നവരെയും പണം തിരിമറി നടത്തുന്നവരെയും കണ്ടെത്തി ശിക്ഷിക്കുന്നതിന് എക്സ്സൈസ് വകുപ്പ് ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഇ.ആർ.പി. സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിനുള്ള കരാർ E-Connect Solutions Pvt.Ltd., Rajasthan എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. കൂടാതെ ഇതിലേയ്ക്കാവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും കേരള സർക്കാരിന്റെ CPRCS വഴി വാങ്ങുകയും ബാക്കിയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഉടമ്പടി ടെണ്ടർവഴി കരസ്ഥമാക്കിയ ഏജൻസിക്ക് നൽകിയിട്ടുമുണ്ട്. 2020 ജൂൺ മാസത്തോടുകൂടി കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സി.സി.ടി.വി. സംവിധാനം നിലവിൽ 190 ചില്ലറ വിൽപ്പനശാലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം 2020 ജൂൺ മാസത്തോടുകൂടി ബാക്കിയുള്ള 80 ചില്ലറ വിൽപ്പന ശാലകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വകുപ്പാണ് കെ.എസ്.ബി.സി.-ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡി.-ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സി.-യുടെ എല്ലാ പ്രവർത്തി ക്രമങ്ങളും നയങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഇന്റേണൽ ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി.-യുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 പരിശോധനകൾ നടത്തുകയും വിവിധ എഫ്.എൽ.1 ചില്ലറ വില്പനശാലകളിൽ സ്റ്റോക്കിൽ 6.21 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മദ്യത്തിന് അധികവില ഈടാക്കുക, ചില മദ്യയിനങ്ങൾ പൂഴ്ത്തിവയ്ക്കുക, ചില മദ്യയിനങ്ങളുടെ വില്പന പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരിൽനിന്നും പിഴ ഈടാക്കുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ വിജിലൻസ് വകുപ്പും വിവിധ ഔട്ട്‌ലെറ്റുകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നടപടികൾ സ്വീകരിച്ചുവരുന്നു.

**മദ്യവിതരണ ഷോപ്പുകളുടെ എണ്ണം**

279(932) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ്, കൺസ്യൂമർഫെഡ് എന്നിവ വഴി എത്ര മദ്യവിതരണ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ബിവറേജസ്, കൺസ്യൂമർ ഫെഡ് എന്നിവയുടെ അധീനതയിൽ ഇപ്പോൾ എത്ര മദ്യവിതരണ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; ഇനം തിരിച്ച് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മദ്യവില്പന ഷോപ്പുകൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾ പുതിയതായി തുറന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാറുകൾ, ബീയർ/വൈൻ പാർലറുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവില്പന, ബാർ ലൈസൻസ് എന്നിവ അടക്കം മദ്യ മേഖലയിൽ നിന്ന് എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള വരുമാനം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ്, കൺസ്യൂമർഫെഡ് എന്നിവ വഴി മദ്യവിതരണ ഷോപ്പുകൾ യാതൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള 270 ഔട്ട്‌ലെറ്റുകളിൽ 265 എണ്ണം നിലവിൽ പ്രവർത്തിച്ചുവരുന്നു. കൺസ്യൂമർഫെഡിന്റെ കീഴിൽ 36 ഔട്ട്‌ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യവില്പന ഷോപ്പുകൾ യാതൊന്നും സ്ഥിരമായി അടച്ചുപൂട്ടിയിട്ടില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 170 ബാറുകൾ പുതുതായി തുറന്നിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഇപ്പോൾ 598 ബാറുകളും 357 ബിയർ/വൈൻ പാർലറുകളും പ്രവർത്തിക്കുന്നുണ്ട്.

(എഫ്) ലൈസൻസ് ഫീസ്, മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി/ഇറക്കുമതി ചുങ്കം തുടങ്ങിയവയിൽ നിന്ന് താഴെപറയും പ്രകാരം വരുമാനം ലഭിച്ചിട്ടുണ്ട്:

2016-17-ൽ 20,06,73,10,719 രൂപ

2017-18-ൽ 21,91,11,17,628 രൂപ

2018-19-ൽ 24,76,64,96,459 രൂപ

2019-20-ൽ 18,80,30,30,727 രൂപ (ജനുവരി വരെ)

**പുതിയ ബാറുകൾ**

280(933) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും എത്ര മീറ്റർ ദൂരപരിധി പാലിച്ചാണ് സംസ്ഥാനത്ത് 2018, 2019 എന്നീ വർഷങ്ങളിൽ പുതിയ ബാറുകൾ അനുവദിച്ചതെന്നും ഈ കാലയളവിൽ സംസ്ഥാനത്തൊട്ടാകെ എത്ര ബാറുകൾ അനുവദിച്ചെന്നും അറിയിക്കുമോ;

(ബി) പിറവം മണ്ഡലത്തിൽ മേൽ കാലയളവിൽ എത്ര ബാറുകളും ബിവറേജസ് ഔട്ട്ലെറ്റുകളും അനുവദിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4 സ്റ്റാർ, 5 സ്റ്റാർ, 5 സ്റ്റാർ ഡീലക്സ്, ഹെരിറ്റേജ്, ഹെരിറ്റേജ് ഗ്രാന്റ്, ഹെരിറ്റേജ് ക്ലാസിക് തുടങ്ങിയ ബാർ ഹോട്ടലുകൾക്ക് ആരാധനാലയങ്ങൾ, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും 50 മീറ്റർ ദൂരപരിധി പരിഗണിച്ചും 3 സ്റ്റാർ ബാർ ഹോട്ടലുകൾക്ക് 200 മീറ്റർ ദൂരപരിധി പാലിച്ചുമാണ് 2018, 2019 എന്നീ വർഷങ്ങളിൽ (കലണ്ടർ വർഷം) പുതിയ ബാറുകൾ അനുവദിച്ചത്. ഈ കാലയളവിൽ സംസ്ഥാനത്ത് പുതിയ 89 ബാറുകൾ അനുവദിച്ചു.

(ബി) 2018, 2019 വർഷങ്ങളിൽ പിറവം മണ്ഡലത്തിൽ പുതുതായി ബാറുകളും, ബിവറേജസ് ഔട്ട്ലെറ്റുകളും അനുവദിച്ചിട്ടില്ല. എന്നാൽ 2014-ൽ ബാർ ഹോട്ടലായി പ്രവർത്തിച്ചിരുന്നതും തുടർന്ന് ബിയർ & വൈൻ പാർലർ ആയി മാറുകയും ചെയ്ത 3 എണ്ണത്തിന് 2014-ൽ ഉണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

**എഫ്.എൽ.3 ബാർ ലൈസൻസുകൾ അനുവദിച്ച നടപടി**

281(934) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി എഫ്.എൽ-3 ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര ബാറുകൾക്ക് 2016 മേയ് മാസത്തിന് ശേഷം എഫ്.എൽ-3 ലൈസൻസ് അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ച് പൂട്ടിയത് ടൂറിസം, ഐ.റ്റി. മേഖലകളിലെ തൊഴിലവസരങ്ങളെ ദോഷകരമായി ബാധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം കൂടുതൽ എഫ്.എൽ-3 ബാർ ലൈസൻസുകൾ അനുവദിച്ചതിലൂടെ ടൂറിസം, ഐ.റ്റി. മേഖലകളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വരും വർഷത്തെ അബ്കാരി നയത്തിൽ ഇതിന് അനുസൃതമായ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി 170 എഫ്.എൽ.3 ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന 404 ബാറുകൾക്ക് 2016 മേയ് മാസത്തിനുശേഷം എഫ്.എൽ.3 ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയത് ടൂറിസം മേഖലകളിലെ തൊഴിലവസരങ്ങളെ ബാധിച്ചിട്ടുണ്ടെന്ന് ടൂറിസം വകുപ്പ് നടത്തിയ പഠനത്തിലൂടെ വ്യക്തമാകുന്നുണ്ട്. മുൻ സർക്കാർ നടപ്പിലാക്കിയ അബ്കാരി നയം ടൂറിസം മേഖലയിൽ അതിഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതായി പ്രസ്തുത വകുപ്പ് നടത്തിയ പഠനരേഖകൾ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് MISE-ന് (meeting, incentives, conferences, conventions, exhibitions and events) തടസ്സമായി നിൽക്കുന്നത് ടി അബ്കാരി നയമാണെന്നും പ്രസ്തുത നയത്തിലെ മാറ്റം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്ക് അനിവാര്യമാണെന്നും കാര്യകാരണ സഹിതം വിനോദസഞ്ചാര വകുപ്പ് സമർത്ഥിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം എഫ്.എൽ.3 ബാർ ലൈസൻസുകൾ അനുവദിച്ചതിലൂടെ ടൂറിസം മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുള്ളതായി കരുതാവുന്നതാണ്.

(ഇ) 2020-21 വർഷത്തെ അബ്കാരി നയം നിലവിലുള്ള നയത്തിൽ നിന്ന് ചെറിയ മാറ്റങ്ങളോടെ 27-2-2020 ജി.ഒ.(എം.എസ്.)നമ്പർ 22/2020/നിവ പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

**മദ്യലഭ്യതയും മദ്യ ഉപഭോഗവും**

282(935) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മദ്യലഭ്യതയും കേരളത്തിലെ മദ്യലഭ്യതയും സംബന്ധിച്ച താരതമ്യ കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ മദ്യ ഉപഭോഗം ഓരോ വർഷങ്ങളിലും വർദ്ധിക്കുന്നുണ്ടോ; ഇതിന്റെ താരതമ്യ കണക്കുകൾ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മദ്യലഭ്യതയും കേരളത്തിലെ മദ്യലഭ്യതയും സംബന്ധിച്ച താരതമ്യ കണക്കുകൾ ലഭ്യമല്ല.

(ബി) സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിൽ ചില വർഷങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് ചെറിയതോതിലുള്ള വർദ്ധനവും ചില വർഷങ്ങളിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവും ഉണ്ടാകാറുണ്ട്. ആയതിന്റെ താരതമ്യ കണക്കുകൾ ഇതൊടൊപ്പം ചേർക്കുന്നു.

വിദേശമദ്യത്തിന്റെ വില്പനയുടെ അളവ്

| വർഷം | വിൽപ്പന (ലക്ഷം കെയ്സിൽ) | വിൽപ്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്/കുറവ് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 217.41 | 16% |
| 2011-12 | 241.78 | 11% |
| 2012-13 | 244.33 | 1% |
| 2013-14 | 240.67 | -1% |
| 2014-15 | 220.58 | -8% |
| 2015-16 | 201.75 | -9% |
| 2016-17 | 205.41 | 2% |
| 2017-18 | 208.51 | 2% |
| 2018-19 | 216.34 | 4% |
| 2019-20 (18.40 Lakh cases Jan 2019 | 186.82 | 4% |

ബിയറിന്റെ വില്പനയുടെ അളവ്

| വർഷം | വിൽപ്പന (ലക്ഷം കെയ്സിൽ) | വിൽപ്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ്/കുറവ് (ശതമാനത്തിൽ) |
|---|---|---|
| 2010-11 | 85.61 | 0.5% |
| 2011-12 | 97.82 | 14% |
| 2012-13 | 101.64 | 4% |
| 2013-14 | 107.96 | 6% |
| 2014-15 | 95.59 | -11% |
| 2015-16 | 154.20 | 61% |
| 2016-17 | 150.13 | -3% |
| 2017-18 | 115.42 | -23% |
| 2018-19 | 121.12 | 5% |
| 2019-20 (95.59 Lakh cases Jan 2019 | 96.20 | 0% |

**നിരോധിത പുകയില ഉത്പന്നങ്ങളുടെ ഉപഭോഗം**

283(936) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത പുകയില ഉത്പന്നങ്ങളുടേയും ലഹരി വസ്തുക്കളുടേയും ഉപഭോഗം ഇല്ലാതാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായ ലഹരി ഉപഭോഗത്തെ നിയന്ത്രിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പരിപാടികളുടെ വിശദാംശം നൽകുമോ;

(സി) ലഹരി വസ്തുക്കൾ വിപണനം നടത്തിയതിന് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ ആവശ്യമായ ബോധവൽക്കരണത്തിലൂടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ബോധവത്കരണത്തിലൂടെയും നിരോധിത പുകയില ഉത്പന്നങ്ങളുടെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം ഇല്ലാതാക്കാൻ എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ലഹരി ഉപയോഗം കുറയ്ക്കുവാനും അവയുടെ വ്യാപനം തടയുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് സർക്കാർ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത മിഷന്റെ കീഴിൽ SPC, NSS, Scout & Guides, Library Council, Sports Council സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി ബഹുജന പങ്കാളിത്തത്തോടെ ലഹരിയുടെ ഉപയോഗം കുറച്ചുകൊണ്ട് വരുന്നതിനുവേണ്ടി വൈവിധ്യങ്ങളായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരികയാണ്. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ കൗൺസിലിംഗ്, ചികിത്സ എന്നിവ നൽകുന്നതിന് വേണ്ടി 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും 14 ജില്ലയിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഹരി മാഫിയയെ ഭയക്കാതെയും തന്റെ വ്യക്തിത്വം വെളിപ്പെടുത്താതെയും ലഹരിപദാർത്ഥങ്ങളുടെ ഉപഭോഗം, വിപണനം, സംഭരണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരെ അറിയിക്കുവാൻ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന സ്കൂളുകളിലും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എക്സൈസ് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും ടോൾ ഫ്രീ നമ്പർ, വാട്ട്സ് ആപ്പ് നമ്പർ, വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലയിലും ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. " കിസ്മത്ത്" എന്ന സന്നദ്ധ

സംഘടനയുമായി സഹകരിച്ചുകൊണ്ടും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നാട്ടു കവലകളും ലേബർ ക്യാമ്പുകളും കേന്ദ്രീകരിച്ച് ബോധവത്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളും വിതരണം ചെയ്തുവരുന്നു.

(സി) ലഹരി വസ്തുക്കളുടെ വിപണനം നടത്തുന്നതിനെതിരെയും അവയുടെ ഉപയോഗത്തിനെതിരെയും സംസ്ഥാനത്തെ വിവിധ ജയിലുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ലഹരി വസ്തുക്കളുടെ വിപണനം നടത്തിയതിന് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ യാതൊന്നും എക്സൈസ് വകുപ്പും വിമുക്തി മിഷനും ഏറ്റെടുത്ത് നടത്തുന്നില്ല.

**ലഹരിമരുന്ന് കേസുകളും ശിക്ഷിക്കപ്പെട്ടവരുടെ എണ്ണവും**

284(937) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016, 2017, 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര വീതം ലഹരിമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്തു എന്നും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു എന്നും അറിയിക്കാമോ;

(ബി) സ്കൂളുകളുടെയും കോളേജുകളുടെയും പരിസരത്ത് മയക്കമരുന്ന് ഇടപാട് നടത്തിയ എത്ര കേസുകൾ മേൽ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത കേസുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016, 2017, 2018, 2019 വർഷങ്ങളിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരി മരുന്ന് കേസുകളുടെയും ശിക്ഷിക്കപ്പെട്ട കേസുകളുടെയും എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | രജിസ്റ്റർ ചെയ്ത ലഹരി മരുന്ന് കേസുകളുടെ എണ്ണം | പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം |
|---|---|---|
| 2016 | 3093 | 1861 |
| 2017 | 5893 | 3261 |
| 2018 | 7584 | 3943 |
| 2019 | 7278 | 3364 |

(ബി) 2016, 2017, 2018, 2019 വർഷങ്ങളിൽ സ്കൂളുകളുടെയും കോളേജുകളുടെയും പരിസരത്ത് മയക്കുമരുന്ന് ഇടപാട് നടത്തിയതിന് രജിസ്റ്റർ ചെയ്ത കേസുകളുടെയും ശിക്ഷിക്കപ്പെട്ട കേസുകളുടെയും എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | സ്കൂൾ/കോളേജ് പരിസരത്ത് നിന്നും കണ്ടെടുത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം |
|---|---|---|
| 2016 | 72 | 48 |
| 2017 | 92 | 65 |
| 2018 | 144 | 68 |
| 2019 | 226 | 119 |

**രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ**

285(938) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ എത്ര എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച കണക്കുകൾ ജില്ല തിരിച്ച് നൽകാമോ ;

(സി) 2018 വർഷത്തെ അപേക്ഷിച്ച് കേസുകളിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2019 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെ 97695 എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 10411 |
| കൊല്ലം | 12567 |
| പത്തനംതിട്ട | 10938 |
| ആലപ്പുഴ | 6164 |

| (1) | (2) |
|---|---|
| കോട്ടയം | 7312 |
| ഇടുക്കി | 3262 |
| എറണാകുളം | 10627 |
| തൃശ്ശൂർ | 6024 |
| പാലക്കാട് | 4440 |
| മലപ്പുറം | 7037 |
| കോഴിക്കോട് | 3769 |
| വയനാട് | 5377 |
| കണ്ണൂർ | 6183 |
| കാസർഗോഡ് | 3584 |
| ആകെ | 97695 |

(സി) 2018 വർഷത്തെ അപേക്ഷിച്ച് 2019 വർഷത്തിൽ എക്സൈസ് രജിസ്റ്റർ ചെയ്ത കേസുകളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 90,000 എക്സൈസ് കേസുകളും 2019 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 97695 എക്സൈസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-നെ അപേക്ഷിച്ച് 7695 കേസുകൾ 2019-ൽ അധികമായി കണ്ടെത്തിയിട്ടുണ്ട്.

**സിന്തറ്റിക്സ് ഡ്രഗ്സ് ഇനത്തിൽപ്പെട്ട മയക്കമരുന്നുകളുടെ ഉപയോഗം**

286(939) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിന്തറ്റിക്സ് ഡ്രഗ്സ് ഇനത്തിൽപ്പെട്ട ന്യൂജനറേഷൻ മയക്കമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം മയക്കമരുന്നുകളുടെ ഉപയോഗവും വിൽപനയും തടയുന്നതിനു ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) സിന്തറ്റിക്സ് ഡ്രഗ്സ് ഇനത്തിൽപ്പെട്ട ന്യൂജനറേഷൻ മയക്കമരുന്നുകളുടെ ഉപയോഗം കണ്ടുവരുന്നുണ്ടെങ്കിലും വ്യാപകമായ ഉപയോഗം ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ബി) മയക്കമരുന്ന് ഉപയോഗം വ്യാപകമാകുന്നതിനുള്ള സാദ്ധ്യത ഗൗരവമായി പരിഗണിച്ച് സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൽഫലമായി കണ്ടെടുക്കുന്ന മയക്കമരുന്ന് കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലഹരിക്കെതിരായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

**വ്യാജകേസുകൾ ചമയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി**

287(940) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഒരു വിഭാഗം ഉദ്യോഗസ്ഥർ വിരോധമുള്ളവർക്കെതിരെ വ്യാജകേസുകൾ ചമച്ച് നിരപരാധികളെ പീഡിപ്പിക്കുന്നതായ ആരോപണങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അത്തരത്തിൽ ലഭിച്ച പരാതികളുടെയും അവയിൽ സ്വീകരിച്ച നടപടികളുടെയും വിശദവിവരം വെളിപ്പെടുത്തുമോ;

(സി) നിരപരാധികളെ അപരാധികളാക്കി പീഡിപ്പിക്കാനുള്ള പ്രത്യേക മനോഭാവം പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥർ സർക്കാർ സംവിധാനങ്ങളെയാകെ നാശത്തിലേക്ക നയിക്കുമെന്നത് പരിഗണിച്ച് അത്തരക്കാരെ സർവ്വീസിൽനിന്നു പുറത്താക്കാൻ പര്യാപ്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കളവായി കേസെടുക്കുന്നതായി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഏതെങ്കിലും ഉദ്യോഗസ്ഥർ നിയമവിരുദ്ധമായി ഇത്തരം പ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിൽ കുറ്റക്കാരാണെന്ന് കാണുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിക്കുന്നതാണ്.

**മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

288(941) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെ ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളെ മയക്കുമരുന്നിന്റെ ഇരകളും കാരിയർമാരും ആക്കി ഉപയോഗിക്കുന്ന മാഫിയ സംഘങ്ങൾക്കെതിരെ കർശന നടപടികൾ എടുക്കുന്നതിന് പ്രത്യേകമായ പ്രവർത്തന പദ്ധതികൾ (ഓപ്പറേഷൻസ്) ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി നിരവധി കേസുകൾ കണ്ടെത്താൻ

കഴിഞ്ഞിട്ടുണ്ട്. പുതുതലമുറയെ നാശോന്മുഖമാക്കുന്ന മയക്കു മരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കുമെതിരെ പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പിന്തുണ നേടുന്നതിനും അതുവഴി ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) കുട്ടികൾക്ക് മയക്കുമരുന്നും മറ്റ് ലഹരി വസ്തുക്കളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു. NDPS Act 32(B), (c), (d) എന്നിവ പ്രകാരം മൈനർ ആയിട്ടുള്ള കുട്ടികളെ ബാധിക്കുകയോ അവരെ ഈ ആക്റ്റ് പ്രകാരമുള്ള കുറ്റകൃത്യത്തിന് ഉപയോഗിക്കുകയോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പരിസരത്തോ കുട്ടികൾ വിദ്യാഭ്യാസം, കായികം, സാമൂഹ്യ പ്രവർത്തനം എന്നിവയിൽ ഏർപ്പെടുന്ന സ്ഥലങ്ങളിലും കുറ്റകൃത്യം നടക്കുകയാണെങ്കിൽ സാധാരണ നൽകുന്ന ശിക്ഷയ്ക്കും പിഴയ്ക്കും ഉപരിയായി കൂടുതൽ ശിക്ഷ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ കുട്ടികൾക്ക് ലഹരി മരുന്ന് വിൽക്കുന്നവർക്കെതിരെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുക്കുന്നതിനായി എക്സൈസ് വകുപ്പിന് അധികാരമില്ലാത്തതിനാൽ പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## കൊണ്ടോട്ടിയിൽ എക്സൈസ് ഓഫീസ്

289(942) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന, കൈമാറ്റം എന്നിവ സംബന്ധിച്ച് പരാതികളും കേസ്സുകളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(സി) ലഹരി സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യാൻ എക്സൈസ് ഉദ്യോഗസ്ഥരുടെയും, ഓഫീസുകളുടെയും കുറവ് പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി കേന്ദ്രീകരിച്ച് എക്സൈസ് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലകളിലും താലൂക്ക് കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് യൂണിറ്റ് എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ രീതിയിൽ വാഹന പരിശോധന നടത്തിവരുന്നു. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനായി വ്യാപകമായ രീതിയിൽ ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. ലഹരി പദാർത്ഥങ്ങളുടെ വില്പനയും കൈമാറ്റവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. എക്സൈസ് ഷാഡോ സംവിധാനവും എക്സൈസ് ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്ത് കടത്തിക്കൊണ്ടുവന്ന് വിൽപ്പന, കൈമാറ്റം എന്നിവ തടയുന്നതിനായി ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് യോഗങ്ങൾ സംഘടിപ്പിച്ച് വിവരങ്ങൾ പരസ്പരം കൈമാറി നടപടികൾ സ്വീകരിച്ചുവരുന്നു. തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

(സി) അബ്കാരി, എൻ.ഡി.പി.എസ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, ബോധവത്ക്കരണ പ്രവർത്തനങ്ങളും വിമുക്തി പ്രവർത്തനങ്ങളും ലൈസൻസ് സ്ഥാപനങ്ങളുടെ പരിശോധനകൾ, സ്കൂൾ/കോളേജ് തല ക്ലബ്ബുകളുടെ നിരീക്ഷണം, എസ്.സി./എസ്.ടി. കോളനി നിരീക്ഷണം, പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ, കോടതികളുടെ കേസുകളുടെ നടത്തിപ്പുകൾ, അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ നിലവിൽ ലഭ്യമായ ജീവനക്കാരെ വച്ച് നടത്തുന്നുണ്ട്. വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ അടിസ്ഥാനത്തിലും ലഹരി സംബന്ധമായ കേസുകളുടെ വർദ്ധനവും പരിഗണിച്ച് നിലവിലുള്ള സ്റ്റാഫ് പാറ്റേണും എക്സൈസ് ഓഫീസുകളുടെ എണ്ണവും കാലാനുസൃതമായി

വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഈ സർക്കാർ ഇതുവരെ 260 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ വിമുക്തി മിഷനിൽ 31 തസ്തികകളും അധികമായി അനുവദിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**വെറ്റിലപ്പാറയിൽ എക്സൈസ് ഓഫീസ്**

290(943) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള-തമിഴ്നാട് അന്തർ സംസ്ഥാന പാത കടന്നുപോകുന്നതും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ എത്തുന്നതുമായ അതിരപ്പിള്ളി മേഖലയിലെ വെറ്റിലപ്പാറയിൽ ഒരു എക്സൈസ് ഓഫീസ് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അതിരപ്പിള്ളി വെറ്റിലപ്പാറയിൽ നിലവിൽ ഒരു എക്സൈസ് ചെക്ക്പോസ്റ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

**ലഹരിവിരുദ്ധ ക്ലബ്ബുകൾ**

291(944) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തിയുടെ കീഴിൽ സ്കൂളുകളും കോളേജുകളും സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ വിവിധ മത സാമുദായിക സാംസ്കാരിക സംഘടനകളുടെയും ലഹരി നിർമ്മാർജ്ജന-ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സംഘടനകളുടെയും സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 4842 സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളും 899 കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടി ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ

പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഉപന്യാസ രചന, ചിത്ര രചന, കൈയ്യെഴുത്ത് മാസിക മത്സരം, പോസ്റ്റർ രചന മത്സരം, പ്രസംഗ മത്സരം, ഹ്രസ്വ ചിത്ര മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്വീകരിക്കും. സമസ്ത മേഖലയിലെ ജനവിഭാഗങ്ങളെയും സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടപ്പിലാക്കിവരുന്നുണ്ട്.

## ലഹരി വിരുദ്ധ ബോധവത്കരണത്തിനായി ചെലവഴിച്ച തുക

292(945) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ ബോധവൽക്കരണത്തിനും വിമുക്തി ലഹരി വിമുക്ത പരിപാടികൾക്കുമായി ഈ സർക്കാർ ഇതുവരെ നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാം; വിശദാംശം നൽകുമോ;

(ബി) ഇതിനായി ഇതുവരെ എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് തരംതിരിച്ച് വിശദമാക്കാമോ;

(സി) ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ വഴി ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിലും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഡ് തലങ്ങളിലും രൂപീകരിച്ച വിമുക്തി കമ്മിറ്റികൾ മുഖാന്തിരവും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവ മുഖാന്തിരവും വൈവിദ്ധ്യമാർന്ന ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലായി 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകളും സൗജന്യ

കൗൺസിലിംഗിനായി 14405 എന്ന ടോൾഫ്രീ നമ്പറും ആരംഭിച്ചിട്ടുള്ളതാണ്. കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന പേരിൽ 2019 നവംബർ 1 മുതൽ ഒരു തീവ്രയജ്ഞ ബോധവത്കരണ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവത്കരണ പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനും, ലഹരിക്ക് അടിമപ്പെട്ടവരുടെ അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്തുന്നതിന് ലക്ഷ്യമിട്ട് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ വഴി നിരന്തരം ലഹരി വിരുദ്ധ സന്ദേശങ്ങൾ നൽകിവരുന്നു. ടി.വി. ചാനലുകൾ, സിനിമാ തിയേറ്ററുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെയും ലഹരിക്കെതിരായുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും എത്തുന്ന ബോധവത്കരണ പരിപാടികളും ലഹരി ചികിത്സാ സംരംഭങ്ങളും തീവ്രയജ്ഞ ബോധവത്കരണ പരിപാടിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

തീവ്രയജ്ഞ ബോധവത്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ യോഗങ്ങൾ നടത്തിവരുന്നു. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഗ്രന്ഥശാലാ പ്രവർത്തകരെയും യുവജനങ്ങളെയും അണിനിരത്തി ഭവന സന്ദർശനം നടത്തിയുള്ള ബോധവത്കരണം, ലഹരിക്കെതിരെ വിമുക്തി, ജ്വാല (ദീപം തെളിയിക്കൽ) എന്നീ പരിപാടികളും നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്കരണ പ്രതിജ്ഞ എടുത്തിട്ടുള്ളതും ഇതോടനുബന്ധിച്ച് ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വാർഡ് തലത്തിൽ 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി 'വിമുക്തി സേന' എന്ന പേരിൽ ലഹരി വിരുദ്ധ പ്രവർത്തകരുടെ ചെറുയൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുള്ളതാണ്.

ലൈബ്രറി കൗൺസിലുമായി സഹകരിച്ച് സംസ്ഥാനത്തെ 7500 ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ചും സംസ്ഥാനത്തെ വിവിധ റെസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ചും ട്രേഡ് യൂണിയനുകൾ, ക്ഷേമനിധി ബോർഡുകൾ, യുവജന സംഘടനകൾ, സർവ്വകലാശാലാ യൂണിയനുകൾ എന്നിവയുമായി സഹകരിച്ചും വിവിധ പരിപാടികൾ നടത്തിവരുന്നു.

യുവജനങ്ങൾക്കായി സൈക്ലത്തോൺ, വാക്കത്തോൺ, ബൈക്കത്തോൺ, റാലികൾ, കൂട്ടയോട്ടങ്ങൾ, മനുഷ്യ ചങ്ങലകൾ എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഹരി വിരുദ്ധ മാരത്തോൺ സംഘടിപ്പിച്ചിട്ടുള്ളതാണ്. സ്പോർട്സ് കൗൺസിൽ, യുവജന ക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് ലഹരിക്കെതിരെ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. എക്സൈസ് ബോധവത്കരണ വിഭാഗത്തിന്റെ ബോധവത്കരണ മൊബൈൽ യൂണിറ്റ് വിവിധ പരിപാടികളുടെ അകമ്പടിയോടെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ബോധവത്കരണ കേരള പര്യടനം നടത്തിയിട്ടുള്ളതാണ്. ആദിവാസി ഊരുകളിൽ താമസിച്ചുവരുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ സാധിക്കുന്ന തരത്തിൽ തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ വച്ച് പരിശീലനം നൽകുകയുണ്ടായി.

(ബി)

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 85,00,000 |
| 2016-17 | 2039-00-800-95 ബോധവത്കരണവും മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 0 |
| 2016-17 | 2039-00-001-88 വിമുക്തി പ്ലാൻ | 5,91,83,056 |
| | ആകെ | 6,76,83,056 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 2039-00-001-95 മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 52,55,129 |
| 2017-18 | 2039-00-800-95 ബോധവത്കരണവും മദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 5,76,131 |
| 2017-18 | 2039-00-001-88 വിമുക്തി പ്ലാൻ | 2,37,70,384 |
| | ആകെ | 2,96,01,644 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2018-19 | 2039-00-001-95<br>മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 39,82,000 |
| 2018-19 | 2039-00-800-95<br>ബോധവത്കരണവുംമദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 37,94,693 |
| 2018-19 | 2039-00-001-88 വിമുക്തി പ്ലാൻ | 11,98,42,073 |
| | ആകെ | 12,76,18,766 |

| സാമ്പത്തിക വർഷം | ശീർഷകങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 2039-00-001-95<br>മദ്യാസക്തിക്കെതിരെയുള്ള പ്രചരണം | 50,00,000 |
| 2019-20 | 2039-00-800-95<br>ബോധവത്കരണവുംമദ്യം, മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളും | 4,95,856 |
| 2019-20 | 2039-00-001-88 വിമുക്തി പ്ലാൻ | 11,75,65,560 |
| | ആകെ | 12,30,61,416 |

(സി) ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരിമുക്ത സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലെത്തിക്കുന്നതിനും ലഹരിക്കടിമപ്പെട്ടവരുടെ അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക**

293(946) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വിരുദ്ധ ബോധവത്ക്കരണത്തിനും മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾക്കുമായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള ബോധവത്ക്കരണം മദ്യവിൽപ്പനയുടെ വളർച്ചയെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ)

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 8,13,95,000 | 6,76,83,056 |
| 2017-18 | 7,00,00,000 | 2,96,01,644 |
| 2018-19 | 29,37,63,000 | 12,76,18,766 |
| 2019-20 | 15,05,00,000 | 12,30,61,416 |

(ബി) 2019-20 സാമ്പത്തിക വർഷം അനുവദിച്ച 15,05,00,000 രൂപയിൽ 12,30,61,416 രൂപ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കിനാലൂരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സംസ്ഥാനതല ഡി-അഡിക്ഷൻ സെന്ററിന്റെ പ്രാഥമിക ചെലവുകൾക്ക് നീക്കിവച്ചിരുന്ന 50,00,000 രൂപയും സംസ്ഥാനത്തെ ഡീ-അഡിക്ഷൻ സെന്ററുകളുടെ ശാക്തീകരണത്തിനായി അനുവദിച്ച 4.5 കോടിയിൽ 2,24,38,584 രൂപയും ചില സാങ്കേതിക വിഷയങ്ങളാൽ ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം തന്നെ തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലവിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ മദ്യവിൽപ്പനയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നു. നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങൾ യുവാക്കളിലും പൊതുജന വിദ്യാർത്ഥി സമൂഹത്തിലും ലഹരി ഉപയോഗത്തിൽ ഘട്ടംഘട്ടമായി മാറ്റം വരുത്തുന്നതാണ്. ഇതിന്റെ പ്രയോജനം വരും കാലങ്ങളിൽ പ്രകടമാകുന്നതാണ്.

**ആലപ്പുഴ ജില്ലയിൽ വിമുക്തി പദ്ധതി**

294(947) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ ആരംഭിച്ചിരിക്കുന്ന വിമുക്തി പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

<u>നടപ്പിലാക്കിയ പ്രവർത്തനങ്ങൾ</u>

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജോയിന്റ് കൺവീനറായും കമ്മിറ്റി രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബോധവത്കരണ പ്രചരണ പരിപാടിയുടെ ഭാഗമായി സൈക്കിൾ റാലിയും ഏകദിന ശിൽപ്പശാലയും നടത്തിയിരുന്നു.

ലഹരി വിരുദ്ധ കോളേജ് ക്ലബ്ബ് അംഗങ്ങളായ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് കലാകായിക മത്സരം, ഹ്രസ്വചിത്ര രചനാ മത്സരം എന്നിവ നടത്തിയിട്ടുണ്ട്. എൻ.എസ്.എസ്. അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ, ചെങ്ങന്നൂർ, ചേർത്തല, എടത്വ, ഹരിപ്പാട്, കായംകുളം, മാവേലിക്കര എന്നീ ഡിപ്പോകളിലെ KSRTC ബസുകളിൽ വിമുക്തി സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പാവനാടകം സംഘടിപ്പിച്ചിട്ടുണ്ട്. ആലപ്പി ജിം, ആലപ്പി ബീച്ച് ക്ലബ്ബ് എന്നിവയുമായി ചേർന്ന് ബൈക്ക് റാലി, ലഹരി വിരുദ്ധ സമ്മേളനം എന്നിവ സംഘടിപ്പിച്ചു. പുകവലി പൂർണ്ണമായും ഉപേക്ഷിച്ചവരിൽ നിന്നും അനുഭവ കുറിപ്പുകൾ ക്ഷണിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്തു.

ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ സൗഹൃദ ഫുട്ബോൾ മത്സരം, വോളിബോൾ മത്സരം, ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിൽ ബീച്ച് ഫെസ്റ്റിവൽ എന്നിവ നടത്തി. ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ ഡീ-അഡിക്ഷൻ സെന്റർ തുടങ്ങി പ്രവർത്തനം നടത്തിവരുന്നു. ജില്ലയിലെ 9 നിയോജക മണ്ഡലങ്ങളിലും ഈ പരിപാടിയുടെ വ്യാപനത്തിനും പ്രചരണത്തിനുമായി നിയോജക മണ്ഡലതല കമ്മിറ്റികൾ യോഗം ചേർന്ന് നടപടികൾ കൈക്കൊണ്ടു വരുന്നു. ജില്ലയിലെ തെരഞ്ഞെടുത്ത 10 പേർക്ക് തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിയിട്ടുള്ളതും അവരെ ഉപയോഗിച്ച് മറ്റുള്ളവർക്ക് പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു.

ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികൾ 2019 ഡിസംബർ 4-ന് ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും 2019 നവംബർ 14-ന് ലഹരിക്കെതിരെ ബാഡ്ജ് ധരിക്കുകയും ചെയ്തിട്ടുണ്ട്.

13-12-2019-ൽ ജില്ലയിലെ മുഴുവൻ സർക്കാർ ഓഫീസുകളിലെയും മേധാവികളുടെ യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് എല്ലാ സർക്കാർ ഓഫീസുകളിലും ലഹരിവിരുദ്ധ കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതും അപ്രകാരം കമ്മറ്റികൾ രൂപീകരിച്ച് 2020 ജനുവരി 20-ന്

എല്ലാ ഓഫീസുകളിലും ലഹരിവിരുദ്ധ പ്രതിജ്ഞ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിൽ നിന്നും സ്ത്രീകൾ ഉൾപ്പെടെ 5 മുതൽ 10 അംഗങ്ങളെ ഉൾപ്പെടുത്തി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിമുക്തി സേന രൂപീകരിച്ചിട്ടുള്ളതും ടി സേനയുടെ നേതൃത്വത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

ജില്ലയിലെ റസിഡൻസ് അസോസിയേഷനുകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സ്കൂൾ പി.ടി.എ.-കളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഭവന സന്ദർശനം നടത്തി ലഹരിക്കെതിരെയുള്ള ലഘുലേഖ വിതരണം ചെയ്യുകയും ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജില്ലയിലെ 296 ലൈബ്രറികളുമായി സഹകരിച്ച് ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലയിലെ യുവജന സംഘടനകൾ, ജില്ലാ സ്പോർട്സ് കൗൺസിൽ, നെഹ്രു യുവകേന്ദ്ര, യുവജന ക്ഷേമ ബോർഡ് എന്നിവയുമായി ചേർന്ന് 2020 ഫെബ്രുവരി 7-ന് ജില്ലയിലെ 63 കേന്ദ്രങ്ങളിൽ ലഹരിക്കെതിരെ ദീപം തെളിയിക്കൽ ചടങ്ങ് സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ലഹരിവിരുദ്ധ ആശയ പ്രചരണത്തിനായി ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ, കോളേജ്, അദ്ധ്യാപകർ, പി.ടി.എ. എന്നിവരുമായി ചേർന്ന് ജില്ലയിൽ 2365 കിലോ മീറ്റർ കാൽനട പ്രചരണ ജാഥയും 735 കിലോ മീറ്റർ സൈക്കിൾ റാലിയും 6 കിലോമീറ്റർ ബൈക്കത്തോണും സംഘടിപ്പിച്ചിട്ടുള്ളതാണ്.

ലഹരി വിരുദ്ധ ആശയ പ്രചരണത്തിനായി വിമുക്തി മൊബൈൽ യൂണിറ്റിന്റെ സുരക്ഷാ രഥം ഉപയോഗിച്ച് ജില്ലയിലെ തെരെഞ്ഞെടുത്ത കേന്ദ്രങ്ങളിൽ 2020 ജനുവരി 12, 13, 14 തീയതികളിൽ ലഹരിവിരുദ്ധ പ്രദർശനവും സിഗ്നേച്ചർ കാമ്പയിനും സംഘടിപ്പിച്ചിട്ടുള്ളതാണ്. ജില്ലയിലെ അരൂർ, ചേർത്തല, മാവേലിക്കര എന്നിവിടങ്ങളിൽ 5 പട്ടികജാതി കോളനികളിൽ ക്യാൻ വാക്ക് എന്ന സംഘടനയുമായി ചേർന്ന് ലഹരിവിരുദ്ധ ബോധവത്കരണ ക്യാമ്പും ക്ലാസ്സും സംഘടിപ്പിച്ചിട്ടുള്ളതാണ്.

യുവതലമുറയെ മദ്യ മയക്കമരുന്നുമായി ബന്ധപ്പെട്ട വിപത്തുകളിൽ നിന്നും മോചിപ്പിക്കുന്നതിനും കായിക മത്സരങ്ങളുടെ ലഹരിയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി ജില്ലാ സ്പോർട്സ് കൗൺസിലുമായി ചേർന്ന് ജില്ലയിലെ 9 നിയോജക മണ്ഡലങ്ങളിലും ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതും ആയതിലെ

വിജയികൾക്ക് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ജില്ലയിലെ 6 താലൂക്കുകളിൽ നിന്നുള്ള ടീമുകളെ ഉൾപ്പെടുത്തി ജില്ലാതല ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകിയിട്ടുള്ളതും വിജയിയായ ടീമിനെ സോണൽ മത്സരത്തിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ആലപ്പുഴ ബീച്ച് ഫെസ്റ്റിനോടനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവത്കരണ ഭാഗമായി ഗാനമേളയും നടത്തി.

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

1. ജില്ലയിലെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ആശുപത്രിയിൽ കിടത്തി ചികിത്സ ഉള്ള ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. ജില്ലയിലെ മുഴുവൻ ലൈബ്രറികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുക.

3. ജില്ലയിലെ റസിഡൻസ് അസോസിയേഷൻ, മുനിസിപ്പൽ/ പഞ്ചായത്ത്/വാർഡ് തലത്തിലുള്ള വിമുക്തി സേനകളുമായി ചേർന്ന് ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുക.

4. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

## ചേലക്കര നിയോജകമണ്ഡലത്തിലെ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടി

295(948) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മദ്യത്തിന്റെയും നിരോധിത ലഹരി വസ്തുക്കളുടെയും വിതരണവും ഉപയോഗവും ഇല്ലായ്മ ചെയ്യുന്നതിനായി സംസ്ഥാന ലഹരി വർജന മിഷൻ 'വിമുക്തി' മുഖേന മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന ഊർജ്ജിത ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് ചേലക്കര നിയോജകമണ്ഡലത്തിൽ സംഘടിപ്പിച്ചത്; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ പരിപാടികളിൽ എല്ലാം വലിയ തോതിൽ ജനകീയ പങ്കാളിത്തം ഉണ്ടായിരുന്നുവെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഹരിവിരുദ്ധ തീവ്രയജ്ഞ ബോധവത്കരണ പരിപാടിയുടെ ഭാഗമായി ചേലക്കര നിയോജകമണ്ഡലതല ഉൽഘാടനം 11-12-2019-ന് ബഹു. യു.ആർ. പ്രദീപ്, എം.എൽ.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, വിവിധ തലങ്ങളിലെ സന്നദ്ധ പ്രവർത്തകർ, ഉദ്യോഗസ്ഥ പ്രമുഖർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു.

മുള്ളൂർക്കര, വരവൂർ, ദേശമംഗലം എന്നീ 3 പഞ്ചായത്തുകളിലെ കുടുംബശ്രീ പ്രവർത്തകർ ആശാ വർക്കർമാർ എന്നിവർ ഉൾപ്പെടെ 1000-ത്തോളം പേർ ചേർന്ന് ലഹരിക്കെതിരെ മനുഷ്യ ചങ്ങല സംഘടിപ്പിക്കുകയും അന്നേ ദിവസം വൈകുന്നേരം 1500 പേരെ പങ്കെടുപ്പിച്ചുകൊണ്ട് വിമുക്തി ജ്വാല തെളിയിക്കുകയും ചെയ്തു. പാഞ്ഞാൾ, വള്ളത്തോൾ നഗർ, ചേലക്കര പഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ എന്നിവർ ഉൾപ്പെട്ട 320 പേർ ചേർന്ന് ലഹരിവിരുദ്ധ റാലി നടത്തുകയും ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. പഴയന്നൂർ, കൊണ്ടഴി, തിരുവില്വാമല എന്നീ പഞ്ചായത്തുകളിൽ 1400 പേരെ പങ്കെടുപ്പിച്ച് വിമുക്തി ജ്വാല സംഘടിപ്പിച്ചു. മുല്ലൂർകര പഞ്ചായത്തിലെ 150-ഓളം വനിതകൾ ചേർന്ന് ലഹരിക്കെതിരെ രാത്രി നടത്തം, വിമുക്തി ജ്വാല തെളിയിക്കൽ എന്നിവ സംഘടിപ്പിച്ചു.

കൂടാതെ, എക്സൈസ് വകുപ്പ് നേരിട്ട് നടത്തിയ പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളുടെ സഹകരണത്തോടെ 340 വാർഡുകളിൽ 1700 പേരടങ്ങുന്ന വിമുക്തി സേന രൂപീകരിച്ചു. മണ്ഡലത്തിന്റെ 70-ഓളം സ്ഥലങ്ങളിൽ ലഹരിക്കെതിരെയുള്ള പ്രചരണത്തിന്റെ ഭാഗമായി സിഗ്നേച്ചർ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. മണ്ഡലത്തിലെ SC/ST കോളനികളിൽ 69 ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ടി ക്ലാസ്സിൽ ആകെ 2500-ഓളം കുട്ടികൾ പങ്കെടുത്തു. സ്കൂളുകളിൽ ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി 600 ഓളം പേരെ പങ്കെടുപ്പിച്ചുകൊണ്ട് 5 വിമുക്തി റാലികൾ, 80 പേരോളം പങ്കെടുത്ത 2 സൈക്കിൾ റാലികൾ, സൈക്ലത്തോൺ, വാക്കത്തോൺ എന്നിവയും നടത്തി. കൂടാതെ 200 ഓളം കുട്ടികളെ വീതം പങ്കെടുപ്പിച്ചുകൊണ്ട് 4 സ്കൂളുകളിലായി ക്വിസ്, ചിത്ര രചനാ മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. മണ്ഡലത്തിലെ 56 സ്കൂളുകളിലായി ഒരേ ദിവസംതന്നെ 55000-ത്തോളം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രതിജ്ഞ, വിമുക്തി ബാഡ്ജ് ധരിക്കൽ എന്നിവയും സംഘടിപ്പിച്ചു. കൂടാതെ മണ്ഡലത്തിലെ 130-ഓളം സർക്കാർ സ്ഥാപനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ ഒരേ ദിവസം തന്നെ ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തു. ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി മണ്ഡലത്തിലെ 6 ബസ്സ് സ്റ്റാന്റ് പരിസരങ്ങളിൽ 400 ഓളം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഫ്ലാഷ് മോബ് നടത്തി. ലഹരിക്കെതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായി കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 17 സ്കൂളുകളിലും 6 സ്പോർട്സ് ക്ലബ്ബുകളിലുമായി പുരുഷ-വനിതാ വോളിബോൾ മത്സരങ്ങളിൽ 160 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഫുട്ബോൾ ഷൂട്ട് ഔട്ട് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു.

(ബി) വിലയിരുത്തൽ നടത്തിയിട്ടുണ്ട്. എല്ലാ പരിപാടികളിലും യുവതീയുവാക്കളുടെയും പൊതുജനങ്ങളുടെയും വൻ ജന പങ്കാളിത്തം ഉണ്ടായിരുന്നു എന്നും ഏകദേശം 70000-ത്തോളം പേർ മണ്ഡലത്തിൽ വിവിധ പരിപാടികളിൽ പങ്കെടുത്തതായും വിലയിരുത്തിയിട്ടുള്ളതാണ്.

**വിമുക്തി ഡീ-അഡിക്ഷൻ സെന്റർ**

296(949) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാശുപത്രിയിൽ എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിമുക്തി ഡീ അഡിക്ഷൻ സെന്ററിന്റെ ഇത് വരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) രോഗികളുടെ ബാഹുല്യം കാരണം നിലമ്പൂർ ഡീ അഡിക്ഷൻ സെന്ററിൽ കൂടുതൽ ജീവനക്കാരേയും, സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഡീ അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നതിന് എത്ര രൂപയാണ് പ്രതിമാസം വകുപ്പ് ചെലവഴിക്കുന്നത്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ജില്ലാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന എക്സൈസ് വിമുക്തി ഡീ-അഡിക്ഷൻ സെന്ററിൽ ഒരു വർഷത്തേയ്ക്കുള്ള കരാറടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നിയമിച്ച 7 ജീവനക്കാരും താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 4 ജീവനക്കാരും അടക്കം ആകെ 11 ജീവനക്കാർ ജോലി ചെയ്തുവരുന്നു. നിലവിൽ 11 കിടക്ക സൗകര്യമാണ് ടി സെന്ററിലുള്ളത്. എക്സൈസ് വകുപ്പും മറ്റ് സന്നദ്ധ സംഘടനകളും രോഗികളുടെ കുടുംബാംഗങ്ങളും മുഖാന്തിരം ടി ഡീ-അഡിക്ഷൻ സെന്ററിൽ എത്തപ്പെടുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും മരുന്നുകളും അടക്കമുള്ള സേവനങ്ങൾ ടി സെന്ററിൽ നൽകി വരുന്നു. ടി സെന്ററിൽ നാളിതുവരെ 2643 പേർ ഒ.പി. വിഭാഗത്തിലും 221 പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയിട്ടുണ്ട്. കൂടാതെ ടി സെന്ററിൽ നിന്നും ചികിത്സ കഴിഞ്ഞുപോയ രോഗികളുടെ കൂട്ടായ്മ എല്ലാ മാസവും സെന്ററിൽ നടത്തിവരുന്നു. ഡീ-അഡിക്ഷൻ സെന്ററിന്റെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി ക്രമങ്ങളും നടന്നുവരുന്നു.

(സി) ടി സെന്ററിലെ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ മാത്രം 3,29,150 രൂപ പ്രതിമാസം എക്സൈസ് വകുപ്പ് മുഖാന്തരം അനുവദിച്ചുവരുന്നു. കൂടാതെ 2019 ഒക്ടോബർ മുതൽ നാളിതുവരെ മരുന്നിനും മറ്റുമായി 70,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിൽ വിമുക്തി പദ്ധതി**

297(950) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആറൻമുള നിയോജകമണ്ഡലത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) വിമുക്തി മിഷനുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന തീവ്രയജ്ഞ ബോധവത്കരണ പരിപാടി പത്തനംതിട്ട ജില്ലയിൽ 22-11-2019 തീയതിയിൽ ബഹു. ഫിഷറീസ് ആന്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. പത്തനംതിട്ട ജില്ലയിലെ അടൂർ, റാന്നി, കോന്നി, തിരുവല്ല, ആറന്മുള തുടങ്ങിയ നിയോജകമണ്ഡലതല വിമുക്തി പരിപാടികളുടെ ഉദ്ഘാടനം ബഹു. എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ പൂർത്തീകരിച്ചിട്ടുള്ളതും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല യോഗങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിൽ നിന്നും 10 സന്നദ്ധ പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകി അവരെ ഉപയോഗിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ 284 ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകളിലും 49 കോളേജുകളിലും എക്സൈസ് ജീവനക്കാരുടെ മേൽനോട്ടത്തിൽ വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ച് അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധികൾ എന്നിവരുടെ സഹായത്തോടെ ഭവനസന്ദർശനം നടത്തി ബോധവത്കരണ പ്രവർത്തനം നടത്തുകയും ലഹരി ഉപയോഗം മറച്ചുവയ്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും കൗൺസിലിംഗും ആവശ്യമെങ്കിൽ ചികിത്സയും നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പത്തനംതിട്ട ജില്ലയിലെ 53 പഞ്ചായത്തുകളിലേയും 4 മുനിസിപ്പാലിറ്റികളിലേയും

എല്ലാ വാർഡുകളിലേയും ജനപ്രതിനിധികളേയും എക്സൈസ് ജീവനക്കാരേയും ഉൾപ്പെടുത്തി വിമുക്തി സേന രൂപീകരിച്ചിട്ടുള്ളതും ബോധവത്കരണ പരിപാടിയും ഭവനസന്ദർശനവും നടന്നുവരുന്നു. ജില്ലയിലെ 199 ഗ്രന്ഥശാലകളിൽ വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ 265 ഓളം റസിഡൻസ് അസോസിയേഷനുകളുടെ യോഗം വിളിച്ചുചേർത്ത് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ ട്രേഡ് യൂണിയൻ പ്രവർത്തകരുടെ യോഗം വിളിച്ചു ചേർത്ത് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ലഹരിക്കെതിരെയുള്ള ബോധവത്കരണ പരിപാടികളുടെ ഭാഗമായി സൈക്ലത്തോൺ, ബൈക്കത്തോൺ, കൂട്ടയോട്ടം എന്നിവ സംഘടിപ്പിച്ചുവരുന്നു. ജില്ലയിലെ കാട്ടാത്തിപ്പാറ, ബിമ്മരം, അട്ടത്തോട്, ഗവി, ആവണിപ്പാറ തുടങ്ങിയ ആദിവാസി മേഖലകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) മണ്ഡലത്തിലെ എല്ലാ കോളേജുകൾ/ഹൈസ്കൂളുകൾ/ ഹയർസെക്കന്ററി സ്കൂളുകളിലും എക്സൈസ് ജീവനക്കാരുടെ മേൽനോട്ടത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

## മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവത്കരണം

298(951) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. വി. കെ. പ്രശാന്ത്</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവർജന ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന ലഹരി വർജന മിഷൻ 'വിമുക്തി' സ്വീകരിച്ച് വരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിദ്യാലയങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവത്കരണം ശക്തമാക്കുന്നതിനായി രൂപീകരിച്ച ലഹരി വിമുക്ത ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത തടയുന്നതിനായി എക്സൈസ് വകുപ്പ് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷ്യഫലങ്ങൾ സംബന്ധിച്ച് യുവജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം ബോധവത്ക്കരണ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവത്കരണ പരിപാടിയുടെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും 917 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനം നടത്തിവരുന്നു. ഈ പരിപാടിയോടനുബന്ധിച്ച് 2019 നവംബർ 14-ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും, 2019 നവംബർ 14-ന് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിയിട്ടുള്ളതുമാണ്. ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതതായി 1404 സ്കൂൾ ക്ലബ്ബും 392 കോളേജ് ക്ലബ്ബും 1794 ഗ്രന്ഥശാലാ ക്ലബ്ബും രൂപീകരിച്ചു. സർക്കാർ ഓഫീസുകളിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. സംസ്ഥാനത്ത് മുഴുവൻ ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ടും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളം ലഹരിക്കെതിരെ ദീപം തെളിയിക്കൽ-വിമുക്തി ജ്വാല സംഘടിപ്പിച്ചു. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുള്ളതാണ്. വിമുക്തി ബോധവത്കരണ വാഹനം കേരള പര്യടനം പൂർത്തിയാക്കി. നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിൽ ബോധവത്കരണ സന്ദേശ പ്രചരണം നടത്തി. വിവിധ സാംസ്കാരിക പരിപാടികൾ വഴിയും വിമുക്തി സന്ദേശം നൽകിയിട്ടുള്ളതാണ്. യുവജനങ്ങളെ ലഹരി ഉപയോഗത്തിൽനിന്ന് അകറ്റി നിർത്തുക എന്ന ലക്ഷ്യത്തോടെ സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് കബഡി, വോളിബാൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ വിവിധ കായികമത്സരങ്ങൾ സംസ്ഥാനമൊട്ടാകെ തുടർച്ചയായി സംഘടിപ്പിച്ചു വരുന്നു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡു തലങ്ങളിൽ 5 മുതൽ 10 വരെ അംഗങ്ങളെ ഉൾപ്പെടുത്തി 'വിമുക്തി സേന' എന്ന പേരിൽ ലഹരിവിരുദ്ധ പ്രവർത്തകരുടെ ചെറുയൂണിറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) ലഹരിവിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കുമായി ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. മെയ് 31 ലോക പുകയില വിരുദ്ധ ദിനം, ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഒക്ടോബർ 2 ഗാന്ധിജയന്തി തുടങ്ങിയ ദിനാചരണങ്ങളോടനുബന്ധിച്ച് ലഹരിക്കെതിരെ

ഉപന്യാസ മത്സരം, ക്വിസ്സ് മത്സരം, പ്രസംഗമത്സരം, പോസ്റ്റർ രചനാ മത്സരം തുടങ്ങിയ വിവിധതരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗച്ച് രഹസ്യ നിരീക്ഷണം നടത്തി വിവരങ്ങൾ ശേഖരിച്ച് കർശന പരിശോധനകൾ നടത്തി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെയും രഹസ്യ വിവരങ്ങൾ ശേഖരിച്ച് ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 'വിമുക്തി'യുടെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡന്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയടക്കം പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. കേരളത്തിൽ വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ബോധവത്കരണ പവലിയനുകൾ, ഫ്ലോട്ടുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിച്ചുവരുന്നു.

ലഹരിക്കെതിരെ കായിക വിനോദം എന്ന ലക്ഷ്യത്തോടെ കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതും കരിയർ ഗൈഡൻസ് സെന്ററുകൾ, ലൈബ്രറികൾ എന്നിവ ആരംഭിച്ചിട്ടുള്ളതുമാണ്. എഫ്.എം.റേഡിയോകൾ, ടി.വി.ചാനലുകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ വിമുക്തി സന്ദേശ പ്രചരണം നടത്തിയിട്ടുണ്ട്. മലയാള സിനിമാലോകത്തെ പ്രമുഖ താരങ്ങളുടെ ലഹരിക്കെതിരായ സന്ദേശം തയ്യാറാക്കി നവമാധ്യമങ്ങളിലൂടെ നിരന്തരം പ്രചരിപ്പിക്കുന്നുണ്ട്.

ആദിവാസി, തീരദേശ, പട്ടികജാതി കോളനികളിൽ എക്സൈസ് ജീവനക്കാർ നേരിട്ടും കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുടെ സഹകരണത്തോടെയും ഭവനസന്ദർശനം നടത്തി ലഘുലേഖകൾ വിതരണം ചെയ്ത് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

## എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്കുള്ള സീനിയോറിറ്റി പട്ടിക

299(952) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്കുള്ള സീനിയോറിറ്റി പട്ടികയുമായി ബന്ധപ്പെട്ടുള്ള 8-10-2015-ലെ 7180/F1/13/TD നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ പട്ടിക തയ്യാറാക്കിയിരിക്കുന്നത് എന്നതിന്റെ വ്യക്തമായ വിവരം നൽകുമോ;

(സി) ഇത് സംബന്ധിച്ച് OA(EKM)1666/16-ാം നമ്പർ KAT ഉത്തരവ് വന്നിട്ട് നാളിതുവരെയായിട്ടും ബന്ധപ്പെട്ട പരിശോധനകൾ പൂർത്തിയാക്കാതെ മന:പൂർവ്വം കാലതാമസം വരുത്തിയത് കോടതിയലക്ഷ്യമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8-10-2015-ലെ 7180/F1/13/TD നമ്പർ കത്തിലെ നിർദ്ദേശം ചുവടെ ചേർക്കുന്നു:

As per Rule 10 of the Special Rules for the purpose of appointment and seniority, the state shall be the unit in the case of Excise Inspectors and the Excise Divisions shall be units in the case of Excise Preventive Officers, Excise Guards. Therefore, combined seniority list for the purpose of promotion to Excise Inspectors has to be prepared as per the provisions of Rule 27 of Part II KS&SSRs. To make it clear, seniority of a promoted person in the cadre of Preventive Officer has to be determined as per the date of order of promotion to that cadre as per Rule 27(a) of Part-II KS&SSRs, whereas in the cases of directly recruited Preventive Officer, seniority shall be based on the date of first effective advice made for appointment to the post as per rule 27(c), irrespective of the division to which they belong. There is no provision as per the rules to assign seniority on the basis of date of occurrence of vacancies. But, date of occurrence of vacancy of a post is the crucial date for assessing eligibility for promotion to the post. It means, if the senior is not qualified for promotion to the post on the date of occurrence of the vacancy, the

qualified junior will supersede the senior, eventhough the senior is qualified for promotion before the date of order of promotion.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 1666/16 നമ്പർ അന്യായത്തിന്മേൽ 21-5-2018-ൽ പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ 1st respondent, Annexure A11 പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ 18-2-2020-ൽ നേരിൽ കേട്ടിട്ടുള്ളതും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം

300(953) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ ജീവനക്കാരും അനുബന്ധ സംവിധാനങ്ങളുമില്ലാതെ എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് വർഷത്തിലധികം സർവ്വീസുള്ള ഉദ്യോഗസ്ഥനെ ക്രൈം ബ്രാഞ്ചിന്റെ തലപ്പത്ത് നിയമിക്കണമെന്ന ചട്ടം നിലനിൽക്കേ വിരമിക്കാൻ രണ്ടുമാസം മാത്രം കാലാവധി ഉണ്ടായിരുന്ന ഉദ്യോഗസ്ഥരെ നിയമിച്ച് ആദ്യം തന്നെ ചട്ടം ലംഘിക്കുക ഉണ്ടായോ; വിശദാംശംങ്ങൾ നൽകുമോ;

(സി) കേസെടുത്ത ഉദ്യോഗസ്ഥർ തന്നെ അന്വേഷണവും നടത്തരുതെന്ന സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ രൂപം നൽകിയതാണോ ഈ ക്രൈം ബ്രാഞ്ച് വിഭാഗമെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതെ.

(ഡി) എക്സൈസ് ക്രൈം ബ്രാഞ്ച് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും നിലവിൽ പ്രസ്തുത വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്.

## എക്സൈസ് വകുപ്പിലെ ഡ്രൈവർ തസ്തിക

301(954) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പിന് നിലവിൽ എത്ര വാഹനങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്കായി എത്ര ഡ്രൈവർ തസ്തികയുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ കൃത്യമായി പരിപാലിക്കുന്നതിനും കൂടുതൽ എഫക്ടീവ് ആക്കുന്നതിന്റെയും ഭാഗമായി വകുപ്പിലെ എല്ലാ വാഹനങ്ങൾക്കും ഡ്രൈവർ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ടൂ വീലർ, ഫോർ വീലർ എന്നീ ഇനങ്ങളിലായി എക്സൈസ് വകുപ്പിൽ ആകെ 732 വാഹനങ്ങളുണ്ട്.

(ബി) 277 ഡ്രൈവർമാരുടെ സ്ഥിരം തസ്തികകളുണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നവീകരിക്കാൻ നടപടി

302(955) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് ഏത് വർഷമാണ്;

(ബി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം ഭീതിജനകമായ രീതിയിൽ വർദ്ധിക്കുകയും കേസുകളുടെ എണ്ണം പതിന്മടങ്ങ് കൂടുകയും ചെയ്തിട്ടും എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ നവീകരിക്കുന്നതിനും അംഗബലം കൂട്ടുന്നതിനും നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(സി) എക്സൈസ് വകുപ്പിൽ പുതുതായി രൂപീകരിച്ച ക്രൈംബ്രാഞ്ച് വിഭാഗത്തിൽ നിലവിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത തസ്തികകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പര്യാപ്തമാണോ; അല്ലെങ്കിൽ കൂടുതൽ തസ്തികകൾ ഈ വിഭാഗത്തിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിലെ ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് 1968-ലാണ്.

(ബി) കാലോചിതമായ പുതിയ ഓഫീസുകളും തസ്തികകളും സൃഷ്ടിച്ച് കൂടുതലായി ജീവനക്കാരെ വകുപ്പിൽ നിയമിച്ചുവരുന്നുണ്ട്.

(സി) എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിൽ നിലവിൽ 13 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതുമാണ്.

**എക്സൈസ് വകുപ്പിലെ പ്രൊമോഷൻ**

303(956) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാതെ അൻപത് വയസ്സ് പൂർത്തിയായി എന്ന ആനുകൂല്യത്തിൽ പ്രൊമോഷൻ ലഭിച്ച അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ എന്നിവരുടെ എണ്ണം അറിയിക്കാമോ; ഇവരുടെ വിശദാംശം നൽകുമോ;

(ബി) കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (സ്പെഷ്യൽ) റൂളിൽ നമ്പർ 5 (ക്വാളിഫിക്കേഷൻ)-ൽ പ്രൊമോഷൻ മുഖാന്തരം പ്രിവന്റീവ് ഓഫീസർ ആയി നിയമനം ലഭിക്കുന്നതിന് നിർണ്ണയിച്ചിരിക്കുന്ന യോഗ്യതയിൽ (ക്രമനം.2) പറഞ്ഞിരിക്കുന്ന വകുപ്പ്തല പരീക്ഷകൾ പാസ്സാകാത്ത ഉദ്യോഗസ്ഥരെ ഒഴിവാക്കി ടെസ്റ്റ് യോഗ്യത നേടിയവരെ നിയമിക്കുവാൻ അടിയന്തര നിർദ്ദേശം നൽകുമോ; ഇതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാതെ അൻപത് വയസ്സ് പൂർത്തിയായതിനാൽ KS&SSR Part II ചട്ടം 13 ബി-യുടെ ആനുകൂല്യത്തിൽ പ്രൊമോഷൻ ലഭിച്ച് 9 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർ നിലവിലുണ്ട്. ഇവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് |
|---|---|---|
| 1 | പോൾസൺ. ജി. | എക്സൈസ് റേഞ്ച് ഓഫീസ്, തിരുപുറം |
| 2 | യു. സതീഷ് കുമാർ | എക്സൈസ് റേഞ്ച് ഓഫീസ്, തിരുവനന്തപുരം |
| 3 | ജി. രാജൻ | എക്സൈസ് റേഞ്ച് ഓഫീസ്, അമരവിള |
| 4 | വി. ആർ. സുരേഷ് കുമാർ | എക്സൈസ് റേഞ്ച് ഓഫീസ്, കൊല്ലം |
| 5 | ജി. തുളസീധരൻ | എക്സൈസ് റേഞ്ച് ഓഫീസ്, ഉടുമ്പൻചോല |
| 6 | ആർ. സുരേഷ് കുമാർ | എക്സൈസ് റേഞ്ച് ഓഫീസ്, മൂവാറ്റുപുഴ |
| 7 | വി. പി. ജയപ്രകാശ് | എക്സൈസ് റേഞ്ച് ഓഫീസ്, പെരിന്തൽമണ്ണ |
| 8 | ഡി. വി. ജയപ്രകാശ് | എക്സൈസ് റേഞ്ച് ഓഫീസ്, നിലമ്പൂർ |
| 9 | പി. സുരേഷ് | എക്സൈസ് റേഞ്ച് ഓഫീസ്, കൊയിലാണ്ടി |
| 10 | ഒ. പി. വർമ്മദേവൻ | എക്സൈസ് റേഞ്ച് ഓഫീസ്, ചിറ്റാർ |

KS&SSR Part II ചട്ടം 13 ബി-യുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക് എക്സൈസ് ഇൻസ്പെക്ടർ കേഡറിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് |
|---|---|---|
| 1 | വി. അനിൽ കുമാർ | എക്സൈസ് ചെക്ക് പോസ്റ്റ്, മണ്ഡപത്തിൻ കടവ് |
| 2 | വി. അശോക് കുമാർ | പി. സി. ടി. തിരുവനന്തപുരം |
| 3 | ശശികുമാർ കെ. കെ. | എക്സൈസ് സർക്കിൾ ഓഫീസ്, കരുനാഗപ്പള്ളി |
| 4 | വി. ജെ. മധു | യുണൈറ്റഡ് സ്പിരിറ്റ്സ്, ചേർത്തല |
| 5 | പോൾ. കെ. വർക്കി | എക്സൈസ് റേഞ്ച് ഓഫീസ്, പാലാ |
| 6 | ജനാർദ്ദനൻ വി. ആർ | എക്സൈസ് റേഞ്ച് ഓഫീസ്, സുൽത്താൻ ബത്തേരി |
| 7 | എസ്. ബി. മുരളീധരൻ | എക്സൈസ് ചെക്ക് പോസ്റ്റ്, മഞ്ചേശ്വരം |
| 8 | ടി. രമേഷ് | എക്സൈസ് റേഞ്ച് ഓഫീസ്, കാസർഗോഡ് |
| 9 | എം. എസ്. പ്രകാശ് | എക്സൈസ് ചെക്ക് പോസ്റ്റ്, മീനാക്ഷിപുരം |
| 10 | കെ. പി. രാമചന്ദ്രൻ | എക്സൈസ് റേഞ്ച് ഓഫീസ്, കുഴൽമന്ദം |
| 11 | എസ്. കാർത്തികേയ പ്രസാദ് | ഇംപീരിയൽ സ്പിരിറ്റ്സ് ലിമിറ്റഡ്, ഗോവിന്ദാപുരം |
| 12 | ഷാജി. വി. ഐസക് | എക്സൈസ് സർക്കിൾ ഓഫീസ്, നോർത്ത് പരവൂർ |
| 13 | സി. ജയകുമാർ | ഇ. ഐ. ആന്റ് ഐ. ബി., ദക്ഷിണമേഖല |
| 14 | കെ. വി. ബാബു | എക്സൈസ് റേഞ്ച് ഓഫീസ്, ചാവക്കാട് |

(ബി) കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ സബോർഡിനേറ്റ് സർവ്വീസ് (സ്പെഷ്യൽ) റൂൾ നമ്പർ 5-ൽ പ്രിവന്റീവ് ഓഫീസറായി പ്രൊമോഷൻ ലഭിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിശ്ചിത പരീക്ഷ പാസ്സാകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ അർഹതപ്പെട്ട സിവിൽ എക്സൈസ് ഓഫീസർമാർക്ക് മാത്രമേ പ്രിവന്റീവ് ഓഫീസർ കേഡറിൽ പ്രൊമോഷൻ നൽകുവാൻ പാടുള്ളൂ എന്ന നിർദ്ദേശം 21-1-2020-ലെ EXC.3/2020/Excise നമ്പർ സർക്കുലർ പ്രകാരം എക്സൈസ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**എക്സൈസ് വകുപ്പിലെ ഡ്രൈവർമാരുടെ നിയമനം**

304(957) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ഹൈവേ പട്രോളിംഗിന്റെ ഭാഗമായി 14 വാഹനങ്ങൾ വാങ്ങിയിട്ടുള്ളതിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വയർലെസ് അടക്കമുള്ള ഡിജിറ്റൽ എക്യുപ്മെന്റ്സ് ഉപയോഗിക്കുന്ന പ്രസ്തുത വാഹനങ്ങളിൽ, കൃത്യമായ വാഹന മെയിന്റനൻസും, ഡിജിറ്റൽ ഉപകരണങ്ങളുടെ സംരക്ഷണത്തിനും മറ്റുമായി സ്ഥിരം ഡ്രൈവർമാരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) എക്സൈസ് വകുപ്പിന്റെ ഹൈവേ പട്രോളിംഗ് കുടുതൽ എഫക്ടീവ് ആക്കുന്നതിനും, വാഹന മെയിന്റനൻസുകൾ കൃത്യമായി ചെയ്തുപോരുന്നതടക്കമുള്ള കാര്യങ്ങൾക്കും പ്രസ്തുത വാഹനങ്ങളിൽ സ്ഥിരം ഡ്രൈവർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തിക കൂടുതലായി സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പെരുമ്പാവൂർ എക്സൈസ് സർക്കിളിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

305(958) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ഉടമകളിൽ നിന്നും മാസപ്പടി വാങ്ങിയെന്ന ആരോപണം നേരിട്ട പെരുമ്പാവൂർ എക്സൈസ് സർക്കിളിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ ഇവരെ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് മാറ്റിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വീടിന് സമീപത്തുള്ളതും, കൂടുതൽ സൗകര്യപ്രദമായതുമായ ഓഫീസുകളിലേക്കാണ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം നൽകിയതെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി) എക്സൈസ് ഉദ്യോഗസ്ഥരും, ബാർ ഉടമകളും തമ്മിലുള്ള അവിശുദ്ധ ബന്ധം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്. എക്സൈസ് ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങുന്നുവെന്ന ആരോപണം സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക നടപടിയെന്ന നിലയിൽ പെരുമ്പാവൂർ സർക്കിളിലെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതാണ്. ആലുവ, അങ്കമാലി, കാലടി, പിറവം, മൂവാറ്റുപുഴ, കോതമംഗലം എക്സൈസ് റേഞ്ച് ഓഫീസുകളിലേയ്ക്കും മൂവാറ്റുപുഴ, കോതമംഗലം എന്നീ എക്സൈസ് സർക്കിൾ ഓഫീസുകളിലേയ്ക്കും എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിലേയ്ക്കുമാണ് ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുള്ളത്.

(ബി) അത്തരത്തിലുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് എക്സൈസ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

## എക്സൈസ് ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങിയെന്ന പരാതി

306(959) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ എക്സൈസ് സർക്കിൾ ഏര്യായിലുള്ള ബാർ ഹോട്ടൽ ഉടമകളിൽനിന്നും എക്സൈസ് ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങിയെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ പ്രസിഡന്റ് പരാതി നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പരാതിയിൽ എക്സൈസിന്റെ വിജിലൻസ് വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; പ്രസ്തുത പരിശോധനയിൽ എന്ത് തുക മാസപ്പടി വാങ്ങിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഇതിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) പരാതിയെ സംബന്ധിച്ച് എക്സൈസ് വിജിലൻസ് വിഭാഗം വിശദമായ അന്വേഷണം നടത്തിവരുന്നു.

## കള്ളുഷാപ്പ് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം

307(960) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിലെ കള്ളുഷാപ്പ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ നൽകിയ നിവേദനത്തിന്മേൽ അന്വേഷണം നടത്താൻ മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും അന്വേഷണ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്താമോ;

(സി) പ്രദേശത്തെ ജനവികാരം മാനിച്ച് പ്രസ്തുത കള്ളുഷാപ്പ് അടച്ചു പൂട്ടുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിലെ കള്ളുഷാപ്പ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നൽകിയ പരാതി അന്വേഷിക്കുവാൻ 21-10-2019 തീയതിയിൽ തന്നെ മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഈ വിഷയത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, മലപ്പുറം സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത രണ്ട് അന്വേഷണങ്ങളിലും ഷാപ്പ് സ്ഥാപിച്ചിരിക്കുന്നത് നിലവിലുള്ള അബ്കാരി നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടാണെന്നും എന്നാൽ പ്രസ്തുത ഷാപ്പിനെതിരായി ശക്തമായ ജനവികാരം നിലനിൽക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി ഷാപ്പ് പരാതികൾക്കിടവരാത്ത രീതിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തിരൂരങ്ങാടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്കും ലൈസൻസിക്കും മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയം

### ചരക്ക് സേവന നികുതി

മി. സ്പീക്കർ: ചരക്ക് സേവന നികുതി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ സംസ്ഥാനത്ത് സമാന്തര സ്വർണ്ണ വിപണി ശൃംഖല രൂപപ്പെടുകയും സ്വർണ്ണത്തിന്മേലുള്ള നികുതി കുറയുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ഡി. സതീശൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് അടിയന്തരപ്രമേയത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്. അതിലുൾപ്പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട പ്രസ്താവനകൾ വാസ്തവമാണ്. സർക്കാരിന് അതിനോട് വിയോജിപ്പില്ല. നികുതി വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ചർച്ച ചെയ്തിട്ടുള്ള വിഷയം സ്വർണ്ണമാണ്. 2014-ൽ സ്വർണ്ണ നികുതിയെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർ ഓർക്കുന്നുണ്ടാകും. ഇതിന്റെ പശ്ചാത്തലം വാറ്റ് നികുതിയിൽ നമ്മൾ കൊണ്ടുവന്ന കോമ്പൗണ്ടിംഗ് സമ്പ്രദായമാണ്. വാറ്റ് നികുതി വന്നപ്പോൾ സ്വർണ്ണത്തിൽനിന്നുള്ള നികുതി വരുമാനം 21 കോടി രൂപയായി താഴ്ന്നു. അതിനെത്തുടർന്ന് അന്ന് തലേവർഷം കൊടുത്ത നികുതിയുടെ ഒന്നരമടങ്ങ് വന്നുകഴിഞ്ഞാൽ വേറെ കണക്കുകളൊന്നും നോക്കാതെ കോമ്പൗണ്ട് ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവന്നു. പിന്നീട് എല്ലാവർഷവും പത്തും പതിനഞ്ചും ശതമാനം കോമ്പൗണ്ടിംഗ് റേറ്റ് വർദ്ധിപ്പിക്കുകയും ഇതിന്റെ ഫലമായി നികുതി വരുമാനം ഗണ്യമായി ഉയരുകയും ചെയ്തു. ജി.എസ്.ടി.-ക്ക് തൊട്ടുമുമ്പ് 629 കോടി രൂപയായി ഉയർന്നു. ജി.എസ്.ടി. വന്നപ്പോൾ എന്താണ് സംഭവിച്ചത്? ജി.എസ്.ടി.-ൽ അഞ്ച് ശതമാനം നികുതി വേണമെന്നാണ് അരവിന്ദ് സുബ്രഹ്മണ്യം കമ്മിറ്റി ഇതു സംബന്ധിച്ച് ശിപാർശ ചെയ്തിരുന്നത്. അത് വലിയ തർക്കത്തിന് ഇടനൽകുകയും അവസാനം മൂന്ന് ശതമാനമായി നിശ്ചയിക്കുകയും ചെയ്തു. അഞ്ച് ശതമാനം കേരളത്തിലുണ്ട്, അത് മൂന്നായി കുറയുന്നുവെന്ന് പലരും പറഞ്ഞു. എന്നാൽ അങ്ങനെയല്ല, വാറ്റിൽ കോമ്പൗണ്ടിംഗ് ആണ്. തരുന്ന നികുതിയും declared turn

over-ഉം തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഇഫക്ടീവ് റേറ്റ് ഒന്നേകാൽ ശതമാനമേയുള്ളൂ. കോമ്പൗണ്ടിംഗിലേയ്ക്ക് എല്ലാവരും വരാൻവേണ്ടി നിർബന്ധിക്കാനാണ് അഞ്ചുശതമാനം നികുതി വച്ചത്. കോമ്പൗണ്ടിംഗിലേയ്ക്ക് വന്നില്ലെങ്കിൽ അഞ്ച് ശതമാനവും കോമ്പൗണ്ടിംഗ് വന്നുകഴിഞ്ഞാൽ ഒന്നേകാൽ ശതമാനവുമാണ് നികുതി. ഏതാണ്ട് എല്ലാവരും കോമ്പൗണ്ടിംഗിലേയ്ക്ക് വരികയും ചെയ്തു. ഒന്നേകാൽ ശതമാനത്തിൽനിന്നും മൂന്ന് ശതമാനമായി നികുതി കൂട്ടുകയാണ്. കേന്ദ്രത്തിന്റെ പകുതി കൊടുത്താലും നമ്മുടെ നികുതി ആയിരം കോടിയായി ഉയരണം. എന്നാൽ കേരളത്തിന് ഇപ്പോൾ ലഭിക്കുന്നത് 160 കോടി രൂപ മാത്രമാണ്. ബഹുമാനപ്പെട്ട മെമ്പർ പ്രമേയത്തിൽ പറയുന്നതുപോലെ ഗണ്യമായ തോതിൽ നികുതി ചോർച്ച സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് എന്താണ് കാരണമെന്ന് ചോദിച്ചതിന് അദ്ദേഹം പറഞ്ഞിരിക്കുന്ന വിശദീകരണം ശരിയായിട്ടുള്ള കാര്യമാണ്. ഏറ്റവും പ്രധാനപ്പെട്ട കാരണം കള്ളക്കടത്താണ്. ഇന്ത്യാ ഗവണ്മെന്റ് സ്വർണ്ണത്തിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചു. ലോക കമ്പോളത്തിന്റെ മൂന്നിലൊന്ന് ഇന്ത്യയാണ്, അതായത് 30 ശതമാനം. 2007-ൽ 800 ടൺ സ്വർണ്ണം ഇറക്കുമതി ചെയ്ത സ്ഥാനത്ത് 2013-ൽ 1000 ടണ്ണായി ഉയർന്നു. ഈ കാലയളവിൽ സ്വർണ്ണവില ഒരു പവന് 9,000 രൂപയിൽനിന്നും 26,000-ലധികം രൂപയായി ഉയർന്നു. ഞങ്ങൾ കണക്ക് കൂട്ടി നോക്കിയപ്പോൾ ഒരു പവന് 26,824 രൂപ വിലയുണ്ടെങ്കിൽ ഇംപോർട്ട് ഡ്യൂട്ടി 3,361 രൂപയും ബാങ്ക് പ്രീമിയം ഒരു പവന് 1,128 രൂപയും ജി.എസ്.ടി. മൂന്ന് ശതമാനംവച്ച് 940 രൂപയും ഇൻകം ടാക്സ് 314 രൂപയും വരും. അങ്ങനെ ആകെ 32,564 രൂപയാണ്. നേരായ മാർഗ്ഗത്തിലൂടെ ഇറക്കുമതി ചെയ്യുകയാണെങ്കിൽ ഒരു പവന് 32,564 വരും. കള്ളക്കടത്താണെങ്കിൽ 26,824 രൂപയേ വരൂ. ഈ പശ്ചാത്തലത്തിലാണ് വലിയ തോതിൽ കള്ളക്കടത്ത് നടന്നുകൊണ്ടിരിക്കുന്നത്. കള്ളക്കടത്ത് നികുതി വലയത്തിന് പുറത്താണ്. തൃശ്ശൂരിലോ മറ്റോ കൊണ്ടുപോയി ആഭരണമാക്കി മാറ്റി വിപണിയിലേയ്ക്ക് വരുന്നു. രണ്ടാമത്തെ പ്രധാനപ്പെട്ട കാരണം, ഉപഭോക്താവിനും വിൽക്കുന്ന ആൾക്കും ബില്ലിന്റെ കാര്യത്തിൽ താൽപ്പര്യമില്ല. വലിയ തോതിൽ sale suppression നടക്കുന്നുണ്ട്. സ്വർണ്ണത്തിന് പണ്ട് റിവേഴ്സ് ടാക്സുണ്ടായിരുന്നു. പഴയ സ്വർണ്ണം വിൽക്കുമ്പോൾ നിങ്ങളുടെ മേൽ നികുതി ചുമത്താൻ കഴിയില്ല. കാരണം നിങ്ങൾ വിൽക്കുന്നത് in furtherance of Business അല്ല. എന്നാൽ വാങ്ങുന്നയാൾ കച്ചവടത്തിനുവേണ്ടിയാണ് വാങ്ങുന്നത്. അതുകൊണ്ട് കച്ചവടക്കാരൻ നികുതി തരണമെന്നുണ്ടായിരുന്നു. അത് ജി.എസ്.ടി. വന്നപ്പോൾ പോയി. പഴയ സ്വർണ്ണമായി വലിയ തോതിൽ ട്രാൻസാക്ഷൻ നടക്കുന്നുണ്ട്. ഇതാണ് മൂന്നാമത്തെ

കാരണം. നാലാമതായി, ജി.എസ്.ടി. വന്നതിനുശേഷം കണക്കുകൾ പരിശോധിക്കുമ്പോൾ ഒരു ഗ്രൂപ്പിന്റെ ബ്രാഞ്ചുകൾ തമ്മിൽ, പ്രത്യേകിച്ച് അന്തർസംസ്ഥാന ബ്രാഞ്ചുകൾ തമ്മിൽ നേരത്തെയുണ്ടായിരുന്നതിന്റെ അൻപത് മടങ്ങുവരെ ട്രാൻസാക്ഷൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻപുട്ട് ക്രെഡിറ്റിൽ തിരിമറി നടത്താനും ഒരുപരിധിവരെ ബാങ്കുകാരെ കബളിപ്പിക്കാനും ഇങ്ങനെ പല കാരണങ്ങൾ കൊണ്ട് കഴിയും. ഈ മാറ്റങ്ങൾക്ക് ഇൻവോയ്സും ഇ-വേ ബില്ലും വേണ്ട. അങ്ങനെ ഇ-വേ ബിൽ സ്വർണ്ണത്തിന് മാത്രം ഇല്ലെന്ന് വന്നതോടുകൂടി സ്യൂട്ട്കേസിൽ സ്വർണ്ണം കൊണ്ടുപോയി കല്യാണ വീടുകളിൽ വയ്ക്കുന്ന ആളുകളുടെ എണ്ണം കൂടിയിരിക്കുകയാണ്. ഇത് മുഴുവൻ കച്ചവടത്തിനും ഔപചാരിക മേഖലയ്ക്കും പുറത്താണ് ഉപയോഗിക്കുന്നത്. അങ്ങനെ ജി.എസ്.ടി. സ്വർണ്ണ വ്യാപാര മേഖലയുടെ വ്യവസ്ഥയില്ലാതാക്കി മാറ്റിയിരിക്കുകയാണ്. ഇതെല്ലാംമൂലമാണ് നികുതി കുറഞ്ഞുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. കൗൺസിലിൽ ഈ പ്രശ്നം പലവട്ടം നമ്മൾ ഉന്നയിച്ചെങ്കിലും കൗൺസിൽ മൂന്നായി തിരിഞ്ഞിരിക്കുകയാണ്. ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണമായി സീക്രസിയിൽ നടക്കുന്ന വലിയൊരു വ്യവസായമാണിത്. സ്വർണ്ണവും ജ്വല്ലറിയുമെല്ലാം കൊണ്ടുപോകുന്നതിന് പരമ്പരാഗത രീതിയുണ്ട്. അതുകൊണ്ട് ഇത് വ്യവസ്ഥാപിതമാക്കാൻ അവർ തയ്യാറല്ല. കേരളം, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങൾ ഇ-വേ ബിൽ കൊണ്ടുവരണമെന്ന് വാദിക്കുന്നവരാണ്. ബാക്കി ഭൂരിപക്ഷം ആളുകളും ഇപ്പോൾ നികുതി കുറഞ്ഞാലും കോമ്പൻസേഷൻ കിട്ടുമല്ലോ അതുകൊണ്ട് ഇങ്ങനെ തൽക്കാലം പോകട്ടെയെന്നുള്ള നിലപാടുള്ളവരാണ്. എങ്കിലും ശക്തമായ വാദപ്രതിവാദങ്ങൾ ഉള്ളതുകൊണ്ട് ഒരു ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. കേരളമാണ് അതിന്റെ ചെയർമാൻ. നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഗുജറാത്ത് വഴങ്ങുന്നില്ല. നമ്മൾ ഒത്തുതീർപ്പ് നിർദ്ദേശം വച്ചിട്ടുണ്ട്. അതുപ്രകാരം ഒന്നാമതായി ഇ-വേ ബിൽ encrypt ചെയ്യുക. അംഗീകൃത ഉദ്യോഗസ്ഥന് മാത്രമേ അതിൽ അക്സസ് ഉണ്ടാകുകയുള്ളൂ. അപ്പോൾ സീക്രസി മെയിന്റയിൻ ചെയ്യപ്പെടും. രണ്ട്, ഇ-ഇൻവോയ്സ് കൊണ്ടുവരിക. മൂന്ന്, പർച്ചേസിനുമേൽ റിവേഴ്സ് ടാക്സ് കൊണ്ടു വരിക. ഇത്തരത്തിൽ ചില നിർദ്ദേശങ്ങൾ വച്ചിരിക്കുകയാണ്. അടുത്തുചേരുന്ന GoM (Group of Ministers) ഈ നിർദ്ദേശങ്ങൾ പരിഗണിക്കുമെന്ന് കരുതുന്നു. കഴിഞ്ഞ യോഗം വിളിച്ചപ്പോൾ ഗുജറാത്ത് ഹാജരായില്ല. അടുത്ത യോഗത്തിൽ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനമെടുത്ത് ഈ നികുതി ചോർച്ച തടയാൻ സാധിക്കുമെന്നാണ് കരുതുന്നത്. മറ്റ് വിമർശനങ്ങൾക്കൊക്കെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനുശേഷം ഞാൻ പ്രതികരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, 'All that glitters are not gold' മിന്നുന്നതെല്ലാം പൊന്നല്ല; വളരെ പ്രശസ്തമായൊരു ഷേക്സ്പീരിയൻ വാചകമാണിത്. പക്ഷേ കേരളത്തിൽ മിന്നാത്ത ചിലതും പൊന്നായി മാറുന്ന വിചിത്രമായ കാഴ്ചയാണ് വിപണിയിലേയ്ക്ക് നോക്കുമ്പോൾ കാണാൻ കഴിയുന്നത്. ഞാൻ നോട്ടീസിൽ ഉന്നയിച്ച ആക്ഷേപങ്ങളെ ബഹുമാനപ്പെട്ട മന്ത്രി ഒരു പരിധിവരെ ശരിവച്ചതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. 2017 വരെയുള്ള വാറ്റ് നികുതി, മൂല്യവർദ്ധിത നികുതി എന്നിവ പ്രകാരം ഏറ്റവും അവസാന വർഷം സ്വർണ്ണത്തിൽനിന്നും കേരളത്തിന് ലഭിച്ചത് 750 കോടി രൂപയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഇഫക്ടീവായിട്ടുള്ള ടാക്സ് റേറ്റ് 1.25 ആണ്. വാറ്റിൽനിന്നും GST യിലേയ്ക്ക് മാറിയപ്പോൾ അത് 1.25-ൽനിന്നും 3 ശതമാനത്തിലേയ്ക്ക്, അതായത്, ഏകദേശം 140 ശതമാനത്തോളം വർദ്ധിച്ചു. അപ്പോൾ ആദ്യ വർഷം നമുക്ക് കിട്ടേണ്ടത് 1800 കോടി രൂപയായിരുന്നു. എന്നാൽ കിട്ടിയത് 200 കോടി രൂപയാണ്. 2016-17-ൽ ഒരു ഗ്രാം സ്വർണ്ണത്തിന്റെ വില 2,650 രൂപയായിരുന്നു. ഇന്നത് ഏകദേശം 1,300 രൂപയിലധികം വർദ്ധിച്ച് 3,905 രൂപയോളമായിരിക്കുന്നു. 50 ശതമാനത്തോളം വില വർദ്ധനവുണ്ടായി. അപ്പോഴും നികുതി നിരക്ക് അതിനനുസരിച്ച് ഗണ്യമായി ഉയരണം. കഴിഞ്ഞ 3 വർഷമായി നികുതി വളർച്ചാ നിരക്ക് വളരെ കുറവാണെങ്കിലും ജി.എസ്.ടി. യുടെ നികുതി നിരക്ക് വർദ്ധനവ് ശരാശരി 10% ആണ്. ആ 10% കഴിഞ്ഞ മൂന്ന് വർഷമായി സ്വർണ്ണത്തിലും വർദ്ധിക്കണം. 1800 കോടി രൂപയിൽനിന്നും ഈ മൂന്ന് കാര്യങ്ങൾകൂടി ചേർന്നുവരുമ്പോൾ 3000 കോടി രൂപ ഈ വർഷം ജി.എസ്.ടി.യിൽനിന്ന് സ്വർണ്ണത്തിന്റെ മാത്രം നികുതി വരുമാനം ഉണ്ടാകേണ്ടിയിരുന്നു. എത്രയാണ് നികുതി വരുമാനം; 300 കോടി രൂപയിൽ താഴെയാണ് നികുതി വരുമാനം. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്? പ്രൊഫ. മേരി ജോർജ്ജിന്റെ സ്വർണ്ണ നികുതിയെക്കുറിച്ചുള്ള ഒരു പഠനത്തിൽ അവർ പറഞ്ഞത്: യഥാർത്ഥത്തിൽ കേരളത്തിൽ എല്ലാ പഴുതുകളും അടച്ചാൽ 18,000 കോടി രൂപയുടെ നികുതി ഇതിൽനിന്നും കിട്ടുമെന്നാണ്. അതൊരു ഗവൺമെന്റും ചെയ്തിട്ടില്ല. പക്ഷേ ഒരു വ്യത്യാസവുമില്ലാതെ കണക്കുകളുടെ പ്രൊജക്ഷൻ നോക്കിയാൽ 3000 കോടി രൂപയുടെ സ്വർണ്ണം നമുക്ക് കിട്ടണമായിരുന്നു. അദ്ദേഹം പറഞ്ഞതുപോലെ വേൾഡ് ഗോൾഡ് മാർക്കറ്റിന്റെ 30% ഇന്ത്യയിലാണ്. ഇന്ത്യയിലെ സ്വർണ്ണത്തിന്റെ മേജർ മാർക്കറ്റ് കേരളമാണ്. വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കുപ്രകാരവും ഇന്ത്യയിലെ ഗോൾഡ് ഡിമാന്റ് 752 ടണ്ണാണ്. ഇതിൽ ഭൂരിഭാഗവും വിറ്റഴിക്കുന്നത് കേരളത്തിലാണ്. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കനുസരിച്ച് കേരളത്തിൽ സ്വർണ്ണാഭരണങ്ങൾ വാങ്ങാൻ വേണ്ടിയുള്ള പ്രതിമാസ ആളോഹരി ചെലവ് 208 രൂപയാണ്. രണ്ടാം സ്ഥാനത്ത് വരുന്ന ഗോവയുടേത് കേവലം 34 രൂപയാണ്. ബാക്കിയുള്ളവരെല്ലാം

30 രൂപയിലും 20 രൂപയിലും താഴെയാണ്. കേരളത്തിന്റെ സ്വർണ്ണത്തോടുള്ള അഭിനിവേശം എത്ര കൂടുതലാണെന്നും എന്തുകൊണ്ടാണ് ഇത്രയും സ്വർണ്ണം വലിയ തുക്കത്തിൽ കേരളത്തിൽ വന്നടിയുന്നത് എന്നതിന്റെയും ഏറ്റവും വലിയ ഉദാഹരണമാണിത്. പ്രശസ്ത സംവിധായകനായ ശ്രീ. രഞ്ജിത്തിന്റെ ലോഹം എന്ന സിനിമയിൽ ശ്രീ. മോഹൻലാൽ അവതരിപ്പിക്കുന്ന ഒരു അധോലോക കഥാപാത്രം പറയുന്ന ഒരു വാചകമുണ്ട്. 'ഈ ലോകം മുഴുവൻ ചങ്ങലക്കണ്ണി ബന്ധമുള്ള ഒരു കച്ചവട ശൃംഖലയുടെ ഭാഗമാണ് ഞങ്ങളും. ഇന്ന് കാണുന്ന രൂപത്തിൽ ഈ ലോകം സൃഷ്ടിച്ചതിൽ ഒരു പങ്കുമില്ലാത്ത, എന്നാൽ കൊന്നും വെന്നും നടത്തിയ പടയോട്ടങ്ങളുടെ മുഴുവൻ കാരണമായ ഒരു ലോഹത്തിന്റെ വ്യാപാര ലോകം. We are also a part of metal business, മഞ്ഞലോഹം (Yellow metal)' എന്നാണ് പറയുന്നത്. ഞാൻ ഈ സിനിമ കണ്ടപ്പോൾ കരുതിയത് അതിശയോക്തി കുത്തി നിറച്ച ഒരു കാരണമായിട്ടാണ്. പക്ഷേ സ്വർണ്ണ വിപണിയിലേയ്ക്കും കേരളത്തിൽ നടക്കുന്ന കള്ളക്കടത്ത് കാര്യങ്ങളിലേയ്ക്കും അന്വേഷിച്ച് ചെന്നപ്പോൾ ആ സിനിമയേക്കാൾ എത്രയോ ആഴത്തിലുള്ള, വലിയൊരു അധോലോകമാണ് ഈ കേരളത്തിലെ സ്വർണ്ണ വിപണിയുടെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന് എനിക്ക് മനസ്സിലാക്കാനായി. 2019 നവംബർ 27-ാം തീയതി ആലുവക്കാരനായ ഒരു മലയാളി യുവാവ് മുംബൈയിൽ വച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. കോപ്പറിന്റെ ബ്രാസ് ഇറക്കുമതി ചെയ്യുന്ന കൂട്ടത്തിൽ കറുത്ത പെയിന്റടിച്ച് സ്വർണ്ണത്തിന്റെ ബാറുകൾ കോപ്പർ ബ്രാസ്സിന്റെ കൂടെ, സ്ക്രാപ്പിന്റെ കൂടെ വിറ്റു. 22 പേരടങ്ങിയ ഒരു മാഫിയ ഗ്യാങ്ങായിരുന്നു അത്. രണ്ടു വർഷംകൊണ്ട് അവർ ഇറക്കുമതി ചെയ്തത് 4522 കിലോഗ്രാം, അതായത് 1500 കോടി രൂപയുടെ സ്വർണ്ണം. ഭൂരിഭാഗവും വന്നത് കേരളത്തിലേയ്ക്കാണെന്ന് റെയ്ഡ് നടത്തി പിടിച്ച ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് (D.R.I.) വ്യക്തമാക്കി. DRI വീണ്ടും 75 കിലോ സ്വർണ്ണം പിടിച്ചു. ഹവാലാ ഇടപാടും ഇതിന്റെ പിന്നിൽ നടന്നുവെന്നു പറഞ്ഞു. മലയാളിയുടെ നേതൃത്വത്തിൽ 100 വാഹനങ്ങളിലായി 500 പേർ ജോലി ചെയ്താണ് ഇത്രയും സ്വർണ്ണം കേരളത്തിലേക്ക് കടത്തിയത്. 2019 ഒക്ടോബറിൽ തൃശ്ശൂരിൽനിന്നും കസ്റ്റംസ് പിടിച്ചത് 123 കിലോ സ്വർണ്ണമാണ്. ഇതാണ് കേരള ചരിത്രത്തിലെ ഏറ്റവും വലിയ സ്വർണ്ണ വേട്ട. 2019 ഡിസംബറിൽ സെൻട്രൽ ജി.എസ്.ടി. ഇന്റലിജൻസ് കോഴിക്കോട് പിടികൂടിയത് 25 കിലോ സ്വർണ്ണം. മാത്രമല്ല, ഒരു ജ്വല്ലർ 2000 കിലോ സ്വർണ്ണം നികുതി അടയ്ക്കാതെ വിറ്റതായി സെൻട്രൽ ഇന്റലിജൻസ് ജി.എസ്.ടി. കണ്ടെത്തി. ഇതെല്ലാം മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ്. വിമാനത്താവളം, തുറമുഖം, റോഡുമാർഗ്ഗം എന്നിങ്ങനെ കേരളത്തിലേയ്ക്ക് സ്വർണ്ണം എത്തുന്നത് അവിശ്വസനീയമായ രീതിയിലാണ്. അതുകൂടാതെ ആഭരണമുണ്ടാക്കുന്ന ആളുകൾ തങ്കക്കട്ടികൾ അതായത്, ബുള്ള്യൻ കൊണ്ടുവന്ന് വീടുകൾ വാടകയ്ക്കെടുത്ത് ആഭരണങ്ങൾ ഉണ്ടാക്കുന്നു. അവർ ഏജന്റുമാരെവെച്ച് വിവാഹ

വീടുകളിൽ ചെന്ന് നികുതി വെട്ടിച്ച് സ്വർണ്ണം വിൽക്കുകയാണ്. അതുപോലെതന്നെ വളരെ ഞെട്ടിക്കുന്ന ഒരു കാര്യം: കൊച്ചിയിലെ സ്പെഷ്യൽ ഇക്കണോമിക് സോണിൽ നാല് കമ്പനികളുണ്ട്. അതിലൊരു കമ്പനി ബുള്ള്യൻ/സ്വർണ്ണ ബാറുകൾ കൊണ്ടുവന്ന് ആഭരണങ്ങളാക്കുന്ന കമ്പനിയാണ്. അതിൽ ഒരു കമ്പനി ഒരു ദിവസം ഇറക്കുമതി ചെയ്യുന്നത് ഒരു ടൺ സ്വർണ്ണമാണ്. നാല് കമ്പനിയും കൂടി നാല് ടൺ സ്വർണ്ണം. ഒരു കിലോ സ്വർണ്ണം ആഭരണമാക്കി മാറ്റുമ്പോൾ, 916 സ്വർണ്ണം എന്നുപറഞ്ഞാൽ 916 ഗ്രാം സ്വർണ്ണത്തിന്റെ കൂടെ ബാക്കി 84 ഗ്രാം ചെമ്പ് ചേർക്കും. അപ്പോഴാണ് തങ്കം സ്വർണ്ണമായി മാറുന്നത്. 1000 കിലോ സ്വർണ്ണം ആഭരണമാക്കി മാറ്റുമ്പോൾ, 916 കിലോ സ്വർണ്ണം തങ്കവുമായി ചേരുമ്പോൾ, 84 കിലോ ചെമ്പാണ് ചേർക്കുന്നത്. ഈ 84 കിലോ സ്വർണ്ണം അവിടെനിന്നും മാറ്റിയാണ് വരുന്നത്. ഇവർ കയറ്റുമതി ചെയ്യുമ്പോൾ 84 കിലോ സ്വർണ്ണം ഒരു ടണ്ണിൽനിന്നും മാറ്റുകയാണ്. അതായത് 4 കമ്പനികളും കൂടി ഒരു ദിവസം മാറ്റുന്നത് 336 കിലോ സ്വർണ്ണമാണ്. 300 ദിവസം ആ കമ്പനി പ്രവർത്തിക്കുമ്പോൾ 100 ടൺ സ്വർണ്ണമാണ് ചെമ്പിന് പകരം മാറ്റുന്നത്. ബാക്കി സ്വർണ്ണം യു.എ.ഇ.-യിലേക്ക് കയറ്റുമതി ചെയ്യുന്നുവെന്നാണ് പറയുന്നത്. യു.എ.ഇ.- യിലൊന്നും ഇത്രയും വലിയ സ്വർണ്ണത്തിന്റെ ഉപഭോഗമില്ലെന്നാണ് എന്നോടൊരു സീനിയറായ ഉദ്യോഗസ്ഥൻ പറഞ്ഞത്. മറിച്ച് സ്വർണ്ണം കയറ്റിവിടുന്നതിന്റെ കൂടെ പാറക്കഷണങ്ങൾ വച്ച് വെയ്റ്റ് അഡ്ജസ്റ്റ് ചെയ്യുകയും ബാക്കി സ്വർണ്ണം കൂടി കേരളത്തിലേയ്ക്ക് മാറ്റി വിൽക്കുകയും ചെയ്യുന്നു. കേരളത്തിലെ നികുതി വകുപ്പ് എവിടെയാണ്; നികുതി വകുപ്പ് നോക്കുകുത്തിയായി നിൽക്കുകയാണ്. DRI-യും കസ്റ്റംസുമായി ചേർന്ന് നികുതി വകുപ്പ് സംസ്ഥാനത്ത് എന്തു നടപടിയാണ് എടുത്തിട്ടുള്ളത്; ഇതുവരെ കേരളത്തിലെ നികുതി വകുപ്പ് ഒരു കിലോ സ്വർണ്ണം പിടിച്ചോ? എവിടെയാണ് നിങ്ങൾ റെയ്ഡ് നടത്തിയത്; ഇപ്പോഴത്തെ സ്ഥിതി എന്താണ്? ഒരു അസിസ്റ്റന്റ് കമ്മീഷണർക്ക് കാസർഗോഡ് റെയ്ഡ് നടത്തണമെങ്കിൽ തിരുവനന്തപുരത്തുവന്ന് ജോയിന്റ് കമ്മീഷണറുടെ കയ്യിൽനിന്നും അനുമതി വാങ്ങണം. മെയിൽ അയച്ചാൽ എവിടെയാണ് റെയ്ഡ് നടത്തുന്നതെന്ന് പലരും കാണും; രഹസ്യം ചോരും. അയാൾ ട്രെയിൻ കയറി തിരുവനന്തപുരത്ത് വന്ന് തിരിച്ച് റെയ്ഡ് നടത്താൻ ചെല്ലുമ്പോൾ ആളിരുന്നിടത്ത് പൊടിപോലും കാണില്ല. ജി.എസ്.ടി. വന്നതിനുശേഷം, ജി.എസ്.ടി. നികുതി ഭരണ സംവിധാനം റീസ്ട്രക്ചർ ചെയ്യണമെന്ന് ഞങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടു. അങ്ങ് ഇതുവരെ അനങ്ങിയില്ല. അതുകൊണ്ടാണ് സ്വർണ്ണത്തിന്റെ റെയ്ഡ് നടത്താൻ ജോയിന്റ് കമ്മീഷണറെ കാണാൻ അവർ കാസർഗോഡുനിന്നും തിരുവനന്തപുരത്തേയ്ക്ക് വരേണ്ട സ്ഥിതിയുണ്ടായത്. നികുതി ഭരണത്തിലെ ഇന്റലിജൻസ് സംവിധാനം പൂർണ്ണമായും തകർന്നു. ഒരു സർവെയലൻസും ഇല്ലാത്ത വകുപ്പായി നികുതി വകുപ്പ് മാറി. കഴിഞ്ഞ മൂന്ന് വർഷം നിങ്ങൾ

എന്തുചെയ്യുകയായിരുന്നു; സ്വർണ്ണ കള്ളക്കച്ചവടത്തിന് നികുതി വകുപ്പ് കട പിടിച്ചുകൊടുക്കുകയായിരുന്നു. ഇ-വേ ബിൽ വന്നാൽ ഇതെല്ലാം മാറുമെന്ന് അങ്ങ് പറഞ്ഞല്ലോ. ഇ-വേ ബിൽ കൊണ്ടുവരാൻ, മാർബിളും ഗ്രാനൈറ്റും മറ്റ് ഉൽപ്പന്നങ്ങളും വലിയ ലോറിയിൽ കൊണ്ടുവരുന്നതുപോലെയല്ല സ്വർണ്ണം കൊണ്ടുവരുന്നത്. ഇ-വേ ബിൽ വന്നാൽ കള്ളക്കടത്തിൽ എന്തുമാറ്റമാണ് ഉണ്ടാകാൻ പോകുന്നത്. ഇത് നികുതി വകുപ്പിന് പുറത്താണെന്നും നികുതി വകുപ്പിന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും അങ്ങ് ഒരു വാചകം പറഞ്ഞു. അങ്ങയുടെ ഈ നികുതി നിയമത്തിന്റെ, ജി.എസ്.ടി. നിയമത്തിന്റെ 60-ാം വകുപ്പ് വായിച്ചു നോക്കണം. ഇൻസ്പെക്ഷൻ നടത്താനും സെർച്ച് ചെയ്യാനും പിടിച്ചെടുക്കാനും അറസ്റ്റു ചെയ്യാനും സെൻട്രൽ ജി.എസ്.ടി ഉദ്യോഗസ്ഥർക്ക് അധികാരമുള്ളതുപോലെ സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്. എന്തുകൊണ്ട് ഇത് ഉപയോഗിച്ചില്ല? 60 മുതൽ 64 വരെയുള്ള വകുപ്പുകൾ സംസ്ഥാനത്ത് എന്തുകൊണ്ട് ഇതുവരെ ഉപയോഗിച്ചില്ല. നിങ്ങൾക്ക് ഇത് കണ്ടുപിടിക്കാൻ എന്ത് ബുദ്ധിമുട്ടാണെന്നാണ് പറയുന്നത്. ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിൽനിന്നും ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുന്ന സ്വർണ്ണത്തിന്റെ ഡാറ്റാ ശേഖരിക്കണം. 119-ാം വകുപ്പ് വായിച്ചു നോക്കൂ, ഡാറ്റാ ശേഖരിക്കാൻ ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്ന വകുപ്പുണ്ട്. ഇതുവരെ ചെയ്തോ? പ്രാദേശിക സർക്കാരുകളിൽനിന്നും മാനുഫാക്ചറിംഗ് ലൈസൻസുകളുടെ ഡാറ്റായെടുക്കാൻ കഴിയും. കെ.എസ്.ഇ.ബി.എൽ.-ലെ ഇലക്ട്രിസിറ്റി കൺസംപ്ഷന്റെ കാര്യം; ആഭരണമാക്കി മാറ്റുന്ന സ്ഥലത്ത് ഇലക്ട്രിസിറ്റി കൺസംപ്ഷൻ വേണം; അവിടെനിന്നും ഡാറ്റാ ശേഖരിക്കാം. നിങ്ങൾക്കറിയില്ലെങ്കിൽ, നിങ്ങളുടെ നികുതി വകുപ്പിന് അറിയില്ലെങ്കിൽ ഞങ്ങൾ പറഞ്ഞുതരാം.

എല്ലാ മാനുഫാക്ചറിംഗ് യൂണിറ്റുകളും സി.സി.ടി.വി. സർവയലൻസിലാണ്. അവരുടെ ഹാർഡ് ഡിസ്ക് എടുത്ത് പരിശോധിച്ചാൽ എത്ര സ്വർണ്ണാഭരണമാണ് മാറ്റുന്നതെന്ന് അറിയാം. പഴയ സ്വർണ്ണത്തിന്റെ ഓക്ഷൻ നടക്കുന്ന സ്ഥലത്ത് സ്ട്രിക്ട് സൂപ്പർവിഷൻ വേണമെന്ന് മണി ലെൻഡിംഗ് ആക്ടിൽ പറയുന്നുണ്ട്. കഴിഞ്ഞ രണ്ടു മൂന്ന് കൊല്ലമായി ഈ എൻ.ബി.എഫ്.സി. (Non Banking Financial Company)-കളും മറ്റും ആയിരക്കണക്കിന് കിലോ സ്വർണ്ണം ഓക്ഷൻ നടത്തുമ്പോൾ അങ്ങയുടെ നികുതി വകുപ്പിൽനിന്നും ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ അവിടെ പോയിട്ടുണ്ടോ? ഒരാളും അന്വേഷിക്കുന്നില്ല, അതങ്ങനെ നടക്കട്ടെ. ആഭരണങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മെഷീനറികൾ കോയമ്പത്തൂരിൽനിന്നും മദ്രാസിൽനിന്നുമെല്ലാം വാങ്ങുന്നതാണ്. ആ മെഷിനറികളുടെ ബയേഴ്സ് ആരാണെന്ന് അന്വേഷിച്ചാൽ ഏത് വീട്ടിൽ കൊണ്ടുപോയാണ് ഇവർ ഇത് ഉണ്ടാക്കുന്നതെന്ന് അറിയാം. അതുപോലെ എക്സ്ക്ലൂസീവായി ആഭരണമുണ്ടാക്കാൻ ഉപയോഗിക്കുന്ന കെമിക്കൽസിന്റെയും മറ്റ് ഇൻഗ്രീഡിയൻസിന്റെയും വിവരം ശേഖരിക്കണം. ഇതാണ് സർവയലൻസ്,

ഇതാണ് ഇന്റലിജൻസ്; ടാക്സ് ഇന്റലിജൻസ് എന്നുപറയുന്നത്. സർക്കാർ ഒരു കാര്യവും ചെയ്യുന്നില്ല. സെൻട്രൽ ജി.എസ്.ടി. ഓഫീസേഴ്സിന് റെയ്ഡ് നടത്തി പിടിക്കാമെങ്കിൽ എന്തുകൊണ്ടാണ് സ്റ്റേറ്റ് ജി.എസ്.ടി. ഓഫീസേഴ്സിന് റെയ്ഡ് നടത്തി പിടിക്കാൻ പറ്റാത്തത്; നിങ്ങൾക്ക് അതിന് അധികാരമില്ലെന്ന് എവിടെയാണ് എഴുതിവച്ചിരിക്കുകയാണ്; സെക്ഷൻ 60 എന്താണ്, a taxable person, where the CGST/SGST officer, not below the rank of Joint Commissioner, has reasons to believe that -(a) taxable person has suppressed any transaction relating to supply of goods and /or services or the stock of goods in hand, or has claimed input tax credit in excess.............. any of the provisions of this Act or rules made thereunder to evade tax under this Act. കൃത്യമായി എഴുതിവച്ചിരിക്കുകയാണ്. അതൊന്നും ഉപയോഗിക്കാതെ 3000 കോടി രൂപയുടെ നികുതി നഷ്ടമുണ്ടായിട്ട്, കണ്ണടച്ച് 'ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണ' എന്നുപറഞ്ഞ് ഈ വകുപ്പ് ഇരിക്കുകയാണ്. ഇതിൽ ഏറ്റവും ഗൗരവതരമായ കാര്യം ഒരു വൻ അധോലോകം; ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ശ്രദ്ധിക്കണം; വൻ അധോലോകം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. ഞാനിത് അന്വേഷിച്ച് പോയപ്പോൾ ഒരു ഉദ്യോഗസ്ഥൻ വിറച്ചുകൊണ്ട് എന്നോട് പറഞ്ഞത്, എം.എൽ.എ. ഇതിന്റെ പുറകേ പോകരുത്, ജീവൻ അപകടത്തിലാകും എന്നാണ്. ജീവൻ അപകടത്തിലാകുന്ന തരത്തിലുള്ള ഇത്രയും വലിയ കള്ളക്കച്ചവടം കേരളത്തിൽ നടന്നിട്ട് കേരളത്തിലെ ഒരു സംവിധാനവും ഇതറിയുന്നില്ല എന്നുപറഞ്ഞാൽ എത്ര ഭയാനകമായ കാര്യമാണ്. ഇത്രയും വലിയ നികുതി നഷ്ടമുണ്ടായി, ഇത്രയും വലിയ അധോലോകം വളരുന്ന കേരളത്തെ ഏറ്റവും അപകടത്തിലെത്തിക്കുന്ന ഈ സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മന്ത്രികൂടി സമ്മതിച്ച സ്ഥിതിക്ക് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ 'ലോഹം' സിനിമയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അരനൂറ്റാണ്ടുമുമ്പ് എം.ടി. വാസുദേവൻ നായരും എൻ. പി. മുഹമ്മദുംകൂടി എഴുതിയ നോവലാണ് 'അറബിപ്പൊന്ന്'. അറബിപ്പൊന്നിന്റെ കാലം വീണ്ടും തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അതിനിടയാക്കിയത് കസ്റ്റംസ് ഡ്യൂട്ടിയിൽ വരുത്തിയ വർദ്ധനയാണ്. അതിന്റെ പ്രശ്നങ്ങളാണ് അങ്ങ് നല്ല സമയമെടുത്ത് വിശദീകരിച്ചത്. അതിനോട് യോജിപ്പാണ്. അവസാനം പറഞ്ഞ കാര്യങ്ങളോട് മാത്രമാണ് വിയോജിപ്പുള്ളത്. അങ്ങയുടെ വലിയ ചോദ്യം, കസ്റ്റംസുകാർ ഇതെല്ലാം പിടിക്കുന്നു, നിങ്ങളുടെ നികുതി വകുപ്പ് എന്തുകൊണ്ടാണ് പിടിക്കാത്തത് എന്നതാണ്. കസ്റ്റംസ്

നിയമപ്രകാരമാണ് അവർ പിടിക്കുന്നത്. ജി.എസ്.ടി. ഉദ്യോഗസ്ഥന് ജി.എസ്.ടി. നിയമപ്രകാരം മാത്രമേ ഒരാളെ അറസ്റ്റ് ചെയ്യുന്നതിനോ നടപടി എടുക്കുന്നതിനോ കഴിയുകയുള്ളൂ. അല്ലാതെ കസ്റ്റംസ് ആക്ട് നടപ്പാക്കാൻ ഇവർക്ക് കഴിയില്ല. കേരളത്തിൽ സമീപകാലത്ത് കസ്റ്റംസ് വകുപ്പ്, നിങ്ങൾ പറഞ്ഞ തൃശ്ശൂരിലെ നിർമ്മാണശാലകളിൽ നടത്തിയ പരിശോധനയിൽ 50 കോടി രൂപയുടെ 123 കിലോ കള്ളക്കടത്ത് സ്വർണ്ണം പിടിക്കുകയുണ്ടായി. അതുപോലെ കോഴിക്കോട് ഒരു കടയിൽ നടത്തിയ പരിശോധനയിൽ 25 കോടി രൂപയുടെ സ്മഗിൾഡ് ഗുഡ്സ് പിടിക്കുകയുണ്ടായി. ജി.എസ്.ടി. വകുപ്പ് 125 കിലോ സ്വർണ്ണത്തിന്റെ സ്മഗിൾഡ് ഗുഡ്സ് വിവിധ നിർമ്മാണ പ്രിമൈസസുകളിൽനിന്നും മറ്റുമായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് വ്യാപകമായി തടസ്സം നിൽക്കുന്നത് എന്താണെന്ന് അറിയാമോ; നിലവിലുള്ള ജി.എസ്.ടി. നിയമപ്രകാരം ഇ-വേ ബിൽ വേണം. അത് കൊണ്ടുവന്നില്ലെന്ന് പറഞ്ഞ് കണ്ടുപിടിക്കാൻ പറ്റില്ല. ഇൻവോയ്സ് പോലും വേണ്ട. ആകെ ആവശ്യപ്പെടുന്നത് ഡെലിവറി ചെല്ലാനാണ്. എന്നുവച്ചാൽ വിൽക്കാൻ കൊണ്ടുപോയതല്ല, സാമ്പിൾ കാണിക്കാൻവേണ്ടി, അവർ അപ്രൂവ് ചെയ്താൽ മാത്രമേ ഇൻവോയ്സ് എഴുതാൻ സാധിക്കുകയുള്ളൂ. ആ ഡെലിവറി ചെല്ലാനുണ്ടെങ്കിൽ പിടിക്കാൻ പറ്റില്ല. ഇ-ഇൻവോയ്സ് കൊണ്ടുവരാനും കടകളിൽനിന്നും വിൽക്കുന്നതിന് ക്യൂ.ആർ. കോഡ് വച്ചുള്ള ബിൽ വേണമെന്ന് നിർബന്ധമാക്കാനുമാണ് ഇന്ന് നമ്മൾ ശ്രമിക്കുന്നത്. ഇത്തരത്തിൽ നിയമത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഫലപ്രദമായി ഇവിടെ പറയുന്നപോലെ ആക്ഷനെടുക്കാൻ സാധിക്കൂ. അത് പറ്റില്ലെന്നാണ് ഒരു വിഭാഗം സംസ്ഥാനങ്ങൾ വാദിക്കുന്നത്. അതുസംബന്ധിച്ചുള്ള ചർച്ചകൾ നടക്കുന്നുവെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഈ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് 125 കിലോ സ്വർണ്ണത്തിന്റെ സ്മഗിൾഡ് ഗുഡ്സ് ജി.എസ്.ടി. ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. 75 കടകളിൽ ഇതിനകം പരിശോധന നടത്തിയിട്ടുണ്ട്. ആ 75 കടകളിൽ അതിന്റെ അക്കൗണ്ടുകൾ പൂർണ്ണമായും പരിശോധിക്കുകയാണ്. ഹാർഡ് ഡിസ്ക് പരിശോധിക്കാൻ നമുക്കിപ്പോൾ ലാബില്ല. അതുകൊണ്ട് C-DAC- ൽ കൊടുക്കണം. സി-ഡാക്കിൽ വലിയ കാലതാമസം വരുന്നതുകൊണ്ട് നികുതി വകുപ്പുതന്നെ സൈബർ ഫോറൻസിക് ലാബ് സെറ്റ്അപ് ചെയ്യുകയാണ്. അതുകൊണ്ട് ഭാവിയിൽ സി-ഡാക്കിന്റെ പുറകെ പോകേണ്ട. ഇങ്ങനെ എടുക്കുന്നത് ഇവിടെത്തന്നെ പരിശോധിക്കാം. പക്ഷെ ഗൗരവമായ കാര്യം എന്താണെന്ന് അറിയാമോ; ഒന്ന്, ഇത് മുഴുവനും ക്ലൗഡിലാണ്. ഹാർഡ് ഡിസ്കിൽ പോലുമില്ല. നമ്മൾ ചെല്ലുമ്പോൾത്തന്നെ ഡിസേബിൾ ചെയ്യുന്നു. ഡിസേബിൾ ചെയ്തു കഴിഞ്ഞാൽപ്പിന്നെ ദുബായിലും മറ്റുമുള്ള സർവറിൽ വേണം പരിശോധന നടത്താൻ. നമുക്കതിന് കഴിയുകയില്ല. ഈയൊരു പരിമിതിയുണ്ട്. രണ്ട്, ഇപ്പോൾ

ലഭ്യമായ ഡാറ്റ ഉപയോഗിച്ചുകൊണ്ട് ഞങ്ങളൊരു സെൻസുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇതുവരെയില്ലാത്ത രീതിയിൽ, നേരത്തെയുള്ള ടേൺഓവറിന്റെ പത്തും അമ്പതും മടങ്ങ് അപ്പുറത്തോട്ടും ഇപ്പുറത്തോട്ടും ട്രാൻസാക്ഷൻ നടക്കുകയാണ്. ഇ-വേ ബിൽ ഇല്ലാത്തതുകൊണ്ട് സ്വർണ്ണം പോകേണ്ട ആവശ്യമില്ല, ബുക്കിൽ മാറ്റിയെഴുതിയാൽ മതി. എന്തിനാണ് ഇത് ചെയ്യുന്നത്; എവിടെയാണ് ഇതിന്റെ ഇൻപുട്ട് ക്രെഡിറ്റ് എടുക്കുന്നത്; ഇത് എവിടെയാണ് അവസാനം നികുതിക്ക് വിധേയമാകുന്നത്? ഇതിലാകെ സിസ്റ്റമാറ്റിക്കായ പരിശോധന നടത്തിക്കൊണ്ട്..... ഒരു കാര്യവും ചെയ്യാതിരിക്കുകയാണ്, ഒന്നും ചെയ്യുന്നില്ലെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തിൽ മാത്രമേ നമുക്ക് അഭിപ്രായ വ്യത്യാസമുള്ളൂ. അങ്ങനെയല്ല; ഞങ്ങൾ കർശനമായി ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് ജനം അറിയണം, നമ്മൾ ടാക്സ് ടെറർ നടത്താൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ട് ആരും വന്നേക്കരുത്. കടയിൽ ആളെ നിർത്താൻ പോകുകയാണ്. വേറൊന്നും ചെയ്യേണ്ട, ബിൽ എഴുതുന്നുണ്ടോ ഇല്ലയോ എന്ന് നോക്കാം. നിങ്ങൾ പറഞ്ഞതുപോലെ നമുക്ക് അവരുടെ ഇലക്ട്രിസിറ്റി കൺസംപ്ഷൻ നോക്കാം; മെഷീൻ വാങ്ങിയ സ്ഥലം നോക്കാം; ഒരാൾ പത്ത് ദിവസം അവിടെ നിന്നുകഴിഞ്ഞാൽ ആ സാമ്പിൾ വച്ചുകൊണ്ട് നമുക്ക് അസസ്മെന്റിലേക്ക് പോകാൻ സാധിക്കുമല്ലോ. ഇങ്ങനെയുള്ള ചില കർശന നടപടികൾ സ്വീകരിക്കേണ്ട സ്ഥിതിവിശേഷത്തിലേയ്ക്ക് വന്നിരിക്കുകയാണ്. എത്ര ഭീമമായ നികുതി വെട്ടിപ്പാണ് ഇങ്ങനെയൊരു സംഘം മാന്യന്മാർ നടത്തുന്നതെന്ന് എല്ലാവരും അറിയുന്നത് നന്ന്. അതുകൊണ്ടാണ് ഞാൻ സ്വാഗതം ചെയ്തത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനം പറഞ്ഞ ഭാഗത്തിനോട് മാത്രമാണ് അങ്ങ് കണ്ടസ്റ്റ് ചെയ്യുന്നത്. വളരെ ദുർബലമായ വാദമാണ് അങ്ങയുടേത്. കസ്റ്റംസ് നിയമമനുസരിച്ച് കസ്റ്റംസ് മാത്രമേ പിടിക്കുന്നുള്ളൂ എന്നാണ് അങ്ങ് പറഞ്ഞത്. റവന്യൂ ഇന്റലിജൻസ് പിടിക്കുന്നത് ഏത് നിയമമനുസരിച്ചാണ്. സെൻട്രൽ ജി.എസ്.ടി. ഇന്റലിജൻസ് നികുതി അടയ്ക്കാതെ കോഴിക്കോട്ടുനിന്നും വിറ്റ 2000 കിലോ സ്വർണ്ണം പിടിച്ചത് ഏത് നിയമമനുസരിച്ചാണ്; ഈ ജി.എസ്.ടി. നിയമം. That is equivalently applicable to both the Governments. സെൻട്രൽ ജി.എസ്.ടി.-ക്കും സ്റ്റേറ്റ് ജി.എസ്.ടി.-ക്കും ഒരേപോലെ ആപ്ലിക്കബിളാണ് നിയമം. ഞാൻ സെക്ഷൻ 60 വായിച്ചല്ലോ. അതിൽ ഇൻസ്പെക്ഷൻ നടത്താനും സെർച്ച് നടത്താനും അറസ്റ്റ് ചെയ്യാനുമെല്ലാമുള്ള അധികാരങ്ങളുമുണ്ട്. അങ്ങ് വളരെ ദുർബലമായ വാദങ്ങൾ നിരത്തി ഇനി ടാക്സ് ടെറർ നടത്താൻ പോകുകയാണെന്ന് പറഞ്ഞു. എന്റെ ചോദ്യം, മൂന്ന് വർഷം എന്ത് ചെയ്യുകയായിരുന്നു. ഏത് പൊതുജനാഭിപ്രായം ചോദിച്ചാണ് സംസ്ഥാനത്തിന്

ചോരുന്ന ടാക്സ് പിരിക്കാതിരുന്നത്; മൂന്നുകൊല്ലമായി ചോർന്ന ടാക്സ് ആരടയ്ക്കും; ആരോടാണ് അഭിപ്രായം ചോദിക്കുന്നത്? എന്നാൽ സ്വർണ്ണ കച്ചവടക്കാരുടെ ടാക്സ് പിടിച്ചോട്ടേയെന്ന് കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി റഫറണ്ടം നടത്തു, ആരുടെ അനുവാദമാണ് ഈ ഗവൺമെന്റിന് വേണ്ടത്; കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് മാൻഡേറ്റ് നൽകിയിട്ടുണ്ട്. നികുതി പിരിക്കാനുള്ള അവകാശംകൂടി സ്റ്റേറ്റ് ഗവൺമെന്റിനുണ്ട്. അതിന്റെ പേരിൽ റഫറണ്ടമോ പൊതു അഭിപ്രായമോ ടാക്സ് ടെററോ ഒന്നും വേണ്ട. നിങ്ങൾക്കുള്ള അധികാരമുപയോഗിച്ച് എന്തുകൊണ്ട് നിങ്ങൾക്കിത് ചെയ്യാൻ കഴിയുന്നില്ല എന്നുപറഞ്ഞാൽ മതി.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ശ്രീ. വി. ഡി. സതീശൻ ആദ്യം പറഞ്ഞതൊക്കെ ലോജിക്കലാണ്. എന്നാൽ ഇപ്പോൾ പറഞ്ഞതൊക്കെ rhetoric ആണ്. Rhetoric-ഉം logical-ഉം ആയി ആർഗ്യുമെന്റ് ചെയ്യുന്നത് തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒന്ന്, കസ്റ്റംസാണോ കൂടുതൽ സ്വർണ്ണം പിടിച്ചത്; അത് കസ്റ്റംസ് നിയമപ്രകാരമാണ്. സെൻട്രൽ ജി.എസ്.ടി.ക്കാർ സ്വർണ്ണം പിടിച്ചതിനെക്കുറിച്ച് ഞാൻ ആദ്യം പറഞ്ഞു. അക്കാര്യം അങ്ങല്ല, ഞാനാണ് ആദ്യം പറഞ്ഞത്. അതുപോലെതന്നെ നമ്മുടെ ജി.എസ്.ടി വകുപ്പുമുണ്ട്. ജി.എസ്.ടി. നിയമ പ്രകാരമേ ജി.എസ്.ടി. വകുപ്പിന് പരിശോധന നടത്താൻ സാധിക്കുകയുള്ളൂ. ആ നിയമങ്ങൾ മാറ്റുന്നതിന് നമ്മൾ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിൽ തന്നെ ചില കർശന നടപടികളിലേയ്ക്ക് നമ്മൾ പോവുകയാണ്. അതിനുവേണ്ടി 75 കടകൾ പരിശോധിച്ച് അതിന്റെ കണക്കുകൾ ശേഖരിച്ച് സി-ഡാക് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഇതാണോ വെറുതെ ഇരിക്കൽ? ജി.എസ്.ടി. വകുപ്പിന്റെ മൊത്തം പ്രവർത്തനങ്ങളെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. ഏതായാലും പത്താം തീയതിയിലെ ഡിമാന്റ് ചർച്ചയിൽ അക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാം. അടിയന്തര പ്രമേയ വിഷയത്തിൽ നിന്നുമാറി പൊതു ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കാൻ ഞാൻ തയ്യാറാകുന്നില്ല. റഫറണ്ടം നടത്താനോ സമ്മതം വാങ്ങാനോ ഒന്നുമല്ല, പക്ഷെ, ഇങ്ങനെയൊരു ചർച്ച നടന്നത് നാട്ടുകാർ അറിയുമ്പോൾ ഇങ്ങനെയൊക്കെ നടപടിയെടുക്കണമായിരുന്നോ എന്നൊന്നും ആരും ചിന്തിച്ച് പ്രയാസപ്പെടേണ്ടിവരില്ല. അതിനാണ് എനിക്ക് നന്ദിയുള്ളത്. അതുകൊണ്ട് ഡിമാന്റ് ചർച്ച വരുമ്പോൾ ഇക്കാര്യങ്ങൾ ഇനിയും വിശദമായി ചർച്ച ചെയ്യാവുന്നതാണ്. ഇക്കാര്യം ഇപ്പോൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച വിവരങ്ങളൊക്കെ വളരെ ഞെട്ടിപ്പിക്കുന്നതു തന്നെയാണ്. കേരളം അധോലോകത്തിന്റെ കേന്ദ്രമായി മാറുന്നു എന്നുള്ളതിന്റെ ചില സൂചനകളാണ് അദ്ദേഹം ഇവിടെ വിവരിച്ചത്. ആയിരക്കണക്കിന് കോടി രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടും ധനകാര്യ വകുപ്പുമന്ത്രി അതിനെ വളരെ ലാഘവത്തോടുകൂടിയാണ് കണ്ടത്. മൂന്ന് വർഷം കൊണ്ട് ചെയ്യാൻ സാധിക്കാത്തത് ഇനി പത്താം തീയതി മുതൽ ചെയ്തു കളയുമെന്നുള്ള വീരവാദം എന്തായാലും ജനങ്ങൾക്കോ ഞങ്ങൾക്കോ ബോധ്യപ്പെടുന്ന കാര്യമല്ല. ധനകാര്യ വകുപ്പും ചരക്ക് സേവന നികുതി വകുപ്പും നിഷ്ക്രിയമായിരിക്കുന്നു. ടാക്സ് പിരിവ് നടക്കുന്നില്ലെന്ന ആരോപണം വളരെ വ്യക്തമായി എല്ലാ കേന്ദ്രങ്ങളിൽ നിന്നും നേരത്തെയും ഉയർന്നുവന്നതാണ്. നികുതി പിരിക്കാൻ ബാധ്യസ്ഥമായ ഗവൺമെന്റ് നികുതി പിരിക്കുന്നില്ല. അതേസമയം ധൂർത്തും അനാവശ്യ ചെലവുകളും വർദ്ധിച്ചുവരുന്നു. കേരളത്തെ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയാണ്. ഈ വാദങ്ങളാണ് കേരളത്തിൽ സജീവമായി നിലനിൽക്കുന്നത്. സ്വർണ്ണവേട്ട നടത്തി നികുതി ചോർച്ച തടയാൻ ഏത് നിയമമാണ് നിങ്ങൾക്ക് തടസ്സം? ഇവിടെ ശ്രീ. വി. ഡി. സതീശൻ വിശദമായി ചൂണ്ടിക്കാണിച്ചതുകൊണ്ട് അക്കാര്യങ്ങൾ ഞാൻ പറയുന്നില്ല. ടാക്സ് ഇന്റലിജൻസ് വിഭാഗം കേരളത്തിൽ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ഈ കള്ളക്കച്ചവടത്തിന് അവർ കൂട്ടുനിൽക്കുകയാണോ എന്നുപോലും സംശയിക്കേണ്ട നിലയിലേയ്ക്കാണ് കാര്യങ്ങൾ വരുന്നത്. സ്വർണ്ണത്തിന്റെ വിൽപ്പന നികുതിയിൽ അമ്പരിപ്പിക്കുന്ന കുറവുണ്ടായിട്ടുണ്ട്. ഈ സഭയിലെ അംഗം തൃക്കരിപ്പൂർ എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ ചോദിച്ച ചോദ്യം ഇതായിരുന്നു, ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സ്വർണ്ണ വ്യാപാരികളിൽനിന്നും ശേഖരിച്ചുവരുന്ന നികുതിയിൽ എത്ര കോടിരൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? 2016-17-ൽ 629.65 കോടി രൂപ; 2018-19-ൽ 387.29 ആയി കുറഞ്ഞിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി. ഇത്രയും ഭീമമായ കുറവാണ് ഉണ്ടായിരിക്കുന്നതെന്ന് ഈ സഭയിൽത്തന്നെ തൃക്കരിപ്പൂർ അംഗം ശ്രീ. എം. രാജഗോപാലന്റെ ചോദ്യത്തിന് മന്ത്രി നൽകിയ മറുപടിയാണ്. 2016-17-ൽ സ്വർണ്ണ വ്യാപാരത്തിൽ വാറ്റ് നികുതി അനുസരിച്ച് ലഭിച്ച നികുതി വരുമാനം 629.65 കോടി രൂപയായിരുന്നത് ജി.എസ്.ടി. നടപ്പാക്കിയതോടുകൂടി പകുതിയായി കുറഞ്ഞ് 387.29 കോടി രൂപയായി. ഗണ്യമായ കുറവാണ് ഈ രംഗത്തുണ്ടായിരിക്കുന്നത്. ജി.എസ്.ടി. വരുന്നതിനുമുമ്പ് കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ സ്വർണ്ണത്തിന് നികുതി 1.25

ശതമാനമായിരുന്നു. എന്നാൽ ജി.എസ്.ടി. വന്നതോടുകൂടി അത് 3 ശതമാനമായി വർദ്ധിച്ചു. നികുതി വർദ്ധിച്ചിട്ടും വരുമാനം കുറയുന്നു; ഇതാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ അദ്ദേഹത്തിന് വ്യക്തത വരുത്താൻ സാധിച്ചില്ല. സ്വർണ്ണവിലയുടെ വർദ്ധനവ് നോക്കുമ്പോൾ നികുതി വരുമാനം വൻതോതിൽ വർദ്ധിക്കേണ്ടതായിരുന്നു. അത് ചോർന്നുപോയി. സ്വർണ്ണത്തിന്റെ കാര്യത്തിൽ കാര്യമായ പ്രയോജനമില്ലാത്ത ഇ-വേ ബില്ലിനെ കാത്തിരിക്കുകയാണ്. കേരളാ മണി ലെന്റിംഗ് ആക്ടനുസരിച്ച് നടപടികൾ സ്വീകരിക്കാമെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. എൻ.ബി.എഫ്.സി.-കൾ വാങ്ങിക്കൂട്ടുന്ന സ്വർണ്ണത്തെ സംബന്ധിച്ച് ധാരാളം പരാതികളുണ്ട്. അതു സംബന്ധിച്ച പരിശോധനകളുണ്ടാകുന്നില്ല. കേരളത്തിൽ വൻതോതിൽ സ്വർണ്ണ കള്ളക്കടത്തുണ്ടാകുകയാണ്. വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും കസ്റ്റംസ് സ്വർണ്ണം പിടിക്കുന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഒരു ചെറിയ ശതമാനം സ്വർണ്ണം മാത്രമാണ് പിടിക്കുന്നത്. ഇന്ന് കേരളത്തിലേയ്ക്ക് യഥേഷ്ടം വ്യാജ സ്വർണ്ണം ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഔദ്യോഗിക കണക്കനുസരിച്ച് 40,000 കോടി രൂപയുടെ സ്വർണ്ണ വ്യാപാരമാണ് കേരളത്തിൽ നടക്കുന്നത്. അനധികൃത മേഖലയിൽ 2 ലക്ഷം കോടി രൂപയുടെ സ്വർണ്ണ വ്യാപാരം നടക്കുന്നുണ്ടെന്നാണ് സ്വർണ്ണ വ്യാപാര സംഘടനയുടെ കൂട്ടായ്മയായ കേരള ജൂവലേഴ്സ് അസോസിയേഷൻ കോ-ഓർഡിനേഷൻ കമ്മിറ്റി പറയുന്നത്. അതിനെക്കൂടി നികുതി നെറ്റ്‌വർക്കിലേയ്ക്ക് കൊണ്ടുവന്നാൽ കുറഞ്ഞത് 6,000 കോടി രൂപയുടെ നികുതി വരുമാനം കേരളത്തിന് ലഭിക്കേണ്ട സ്ഥലത്താണ് 387 കോടി രൂപ ലഭിക്കുന്നത് എന്നുള്ളതാണ് വസ്തുത. ആരാണ് ഇതിന് തടസ്സം; നികുതി പിരിക്കുന്ന കാര്യത്തിൽ അലംഭാവം കാട്ടുന്ന ഡിപ്പാർട്ടുമെന്റിനെ ഗവൺമെന്റ് ന്യായീകരിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നു. നാലുമാസമായി ട്രഷറി പൂട്ടിക്കിടക്കുന്നു. ജി.എസ്.ടി.-യിൽനിന്ന് കിട്ടുന്ന 14 ശതമാനത്തെ മാത്രം ആശ്രയിച്ചിരിക്കുക എന്നുള്ളതാണോ അഭികാമ്യം? ഇപ്പോൾ കൊറോണ വൈറസ് വന്നതോടുകൂടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി രക്ഷപ്പെട്ടിരിക്കുകയാണ്. അദ്ദേഹം പറയുന്നത് കൊറോണ വൈറസ് വന്നതോടുകൂടി സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമെന്നാണ്. ഓരോ കാരണങ്ങൾ അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരിക്കുകയാണ്. കൊറോണ വൈറസ് വന്നതോടുകൂടി സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ പോകുകയാണെന്ന ഇന്നലത്തെ അങ്ങയുടെ സ്റ്റേറ്റ്മെന്റ് പത്രത്തിൽ വായിച്ചു. Mr. Finance Minister, you have to do your duty perfectly, അങ്ങ് അങ്ങയുടെ ജോലി ചെയ്യണം. ധൂർത്ത് ഒഴിവാക്കാൻ

നടപടിയുണ്ടോ; അക്കാര്യങ്ങളൊക്കെ അങ്ങയുടെ ഡിമാന്റ് വരുമ്പോൾ ചർച്ച ചെയ്യാം. ഇപ്പോൾ വിശദമായി പറയുന്നില്ല. ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാര്യമെന്താണ്; നികുതി വെട്ടിപ്പ് തടയാനുള്ള നടപടി എന്തുകൊണ്ട് സ്വീകരിക്കുന്നില്ല? നിങ്ങൾക്കധികാരമുണ്ട്, നിയമമനുസരിച്ച് നിങ്ങളത് പിരിക്കണം, ഇവിടെ ടാക്സ് പിരിക്കുന്നില്ല, റവന്യൂ വരുമാനത്തിൽ വലിയ നഷ്ടമുണ്ടാകുന്നു. ഇത് എന്തുകൊണ്ട് ഗവൺമെന്റ് ഗൗരവമായി കാണുന്നില്ല; അങ്ങ് ഇതെല്ലാം ജി.എസ്.ടി. കൗൺസിലിന്റെ തലയിൽ വച്ച് രക്ഷപ്പെടാതെ...... ജി.എസ്.ടി. വന്നതിനുശേഷം ടാക്സസ് ഡിപ്പാർട്ടുമെന്റിൽ എന്ത് പരിഷ്കരണമാണ് വരുത്തിയത്; എല്ലാ സംസ്ഥാനങ്ങളും പരിഷ്കരണങ്ങൾ വരുത്തിയിട്ടുണ്ട്. അങ്ങിവിടെ എന്ത് പരിഷ്കാരങ്ങൾ വരുത്തിയെന്ന് വിശദീകരിച്ചില്ല. പരമാവധി ടാക്സ് ടാപ്പ് ചെയ്ത് സംസ്ഥാന ഖജനാവിലേയ്ക്ക് വരുമാന വർദ്ധനവിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നുവെന്നുള്ളതാണ് ഇവിടത്തെ വിഷയം. അധോലോകം വളർന്നുവരുന്നു. സ്വർണ്ണ കച്ചവടത്തിന്റെ പേരിൽ വലിയ തോതിലുള്ള ഭീകര പ്രവർത്തനങ്ങൾ നടക്കുന്നു. അതിനെയെല്ലാം അവസാനിപ്പിക്കാനുള്ള നടപടികളാണുണ്ടാകേണ്ടത്. അക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ ഔപചാരികമായിട്ടുള്ള ടാക്സ്, ജി.എസ്.ടി. വന്നതിനുശേഷം സാധ്യമാകാതിരിക്കുന്നതിന്റെ കാരണങ്ങൾ പലതാണ്. കള്ളക്കടത്ത് നടക്കുന്നു, ബിൽ കൊടുക്കുന്ന കാര്യത്തിൽ വിൽപ്പന നടത്തുന്നവർക്കും ഉപഭോക്താവിനും വലിയ താൽപ്പര്യമില്ല, old gold transaction തുടങ്ങിയ പല കാരണങ്ങളാലാണ് ജി.എസ്.ടി. അനുസരിച്ച് കൃത്യമായ വരുമാനം ലഭിക്കാത്തത്; കുറയാനുള്ള കാരണം അതാണെന്ന് പറയുകയുണ്ടായി. ചോദ്യോത്തരവേളയിൽ ശ്രീ. എം. രാജഗോപാലന്റെ ചോദ്യത്തിന് അങ്ങ് നൽകിയ മറുപടി സംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. 2014-15-ൽ വാറ്റ് നികുതി അനുസരിച്ച് 456.76 കോടി രൂപയും 2016-17-ൽ 629.65 കോടി രൂപയായി വരുമാനം വർദ്ധിച്ചു. എന്നാൽ ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം, സംസ്ഥാന ജി.എസ്.ടി.യും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഉൾപ്പെടെ 2018-19-ൽ സംസ്ഥാനത്തിന് 387.29 കോടി രൂപയുടെ വരുമാനമാണ് ലഭിച്ചത്. നികുതി വരുമാനം കുറഞ്ഞ് വരുന്നതായാണ് കാണിക്കുന്നത്. അങ്ങ് ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുകയും ചെയ്തു. ഇപ്പോഴും ഇതു

സംബന്ധിച്ചിട്ടുള്ള ചോദ്യത്തിന് മറുപടി നൽകാൻ ധനകാര്യ വകുപ്പിന് സാധിക്കുന്നില്ല. ഇന്നലത്തെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിലൊന്ന്, സംസ്ഥാനത്തെ പല ജ്വവലറികളും സ്വർണ്ണാഭരണങ്ങൾ ബില്ലുകൾ നൽകാതെ കച്ചവടം നടത്തുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വർണ്ണക്കടയിൽ ബില്ലുകൾ നൽകിയും നിയമവിധേയമായുമാണ് കച്ചവടം നടത്തുന്നതെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ: എന്ന ചോദ്യത്തിന് മറുപടി കൊടുക്കാൻ ഇപ്പോഴും ധനകാര്യ വകുപ്പിന് സാധിച്ചിട്ടില്ല. അതുപോലെ നികുതി വെട്ടിപ്പിലൂടെ സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടമാണ് ഇതിനകം സംഭവിച്ചിട്ടുള്ളത്; നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; റെയിൽ വഴിയുള്ള തട്ടിപ്പ് തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഓൺലൈൻ വിൽപ്പനയിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ തുടങ്ങി ശ്രീ. വി. ഡി. സതീശന്റെ ചോദ്യങ്ങൾക്കും മറുപടിയില്ല. ഇപ്പോഴും വകുപ്പിനോട് ചോദ്യം ചോദിച്ചാൽ മറുപടി പറയാൻ പറ്റുന്ന ഒരു കാര്യവും അവരുടെ വിരൽ തുമ്പിൽ ഇല്ലെന്ന് പറഞ്ഞാൽ, കേരളത്തിലെ ജി.എസ്.ടി. ഉദ്യോഗസ്ഥർ വളരെ ലാഘവത്തോടെ പ്രവർത്തിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അങ്ങയുടെ നേതൃത്വത്തിലാണ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കമ്മിറ്റിയിൽ ബീഹാർ ഉപമുഖ്യമന്ത്രി സുശീൽ കുമാർ മോദി അടക്കമുള്ളവർ അംഗങ്ങളാണ്. ഗുജറാത്ത് സംസ്ഥാനത്തിനുവേണ്ടി വീണ്ടും തട്ടിക്കൊണ്ടു പോവുകയാണ്. നഷ്ടം സംഭവിക്കാൻ പോകുന്നത് കേരളത്തിനാണ്. അങ്ങ് ഇ-വേ ബില്ലും ഇ-ഇൻവോയ്സും എത്രയും പെട്ടെന്ന് നടപ്പിലാക്കി കൃത്യമായി നികുതി ലഭിക്കുന്നതിനുവേണ്ടിയുള്ള കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതുണ്ട്. അതിനുപുറമേ ഇവിടെയുള്ള ഉദ്യോഗസ്ഥർക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാകാത്തതിന് പിന്നിലെ ഗൂഢ ഉദ്ദേശ്യം വ്യക്തമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് കള്ളക്കടത്ത് വലിയ മാഫിയ സംഘമാണ്. ആളുകളുടെ ജീവനുപോലും ഹാനിയുണ്ടാകുന്ന രീതിയിലുള്ള പ്രവർത്തനമാണ് സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ടു നടക്കുന്നത്. ഇത് തടയുന്നതിന് കസ്റ്റംസ് ഉദ്യോഗസ്ഥർ മാത്രമല്ല ജി.എസ്.ടി. ഉദ്യോഗസ്ഥരും ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ നമുക്ക് തടയാൻ സാധിക്കും. ഇത് ദീർഘമായ ചർച്ച ആവശ്യമുള്ള വിഷയമായിരുന്നു. ആ വിഷയത്തിന്മേൽ ചർച്ച നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, കള്ളക്കടത്തിന്റെ ലോകത്ത് ഒരു സമാന്തര ഇക്കോണമി ഇവിടെ പ്രവർത്തിക്കുകയാണ്. അതിൽ കൈ വയ്ക്കുവാൻ ആരൊക്കെയോ ഭയപ്പെടുന്നു. നിലവിലുള്ള അധികാരം ശരിയായ വിധം വിനിയോഗിച്ചാൽ കടന്നുകയറാൻ കഴിയും. അതിന് തയ്യാറാകാത്തതിലും ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇ-വേ ബിൽ നടപടികളിലേയ്ക്ക് കടന്നാൽ ഇത്തരത്തിലുള്ള കാര്യങ്ങൾ നേരിടാൻ കഴിയുമെന്നാണ് അങ്ങ് നൽകിയ മറുപടി. 2019 ജൂൺ മാസത്തിൽ നിയമസഭയിൽ വിവിധ അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഇതേ മറുപടിയാണ് നൽകിയിരിക്കുന്നത്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള വിഷയങ്ങളാണ്. ശ്രീ. വി. ഡി. സതീശൻ വളരെ പ്രസക്തമായ കാര്യങ്ങളാണ് ചോദിച്ചത്. ഗവൺമെന്റിന്റെ ഇക്കഴിഞ്ഞ കാലങ്ങളിലുള്ള നടപടികൾ എത്രമാത്രം; അതിന്റെ പരിശോധനകൾ എത്രമാത്രം; അതൊന്നും തൃപ്തികരമായ നിലയിൽ മുമ്പോട്ട് കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ജി.എസ്.ടി. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വലിയ രീതിയിലുള്ള അലംഭാവം ഉണ്ടായിട്ടുണ്ട്. കേരളത്തിൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ കുറച്ചുമുമ്പ് സംസാരിച്ച ജലസേചന, പട്ടികജാതി വകുപ്പ് മന്ത്രിമാരൊക്കെ വലിയ രീതിയിലുള്ള വരുമാന പ്രതിസന്ധി സംസ്ഥാനത്തിനുണ്ടെന്ന് പറഞ്ഞു. നികുതിചോർച്ച വലിയ തോതിലുണ്ടാകുന്നുവെന്നത് ഇതിന്റെ ആക്കം വർദ്ധിപ്പിക്കുകയാണ്. നികുതി പിരിച്ചെടുക്കാൻ കഴിയുന്ന കാര്യങ്ങളിൽപ്പോലും ഇടപെടാൻ സാധിക്കുന്നില്ലെന്നുള്ളത് സർക്കാരിന്റെ വീഴ്ചയാണ് കാണിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

# III ശ്രദ്ധ ക്ഷണിക്കൽ

## (1) പ്രളയ ദുരിതാശ്വാസം

ശ്രീ. ജെയിംസ് മാത്യു: സർ, തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷവും നമ്മുടെ സംസ്ഥാനം വലിയ പ്രളയ ദുരന്തത്തെയാണ് അഭിമുഖീകരിച്ചത്. ഒരു നൂറ്റാണ്ട് കാലത്തിനിടെ ഉണ്ടായിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ നാശനഷ്ടങ്ങളാണ് പ്രളയവും പ്രകൃതിക്ഷോഭവുംമൂലം സംസ്ഥാനത്തിന് നേരിടേണ്ടിവന്നിട്ടുള്ളത്. അതിനെ അതിജീവിക്കാൻ കേരള ജനത ഒറ്റക്കെട്ടായി രംഗത്തിറങ്ങി. ലോകമെമ്പാടുമുള്ള മലയാളികൾ നമുക്കൊപ്പം ചേർന്നു. മനഃസാക്ഷിയുള്ളവർ, ഭാഷ, ദേശം ഒന്നും കണക്കിലെടുക്കാതെ ലോകമെമ്പാടുമുള്ള നല്ല മനുഷ്യർ നമ്മെ സഹായിക്കാൻ മുന്നോട്ട് വന്നു. പ്രളയത്തിൽ 15,632 വീടുകളും കഴിഞ്ഞ വർഷത്തെ പേമാരിയിലും പ്രകൃതിക്ഷോഭത്തിലും ഉരുൾപൊട്ടലിലും 20,000 വീടുകളുമാണ് തകർന്നത്. 35,632 വീടുകൾ പൂർണ്ണമായും 4,83,433 വീടുകൾ ഭാഗികമായും തകർന്നു. പ്രളയകാലത്ത് 2,36,645 ഹെക്ടർ കൃഷിയും കഴിഞ്ഞ പ്രകൃതിക്ഷോഭ കാലത്ത് ഏതാണ്ട് 39,153 ഹെക്ടർ കൃഷിയും നശിച്ചു. ഇതിനുപുറമേ രണ്ടായിരത്തിലധികം കി.മീ. റോഡുകളും നഷ്ടപ്പെട്ടു. പശു, ആട്, കോഴി, വളർത്തു മൃഗങ്ങൾ ഉൾപ്പെടെ ആ ഇനത്തിലും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടം നമുക്കുണ്ടായി. വൈദ്യുതി, കുടിവെള്ളം എന്നീ മേഖലകളിൽ നികത്താനാകാത്ത നഷ്ടമാണ് സംസ്ഥാനത്തിനുണ്ടായത്. എന്നാൽ ഈ നഷ്ടം കണക്കാക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡം ഒരുതരത്തിലും യഥാർത്ഥ നഷ്ടം കണക്കാക്കുന്ന വിധത്തിലുള്ളതല്ല. 2018-ലെ പ്രളയകാലത്ത് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡം അനുസരിച്ച് കണക്കാക്കിയിട്ടുപോലും 5600 കോടിയിലേറെ രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന് അതിന്റെ പകുതി തുക പോലും ലഭിച്ചിട്ടില്ല. തൊട്ടടുത്ത വർഷം വീണ്ടും ഈ ദുരന്തം ആവർത്തിച്ചപ്പോൾ യഥാർത്ഥ നാശനഷ്ടം കണക്കാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല. അവരുടെ മാനദണ്ഡം അനുസരിച്ച് കണക്കുകൂട്ടിയിട്ടുപോലും ഏകദേശം 8000 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ 32,000 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കപ്പെടുന്ന സ്ഥലത്താണ് 8000 കോടി രൂപയുടെ നാശനഷ്ടം കേന്ദ്ര സർക്കാരിന്റെ മാനദണ്ഡം അനുസരിച്ച് കണക്കാക്കപ്പെടുന്നത്. മാനദണ്ഡത്തിൽ മാറ്റം വരേണ്ടതുണ്ട്. ഒരു വീട് പൂർണ്ണമായും നശിച്ചുപോയാൽ 95,000 രൂപയും പട്ടണ പ്രദേശത്ത് 1,07,000 രൂപയുമാണ് നഷ്ടപരിഹാരമായി കൊടുക്കുന്നത്. ഇത്തരത്തിൽ നഷ്ടപ്പെട്ടുപോയ 35,000 വീടുകളുടെ നാശനഷ്ടം കണക്കാക്കുന്നത് ഈ തുക വച്ചാണ്. അതിന് യഥാർത്ഥ നഷ്ടവുമായി എന്ത് താരതമ്യമാണുള്ളത്. ഇങ്ങനെ കണക്കാക്കിയ തുക പോലും തരാതിരിക്കുകയാണ് ചെയ്യുന്നത്. എന്നിട്ട് തന്ന തുകയുടെ സ്ഥിതി എന്താണ്? ഈ തുക വിനിയോഗിക്കാനുള്ള മാനദണ്ഡങ്ങൾ ഒരു തരത്തിലും ചെലവഴിക്കാൻ കഴിയുന്ന വിധത്തിലുള്ളതല്ല. ഒരു കി.മീറ്റർ റോഡ് നന്നാക്കുന്നതിനുവേണ്ടി

അനുവദനീയമായ തുക 60,000 രൂപയാണ്. ഈ സംസ്ഥാനത്ത് പ്രളയത്തിലോ വെള്ളപ്പൊക്കത്തിലോ നശിച്ചുപോയ ഒരു കി.മീറ്റർ റോഡ് പുനരുദ്ധരിക്കുവാൻ 60,000 രൂപ കൊണ്ട് സാധിക്കില്ലെന്നുള്ളത് സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാകുന്ന കാര്യമാണ്; തുക വിനിയോഗിക്കുവാൻ കഴിയുന്നില്ല. പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ തുടങ്ങിയവ നശിച്ചു. ആദ്യ വർഷത്തെ തുക വിനിയോഗിച്ചില്ലെന്ന് പറഞ്ഞാണ് രണ്ടാമത്തെ വർഷത്തെ തുക തരാതിരിക്കുന്നത്. പ്രതിപക്ഷത്തെ ചില അംഗങ്ങൾ പറയുന്നത് നിങ്ങളുടെ കെടുകാര്യസ്ഥത ആണെന്നാണ്. ഒരു തുക ലഭിച്ചാൽ അത് വിനിയോഗിക്കുന്നതിനു വേണ്ടിവരുന്ന കാലദൈർഘ്യം ആർക്കാണ് അറിയാത്തത്? അതിനാവശ്യമായ എസ്റ്റിമേറ്റ് ഉണ്ടാക്കി, വർക്ക് ടെണ്ടർ ചെയ്ത്, എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്ത് വർക്ക് പൂർത്തിയാക്കിയാലല്ലേ ഈ പണം ചെലവഴിക്കുവാൻ സാധിക്കു. വലിയ തരത്തിലുള്ള പ്രശ്നങ്ങളാണ് ഇവിടെയുള്ളത്. ഇതിനു പുറമേയാണ് നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്ന അങ്ങേയറ്റം ഗുരുതരമായ വിവേചനം. മറ്റ് സംസ്ഥാനങ്ങൾക്കെല്ലാം പ്രളയക്കെടുതിയുടെ ഭാഗമായി ആറായിരം കോടി രൂപ കൊടുത്തപ്പോൾ ഒരു രൂപപോലും കേരള സംസ്ഥാനത്തിന് ലഭിച്ചില്ല. വിവേചനം അവസാനിപ്പിക്കുക; നഷ്ടപരിഹാര തുക കണക്കാക്കുന്ന മാനദണ്ഡത്തിൽ മാറ്റം വരുത്തുക; തരുന്ന തുക വിനിയോഗിക്കുന്നതിലുള്ള മാർഗ്ഗ നിർദ്ദേശത്തിൽ മാറ്റം വരുത്തുക തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തുന്നില്ലെങ്കിൽ ഒരു സംസ്ഥാനത്തെ ജനങ്ങളുടെ ഫെഡറൽ ബോധത്തെയും ദേശീയ ബോധത്തെയും ബാധിക്കുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നതിന് ഇടയാകും. ഗവൺമെന്റ് അനിതര സാധാരണമായ മികവോടുകൂടി പ്രളയത്തെയും പ്രകൃതിക്ഷോഭത്തെയും അതിജീവിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ അതിജീവിക്കുന്നതിനുകൂടി അത്തരമൊരു നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതിനുവേണ്ടിയാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗത്തിന്റെ വികാരം ഈ സഭയുടെയും നമ്മുടെ നാടിന്റെയും പൊതുവായ വികാരമാണ്. അതാണിവിടെ അദ്ദേഹം പ്രതിഫലിപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ നേരത്തെ വ്യക്തമാക്കിയതുകൊണ്ട് വിശദമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. 2018 മെയ് മുതൽ ആഗസ്റ്റ് വരെ നീണ്ടുനിന്ന കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഈ മെമ്മോറാണ്ടം പരിഗണിച്ച് കേന്ദ്ര സർക്കാർ അധിക സഹായമായി 2904.85 കോടി രൂപ മാത്രമാണ് കേന്ദ്ര ദുരന്തപ്രതികരണ നിധിയിൽനിന്ന് അനുവദിച്ചത്.

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ ദുരന്ത പ്രതികരണനിധി വിഹിതത്തിന്റെ ആദ്യഗഡു 5227.5 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളൂ. 2019-ലെ പ്രളയം കാരണമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്താനായി ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഏഴംഗ സംഘം കേരളം സന്ദർശിക്കുകയും സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കേന്ദ്ര മാനദണ്ഡപ്രകാരം തയ്യാറാക്കിയ 2101.88 കോടി രൂപയുടെ നാശനഷ്ടം സംബന്ധിച്ച മെമ്മോറാണ്ടം കേന്ദ്ര സംഘത്തിന് യഥാസമയം സമർപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം അടുത്തടുത്ത വർഷങ്ങളിൽ അതിതീവ്ര മഴമൂലമുണ്ടായ ദുരന്തം 68 വർഷത്തിനിടയിൽ ആദ്യമായാണ് കേരളം നേരിടുന്നത്. അതിനാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 2101.88 കോടി രൂപയുടെ അധികസഹായം ആവശ്യപ്പെട്ട് മെമ്മോറാണ്ടവും സമർപ്പിച്ചിരുന്നു. 2019-20-ലെ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടം പരിഗണിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ Calamity wise Expenditure സമർപ്പിക്കാൻ കേന്ദ്ര സർക്കാരിൽനിന്നും 16-2-2020-ന് കത്തുപ്രകാരം ആവശ്യപ്പെടുകയും ആയത് കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുമുണ്ട്. ദേശീയ ദുരന്തപ്രതികരണ നിധിയിൽനിന്നും ഇതുവരെയും അടിയന്തര ധനസഹായം അനുവദിച്ചിട്ടില്ല. ഇതാണ് ഇപ്പോഴുള്ള സ്ഥിതി.

ശ്രീ. ജെയിംസ് മാത്യു: സർ, റോഡ് മെയിന്റനൻസിനുവേണ്ടിയുള്ള തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് ഓർഡിനറി റിപ്പെയർ, പീരിയോഡിക്കൽ റിപ്പെയർ എന്നിവയ്ക്ക് സംസ്ഥാനത്തിന് നോട്ടിഫൈഡ് റേറ്റില്ലെങ്കിൽ 0.6 ലക്ഷം/കി.മീ. റൂറൽ റോഡുകൾക്കും 1 ലക്ഷം/കി.മീ. അർബൻ റോഡുകൾക്കും എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നോംസിൽ സൂചിപ്പിക്കുന്നത്. അപ്പോൾ സംസ്ഥാനത്തെ ഓർഡിനറി/പീരിയോഡിക്കൽ റോഡ് മെയിന്റനൻസിന് നോട്ടിഫൈഡ് റേറ്റില്ലെന്നാണ് മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് വച്ചോ, കാലാകാലങ്ങളായുള്ള സംസ്ഥാന സർക്കാരിന്റെ പി.ഡബ്ല്യൂ.ഡി. റേറ്റ് വച്ചോ, എൽ.എസ്.ജി.ഡി. റേറ്റ് വച്ചോ ഓർഡിനറി റിപ്പെയർ റേറ്റും പീരിയോഡിക്കൽ റിപ്പെയർ റേറ്റും നോട്ടിഫൈ ചെയ്താൽ 0.6 ലക്ഷം/കി.മീ., 1 ലക്ഷം/കി.മീ. എന്നുള്ളത് നോട്ടിഫൈ ചെയ്യുന്ന റേറ്റിലേയ്ക്ക് ഉയർത്തിക്കൊടുക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കുന്നത്. അതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അങ്ങനെ നോട്ടിഫൈഡ് റേറ്റിന്റെ സാദ്ധ്യതയുണ്ടെങ്കിൽ അക്കാര്യം ഗൗരവമായി പരിഗണിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## (2) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ല. മിക്കവാറും സർക്കാർ വകുപ്പുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ എണ്ണം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിലും വളരെ താഴെയാണ്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം നടത്തുന്നതിനും ബാക്ക്‌ലോഗ് നികത്തുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. അത് ഇടയ്ക്ക് ചേരാറുമുണ്ട്. അതത് വകുപ്പുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ള നിയമന നടപടികളുടെ പുരോഗതി റിവ്യൂ മീറ്റിംഗിൽ വിലയിരുത്താറുണ്ട്. റിവ്യൂ മീറ്റിംഗ് തീരുമാനമനുസരിച്ച് ബാക്ക്‌ലോഗുള്ള സർക്കാർ വകുപ്പുകളിൽ ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തസ്തികകൾ റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. എന്നാൽ ടി വകുപ്പുകളിൽ വേക്കൻസിയില്ലെന്ന കാരണം പറഞ്ഞ് ഈ വിഭാഗക്കാർക്ക് നിയമനം നൽകുന്നത് പരമാവധി വൈകിപ്പിക്കാനാണ് അധികാരികൾ ശ്രമിക്കുന്നത്. 1978-ലെ ധനകാര്യ വകുപ്പിലെ സർക്കാർ ഉത്തരവ് നമ്പർ 594 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് റെഗുലർ വേക്കൻസിയില്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാമെന്നും അതിനായി ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമില്ലെന്നും പറഞ്ഞിട്ടുണ്ട്. വാർഷിക അവലോകനമനുസരിച്ച് വിവിധ വകുപ്പുകളിൽ ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകളിൽ പട്ടികജാതി വിഭാഗങ്ങൾക്കായി 888 തസ്തികകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 1079 തസ്തികകളും റിസർവ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം തസ്തികകളും ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ സ്വപ്നവും പ്രതീക്ഷയുമാണ് സർക്കാർ ജോലി. എന്നാൽ കാലാകാലങ്ങളിൽ പി.എസ്.സി.-ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യാതെ ഈ വിഭാഗങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി ബാക്ക്‌ലോഗ് നികത്താനുള്ള റിവ്യൂ കമ്മിറ്റിയുടെ തീരുമാനം അട്ടിമറിക്കാനാണ് ഒരു വിഭാഗം ഉദ്യോഗസ്ഥർ ശ്രമിക്കുന്നത്. സർക്കാർ വകുപ്പുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യമുണ്ടാകണം. അവർക്കുവേണ്ടി റിസർവ് ചെയ്തിട്ടുള്ള തസ്തികകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകണം. തസ്തികകളില്ലെങ്കിൽ

സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ നിർദ്ദേശം അട്ടിമറിക്കാൻ ശ്രമിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ കർശന നടപടിയെടുക്കണം. വകുപ്പ് മേധാവികൾ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെങ്കിൽ മാത്രമെ പി.എസ്.സി.-ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ കഴിയുകയുള്ളൂ. ചില തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടും പി.എസ്.സി. പരീക്ഷ നടത്തിയിട്ടില്ല. ഈ തസ്തികകളുടെ പരീക്ഷ അടിയന്തരമായി നടത്താൻ പി.എസ്.സി.-ക്ക് നിർദ്ദേശം കൊടുക്കണം. ഓരോ വകുപ്പിന്റെയും കാര്യങ്ങൾ പ്രത്യേകമായി ഞാൻ പറയുന്നില്ല. പൊതുഭരണ വകുപ്പിന്റെ 20-7-2018-ലെ 157/18-ാം നമ്പർ ഉത്തരവുപ്രകാരം ആരോഗ്യ വകുപ്പിൽ പട്ടികജാതിക്കാർക്ക് 139 തസ്തികകളും പട്ടികവർഗ്ഗക്കാർക്ക് 252 തസ്തികകളും റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ നിയമന നടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, പൊതുഭരണ വകുപ്പിന്റെ 25-4-2017-ലെ 152/2017-ാം നമ്പർ ഉത്തരവുപ്രകാരം പോലീസ് വകുപ്പിൽ പട്ടികവർഗ്ഗക്കാർക്ക് 407 തസ്തികകളും പട്ടികജാതിക്കാർക്ക് 132 തസ്തികകളും റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ ഇതേ വിഭാഗങ്ങൾക്ക് 152 തസ്തികകൾ റിസർവ് ചെയ്തിട്ടുണ്ട്. സമയക്കുറവുകൊണ്ട് എല്ലാം ഞാൻ വായിക്കുന്നില്ല. ആകെ 59 വകുപ്പുകളിലായി 1500-ൽപ്പരം ഗസറ്റഡ്/നോൺ ഗസറ്റഡ് തസ്തികകൾ നികത്താൻ ബാക്കിയുണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും എന്നാൽ നാളിതുവരെ നികത്താത്തതുമായ മേൽപ്പറഞ്ഞ തസ്തികകൾ കൂടാതെ ഇനിയുമുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള സമീപനം മാറണം. സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി അവർ നേരിട്ട് ഉയർന്ന തസ്തികകളിൽ വന്നാൽ മറ്റുള്ളവരുടെ പ്രൊമോഷൻ നഷ്ടപ്പെടുമെന്നതിനാലാണ് തസ്തിക സൃഷ്ടിക്കാതെയും പി.എസ്.സി.-ക്ക് യഥാസമയം വേക്കൻസി റിപ്പോർട്ട് ചെയ്യാതെയും നിയമനം നടത്താൻ കാലതാമസം വരുത്തുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കാലാകാലങ്ങളായി അധികാരത്തിൽ വരുന്ന സർക്കാരുകൾ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ വളരെ പ്രധാനപ്പെട്ട കാര്യമായ സർക്കാർ വകുപ്പുകളിലെ ഈ പ്രാതിനിധ്യം പരിശോധിച്ച് ബാക്ക്‌ലോഗ് നികത്താൻ കഴിയുന്നില്ല. നിരവധി വകുപ്പുകളിൽ തസ്തികകൾ ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നു. ഈ ദുരവസ്ഥ മാറേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ റിവ്യൂ കമ്മിറ്റി അവലോകനം നടത്തിയിട്ട് കാര്യമില്ല. ഉദ്യോഗസ്ഥർ അവിടെ വന്ന് എന്തെങ്കിലും കണക്കുപറഞ്ഞിട്ട് പോകുകയാണ് ചെയ്യുന്നത്. യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണം. സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പി.എസ്.സി. പരീക്ഷകൾ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച്

നിയമനം നടത്തണം. വിവിധ സർക്കാർ വകുപ്പുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കണ്ടെത്തി റിസർവ് ചെയ്തിട്ടുള്ള തസ്തികകൾ പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകണമെന്നും തസ്തികകളില്ലെങ്കിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കണമെന്നും റിവ്യൂ കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കാതെ വൈകിപ്പിക്കാൻ ശ്രമിക്കുന്ന വകുപ്പുതല ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

11.00 A.M.]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലെ നിയമനം യഥാസമയം അവലോകനം ചെയ്ത് മൂന്നുമാസത്തിലൊരിക്കൽ അവലോകന റിപ്പോർട്ട് പുറപ്പെടുവിക്കും. 2019 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള ത്രൈമാസ അവലോകന റിപ്പോർട്ട് പ്രകാരം നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിസർവ് ചെയ്ത ഒഴിവുകളിൽ 877 എണ്ണവും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി റിസർവ് ചെയ്തിട്ടുള്ള ഒഴിവുകളിൽ 1066 എണ്ണവും നികത്താനുണ്ട്. ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പുതലവന്മാർക്കും റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിനായി ഏറ്റവുമധികം ഒഴിവുകൾ കണ്ടെത്തിയിട്ടുള്ള 12 വകുപ്പുകളിൽ പരിശോധന നടത്താൻ 7-1-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. അതുപ്രകാരം മൃഗസംരക്ഷണം, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്, ആരോഗ്യം എന്നീ വകുപ്പുകളിൽ പരിശോധന പൂർത്തിയാക്കി റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിച്ചുകഴിഞ്ഞു. പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വ്യാവസായിക പരിശീലനം എന്നീ വകുപ്പുകളിലെ പരിശോധനകൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാ വർഷവും ജനുവരി-1 അടിസ്ഥാനമാക്കി സർക്കാർ വകുപ്പുകളിലെ ജീവനക്കാരിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഗസറ്റഡ്/നോൺ ഗസറ്റഡ്/ലാസ്റ്റ് ഗ്രേഡ് കാറ്റഗറി തിരിച്ച് അവലോകനം ചെയ്യുകയും ഏതെങ്കിലും കാറ്റഗറിയിൽ പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ അത് നികത്തുന്നതിനാവശ്യമായ തസ്തികകൾ ശമ്പളസ്കെയിൽ സഹിതം അതാത് വകുപ്പുകളിൽനിന്ന് ശേഖരിച്ച് തസ്തിക റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചുവരികയുമാണ്. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം

ഗസറ്റഡ് കാറ്റഗറിയിൽ 107 തസ്തികകളും നോൺ ഗസറ്റഡ് കാറ്റഗറിയിൽ 1500 തസ്തികകളും ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ 67 തസ്തികകളും റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ വർഷവും റിവ്യൂ നടത്താറുണ്ട്. ഈ വർഷവും റിവ്യൂ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. റിവ്യൂ നടത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് കൃത്യമായി ഒഴിവുകൾ എത്രയുണ്ടെന്ന് ഗവൺമെന്റിനെ അറിയിക്കുന്നതിനും അത് കൺസോളിഡേറ്റ് ചെയ്ത് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നതിനുമുള്ള നടപടികൾ സാധാരണനിലയിൽ ഫലപ്രദമായി നടക്കുന്നുണ്ട്. എന്നാൽ ഒഴിവുകളുടെ എണ്ണം കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്ത എണ്ണവുമായി ബന്ധപ്പെട്ട് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചാൽ, പി.എസ്.സി വഴി യഥാസമയം പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തി നിയമനം നടത്തുന്നതിനുള്ള കാലതാമസവും ചില വകുപ്പുകളിൽനിന്ന് ഉണ്ടാകുന്നുണ്ട്. ഇതിന് മുൻപും ഈ കാലതാമസം ഉണ്ടായിട്ടുണ്ട്. അതു മനസ്സിലാക്കി കഴിഞ്ഞ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കർശന നിർദ്ദേശമാണ് നൽകിയത്. ഇത് ഒന്നുകൂടി വകുപ്പദ്ധ്യക്ഷന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും പി.എസ്.സി-യെ അറിയിക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയ റാങ്ക് ലിസ്റ്റിൽനിന്ന് ഒരാൾക്ക് നിയമനം നൽകി ജോലിയിൽ പ്രവേശിച്ചശേഷം അയാൾക്ക് വേറെ ഉയർന്ന ജോലി ലഭിക്കുകയോ അല്ലെങ്കിൽ രാജി വച്ച് പോകുകയോ ചെയ്യുന്നപക്ഷം ആ ലിസ്റ്റ് നിലനിൽക്കുകയാണെങ്കിൽ ആ ഒഴിവ് എസ്.സി./എസ്.ടി.-ക്ക് തന്നെ നൽകണമെന്നാണ് നിലവിലെ ചട്ടം. എന്നാൽ പല വകുപ്പുകളും ഇത് പാലിക്കാത്ത കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; ഒഴിവ് വന്നുകഴിഞ്ഞാൽ ജനറൽ കാറ്റഗറിയിൽ നിന്ന് നികത്തുന്ന രീതി ഇല്ലാതാക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, സാധാരണനിലയിൽ അങ്ങനെ ഒഴിവ് വന്നുകഴിഞ്ഞാൽ പ്രത്യേകമായി അത് ഇവർക്കുതന്നെ കൊടുക്കേണ്ടതാണ്. ജനറലായി ഒഴിവ് നികത്താൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ റിവ്യൂ കമ്മിറ്റിയിൽ ആ നിർദ്ദേശം കൊടുക്കുകയും ചെയ്തതാണ്. അങ്ങനെ ഏതെങ്കിലും ഉണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം.

# IV സബ്മിഷൻ

## (1) മാധ്യമപ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കും എതിരെയുള്ള അക്രമം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, രാജ്യത്ത് മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെയുള്ള അക്രമം വർദ്ധിച്ചു വരികയാണ്. ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനെത്തിയ ദേശീയ വാർത്താ ചാനലിന്റെ വനിതാ റിപ്പോർട്ടർമാർ ഉൾപ്പെടെയുള്ളവർക്കെതിരെ നിലയ്ക്കലിൽ അക്രമമുണ്ടായത് കഴിഞ്ഞ ശബരിമല സീസണിലാണ്. കോട്ടയത്ത് മുത്തൂറ്റ് ബ്രാഞ്ചിന് മുന്നിൽ നടത്തിയ സമരത്തിനിടിയിൽ സി.ഐ.ടി.യു. പ്രവർത്തകർ മനോരമ ന്യൂസ് ക്യാമറാമാൻ അഭിലാഷിനെ ആക്രമിക്കുകയും ക്യാമറ കേടുവരുത്തുകയും ചെയ്തത് മൂന്നാഴ്ച മുമ്പാണ്. പൗരത്വ നിയമഭേദഗതിക്കെതിരെ രാജ്യവ്യാപകമായ പ്രതിഷേധം ഉയരവെ അത് റിപ്പോർട്ട് ചെയ്യാൻ കോയമ്പത്തൂരിലെത്തിയ മാധ്യമപ്രവർത്തകരെ പോലീസ് തടഞ്ഞുവയ്ക്കുകയും ബന്ദികളാക്കുകയും ചെയ്ത സംഭവമുണ്ടായി. മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടാനും അവരെ നിശബ്ദരാക്കാനുമുള്ള ഭരണകൂടത്തിന്റെ ശ്രമത്തിന്റെ ഭാഗമായി ജനാധിപത്യത്തിന്റെ കാവലാളായ മാധ്യമങ്ങൾക്കെതിരെയുള്ള ഏത് നീക്കവും അപകടകരമാണ്. 'ഫോർത്ത് എസ്റ്റേറ്റ്' എന്നാണ് നമ്മൾ അവരെ വിളിക്കാറുള്ളത്. മാധ്യമ പ്രവർത്തകർക്ക് നിയമപരമായി സംരക്ഷണം നൽകാൻ ഭരണകൂടങ്ങൾക്ക് ബാധ്യതയുണ്ട്. മഹാരാഷ്ട്രയിൽ മാധ്യമങ്ങൾക്കും മാധ്യമ പ്രവർത്തകർക്കുമെതിരെ അക്രമം വർദ്ധിച്ചപ്പോൾ അത് തടയാനായി അവിടത്തെ സർക്കാർ നിയമംമൂലം നിയമസംരക്ഷണം കൊണ്ടുവരികയുണ്ടായി. 2017 ഏപ്രിൽ 7-ന് മഹാരാഷ്ട്ര നിയമസഭ Maharashtra Media Persons and Media Institutions (Prevention of Violence and Damage or Loss to Property) Bill, 2017 അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തു. ഈ നിയമത്തിന് 2019-ൽ ബഹുമാനപ്പെട്ട രാഷ്ട്രപതി അംഗീകാരം നൽകി. മാധ്യമപ്രവർത്തകർക്കും സ്ഥാപനങ്ങൾക്കുമെതിരായി ജാമ്യമില്ലാ വകുപ്പിൽ കേസ്സെടുക്കാമെന്നും അക്രമത്തിന് ഗൂഢാലോചന നടത്തുന്നതടക്കം മൂന്നുവർഷംവരെ ജയിൽ ശിക്ഷയും 50,000 രൂപ പിഴയോ രണ്ടുംകൂടിയോ ലഭിക്കാവുന്ന കുറ്റമായും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മാധ്യമ സ്ഥാപനത്തിനോ മാധ്യമ പ്രവർത്തകർക്കോ അക്രമത്തിലുണ്ടാകുന്ന നഷ്ടവും ചികിത്സാച്ചെലവും കുറ്റക്കാരിൽ നിന്ന് ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. നമ്മുടെ നിയമസഭ ഡോക്ടർമാരുടെയും ആശുപത്രികളുടെയും സംരക്ഷണത്തിനായി നിയമം പാസ്സാക്കിയിട്ടുണ്ട്. ഇതേ രീതിയിൽ മാധ്യമപ്രവർത്തകരെയും മാധ്യമസ്ഥാപനങ്ങളെയും സംരക്ഷിക്കുവാനും സ്വതന്ത്രവും നീതിപൂർവ്വവുമായ മാധ്യമ പ്രവർത്തനം സാധ്യമാക്കാനും ഒരു നിയമം പാസ്സാക്കണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മാധ്യമ സ്വാതന്ത്ര്യം അല്ലെങ്കിൽ പത്രസ്വാതന്ത്ര്യം എന്നത് ഇന്ത്യൻ ഭരണഘടനയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള ഒന്നല്ല. ഭരണഘടനയുടെ 19-ാം അനുച്ഛേദം അനുവദിക്കുന്ന അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിൽ നിന്ന് ഊർന്നുവരുന്നതായി നാം അനുമാനിക്കുന്ന ഒന്നാണ് മാധ്യമപ്രവർത്തന സ്വാതന്ത്ര്യം. പല രാഷ്ട്രങ്ങളും ഭരണഘടന രൂപപ്പെടുത്തിയപ്പോൾത്തന്നെ മാധ്യമ സ്വാതന്ത്ര്യം അതിൽ എഴുതിച്ചേർത്തു. അത് ചെയ്യാതിരുന്ന ചില രാഷ്ട്രങ്ങളാകട്ടെ, ആദ്യഘട്ടങ്ങളിലെ ഭേദഗതിയിലൂടെ തന്നെ മാധ്യമസ്വാതന്ത്ര്യം ഭരണഘടനാപരമായി ഉറപ്പുവരുത്തി. എന്നാൽ നിർഭാഗ്യവശാൽ, ഇന്ത്യയിൽ ദീർഘകാലം ഭരിച്ചവർക്കോ ഇപ്പോൾ ഭരിക്കുന്നവർക്കോ ഇങ്ങനെ ഒന്ന് ചെയ്യണമെന്ന് തോന്നിയിട്ടില്ല. ഭരണഘടനാ പരമായ ഈ പരിരക്ഷ ഇല്ലായ്മ മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ എന്നും കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. ഇന്ത്യയിൽ മാധ്യമ പ്രവർത്തനത്തിനെതിരെ ഏറ്റവും വലിയ കടന്നുകയറ്റമുണ്ടായത് അടിയന്തരാവസ്ഥയുടെ ഘട്ടത്തിലാണ്. ഓരോ വാർത്തയ്ക്കും കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന സെൻസർമാരുടെ അപ്രൂവൽ തേടുന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത്. ഭരണകക്ഷി തീരുമാനിക്കുന്ന ആളുകൾ പത്രങ്ങളുടെ ചീഫ് എഡിറ്റർമാരായി മാറുന്ന നിലയുണ്ടായി. ദേശീയ പത്രങ്ങൾവരെ എഡിറ്റോറിയൽ എഴുതാനാകാതെ ബ്ലാങ്ക് കോളങ്ങൾ പ്രസിദ്ധീകരിക്കുന്ന നിലയാണ് ആ ഘട്ടത്തിലുണ്ടായിരുന്നത്.

പത്രം ഓഫീസുകൾ റെയ്ഡ് ചെയ്യപ്പെട്ടു. ബി. ജി. വർഗ്ഗീസ്, കുൽദീപ് നയ്യാർ തുടങ്ങിയ മുതിർന്ന മാധ്യമപ്രവർത്തകർവരെ അറസ്റ്റ് ചെയ്യപ്പെട്ടു. അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ് തന്നെയാണ് പിന്നീട് POTA (The Prevention of Terrorism Act), TADA (Terrorist and Disruptive Activities (Prevention) Act) തുടങ്ങിയ ഭീകര നിയമങ്ങൾ നടപ്പാക്കിയത്. ആ കരിനിയമങ്ങൾക്ക് ഇരയായവരിൽ മാധ്യമ പ്രവർത്തകർവരെ ഉണ്ടായിരുന്നുവെന്നതാണ് സത്യം. ഇന്ത്യയിൽ മാധ്യമ സ്ഥാപനങ്ങൾക്കും മാധ്യമപ്രവർത്തകർക്കുമെതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നുവെന്നത് വസ്തുതയാണ്. 'Reporters Without Borders' എന്ന സംഘടന തയ്യാറാക്കിയ 'World Press Freedom Index'-ൽ ഉൾപ്പെട്ടിട്ടുള്ള 180 രാജ്യങ്ങളിൽ ഇന്ത്യ 134-ാം സ്ഥാനത്താണ്. കഴിഞ്ഞ ആറ് വർഷമായി ഫിൻലന്റാണ് ഒന്നാം സ്ഥാനത്തുള്ളത്. നെതർലാൻഡ്സും നോർവെയുമാണ് അവർക്ക് തൊട്ടുപുറകിലുള്ളത്.

മാധ്യമസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നത് ആധുനിക ഇന്ത്യയുടെ ചരിത്രത്തിൽ പല ഘട്ടങ്ങളിലും നാം കണ്ടിട്ടുള്ളതാണ്. ബാബ്റി മസ്ജിദ് തകർക്കപ്പെട്ട

ഘട്ടത്തിലും ഗുജറാത്ത് കലാപങ്ങളുടെ ഘട്ടത്തിലും ഏറ്റവും ഒടുവിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഡൽഹിയിലുണ്ടായ അക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിലും മാധ്യമ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടിട്ടുണ്ട്. ഡൽഹിയിൽ ക്യാമറകളും മൈക്കുമായി എത്തിയ മാധ്യമപ്രവർത്തകരെ സംഘർഷ സ്ഥലങ്ങളിലേയ്ക്ക് കടത്തിവിടാതിരുന്നു എന്നുമാത്രമല്ല, മാധ്യമപ്രവർത്തകരോട് നിങ്ങൾ ഹിന്ദുവാണോ മുസ്ലീമാണോയെന്ന് ചോദിക്കുന്ന അവസ്ഥവരെയുണ്ടായി. ആൾക്കൂട്ടകൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽനിന്ന് മാധ്യമ പ്രവർത്തകരെ വിലക്കുന്ന സാഹചര്യങ്ങൾവരെ സമീപകാലത്ത് ഇന്ത്യയിലുണ്ടായിട്ടുണ്ട്. അതേസമയം മാധ്യമപ്രവർത്തകർ കൊല ചെയ്യപ്പെടുന്ന അവസ്ഥയും ഇന്ന് ഇന്ത്യയിലുണ്ട്. ഗൗരി ലങ്കേഷും ശന്തനു ഭൗമിക്കും ഉൾപ്പെടെ 22 മാധ്യമപ്രവർത്തകരാണ് കഴിഞ്ഞ നാലുവർഷത്തിനിടെ കൊല ചെയ്യപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ മാധ്യമങ്ങൾക്കെതിരെ അപകീർത്തി കേസുകൾ ഫയൽ ചെയ്യപ്പെടുന്നത് വർദ്ധിക്കുന്നുവെന്നാണ് ദക്ഷിണേഷ്യൻ മാധ്യമ നിരീക്ഷണ സംഘടനയായ 'ഹൂട്ട്' വ്യക്തമാക്കുന്നത്. ഒരു കോർപ്പറേറ്റ് വമ്പൻ ഇന്ത്യയിലെ ഒരു മാധ്യമ പ്രവർത്തകനെതിരെ 3000 കോടി രൂപയുടെ മാനനഷ്ടകേസ് ഫയൽ ചെയ്തിട്ടുണ്ട്. അധികാരത്തിലിരിക്കുന്നവർ കോർപ്പറേറ്റുകളെ ഉപയോഗിച്ചുകൊണ്ട് മാധ്യമങ്ങളെ തങ്ങളുടെ ചൊൽപ്പടിക്ക് നിർത്തുന്നതും തങ്ങൾക്ക് ഹിതകരമായ വാർത്തകൾ മാത്രമേ പ്രസിദ്ധീകരിക്കാവൂ എന്ന് നിർബന്ധിക്കുന്നതും നാം കാണുന്നുണ്ട്. വിയോജന അഭിപ്രായമുള്ള മാധ്യമങ്ങൾക്ക് കേന്ദ്ര സർക്കാർ പരസ്യം നൽകാത്ത അവസ്ഥ തുടരുകയാണ്. അധികാര സ്ഥാനങ്ങളിലിരിക്കുന്നവർ അത്തരം പ്രസിദ്ധീകരണങ്ങളുടെ ബഹിഷ്കരണത്തിന് ആഹ്വാനം ചെയ്യുകപോലും ചെയ്തിട്ടുണ്ട്. എണ്ണൂറിലധികം ടെലിവിഷൻ ചാനലുകളാണ് ഇന്ന് ഇന്ത്യയിലുള്ളത്. കേബിൾ വിതരണ ശൃംഖലയിലുള്ളവയിൽ 80 ശതമാനവും സ്വകാര്യ മേഖലയിലുള്ളവയാണ്. വിയോജനാഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള ടെലിവിഷൻ ചാനലുകളെ ബ്ലോക്ക് ചെയ്യുന്ന നിലപാടുണ്ടായിട്ടുണ്ട്. അധികാരികളെ വിമർശിക്കുന്ന എൻ.ഡി.ടി.വി. പോലുള്ള മാധ്യമ സ്ഥാപനങ്ങളും അവയുടെ ചുമതലയിലുള്ളവരുടെ വീടുകളും റെയ്ഡ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രണോയ് റോയിയുടെ കാര്യം പ്രത്യേക പരാമർശം അർഹിക്കുന്നു. കാശ്മീരിലും വടക്കുകിഴക്കൻ പ്രദേശങ്ങളിലും അടിയന്തരാവസ്ഥയില്ലാതെ തന്നെ മാധ്യമങ്ങൾക്കുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ മീഡിയവരെ നിയന്ത്രിക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. സമൂഹമാധ്യമങ്ങൾ അപ്പാടെ നിരോധിച്ചുകളയുമോയെന്ന ആശങ്കപോലും ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്.

ദേശീയസ്ഥിതി ഇതായിരിക്കുമ്പോൾത്തന്നെ മാധ്യമസ്വാതന്ത്ര്യത്തിനുമേൽ യാതൊരുവിധത്തിലുമുള്ള നിയന്ത്രണങ്ങളും കേരളത്തിലില്ല. മാധ്യമ സ്ഥാപനങ്ങളോടും മാധ്യമപ്രവർത്തകരോടും നല്ല രീതിയിലാണ് സംസ്ഥാന സർക്കാർ ഇടപെടുന്നത്. മാധ്യമ പ്രവർത്തകർക്കുനേരെ വർഗ്ഗീയശക്തികൾ അക്രമങ്ങൾ അഴിച്ചുവിട്ടപ്പോൾ സർക്കാർ മാധ്യമ പ്രവർത്തകരോടൊപ്പം നിൽക്കുകയും അക്രമികൾക്കെതിരെ ശക്തമായ നിയമനടപടികൾ കൈക്കൊള്ളുകയുമാണ് ചെയ്തിട്ടുള്ളത്. ഏതുതരം ആക്രമണത്തിന്റെ കാര്യത്തിലും മാധ്യമങ്ങളുടെ പക്ഷത്താണ് കേരള സർക്കാർ നിലകൊണ്ടിട്ടുള്ളത്. മാധ്യമ പ്രവർത്തകരുടെ പെൻഷനുൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ അനുകൂല നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. ഈ സർക്കാർ, പെൻഷൻ 2,000 രൂപ വർദ്ധിപ്പിച്ചു. മാധ്യമ പ്രവർത്തകനായിരുന്ന കെ. എം. ബഷീറിന്റെ ഭാര്യയ്ക്ക് ജോലി കൊടുക്കുന്ന പ്രക്രിയ അന്തിമഘട്ടത്തിലാണ്. ആ കുടുംബത്തിന് 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ മാധ്യമ സ്വാതന്ത്ര്യം അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള മൗലികാവകാശത്തിൽനിന്ന് നാം അനുമാനിച്ചെടുക്കുന്ന ഒന്നാണ്. അതിനാൽ മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെ ദേശീയതലത്തിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളുടെ പശ്ചാത്തലത്തിൽ മറ്റ് പല രാജ്യങ്ങളും ചെയ്തിട്ടുള്ളതുപോലെ, മാധ്യമ സ്വാതന്ത്ര്യം ഭരണഘടനപരമായി ഉറപ്പുവരുത്താനാണ് ശ്രദ്ധിക്കേണ്ടത്. അതിനുവേണ്ടി നമുക്ക് കൂട്ടായി ശ്രമിക്കാം. മാധ്യമ പ്രവർത്തകർക്കും മാധ്യമ സ്ഥാപനങ്ങൾക്കുമെതിരെയുള്ള അക്രമങ്ങൾ തടയാൻ നിലവിലുള്ള നിയമങ്ങൾ കേരളത്തിൽ വളരെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. അത് വിജയം കാണുന്നുണ്ട്. മാധ്യമ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ മരുഭൂമിയിലെ പച്ചത്തുരുത്താണ് കേരളം.

മാധ്യമ സ്വാതന്ത്ര്യത്തിന് ഭേദഗതിയിലൂടെ ഭരണഘടനാപരമായ പരിരക്ഷ ഉറപ്പുവരുത്തുക എന്നതാണ് പ്രധാനം. അത് ചെയ്യേണ്ടതാകട്ടെ കേന്ദ്രമാണ്. സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ഭേദഗതിയുടെ അഭാവത്തിൽ ഇന്ത്യയ്ക്കാകെ ബാധകമാകുന്ന ഏകീകൃത നിയമം നിർമ്മിക്കാം. അക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. അത്തരത്തിലുള്ള ഒരു നിയമം നടപ്പിലാക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള സംസ്ഥാന നിയമസഭയ്ക്ക് ഒരു പ്രമേയം പാസ്സാക്കാവുന്നതാണ്. ഏത് സാഹചര്യത്തിലായാലും മാധ്യമ സംബന്ധമായി നിയമമുണ്ടാകുന്നത് മാധ്യമ സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നവിധത്തിൽ തന്നെയാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന അവസ്ഥ ഉണ്ടാകില്ലെന്ന ഉറപ്പുണ്ടെങ്കിലേ ഈ ഘട്ടത്തിൽ അത്തരമൊരു ആവശ്യം കേന്ദ്രത്തിന്റെ മുന്നിൽ ഉന്നയിക്കേണ്ടതുള്ളൂ.

ഇക്കാര്യംകൂടി ആലോചിച്ചുവേണം ഇന്നത്തെ സവിശേഷ ഘട്ടത്തിൽ മാധ്യമ പ്രവർത്തനം സംബന്ധിച്ച് നിയമനിർമ്മാണം നടത്തണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെടേണ്ടത്. മാധ്യമ സ്വാതന്ത്ര്യത്തെ അതിന്റെ ശുദ്ധിയിൽ നില നിർത്താൻ രാഷ്ട്രീയപാർട്ടികളും ശ്രദ്ധിക്കേണ്ടതുണ്ട്. പെയ്ഡ് ന്യൂസ് പോലുള്ള കാര്യങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കേണ്ടതുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എന്റെ ആവശ്യം കേന്ദ്രം നിയമം പാസ്സാക്കുക എന്നതല്ല. മഹാരാഷ്ട്ര സർക്കാർ ചെയ്തതുപോലെ ഒരു നിയമം പാസ്സാക്കണമെന്നാണ്. ഇവിടെ മാധ്യമ സിൻഡിക്കേറ്റെന്നും, 'കടക്ക് പുറത്ത്' എന്നുമൊക്കെ പറയുന്ന കാലമായതുകൊണ്ട് അങ്ങേയ്ക്ക് അതിൽ എതിർപ്പുണ്ടാകുമായിരിക്കാം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അഴുക്ക് ചാലിൽനിന്നും മാധ്യമ പ്രവർത്തകന്റെ മൃതദേഹം ലഭിക്കുന്ന പശ്ചാത്തലമാണ് നമ്മുടെ രാജ്യത്ത് നിലവിലുള്ളത്. അത്തരമൊരു അവസ്ഥയാണ് വന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയൊരു സാഹചര്യം നിലനിൽക്കുമ്പോൾ രാജ്യത്തിന്റെ പ്രശ്നമാണ് നമ്മൾ ഏറ്റവും മുന്നിൽ കാണുന്നത്. അത്തരമൊരു അവസ്ഥ കേരളത്തിൽ ഒരു ഘട്ടത്തിലുമുണ്ടാകുന്നില്ല. എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ ഇന്നുള്ള നിയമങ്ങളുപയോഗിച്ച് കേരളത്തിൽ ഫലപ്രദമായി കാര്യങ്ങൾ നടക്കുന്നുണ്ട്. എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ അത് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്; അത് പരിശോധിക്കാം.

## (2) സാമ്പത്തിക സംവരണം

<u>ശ്രീ. പി. സി. ജോർജ്</u>: സർ, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് സാമ്പത്തിക സംവരണമുൾപ്പെടെ നൽകുന്നതിന് ചില മാനദണ്ഡങ്ങൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആ മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ വരുത്തണമെന്നതാണ് എന്റെ അഭ്യർത്ഥന. ആ മാനദണ്ഡത്തിൽ വാർഷികവരുമാനം 4 ലക്ഷം രൂപയെന്നാണ് പറഞ്ഞിരിക്കുന്നത്. അത് 8 ലക്ഷം രൂപയായി ഉയർത്തുകയെന്നത് സാമാന്യനീതി മാത്രമാണ്. അതുപോലെ ഭൂമിയുടെ കാര്യം പറഞ്ഞിരിക്കുന്നത്, കേന്ദ്രസർക്കാർപോലും അഞ്ച് ഏക്കറാണ് വച്ചിരിക്കുന്നത്. കേരള സർക്കാർ രണ്ടര ഏക്കറാണ് വച്ചിരിക്കുന്നത്. രണ്ടര ഏക്കർ റബ്ബർ തോട്ടമുണ്ടെങ്കിൽ 30,000 രൂപയാണ് ഒരു വർഷം കിട്ടുന്നത്. ഇതുകൊണ്ട് എങ്ങനെ ജീവിക്കാൻ സാധിക്കും; ആ മാനദണ്ഡം മാറ്റിയേ മതിയാകൂ എന്ന് ഗവൺമെന്റിന് ബോധ്യമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.കേന്ദ്ര ഗവൺമെന്റ് നിയമമനുസരിച്ച് ഇപ്പോൾ ഹൗസ് പ്ലോട്ടിന് പഞ്ചായത്തിൽ 4.1 സെന്റും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 2.1 സെന്റ് വീതവുമാണ് പരിധി

വച്ചിരിക്കുന്നത്. മുനിസിപ്പാലിറ്റിയിൽ 20 സെന്റും കോർപ്പറേഷനിൽ 15 സെന്റും പഞ്ചായത്തിൽ രണ്ടര ഏക്കറുമാണ് വച്ചിരിക്കുന്നത്. ഇതെല്ലാം ഇരട്ടിയെങ്കിലുമാക്കിയില്ലെങ്കിൽ ഈ നിയമംകൊണ്ട് പാവപ്പെട്ടവർക്ക് ഒരു ഗുണവും ലഭിക്കുകയില്ല. കൃഷിഭൂമിയുടെ കാര്യത്തിലും മാറ്റംവേണം. വാർഷിക വരുമാനം 4 ലക്ഷം രൂപയാണെന്ന് പറഞ്ഞിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് അത് 8 ലക്ഷം രൂപയെന്നാണ് പറഞ്ഞിരിക്കുന്നത്. സംസ്ഥാനത്തിലും 8 ലക്ഷം രൂപയായി ഉയർത്തുകയാണ് നല്ലത്. നമ്മെ സഹായിക്കാനാണ് ഉദ്ദേശ്യമെങ്കിൽ, 8 ലക്ഷം രൂപ വരുമാനമുള്ളവരെക്കൂടി ഈ പരിധിയിലുൾപ്പെടുത്തിയാൽ നന്നായിരിക്കും. അതുപോലെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ആനുകൂല്യം കൊടുക്കുമ്പോൾ മതപരമായ പരിഗണന പാടില്ല. ഏത് മതത്തിൽ വിശ്വസിക്കുന്ന പട്ടികജാതിക്കാരാണെങ്കിലും സംവരണ മാനദണ്ഡത്തിൽ വരണമെന്ന തീരുമാനംകൂടി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ വിനയപുരസരമുള്ള അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ 10% സംവരണം ബാധകമാക്കി 3-1-2020-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന് 3-1-2020 മുതൽ പ്രാബല്യവും നൽകിയിട്ടുണ്ട്. പ്രസ്തുത സംവരണത്തിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ പല കാരണങ്ങളാൽ സംസ്ഥാനത്തിന് അതേപടി സ്വീകരിക്കാൻ കഴിയുന്നവ ആയിരുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക-സാമൂഹ്യ പശ്ചാത്തലം രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ്. ക്രീമീലെയർ ആനുകൂല്യത്തിന് സംസ്ഥാനത്ത് വാർഷിക വരുമാനപരിധി 8 ലക്ഷം രൂപയാണ്. ശതാബ്ദങ്ങളായി സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന, വലിയതോതിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കാണ് ക്രീമീലെയർ ബാധകമാകുന്നത്. ആ വിഭാഗത്തിനെ ശരാശരി ശ്രേണിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടിയായിട്ടാണ് സംവരണം നൽകിയിട്ടുള്ളത്. അവർക്ക് വലിയതോതിലുള്ള പിന്നോക്കാവസ്ഥയാണുള്ളത്. അങ്ങനെ പിന്നോക്കാവസ്ഥയുള്ളവരിൽ ഒരു ഭാഗം നല്ല സാമ്പത്തിക ശേഷിയുള്ളവരാണ്. എന്നാൽ സാമ്പത്തികശേഷി ഉണ്ടായാൽപ്പോലും സാമൂഹ്യമായ പിന്നോക്കാവസ്ഥ വലിയതോതിൽ ആ വിഭാഗത്തെ ബാധിക്കുന്നുണ്ട്. അതിനെ മറികടക്കാൻ വലിയ സാമ്പത്തികശേഷിയുള്ള ചിലർക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങനെ അപൂർവ്വം ആളുകളെ നോക്കിയാണ് 8 ലക്ഷം രൂപ പരിധിവച്ചത്. മുന്നോക്ക വിഭാഗത്തിലെ ഏറ്റവും പാവപ്പെട്ട, ദരിദ്രരായ ആളുകളെ കണക്കാക്കുമ്പോഴും ആ പരിധിയുണ്ട്. നൂറ്റാണ്ടുകളായി സാമൂഹ്യമായി അവശത അനുഭവിച്ചുവന്ന വിഭാഗത്തിന് നൽകിയിട്ടുള്ള ഒരു പരിധിയാണിത്.

ഏത് പരിധി; സാമ്പത്തികമായി ഏറ്റവും മുന്നോക്കാവസ്ഥയിലുള്ളവർക്ക് ആനുകൂല്യം വേണ്ട എന്നുള്ളത്. എന്തുകൊണ്ട്? അവർ ക്രീമീലെയറിലുൾപ്പെടുന്നു. അതിൽത്തന്നെ എന്താണ് പറയുന്നത്? ഈ വിഭാഗത്തിന് നിയമനപ്രശ്നം വരുമ്പോൾ, ക്രീമീലെയർ ഒഴിവാക്കിയിട്ടുള്ളവർക്ക് നിയമനം കൊടുക്കുമ്പോൾ അതിൽ ആവശ്യമായവരെ കിട്ടുന്നില്ലെങ്കിൽ, ക്രീമീലെയറിൽ ഉൾപ്പെട്ടവരുണ്ടെങ്കിൽ അതവർക്ക് കൊടുക്കണം എന്നതാണ് ഇതിന്റെ ഭാഗമായി വന്നത്. ആ ക്രീമീലെയറും ഇവിടെ സൂചിപ്പിച്ച സാമ്പത്തിക പരിധിയും രണ്ടാണ്. ശ്രീ. പി. സി. ജോർജ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. അങ്ങനെയെടുക്കാൻ പാടില്ല. അതുകൊണ്ടാണ് കേന്ദ്രസർക്കാർ ഇതേ വരുമാനപരിധി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണത്തിനും നിശ്ചയിച്ചപ്പോൾ അതിനോട് യോജിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയാതിരുന്നത്. ക്രീമീലെയർ സംവരണം സാമൂഹ്യ-സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിക്കുമ്പോൾ മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം സാമ്പത്തിക മാനദണ്ഡം മാത്രം പരിഗണിച്ചുള്ളതാണ്. അതുകൊണ്ട് ആ വിഭാഗത്തിലെ പാവപ്പെട്ടവർക്ക് അതിനുള്ള ആനുകൂല്യം കിട്ടണം. ആ പാവപ്പെട്ടവർ ദരിദ്രരായ ആളുകൾതന്നെയാവണം. എങ്കിൽ മാത്രമേ ആ ആനുകൂല്യം കൃത്യമായി ലഭിക്കുകയുള്ളൂ. ഇത് ഏകപക്ഷീയമായി സർക്കാർ സ്വീകരിക്കുകയല്ല ചെയ്തത്, ഇത് പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. കെ. ശശിധരൻ നായർ ചെയർമാനായി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിരുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. കെ. ശശിധരൻ നായർ അല്ല ശ്രീ. ശ്രീധരൻ നായരാണ്.

ശ്രീ. പിണറായി വിജയൻ: സർ, ആരോ തെറ്റായി ശശിധരൻ നായരെ ശ്രീധരൻ നായരാക്കിയതാണ്. ശ്രീ. കെ. ശശിധരൻ നായർ തന്നെയാണ്. ആരോ ചെയ്ത അബദ്ധമാണ്. കമ്മീഷൻ ഒരു പ്രത്യേക ചോദ്യാവലി തയ്യാറാക്കി പൊതുജനങ്ങൾ, സാമുദായിക സംഘടനകൾ, നിയമസഭാ സാമാജികർ, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവരിൽനിന്നും അഭിപ്രായങ്ങൾ ശേഖരിച്ചു. ജനങ്ങളുടെ സാമ്പത്തികാവസ്ഥയെ ചിട്ടപ്പെടുത്താനുതകുന്ന മറ്റ് വസ്തുതകളും അപഗ്രഥനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള മാനദണ്ഡങ്ങളടങ്ങുന്ന റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. ശേഖരിച്ച വിവരങ്ങളും വസ്തുതകളും വിശകലനം ചെയ്താണ് വാർഷികവരുമാനം 4 ലക്ഷമായി നിജപ്പെടുത്തി കമ്മീഷൻ ശിപാർശ സമർപ്പിച്ചത്.

കേരളത്തിൽ ഭൂമിയുടെ മൂല്യം അടിസ്ഥാനമാക്കി ഗ്രാമപ്രദേശങ്ങളിലും മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലും ആർജ്ജിക്കാവുന്ന ഭൂസ്വത്തും അവയുടെ താരതമ്യമൂല്യവും കണക്കിലെടുത്താണ് ഭൂവിസ്തൃതി സംബന്ധിച്ച് കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുള്ളത്. കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ മന്ത്രിസഭ പരിഗണിച്ച് അംഗീകരിക്കുകയാണ് ചെയ്തത്. നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്ന് വർഷം കൂടുമ്പോഴും അവലോകനം നടത്തി ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനുള്ള വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല എന്ന നിലപാടാണ് സർക്കാരിനുള്ളത്.

### (3) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സംരക്ഷണം

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കാസർഗോഡ് ജില്ലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും അവ പുനരുദ്ധരിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ജില്ലയ്ക്ക് ഏറെ പ്രതീക്ഷകൾ നൽകി 2011-ൽ പൊതുമേഖലാ സ്ഥാപനമായ KEL-ന്റെ കീഴിൽ പ്രവർത്തിക്കുന്ന EML യൂണിറ്റിനെ ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് യൂണിറ്റായി കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനമായ BHEL-ൽ ലയിപ്പിച്ചിരുന്നു. ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ ലയിപ്പിച്ചതുമുതൽ ഇതിനെ തകർക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ നിരന്തരം ചെയ്തുവരുന്നത്. തൊഴിലാളികൾക്ക് 15 മാസമായി ശമ്പളംപോലും കൊടുക്കാതിരിക്കുകയാണ്. കഴിഞ്ഞ നാലുമാസമായി കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാൽ വൈദ്യുതി വിച്ഛേദിച്ചിരിക്കുകയാണ്. ആയതിനാൽ ഒരു തരത്തിലുള്ള ഉത്പാദനവും സാധിക്കാതെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇപ്പോൾ അവിടെയുള്ളത്. ഈ നിഷേധാത്മക നിലപാടുമൂലം സംസ്ഥാന മുഖ്യമന്ത്രി കേന്ദ്രസർക്കാരുമായി 2017 ഫെബ്രുവരിയിൽ നടത്തിയ ചർച്ചയിൽ സംസ്ഥാന സർക്കാർ ഈ സ്ഥാപനം ഏറ്റെടുക്കാൻ സന്നദ്ധത അറിയിക്കുകയും എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ നടപടികൾ നിരന്തരം വൈകിപ്പിച്ച് ഈ സ്ഥാപനത്തെ തകർക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ 2020-21-ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ശമ്പളക്കുടിശ്ശിക അനുവദിക്കണമെന്നും സംസ്ഥാനത്തെ മനഃപൂർവ്വം തകർക്കുന്ന കേന്ദ്ര നിലപാട് തിരുത്തണമെന്നും ആവശ്യപ്പെട്ട് ജീവനക്കാർ ഇന്ന് (മാർച്ച് 4) മുതൽ സത്യാഗ്രഹം ആരംഭിച്ചിരിക്കുകയാണ്. ജില്ലയ്ക്ക് ഏറെ പ്രതീക്ഷ നൽകിയ ഈ സ്ഥാപനത്തിലെ

പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

27 ഏക്കറോളം ഭൂമിയുള്ള ഉദുമ സ്പിന്നിംഗ് മിൽ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും നൂൽ ഉല്പാദിപ്പിക്കുന്നതോടൊപ്പം തുണി നിർമ്മിക്കുന്ന യൂണിറ്റുകൂടി അവിടെ അനുവദിക്കണം. വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ആസ്ട്രൽ വാച്ച് കമ്പനിയുടെ സ്ഥലത്ത് പുതിയ പൊതുമേഖലാ സ്ഥാപനം അനുവദിക്കണം. ചീമേനി ഐ.ടി. പാർക്ക് യാഥാർത്ഥ്യമാക്കണം. ഇത്തരത്തിൽ ജില്ലയുടെ വ്യാവസായികരംഗത്തെ പുരോഗതിക്കായി നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഗവൺമെന്റും വകുപ്പും അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. കെ. കുഞ്ഞിരാമൻ ഇവിടെ വിശദീകരിച്ച കാര്യങ്ങളെല്ലാം ശരിയാണ്. ഇന്നലെ കോട്ടയം ടെക്സ്റ്റൈൽസുമായി ബന്ധപ്പെട്ട സബ്മിഷനിൽ ടെക്സ്റ്റൈൽ മേഖല നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഇതേ പ്രശ്നം തന്നെയാണ് ഉദുമ ടെക്സ്റ്റൈൽസും നേരിട്ടുകൊണ്ടിരിക്കുന്നത്. KEL-ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കേരള സംസ്ഥാനവും Bharat Heavy Electricals Limited (BHEL)-ഉമായി ചേർന്നുള്ള ഒരു സംയുക്ത സംരംഭമാണ്. BHEL-ന്റെ 51 ശതമാനം ഓഹരികൾ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. കേന്ദ്രസർക്കാർ അവരുടെ ഓഹരി വിൽക്കാൻ തീരുമാനിച്ചപ്പോൾ 51 ശതമാനം ഓഹരികൾ വാങ്ങിക്കൊണ്ട് പ്രസ്തുത സ്ഥാപനത്തെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനും തൊഴിലാളികളെ സംരക്ഷിക്കാനും സംസ്ഥാന സർക്കാർ നിലപാടെടുത്തതിന്റെ ഭാഗമായി രണ്ട് കക്ഷികൾ തമ്മിൽ ഒപ്പിടേണ്ടതായ വിൽപ്പന കരാർ അംഗീകരിച്ച് BHEL കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി 7-11-2019-ൽ കത്ത് നൽകിയെങ്കിലും നാളിതുവരെ യാതൊരു പ്രതികരണവും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് ലഭിച്ചിട്ടില്ല. സർക്കാർ ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ കേന്ദ്രസർക്കാരിന്റെ മുതിർന്ന ഉദ്യോഗസ്ഥരെയും മറ്റും നേരിൽക്കണ്ട് ഇക്കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. കരട് വിൽപ്പനക്കരാർ ഒപ്പിടുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടികൾ വൈകിവരികയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BHEL-ന്റെ ഭൂരിപക്ഷം ഓഹരികളും ഭരണപരമായ

നിയന്ത്രണവും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും സ്ഥാപനം കാസർഗോഡ് ആണ് എന്നുള്ളതിനാൽ ജീവനക്കാരുടെയും കുടുംബങ്ങളുടെയും അവസ്ഥ പരിഗണിച്ച് സംസ്ഥാന ഗവൺമെന്റ് 6.65 കോടി രൂപ സാമ്പത്തിക സഹായം നൽകി പരമാവധി സഹായിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ യൂണിറ്റാണ് രണ്ടാമത് ശ്രീ. കെ. കുഞ്ഞിരാമൻ ചൂണ്ടിക്കാണിച്ച ഉദുമ ടെക്സ്റ്റൈൽസ് ലിമിറ്റഡ്. ആ ടെക്സ്റ്റൈൽസ് ഇപ്പോൾ നൂല് മാത്രമാണ് ഉത്പാദിപ്പിക്കുന്നത്. അത് തുണി ഉൽപ്പാദിപ്പിക്കാനുള്ള യൂണിറ്റായി മാറ്റിയെടുക്കാൻ സാധിക്കും. അതിനുള്ള സ്ഥലം മില്ലിന്റെ കൈവശം തന്നെയുണ്ട്. അധിക വീതിയിലുള്ള 24 high speed shuttleless loom-കളിലൂടെ തുണിയുൽപ്പാദിപ്പിക്കാൻ സാധിക്കും. കൂടാതെ പ്രിൽ കമ്പാസിറ്റ് 25000 ആയി ഉയർത്താനും സാധിക്കും. അവിടെ ഇപ്പോൾ 180 ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. തുണി ഉൽപ്പാദനം കൂടി സാധിച്ചാൽ ഏതാണ്ട് 100 ജീവനക്കാർക്കുകൂടി ജോലി കൊടുക്കാൻ സാധിക്കും.

10-2-1978-ൽ കെ.എസ്.ഐ.ഡി.സി.-യുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനമായി രൂപീകരിച്ച ആസ്ട്രൽ വാച്ച് ലിമിറ്റഡ് ആണ് അദ്ദേഹം ചൂണ്ടിക്കാണിച്ച മൂന്നാമത്തെ കാര്യം. 1992-93 കാലഘട്ടം വരെ നല്ല നിലയിൽ പ്രവർത്തിച്ച വാച്ച് നിർമ്മാണ സ്ഥാപനമാണിത്. എന്നാൽ 1993 മുതൽ നഷ്ടം നേരിടാൻ തുടങ്ങി. 2002 മുതൽ കമ്പനിയുടെ പ്രവർത്തനംതന്നെ നിശ്ചലമായി. തുടർന്ന് കമ്പനിയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും കെ.എസ്.ഐ.ഡി.സി.-യിൽ കൈമാറ്റം ചെയ്തു. ആസ്ട്രൽ വാച്ച് ലിമിറ്റഡ്-ന്റെ 199 സെന്റ് ഭൂമി 5-3-2013-ലെ സെയിൽസ് ഡീഡ് പ്രകാരം കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറി. ഇപ്പോൾ ഈ ഭൂമി കെ.എസ്.ഐ.ഡി.സി.-യുടെ കൈവശത്തിലും ഉടമസ്ഥതയിലുമാണുള്ളത്. പ്രസ്തുത സ്ഥലത്ത് ഒരു ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിക്കുവേണ്ടിയുള്ള ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള നടപടി തുടർന്നുവരികയാണ്.

കാസർഗോഡ് ചീമേനിയിൽ ഐ.ടി. വകുപ്പിന്റെ കീഴിലുള്ള 100 ഏക്കർ സ്ഥലം വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി കിൻഫ്രയ്ക്ക് കൈമാറാൻ തീരുമാനിച്ചിരുന്നു. പിന്നീട് പ്രസ്തുത ഭൂമിയിൽ തുടർന്നുള്ള പ്രവർത്തനങ്ങളൊന്നും നടത്താത്തതിനാൽ ബഹുമാനപ്പെട്ട തൃക്കരിപ്പൂർ എം.എൽ.എ.-യുടെയും ജില്ലാകളക്ടറുടെയും സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും പ്രസ്തുത ഭൂമിയിൽ ജില്ലാ വ്യവസായ കേന്ദ്രം വഴി കശുവണ്ടി, കല്ലുമ്മേക്കായ, കവുങ്ങ് തുടങ്ങിയ ഉൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിയിലൂടെ

പ്രത്യേക അഗ്രോ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട തൃക്കരിപ്പൂർ എം.എൽ.എ., ജില്ലാകളക്ടർ, ഐ.ടി. വകുപ്പ് സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ എന്നിവരെല്ലാം കൂടി ചേർന്നുകൊണ്ട് തൃക്കരിപ്പൂർ എം.എൽ.എ.-യുടെയും ജില്ലാ കളക്ടറുടെയും നിർദ്ദേശപ്രകാരം ക്ലസ്റ്റർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് അവിടെ ഒരു പ്രത്യേക യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. അതുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനായി ഇപ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. അതുപോലെതന്നെ കാഞ്ഞങ്ങാടിനടുത്ത് മടിക്കൈയിലുള്ള 100 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതിൽ ഒരു കോക്കനട്ട് പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അങ്ങനെ വരുമ്പോൾ അവിടെ കോക്കനട്ട് അധിഷ്ഠിത വ്യവസായങ്ങൾക്ക് നല്ല സാഹചര്യം ഉണ്ടാക്കിയെടുക്കാൻ സാധിക്കും. അവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം മെച്ചപ്പെടുത്താനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. പക്ഷേ, സാങ്കേതികമായി വ്യവസായം നേരിടുന്ന തകർച്ചയുടെയും ആഗോളവത്കരണ നയത്തിന്റെയും ഫലമായിട്ടുള്ള ഗുരുതരമായ പ്രശ്നങ്ങളാണ് ഈ വ്യവസായ മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. എങ്കിലും ഗവൺമെന്റ് പരമാവധി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

## (4) പ്രളയ ദുരിതാശ്വാസ ആനുകൂല്യം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, പ്രളയത്തെത്തുടർന്നുള്ള ദുരിതാശ്വാസ സഹായം അനുവദിച്ചിട്ടും കൃത്യസമയത്ത് ലഭിക്കാത്തതിന്റെ ഫലമായി മേപ്പാടി പഞ്ചായത്തിലെ പള്ളിക്കവല സ്വദേശി സനൽ ആത്മഹത്യ ചെയ്തതായുള്ള വാർത്തകൾ പത്രങ്ങളിൽ വന്നിരുന്നു. യഥാർത്ഥത്തിൽ ആനുകൂല്യങ്ങൾ അനുവദിച്ച് ബാങ്കിലേയ്ക്ക് അയച്ചിരുന്നുവെങ്കിലും ബാങ്ക് അക്കൗണ്ടിലെ ചില പ്രശ്നങ്ങൾ കാരണമാണത് ലഭിക്കാതിരുന്നത്. പക്ഷെ ഈ വിവരം കൃത്യമായി അറിയിക്കാത്തതും അതിനാവശ്യമായ സംവിധാനങ്ങൾ ചെയ്യാത്തതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കണം. ഭാര്യയും രണ്ട് മക്കളുമടങ്ങുന്ന ആ കുടുംബത്തിന് നാല് ലക്ഷം രൂപയും അടിയന്തരാശ്വാസമെന്ന നിലയിലുള്ള പതിനായിരം രൂപയുമാണ്; അതിന്റെ ആദ്യഗഡു അനുവദിച്ചത് ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ കാരണം തുക മടങ്ങുകയായിരുന്നു. ആ തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ചയെപ്പറ്റി പരിശോധിക്കുകയും ചെയ്യണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട്ടിൽ നടന്ന ഈ സംഭവത്തെക്കുറിച്ച് പ്രിയപ്പെട്ട എം.എൽ.എ., ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് ഇന്നലെ അറിയാൻ കഴിഞ്ഞത്, ഇദ്ദേഹത്തിന്റെ കുടിൽ 2018-ൽ ഭാഗികമായി തകരുകയും ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിരുന്നെങ്കിലും 2019-ൽ പൂർണ്ണമായും അത് തകർന്നുവെന്നാണ്. ആ സന്ദർഭത്തിൽ ലഭിക്കേണ്ട പതിനായിരം രൂപപോലും ആ കുടുംബത്തിന് ലഭിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. മാത്രമല്ല, ഇദ്ദേഹത്തിന് കൈവശരേഖയില്ലെന്ന് പറഞ്ഞ് സുഹൃത്തുക്കൾ നിർമ്മിച്ചുനൽകിയ താൽക്കാലിക ഷെഡ്ഡിലാണ് ഇത്രയുംകാലം അദ്ദേഹം താമസിച്ചിരുന്നത്.പക്ഷെ റവന്യൂ ഉദ്യോഗസ്ഥർ കൈവശരേഖയില്ലെന്ന് പറയുമ്പോൾ അദ്ദേഹം പുറമ്പോക്ക് വസ്തുവിലായിരുന്നു താമസിച്ചിരുന്നത്. 2018, 2019 വർഷങ്ങളിലും അദ്ദേഹം അവിടെയാണ് താമസിച്ചിരുന്നത്. യഥാർത്ഥത്തിൽ ഗവൺമെന്റ് പ്രഖ്യാപിച്ച പത്ത് ലക്ഷം രൂപ എന്നുപറയുന്നത് ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിന് ആറ് ലക്ഷം രൂപയും വീട് നിർമ്മിക്കാൻ നാല് ലക്ഷം രൂപയുമായിരുന്നു. ആ തുക സമയബന്ധിതമായി കൊടുത്തിരുന്നെങ്കിൽ ഈയൊരു മരണം ഒഴിവാക്കാമായിരുന്നു. അങ്ങനെ വയനാട് ജില്ലയിൽ പല വില്ലേജുകളിലും പഞ്ചായത്തുകളിലും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വയനാട്ടിൽ വന്ന് ഈ ദുരിതബാധിത പ്രദേശങ്ങളിൽപ്പെട്ട കുടുംബങ്ങളുമായി ചർച്ച നടത്തി ഈ പ്രശ്നം പരിഹരിക്കണമെന്നതാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ തൃക്കൈപ്പറ്റ വില്ലേജിൽ മേപ്പാടി ഗ്രാമപഞ്ചായത്തിൽ തുറയക്കുന്ന് സ്ഥലത്ത്, മൂന്നേലിൽ ഹൗസിൽ ശ്രീ. സനൽ ചന്ദ്രൻ, 3-3-2020-ന് ആത്മഹത്യ ചെയ്തതറിഞ്ഞ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിന് വിതരണം ചെയ്ത ധനസഹായത്തിന്റെ വിവരങ്ങൾ പരിശോധിക്കുകയുണ്ടായി. 75% മുതൽ 100% വരെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കാറ്റഗറിയിൽപ്പെടുത്തി ആശ്വാസ ധനസഹായത്തിന് അർഹതപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആദ്യഗഡു ധനസഹായമായ 1,01,900 രൂപ പ്രസ്തുത കക്ഷി ലഭ്യമാക്കിയ അക്കൗണ്ട് നമ്പർ ഉടമയായ ശ്രീമതി സജിനിയുടെ പേരിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ട്രഷറിയിൽനിന്നും ടി അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുമുണ്ട്. എന്നാൽ ട്രഷറിയിൽനിന്നും ലഭിച്ച ബാങ്ക് rejection list-ൽ കക്ഷിയുടെ പേര് ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. Rejection ലിസ്റ്റിൽ reject ആകാനുള്ള

കാരണമായി കാണുന്നത്, "New balance exceeds Maximum" എന്നാണ്. തഹസീൽദാരുടെ അന്വേഷണത്തിൽ കക്ഷി ലഭ്യമാക്കിയത് എസ്.ബി.ഐ. ജനപ്രിയ അക്കൗണ്ടായിരുന്നെന്നും അറിവായിട്ടുണ്ട്. ജനപ്രിയ അക്കൗണ്ടുകളിൽ 50,000 രൂപ മാത്രമേ ഒരുതവണ ക്രെഡിറ്റ് ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ rejection വന്ന എല്ലാ കേസുകളിലും പരിശോധന നടത്തി പരിഹാരം കാണേണ്ടതാണെന്ന് 18-1-2020-ന് ജില്ലകളിലേയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയതായി മറ്റൊരു അക്കൗണ്ട് എടുത്തുകൊണ്ടോ നിലവിലുള്ള അക്കൗണ്ട് സാധാരണ അക്കൗണ്ടിലേയ്ക്ക് മാറ്റിക്കൊണ്ടോ വിവരങ്ങൾ ലഭ്യമാക്കി പ്രസ്തുത അക്കൗണ്ടിലേയ്ക്ക് തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഐ. സി. ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ച, പതിനായിരം രൂപപോലും കിട്ടിയിട്ടില്ലെന്ന കാര്യം സംബന്ധിച്ച് പരിശോധിക്കുന്നതാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട സി. കെ. ശശീന്ദ്രൻ ഇവിടെ പറഞ്ഞ, ഫണ്ട് റിജക്ട് ചെയ്തതിനെത്തുടർന്ന് ആവശ്യമായ പരിശോധനകൾ നടത്തുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പ്രത്യേകമായി പരിശോധിക്കുന്നതിനുള്ള സംവിധാനവും ചെയ്യുന്നതാണ്.

## (5) അതിർത്തി നിർണ്ണയം

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിലെത്തുമ്പോൾ പീരുമേട് നിയോജകമണ്ഡലത്തിൽ പട്ടയത്തിനുവേണ്ടി ഏതാണ്ട് 12500-ഓളം പെന്റിംഗ് അപേക്ഷകളുണ്ടായിരുന്നു. അതിൽ ഏതാണ്ട് നാലായിരത്തിലധികം വരുന്ന അപേക്ഷകർക്ക് ഇതിനോടകം അങ്ങയുടെ കാലത്തുതന്നെ പട്ടയം കൊടുത്തിട്ടുണ്ട്, അതിൽ പീരുമേട്ടിലെ ജനങ്ങളുടെ പ്രത്യേക നന്ദി അറിയിക്കുകയാണ്. സംസ്ഥാനമൊട്ടാകെ ഒന്നേകാൽ ലക്ഷത്തോളം പേർക്ക് പട്ടയം കൊടുത്തുവെന്നാണ് നിലവിൽ ലഭ്യമായ കണക്കുകളിലൂടെ മനസ്സിലാകുന്നത്. അതിൽ കൂടുതലുണ്ടോയെന്നുള്ളത് അങ്ങയുടെ മറുപടിയുടെ ഭാഗമായി ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. പീരുമേട് നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് ചെറിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ ഏതാണ്ട് അയ്യായിരത്തിലധികം ആളുകൾക്കുകൂടി പട്ടയം കൊടുക്കാൻ കഴിയും. മൂന്നും അഞ്ചും സെന്റ് ഭൂമിയിൽ താമസിക്കുന്നവരാണ് അപേക്ഷകരായിട്ടുള്ളത്. അവരിൽ കൂടുതൽ പേരും റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവരാണ്. അവിടെ എസ്റ്റേറ്റുകാർ സ്ഥലം വിട്ടുകൊടുത്തുകൊണ്ടാണ് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഹിൽ ഹൈവേയുടെ ഭാഗമായി പന്ത്രണ്ട് മീറ്റർ വീതിയിൽ അവരുടെ എസ്റ്റേറ്റിന്റെ സ്ഥലത്തുനിന്നുമാണ് റോഡിനാവശ്യമായ

സ്ഥലം വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളത്. റോഡിന്റെയും തോടിന്റെയും അതിർത്തി നിർണ്ണയിക്കാത്തതുകൊണ്ട് പട്ടയം കിട്ടാത്ത റോഡ് പുറമ്പോക്കിലും തോട് പുറമ്പോക്കിലും താമസിക്കുന്ന ധാരാളം അപേക്ഷകരുണ്ട്. അങ്ങനെയുള്ള അപേക്ഷകർ ലൈഫ് മിഷൻ പദ്ധതിയിലുമുൾപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള അപേക്ഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞാൽ കൂടുതൽ ആളുകൾക്ക് പട്ടയം കൊടുക്കാൻ കഴിയും.

മറ്റൊന്ന്, തോട്ടങ്ങളുടെ സർവ്വേ നമ്പരിൽ താമസിക്കുന്ന ആൾക്കാരുണ്ട്. ഗവൺമെന്റ് നയപരമായ തീരുമാനമെടുത്താൽ മാത്രമേ അവർക്ക് പട്ടയം നൽകാൻ കഴിയൂ. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് സ്ഥായിയായ പരിഹാരമുണ്ടാകണമെങ്കിൽ റീ-സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണം. റീ-സർവ്വേ ചില വില്ലേജുകളിൽ ആരംഭിക്കുകയും നാലോളം വില്ലേജുകളിൽ ആരംഭിച്ച സർവ്വേ നടപടികൾ നിർത്തിവയ്ക്കുകയുമുണ്ടായി. ചില സ്ഥലങ്ങളിൽ പൂർത്തിയാക്കിയ സർവ്വേ റിപ്പോർട്ടുതന്നെ പബ്ലിഷ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനും റീ-സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പീരുമേട് താലൂക്കിൽ പീരുമേട്, ഏലപ്പാറ എന്നീ വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പീരുമേട് വില്ലേജിൽ ആകെയുള്ള 5508.75 ഹെക്ടർ വിസ്തീർണ്ണത്തിൽ 3805.085 ഹെക്ടർ വിസ്തീർണ്ണവും ഏലപ്പാറ വില്ലേജിന്റെ ആകെയുള്ള 7765.260 ഹെക്ടർ വിസ്തീർണ്ണത്തിൽ 1812.461 ഹെക്ടർ വിസ്തൃതിയിലും ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. റീ-സർവ്വേ റെക്കോർഡുകൾ റവന്യൂ ഭരണകൂടത്തിന് കൈമാറിയിട്ടില്ലാത്തതിനാൽ തോട്, റോഡ് എന്നിവയുടെ അതിർത്തി നിർണ്ണയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ ഇതിന് സമീപം താമസിക്കുന്ന ചില ആളുകളുടെ പട്ടയ നടപടികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മിക്ക കേസുകളിലും പഴയ litho map-ന്റെയും മറ്റും സഹായത്തോടെ അതിർത്തി തിട്ടപ്പെടുത്തി അർഹരായവർക്ക് പട്ടയം നൽകിവരുന്നുണ്ട്. തോട്, റോഡ്, പുറമ്പോക്ക്, സർക്കാർ ഭൂമി എന്നിവ നിർണ്ണയിച്ച് അതിർത്തികൾ തിട്ടപ്പെടുത്തുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിച്ച് പട്ടയ നടപടികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) തടയണ നിർമ്മാണം

ശ്രീ. ബി. സത്യൻ : സർ, വളരെ പ്രധാനപ്പെട്ടതും ഗുരുതരവുമായ ഒരു വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഡെപ്യൂട്ടി സ്പീക്കറായ അങ്ങയുടെ നിയോജകമണ്ഡലവും ശ്രീ. വി. ജോയിയുടെ നിയോജകമണ്ഡലവും ഉൾപ്പെടുന്ന രണ്ട് പ്രധാനപ്പെട്ട താലൂക്കുകളാണ് വർക്കലയും ചിറയിൻകീഴും. ഈ താലൂക്കുകളിൽ പന്ത്രണ്ടോളംവരുന്ന കുടിവെള്ള പദ്ധതികളുടെ സ്രോതസ്സ് വാമനപുരം നദിയാണ്. വാമനപുരം നദി 2016-ൽ വറ്റിവരണ്ടതുകാരണം ആ നദിയിൽ കുട്ടികൾ ക്രിക്കറ്റ് കളിക്കുന്ന നിലയിലെത്തിയിരുന്നു. നിരവധി കുടിവെള്ള പദ്ധതികൾ വാമനപുരം നദിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഞാൻ അസംബ്ലിയിലെ എല്ലാ സെഷനുകളിലും ഈ വിഷയം ഉന്നയിക്കാറുണ്ട്. വേനൽക്കാലം എത്തുന്നതിനുമുമ്പുതന്നെ ചില നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്, അതുണ്ടാകാത്തതിന്റെ ഫലമായി ഇപ്പോൾ പമ്പിംഗ് ഏതാണ്ട് നിലച്ച മട്ടാണ്. പന്ത്രണ്ടോളം പദ്ധതികൾ ഈ നദിയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കുടിവെള്ളം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കുടിവെള്ളം ലഭ്യമാക്കാൻ പറ്റുന്ന നിലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യത്തിൽ ഒരു തരത്തിലുള്ള ഇടപെടലുകളും ഉണ്ടാകാത്തതിലുള്ള വളരെ ഗുരുതരമായ വിഷയം പ്രിയപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അദ്ദേഹം റിവ്യൂ മീറ്റിംഗുകളെല്ലാം ചേരാറുണ്ട്. നിലവിലുള്ള പദ്ധതികളെ നന്നായി നടത്താൻ അങ്ങ് ഇടപെടുന്നുമുണ്ട്. പക്ഷെ അവയൊന്നും പ്രവൃത്തിപഥത്തിലെത്തുന്നില്ല. 32 കോടി രൂപ ചെലവഴിച്ചാണ് കിളിമാനൂർ കുടിവെള്ള പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കമ്മീഷൻ ചെയ്തത്. ആ പദ്ധതിക്കുള്ള സ്രോതസ്സ് കാരേറ്റ് വഴി ഒഴുകുന്ന വാമനപുരം നദിയാണ്. അവിടെ ഒരു തടയണ നിർമ്മിക്കണമെന്നതും അതിനോടൊപ്പം ആവശ്യപ്പെട്ട കാര്യമാണ്, അതും ഇതുവരെയും നടന്നിട്ടില്ല. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും അതോടൊപ്പം ഡെപ്യൂട്ടി സ്പീക്കറുടെയും മണ്ഡലമുൾപ്പെടെ വരുന്ന പ്രദേശത്തെ ഏതാണ്ട് പന്ത്രണ്ടോളം വരുന്ന പഞ്ചായത്തുകൾക്ക് കൊല്ലമ്പുഴ പൂവൻപാറ പ്രദേശത്ത് തടയണ കെട്ടി അവിടെനിന്നാണ് വെള്ളം കൊടുക്കുന്നത്. അവിടെയും ഇതുതന്നെയാണ് സ്ഥിതി. അവനവഞ്ചേരി ഭാഗത്തും കാരേറ്റ് ഭാഗത്തും അടിയന്തരമായി തടയണ സ്ഥാപിച്ചില്ലെങ്കിൽ വെള്ളംകുടി മുട്ടും. 2016-ലെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഈ വിഷയം വളരെ ഗൗരവമായെടുക്കണം. താൽക്കാലികമായി ചില കാര്യങ്ങളൊക്കെ ചെയ്യാറുണ്ട്. പക്ഷേ സ്ഥായിയായി ഈ വിഷയം പരിഹരിക്കാൻ നിരവധി തവണ വാട്ടർ അതോറിറ്റിയും മേജർ ഇറിഗേഷൻ വകുപ്പും അവരുടെതന്നെ ഇൻവെസ്റ്റിഗേഷൻ വിഭാഗവും ഇവരെ എല്ലാവരേയും കാണുകയും വേണ്ട ഇടപെടലുകൾ നിരന്തരമായി നടത്തുകയും ചെയ്തു. ഇപ്പോൾ വെള്ളത്തിന്റെ ലഭ്യത തീരെ കുറഞ്ഞുവരികയാണ്. ഈ രണ്ട് കുടിവെള്ള പദ്ധതികൾ വഴിയാണ് ആ പ്രദേശത്ത് കുടിവെള്ളമെത്തുന്നത്. കുടിവെള്ളമെത്തിക്കണമെങ്കിൽ

അടിയന്തരമായി തടയണയും അനുബന്ധമായ കാര്യങ്ങളും ചെയ്യുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. ജോയി എം.എൽ.എ., ശ്രീ. ഡി. കെ. മുരളി എം.എൽ.എ. എന്നിവരൊക്കെയുണ്ട്. ജനപ്രതിനിധികളുടെ ഒരു യോഗം വിളിക്കണമെന്നുകൂടി ഞാൻ ഇതിനോടൊപ്പം അഭ്യർത്ഥിക്കുന്നു. അടിയന്തരമായി തടയണയും അനുബന്ധ സൗകര്യങ്ങളുമുണ്ടാക്കി ലഭ്യതയനുസരിച്ച് കുടിവെള്ളം കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന വളരെ ഗൗരവമായ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ കുടിവെള്ള പദ്ധതികളുടെ പ്രധാന ജലസ്രോതസ്സ് വാമനപുരം നദിയാണ്. ജലശുദ്ധീകരണശാലകളോടുകൂടിയ ആറ് പദ്ധതികളിലും ജലശുദ്ധീകരണശാലകളില്ലാത്ത അഞ്ച് പദ്ധതികളിലുമായി ഏകദേശം 71.5 ദശലക്ഷം ലിറ്റർ ജലം ദിനംപ്രതി വിതരണം നടത്തിവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പ്രതിനിധാനം ചെയ്യുന്ന കിളിമാനൂർ മണ്ഡലത്തിൽ വരുന്ന കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ എന്നീ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി സ്റ്റേറ്റ് പ്ലാനിൽ 31 കോടി രൂപ മതിപ്പ് വരുന്ന കുടിവെള്ള പദ്ധതി ഏറ്റെടുക്കുകയും പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തുകയും ചെയ്തു. ഈ പദ്ധതിയുടെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 2016-ലെ സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയിൽ 4.4 കോടി രൂപയുടെ തടയണ നിർമ്മിക്കുന്നതിനായി എഞ്ചിനീയറിംഗ് റിപ്പോർട്ട് ഭരണാനുമതിക്കായി സമർപ്പിച്ചെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. എന്നാൽ അതിനുശേഷം വാമനപുരം നദിയിൽ തടയണ റെഗുലേറ്റർ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനമനുസരിച്ച് ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ഇറിഗേഷൻ വകുപ്പ് ചെയ്തുവരുന്നു. ഈ വേനൽക്കാലത്ത് ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ കുടിവെള്ള പദ്ധതികളുടെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളം തടഞ്ഞുനിർത്തുന്നതിനായി രണ്ട് താൽക്കാലിക തടയണകൾ ഇതിനകം നിർമ്മിച്ചുകഴിഞ്ഞു. ആറ്റിങ്ങൽ പൂവൻപാറയ്ക്ക് സമീപം 3 കോടി 60 ലക്ഷം രൂപയും കാരേറ്റ് വാമനപുരം പാലത്തിന് സമീപം 2 കോടി 96 ലക്ഷം രൂപയും ഇതിനായി ചെലവഴിച്ചുകഴിഞ്ഞു. ഈ തടയണയുള്ളതിനാൽ വേനൽക്കാലത്ത് ഒരു പരിധിവരെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്. വാമനപുരം നദി കേന്ദ്രീകരിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പദ്ധതികൾ ഭാവിയിൽ വിപുലീകരിക്കേണ്ട സാഹചര്യമുള്ളതിനാൽ പ്രസ്തുത നദിയിലെ ജലം പൂർണ്ണമായി നഷ്ടപ്പെടാതെ വേനൽക്കാലത്തേയ്ക്കുവേണ്ടി സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി പ്രസ്തുത നദിയിൽ ഒരു ഡാം നിർമ്മിക്കേണ്ടത് ഭാവിയിലെ ജലവിതരണ സംവിധാനം സുഗമമായി കൊണ്ടുപോകുന്നതിന് അത്യാവശ്യമാണ്.

ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചുകൂട്ടുന്നതാണ്. പക്ഷേ, വാമനപുരം നദിയിൽ ഡാം വന്നാൽ മാത്രമേ ഭാവിയിൽ തിരുവനന്തപുരം ജില്ലയ്ക്ക് ഗുണമുണ്ടാകുകയുള്ളൂ. അതുംകൂടി ആലോചിക്കേണ്ട സമയമായി.

## (7) കുടിവെള്ള പദ്ധതി

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ നിയോജകമണ്ഡലമായ തൃത്താലയിൽ പല സ്ഥലങ്ങളിലും ഇപ്പോഴും കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു സ്ഥലമാണ് പരുതൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിന്റെ ഒരു ഭാഗം ഭാരതപ്പുഴയും മറ്റൊരു ഭാഗം തൂതപ്പുഴയുമാണ്. ഈ രണ്ട് പുഴകളുടെയിടയിൽ കിടക്കുന്ന സ്ഥലമാണെങ്കിൽപ്പോലും ഇപ്പോഴും ഉയർന്ന പ്രദേശങ്ങളിലടക്കം കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുകയാണ്. ചെറിയ ചില കുടിവെള്ള പദ്ധതികളുണ്ട്. പക്ഷേ പഞ്ചായത്തിന് മൊത്തം പ്രയോജനം ചെയ്യുന്ന കുടിവെള്ള പദ്ധതികളില്ല. അതുകൊണ്ടുതന്നെ, വാട്ടർ അതോറിറ്റിയുടെ മുമ്പിൽ ഒരു പ്രൊപ്പോസലുണ്ട്. പരുതൂർ പഞ്ചായത്തിനും തൊട്ടടുത്ത പട്ടാമ്പി നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകൾക്കുംകൂടി പ്രയോജനം ചെയ്യുന്ന തരത്തിലുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ സർക്കാരിന്റെ മുമ്പിലുണ്ട്. ഭാരതപ്പുഴയെ ഇതിന്റെ സോഴ്സായി ഉപയോഗിക്കാൻ സാധിക്കും. അതുകൊണ്ട് സോഴ്സിനോ മറ്റ് കാര്യങ്ങൾക്കോ യാതൊരു കുഴപ്പവുമില്ല. മൂന്ന് പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പൊതുവായ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും ടാങ്കിന്റെയുമൊക്കെ സ്ഥലം കണ്ടെത്തുന്ന നടപടികൾ പഞ്ചായത്തുകൾ ഒന്നിച്ച് നടത്തി മുന്നോട്ടുപോകുകയാണ്. മഞ്ഞപ്ര എന്ന സ്ഥലത്ത് അതിന് അനുയോജ്യമായ ഏതാണ്ട് ഒന്നര ഏക്കറോളം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇനി വേണ്ടത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിലുള്ള തീരുമാനവും ഫണ്ടുമാണ്. പരുതൂർ, തിരുവേഗപ്പുറ, മുതുതല പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി ഫണ്ട് അനുവദിക്കാൻ സർക്കാർ തയ്യാറാകണം. ഇത് നബാർഡിലൂടെ ലഭിക്കുകയാണെങ്കിൽ നല്ലതാണ്. കിഫ്ബിയിലൂടെയാണെങ്കിൽ അതിന്റെ നടപടികൾ മുന്നോട്ട് കൊണ്ടു പോകേണ്ടതായിട്ടുണ്ട്. ഏതായാലും ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

അതോടൊപ്പംതന്നെ, നിലവിൽ മൂന്ന് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി തൃത്താല നിയോജകമണ്ഡലത്തിൽ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ആനക്കര, കപ്പൂർ, പട്ടിത്തറ എന്നിങ്ങനെ മൂന്ന് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി. അതിന്റെ ബാക്കി എല്ലാ സംവിധാനങ്ങളുമായിട്ടുണ്ട്. പക്ഷേ, വിചാരിച്ച രീതിയിൽ ഡിസ്ട്രിബ്യൂഷൻ

നെറ്റ്‌വർക്ക് ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ആദ്യഘട്ടത്തിൽത്തന്നെ വളരെ പരിമിതമായ രീതിയിലാണ് അതിന്റെ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകളുടെ ഇൻഫ്രാസ്ട്രക്ചർ ഒരുക്കിയത്. ഇനിയും ഒരുപാട് ദൂരത്തേയ്ക്കുകൂടി അത് ഉപയോഗപ്പെടുത്താൻ സാധിക്കും. അങ്ങനെ വന്നാൽ കൂടുതൽ കണക്ഷനുണ്ടാക്കാനും ബോർഡിന് കൂടുതൽ റവന്യൂ ഉണ്ടാക്കാനും സാധിക്കും. വളരെ പരിമിതമായ, ആയിരത്തിൽ താഴെ കണക്ഷൻസ് മാത്രമേ ഇപ്പോൾ പുതുതായി നൽകാൻ സാധിച്ചിട്ടുള്ളൂ. ഞാൻ കഴിഞ്ഞ ദിവസം അതിന്റെയൊരു റിവ്യൂ മീറ്റിംഗ് നടത്തിയിരുന്നു. ആളുകൾ കൂടുതലായി ഡിമാന്റ് ചെയ്യുന്ന സ്ഥലത്തേയ്ക്ക് ഇപ്പോഴും ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകൾ നീട്ടാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിക്കുവേണ്ടി ഈ മൂന്ന് പഞ്ചായത്തിലും 5 കോടി രൂപയുടെയെങ്കിലും ഡിസ്ട്രിബ്യൂഷൻ ലൈനുകൾ കൂടുതലായി ഇട്ട് അതുവഴി ആയിരക്കണക്കിന് ആളുകൾക്ക് പ്രയോജനം നൽകാൻ സാധിക്കും. ഈ രണ്ട് കാര്യങ്ങളും അങ്ങ് പ്രത്യേകമായി പരിഗണിക്കണമെന്നും അങ്ങയുടെ ഡിമാന്റ് ചർച്ച നടക്കുന്ന സമയത്ത് ഈ പദ്ധതികൾ പ്രഖ്യാപിക്കാൻ തയ്യാറാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, പരുതൂർ, മുതുതല, തിരുവേഗപ്പുറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട രണ്ട് പഞ്ചായത്തുകൾ എന്റെ മണ്ഡലത്തിലാണുള്ളത്. എന്റെ മണ്ഡലത്തിൽ മറ്റെല്ലാ പഞ്ചായത്തുകൾക്കും നിലവിൽ സമഗ്ര കുടിവെള്ള പദ്ധതികളായി. വല്ലപ്പുഴ കുടിവെള്ള പദ്ധതിക്ക് ഓങ്ങല്ലൂർ പഞ്ചായത്ത് പൂർണ്ണമായും സൗജന്യമായി സ്ഥലം ഏറ്റെടുത്ത് തന്നു. അതിന്റെ പ്രവർത്തനം അവസാന ഘട്ടത്തിലെത്തി. അതുപോലെതന്നെ കൊപ്പം വിളയൂർ സമഗ്ര കുടിവെള്ള പദ്ധതിക്ക് വിളയൂർ പഞ്ചായത്ത് സ്ഥലമേറ്റെടുത്ത് തന്നു. അതും അവസാനഘട്ടത്തിലാണ്. ഇതോടൊപ്പംതന്നെ പരുതൂർ, തിരുവേഗപ്പുറ, മുതുതല കുടിവെള്ള പദ്ധതിക്കുവേണ്ടി സ്ഥലമേറ്റെടുക്കാൻ എം.എൽ.എ. എന്ന നിലയ്ക്ക് ഞാൻ നേതൃത്വം കൊടുത്തുകൊണ്ട് സ്ഥലം ഏറ്റെടുക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. മുതുതല പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പല സ്ഥലങ്ങളും നോക്കി. അവസാനം തിരുവേഗപ്പുറ പഞ്ചായത്തിലെ മഞ്ഞപ്ര എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പക്ഷേ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വേണ്ട രീതിയിൽ സ്ഥലം ഏറ്റെടുത്ത് നൽകാത്തതുകൊണ്ട് ഈ പദ്ധതി നീണ്ടുപോകുകയാണ്. മീറ്റിംഗ് വിളിച്ചാൽപ്പോലും പഞ്ചായത്ത് പ്രസിഡന്റ് പങ്കെടുക്കാറില്ല. അതിനാൽ കർശന നിർദ്ദേശം കൊടുത്തുകൊണ്ട് ആ സ്ഥലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായാൽ പരിപൂർണ്ണമായും എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സമഗ്ര കുടിവെള്ള പദ്ധതിയാകും. അത് പ്രഖ്യാപിക്കാൻ പറ്റുന്ന രീതിയിൽ

വളരെവേഗത്തിൽ മുന്നോട്ട് പോകണം. അതുകൊണ്ട് ഈ സ്ഥലമേറ്റെടുക്കുന്നത് പൂർത്തീകരിക്കാൻ ബന്ധപ്പെട്ട പഞ്ചായത്തിന് കർശന നിർദ്ദേശം കൊടുക്കുകയും പദ്ധതി എത്രയുംപെട്ടെന്ന് യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, തൃത്താല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരുതൂർ ഗ്രാമപഞ്ചായത്തിനും പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുതുതല, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തുകൾക്കുംകൂടി സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലം തിരുവേഗപ്പുറ പഞ്ചായത്തിലെ മഞ്ഞപ്ര ആസാദ് സ്കൂളിന് സമീപം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ സർവ്വേ നടത്തി ഡിസൈൻ ചെയ്ത് എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയാൽ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്. ആനക്കര, പട്ടിത്തറ, കപ്പൂർ കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് ആനക്കര, പട്ടിത്തറ പഞ്ചായത്തുകളിൽ നിലവിലുള്ള വിതരണ ശൃംഖലകളിലൂടെയും കപ്പൂർ പഞ്ചായത്തിൽ ആദ്യഘട്ടത്തിൽ 45 കിലോമീറ്റർ പൈപ്പ് ലൈനുകളിലൂടെയും നിലവിലുള്ള ജലവിതരണം നടത്തിവരുന്നുണ്ട്. NRDWP രണ്ടാംഘട്ട പദ്ധതിയിലെ മിച്ചംതുക ഉപയോഗിച്ച് കപ്പൂർ ഗ്രാമപഞ്ചായത്തിൽ 31 കിലോമീറ്റർ വിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ബാക്കിവരുന്ന ഏകദേശം 50 കിലോമീറ്റർ നടപ്പിലാക്കുന്നതിന് വിശദമായ സർവ്വേയും സാധ്യതാ പഠനവും നടത്തി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി 'ജലജീവൻ' പദ്ധതി മുഖേന നടപ്പിലാക്കുന്നതാണ്. ആനക്കര, പട്ടിത്തറ പഞ്ചായത്തുകൾ സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനായി 558 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഷൊർണ്ണൂർ ഡിവിഷന് കീഴിൽ നടന്നുവരുന്നുണ്ട്. ഇനി ആ സ്ഥലം കിട്ടാൻ രണ്ട് എം.എൽ.എ.-മാരുംകൂടി പ്രത്യേകമായി ശ്രദ്ധിച്ചാൽ നമുക്ക് പെട്ടെന്നുതന്നെ ഈ പ്രവൃത്തി തുടങ്ങാൻ സാധിക്കും.

## (8) ലോ ഫ്ലോർ എ.സി. ബസ് സർവ്വീസ്

ശ്രീമതി ഗീതാ ഗോപി: സർ, സംസ്ഥാനത്തെ എട്ട് തീരദേശ നിയോജകമണ്ഡലങ്ങളായ പൊന്നാനി, ഗുരുവായൂർ, മണലൂർ, നാട്ടിക, കയ്പമംഗലം, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, പറവൂർ എന്നീ പ്രദേശങ്ങളിൽ നിന്നും ധാരാളം പ്രവാസികൾ നിരന്തരം യാത്രചെയ്യുന്ന കൊടുങ്ങല്ലൂർ-പൊന്നാനി ദേശീയപാത-66, പ്രവാസികൾക്ക് നെടുമ്പാശ്ശേരി എയർപോർട്ട് മുതൽ ഈ പ്രദേശങ്ങളിൽക്കൂടി

കടന്നുപോകുന്ന തരത്തിൽ പൊന്നാനി വഴി കോഴിക്കോട്ടേയ്ക്ക് ഒരു ലോ-ഫ്ലോർ എ.സി. ബസ് സർവ്വീസ് നടത്തുന്നതിന് അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. പ്രത്യേകിച്ചും ഈ സബ്മിഷൻ നാട്ടിക മണ്ഡലത്തിലെ പ്രവാസികൾ ഉറ്റുനോക്കുന്ന ഒന്നാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള ഒരു നാടാണിത്. പത്മശ്രീ ഡോ. എം. എ. യൂസഫലി ഉൾപ്പെടെയുള്ള വ്യക്തികൾ താമസിക്കുന്ന പ്രദേശത്ത് അദ്ദേഹമടക്കം പറയുന്ന പ്രധാനപ്പെട്ട വിഷയമാണിത്. അങ്ങ് അനുഭാവപൂർവ്വം യുക്തമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, നിലവിൽ കോഴിക്കോട് നിന്നും കോട്ടയ്ക്കൽ-കുറ്റിപ്പുറം-പൊന്നാനി-ചാവക്കാട്-ഗുരുവായൂർ-ചൊവ്വല്ലൂർപ്പടി-തൃശ്ശൂർ വഴി നെടുമ്പാശ്ശേരിയിലേയ്ക്ക് ഒരു എ.സി. ലോ ഫ്ലോർ ബസ് സർവ്വീസ് നടത്തുന്നുണ്ട്. ഒരു സർവ്വീസിന് 12,930 രൂപ മാത്രമാണ് അതിൽ നിന്ന് ലഭിക്കുന്ന വരുമാനം. ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ച ഈ റൂട്ടിൽ ഫാസ്റ്റ് പാസഞ്ചറിന് മുകളിലുള്ള ക്ലാസ് ബസ്സുകൾ പൊതുവെ ആരും ഉപയോഗിക്കുന്നില്ല. അതിനുതാഴെയുള്ള സർവ്വീസുകളിലാണ് ആളുകൾ കയറുന്നത്. എം.എൽ.എ. ഇവിടെ നിർദ്ദേശിച്ച റൂട്ടിനെപ്പറ്റി സാധ്യതാപഠനം നടത്തി അത് വിജയകരമാണോയെന്ന് പരിശോധിച്ചശേഷം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## (9) പുലമൺ മേൽപ്പാലം

ശ്രീമതി പി. അയിഷാ പോറ്റി: സർ, എം.സി. റോഡും ദേശീയപാത 744-ഉം സന്ധിക്കുന്ന കൊട്ടാരക്കര, പുലമൺ ടൗണിൽ ദീർഘകാലമായി വിവരിക്കാനാകാത്ത ഗതാഗതകുരുക്കുമൂലം പൊതുജനങ്ങൾ അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന് പരിഹാരമായി കൊട്ടാരക്കര പുലമണിൽ എം.സി. റോഡിന് പാരലലായി മേൽപ്പാലം നിർമ്മിക്കുന്നതിനായി 2019-20-ലെ സംസ്ഥാന വാർഷിക ബഡ്ജറ്റിൽ 20 കോടി രൂപ അടങ്കൽ കണക്കാക്കിക്കൊണ്ട് 4 കോടി രൂപ ടോക്കൺ വിഹിതമായി വകയിരുത്തിയിരുന്നു. തുടർന്ന് പൊതുമരാമത്തിന്റെ പാലം വിഭാഗം എഞ്ചിനീയർമാരും മറ്റുള്ളവരും വിശദമായ സ്ഥലപരിശോധന നടത്തി മേൽപ്പാല നിർമ്മാണത്തിന്റെ അന്തിമ രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാതെ, നിലവിലുള്ള കടകൾക്ക് പ്രശ്നമുണ്ടാകാതെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നപ്പോൾ അടങ്കൽത്തുക 59,74,97,000 രൂപയായി ഉയർന്നിട്ടുണ്ട്. ഈ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കൊടുത്തിട്ടുണ്ട്. അധികമായി വരുന്ന തുകകൂടി നൽകിക്കൊണ്ട് ഭരണാനുമതി നൽകി മേൽപ്പാലം യാഥാർത്ഥ്യമാക്കാനായി പണം അനുവദിച്ച് സഹായിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുലമൺ മേൽപ്പാലം അവിടത്തെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇപ്പോൾ എസ്റ്റിമേറ്റ് 20 കോടി രൂപയിൽ നിന്നും 59 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. വർദ്ധിപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് ഏപ്രിൽ മാസത്തിൽ ഭരണാനുമതി നൽകുന്നതാണ്. അധികമായി വേണ്ടുന്ന പണം അടുത്ത എസ്.ഡി.ജി.യിൽ വയ്ക്കുന്നതാണ്.

## (10) മിശ്രവിവാഹിതർക്കുള്ള സംവരണാനുകൂല്യങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, മതസ്പർദ്ധ, വർഗ്ഗീയ കലാപം, മതങ്ങൾ തമ്മിലുള്ള വിഭാഗീയത എന്നിവ പരിഹരിക്കാനുള്ള ഏറ്റവും നല്ല മാർഗം മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുക എന്നതാണ്. മതസ്പർദ്ധയും വർഗ്ഗീയ കലാപവുംമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് രാജ്യത്തിനുണ്ടാകുന്നത്. ഇതിൽ ഒരു ചെറിയ ശതമാനം മിശ്രവിവാഹിതർക്കായി മാറ്റിവച്ചാൽ ഈ ദുരന്തം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. മിശ്രവിവാഹിതർക്ക് കേരളത്തിൽ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുകയാണ് ആദ്യം വേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അടക്കം താൽക്കാലിക നിയമനങ്ങളിൽ ഒരു നിശ്ചിത ശതമാനം ഈ വിഭാഗത്തിന് നിയമംമൂലം മാറ്റിവയ്ക്കണം. മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം പലർക്കും മാനദണ്ഡപ്രകാരം ലഭിക്കുന്നില്ല, മാനദണ്ഡങ്ങൾ ലഘൂകരിക്കപ്പെടണം. സ്വയംതൊഴിൽ വായ്പ, ജീവനോപാധി എന്നിവ ലഭ്യമാക്കണം. ഭവന വായ്പകൾക്ക് മുൻഗണന നൽകണം, മിശ്രവിവാഹിതരെ അതിലൊക്കെ ഉൾപ്പെടുത്തണം. പി.എസ്.സി. നിയമനങ്ങളിൽ പരിഗണനാർഹമായ ഒരു വിഭാഗമായി മിശ്രവിവാഹിതരെ ഉൾപ്പെടുത്തണം. മിശ്രവിവാഹിതരുടെ സാമൂഹ്യ സാഹചര്യം പഠിക്കാൻ ഒരു കമ്മീഷനെയോ നിയമസഭയുടെ ഒരു കമ്മിറ്റിയെയോ ചുമതലപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പല നിയമനിർമ്മാണങ്ങൾക്കും മാതൃകയായ സംസ്ഥാനമാണ് കേരളം. മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കാൻ മഹാരാഷ്ട്ര സർക്കാർ ഒരു നിയമം നിർമ്മിക്കാൻ പോകുകയാണ്; അതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിരിക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. ദുരഭിമാനക്കൊലയിൽ രാജ്യത്ത് നാലാം സ്ഥാനത്താണ് മഹാരാഷ്ട്ര. കഴിഞ്ഞവർഷം സംസ്ഥാനത്ത് 8 ദുരഭിമാനക്കൊലകൾ നടന്നിട്ടുണ്ട്. മതംമാറി വിവാഹം കഴിച്ചതിന്റെ പേരിൽ 69 പേർ ആക്രമണത്തിനിരയായതായി

ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അവർക്ക് സാമ്പത്തിക സഹായം, മക്കൾക്ക് ഫീസിളവ്, സംവരണം തുടങ്ങിയ ആനുകൂല്യങ്ങൾക്ക് നിയമസാധുത നൽകാനും ശ്രമമുണ്ടാകണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള മിശ്രവിവാഹിതരുടെ എണ്ണം സംബന്ധിച്ച് കേരള ആസൂത്രണ ബോർഡിന്റെ 2013 നവംബറിലെ സോഷ്യോ-ഇക്കണോമിക് സ്റ്റാറ്റസ് റിപ്പോർട്ടിൽ വ്യക്തമായ കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. അതിൻപ്രകാരം അവരുടെ ജനസംഖ്യ ഒരു ലക്ഷത്തോളമാണ്. 2011-ലെ സെൻസസ് പ്രകാരം എസ്.സി./എസ്.ടി. ജനസംഖ്യ 36 ലക്ഷമാണ്. ഇവിടെ ഞാൻ ഓർമ്മിക്കുന്നത് എന്റെ സ്നേഹിതനായ ശ്രീ. ഉണ്ണികൃഷ്ണൻ പൊന്നാനി എഴുതിയ ഒരു കവിതയാണ്, കവിത ചൊല്ലാൻ എനിക്കറിയില്ലെങ്കിലും ഞാനത് വായിക്കാം.

"മതമല്ല മതമല്ല മതമല്ല പ്രശ്നം

പൊരിയുന്ന വയറിന്റെ തീയാണ് പ്രശ്നം

ഏത് മതക്കാരൻ എന്നല്ല ചോദ്യം

എങ്ങനെ ജീവിക്കുമെന്നാണ് ചോദ്യം

ഏത് മതക്കാരനെങ്കിലും സോദരാ

നമുക്ക് തമ്മിൽ ഭിന്നിപ്പ് വേണ്ട."

അതുകൊണ്ട് മിശ്രവിവാഹം പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പറെ ഇക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുകയെന്നുള്ളത് നമ്മുടെ സമൂഹത്തിൽ വളരെ കാര്യമായെടുക്കേണ്ട വിഷയമാണ്. അസംബ്ലിയിൽ അതു സംബന്ധിച്ച സബ്മിഷൻ കൊണ്ടുവരികയും അഭിപ്രായം പറയുകയും ചെയ്തതിന് അദ്ദേഹത്തെ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു; അദ്ദേഹം മിശ്രവിവാഹിതനാണെന്നുള്ള കാര്യത്തിൽ സന്തോഷിക്കുകയും ചെയ്യുന്നു. ഈ ഗവൺമെന്റ് മിശ്രവിവാഹിതർക്കുവേണ്ടി കുറേ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പൊതുവിഭാഗത്തിൽപ്പെട്ട, ഒരുലക്ഷം രൂപയിൽതാഴെ മാത്രം വാർഷിക വരുമാനമുള്ള മിശ്രവിവാഹ ദമ്പതികൾക്ക് സ്വയംതൊഴിൽ

കണ്ടെത്തുന്നതിനായി 30,000 രൂപ ധനസഹായം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചത് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരികയാണ്. മിശ്രവിവാഹിതരായ സ്ത്രീ-പുരുഷ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന്റെ കാര്യത്തിൽ അവർ ഇപ്പോൾ മുൻഗണനാ പട്ടികയിലുണ്ട്. ആ പട്ടികയിലുള്ള മുൻഗണന അനുസരിച്ചുതന്നെ അവരെ പരിഗണിച്ചുവരുന്നുണ്ട്. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാനമായും ശ്രദ്ധിക്കേണ്ടത് പലപ്പോഴും കുടുംബാംഗങ്ങൾ അതിനോട് യോജിക്കുകയില്ല എന്നുള്ള കാര്യമാണ്. അങ്ങനെ വരുമ്പോൾ താഴ്ന്ന വരുമാനക്കാരായ ആളുകൾക്ക് വിവാഹത്തിനുശേഷം പെട്ടെന്നൊരു മാർഗ്ഗം കണ്ടെത്താൻ പ്രയാസമാണ്. അത് മനസ്സിലാക്കിക്കൊണ്ട് അവർക്ക് ഒരു വർഷംവരെ താമസിക്കുന്നതിനാവശ്യമായ ഒരു സേഫ് ഹോം നിർമ്മിക്കുന്നതിനുവേണ്ടി രൂപം നൽകിയ പദ്ധതി ഏകദേശമായിട്ടുണ്ട്. അതുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അവിടെ ഒരു വർഷം താമസിക്കുന്നതിനിടയിൽ ജോലിയും താമസസ്ഥലവും കണ്ടെത്തി പോകാൻ അവർക്ക് സാധിക്കും. അവർക്ക് സുരക്ഷിതത്വം കൊടുക്കുകയെന്നുള്ളതാണ് പ്രധാനം. ഇവർക്ക് തൊഴിൽ സംവരണം നൽകുന്നതിനുള്ള ചട്ടം ഇപ്പോൾ നിലവിലില്ല. അത് കുറച്ചുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണ്. തൊഴിൽ, വിദ്യാഭ്യാസ സംവരണം എന്നിവ സാമൂഹ്യനീതി വകുപ്പിന് മാത്രമായി പരിഗണിക്കാൻ കഴിയുകയില്ല, വിപുലമായി ചർച്ചയ്ക്ക് വിധേയമാക്കണം. മിശ്രവിവാഹ ദമ്പതിമാരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ അവർക്ക് നൽകിവരുന്ന ധനസഹായം 50,000 രൂപയായിരുന്നത് ഇപ്പോൾ 75,000 രൂപയാക്കി ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭ്യമാക്കാനുള്ള വരുമാന പരിധി 40,000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്കായി ഇത്രയും കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മഹാരാഷ്ട്രയിലുള്ള നിയമം എന്താണെന്നുള്ളത് പരിശോധിക്കാം, ഞാൻ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർപേഴ്സണായിരുന്ന കാലത്ത് (2006 മുതൽ 2011 വരെ) ഇതു സംബന്ധിച്ചൊരു പഠനം നടത്തുകയും ശിപാർശ സമർപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഈ സ്ലാബ് മാറ്റി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ഇപ്പോഴത് വീണ്ടും വർദ്ധിപ്പിച്ചിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിന്റെയും നിയമ നിർമ്മാണത്തിന്റെയും കാര്യം പരിശോധിക്കാം; ആവശ്യമാണെങ്കിൽ അങ്ങനെ ചെയ്യാം. അനുഭാവപൂർവ്വംതന്നെ ഇക്കാര്യങ്ങൾ പരിഗണിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു.

12.00 Noon]

## V മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) പ്രകാരമുള്ള കടലാസുകൾ

I. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

സർ, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 393; പതിനഞ്ചാം സമ്മേളനത്തിലെ 529, 5323 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 4052; പതിനഞ്ചാം സമ്മേളനത്തിലെ 862; പതിനാറാം സമ്മേളനത്തിലെ 880, 2621, 2693 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

III. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1042; പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2463, 5506; പതിനാറാം സമ്മേളനത്തിലെ 6024 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

IV. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1642; പതിനാറാം സമ്മേളനത്തിലെ 5181 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

V. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 4633 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

# VI ധനകാര്യം

## 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ അഞ്ചാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ അഞ്ചാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| IX | വാഹന നികുതികൾ | 167,55,14,000 | …….. | 167,55,14,000 |
| XXXIII | മത്സ്യബന്ധനം | 415,63,19,000 | 212,76,00,000 | 628,39,19,000 |
| XLI | ഗതാഗതം | 69,04,07,000 | 1511,09,04,000 | 1580,13,11,000 |

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ചരക്കുലോറികളിലെയും കണ്ടെയിനർ വാഹനങ്ങളിലെയും ഓവർലോഡ് നിയന്ത്രിക്കാത്തതിനെ തുടർന്ന് അപകടങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. സി. മമ്മൂട്ടി: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വാഹന പരിശോധനയുടെ പേരിൽ ഇരുചക്രവാഹനക്കാരെ പീഡിപ്പിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളിൽ സ്ത്രീസുരക്ഷ ഏർപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(ഇതര സംസ്ഥാനങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സിലെ ജീവനക്കാർ യാത്രക്കാരെ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്യുന്ന സംഭവങ്ങളിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കാലപ്പഴക്കം ചെന്ന വാഹനങ്ങൾ സർവ്വീസ് നടത്തുന്നത് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

### സൂചക വെട്ടിക്കുറയ്ക്കൽ

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 167,55,14,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു:

7. ശ്രീ. വി. എസ്. ശിവകുമാർ
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. പി. സി. ജോർജ്

### ധനാഭ്യർത്ഥന നമ്പർ XXXIII-മത്സ്യബന്ധനം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ സബ്സിഡി നൽകുന്നതിൽ കുടിശ്ശിക വരുത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. സി. മമ്മൂട്ടി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യം വിൽക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. കെ. എൻ. എ. ഖാദർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മാർക്കറ്റുകളിൽ വിപണനം

നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഉൾനാടൻ മത്സ്യമേഖലയിൽ നല്ലയിനം മത്സ്യവിത്തുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സ്യഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സ്യമാർക്കറ്റുകൾ വൃത്തിയും വെടിപ്പും ഉള്ളതാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (തീരക്കടലിൽ കൃത്രിമ പാര് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. ടി. ജെ. വിനോദ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (തീരദേശ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച 4000 കോടി രൂപ ചെലവഴിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. വി. എസ്. ശിവകുമാർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കടലിൽ പോകുന്ന യാനങ്ങളിൽ ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഘടിപ്പിക്കാത്തതുമൂലം അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സ്യത്തൊഴിലാളികൾ വള്ളവും വലയും വാങ്ങുന്നതിനായി വൻതുക ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുക്കുന്നതുമൂലമുണ്ടാകുന്ന ബാധ്യത ജീവിതകാലം മുഴുവനും അവരെ കടക്കെണിയിലാക്കുന്ന സ്ഥിതിവിശേഷം അവഗണിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

13. ശ്രീ. പി. സി. ജോർജ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 628,39,19,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI-ഗതാഗതം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. അനിൽ അക്കര: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സർക്കാർ നടപ്പിലാക്കിയ ഇ-ബസ് പദ്ധതി പരാജയമായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. വി. ടി. ബൽറാം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മുൻ സർക്കാരിന്റെ കാലത്ത് ആയിരത്തോളം പേർക്ക് കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവറായി നിയമനം നൽകിയപ്പോൾ ഈ സർക്കാരിന്റെ കാലയളവിൽ ഒരാൾക്ക് പോലും നിയമനം നൽകാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന ഫ്ലീറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർവ്വീസുകളിൽ ഓർഡിനറി സർവ്വീസുകൾ പിൻവലിച്ച് സിറ്റിഫാസ്റ്റ് സർവ്വീസുകളാക്കി മാറ്റിയതുമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. ടിക്കറ്റ്

ഇതര വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതുമൂലം പ്രശ്നങ്ങൾ ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മത്സരഓട്ടംമൂലം വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതുമൂലം പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മോട്ടോർ വാഹന വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. സി. മമ്മൂട്ടി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (പതിനായിരക്കണക്കിന് മലയാളികൾ ജോലിനോക്കുന്ന ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ നടത്താത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. റോജി എം. ജോൺ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഗതാഗത പരിശോധന കർശനമാക്കാൻ സാധിക്കാത്തതുമൂലം സംസ്ഥാനത്തെ റോഡപകടങ്ങളുടെ നിരക്ക് വലിയ തോതിൽ വർദ്ധിക്കാനിടയാക്കിയിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാന, അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ആഡംബര ബസ്സുകൾ സ്റ്റേജ് കാര്യേജ് ആയി സർവ്വീസ് നടത്തി ചരക്ക് കടത്തി നികുതി വെട്ടിപ്പ് നടത്തുന്നത് തടയാൻ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. ശ്രീ. സണ്ണി ജോസഫ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മോട്ടോർ വാഹന നിയമം ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനും നിയോഗിച്ച സ്പെഷ്യൽ സ്ക്വാഡ് സംവിധാനം കാര്യക്ഷമമല്ലാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (ഉൾനാടൻ ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

15. ശ്രീ. പി. സി. ജോർജ്: ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1580,13,11,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചകൾ ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, വാഹന നികുതി, മത്സ്യബന്ധനം, ഗതാഗതം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്ന് നാല് വർഷം പൂർത്തിയാകാൻ പോകുകയാണ്. ദേശീയതലത്തിൽ കേന്ദ്രഗവൺമെന്റിന്റെ വികലമായ നയങ്ങളും മറ്റ് പ്രതികൂല സാഹചര്യങ്ങളും സൃഷ്ടിച്ച പ്രതിസന്ധിക്കിടയിലും എൽ.ഡി.എഫ്. സർക്കാർ അതിന്റെ പ്രഖ്യാപിത നയങ്ങൾ ഓരോന്നോരോന്നായി നടപ്പിലാക്കി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഈ ഗവൺമെന്റിന്റെ നയങ്ങൾ തികച്ചും അഭിമാനകരം തന്നെയാണ്. ഈ പ്രതിസന്ധിക്കിടയിലും കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാക്കാൻ കഴിഞ്ഞുവെന്ന കാര്യം ഈ വർഷത്തെ സാമ്പത്തിക സർവ്വെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സാമ്പത്തിക വളർച്ച 5.7 ശതമാനമായി വർദ്ധിച്ചു, ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഇതിനായി മത്സ്യമേഖല വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. സർവ്വെ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുള്ള രണ്ട് മേഖലകളാണ് വ്യവസായമേഖലയും മത്സ്യമേഖലയും. 590 കി.മീ. ദൈർഘ്യമുള്ളതാണ് നമ്മുടെ തീരദേശമേഖല. ഈ തീരദേശമേഖലകളിൽ അധിവസിക്കുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുന്നതിന് നിരവധി പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ മേഖലയിലെ ജനങ്ങളുടെ പിന്തുണയും സഹായവും യഥേഷ്ടം ലഭിക്കുന്നുമുണ്ട്. ദേശീയതലത്തിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതായിട്ടാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ആ മേഖലയുടെ വികസനത്തിനായി സമീപകാലത്ത് നടത്തിയ പരിശ്രമങ്ങളുടെ ഫലമായി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. അതിൽ മത്സ്യകൃഷി പ്രധാന പങ്ക് വഹിക്കുന്നുവെന്ന് നമുക്കറിയാം. മത്സ്യസമ്പത്ത് കുറഞ്ഞുവരികയും നിരവധി ഇനം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ഭക്ഷ്യ ആവശ്യങ്ങൾക്കും ആരോഗ്യപരിപാലനത്തിനും മത്സ്യവും മാംസവും ഒഴിച്ചുകൂടാനാകാത്ത കാര്യങ്ങളാണ്. കേരളത്തിൽ മത്സ്യകൃഷിക്ക് വലിയ സാധ്യതകളാണുള്ളത്. അതിനുതകുന്ന ജലാശയങ്ങൾ ധാരാളമായിട്ടുണ്ട്. ഒരു കാലത്ത് 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കിയിരുന്നു. പക്ഷേ അതേ രീതിയിൽ തുടർന്നു പോകാൻ സാധിച്ചില്ല. മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ പൂർണ്ണമായും ഉപയോഗിക്കാനാവശ്യമായ പദ്ധതി ഇവിടെയുണ്ടാകണം. അങ്ങനെ ചെയ്താൽ മത്സ്യകൃഷി ഇന്നുള്ളതിനെക്കാൾ

എത്രയോ മടങ്ങ് വർദ്ധിപ്പിക്കാൻ സാധിക്കും. ഇതു സംബന്ധിച്ച് നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അതിനും ഗവൺമെന്റ് തയ്യാറാകണം, പ്രത്യേകിച്ച് ഫിഷറീസ് വകുപ്പ് മുൻകയ്യെടുക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മത്സ്യമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിരവധി പദ്ധതികളുണ്ട്. അവ ഓരോന്നായി എടുത്തുപറയാൻ ഉദ്ദേശിക്കുന്നില്ല. തീരദേശവാസികളെ സംബന്ധിച്ചിടത്തോളം ഓഖി ദുരന്തത്തിന്റെ ഘട്ടത്തിലും അതിനുശേഷവും ആയിരക്കണക്കിനാളുകൾക്ക് അവിടെ താമസിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി 'പുനർഗേഹം' എന്ന പദ്ധതി നടപ്പാക്കുകയാണ്. അതിന്റെ ഭാഗമായി തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുകയാണ്. അതിനുവേണ്ടി പണം വകയിരുത്തിയിട്ടുണ്ട്. അങ്ങനെ ഓരോ കുടുംബത്തിനും സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതമാണ് അനുവദിക്കുന്നത്. ഈ പദ്ധതി മത്സ്യത്തൊഴിലാളികൾക്കിടയിൽ, പ്രത്യേകിച്ച് തീരദേശ വാസികൾക്കിടയിൽ ഏറെ സ്വീകാര്യമായിട്ടുള്ള ഒരു കാര്യമാണ്. മത്സ്യമേഖലയിൽ കയറ്റുമതിക്ക് ഏറെ പ്രാധാന്യമുണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതിന്റെ ഭാഗമായി വരുമാനമുണ്ടാക്കുന്നതിനും വേണ്ടി മത്സ്യക്കയറ്റുമതി പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൊച്ചി ആസ്ഥാനമായും കണ്ണൂർ, കൊല്ലം തുടങ്ങിയ ജില്ലകൾ കേന്ദ്രമാക്കിക്കൊണ്ടും പ്രവർത്തിച്ചുവന്നിരുന്ന മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി എന്ന സ്ഥാപനമുണ്ട്. അതിൽ കൊല്ലം കണ്ണൂർ ജില്ലകളിലുള്ള മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ഓഫീസുകൾ നിർത്തലാക്കാനുള്ള തീരുമാനമെടുക്കുകയും തൊഴിലാളികൾ ഒഴിഞ്ഞു പോകുകയുമാണ്. ഇത് കയറ്റുമതിക്കാവശ്യമായ മത്സ്യഉല്പാദനത്തെ പ്രതികൂലമായി ബാധിക്കും. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പും സംസ്ഥാന ഗവൺമെന്റും ഇടപെട്ട് കണ്ണൂരിലെയും കൊല്ലത്തെയും ഓഫീസുകൾ അവിടെത്തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മത്സ്യമേഖലയിൽ ഏറെ പ്രാധാന്യമുള്ള ഇത്തരം പദ്ധതികൾ നടപ്പിലാക്കി മുന്നോട്ടു പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. തീരദേശ മേഖലകളിലും ഉൾനാടൻ മേഖലകളിലുമുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അത്തരം പദ്ധതികളെല്ലാം സ്വാഗതം ചെയ്യപ്പെട്ടിട്ടുള്ള കാര്യമാണ്. മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ അത്തരം പദ്ധതികൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണമെന്ന്

ഞാൻ അഭ്യർത്ഥിക്കുകയാണ്. വാഹന ഗതാഗത മേഖലയിൽ വാഹന നികുതി വകുപ്പും വാഹന ഗതാഗത വകുപ്പും നിരവധി പദ്ധതികളുമായി മുന്നോട്ടുപോകുന്നുണ്ട്. വാഹനാപകടങ്ങൾ കൂടി വരുന്ന സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അവ കുറയ്ക്കാനും ഗതാഗതം സുഗമമാക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിൽപ്പോലും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. വാഹന ഗതാഗത വകുപ്പിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനായി കൂടുതൽ ഓഫീസുകൾ സജ്ജീകരിക്കണം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം 13 സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ സാധിച്ചു. അതിൽ 6 എണ്ണം പ്രവർത്തിച്ചു തുടങ്ങിയിട്ടുമുണ്ട്. എന്റെ മണ്ഡലമായ പയ്യന്നൂരിൽ ഉൾപ്പെടെ കഴിഞ്ഞതവണ പ്രഖ്യാപിച്ചിട്ടുള്ള സബ് ആർ.ടി. ഓഫീസുകളുടെ പ്രവർത്തനം വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. അഭിനന്ദനാർഹമായിട്ടുള്ള നിരവധി കാര്യങ്ങൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ നാല് മിഷനുകൾ, ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദമായി പറഞ്ഞതാണ്. പ്രതിപക്ഷത്തുള്ളവർ ലൈഫ് പദ്ധതിയെ ഇകഴ്ത്തികാണിക്കുന്നതിനുവേണ്ടി ഇതെല്ലാം കള്ളപ്രചരണമാണെന്ന് വരുത്തിതീർക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ മണ്ഡലത്തിലും ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ പ്രത്യേകമായി പരിശോധിച്ചാൽ വസ്തുത മനസ്സിലാക്കാൻ സാധിക്കും. എന്റെ മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി 1500 പേർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. പയ്യന്നൂർ നഗരസഭയിൽനിന്നുമാത്രം 697 വീടുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയും 514 വീടുകളുടെ താക്കോൽദാനം നിർവ്വഹിക്കുകയും ചെയ്തു. അവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ടുള്ള അനുമോദന ചടങ്ങിനുശേഷമാണ് നിയമസഭാ സമ്മേളനത്തിനായി ഞങ്ങൾ ഇവിടെ വന്നത്. ഈ പദ്ധതികളിൽ ഉൾപ്പെടുന്നവർ നല്ല അടച്ചുറപ്പുള്ള, താമസയോഗ്യമായ സ്വന്തം വീടുകളിലേയ്ക്ക് മാറി താമസിക്കുമ്പോൾ ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്ന തരത്തിലുള്ള പ്രചരണങ്ങളുമായി എങ്ങനെയാണ് നിങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുന്നത്? ഇത് ഒരിക്കലും ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച്, പ്രത്യേകിച്ച് കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കിഫ്ബിയിൽ ഒന്നും നടക്കുന്നില്ല, എല്ലാം തുടങ്ങിവച്ചിട്ടേയുള്ളൂ എന്നുള്ള പരാമർശങ്ങൾ ചിലർ ഉന്നയിച്ചു. ഞങ്ങളുടെ അനുഭവം അങ്ങനെയല്ല. നിർമ്മാണ പ്രവർത്തനങ്ങൾ

നടക്കാത്ത ഏതെങ്കിലും മണ്ഡലമുണ്ടെന്ന് പറയാൻ സാധിക്കില്ല. എന്റെ മണ്ഡലത്തിലെ അടിസ്ഥാന വികസന കാര്യത്തിൽ എടുത്തുപറഞ്ഞിട്ടുള്ള കാര്യമാണ് മലയോര ഹൈവേയുടെ നിർമ്മാണം. മലയോര ഹൈവേയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ചെറുപുഴ-വള്ളിത്തോട് 64 കി.മീ. റോഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചുകഴിഞ്ഞു. ഈ മാസം അതിന്റെ ഉദ്ഘാടനം നടത്താൻ പോകുകയാണ്. വെള്ളൂർ-കക്കറ-കടുക്കാരം റോഡിന്റെ നിർമ്മാണം പൂർത്തിയായി; ഈ മാസം ഉദ്ഘാടനം ചെയ്യുന്നതാണ്. അതുപോലെ കാങ്കോൽ-ചീമേനി റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി; ഈ മാസം ഉദ്ഘാടനം ചെയ്യുന്നതാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെറുപുഴ-മഞ്ഞക്കാട്-തിരുമേനി-മുതുവം റോഡിന്റെ നിർമ്മാണം ഈ മാസം പൂർത്തീകരിക്കുന്നതാണ്. അങ്ങനെ നിരവധി പദ്ധതികൾ ആരംഭിക്കുകയും ജാഗ്രതയോടുകൂടി നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗ്യമാക്കാൻ സാധിക്കത്തക്കനിലയിൽ മുന്നോട്ടുപോകുകയും ചെയ്യുമ്പോൾ പ്രതിപക്ഷത്തുള്ളവർ ഇത്തരം കാര്യങ്ങൾ മറച്ചുവച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് അവരുടെ രാഷ്ട്രീയ ദൗത്യമായിരിക്കാം; പക്ഷേ ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നാലുവർഷക്കാലം പൂർത്തിയാകുമ്പോൾതന്നെ അഞ്ചുവർഷക്കാലം കൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതികളിൽ 90 ശതമാനവും പൂർത്തിയാകാൻ പോകുന്നുവെന്നത് തികച്ചും അഭിമാനകരമായിട്ടുള്ള കാര്യമാണ് എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മാത്യു ടി. തോമസ്)

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, 2020-21 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ഗതാഗതം, മത്സ്യബന്ധനം, വാഹന നികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

മത്സ്യമേഖലയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കേരളത്തിലെ മത്സ്യബന്ധന മേഖലയാകെ കടുത്ത ദുരിതത്തിലാണ്. ജൂൺ, ജൂലൈ മാസങ്ങൾ കടലാക്രമണം അതിരൂക്ഷമാകുന്ന സമയമാണ്. കടലാക്രമണം തടയുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ യാതൊരു നടപടികളുമുണ്ടാകുന്നില്ല. മത്സ്യബന്ധന മേഖലയെ സംരക്ഷിക്കേണ്ടത് ഫിഷറീസ് വകുപ്പിന്റെ ചുമതലയാണ്. എന്നാൽ കടലാക്രമണ ഭാഗത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനോ കാലപ്പഴക്കംമൂലം നശിച്ചിരിക്കുന്ന പുലിമുട്ടുകളും കടൽഭിത്തികളും പുനർനിർമ്മിക്കുന്നതിനോ മേജർ ഇറിഗേഷൻ വകുപ്പ് നടപടികൾ

സ്വീകരിക്കുന്നില്ല. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കേണ്ട ഫിഷറീസ് വകുപ്പ് തങ്ങളുടെ ഉത്തരവാദിത്വമല്ലെന്ന് പറഞ്ഞ് മാറിനിൽക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. അതിനാൽ കടൽഭിത്തി, പുലിമുട്ട് നിർമ്മാണങ്ങളുടെ ഉത്തരവാദിത്വം ഫിഷറീസ് വകുപ്പ് ഏറ്റെടുക്കുകയോ അല്ലെങ്കിൽ മേജർ ഇറിഗേഷൻ വകുപ്പുമായി ഏകോപനമുണ്ടാക്കി തീരദേശ മേഖലയെ സംരക്ഷിക്കുന്നതിന് തയ്യാറാകുകയോ ചെയ്യണം. കേരളത്തിലെ 590 കി.മീ. ദൈർഘ്യമുള്ള തീരദേശത്തിൽ, ഏകദേശം 350 കി.മീ. ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. അതിനാൽ സംസ്ഥാനത്തെ തീരദേശ മേഖലയുടെ സംരക്ഷണത്തിന് കേന്ദ്രസഹായം ഉറപ്പാക്കി കിഫ്ബി മുഖേനയോ മറ്റ് സ്രോതസ്സുകളോ കണ്ടെത്തി കടലാക്രമണ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ സമഗ്രമായ തീരദേശ സംരക്ഷണ പദ്ധതി തയ്യാറാക്കണം. എന്റെ നിയോജകമണ്ഡലമുൾപ്പെടുന്ന പൂന്തുറ മുതൽ വേളി വരെയുള്ള പ്രദേശം അതിരൂക്ഷമായ കടലാക്രമണമുണ്ടാകുന്ന മേഖലയാണ്. പൂന്തുറയിൽ പുലിമുട്ട് തകർന്നിട്ട് വർഷങ്ങളായി. ബീമാപള്ളി, ചെറിയതുറ പ്രദേശത്തെ പുലിമുട്ട് നിർമ്മാണം പാറയുടെ ദൗർലഭ്യംമൂലം അഞ്ചുവർഷമായി ഇഴഞ്ഞുനീങ്ങുകയാണ്. എത്രയുംവേഗം അത് പൂർത്തീകരിക്കാൻ നടപടിയുണ്ടാകണം. ശംഖുംമുഖം പ്രദേശത്ത് റോഡ് തകർന്നിട്ട് മൂന്നുനാല് വർഷങ്ങളായി. വലിയതുറ മുതൽ വെട്ടുകാട് വരെയുള്ള പ്രദേശത്ത് ഇപ്പോൾ കടലാക്രമണം രൂക്ഷമാണ്. അതിന് അടിയന്തര പരിഹാരം കാണണം. ഭവന പദ്ധതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കടലാക്രമണത്തിൽ കിടപ്പാടം കടലെടുക്കുമ്പോൾ നിസ്സഹായരായി നോക്കിനിൽക്കാൻ മാത്രമേ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞിരുന്നുള്ളൂ. സ്വന്തം ജീവൻ തൃണവൽഗണിച്ച് പ്രളയബാധിത മേഖലകളിൽ നിസ്സഹായരായിനിന്ന പതിനായിരങ്ങളെ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ നിരാലംബരായി കഴിയുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വലിയതുറ യു.പി. സ്കൂൾ, വലിയതുറ ഫിഷറീസ് സ്കൂൾ, ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ നൂറുകണക്കിന് ആളുകളാണ് കടലാക്രമണത്തെത്തുടർന്ന് വീടുകൾ നഷ്ടപ്പെട്ട് കഴിയുന്നത്. അവർക്ക് വീട് വച്ചുകൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ബീമാപള്ളി മേഖലയിലെ 216 കുടുംബങ്ങൾ പള്ളി കോമ്പൗണ്ടിനുള്ളിലും മദ്രസ്സയിലും ബന്ധുവീടുകളിലുമായി താമസിക്കുന്നു. ബീമാപള്ളി നെറ്റ് ഫാക്ടറിക്ക് സമീപം ഇരുപത് ഏക്കറോളം സ്ഥലമുണ്ട്. ഇവർക്ക് അവിടെ വീട് നിർമ്മിച്ച് നൽകണം. ശബരിയാർ പള്ളിക്ക് സമീപം സ്ഥലം നൽകാമെന്നാണ് സർക്കാർ പറയുന്നത്. തദ്ദേശവാസികൾ അത് അനുവദിക്കുന്നില്ലെന്നും ബീമാപള്ളിക്കാർ അങ്ങോട്ട് പോകില്ലെന്നുമാണ് പറയുന്നത്. ഗവൺമെന്റ് ഇക്കാര്യം ശ്രദ്ധിക്കണം. മറ്റൊരു പ്രധാന കാര്യം, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മത്സ്യമേഖലയിൽ 1,27,000 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം മത്സ്യമേഖലയിൽ അമ്പതിനായിരത്തോളം വീടുകൾ മാത്രമാണ്

നിർമ്മിച്ചുനൽകിയത്. അതിന് പ്രധാനകാരണം ആ മേഖലയ്ക്ക് പ്രത്യേകമായ പ്രാധാന്യം നൽകുന്നില്ല എന്നുള്ളതാണ്. എല്ലാം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി. ലൈഫ് പദ്ധതിയിൽനിന്നും മാറ്റി കഴിഞ്ഞ കാലഘട്ടങ്ങളിലേതു പോലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ഭവനപദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനായി പത്ത് ലക്ഷം രൂപ ഗവൺമെന്റ് നൽകുന്നുണ്ട്. നഗരപ്രദേശങ്ങളിൽ എങ്ങനെയാണ് പത്ത് ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങുന്നത്? അതുകൊണ്ട് നഗരപ്രദേശങ്ങൾക്ക് പത്ത് ലക്ഷം രൂപ കൂടുതൽ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഓഖി ദുരന്തത്തിൽ കാണാതായ 36 പേരുണ്ട്. മത്സ്യഫെഡ് ഇൻഷ്വറൻസ് തുകയായ പത്ത് ലക്ഷം രൂപ ഇതുവരെ കുടുംബാംഗങ്ങൾക്ക് നൽകിയിട്ടില്ല. അത് നൽകുന്നതിനുള്ള നടപടിയുണ്ടാകണം. എല്ലാവർക്കും ജോലി നൽകിയിട്ടില്ല; അതിനുള്ള നടപടിയുമുണ്ടാകണം. ഓഖി ദുരന്തമുണ്ടായപ്പോൾ കേന്ദ്രസർക്കാരിന് 7340 കോടി രൂപയുടെ പാക്കേജ് സമർപ്പിച്ചിരുന്നു. അത് ലഭ്യമാക്കുന്നതിനുള്ള നടപടികളൊന്നും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നില്ല, അത് നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഓഖി ദുരന്തത്തിനുശേഷം രണ്ടായിരം കോടി രൂപയുടെ സമഗ്ര തീരദേശ പാക്കേജ് പ്രഖ്യാപിച്ചു. ഓഖി ദുരന്തമുണ്ടായി രണ്ടുവർഷം കഴിഞ്ഞിട്ടും അതിന്റെ ഡി.പി.ആർ. പോലും തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ഡി.പി.ആർ. തയ്യാറാക്കി ആ പദ്ധതി അടിയന്തര പ്രാധാന്യത്തോടുകൂടി പ്രഖ്യാപിക്കണം. ഓരോ ബഡ്ജറ്റിലും ധനകാര്യ വകുപ്പുമന്ത്രി ആയിരം കോടി രൂപ പ്രഖ്യാപിക്കുന്നുണ്ട്. പ്രഖ്യാപനമല്ലാതെ ഒരു രൂപപോലും ഇതുവരെ നൽകിയിട്ടില്ല. മത്സ്യമേഖലയെ സഹായിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പൂന്തുറ, പൊഴിയൂർ, വിഴിഞ്ഞം, മരിയനാട്, അഞ്ചുതെങ്ങ് എന്നിവിടങ്ങളിലുള്ള നാൽപ്പതോളം മത്സ്യത്തൊഴിലാളികൾ ഇറാനിൽ കുടുങ്ങിയിരിക്കുകയാണ്. അവർ ദയനീയസ്ഥിതിയിലാണ്. അവർ നമ്മളോട് സംസാരിക്കുന്നുണ്ട്. കൊറോണ ബാധയുമായി ബന്ധപ്പെട്ടാണ് അവരെ ബന്ധനസ്ഥരാക്കിയിരിക്കുന്നത്. അവരെ അടിയന്തരമായി നാട്ടിൽ കൊണ്ടുവരുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യും വാട്ടർ അതോറിറ്റിയും കെ.എസ്.ഇ.ബി.-യും അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ജനങ്ങളുടെ നിത്യജീവിതത്തിൽ നിന്ന് മാറ്റി നിർത്താൻ കഴിയാത്ത ഈ സേവന മേഖലകളെ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിന് കഴിഞ്ഞ നാലുവർഷക്കാലം അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഒന്നും ചെയ്തിട്ടില്ല. ഇപ്പോഴും അതുതന്നെയാണ്

സംഭവിച്ചത്. യു.ഡി.എഫ്. സർക്കാർ കാലാവധി കഴിഞ്ഞിറങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ 2130 കോടി രൂപയായിരുന്ന കടമെങ്കിൽ ഇപ്പോൾ 4320 കോടി രൂപയാണ് കടം. അതുപോലെ വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ 2291 കോടി രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡിൽ 5500 കോടി രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. 2021-22 ആകുമ്പോൾ 7083 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ റിപ്പോർട്ട് നൽകിയിരിക്കുന്നത്. നഷ്ടം പന്ത്രണ്ടായിരം കോടി രൂപയിൽ എത്തുമ്പോൾ കെ.എസ്.ഇ.ബി. companies act പ്രകാരം ലിക്വിഡേറ്റ് ചെയ്യേണ്ട സാഹചര്യം വരും. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ബഡ്ജറ്റിലൂടെ അതിനെ പിടിച്ചുനിർത്തുന്നതിന് നടപടികളുണ്ടാകുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ദിനംപ്രതി 35 ലക്ഷം ആളുകൾ യാത്ര ചെയ്തുകൊണ്ടിരുന്നത് ഇപ്പോൾ 27 ലക്ഷമായി കുറഞ്ഞു. കാരണം, സൗകര്യമൊന്നുമില്ലാത്തതുകൊണ്ടാണ്. അയ്യായിരം ബസ്സുകളുണ്ടായിരുന്നിടത്ത് ഇപ്പോൾ നാലായിരം ബസ്സുകൾ മാത്രമേയുള്ളൂ. ചുരുക്കത്തിൽ ഇപ്പോൾ ജനങ്ങൾക്ക് യാത്രാ സൗകര്യമില്ല. ജീവനക്കാർക്ക് അതിലേറെ ദുരിതവും. 45 മാസത്തെ ഈ ഗവൺമെന്റിന്റെ ഭരണത്തിന്റെ ബാക്കിപത്രം ഇതാണ്. 24 മണിക്കൂർ സമയം തന്നാൽ കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തി കാണിച്ചുതരാമെന്ന് അന്ന് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് അന്നത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതാണ്. 2017-ലെ ബഡ്ജറ്റിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള പ്രവർത്തനം സുശീൽഖന്ന റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ മൂന്നുവർഷത്തിനകം കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തുല്യമാക്കും, നഷ്ടം നികത്തും എന്നൊക്കെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. ഇപ്പോൾ ശമ്പളവും പെൻഷനും കൊടുക്കുന്നില്ല. കെ.എസ്.ആർ.ടി.സി. സർക്കാരിന്റെ പരാജയമാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ചാനൽ ചർച്ചയിൽ പറഞ്ഞത്. എന്നുമാത്രമല്ല, കെ.എസ്.ആർ.ടി.സി. ഇടിച്ചുനിൽക്കുമെന്നും അദ്ദേഹം പറഞ്ഞിരിക്കുകയാണ്. എന്താണ് ഇതിന്റെ സ്ഥിതിവിശേഷം? ഗവൺമെന്റിന് ഉത്തരവാദിത്വമില്ലേ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5-ാം തീയതിക്കുമുമ്പ് ശമ്പളം നൽകിയിരുന്നു. പതിമൂന്ന് മാസം ഞാൻ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളാണ്. ആ കാലയളവിൽ അഞ്ചാം തീയതിക്കകം ശമ്പളവും പെൻഷനും നൽകിയിരുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ആര്യാടൻ മുഹമ്മദും ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോൾ അങ്ങനെ തന്നെയായിരുന്നു. ശമ്പളം ഇൻസ്റ്റാൾമെന്റായി നൽകുന്ന ലോകത്തെ ഏക സംസ്ഥാനം കേരളമായിരിക്കും. ഞാൻ ഡ്രൈവേഴ്സ് യൂണിയൻ പ്രസിഡന്റാണ്.

ശമ്പളം കിട്ടാതിരുന്ന സാഹചര്യത്തിൽ ഐ.എൻ.ടി.യു.സി.-യും ഡ്രൈവേഴ്സ് യൂണിയനും സി.ഐ.ടി.യു.-വും എ.ഐ.ടി.യു.സി.-യും ഒന്നിച്ച് കഴിഞ്ഞ ഡിസംബർ 5-ാം തീയതി മുതൽ ഒരുമാസം സമരം നടത്തി. അപ്പോൾ അങ്ങ് നൽകിയ ഉറപ്പെന്താണ്? 5-ാം തീയതിക്കകം ശമ്പളം നൽകുമെന്നാണ്. നാളെ 5-ാം തീയതിയാണ്; ഈ മാസം ഇതുവരെ ശമ്പളം നൽകിയിട്ടില്ല. നാളെയെങ്കിലും നൽകാൻ സാധിക്കുമോയെന്ന് അങ്ങ് പറയണം. ബഹുമാനപ്പെട്ട മന്ത്രി പറയുന്ന ഉറപ്പ് പാലിക്കണം. ശമ്പള പരിഷ്കരണമുൾപ്പെടെയുള്ള ആവശ്യങ്ങൾ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് പാക്കേജുണ്ടാക്കുമെന്ന് പറഞ്ഞു. രണ്ട് മാസം കഴിഞ്ഞിട്ടും ചർച്ചയുമില്ല, പാക്കേജുമില്ല, ശമ്പളവുമില്ല, ശമ്പള പരിഷ്കരണവുമില്ല. ശമ്പള പരിഷ്കരണ കരാർ 28-2-2016-ൽ അവസാനിച്ചു. 24% കുടിശ്ശികയുള്ള രണ്ട് ഗഡു ഡി.എ. കൊടുക്കുന്നില്ല. കഴിഞ്ഞ സമ്മേളനത്തിൽ ഞാനിത് പറഞ്ഞതാണ്. അസംബ്ലിയിൽ നടത്തുമെന്നുപറയുന്ന കാര്യങ്ങളൊന്നും നടപ്പിലാക്കുന്നില്ല. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 42000 ജീവനക്കാരുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ 30000 ജീവനക്കാർ മാത്രമാണുള്ളത്. പതിനായിരത്തോളം പേരെ ഈ ഗവൺമെന്റ് വന്നതിനുശേഷം പിരിച്ചുവിട്ടു. ഞാനും മന്ത്രിയായിരുന്ന സമയത്ത് നാലായിരം എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അത് ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് 20135 പേരെ പി.എസ്.സി. വഴി നിയമിച്ചു. ഇപ്പോൾ 1140 കണ്ടക്ടർമാരെ മാത്രമാണ് പി.എസ്.സി. വഴി നിയമിച്ചിട്ടുള്ളത്. ഒരു വർഷം ആയിരം ബസ്സുകൾ എല്ലാ കാലഘട്ടത്തിലും ഇറക്കിയിരുന്നു. ഇപ്പോൾ ആളുകൾക്ക് സഞ്ചരിക്കാൻ ബസ്സില്ല. നാലുവർഷക്കാലമായി ഇറക്കിയത് ആകെ 101 ബസ്സുകൾ മാത്രമാണ്. 420 വണ്ടികളുടെ പെർമിറ്റ് ഈ മാസം തീരുമ്പോൾ എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ് വണ്ടികൾക്ക് പകരം എന്ത് സംവിധാനമാണ് ഒരുക്കുന്നത്?

<u>മി. ചെയർമാൻ</u>: അങ്ങേയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, സ്വകാര്യ മുതലാളിമാരുടെ ബസ്സുകളും അവരുടെ ജീവനക്കാരെയുൾപ്പെടെ ഏറ്റെടുക്കാനാണ് കെ.എസ്.ആർ.ടി.സി. ആലോചിക്കുന്നത്. ഞാൻ അവിടത്തെ ഡ്രൈവേഴ്സ് യൂണിയൻ പ്രസിഡന്റാണ്. കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവത്കരിക്കാൻ തൊഴിലാളികളും കേരളത്തിലെ ജനങ്ങളും അനുവദിക്കില്ലെന്ന് വ്യക്തമായി പറയാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ ഇപ്പോൾ റോഡപകടങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്. ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക എന്ന സംവിധാനം വീണ്ടും കൊണ്ടുവരണം. കാരണം രാത്രി ഒരു ഡ്രൈവർമാത്രം വണ്ടി ഓടിക്കുന്നതുകൊണ്ടാണ് കൂടുതൽ

അപകടങ്ങളുണ്ടാകുന്നത്. രണ്ട് ഡ്രൈവർമാരെ നിയമിച്ചാൽ അവർ മാറിമാറി വണ്ടി ഓടിക്കുമ്പോൾ അപകടം കുറയുന്ന സാഹചര്യമുണ്ടാകും. കെ.എസ്.ആർ.ടി.സി. ജീവനക്കാർ വലിയ തോതിലുള്ള മാനസിക സംഘർഷമാണ് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. എഴുപതോളം ആളുകൾ ആത്മഹത്യ ചെയ്തു. 350-ഓളം ആളുകൾ ഈ നാല് വർഷക്കാലംകൊണ്ട് മരിച്ചു. ഒരു ദിവസം നാലുപേർ വീതം ഹൃദ്രോഗ ബാധിതരായി ആശുപത്രിയിൽ പ്രവേശിക്കുകയാണ്. ചികിത്സാ സഹായമായി അവർക്ക് ഒരു രൂപപോലും കൊടുക്കുന്നില്ല. ജീവനക്കാർക്കായുള്ള ചികിത്സാ സഹായം നിർത്തിവച്ചിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കെ.എസ്.ആർ.ടി.സി.-യിലും നടപ്പിലാക്കണം. ആശ്രിത നിയമനം നിർത്തിവച്ചിരിക്കുകയാണ്. പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങളൊന്നും കൊടുക്കുന്നില്ല, ആകപ്പാടെ തകർന്ന ഒരു സ്ഥിതിവിശേഷത്തിലൂടെയാണ് കെ.എസ്.ആർ.ടി.സി. ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ഭരണപരാജയംകൊണ്ട് റഫറണ്ടം നടത്തുന്നില്ല. ഇതിനായി ഭരണകക്ഷിയുടെ അനുമതിക്ക് പോയിട്ട് പത്ത് മാസം കഴിഞ്ഞു. അടിയന്തരമായി റഫറണ്ടം നടത്തണം. അതുകൊണ്ട് തൊഴിലാളികൾ മുഴുവൻ ഗവൺമെന്റിന് എതിരാകുമെന്നു പറഞ്ഞ് റഫറണ്ടം മാറ്റിമാറ്റിക്കൊണ്ടു പോകുകയാണ്. റഫറണ്ടം നടത്താൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് അങ്ങ് പറയണം.

റോഡപകടങ്ങളും മരണങ്ങളും കുറയ്ക്കാൻ 2018-ൽ കുറേ തസ്തികകൾ സൃഷ്ടിച്ചു. 2019-ൽ 'സേഫ് കേരള പദ്ധതി' ഗതാഗത വകുപ്പ് നടപ്പിലാക്കി. എന്നിട്ടും 2018-നെ അപേക്ഷിച്ച് 2019-ൽ കൂടുതൽ അപകട മരണങ്ങളുണ്ടായി. 2019-ൽ 4408 ആളുകൾ കേരളത്തിൽ റോഡപകടങ്ങളിൽ മരിച്ചു. അതായത് ഒരു ദിവസം 12 പേർ മരിക്കുന്നു; ഓരോ രണ്ട് മണിക്കൂറിലും ഒരാൾ വീതം മരിക്കുന്നു. ഇതിൽ ആവശ്യമായ നടപടിയുണ്ടാകണ്ടേ? സേഫ് കേരള സ്ക്വാഡുകൾ നിയമ ലംഘനങ്ങൾക്ക് ഒരു വർഷം 200 കോടി രൂപ പിഴ ഈടാക്കുമെന്ന് പ്രൊപ്പോസലിൽ പറയുന്നുണ്ട്. പക്ഷെ 2019 ഒക്ടോബർ വരെയുള്ള കണക്കിൽ 25 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ പിരിച്ചതെന്നു പറഞ്ഞാൽ ആ മേഖലയിൽ കാര്യമായ ശ്രദ്ധ ഉണ്ടാകുന്നില്ലെന്നാണ് സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് വാഹനാപകടങ്ങളും മരണങ്ങളും കൂടുമ്പോൾ അത് നിയന്ത്രിക്കാൻ അധികാരപ്പെട്ട റോഡ് സേഫ്റ്റി അതോറിറ്റിയും വകുപ്പും നോക്കുകുത്തിയായി നിൽക്കുന്നു എന്നതുകൊണ്ടു തന്നെയാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെടുന്ന ഒരു സംസ്ഥാനമായി കേരളം മാറിയത്. അതുകൊണ്ട് അതുസംബന്ധിച്ച് കാര്യമായ നടപടികൾ ഉണ്ടാകണം എന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ സാമൂഹിക നേട്ടങ്ങളെ സംരക്ഷിച്ചുകൊണ്ട് സ്ഥായിയായ വികസനങ്ങളെ സത്യസന്ധമായി, നീതിപൂർവ്വം നിർവ്വഹിച്ചു കൊണ്ടാണ് പിണറായി സർക്കാർ നാല് വർഷം പിന്നിടുന്നത്. വളരെ ബോധപൂർവ്വമായിട്ടുള്ള പരാമർശം എനിക്ക് മുൻപ് സംസാരിച്ച അംഗം ഇവിടെ സൂചിപ്പിച്ചിരുന്നു. ഞാൻ അതിലേയ്ക്ക് വരാം. ഇന്ന് കേരളത്തിന്റെയും ഇന്ത്യയുടെയും സാമ്പത്തിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ മേഖലയിൽ പന്ത്രണ്ടര ലക്ഷത്തോളം മത്സ്യത്തൊഴിലാളികളാണ് മത്സ്യബന്ധനവും അനുബന്ധ തൊഴിലുമെടുത്ത് ജീവിക്കുന്നത്. ഈ മത്സ്യത്തൊഴിലാളികളെയും അനുബന്ധ തൊഴിലിനെയും അവരുടെ സാമൂഹ്യ ജീവിതത്തെയും മുന്നോട്ട് നയിക്കുന്നതിന് കെൽപ്പുള്ള ഒരു മന്ത്രി തന്നെയാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. അത് നീതിപൂർവ്വം ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു തൊഴിലാളി പ്രസ്ഥാനമായ കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനത്തിലൂടെ കേരള ജനതയെ മുന്നോട്ടുനയിക്കാൻ കഴിവുള്ള ഒരു മന്ത്രിയാണ് ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ. ഇത് പറയുമ്പോൾ മാതൃഭൂമി, ദീപിക, മാധ്യമം എന്നീ പത്രങ്ങളുടെ കട്ടിംഗുകൾ കൂടി വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം മാധ്യമങ്ങൾ നുണ പറയില്ലല്ലോ! ധർമ്മങ്ങളും മാധ്യമ ധർമ്മങ്ങളും എന്താണെന്നൊക്കെ നമുക്കറിയാമല്ലോ. 'പുനർഗേഹം പദ്ധതി' പ്രകാരം പുനരധിവസിപ്പിക്കുന്നത് 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ്. പുനർഗേഹം പദ്ധതി എന്നുപറയുന്നത് എന്താണ്? തീരദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതാണ് ഈ പദ്ധതി. സർവ്വേ നടത്തിയാണ് 18,685 കുടുംബങ്ങളെ സർക്കാർ കണ്ടെത്തിയത്. ഇവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി 2450 കോടി രൂപയുടെ പദ്ധതിക്കാണ് ബഹുമാനപ്പെട്ട മന്ത്രി ഭരണാനുമതി നൽകിയത്. ഇതിൽത്തന്നെ റീബിൽഡ് കേരള അല്ലെങ്കിൽ പ്രളയത്തിനുശേഷം മുഖ്യമന്ത്രിയുടെ ഫണ്ടിൽ വന്ന പണം എവിടെപ്പോയി; എന്തുചെയ്തു? എങ്ങനെ കേരളത്തെ റീബിൽഡിലേയ്ക്ക് കൊണ്ടുവരുന്നു എന്നൊക്കെയുള്ള മറ്റ് പരാമർശങ്ങൾക്കും വിമർശനങ്ങൾക്കും ഞാൻ മറുപടി കൊടുക്കാം. 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ പദ്ധതിക്ക് അനുവദിച്ചു. ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽനിന്ന് 1052 കോടി രൂപകൂടി എടുത്തിട്ടാണ് 5000 കോടി രൂപ ലക്ഷ്യമിട്ടുകൊണ്ട് തീരദേശ പദ്ധതി പാക്കേജ് ഈ വർഷം നടപ്പിലാക്കുന്നത്. ഇത് യഥാർത്ഥത്തിൽ പത്രങ്ങൾ നൽകിയ ഒരു റിപ്പോർട്ടാണ്. 2450 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പാക്കേജിനായി ഈ സർക്കാർ ബജറ്റിലൂടെ മുന്നോട്ട് വയ്ക്കുന്നത്. 'തോപ്പുംപടി

അടക്കം 25 മത്സ്യബന്ധന തുറമുഖങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്.' ഇത് കേരള സംസ്ഥാനത്തിലാണ് നടക്കുന്നത്. ഇതിൽപ്പറയുന്ന ഒരൊറ്റ കാര്യം, സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി സമർപ്പിച്ച പ്രാഥമിക നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ മത്സ്യബന്ധന മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതോടുകൂടി മത്സ്യബന്ധന മേഖലയിലെ പന്ത്രണ്ടര ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് അതിന്റെ ഗുണഫലങ്ങൾ ലഭ്യമാകും. തീരദേശ മേഖലയിൽ മത്സ്യബന്ധനത്തിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ആ കടൽത്തീരം വിട്ട് താമസിക്കാൻ സാധിക്കില്ല. ജീവൻപോലും പണയംവച്ച് ആഴക്കടലിൽ പോയി മത്സ്യം പിടിച്ചുകൊണ്ടുവന്ന് വിറ്റ് കാശാക്കി കുടുംബങ്ങൾ പോറ്റണം, കുട്ടികളെ പഠിപ്പിക്കണം. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കു വേണ്ടിയാണ് ഈ സർക്കാരും വകുപ്പുമന്ത്രിയും മുന്നോട്ട് പോകുന്നത്. തീരദേശ അനുബന്ധ വികസനങ്ങൾ എന്തൊക്കെയാണ്? മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സുഗമമായ യാത്രകൾ നടത്തുന്നതിനും ഈ മേഖലയിലെ 851 റോഡുകളാണ് 367 കോടി രൂപ ഭരണാനുമതി നൽകി മെച്ചപ്പെടുത്തി ജനങ്ങൾക്ക് ഗതാഗത യോഗ്യമാക്കിയത്. ഞാൻ തീരദേശത്തുനിന്നും വരുന്ന ഒരു എം.എൽ.എ. ആണ്. കടലും കായലും കോൾ മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന എന്റെ പ്രദേശത്തുതന്നെ ഏകദേശം മൂന്നര കോടിയോളം രൂപയുടെ റോഡുകൾ നല്ല രീതിയിൽ പൂർത്തീകരിച്ചു. മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങൾക്കായി ഏകദേശം 3 കോടിയോളം രൂപ ചെലവഴിച്ച് വലപ്പാട് ഒരു ആയുർവേദ ആശുപത്രി നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് ഉത്ഘാടനം ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഏകദേശം തത്തുല്യമായിട്ടുള്ള സാമൂഹ്യപരമായ ചുറ്റുപാടിനെ നിലനിർത്തിക്കൊണ്ടാണ് ഇത്തരം വികസന പാക്കേജുകൾ അവിടെ കൊണ്ടുവരുന്നത്. അതാണ് ജനങ്ങൾ ഈ സർക്കാരിനൊപ്പം എന്ന് ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നത്. അതിന് മറ്റുള്ള രാഷ്ട്രീയ പാർട്ടികൾ എതിർത്തതുകൊണ്ട് ഒരു രക്ഷയുമില്ല. നേരത്തെ ഇവിടെ പറഞ്ഞ ഒരു കാര്യം, ഏതെല്ലാം തരത്തിലാണ് മത്സ്യത്തൊഴിലാളി അനുബന്ധ കുടുംബങ്ങളിലെ കുട്ടികൾക്ക് പഠിക്കാൻ ഈ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്? 2016-ലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. 2016-17-ൽ 11 കുട്ടികൾക്കും 2017-18-ൽ 7 കുട്ടികൾക്കും 2018-19-ൽ 6 കുട്ടികൾക്കും 2019-20-ൽ 10 കുട്ടികൾക്കുമാണ് മെഡിക്കൽ പ്രവേശനം ലഭിച്ചത്. ഇതിനുപുറമെ അനുബന്ധ പ്രൊഫഷണൽ കോഴ്സുകൾക്കും നിരവധി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ഉറപ്പാക്കി. ഇതാണ് സാമൂഹ്യപരമായ നേട്ടങ്ങൾക്ക് ഈ സർക്കാർ സുരക്ഷിതമായ ഉറപ്പ് കൊടുക്കുമെന്ന് പറയുന്നത്.

നമ്മെ സംബന്ധിച്ചിടത്തോളം തീരദേശ സ്കൂളുകളിൽ അടിസ്ഥാന വികസനത്തിന് ഈ വകുപ്പ് 40 കോടിയോളം രൂപ കൊടുത്തു. എന്റെ മണ്ഡലത്തിൽത്തന്നെ ഫിഷറീസ് വകുപ്പ് മുഖാന്തിരം മൂന്ന് കോടിയോളം രൂപ ചെലവഴിച്ചുകൊണ്ട് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ 40 സ്മാർട്ട് ക്ലാസ്സ് റൂമുകൾ, 20 അടുക്കള ഷെഡ്ഡുകൾ, 50 സ്കൂളുകളിൽ കായിക സൗകര്യം എന്നിവ ഏർപ്പെടുത്തി. 14 സ്കൂളുകളിൽ സ്പോർട്സ് കോച്ചുമാരെ നിയമിച്ചു. വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും സ്ത്രീശാക്തീകരണ പദ്ധതികളിലും അതീവ ജാഗ്രതയോടുകൂടി ആ വകുപ്പിന് മുന്നോട്ട് പോകാൻ സാധിച്ചു. ഈ സർക്കാരിന് തീരദേശ സാക്ഷരത വളരെ ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചു. അതുപോലെ സബ് സെന്ററുകൾക്ക് എന്റെ മണ്ഡലത്തിൽ 50 ലക്ഷം രൂപ അനുവദിച്ചു; അത് ഏകദേശം പൂർത്തീകരിച്ചു. എന്റെ മണ്ഡലത്തിലെ വലപ്പാട് കേന്ദ്രമാക്കി മത്സ്യബന്ധന തുറമുഖവും മിനി ഹാർബറും കൊണ്ടുവരുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹാർബർ എഞ്ചിനീയർമാരും സ്ഥലം പരിശോധിക്കുകയും സ്ഥലത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് ഉദ്യോഗസ്ഥർ അപ്പോൾതന്നെ റിപ്പോർട്ട് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ ചർച്ച നടത്തുക മാത്രമല്ല ഈ മണ്ഡലത്തിൽ മിനി ഹാർബർ കൊണ്ടുവരുന്നതിനും അനുകൂല സ്ഥലം കണ്ടെത്തിയെന്നുള്ള റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്.

തീരദേശ മേഖലയെ ബാധിച്ച പ്രധാനപ്പെട്ട ഒരു ദുരന്തം ആയിരുന്നു ഓഖി. നാല് ദുരന്തങ്ങളെ നമ്മൾ അതിജീവിച്ചു. ഓഖിയും പ്രളയവും നിപ വൈറസും കൊറോണയുമെല്ലാം സംസ്ഥാനത്തെ മൂന്നര കോടി ജനങ്ങൾ എങ്ങനെ അതിജീവിക്കുമെന്ന് ജനങ്ങളും മറ്റു രാഷ്ട്രീയ പാർട്ടികളും ഈ ഗവൺമെന്റിനെ മുന്നിൽ നിർത്തി വാദിക്കുന്ന ഒരു ഘട്ടമുണ്ടായി. എങ്ങനെയാണ് ഗവൺമെന്റ് ഇക്കാര്യങ്ങളിൽ മുന്നോട്ട് പോകുന്നത്; ഏത് വിധത്തിലാണ് സർക്കാരിന് ജനങ്ങളുടെ കാര്യക്ഷമമായിട്ടുള്ള പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കാൻ സാധിച്ചത്; കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷത്തെ നേട്ടങ്ങളെ നാല് വർഷം കൊണ്ട് ഈ സർക്കാർ മറികടന്നു. രണ്ടു മൂന്ന് കാര്യങ്ങൾ എനിക്കുമുമ്പ് സംസാരിച്ച മുൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ക്ഷേമ പെൻഷനുകൾക്കുവേണ്ടി കഴിഞ്ഞ സർക്കാർ അഞ്ച് വർഷം കൊണ്ട് വിതരണം ചെയ്തത് 9,311 കോടി രൂപയായിരുന്നു. എന്നാൽ ഈ സർക്കാർ നാല് വർഷം കൊണ്ട് 22,000 കോടി രൂപ ക്ഷേമ പെൻഷനുകൾക്കുവേണ്ടി ചെലവഴിച്ചു. പതിമൂന്ന് ലക്ഷം വയോജനങ്ങൾക്ക് പുതിയതായി ക്ഷേമ പെൻഷനുകൾ നൽകി. എല്ലാ ക്ഷേമ പെൻഷനുകളും 1,300 രൂപയായി ഉയർത്തിക്കൊണ്ട് പെൻഷൻ തുക വീടുകളിൽ എത്തിച്ചു. അങ്ങ് ആരോഗ്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ആരോഗ്യ

പദ്ധതിക്കുവേണ്ടി ചെലവഴിച്ചത് 7.191 കോടി രൂപയാണ്. എന്നാൽ ഈ സർക്കാർ ആരോഗ്യ പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ചത് 9.651 കോടി രൂപയാണ്. നാല് വർഷം പിന്നിട്ടപ്പോൾ ഈ സർക്കാർ കൈവരിച്ച നിരവധി വികസന നേട്ടങ്ങളാണ് മൂന്നരക്കോടി ജനങ്ങളുടെ മുന്നിൽ സമർപ്പിക്കാനുള്ളത്. നമ്മുടെ മുന്നിൽ ഇനി കുറച്ച് മാസങ്ങളാണ് ബാക്കിയുള്ളത്. ഏകദേശം പന്ത്രണ്ട്-പതിമൂന്ന് മാസത്തിനുള്ളിൽ 141 എം.എൽ.എ.-മാർക്കും ജനങ്ങളുടെ മുന്നിൽ വ്യക്തമാക്കാൻ ഒട്ടനവധി വികസന പ്രവർത്തനങ്ങളുണ്ടാകും. പ്രളയത്തെയും ഓഖിയെയും നിപയെയും കൊറോണയെയും അതിജീവിക്കാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. എന്നും വികസനത്തിന്റെയും ജനങ്ങളുടെയും നിലപാടുകളിൽ നിന്നുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ട് പോയിട്ടുള്ളത്. മറ്റ് പ്രവർത്തനങ്ങളിൽ ഏതെങ്കിലും വിധത്തിലുള്ള പാകപ്പിഴകളും വീഴ്ചകളും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് സത്യസന്ധമായി, നീതിപൂർവ്വമായി പരിഹരിച്ചു കൊണ്ട് ഈ സർക്കാർ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

ഗതാഗതവുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റോഡപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായി സർക്കാർ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. കേരളത്തിൽ ട്രെയിൻ യാത്രയാണ് ഏറ്റവും സുരക്ഷിതമായ യാത്ര. ഇരുചക്രവാഹനങ്ങൾ റോഡിൽ ഇറങ്ങുമ്പോൾ നമ്മുടെ ട്രാഫിക് സംവിധാനം സങ്കീർണ്ണമാക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള റോഡ് സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ ഗതാഗത വകുപ്പ് മുൻകയ്യെടുക്കണം; ജലഗതാഗതത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തണം. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ മെട്രോ സംവിധാനം നടപ്പിലാക്കണം. ഈ സ്ഥലങ്ങളിലുള്ള ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ പ്രസക്തമായിട്ടുള്ള ഒരു ഗതാഗത സൗകര്യം മെട്രോയാണ്. കൊച്ചി മെട്രോ വളരെ സജീവമായി ജനങ്ങൾക്ക് സമർപ്പിച്ച സാഹചര്യത്തിൽ ചില പ്രായോഗിക വശങ്ങൾ പഠിച്ച് പ്രസ്തുത മെട്രോയുടെ ദൂരം തൃശ്ശൂർ വരെ നീട്ടുന്നതിന് സാഹചര്യമൊരുക്കണം. പഴയതുപോലെ ഗ്രാമങ്ങളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കണം. അത് നടപ്പിലാക്കുന്നതോടുകൂടി നമ്മുടെ ഗ്രാമങ്ങളിലെ ജനങ്ങൾക്ക് ഇത്തരം ഗതാഗതസൗകര്യം പ്രയോജനപ്പെടുത്താൻ സാധിക്കും. അങ്ങ് ഗതാഗത വകുപ്പുമന്ത്രിയായി അധികാരത്തിൽ വന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ഒരു ഒറ്റപ്പെട്ട ഗ്രാമപ്രദേശത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നടപ്പിലാക്കിയിരുന്നു. എന്നാൽ ഒരു സുപ്രഭാതത്തിൽ ആ സർവ്വീസ് നിർത്തലാക്കി. ആ സർവ്വീസ് പുനരാരംഭിക്കുകയാണെങ്കിൽ അവിടെയുള്ള ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ സാധിക്കും. ബസ്സ് സർവ്വീസ് ഇല്ലാത്തതുകാരണം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്താൻ ജനങ്ങൾ ആശ്രയിക്കുന്ന ഓട്ടോറിക്ഷകൾക്ക്

കൊടുക്കുന്ന വാടക തന്നെ ക്രമാതീതമായി വർദ്ധിക്കുന്നു. അതിന്റെ പ്രധാനകാരണം ബസ് സർവ്വീസ് ഇല്ലാത്തതാണ്. ഒറ്റപ്പെട്ട പ്രദേശത്തേയ്ക്ക് പ്രൈവറ്റ് ബസ്സുകൾ എത്തിച്ചേരുകയില്ല. ജനങ്ങൾക്ക് സുരക്ഷിതമായിട്ടുള്ള ട്രാഫിക് റെഗുലേറ്ററി സിസ്റ്റം ജില്ലകൾതോറും ശക്തമായി നടപ്പിലാക്കുന്നതിന് അങ്ങ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, യശഃശരീരനായ ഇടപ്പള്ളി രാഘവൻ പിള്ളയുടെ വരികൾ ഞാൻ ഉദ്ധരിക്കുകയാണ്.

'അഴകൊഴുകുന്ന ജീവിതപ്പൂക്കളും,

വഴിയരികിലെ വിശ്രമത്താവളും'

എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന് പറഞ്ഞപ്പോൾ ഇതായിരിക്കും കേരളത്തിൽ സംഭവിക്കാൻ പോകുന്നതെന്നാണ് വിചാരിച്ചത്. എന്നാൽ ഇപ്പോഴത്തെ കേരളത്തിന്റെ അവസ്ഥ എന്താണ്;

കഴുകനിജ്ജഡം കാത്തുസൂക്ഷിക്കുന്ന
കഴുമരം! - ഹാ, ഭ്രമിച്ചു ഞാൻ തെല്ലിട! '

ഇതാണ് ഇപ്പോൾ കേരളത്തിലെ ഓരോ വ്യക്തിയുടെയും അനുഭവം. അതിനാൽ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ സാധിക്കില്ല.

'മധുരചിന്തകൾ മാഞ്ഞുപോയീടവേ,
മരണമാണിനിജ്ജീവിച്ചിരിക്കുവാൻ;
ഇരുളിലാരുമറിയാതെയെത്രനാൾ
കരളുനൊന്തു ഞാൻ കേഴുമനർഗളം?'

കേരളത്തിൽ എല്ലാം തുലച്ചുമുടിച്ച് അഴിമതിയും ബന്ധുനിയമനവും കെടുകാര്യസ്ഥതയും കൊലപാതകങ്ങളും ബലാത്സംഗങ്ങളും പതിവുകാഴ്ചകളാക്കി നവകേരളം സൃഷ്ടിച്ച എൽ.ഡി.എഫ്. സർക്കാരിനെക്കുറിച്ച് കേരളത്തിലുള്ളവരുടെ വികാരം ഇതാണ്. ഈ വികാരത്തോടൊപ്പം ഞാൻ നിൽക്കുന്നു. അതിനാൽ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

19 പേരുടെ മരണത്തിനിടയാക്കിയ അവിനാശിയിലെ അപകടം നമ്മെയെല്ലാം വേദനിപ്പിച്ചതാണ്. അപകട കാരണത്തെക്കുറിച്ച് അന്വേഷിക്കുവാൻ ഗതാഗത വകുപ്പ് ഒരു ആർ.ടി.ഒ.-യെ നിയമിച്ചു. ആ ആർ.ടി. ഓഫീസർക്ക് സാങ്കേതിക യോഗ്യതയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെന്ന് വിചാരിക്കുന്നു. അദ്ദേഹം ക്ലർക്കായി സർവ്വീസിൽ പ്രവേശിച്ചശേഷം ഓഫീസ്

സൂപ്രണ്ട് ആയ വ്യക്തിയാണ്. ക്ലർക്ക് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം ലഭിച്ച ഒരാൾക്ക് ഓഫീസ് സൂപ്രണ്ട് ആയാൽ സാങ്കേതിക യോഗ്യതകളില്ലാതെ നേരിട്ട് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സൂപ്പർവൈസറി തസ്തികയായ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേയ്ക്കും തുടർന്ന് ആർ.ടി.ഒ. തസ്തികയിലേയ്ക്കും ട്രാൻസ്ഫർ നിയമനം ലഭിക്കും. അതിനുശേഷം പോലീസ് സേനപോലും അറിയാതെ എസ്.പി. റാങ്കിലുള്ള അശോകസ്തംഭം പതിപ്പിച്ച യൂണിഫോം ധരിച്ച് ഇവർ നടക്കുന്നു. ഇത് കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളുടെ ലംഘനമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ഇടപെടുകയും സംസ്ഥാനത്തിനുതന്നെ അപമാനമായ ഈ അവസ്ഥയ്ക്ക് അറുതിയുണ്ടാക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയാണ്. മറ്റൊന്ന്, രാത്രികാലങ്ങളിലെ ഡ്രൈവിംഗ്മൂലമാണ് നാട്ടിൽ കൂടുതൽ അപകടമുണ്ടാകുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. ജി.പി.എസ്. ഘടിപ്പിച്ച് വാഹനങ്ങളുടെ വേഗത മോണിറ്റർ ചെയ്യും ഡ്രൈവർ വിശ്രമിക്കുന്നുവെന്നുമുള്ള കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയെക്കുറിച്ച് വളരെ മുമ്പ് പറഞ്ഞുകേട്ടതാണ്. അത് നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതുപോലെതന്നെ എല്ലായിടങ്ങളിലും സെക്യൂരിറ്റിയോടു കൂടിയ പാർക്കിംഗ് പ്ലെയ്സ് അത്യാവശ്യമാണ്. ആർ.ടി. ഓഫീസിൽ പല പരിഷ്കാരങ്ങളും നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ സേവനങ്ങളും ഓൺലൈനാക്കിയെന്നാണ് പറയപ്പെടുന്നത്. എന്നാൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടും ഒരു ഡോക്യുമെന്റിന്റെ ഹാർഡ് കോപ്പിയുമായി ഓഫീസിൽ വന്നാൽ മാത്രമേ ഇപ്പോഴും ജനങ്ങളുടെ ആവശ്യങ്ങൾ പ്രാവർത്തികമാകുന്നുള്ളൂ. ഇത് ഇടനിലക്കാർക്ക് വിലസാനുള്ള അവസരമൊരുക്കുകയാണ്. ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡും കൊടുക്കുന്നുണ്ട്. സ്മാർട്ട് കാർഡിനാണ് ഫീസ് വാങ്ങുന്നതെങ്കിലും ജനങ്ങൾക്ക് നൽകുന്നത് സ്മാർട്ട് കാർഡ് അല്ല. ഈ പ്രശ്നത്തിനും അടിയന്തരമായ പരിഹാരം കാണണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. മറ്റൊരു പ്രധാന വിഷയം ബസ് സ്റ്റേജ് ക്യാരേജിന്റേതാണ്. ഇരുപത് വർഷമാണ് ഒരു ബസ് കണ്ടം ചെയ്യാനുള്ള കാലാവധി. കണ്ടം ചെയ്ത ബസ് സ്കൂൾ ബസ്സായി ഓടുന്നതിൽ നിയമ തടസ്സമില്ല. അത് വളരെ ഗൗരവപൂർവ്വം കാണേണ്ട വിഷയമാണ്. ഇരുപത് വർഷം റോഡിൽ ഓടി കണ്ടംചെയ്ത ബസ് സ്കൂൾ ആവശ്യത്തിന് നൽകി, സ്കൂൾ കുട്ടികളെ ആ ബസ്സിൽ കൊണ്ടുപോകാനുള്ള അനുമതിയും നൽകുന്നുവെന്ന് പറയുമ്പോൾ സ്കൂൾ കുട്ടികളുടെ ജീവനുകളിൽ ഒരു താല്പര്യവും ഇല്ലേ എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്. അതിനാൽ ഇരുപത് വർഷം കഴിഞ്ഞ് കണ്ടം ചെയ്ത ബസ്

സ്കൂൾ ബസ്സായി ഓടുന്ന ഇന്നത്തെ അവസ്ഥയ്ക്ക് തീർച്ചയായും അവസാനമുണ്ടാകണം. കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ഗതാഗത വകുപ്പ് ഊർജ്ജിതമാക്കേണ്ടത് അത്യാവശ്യമാണ്. നാട്ടിലെവിടെയും സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

നേരിട്ട് ഫാൻസി നമ്പറുകൾ ലേലം ചെയ്ത സമയത്ത് സർക്കാരിന് നല്ലൊരു വരുമാനം ലഭിച്ചിരുന്നു. എന്നാൽ ലേലം ഓൺലൈൻവഴി ആക്കിയപ്പോൾ ഇതിലൂടെയുള്ള വരുമാനം കുറഞ്ഞു. കേരളത്തിൽനിന്നും കർണ്ണാടകയിൽനിന്നും ടൂറിസ്റ്റ് വാഹനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പോകുമ്പോൾ അതിലെ യാത്രക്കാരുടെ തലയെണ്ണി നികുതി ചുമത്തുന്ന ഒരവസ്ഥ ഇപ്പോഴുമുണ്ട്. ഇത് നമ്മുടെ ടൂറിസത്തെ ബാധിക്കും. നിത്യേന മംഗലാപുരത്തെ ആശ്രയിക്കേണ്ടിവരുന്ന ആളുകൾക്ക് ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നമുക്ക് തമിഴ്നാട് സർക്കാരുമായി ഒരു റെസിപ്രോക്കൽ എഗ്രിമെന്റ് ഉള്ളതുപോലെ കർണ്ണാടകവുമായി വേണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പറഞ്ഞ കാര്യം ഒന്നുകൂടി വിശദീകരിക്കാമോ;

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡുനിന്നും മംഗലാപുരത്തേയ്ക്ക് ടൂറിസ്റ്റ് കാറുകളിൽ യാത്രചെയ്യുമ്പോൾ ആർ.ടി.ഒ. ചെക്ക് പോസ്റ്റിൽവച്ച് വാഹനത്തിലെ യാത്രക്കാരുടെ എണ്ണമെടുക്കാറുണ്ട്. അതിനനുസരിച്ച് ടാക്സ് ചുമത്തുന്നുണ്ട്. പക്ഷേ തമിഴ്നാട്ടിലേയ്ക്ക് പോകുമ്പോൾ അത്തരത്തിലുള്ള ടാക്സ് ചുമത്താറില്ല. തമിഴ്നാടും കേരളവും തമ്മിൽ ഒരു റെസിപ്രോക്കൽ എഗ്രിമെന്റുണ്ട്. അതേ എഗ്രിമെന്റ് കർണ്ണാടകവുമായി വേണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. മറ്റൊരു കാര്യം, ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങളില്ല. എന്നാൽ മോട്ടോർ വാഹന കേസ്സുകൾ ധാരാളമായിട്ടുണ്ട്. അത് കൈകാര്യം ചെയ്യാനുള്ള പ്രത്യേക സംവിധാനമുണ്ടെങ്കിൽ വളരെ നല്ലതായിരിക്കും. കുറച്ചുകാലം മുമ്പ് എവിടെപ്പോയാലും മൊബൈൽ കോർട്ടുകൾ കാണാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ഇത്തരം സംവിധാനങ്ങൾ കാണാനില്ല. ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽനിന്നും കെ.എസ്.ആർ.ടി.സി. വാങ്ങിയ ഡീസൽ കണക്കിൽപ്പെടാതെപോയെന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ റോഡ് സുരക്ഷാ ഫണ്ടിനായി ഇതുവരെ സർക്കാർ പിരിച്ചെടുത്ത 600 കോടി രൂപ ഇനിയും അതോറിറ്റിക്ക് കൈമാറിയിട്ടില്ലെന്ന പത്ര റിപ്പോർട്ട്

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇതിനെക്കുറിച്ചും അങ്ങ് മറുപടി പ്രസംഗത്തിൽ പറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മഞ്ചേശ്വരം എം.എൽ.എ.-യ്ക്ക് അസുഖമായതുകൊണ്ട് ഇന്ന് അദ്ദേഹം സഭയിൽ വന്നിട്ടില്ല. മഞ്ചേശ്വരം ആർ.ടി. ഓഫീസ് വളരെ പെട്ടെന്ന് സ്ഥാപിക്കാനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് അദ്ദേഹത്തിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണ്. മത്സ്യബന്ധനത്തെക്കുറിച്ച് പറയുമ്പോൾ കാസർഗോഡ് ഫിഷറീസ് ഹാർബറിനെക്കുറിച്ചാണ് പറയാനുള്ളത്. ബഹുമാന്യനായ എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് എന്റെ നാട്ടിലെ നെല്ലിക്കുന്ന് കടപ്പുറത്ത് മത്സ്യബന്ധന തുറമുഖത്തിന് തറക്കല്ലിട്ടത്. ഇതുവരെ അത് നമുക്ക് തുറന്നുകൊടുക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ മന്ത്രിയായിരിക്കുമ്പോൾ അത് നാടിന് സമർപ്പിക്കാനുള്ള ഒരവസരം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് കാലവിളംബം ഉണ്ടാകുന്നതിനെക്കുറിച്ച് നമുക്ക് എല്ലാവർക്കും അറിയാം. പെട്ടെന്നുണ്ടാകുന്ന ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക് എന്നീ രോഗങ്ങൾക്ക് സൗകര്യപ്രദമായ സ്വകാര്യ ആശുപത്രികളിൽ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് ചികിത്സ ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാരകരോഗംമൂലം മരിക്കുന്നവർക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന സ്കീമുകൾ ഒന്നുംതന്നെ മത്സ്യബോർഡ് വഴിയോ മത്സ്യഫെഡ് വഴിയോ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. 8000 കിലോ മീറ്ററോളം കടലോരവും കടൽ ഉപജീവന മാർഗ്ഗമാക്കുന്ന ദശലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളുമാണ് നമ്മുടെ രാജ്യത്തുള്ളത്. എന്നാൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു. നമുക്ക് എല്ലാവർക്കും ഇഷ്ടപ്പെട്ട ചാള മീൻപോലും കിട്ടാനില്ല. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസമായ കർക്കിടക മാസത്തിലൊക്കെ സൗജന്യ റേഷൻ കൊടുക്കുന്നതുപോലെ അവരുടെ കണ്ണിൽ പൊടിയിടുന്ന ചില വിദ്യകൾ മാത്രം പ്രയോഗിച്ചാൽ പോരാ; പകരം അവരുടെ ജീവിതത്തിൽ ഒരു മാറ്റം ഉണ്ടാക്കാനുള്ള ശാശ്വതമായ നടപടികളാണ് സ്വീകരിക്കേണ്ടത്. ഇവിടെ സജീവമായിട്ടുള്ള ചർച്ച 'ഉണ്ട'യാണ്. എന്തൊരു ഉണ്ടയാണ് ഇത്. പണ്ട് മദ്രാസിൽനിന്ന് തുടങ്ങിയതാണ് ഈ 'ഉണ്ട'. അന്ന് ഒരു 'ഉണ്ട'. ഇന്നിപ്പോൾ എത്ര 'ഉണ്ട'കളാണ്. ഈ ഉണ്ടകളുടെ യമകണ്ടക ശനിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഉണ്ടകൾ മർമ്മംവച്ച് തുളച്ചുകൊണ്ടു പോകുമ്പോൾ ഇവരുടെ പാർട്ടിയും ഭരണവും ഇല്ലാതാകും. അതാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി ജാംഷഡ്പൂർ, ബീവണ്ടി, റൂർക്കേല തുടങ്ങി നിരവധി നഗരങ്ങളുടെ പേര് പറഞ്ഞു. കോൺഗ്രസ്സിന്റെ ഭരണകാലത്ത് ഈ നഗരങ്ങളിൽ വർഗ്ഗീയ ലഹളകൾ നടന്നിട്ടില്ലേ എന്നാണ്

അദ്ദേഹം കഴിഞ്ഞദിവസം ചോദിച്ചത്. ഇപ്പോൾ നടക്കുന്ന വർഗ്ഗീയലഹളയെ ന്യായീകരിക്കുന്നതായിട്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ആ ചോദ്യത്തിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. പണ്ട് നമ്മുടെ രാജ്യത്ത് വർഗ്ഗീയ ലഹളകൾ നടന്നിട്ടില്ലേ; അതുകൊണ്ട് ഇപ്പോൾ നടക്കുന്നതുകൊണ്ട് എന്താണ് കുഴപ്പമെന്നാണ് മുഖ്യമന്ത്രി ചോദിച്ചത്; ഇത് ശ്രീ. അമിത്ഷായുടെ നാവിൽ നിന്നായിരുന്നുവെങ്കിൽ ഞങ്ങൾക്ക് അത്ഭുതം ഉണ്ടാകുമായിരുന്നില്ല. എന്നാൽ പിണറായി സഖാവ് അത് പറഞ്ഞപ്പോൾ ഞങ്ങൾ തെറിച്ചുപോയി. ഈ വംശഹത്യയെ ലഘൂകരിച്ച നിങ്ങളുടെ തൊലിക്കട്ടിക്കുമുമ്പിൽ കാണ്ടാമൃഗം മുതല ചർമ്മനാകുന്നുവെന്നാണ് അത് സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. ലീഗ് ഹൗസിലെ അനുഭവംവച്ച് എ.കെ.ജി. സെന്ററിനെ നിങ്ങൾ നോക്കിക്കാണേണ്ട എന്ന് ഇന്നലെ മുഖ്യമന്ത്രി പറഞ്ഞിരുന്നു. അക്കാര്യം 100 ശതമാനവും ശരിയാണ്. ഞാൻ മുഖ്യമന്ത്രിയെ സല്യൂട്ട് ചെയ്യുന്നു. ലീഗ് ഹൗസിലെ അനുഭവംവച്ച് എ.കെ.ജി. സെന്ററിനെ താരതമ്യപ്പെടുത്താൻ സാധിക്കില്ല. കാരണം ലീഗ് ഹൗസിൽ നടക്കുന്നതെന്താണെന്ന് നമ്മൾ മനസ്സിലാക്കണം.

<u>മി. ചെയർമാൻ</u>: ദയവായി ചുരുക്കണം.......

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അന്തിയുറങ്ങാൻ കൂരയില്ലാത്ത അനേകം സഹോദരീ സഹോദരന്മാർക്ക് മതവും ജാതിയും നോക്കാതെ വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന ബൈത്തുറഹ്മ പദ്ധതിയെക്കുറിച്ചാണ് ലീഗ് ഹൗസിൽ ചർച്ച നടക്കുന്നത്. വൃക്കകൾ തകർന്ന് മൃതപ്രായരായ സഹോദരീ സഹോദരന്മാരെ എങ്ങനെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടു വരാമെന്നതിനെക്കുറിച്ചാണ് ലീഗ് ഹൗസിലെ ചർച്ചകൾ.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്..കൺക്ലൂഡ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹറിൽ മുസല്ലയിട്ട് നിസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കില്ലെന്ന് പറഞ്ഞ സി.എച്ച്.-നെ തലശ്ശേരി ടി.ബി.-യിൽ വച്ച് ആസിഡ് ബൾബെറിഞ്ഞ് തന്റെ മുഖം വികൃതമായപ്പോൾ..... ആരായിരുന്നു ആസിഡ് ബൾബ് എറിഞ്ഞതെന്ന് നമുക്കറിയാം. ഒരു മാരാരായിരുന്നു, അദ്ദേഹത്തിന്റെ പാർട്ടി ഏതാണെന്ന് ഞാനിപ്പോൾ പറയുന്നില്ല. " എനിക്കൊന്നും പറ്റിയിട്ടില്ല" എന്ന് ആ സമയം സി.എച്ച്. മുഹമ്മദ് കോയ ലോകത്തോട് വിളിച്ചുപറഞ്ഞു. എന്നെപ്പോലെ പതിനായിരങ്ങളെ ലീഗിലേയ്ക്ക് ആകർഷിച്ചത് സി.എച്ച്. ആണ്. അദ്ദേഹത്തിന്റെ വിയർപ്പുതുള്ളികൾകൊണ്ട് കെട്ടിപ്പടുത്ത ലീഗ് ഹൗസിൽ നടക്കുന്നത് പച്ചയായ മനുഷ്യരെ നിഷ്കാസനം ചെയ്യാനുള്ള ചർച്ചയല്ല. പതിതരായ പാവങ്ങൾക്ക് നന്മയുടെ വഴികാണിച്ച

കൊടുക്കുവാനുള്ള ചർച്ചയാണ് ലീഗ് ഹൗസിൽ നടക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആ ലീഗ് ഹൗസിനെയും എ.കെ.ജി. സെന്ററിനെയും താരതമ്യപ്പെടുത്താൻ ഒരിക്കലും സാധിക്കുകയില്ല. അതാണ് മുഖ്യമന്ത്രി പറഞ്ഞത്. എ.കെ.ജി. സെന്ററിലും ലീഗ്ഹൗസിലും എന്താണ് നടക്കുന്നതെന്നും മുഖ്യമന്ത്രിക്ക് നല്ലതുപോലെ അറിയാം. ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. അതിനുമുമ്പ് പൗരാവകാശ മത്സരവും യു.എ.പി.എ പ്രയോഗിക്കലും മാവോയിസ്റ്റ് വേട്ടയും അതിന്റെപേരിൽ നടന്ന ഭരണകൂട ഭീകരതയും ഫാസിസത്തിന്റെ കേരള രൂപമാണ്. പുതിയ ഫാസിസ്റ്റുകൾക്ക് മാതൃകയാക്കാൻ പോരുന്ന നടപടികളാണ് പിണറായി സർക്കാർ ചെയ്യുന്നത്.

മി. ചെയർമാൻ: വളരെയധികം സമയം എടുത്തു. പ്ലീസ്...... പ്ലീസ്....കൺക്ലൂഡ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്വന്തം സർക്കാരിന്റെ ഘടകകക്ഷികളെ വിശ്വാസത്തിലെടുക്കാത്ത, സ്വന്തം പാർട്ടിയിലെ രണ്ട് ചെറുപ്പക്കാരെ പാർട്ടിക്കതീതമായി സാമൂഹ്യപ്രതിബദ്ധമായി ചിന്തിച്ചതിന്റെ പേരിൽ ഭീകരരാക്കിയ, കേട്ട് കേൾവിയില്ലാത്ത ഈ നടപടികൾ കാരണമാണ് കേരളത്തിൽ 'മുണ്ടുടുത്ത മുസോളിനി' എന്ന പ്രയോഗം തന്നെ വരാൻ കാരണം. ഞാൻ അവസാനിപ്പിക്കുന്നു. വാഹനപ്പെരുപ്പം കുറയ്ക്കുന്നതിന് ജനങ്ങളുടെ വളർച്ചയ്ക്കനുസരിച്ച് ഒരു പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം നമ്മുടെ കേരളത്തിൽ.......... (മൈക്ക് ഓഫ്.)

ശ്രീ. കെ. ദാസൻ: സർ, 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ മത്സ്യബന്ധനം, ഗതാഗതം എന്നീ മേഖലകളിലെ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പ്രിയപ്പെട്ട യുവ എഴുത്തുകാരുടെ രചനകളിലെ പ്രസക്ത ഭാഗങ്ങൾ ഓരോ ഭാഗത്തും ആമുഖമായി ചേർത്തുകൊണ്ടാണ് ഈ സഭയിൽ ധനമന്ത്രി ബഡ്ജറ്റ് വികസന കാഴ്ചപ്പാട് അവതരിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ നിഷേധാത്മകമായ നിലപാടും സമീപനവും അതിന്റെ പ്രതിഷേധവുംകൂടി ഈ ബഡ്ജറ്റിൽ ഉൾക്കൊണ്ടിട്ടുണ്ട്. സാമ്പത്തിക രംഗത്ത് രാജ്യം നമ്മുടെ സംസ്ഥാനത്തോട് നീതി കാണിക്കുന്നില്ല. ഫെഡറൽ ഘടനയെ ഓരോ ദിവസവും തകർത്തുകൊണ്ടുള്ള നീക്കങ്ങളാണ് കേന്ദ്രഗവൺമെന്റ് ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സാമ്പത്തികവും രാഷ്ട്രീയവുമായി ഏത് രീതിയിൽ ആക്രമിക്കാൻ കഴിയുമോ ആ രീതിയിലെല്ലാം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് തികഞ്ഞ അവഗണനയാണ് കാണിക്കുന്നത്. എന്നാൽ അതിന് കീഴടങ്ങാൻ കേരള ഗവൺമെന്റ് തയ്യാറല്ല.

ആ ഭാഷയിലല്ല നാം അതിനെ സമീപിക്കുന്നത്. നിലയ്ക്കാത്ത പോരാട്ടങ്ങളിലൂടെ ബദൽ മാർഗ്ഗങ്ങളിലൂടെ ഒന്നായും ഒന്നാമതായും നാം മുന്നേറുകയാണ്. ഈ മണ്ണിൽ ജനിച്ച വളർന്നവരുടെ മേൽപോലും ആശങ്കയുടെയും വിദ്വേഷത്തിന്റെയും കരിനിഴൽ വിതച്ച പൗരത്വ ബിൽ എന്ന കിരാത നിയമത്തിനെതിരായി സമരഭൂമികയിൽ ഐക്യത്തോടെ ഇടതുബോധത്തിന്റെ അടിത്തറയുള്ള കേരളം നിലകൊണ്ടിട്ടുണ്ട്. ഈ ഐക്യത്തിന്റെ പല താൽപ്പര്യങ്ങളെയും പക്ഷം പിടിച്ചുവരുന്നവരോട്, വർഗ്ഗീയശക്തികളെ അകറ്റി നിർത്തി അത്തരമൊരു സമീപനം സ്വീകരിച്ച മുഖ്യമന്ത്രിയുള്ള നാടാണ് ഈ കേരളം. ഒരുമിച്ച് നിൽക്കണമെന്ന് പറഞ്ഞുപോയ പ്രതിപക്ഷക്കൂട്ടത്തിലുള്ള ശുദ്ധാത്മാക്കളുടെ നേരെ ചീത്ത പറഞ്ഞവരാണ് പ്രത്യേകിച്ച് മുസ്ലീം ലീഗിന്റെ നേതൃത്വം എന്നുള്ളത് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഇന്ത്യ നിലനിൽക്കണോ വേണ്ടയോ എന്ന മുദ്രാവാക്യങ്ങൾ ഉയരുമ്പോൾ ആ യോജിപ്പിന് കടകവിരുദ്ധമായിട്ടുള്ള സമീപനമാണ് മുസ്ലീം ലീഗിന്റെ ഓരോ വാക്കുകളിലും പ്രവൃത്തികളിലും ഇന്ന് നിഴലിക്കുന്നതെന്നുള്ളത് പറയാതിരിക്കാൻ കഴിയില്ല.

1.00 P.M.]

ദേശീയ ജനസംഖ്യാ രജിസ്റ്ററിനെ സംബന്ധിച്ച് ഒരു സർവ്വകക്ഷി യോഗം ചേർന്ന് യോജിപ്പിന്റെ മേഖല വികസിപ്പിച്ചപ്പോഴും സെൻസസിന്റെ പേരിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുകയും ജനങ്ങളിൽ ആശങ്ക ഉയർത്തുകയും ചെയ്യുകയെന്ന നിലപാടാണ് ലീഗ് നേതൃത്വം സ്വീകരിച്ചുവന്നത്. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി.-യിൽ വിവേചനം കാണിച്ചപ്പോഴും ദുരിതാശ്വാസ നിധി അനുവദിക്കാതിരുന്നപ്പോഴും ലോട്ടറിയുടെ മേൽ നികുതി അടിച്ചേൽപ്പിച്ചപ്പോഴും അതിനെതിരെ ഒന്നും സംസാരിക്കാത്തവരാണ് പ്രതിപക്ഷത്തിരിക്കുന്നവർ എന്നുള്ളത് നാം കാണേണ്ടതുണ്ട്. ഈ കൊച്ചു സംസ്ഥാനത്തിലെ സർക്കാരിനെതിരായി കേന്ദ്ര ഗവൺമെന്റ് നിലപാട് സ്വീകരിക്കുമ്പോൾ, അതിന്റെ അമരക്കാരന്റെ കീഴിൽ നിവർന്ന് നിന്ന് 'ആരെടാ' എന്ന് ചോദിക്കുമ്പോൾ 'ഞാനെടാ' എന്ന് മറുപടി പറഞ്ഞുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. കേരളത്തിലെ ലക്ഷക്കണക്കിനുള്ള ക്ഷേമ പെൻഷൻകാരുടെ ജീവിതങ്ങൾക്ക് കൂടുതൽ കരുത്ത് പകർന്നുകൊണ്ട് 1300 രൂപയാക്കി പെൻഷൻ വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. വികസനത്തിന്റെയും കരുതലിന്റെയും പ്രതിരോധത്തിന്റെയും സമന്വയത്തിലൂടെ ഈ ബഡ്ജറ്റ് ഇടതുപക്ഷ സർക്കാരിന്റെ ജനകീയ വികസന കാഴ്ചപ്പാട് വ്യക്തമാക്കുകയാണ്.

കേരളത്തിന്റെ തീരദേശ മേഖല 9 ജില്ലകളായാണ് നിലകൊള്ളുന്നത്. കഴിഞ്ഞ 4 വർഷം കൊണ്ട് ഈ മേഖലയിൽ ഇതുപോലെ വികസനത്തിന്റെ പൂമഴ

പെയ്യിച്ച ഒരൊറ്റ ഗവൺമെന്റും കേരളത്തിൽ ഉണ്ടായിട്ടില്ല. ആനുകൂല്യങ്ങൾ വെറും വാക്കുകളല്ല, കടലോരത്തെ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളിൽ വിരിയുന്ന പുഞ്ചിരി അത് സാക്ഷ്യപ്പെടുത്തുകയാണ്. വികസന വഴിയിൽ പ്രകൃതിദുരന്തങ്ങൾ ഒന്നൊന്നായി പെയ്തിറങ്ങുമ്പോഴൊക്കെ കടലിന്റെ മക്കളെ ചേർത്ത് നിർത്താൻ ഈ സർക്കാർ കാണിച്ച കരുതലിന്റെ കരവലയത്തിലൊതുങ്ങി തമിഴ് മക്കൾപോലും അനന്തപുരിയിലെ സെക്രട്ടേറിയറ്റിൽ വന്ന് മുഖ്യമന്ത്രിയെ കണ്ട് നന്ദി അറിയിച്ചത് ആർക്കാണ് മറക്കാൻ സാധിക്കുക? 2020-2021 വർഷത്തേക്കുള്ള ബഡ്ജറ്റിൽ 1000 കോടി രൂപ അടങ്കൽ വരുന്ന പ്രവൃത്തികളാണ് തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. റീ-ബിൽഡ് കേരളയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2450 കോടി രൂപ പുനർഗേഹം പദ്ധതിക്കായി മാറ്റിവച്ചു. കടലോരത്ത് ഇനിയും സംഭവിച്ചേക്കാവുന്ന കടലാക്രമണ ഭീഷണിയിൽനിന്നും സമാനമായ പ്രകൃതി ക്ഷോഭങ്ങളിൽനിന്നും മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതരാക്കുകയെന്ന ദീർഘകാല ലക്ഷ്യത്തോടുകൂടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. കടലോരത്ത് ഭീഷണിയുടെ നിഴലിലുള്ള 18865 കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ പോകുന്നത്. ഇത്രയും വലിയൊരു പുനരധിവാസ പദ്ധതി കേരളത്തിന്റെ കടൽത്തീരം ഇതുവരെ കണ്ടിട്ടില്ല. 350 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും 750 കോടി രൂപയുടെ കിഫ്ബി നിർമ്മാണ പ്രവൃത്തികളും നടപ്പുവർഷം നടത്താൻ തീരുമാനിച്ചതുൾപ്പെടെ മത്സ്യത്തൊഴിലാളി മേഖലയിൽ വലിയ തോതിലുള്ള വികസന കാഴ്ചപ്പാടാണ് രൂപപ്പെട്ടു വന്നിട്ടുള്ളത്. മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് പലിശ രഹിത വായ്പ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

തിരുവനന്തപുരം മുട്ടത്തറയിൽ പാവപ്പെട്ടവർക്ക് അന്തിയുറങ്ങാനായി പടുത്തുയർത്തിയ 192 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന സമുച്ചയം ഈ രാജ്യത്തിനുതന്നെ മാതൃകയായി നിലകൊള്ളുകയാണ്. അഞ്ച് ജില്ലകളിൽകൂടി സമാനമായ ഫ്ലാറ്റ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതുവഴി 722 കുടുംബങ്ങൾക്കാണ് തലചായ്ക്കാൻ ഇടം ലഭിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഭവന നിർമ്മാണ വായ്പ 2 ലക്ഷം രൂപയിൽനിന്നും 4 ലക്ഷം രൂപയായി ഈ സർക്കാർ ഉയർത്തുകയുണ്ടായി. ലൈഫ് പദ്ധതി നിബന്ധനകളിൽ മത്സ്യബന്ധന മേഖലയ്ക്ക് ഇളവുകൾ നൽകിക്കൊണ്ട് കൂടുതൽ മത്സ്യത്തൊഴിലാളികളെ കേരളത്തിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫിലേയ്ക്ക് ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആകെ നൽകിയ ആനുകൂല്യങ്ങളുടെ ഇരട്ടിയായി ഓരോ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ ജനക്ഷേമ നടപടികളുമായി മുന്നോട്ട്

പോയിക്കൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ ഈ പായ്ക്കപ്പൽ കാറ്റിലും കോളിലും ഉലഞ്ഞുപോകണമെന്ന് ആഗ്രഹിക്കുന്നവർ ഉണ്ടാകാം; എന്നാൽ ഒരു കാറ്റിനും കോളിനും ഉലയ്ക്കാനാവാതെ വികസനത്തിന്റെ ഈ പായ്ക്കപ്പൽ ഇനിയൊരു 10 വർഷം ഈ കടലിൽ തന്നെ കാണുമെന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്.

എന്തെല്ലാം 'ഉണ്ട'കളാണ് ഇവിടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ചത്. ഇവിടെ ഓരോ സഭാ സമ്മേളനകാലത്തും അകത്തും പുറത്തും പരീക്ഷിച്ച് നോക്കിയ ഒരുപാട് ഉണ്ടകളുണ്ട്. എന്തിനാണ് ഇത്രയധികം പൊട്ടാത്ത ഉണ്ടകളുമായി നിങ്ങൾ നടക്കുന്നത്. കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിൽ ഒരു ചോദ്യോത്തര മത്സരം കണ്ടു, 'പുറകിലേക്ക് വെടി പായിക്കുന്ന ഒരു തോക്ക് കൂട്ടത്തിലുള്ള ആരോ പ്രതിപക്ഷനേതാവിന്റെ കയ്യിൽ കൊടുത്തശേഷം വെടി വയ്ക്കാൻ പറഞ്ഞുവത്രെ. ആരാണ് തോക്ക് നൽകിയതെന്ന ശരിയുത്തരം പറയുന്നവർക്ക് ഒരു കുതിരപ്പവനാണ് സമ്മാനമായി പ്രഖ്യാപിച്ചത്. ഏതായാലും എല്ലാപേരും ഒരേ ഉത്തരം തന്നെയാണ് പറഞ്ഞതെന്നതിനാൽ ആ മത്സരം അസാധുവായി പോകുകയാണുണ്ടായത്.' ഇത്തരത്തിലുള്ള തോക്കുമായി സഭയിൽ വരരുതെന്നാണ് എന്റെ അഭ്യർത്ഥന. യഥാർത്ഥ തോക്ക് തന്നെയാണ് ആരെങ്കിലും നൽകുന്നതെങ്കിലും അത് പരിശോധിക്കാതെ വെടിവയ്ക്കില്ലെന്ന അവസ്ഥയിൽ കാര്യങ്ങൾ എത്തിയിട്ടുണ്ട്.

വികസന കാര്യങ്ങൾ പറയുമ്പോൾ നിങ്ങളെന്തിനാണ് വിറളി പിടിക്കുന്നത്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി രണ്ട് ലക്ഷം വീടുകൾ നൽകിയ കാര്യം പറഞ്ഞപ്പോൾ, ഞങ്ങൾ നാലര ലക്ഷത്തിലധികം വീടുകൾ നൽകിയിട്ടുണ്ടെന്ന് ചിലർ പറഞ്ഞു. രണ്ട് ലക്ഷം വീടുകൾ മുഴുവനും പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.)-യിൽ നിർമ്മിച്ചതാണെന്ന് അവരുടെ കൂടെയുള്ള ചില പിൻമുറക്കാർ പറഞ്ഞു. അവസാനം ക്രെഡിറ്റ് മുഴുവൻ നിങ്ങൾ വീതിച്ചെടുത്തോളൂയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ അതിന്റെ വെടിയും തീർന്നു. കേരളത്തിലെ ഭവന പദ്ധതികളുടെ ചരിത്രത്തിൽ ഒരു വീടിന് നാല് ലക്ഷം രൂപ വീതം ധനസമാഹരണം നടത്തി അനുവദിച്ച് നൽകിയ ഈ സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനത്തെ എല്ലാ വിഭാഗങ്ങളും മുക്തകണ്ഠം അംഗീകരിക്കുന്നുണ്ടെന്ന കാര്യം നമ്മൾ തിരിച്ചറിയണം. കേരളത്തിൽനിന്ന് വ്യത്യസ്തമായി ഏതെങ്കിലുമൊരു സർക്കാർ ഭവന നിർമ്മാണ പദ്ധതി ഇത്ര വ്യാപകമായി നടത്തിയിട്ടുണ്ടോ? ഗുജറാത്തിൽ ചേരികൾ മറയ്ക്കാനായി കൂറ്റൻ മതിലുകൾ ഉണ്ടാക്കുന്നു. അവിടെ പാവങ്ങൾക്ക് ശുദ്ധവായുവും സൂര്യപ്രകാശവും ലഭിക്കാതെ അടച്ചിട്ട് മതിലുകൾ പണിതപ്പോൾ അതിൽനിന്നും വ്യത്യസ്തമായി,

ജീവിക്കാൻ പ്രയാസപ്പെടുന്ന, മേലെ ആകാശം മാത്രമുള്ള, സ്വന്തമായി ഒരു തരി മണ്ണ് പോലുമില്ലാത്ത പാവങ്ങൾക്ക് ഭൂമി നൽകാനാവശ്യമായ ശക്തമായ നിലപാട് സ്വീകരിച്ച സർക്കാരാണിത്. 4 വർഷം പിന്നിടുന്ന ചരിത്ര മുഹൂർത്തത്തിലേക്ക് നമ്മുടെ സംസ്ഥാനം നടന്നെത്തുകയാണ്. ചരിത്ര മുഹൂർത്തമെന്ന് വെറുതെ പറയുന്നതല്ല, സർവ്വതല മേഖലയിലും കിഫ്ബിയുടെ ത്രുവൽസ്പർശമായി, സ്വപ്നംപോലും കാണാൻ കഴിയാത്ത വികസന നേട്ടങ്ങൾ ഒന്നൊന്നായി നേടിയെടുത്തും തുടക്കമിട്ടുംകൊണ്ടാണ് ഈ സർക്കാരിന്റെ പ്രയാണം. ദേശീയപാത വികസനം, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, മലയോര ഹൈവേ, തീരദേശ ഹൈവേ, സിൽവർ ലൈൻ ഹൈസ്പീഡ് റെയിൽവേ, ജലഗതാഗത കനാൽ ശൃംഖല, സ്വകാര്യ ആശുപത്രികളെ വെല്ലുന്ന സർക്കാർ ആശുപത്രികൾ, സർക്കാർ സ്കൂളുകൾ, റെക്കോർഡിലേക്ക് കുതിക്കുന്ന തരിശ് നെൽകൃഷി, പച്ചക്കറികൃഷി വ്യാപനം, മത്സ്യകൃഷി വ്യാപനം, റെക്കോർഡിട്ട പട്ടയ വിതരണങ്ങൾ, രണ്ട് ലക്ഷം പുഞ്ചിരി വിടരുന്ന ലൈഫ് ഭവന നിർമ്മാണം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത വികസന നേട്ടങ്ങളുമായി കുതിക്കുന്ന ഈ സർക്കാരിന്റെ നാലാം വാർഷികം ചരിത്ര മുഹൂർത്തമല്ലാതെ മറ്റെന്താണ്? യു.ഡി.എഫ്. കഴിഞ്ഞ അഞ്ച് വർഷത്താകെ നൽകിയ ആനുകൂല്യങ്ങൾ നാലുവർഷം കൊണ്ടുതന്നെ ബഹുദൂരം മറികടന്ന് പോകുന്നതുകൊണ്ടാണ് ഈ ബഡ്ജറ്റ് മുഴുവൻ നിങ്ങൾക്കുള്ള ബോണസ്സാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ആലങ്കാരികമായി പറഞ്ഞുവച്ചത്.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ആകെ 9,311 കോടി രൂപ ക്ഷേമ പെൻഷൻ നൽകിയ സ്ഥാനത്ത് ഇന്നത് 22,000 കോടി രൂപയായി ഉയർന്നിരിക്കുന്നു. കഴിഞ്ഞ മുഖ്യമന്ത്രിയുടെ പുകൾപെറ്റ ജനസമ്പർക്ക മേളയിലൂടെ ദുരിതാശ്വാസ നിധിയിൽനിന്നും 503 കോടി രൂപ നൽകിയ സ്ഥാനത്ത് ഇന്ന് ഒരു പന്തലും കെട്ടാതെ, ആളെക്കൂട്ടാതെ 1,116 കോടി രൂപയാണ് ഇതിനോടകം നൽകിയിട്ടുള്ളത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. കെ. ദാസൻ</u>: സർ, റോഡ് നിർമ്മാണ രംഗത്ത് കഴിഞ്ഞ സർക്കാർ 5 വർഷംകൊണ്ട് 7,750 കോടി രൂപ ചെലവഴിച്ചപ്പോൾ 14,623 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിനോടകം ഈ സർക്കാർ പൂർത്തീകരിച്ചത്. ഏത് മേഖലയിലാണ് ഈ സർക്കാർ പിന്നോക്കം പോയതെന്ന് നിങ്ങൾ പറയൂ? ഗതാഗത മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് ഈ സർക്കാർ നേതൃത്വം നൽകുകയാണ്. മുടന്തിയും ഇഴഞ്ഞും നീങ്ങിയ ദേശീയപാത വികസനം ഇന്ന് യാഥാർത്ഥ്യമാകാൻ പോകുകയാണ്. ദേശീയപാത വികസന കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പുലർത്തുന്ന ശ്രദ്ധയെയും ശ്രമത്തെയും ഒരു ഘട്ടത്തിൽ

രാഷ്ട്രീയ വ്യത്യാസം മറന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുവരെ അഭിനന്ദിക്കുന്നത് നാം കണ്ടതാണ്. ഗതാഗത മേഖലകൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിന് നിശ്ചയദാർഢ്യത്തോടെ സർക്കാർ നിലകൊണ്ടതോടെ വികസനമെന്നത് പാഴ്‌വാക്കല്ലെന്നും യാഥാർത്ഥ്യമാകുമെന്നും ജനങ്ങൾക്ക് ഇന്ന് അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

മി. ചെയർമാൻ: ദയവായി ചുരുക്കണം.

ശ്രീ. കെ. ദാസൻ: സർ, ഇതോടെ ഈ സംസ്ഥാനത്ത് ചത്തുവെന്ന് കരുതി മോർച്ചറിയിൽ ഉപേക്ഷിച്ചുപോയ കെ.എസ്.ആർ.ടി.സി.-യെ കേരളത്തിലെ ഗവൺമെന്റ് ഇന്ന് ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവന്നിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്തതിലൂടെ കേരളത്തിലെ കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുഗതാഗത സർവ്വീസിന്റെ നിലനിൽപ്പിനെത്തന്നെയാണ് അത് ചോദ്യം ചെയ്യുന്നത്. സ്വകാര്യ കുത്തകകൾക്ക് യഥേഷ്ടം പാതകൾ വീതിച്ചു കൊടുക്കുകയും ലൈസൻസ് ഉൾപ്പെടെയുള്ള സംവിധാനങ്ങളൊരുക്കുകയും ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നിലപാടുകൾ സ്വീകരിക്കുമ്പോൾ ആ ജനവിരുദ്ധതയ്ക്കൊപ്പം നിൽക്കാതെ ചരിത്രം ആവർത്തിച്ചുകൊണ്ട് ഓരോ വർഷവും ആയിരം കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുകൊണ്ട് ജനങ്ങൾക്കൊപ്പം നിൽക്കാനാണ് ഈ സർക്കാർ ശ്രമിച്ചിട്ടുള്ളത്.

മി. ചെയർമാൻ: ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. കെ. ദാസൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഭ്രാന്തുപിടിച്ച മതഭ്രാന്തന്മാർക്ക് മുന്നിൽ മരിച്ചുവീണാലും ഞങ്ങൾ തോറ്റ് പിൻമാറില്ല; അതാണ് ഞങ്ങളുടെ പ്രസ്ഥാനം പഠിപ്പിച്ചത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ജനക്ഷേമപരമായ പ്രവർത്തനങ്ങൾക്ക് സർവ്വതലത്തിലുള്ള പിന്തുണയും ജനങ്ങളിൽ നിന്നുണ്ടാകുന്നുണ്ട്. ആ പിന്തുണ നമുക്ക് വേഗതകൂട്ടാൻ ശക്തിപകരുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്)

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തിയെന്ന ഏറ്റവും നല്ലൊരു തമാശ പറഞ്ഞുകൊണ്ടാണ് ബഹുമാന്യനായ കെ. ദാസൻ എം.എൽ.എ. പ്രസംഗം അവസാനിപ്പിച്ചത്. കെ.എസ്.ആർ.ടി.സി. ആരുനോക്കിയാലും

രക്ഷപ്പെടാത്ത വിധത്തിൽ അതിഗുരുതരമായ പ്രതിസന്ധിയിൽ നിൽക്കുന്നുയെന്നുള്ളത് പച്ചയായ യാഥാർത്ഥ്യമാണ്. കഴിഞ്ഞ ബഡ്ജറ്റുകളിലെല്ലാം പറഞ്ഞ കാര്യങ്ങൾ വിലയിരുത്തി, ഇതൊക്കെ നടപ്പിലാക്കുകയാണെങ്കിൽ കുറേയെങ്കിലും രക്ഷപ്പെടുത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രിയുടെയോ അല്ലെങ്കിൽ ഈ ഗവൺമെന്റിന്റെയോ പ്രശ്നമാണ് കെ.എസ്.ആർ.ടി.സി.-യുടെ തകർച്ചയെന്ന് ആരും പറയുന്നില്ല. പക്ഷേ, ചില പരിഹാര നടപടികൾ അടിയന്തരമായി നമുക്കുണ്ടാകേണ്ടതുണ്ട്. കിഫ്ബിയിൽ നിന്നും സർക്കാർ ഫണ്ട് അനുവദിച്ച് 900 ബസ്സുകൾ പുതിയതായി വാങ്ങുമെന്ന് 2017-ലെ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. ഒരു ബസ്സുപോലും വാങ്ങിയിട്ടില്ല. അക്കാര്യം സഭയിൽ വന്നിട്ടില്ല. ബസ് വാങ്ങാൻ സാധിക്കുന്നില്ല. കാലപ്പഴക്കം ചെന്ന, കാലഹരണപ്പെട്ട ബസ്സുകൾ നീക്കം ചെയ്ത് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നത് എല്ലാ ഗവൺമെന്റിന്റെയും കാലത്ത് നടന്നിട്ടുണ്ട്. ഇവിടെ അങ്ങനെയൊരു കാര്യം നടക്കുന്നില്ല. അയ്യായിരത്തോളം ഷെഡ്യൂളുകളുണ്ടായിരുന്നത് ഇപ്പോൾ നാലായിരമായി വെട്ടിച്ചുരുക്കിയെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അതിനെക്കാളുപരി പ്രാദേശിക ഗ്രാമപ്രദേശങ്ങളിൽ നാലിലൊന്ന് ഷെഡ്യൂളുകൾ റദ്ദാക്കുന്നതായി ഉത്തരവ് വന്നു. നാഷണലൈസ്ഡ് റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-യെ മാത്രമാണ് ജനങ്ങൾക്ക് ആശ്രയിക്കാൻ സാധിക്കുന്നത്. എന്ത് ചെയ്യും? ആളുകൾ കാത്തുനിന്ന് വിഷമിക്കുന്നതല്ലാതെ ബഹുമാനപ്പെട്ട മന്ത്രിക്കും പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നില്ല. ധനകാര്യ വകുപ്പ് ആത്മാർത്ഥമായി ഇടപെട്ട് കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിരത്തിലോടിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കിയില്ലെങ്കിൽ ജനങ്ങളുടെ യാത്രാക്ലേശം അതിരൂക്ഷമാകും. ഇത് ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നേരത്തെ അനുവദിച്ച തുകയിൽ നിന്നുതന്നെ ബസ് വാങ്ങാനുള്ള നടപടിയിലേയ്ക്ക് പോകുന്നതിന് ഗവൺമെന്റിന് എന്ത് തടസ്സമാണുള്ളത്? പരിശോധിക്കേണ്ട ഒരു വിഷയമാണ്. ഇവിടെ പുതിയതായി ബസ്സുകൾ വാങ്ങാൻ കഴിയുന്നൊരു സാഹചര്യം ഉറപ്പ് വരുത്തണം. എല്ലാ എം.എൽ.എ.-മാരും വിഷമിക്കുകയാണ്. ബസ്സില്ലെന്നുള്ള ജനങ്ങളുടെ പരാതി എല്ലാ സ്ഥലത്തുനിന്നും ഉയർന്നുവരികയാണ്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ളതാണ്. ഇവിടെ അപകടങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളത് സങ്കടകരമാണ്; മനുഷ്യമനസ്സുകളെ വേദനിപ്പിക്കുന്ന വിധത്തിൽ ഓരോ ദിവസവും എത്രയോ ജീവനാണ് നഷ്ടപ്പെടുന്നത്. റോഡ് സേഫ്റ്റിയുടെ കാര്യത്തിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിനാണ് ഏറ്റവും ഫലപ്രദമായി ഇടപെടാൻ കഴിയുന്നത്. പി.ഡബ്ല്യൂ.ഡി അക്കാര്യത്തിൽ കുറെ

നടപടികൾ സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വേണ്ടിയാണ് റോഡ് സേഫ്റ്റി കൗൺസിൽ സംസ്ഥാനത്ത് രൂപീകരിച്ചത്. ഇത് കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നുണ്ടോ? ഇല്ലെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള കാര്യം. സ്റ്റേറ്റ് ലെവലിൽ അത്യാവശ്യ യോഗങ്ങൾ ചേരുന്നതല്ലാതെ ജില്ലാ തലങ്ങളിലേയ്ക്കോ പ്രാദേശിക തലങ്ങളിലേയ്ക്കോ റോഡ് സേഫ്റ്റി കൗൺസിലിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഇതുവരെയും സാധിച്ചിട്ടില്ല. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കുന്നതിനുംവേണ്ടി ഒരു പാക്കേജുതന്നെ പ്രഖ്യാപിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് ദീർഘദൂര സർവ്വീസുകൾ ഏറ്റവും ലാഭകരമായി ചെയ്യാൻ സാധിക്കും. നല്ല വാഹനങ്ങൾ ഓടിച്ച് ആളുകളെ ആകർഷിക്കുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകളുടെ ഷെഡ്യൂളുകൾ ക്രമീകരിച്ച് പോകാനുള്ള സാഹചര്യം ഉറപ്പുവരുത്തിയാൽ അത് വളരെ ലാഭകരമായൊരു കാര്യമാണ്. പക്ഷേ അതിലേയ്ക്ക് എന്തുകൊണ്ടോ വരാൻ സാധിക്കുന്നില്ല. ഇത്തരം പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജീവനക്കാരെ വിശ്വാസത്തിലെടുക്കണം. കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ട്രേഡ് യൂണിയനുകളെയും സഹകരിപ്പിച്ചുകൊണ്ട് അവരും കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്തണമെന്ന നിലപാടെടുത്തുകൊണ്ട് മുന്നോട്ട് വരേണ്ടൊരു കാലഘട്ടമാണ്. അതിന് കഴിയുന്നൊരു അന്തരീക്ഷം എങ്ങനെയുണ്ടാക്കാൻ സാധിക്കുമെന്നതിന് ഗവൺമെന്റ് കാര്യമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പെൻഷൻകാരെ സഹായിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പെൻഷൻ യഥാർത്ഥത്തിൽ ഗവൺമെന്റ് നൽകുന്ന നിലയിലേയ്ക്ക് വരിക എന്നതാണ് ഒരു ആവശ്യം. ധാരാളം പേർക്ക് പെൻഷൻ കൊടുക്കേണ്ടതുണ്ട്, ഇനി പറഞ്ഞിട്ട് കാര്യമില്ല, ആ നിലയിൽ കാര്യങ്ങൾ എത്തിനിൽക്കുകയാണ്. പക്ഷേ പെൻഷൻ കൊടുക്കാതെയിരിക്കുന്നത് ശരിയല്ല. അവരുടെ പെൻഷൻ ഉറപ്പുവരുത്താൻ കഴിയുന്ന സാഹചര്യമുണ്ടാകണം. എംപാനൽ വിഭാഗം ഒരു സഹായമായിരുന്നു, ഇപ്പോൾ 15 വർഷമായവരെല്ലാം പുറത്തുപോയി. ബഹുമാനപ്പെട്ട കോടതിയെക്കൂടി ബോദ്ധ്യപ്പെടുത്തി എംപാനൽ ജീവനക്കാരെ സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം.

കേരളത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് ഉറപ്പ് വരുത്തേണ്ടതുണ്ട്. മുമ്പ് നല്ല മത്സ്യം

ലഭിച്ചിരുന്നുവെങ്കിലും ഇപ്പോൾ നല്ല മത്സ്യം ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രശ്നം. സമീപകാലത്ത് ഞാൻ ഒരു കടയിൽനിന്നും മത്സ്യം കഴിക്കാനിടയായി, റബ്ബറുപോലിരിക്കുകയാണ്. ഞാൻ ആ കടക്കാരനെ വിളിച്ച് കാണിച്ചു കൊടുത്തപ്പോൾ അദ്ദേഹം ഞെട്ടിപ്പോയി. മത്സ്യത്തിന്റെ സോഫ്റ്റ്നസ് പോലുമില്ലാതെ അത് ബലമായിരിക്കുകയാണ്. എന്തുപറ്റിയെന്ന് അറിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ്: സർ, ഇപ്പോൾ രാസപദാർത്ഥങ്ങൾ കുത്തിവച്ച് മീനുകൾ വരുന്നുവെന്നത് ഗൗരവമായ വിഷയമായി മാറിയിരിക്കുകയാണ്. മത്സ്യക്കടകളിൽ വേണ്ടത്ര പരിശോധന നടത്താൻ നമുക്ക് സംവിധാനമില്ല. ഇത് വളരെ ശക്തമായി ക്രമീകരിക്കേണ്ട ഒരു കാര്യമാണ്. മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിയണം. മഴ കുറഞ്ഞതും കടലിൽ ചൂട് വർദ്ധിച്ചതുമെല്ലാം മത്സ്യത്തിന്റെ ലഭ്യത കുറയാൻ ഇടയാക്കിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നതുമുഴുവൻ ഇതുപോലെ രാസവസ്തുക്കൾ കലർത്തി കടകളിലെത്തിക്കുകയാണ്. ഐസും കൂട്ടാനും കൂടുതൽ സമയം കേടുകൂടാതിരിക്കാനും മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് ആളുകൾക്ക് പെട്ടെന്ന് മനസ്സിലാകുന്നില്ലെങ്കിലും ഇത് ജനങ്ങളുടെ ആരോഗ്യം നശിപ്പിക്കുമെന്നുള്ളതുകൊണ്ട് വളരെ ഗൗരവമായി ഇക്കാര്യങ്ങൾ പരിശോധിക്കാനുള്ള ഒരു ഇൻസ്പെക്ഷൻ വിംഗ് മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം 'ഒരു നെല്ല്, ഒരു മത്സ്യ കൃഷി' പദ്ധതി കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ വളരെ സജീവമായി ഒരു ഘട്ടത്തിൽ പരീക്ഷിച്ചതാണ്. ഇപ്പോൾ അത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. കർഷകർക്കും പ്രയോജനകരമാണ്; മാത്രമല്ല, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സഹായിക്കുന്നതുമാണ്. 'ഒരു നെല്ലും ഒരു മീനും' എന്ന കൃഷി രീതി അഡോപ്റ്റ് ചെയ്യണമെന്ന് കർഷകർതന്നെ ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുകയാണ്. വളരെ ഗൗരവമായി അക്കാര്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ നിർത്തുകയാണ്. കഴിഞ്ഞ രണ്ട് പ്രളയക്കെടുതിയിലും വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ ചെയ്ത മഹത്തരമായ സേവനത്തെ പ്രകീർത്തിക്കുമ്പോഴും ഇപ്പോഴും വീട് ലഭിക്കാതെ അവർ കഷ്ടപ്പെടുകയാണ്. അവർക്ക് സഹായം ലഭ്യമാക്കാൻ നടപടികളുണ്ടാകണം.

മി. ചെയർമാൻ: അങ്ങ് പുതിയ പോയിന്റിലേക്ക് പോകരുത്.

ശ്രീ. മോൻസ് ജോസഫ്: സർ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ശുദ്ധമായ മീനുകളാണ് പിടിക്കുന്നത്. വീശിപ്പിടിക്കുന്ന മീനുകൾ മാർക്കറ്റിൽ വരുമ്പോൾ വലിയ വില നൽകി വാങ്ങാൻ ആളുകൾ തയ്യാറാണ്. ഇങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾ പരിഗണിക്കപ്പെടാതെ പോകുകയാണ്. നമ്മുടെ പൈതൃകമായ മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്ന സഹോദരങ്ങളെന്ന നിലയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഒരു സഹായ പാക്കേജ് ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റുകളിലും ഇപ്പോഴത്തെ ബഡ്ജറ്റിലുമെല്ലാം പറഞ്ഞ കാര്യങ്ങൾ നടപ്പാകാതെ ജലരേഖയായി നിൽക്കുന്ന സാഹചര്യം വിലയിരുത്തുമ്പോൾ, അതിന്റെ പ്രയാസം കൂടി കണക്കിലെടുത്തുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2020-2021- സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

കേരളത്തിൽ അധികാരത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളെ മുന്നോട്ടുനയിക്കാൻ തുടങ്ങിയിട്ട് നാലുവർഷത്തോളമായി. സാധാരണക്കാരന്റെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്തെ അടിസ്ഥാന വർഗ്ഗക്കാരെ മുഴുവൻ മുന്നോട്ടുനയിക്കുന്ന നിരവധി പദ്ധതികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാർ നാൾക്കുനാൾ പിന്നോട്ട് പോകുമ്പോൾ കേരള സംസ്ഥാനം മുന്നോട്ടു കുതിക്കുന്ന കാഴ്ചയാണ് കാണുന്നത്. മതേതരത്വ ജനാധിപത്യ അടിസ്ഥാനമൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. അതുകൊണ്ടുതന്നെ ഈ ഭരണം വീണ്ടും കേരളത്തിൽ തുടരണമെന്നാണ് ഇവിടെയുള്ള ജനങ്ങൾ ആഗ്രഹിക്കുന്നത്. ഓരോ വകുപ്പുകളുടെയും മന്ത്രിമാരുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നിങ്ങൾക്കത് മനസ്സിലാകും. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി പൊതുഭരണ സംവിധാനങ്ങളെല്ലാം ഒന്നിനൊന്ന് മെച്ചമാണ്. ഫിഷറീസ് പോലുള്ള വകുപ്പുകൾ ഇന്ത്യയിൽതന്നെ ഏറ്റവും നല്ലരീതിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന വകുപ്പുകളാണ്. അതിന് നിരവധി അവാർഡുകളും പുരസ്കാരങ്ങളുമൊക്കെ നാൾക്കുനാൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യ രംഗത്ത് ലോക രാഷ്ട്രങ്ങൾ അംഗീകരിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ട് പോകുന്നത്. മത്സ്യമേഖലയെടുത്തു പരിശോധിച്ചാൽ, കേരളത്തിന്റെ തീരദേശത്ത് ജനങ്ങളുടെ

കരുണയായി അവരുടെ സന്തോഷമായി വിലസുന്ന ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നൂറിലധികം പ്രവർത്തനങ്ങൾ നമുക്ക് വിശദീകരിക്കാൻ കഴിയും. തീരദേശത്തിന് 4,496 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞുവെന്നത് വലിയ കാര്യമാണ്. പ്രവൃത്തി നടത്തിയതും ബാക്കി പ്രവർത്തനങ്ങളും വളരെ വേഗത്തിൽ മുന്നോട്ട് പോകുകയാണ്. തീരദേശ വിദ്യാലയങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ, ഭവന പദ്ധതികൾ, വിദ്യാഭ്യാസാനുകൂല്യം, ഓഖി ദുരന്ത പുനരധിവാസ പ്രവർത്തനങ്ങൾ, സംയോജിത മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളുടെ വിതരണം തുടങ്ങി വലിയ രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഫിഷറീസ് വകുപ്പ് നടത്തുന്നത്. അപകടം പറ്റിയ മത്സ്യത്തൊഴിലാളികൾക്ക് പണം ലഭിക്കുന്നില്ലെന്ന് തൊട്ട് മുമ്പുള്ള പ്രസംഗത്തിൽ ശ്രീ. വി. എസ്. ശിവകുമാർ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അത് തെറ്റായിട്ടുള്ള പ്രസ്താവനയാണ്. അപകടത്തിലൂടെ മരണം സംഭവിക്കുന്ന ആളുകൾക്ക് പത്ത് ലക്ഷം രൂപയും അതോടൊപ്പം ഇൻഷ്വറൻസ് തുകയായി നാല് ലക്ഷം രൂപയും കൊടുക്കുകയാണ്. അപകടം സംഭവിച്ച് വീട്ടുകളിൽ കഴിയുന്ന ആളുകൾക്ക് രണ്ട് ലക്ഷം രൂപയും അപകടംമൂലം സ്ഥിരമായി അവശത അനുഭവിക്കുന്നവർക്ക് ഒരു ലക്ഷം രൂപയും സാധാരണ മരണത്തിന് രണ്ട് ലക്ഷം രൂപയും തുടങ്ങി നിരവധി ആനുകൂല്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ബോർഡിന്റെ പ്രത്യേക ധനസഹായങ്ങൾ, പ്രസവ ശുശ്രൂഷ ധനസഹായ പദ്ധതികൾ എന്നിങ്ങനെ നിരവധിയായ ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളി മേഖലയിൽ ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഏതുകാലത്താണ് മത്സ്യമേഖലയിൽ ഇത്രയുമധികം ആനുകൂല്യങ്ങൾ വിതരണംചെയ്യാൻ കഴിഞ്ഞിട്ടുള്ളത്? പക്ഷേ, ഇതിനെയെല്ലാം പിന്നോട്ടടിക്കുന്ന രീതിയിൽ രാഷ്ട്രീയമായ രീതിയിൽ കുപ്രചരണങ്ങൾ അഴിച്ചുവിടുന്ന ഒരവസ്ഥ സംജാതമായിട്ടുണ്ട്. നല്ലതു ചെയ്യുമ്പോൾ അതിനെ അംഗീകരിക്കാതെ അതിനെ മറ്റൊരു രീതിയിലേയ്ക്ക് തിരിച്ചുവിടുന്ന രാഷ്ട്രീയ ലൈനാണ് നിങ്ങൾ സ്വീകരിക്കുന്നത്. അതിനുകാരണം ഒരു സർക്കാർ നന്നായി പെർഫോം ചെയ്യുമ്പോൾ അതിന്റെ വകുപ്പുകൾ നന്നായി കൈകാര്യം ചെയ്യാൻ കഴിയുന്ന മന്ത്രിമാരുമുണ്ടാകുമ്പോൾ, പ്രതിപക്ഷ കക്ഷികൾക്ക് അടുത്തൊരു ഭരണത്തെക്കുറിച്ച് ആലോചിക്കാൻപോലും സാധ്യതയില്ലെന്ന് തോന്നുമ്പോൾ, സ്വാഭാവികമായും ഇത്തരത്തിലുള്ള പരാമർശങ്ങളുണ്ടാകും. സംസ്ഥാനത്ത് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, എന്റെ മണ്ഡലമായ താനൂർ നിയോജക മണ്ഡലത്തിൽ സെന്റർ ഓഫ് എക്സലൻസ് എന്ന രീതിയിൽ വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. പതിമൂന്നര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആ വിദ്യാലയത്തിൽ ഇപ്പോൾ നടന്നുവരുന്നത്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ ഈ വകുപ്പ് എത്ര ശുഷ്കാന്തിയാണ് കാണിക്കുന്നതെന്ന് അതിൽനിന്നും മനസ്സിലാക്കാൻ കഴിയും. അത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിനായി താനൂർ നഗരസഭ ഭരിക്കുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് കോടതിയിൽനിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളോട് അവർ കാണിക്കുന്ന രീതി എന്താണ്? വിദ്യാഭ്യാസ സമ്പ്രദായത്തിലെ കേരളത്തിലെ അപ്പോസ്തലൻമാരെന്ന് സി.എച്ച്.-ന്റെ പേരിൽ നാട്യം നടിക്കുന്ന നിങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എതിരായി കോടതികളിൽപോയി സ്റ്റേ വാങ്ങുമ്പോൾ അതിന് ഉത്തരം പറയേണ്ട ബാദ്ധ്യത ഇവിടെയുള്ള ആളുകൾക്കുണ്ട്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സി. എച്ച്. മുഹമ്മദ്കോയ സാഹിബിന്റെ പേരിലുള്ള കോളേജ് താനൂരിൽ അനുവദിച്ചത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അന്നത്തെ എം.എൽ.എ. ശ്രീ. അബ്ദുറഹ്മാൻ രണ്ടത്താണിയുടെ ആസ്തി വികസന ഫണ്ടിൽനിന്നും പണം ഉപയോഗിച്ച് ഫിഷറീസിന്റെ കീഴിലുള്ള സ്ഥലത്ത് കെട്ടിടമുണ്ടാക്കി അവിടെ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളെ പ്രധാനമായും ഉദ്ദേശിച്ചു കൊണ്ടാണ് താനൂരിൽ കോളേജ് കൊടുത്തത്. ആ കോളേജിന്റെ പേരിൽ കേസ് കൊടുത്തുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ആ കോളേജ് അവിടെനിന്ന് കൊണ്ടുപോയി മറ്റൊരു പഞ്ചായത്തിൽ സ്ഥാപിക്കാൻ വേണ്ടിയുള്ള എം.എൽ.എ.-യുടേയും അദ്ദേഹത്തിന്റെ പാർട്ടിക്കാരുടെയും ശ്രമത്തിനെതിരായിട്ടാണ് കോടതിയിൽ പോയത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇത് തെറ്റായ പ്രസ്താവനയാണ്. സംസ്ഥാനത്തെ ഏതെങ്കിലുമൊരു നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ പേരിൽ സംവരണമുള്ള ആർട്സ് ആന്റ് സയൻസ് കോളേജിൽ മത്സ്യത്തൊഴിലാളികൾക്കു മാത്രമേ പഠിക്കാൻ കഴിയുകയുള്ളൂവെന്നാണ് അങ്ങ് പറഞ്ഞതിന്റെ അർത്ഥം. അങ്ങ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന ആളാണ്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രസ്താവനകൾ നടത്തുകയാണ്. ഞാൻ ചോദിക്കട്ടെ, ഫിഷറീസ് ഗവൺമെന്റ് ഹൈസ്കൂളിന് മൊത്തം ആറ് ഏക്കർ സ്ഥലമാണുള്ളത്. ഒരു ഗവൺമെന്റ് കോളേജ് നടത്തണമെങ്കിൽ, യു.ജി.സി. അംഗീകാരം ആ കോളേജിന് ലഭിക്കണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലം വേണം. ആറ് ഏക്കർ സ്ഥലത്തിൽ 1.20 ഏക്കർ സ്ഥലം ഗ്രൗണ്ടിന് വിട്ടുകൊടുത്താൽ ബാക്കിയുള്ളത് 4.80 ഏക്കർ സ്ഥലമാണ്. പ്രൈമറി വിദ്യാലയം, ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ വിഭാഗങ്ങൾ അടക്കമുള്ള സംവിധാനമുള്ള ഹൈസ്കൂളിൽ എങ്ങനെയാണ് കോളേജ് നടപ്പിലാക്കുക? വിവരക്കേടിന്റെ

പേരാണോ താനൂരിലെ മുസ്ലീം ലീഗ് എന്ന് ഈ അവസരത്തിൽ ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി എവിടെയും കോളേജ് കൊടുത്തിട്ടില്ല എന്നത് ശരിയാണ്. ഞാൻ അങ്ങനെയല്ല പറഞ്ഞത്. മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന തീരദേശ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് കോളേജുകളില്ലാത്ത എല്ലാ മണ്ഡലങ്ങളിലും പുതിയ കോളേജുകൾ അനുവദിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് താനൂരിൽ കോളേജ് കൊടുത്തത്. അത് താനൂരിലാണെന്ന് മാത്രമേയുള്ളൂ. ഭരണ-പ്രതിപക്ഷം നോക്കാതെയാണ് കഴിഞ്ഞ ഗവൺമെന്റ് 22 പുതിയ കോളേജുകൾ അനുവദിച്ചിട്ടുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മണ്ഡലത്തിൽ വരെ കോളേജ് അനുവദിച്ചു.

മി. ചെയർമാൻ: അങ്ങ് ഇരിക്കൂ, അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കാര്യം കേൾക്കണം. അനാവശ്യമായ തർക്കങ്ങൾക്ക് സാധ്യതയില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ ഏകദേശം നൂറോളം വീടുകൾ കുടിയൊഴിപ്പിച്ചിട്ടുവേണം അവിടെ നാല് ഏക്കറിൽക്കൂടുതൽ പുതിയ സ്ഥലം കണ്ടെത്താൻ. ഇനി വേണ്ടിവരുന്ന സ്ഥലം കണ്ടെത്താൻ നിങ്ങൾക്ക് കഴിയുമോ? അഞ്ച് ഏക്കർ സ്ഥലം ഈ ഗവൺമെന്റ് കണ്ടെത്തി. ഒരു വീടുപോലും ഒഴിപ്പിക്കാതെ, സൗജന്യ നിരക്കുപോലെ 80,000 രൂപ വച്ചാണ് അതിന്റെ ഉടമകൾ സ്ഥലം വിട്ടുതന്നത്. നാല് ലക്ഷത്തോളം രൂപ വിലവരുന്ന സ്ഥലങ്ങൾ 80,000 രൂപ നിരക്കിൽ തരുന്നത് സൗജന്യമായി തരുന്നതിന് തുല്യമാണ്. പക്ഷേ താനൂരിൽ ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ചില പ്രശ്നങ്ങളുണ്ടാകും. കാരണം, താനൂരിൽ അറുപത് വർഷം നിങ്ങൾ ഭരിച്ചിട്ട് ഒന്നും ചെയ്യാൻ കഴിയാതെ, ഇപ്പോൾ 500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അവിടെ വരുമ്പോൾ നിങ്ങൾക്ക് ചിലപ്പോൾ ബുദ്ധിമുട്ടുണ്ടാകും. അത് തീരദേശ മേഖലയായാലും അടിസ്ഥാന സൗകര്യങ്ങളായാലും വിദ്യാഭ്യാസ സ്ഥാപനങ്ങളായാലും ആശുപത്രികളായാലും അപ്രകാരം തന്നെയാണ്. താനൂരിൽ ഗവൺമെന്റ് ആശുപത്രിക്ക് പത്ത് കോടി രൂപയും ശുദ്ധജല പദ്ധതിക്ക് മുന്നൂറ് കോടി രൂപയുമാണ് ഈ സർക്കാർ നൽകിയത്. ആദ്യം 100 കോടി രൂപ അനുവദിച്ചു. അടുത്ത് 200 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകാൻ പോകുന്നു. സ്വാഭാവികമായും പ്രശ്നങ്ങളുണ്ടാകും. അത് ഞങ്ങൾക്കറിയാം. മുസ്ലീം ലീഗിന്റെ

തരംതാഴ്ന്ന രാഷ്ട്രീയം ഞങ്ങളെ പോലുള്ള ആളുകളുടെ അടുത്ത് നിങ്ങൾ എടുക്കരുത്. ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, 2020-21-ലെ വാഹന നികുതികൾ, ഗതാഗതം, മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

മത്സ്യമേഖല വളരെയധികം ബുദ്ധിമുട്ട് നേരിട്ട് മുന്നോട്ടുപോകുന്ന ഒരു സാമൂഹ്യ പശ്ചാത്തലത്തിലാണെന്നുള്ളത് നമുക്കറിയാം. ഇവിടെ സൂചിപ്പിച്ചതുപോലെ, 590 കിലോമീറ്റർ തീരദേശമേഖലയും ഉൾനാടൻ മത്സ്യമേഖലയും ഉൾപ്പെടുന്നതാണ് നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി മേഖല. ജനസംഖ്യയുടെ ഏകദേശം 3.11 ശതമാനം ആളുകൾ മത്സ്യബന്ധന മേഖലയിൽനിന്നും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. പക്ഷേ, ആ മേഖലയെ സംബന്ധിച്ചിടത്തോളം അവർക്ക് കൃത്യമായ സഹായം എത്തിക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ മേഖലയെക്കുറിച്ച് വളരെയധികം കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ മേഖലയിൽ ധാരാളം കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെടുകയുണ്ടായി. യഥാർത്ഥ വസ്തുതകൾ പരിശോധിച്ചാൽ, ആ മേഖല ദാരിദ്ര്യത്തിന്റെ വറുതിയിൽ നിൽക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ സമുദ്രോല്പന്ന കയറ്റുമതിയുടെ ഗണ്യമായ പങ്ക് വഹിക്കുന്നത് ഈ മേഖലയിൽ നിന്നാണ്. ഏകദേശം 6000 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം സമുദ്രോല്പാദന കയറ്റുമതിയിലൂടെ നമ്മുടെ നാട് നേടിയതെന്ന് ബഡ്ജറ്റ് അവലോകനത്തിൽ പറയുന്നുണ്ട്. അങ്ങനെയുള്ള മേഖലയെ വേണ്ട രീതിയിൽ സംരക്ഷിക്കാൻ നമുക്ക് കഴിയുന്നുണ്ടോ എന്നുള്ളതാണ് എനിക്ക് ഈ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് ചോദിക്കാനുള്ളത്. ഈ മേഖലയിൽ ഏകദേശം 10 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ നേരിട്ട് പ്രവർത്തിക്കുകയാണ്. ഈ മേഖലയ്ക്ക് ബഡ്ജറ്റിൽ പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ളത് കേവലം 200 കോടി രൂപ മാത്രമാണ്. പ്രകൃതിക്ഷോഭംമൂലം നിരന്തരമായി തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെടുകയും കഷ്ടപ്പാട് സഹിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഇന്ന് ഈ മേഖലയിലുള്ളത്. പുനരധിവാസം, തൊഴിൽ ലഭ്യമാകുന്ന ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ നമ്മുടെ നാടിനു ലഭിക്കുന്ന വരുമാനത്തിന്റെ ആനുപാതികമായൊരു വിഹിതം ഇവർക്ക് ചെലവഴിക്കുന്ന കാര്യത്തിൽ ദയനീയമായി പരാജയപ്പെട്ടു നിൽക്കുന്നു എന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട്

ഏകദേശം 3725 പേർക്കാണ് മത്സ്യത്തൊഴിലാളി മേഖലയിൽ ഭവനം കൊടുക്കാൻ കഴിഞ്ഞതെന്ന് ഇന്നലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

ലൈഫ് പദ്ധതിയെക്കുറിച്ച് വളരെയധികം മേനി പറയുന്നുണ്ട്. രണ്ട് ലക്ഷം പേർക്ക് വീട് കൊടുത്തുവെന്നാണ് പറയുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ ഭരിച്ചിരുന്ന 5 വർഷക്കാലം മത്സ്യമേഖലയിൽ 19000 മത്സ്യത്തൊഴിലാളികൾക്കാണ് ഫിഷറീസ് വകുപ്പുവഴി ഭവനം കൊടുക്കാൻ കഴിഞ്ഞതെന്ന വസ്തുത നമ്മൾ വിസ്മരിക്കരുത്. ആ സ്ഥാനത്ത് ഈ ഗവൺമെന്റിന് നാല് വർഷംകൊണ്ട് 3725 പേർക്കാണ് ഭവനം കൊടുക്കാൻ കഴിഞ്ഞത്. അത് ഗൗരവമായി കാണണം. ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ചു കാണിക്കാൻ എല്ലാ ഡിപ്പാർട്ട്മെന്റിനേയും സംയോജിപ്പിച്ചതിലൂടെ മത്സ്യമേഖലയിൽ യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ ഗവൺമെന്റ് 5 വർഷക്കാലംകൊണ്ട് 19000 പേർക്ക് വീടു കൊടുത്തപ്പോൾ മൂന്നുനാല് വർഷക്കാലംകൊണ്ട് 3725 പേർക്ക്മാത്രം ഭവനം കൊടുക്കാനിടയായത്. ഇപ്പോൾ മത്സ്യമേഖലയിൽ വീടുവയ്ക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം, മരട് ഫ്ലാറ്റ് പൊളിച്ചതുമായി ബന്ധപ്പെട്ട് അതിൽ അഫക്റ്റഡായ ഒരു വ്യക്തി സുപ്രീംകോടതിയിൽ കേസ് കൊടുത്തതുമൂലം CRZ (Coastal Regulation Zone) violations നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്. എറണാകുളം പോലുള്ള തീരദേശമേഖലയിലെ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടനുഭവപ്പെടുകയാണ്. വർഷങ്ങളായി താമസിക്കുന്ന വീടുകളെല്ലാം ഇന്ന് ഇത്തരത്തിൽ കണക്കെടുപ്പിന്റെ പട്ടികയിൽപ്പെടുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് വ്യക്തമായൊരു ധാരണയുണ്ടാക്കണം. മത്സ്യത്തൊഴിലാളി മേഖലയിൽ താമസിക്കുന്നവരുടെ ലിസ്റ്റ് കൊടുക്കാൻ തയ്യാറായാൽ CRZ മേഖലയിൽ ആ നിയമം ലംഘിച്ച ഏറ്റവും വലിയൊരു സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് മത്സ്യത്തൊഴിലാളി മേഖലയിൽപ്പെട്ട കുടുംബങ്ങളെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു പഞ്ചായത്തിൽ മാത്രം 1400-ഓളം കുടുംബങ്ങൾ ഈ കണക്കെടുപ്പിലൂടെ CRZ നിയമം ലംഘിച്ച് വീടുവച്ചുവെന്ന് പറയുന്ന സാഹചര്യം ആ ജില്ലയിലുണ്ടായിട്ടുണ്ട്. സ്വാഭാവികമായും ജനങ്ങളുടെ ഇടയിൽ വലിയ അങ്കലാപ്പാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളത്. 2011-ലെ CRZ വിജ്ഞാപനപ്രകാരം കടലോരമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അല്ലെങ്കിൽ അവിടെ പരമ്പരാഗതമായി താമസിക്കുന്നവർക്ക് CRZ നിയമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് 2011-ൽ തന്നെ

ഉത്തരവ് വന്നിട്ടുണ്ട്. ഇത് 2011-ലെ ഉത്തരവിലെ 6(d)യിൽ വ്യക്തമായിത്തന്നെ പറയുന്നുണ്ട്. കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഒഴിച്ച് കൈമാറ്റമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടുകൂടി ഒരു കാരണവശാലും മത്സ്യത്തൊഴിലാളികൾക്ക് CRZ ബാധകമാകാതെ വീട് വയ്ക്കാനുള്ള സൗകര്യം നിലനിൽക്കുമ്പോൾ ഇന്ന് നമ്മുടെ നാട്ടിൽ ഈ നിയമത്തിന്റെ പേരിൽ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ഒരു കാര്യംകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്, 2019-ൽ CRZ-ന്റെ നോട്ടിഫിക്കേഷൻ വന്നു. ആ നോട്ടിഫിക്കേഷൻ പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഞാൻ ഇതുമായി ബന്ധപ്പെട്ട് നേരത്തേ ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഏകദേശം ഏഴായിരത്തോളം മത്സ്യത്തൊഴിലാളികൾക്കാണ് CRZ-ന്റെ NOC കിട്ടാത്ത, വീടുവയ്ക്കാൻ കഴിയാത്ത, ലൈഫ് പദ്ധയിൽ ഉൾപ്പെട്ടിട്ടും ഭവനം നിർമ്മിക്കാൻ കഴിയാത്ത സാഹചര്യം ഈ സംസ്ഥാനത്തുള്ളത് എന്നത് ഗൗരവമായി കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു വർഷം കഴിഞ്ഞിട്ടുപോലും CRZMA (Coastal Regulation Zone Management Authority)-യെക്കൊണ്ട് ഒരു കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല എന്നു പറയുമ്പോൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ നേരിട്ട് ചെയ്യേണ്ട ഒരു വകുപ്പായിട്ടുപോലും ഈ മേഖലയിൽ ഗുരുതരമായ വീഴ്ച ഉണ്ടായിരിക്കുന്നു എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇവിടെ പുനർഗേഹം പദ്ധതിയെക്കുറിച്ച് പറഞ്ഞു. വേലിയേറ്റ സമയത്ത് കടൽ കയറുന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണത്. ആ പദ്ധതിക്കായി 2000 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഒരു രൂപ എങ്കിലും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ തുക അപര്യാപ്തമാണ്. വീടുവയ്ക്കാൻ 4 ലക്ഷം രൂപയും സ്ഥലം വാങ്ങാൻ 6 ലക്ഷം രൂപയുമാണ്. രണ്ട് സെന്റ് സ്ഥലമുണ്ടെങ്കിൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ. എറണാകുളം പോലൊരു നഗരത്തിൽ ഈ തുകയ്ക്ക് എവിടെ നിന്ന് കിട്ടും സ്ഥലം? 10 ലക്ഷം രൂപയെന്നത് 15 ലക്ഷം രൂപയായി ഉയർത്തിയെങ്കിൽ മാത്രമേ പുനർഗേഹം പോലൊരു പദ്ധതി ഈ നാട്ടിൽ പ്രായോഗികമായി നടത്താൻ കഴിയൂ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, 2008-ൽ കടമെടുത്ത ആളുകളുടെ കേസുപോലും തീർപ്പാക്കാൻ കഴിയാതെ അതെല്ലാം ഇന്നും കെട്ടിക്കിടക്കുന്ന സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. കർഷക കടാശ്വാസ പദ്ധതി 2014-വരെ ഉയർത്തിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നിത്യവൃത്തിയില്ലാത്ത മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

2014 വരെ നീട്ടണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന സാമഗ്രികൾ വാങ്ങുന്നതിന് ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതുപയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് എന്ത് ഉപകരണങ്ങൾ വാങ്ങാനാണ്? അതുകൊണ്ട് ഈ തുക 10 കോടി രൂപയായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇൻഷ്വറൻസ് പദ്ധതിക്കായി ആകെ നീക്കിവച്ചിട്ടുള്ളത് 3 കോടി രൂപയാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്യാൻ ഈ തുക അപര്യാപ്തമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മണ്ണെണ്ണ സബ്സിഡി - യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നടപ്പിലാക്കിയ പദ്ധതിയാണ്. കഴിഞ്ഞ മൂന്ന് മാസക്കാലമായി മണ്ണെണ്ണ സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണം. ഉല്പാദന ബോണസ് - യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നടപ്പിലാക്കിയ പദ്ധതിയാണ്. ആ പദ്ധതി ഇന്ന് നിർത്തിവച്ചിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ക്ഷേമനിധികൾ, വിവാഹ ധനസഹായം, മരണാനന്തര സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇന്ന് കൊടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് മത്സ്യത്തൊഴിലാളി മേഖലയിൽ ഒരു ഗുണവും ചെയ്യാത്ത ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ഇവിടെ എനിക്കുമുമ്പ് സംസാരിച്ച പ്രതിപക്ഷാംഗങ്ങളിൽ പലരുടെയും പ്രസംഗങ്ങളിൽ എടുത്തുപറയാനുള്ളത് ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റേതാണ്. അദ്ദേഹം സാധാരണ ബോധത്തോടുകൂടിയാണോ സംസാരിച്ചതെന്ന് ഞാൻ ആശങ്കപ്പെടുകയാണ്. കാരണം, കേരളത്തിലെ വികസന പ്രവർത്തനങ്ങളെ നന്നായി വിലയിരുത്തുന്ന ഒരാൾക്ക് ബോധമനസ്സിൽ അത്തരം കാര്യങ്ങൾ പറയാൻ കഴിയുകയില്ല. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായം 20-ാം വാക്യത്തിൽ ജീസസ്സ് ക്രൈസ്റ്റ് പറയുന്ന ഒരു വാചകമുണ്ട്, 'കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്ക് കൂടുകളുമുണ്ട്. മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല.' രണ്ട് ലക്ഷം വീടുകൾ, അതിലേറെ പുഞ്ചിരികൾ, രണ്ട് ലക്ഷം ജീവിതകഥകൾ ലൈഫ് പദ്ധതിയിലൂടെ അന്വർത്ഥമാക്കിയപ്പോൾ മനുഷ്യപുത്രന് തലചായ്ക്കാനിടമില്ലെന്ന വിലാപത്തിന് കേരളത്തിൽ അറുതിവന്നു. ലൈഫ് മിഷനിലൂടെ 2,14,000 വീടുകൾ പൂർത്തീകരിച്ചതിന്റെ ഷോക്കിലാണ് പ്രതിപക്ഷം. കാരണം അവർക്ക് മാനേജ്മെന്റ് അറിയുകയില്ല, ധനമാനേജ്മെന്റ് അറിയുകയില്ല. സാമ്പത്തിക

അരാജകത്വം മാത്രമറിയാവുന്ന യു.ഡി.എഫ്.-ന് എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് എങ്ങനെയാണ് 2,14,000 വീടുകൾ പൂർത്തീകരിച്ചതെന്നതിൽ സ്വാഭാവികമായും ആശങ്ക തോന്നുന്നതിൽ ഞങ്ങൾക്കാർക്കും അതിശയമില്ല. ഞാൻ ചില അനുഭവങ്ങൾ പറയാം. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു കേരളത്തിലെ മുഖ്യമന്ത്രി. 73 തദ്ദേശഭരണ സ്ഥാപനങ്ങളുമായി വലിയ ബന്ധം പുലർത്തിയിരുന്ന ആളായിരുന്നു ഞാൻ. ആ കാലഘട്ടത്തിൽ ഡി.പി.സി. പദ്ധതികൾ അംഗീകരിച്ച് കൊടുക്കുന്നതിൽ നന്നായി ഇടപെടുമായിരുന്നു. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഭാഗ്യമുള്ളവർക്ക് മാത്രമായിരുന്നു വീട് കിട്ടിയിരുന്നതെങ്കിൽ അർഹതപ്പെട്ടവർക്ക് വീട് കിട്ടുന്ന കാലമാണ് ഇടതുപക്ഷത്തിന്റേത്. അന്ന് നറുക്കിട്ടായിരുന്നു ബ്ലോക്കുകളിൽ വീട് കൊടുത്തിരുന്നത്. എവിടെ നിന്നാണ് 4 ലക്ഷമെന്ന നട്ടാൽ കുരുക്കാത്ത നുണ നിങ്ങൾ പറയുന്നത്? അന്നത്തെ മന്ത്രി ഈ സഭയിൽ ഇരിപ്പുണ്ടല്ലോ. നട്ടാൽ കുരുക്കാത്ത നുണ പറയുകയും പ്രചരിപ്പിക്കുകയും ചെയ്യരുത്. സംഘപരിവാറിന്റെ ജോലിയാണ് നുണ പ്രചരിപ്പിക്കുക എന്നുള്ളത്. എന്നാൽ സംഘപരിവാറിനെക്കാൾ മ്ലേച്ഛമായ രൂപത്തിൽ നുണപ്രചരണത്തിന്റെ വക്താക്കളായി യൂത്ത് കോൺഗ്രസിന്റെ ലീഡർഷിപ്പ് മാറുന്നുവെന്നുള്ളത് അങ്ങേയറ്റം വേദനാജനകമായ കാര്യമാണ്. 56000 വീടുകളുടെ ക്രെഡിറ്റ് നിങ്ങൾ വേണമെങ്കിൽ എടുത്തുകൊള്ളുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ഞാൻ കേട്ടു. പക്ഷേ, ആ ക്രെഡിറ്റ് നിങ്ങൾക്ക് അർഹതപ്പെട്ടതല്ലെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. 2001 മുതൽ പല കാലങ്ങളിലായി പലപല കാരണത്താൽ, ചിലപ്പോൾ രോഗങ്ങൾമൂലമാകാം, ദാരിദ്ര്യംമൂലമാകാം, പെട്ടെന്നുണ്ടായ എന്തെങ്കിലും കഷ്ടപ്പാടുകൾ കൊണ്ടാകാം, വീട് പൂർത്തിയാക്കാൻ കഴിയാത്ത, പാവപ്പെട്ട മനുഷ്യരുടെ പണിതീരാത്ത വീടുകൾ, അത് കേരളത്തിൽ ഏറ്റവും വേദനാജനകമായ ചിത്രമാണ്. ആ 56000 വീടുകളുടെ പണി പൂർത്തീകരിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം തീരുമാനിച്ചത്. 2016-17 കാലഘട്ടത്തിൽ അത്തരം പ്രവർത്തനങ്ങൾക്കാണ് നമ്മുടെ ഗവൺമെന്റ് നേതൃത്വപരമായ പങ്കുവഹിച്ചത്. അങ്ങനെ ആ 56000 വീടുകളുടെ പണി പൂർത്തീകരിച്ചു. 2016-ലും 2017-ലും നിയമസഭാ ചോദ്യങ്ങൾ പുറത്തുവിട്ടുകൊണ്ട് അണികളെ നിങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നു. ആദരണീയനായ പ്രതിപക്ഷ നേതാവ് ഇവിടെയില്ല. കേരളത്തിലെ ആദരണീയനായ മുഖ്യമന്ത്രി ഫെബ്രുവരി 29-ാം തീയതി തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം നടത്തി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മണ്ഡലത്തിൽ കുമാരപുരം എന്നൊരു ഗ്രാമപഞ്ചായത്തുണ്ട്. ഈ വർഷത്തെ സ്വരാജ് ട്രോഫി ആലപ്പുഴയിൽ നിന്ന് അവരാണ് വാങ്ങിയത്. കുമാരപുരം

ഗ്രാപഞ്ചായത്തിലെ 251 വീടുകളുടെ പ്രഖ്യാപനം നടത്താൻ എന്നെയവർ ക്ഷണിച്ചു. ഞാൻ അവിടെ പോയിരുന്നു. അതിൽ കേവലം 11 വീടുകൾ മാത്രമാണ് പി.എം.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അത് 2017-18 കാലഘട്ടത്തിൽ തുടങ്ങിയ പി.എം.എ.വൈ. പദ്ധതിയാണ്. പക്ഷേ, നിങ്ങൾ കള്ളപ്രചരണം നടത്തുന്നു. ലീഡർ വ്യത്യസ്തനായാലല്ലേ അണികൾ വ്യത്യസ്തരാവുകയുള്ളൂ. ലീഡർ തന്നെ പറയുകയാണ് 4 ലക്ഷം വീടുകളെന്ന്. ഞങ്ങൾക്ക് വെല്ലുവിളിച്ചുതന്നെ നിങ്ങളോട് പറയാൻ കഴിയും 4 ലക്ഷം വീടുകൾ നിങ്ങളുടെ കാലഘട്ടത്തിൽ പൂർത്തീകരിച്ചിട്ടില്ല. ഞങ്ങളെല്ലാം അതിന്റെ നേർസാക്ഷികളായിരുന്നു, അനുഭവസ്ഥരായിരുന്നു. മുൻ എം.എൽ.എ.-യായ ശ്രീ. ബാബു എം. പാലിശ്ശേരി ചോദിച്ച ചോദ്യത്തിന് അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. കെ. സി. ജോസഫ് 22-2-2014-ന് നൽകിയ മറുപടി, ഈ മറുപടിയാണ് നിങ്ങൾ പ്രചരിപ്പിക്കേണ്ടത്. ഇതാണ് നിങ്ങളുടെ അണികൾക്ക് കൊടുക്കേണ്ടത്. കള്ളപ്രചരണം നടത്തരുത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഭവന പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചുവെന്നും അവയിൽ ഏതെല്ലാം നടപ്പിൽ വരുത്തിയെന്നും ചോദിച്ചപ്പോൾ അന്നത്തെ മന്ത്രി നൽകിയ മറുപടി, 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഭവനപദ്ധതികളൊന്നും തന്നെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല' എന്നാണ്. അതിൽ നിന്നുതന്നെ വ്യക്തമാണ് ആ കാലത്ത് ഐ.എ.വൈ. പദ്ധതി മാത്രമായിരുന്നു ഉണ്ടായിരുന്നതെന്ന്. ഇപ്പോൾ എന്താണ് ഞങ്ങൾ ചെയ്ത തെറ്റ്; നിങ്ങൾ അതെന്താണ് പറയാത്തത്. ഞാനൊരു പി.എം.എ.വൈ. ഗുണഭോക്താവും അപ്പുറത്തിരിക്കുന്ന ഒരു പ്രതിപക്ഷ എം.എൽ.എ. ലൈഫിന്റെ ഗുണഭോക്താവുമാണെങ്കിൽ നിങ്ങൾ 4 ലക്ഷം രൂപയ്ക്ക് വീട് വയ്ക്കുമ്പോൾ ഞാൻ 72000 രൂപയ്ക്ക് വീട് വയ്ക്കണോ? ഇത് കേരളമാണ്. സോഷ്യലിസ്റ്റുകളായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണമാണിവിടെ നടക്കുന്നത്. എല്ലാവരെയും ഒരേ നിലയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്ന ഗവൺമെന്റാണ്. പി.എം.എ.വൈ. പദ്ധതിക്കും 4 ലക്ഷം രൂപ തന്ന് നിങ്ങളെക്കൂടി ലിഫ്റ്റ് ചെയ്ത് കൊണ്ടുവരികയാണ് ചെയ്തത്. അപ്പുറത്തിരിക്കുന്ന ഒരു എം.എൽ.എ., അദ്ദേഹം വലിയ ഗാന്ധി ഭക്തനെന്നാണ് പറയുന്നത്. അദ്ദേഹമിപ്പോൾ സഭയിലില്ല. അദ്ദേഹം പഞ്ചായത്തുകളുടെ മൊത്തക്കച്ചവടക്കാരനാണ് എന്നെല്ലാമാണ് പറയുന്നത്. ഞങ്ങളും പഞ്ചായത്ത് അനുഭവമുള്ളവരാണ്. പഞ്ചായത്ത് മെമ്പറായും പ്രസിഡന്റായുമെല്ലാം ജനങ്ങളോടൊപ്പം പ്രവർത്തിച്ചിട്ടുള്ളവരാണ്. അദ്ദേഹത്തിന്റെ ആ ഇടപെടൽ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് ഗോഡ്സെയെയാണ്. 1949 നവംബർ 15-ന് അംബാല സെൻട്രൽ ജയിലിൽ വച്ചാണ് ഗോഡ്സെയെ തൂക്കിലേറ്റുന്നത്. തൂക്കിലേറ്റുന്ന

സമയത്ത് ഗോഡ്സെയുടെ അന്ത്യാഭിലാഷം എന്താണെന്ന് ചോദിച്ചു. ഗോഡ്സെ പറഞ്ഞത്, എന്നെ തൂക്കിലേറ്റിക്കഴിഞ്ഞാൽ മൃതദേഹം ദഹിപ്പിക്കണം. സാധാരണ മരണമടുക്കുന്ന സമയത്ത് മനംമാറ്റം വന്നിട്ടുണ്ടാകും. ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തം ചെയ്യേണ്ട സമയമായിട്ടുണ്ടെന്ന് ഓർക്കും. പക്ഷേ, ഗോഡ്സെയുടെ മറുപടി ശ്രദ്ധേയമാണ്. എന്റെ ചിതാഭസ്മം ഇന്ത്യയിലെ ഒരു നദിയിലും നിങ്ങൾ ഒഴുക്കരുത്. മഹാത്മാ ഗാന്ധിയുടെ ചിതാഭസ്മം ഒഴുക്കി നദികൾ മുഴുവനും അശുദ്ധമാക്കപ്പെട്ടിരിക്കുന്നു. അഖണ്ഡ ഭാരതത്തിന്റെ ഉദയംവരെ എന്റെ ചിതാഭസ്മം ഒരു കലശത്തിൽ സൂക്ഷിച്ചുവച്ചിട്ട് പിന്നീടത് സിന്ധു നദിയിൽ ഒഴുക്കണമെന്ന മറുപടിയാണ് അന്ത്യാഭിലാഷമായി ഗോഡ്സെ പറഞ്ഞത്. വഴിതെറ്റുന്ന രാജ്യസ്നേഹം, മതഭ്രാന്ത്, ഒരു മനുഷ്യനെ എത്രത്തോളം ക്രൂരമാക്കുന്നുവെന്ന ചരിത്രത്തിന്റെ വെളിപ്പെടുത്തലാണത്. അപ്പുറമിരിക്കുന്ന ഗാന്ധിഭക്തരെന്ന് പറയുന്ന ചില എം.എൽ.എ.-മാർ ഗോഡ്സെയുടെ ഭക്തരാണോയെന്ന് സംശയിക്കുകയാണ്. അവർ സംഘപരിവാറിനോടൊപ്പം ചേർന്ന്, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ 2000 വീട് കിട്ടിയത് പി.എം.എ.വൈ. വഴിയാണെന്ന് യാതൊരു മടിയുമില്ലാതെ പറയുകയാണ്.

5919 കോടി രൂപയുടെ വരുമാനം സംസ്ഥാനത്തിന് നേടിത്തരുന്ന ഒരു പ്രധാന മേഖലയാണ് 590 കി.മീ. തീരമുള്ള കേരളത്തിലെ മത്സ്യമേഖല. മത്സ്യത്തൊഴിലാളിയുടെ ആളോഹരി വരുമാനം 1,10,407 രൂപ മാത്രമാണ്. 2,25,484 രൂപയാണ് സംസ്ഥാനത്തെ ശരാശരി പൗരന്റെ ആളോഹരി വരുമാനം എന്നുള്ള നിലയിൽ നിന്നാണ് നമ്മുടെ ഗവൺമെന്റ് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് താളവും ഈണവും കൊടുക്കാൻവേണ്ടി പരിശ്രമിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഝാൻസിറാണിയാണ് ശ്രീമതി മേഴ്സിക്കുട്ടി അമ്മയെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടതും സങ്കീർണ്ണമായതുമായ വകുപ്പ്, സമുദ്രം പോലെതന്നെ ആദിയും അന്തവും ഇല്ലാത്ത മത്സ്യമേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം സാധാരണ പൗരന്മാരുടെ ജീവിത നിലവാരത്തോടൊപ്പമെത്തിക്കാൻ കഠിനമായി പരിശ്രമിക്കുന്ന മന്ത്രിയാണ്. ശരാശരി പൗരന്റെ ആളോഹരി വരുമാനമായ 2,25,484 രൂപയോടൊപ്പമെത്തിക്കാൻ മത്സ്യത്തൊഴിലാളിയെ ഏതൊക്കെ വിധത്തിൽ കൊണ്ടുവരാമെന്ന് എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സി. കൃഷ്ണനും ശ്രീ. കെ. ദാസനും പറഞ്ഞു. അവർ ആ മേഖലയിൽ പ്രവർത്തിക്കുന്ന ബഹുമാന്യരായ അംഗങ്ങളാണ്. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആഭ്യന്തര ഉത്പാദന വളർച്ചാതോത് വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള അല്ലെങ്കിൽ കയറ്റുമതി

വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് മത്സ്യബന്ധനം എന്ന ധനാഭ്യർത്ഥനയിലൂടെ ലക്ഷ്യമിടുന്നത്. അതിനുവേണ്ടിയുള്ള പ്രൊപ്പോസലാണ് നൽകിയിരിക്കുന്നത്. പുനർഗേഹം പദ്ധതി സംബന്ധിച്ച് ശ്രീ. ടി. ജെ. വിനോദ് സംസാരിക്കുന്നത് ഞാൻ കേട്ടു. അദ്ദേഹം കോർപ്പറേഷന്റെ ഉത്തരവാദപ്പെട്ട സ്ഥാനത്തുനിന്നാണ് നിയമസഭയിൽ എത്തിയിട്ടുള്ളത്. നാളെ മാർച്ച് 5 ആണ്. ഈ ഗവൺമെന്റ് മത്സ്യത്തൊഴിലാളികളോട് കാണിക്കുന്ന സ്നേഹത്തിനും ആദരവിനും നാളെ ശംഖുംമുഖം കടപ്പുറം സാക്ഷിയാകാൻ പോകുകയാണ്. പുനർഗേഹം എന്ന സ്വപ്നപദ്ധതിക്ക് നാളെ തുടക്കമിടുകയാണ്. 2019-ലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത പദ്ധതി പ്രഖ്യാപിക്കുന്നത്. കടൽത്തീരത്തുനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നതുമായ കുടുംബങ്ങളെ സുരക്ഷിതമായി പല സ്ഥലത്തേയ്ക്കും പുനരധിവസിപ്പിക്കാനുള്ള 2450 കോടി രൂപയുടെ പദ്ധതിക്കാണ് തുടക്കം കുറിക്കാൻ പോകുന്നത്. അതിന്റെ ആദ്യഘട്ടത്തിനാണ് നാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശംഖുംമുഖത്ത് തറക്കല്ലിടാൻ പോകുന്നത്. പറഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രിയും കേരളത്തിലെ ഗവൺമെന്റുമല്ലേ, അത് ഏറ്റവും വേഗത്തിൽ പൂർത്തിയാക്കി താക്കോൽ നൽകുന്ന ചടങ്ങായിരിക്കും അടുത്ത് നമ്മൾ കാണാൻ പോകുന്നത്. ഇതിനായി 1,398 കോടി രൂപയാണ് ഒന്നാം ഘട്ടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി, പാർശ്വവത്കരിക്കപ്പെട്ടവർക്കുവേണ്ടി അനുവദിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ കേരളത്തിലെ രണ്ടായിരത്തിൽപ്പരം പെൺകുട്ടികൾക്ക് സൈക്കിൾ കൊടുക്കുന്ന ഒരു പദ്ധതികൂടി തദവസരത്തിൽ ഫിഷറീസ് വകുപ്പ് ചെയ്യുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിങ്ങൾ വിലപിക്കുന്നുണ്ടല്ലോ, നിങ്ങളുടെ കാലഘട്ടത്തിൽ എന്തുകൊണ്ടാണ് ഇതൊന്നും കൊടുക്കാതിരുന്നത്. ഭാവനാ സമ്പന്നമായ പദ്ധതികളൊരുക്കാൻ നിങ്ങൾക്ക് കഴിയാതിരുന്നു. ഇതുമാത്രമല്ല പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി, സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമ അനാച്ഛാദനം ചെയ്ത ദിവസം കേരളത്തിൽ ഏറ്റവും സുപ്രധാനമായ ഫ്ലാറ്റ് സമുച്ചയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തതൊന്നും ഈ പ്രതിപക്ഷം കാണില്ല. കേരളത്തിൽ 18 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് 192 ഫ്ലാറ്റ് സമുച്ചയങ്ങൾ മുട്ടത്തറയിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കുവേണ്ടി തുറന്നുകൊടുത്തത്. ഏത് കാലഘട്ടത്തിൽ അപകടത്തിൽപ്പെട്ടവരെന്നല്ല, കാലാകാലങ്ങളായി പ്രകൃതിക്ഷോഭത്തിൽപ്പെട്ടു പോയവർക്കുവേണ്ടിയാണ് ആ ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുക്കാൻ നമ്മുടെ ഗവൺമെന്റ് ശ്രമിച്ചതെന്ന് ഈ അവസരത്തിൽ പറയാതിരിക്കാൻ കഴിയില്ല. മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും ആവശ്യമുള്ളതാണ് ഇന്ധന സബ്സിഡി. ഈ വർഷത്തെ ഇന്ധന സബ്സിഡി പൂർണ്ണമായി കൊടുക്കാൻ നമ്മുടെ ഗവൺമെന്റിന്

കഴിഞ്ഞിട്ടുണ്ട്. ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് പ്രതിപക്ഷം അറിഞ്ഞിട്ടുപോലുമില്ലെന്ന് തോന്നുന്നു. കാരണം, അവർക്ക് വോട്ട് മാത്രമാണ് ലക്ഷ്യം. സത്യസന്ധമായ കാര്യങ്ങൾ പറഞ്ഞുകൊടുക്കില്ല. ഏത് ഗവൺമെന്റ് നല്ലത് ചെയ്താലും പറയാനുള്ള മിനിമം മര്യാദ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കാണേണ്ടതാണ്. മത്സ്യമേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഒട്ടനവധി ആനുകൂല്യങ്ങൾ നമ്മൾ കൊടുക്കുമ്പോൾ പീലിംഗ് ഷെഡ് അടക്കമുള്ള അനുബന്ധ മേഖലയിൽ പണി ചെയ്യുന്ന സ്ത്രീകൾക്കുകൂടി നല്ല തരത്തിലുള്ള ആനുകൂല്യം നൽകുന്നതിനുള്ള പരിശ്രമം ഉണ്ടാകണം. അവരെക്കൂടി അപകട ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവന്ന് അനുബന്ധ മേഖലയിലുള്ളവർക്കുകൂടി ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള പരിശ്രമം വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറൈൻ ആംബുലൻസ് അടക്കമുള്ള പുതിയ സംവിധാനങ്ങൾ ഈ മേഖലയിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഓഖി ചുഴലിക്കാറ്റുണ്ടായപ്പോൾ സമാനതകളില്ലാത്ത പ്രവർത്തനങ്ങൾ നടത്തിയ ഗവൺമെന്റാണ്. നമുക്ക് ചിന്തിക്കാൻ സാധിക്കുമോ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം അവരുടെ വീടുകളിൽ കൊണ്ടുപോയി കൊടുത്തു. ശ്രീമതി നിർമ്മലാ സീതാരാമൻ വന്ന് കെട്ടിപ്പിടിക്കുകയും കരയുകയും ചെയ്തു, പൈസ വന്നില്ല. പക്ഷേ, മേഴ്സിക്കുട്ടി അമ്മ എന്ന മന്ത്രിക്ക് അവരുടെയിടയിൽ പ്രവർത്തിച്ച് 20 ലക്ഷം രൂപ അവരുടെ വീടുകളിൽ കൊണ്ടുപോയി കൊടുക്കാൻ സാധിച്ചു. അതുപോലെ അടിയന്തര സഹായമായി 22 കോടി രൂപ അവരുടെ വീടുകളിലെത്തിച്ചു. അവർ പുതിയ വീട് വയ്ക്കാൻ തയ്യാറായില്ല, അവർ വാടക വീട്ടിലേയ്ക്ക് മാറിയപ്പോൾ 3,000 രൂപ പ്രകാരം വാടക കൊടുക്കാൻ ഒരു ഗവൺമെന്റ് തയ്യാറായി എന്നത് ചരിത്രത്തിൽ കേട്ടിട്ടുണ്ടോ? വാടകവരെ ഈ ഗവൺമെന്റ് കൊടുക്കുന്നു. എൽ.കെ.ജി മുതൽ ഡിഗ്രിവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കാമെന്നും പറഞ്ഞു. ഈ കുഞ്ഞുങ്ങൾക്കുവേണ്ടി ഒരു വർഷം ഒരു ലക്ഷം രൂപവരെ ചെലവഴിക്കാൻ ഗവൺമെന്റ് തയ്യാറായിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ദാസൻ)

ഗതാഗത മേഖലയുമായി ബന്ധപ്പെട്ട ഒന്നുരണ്ട് ചെറിയ സജഷനുകൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. ഇന്ന് നമ്മുടെ റോഡുകൾ മെച്ചപ്പെട്ടിട്ടുണ്ട്. കുഴിയുള്ള പഴയ റോഡൊന്നുമല്ല. പക്ഷേ, റോഡ് മെച്ചപ്പെട്ടപ്പോൾ വേഗതയിൽ വാഹനങ്ങൾ പോകുന്നു എന്നതുകൊണ്ടുതന്നെ ധാരാളം അപകടങ്ങളുണ്ടാകുന്നു. അതുപോലെതന്നെ പരിഷ്കൃത സമൂഹമായ കേരളത്തിൽ പലപ്പോഴും വാഹന നിയമങ്ങൾ ലംഘിക്കുന്ന സ്ഥിതിയുണ്ട്. രാത്രിയാത്ര ചെയ്യുമ്പോൾ എതിരെ വരുന്ന

വാഹനങ്ങൾ ലൈറ്റുകൾ ഡിം ചെയ്യാതെയിരിക്കുന്നത് പലപ്പോഴും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സീറ്റ് ബെൽറ്റിടുന്ന കാര്യത്തിലും മദ്യപിച്ച് വാഹനമോടിക്കുന്ന കാര്യത്തിലും വലിയ പിഴ ചുമത്തുന്നുണ്ടെങ്കിൽപ്പോലും ആ മേഖലയിൽ ഇപ്പോഴും ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതായി കാണുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. വാഹനത്തിൽ കയറുന്നവരുടെ എണ്ണം കുറഞ്ഞുവെന്ന് ഇവിടെ നേരത്തെ ഒരംഗം പറയുന്നതുകേട്ടു. എല്ലാവീട്ടിലും ടൂ വീലറും ഫോർ വീലറുമൊക്കെയുണ്ട്. പലരും കെ.എസ്.ആർ.ടി.സി. വാഹനത്തിൽ കയറുന്നില്ല. ദിവസേന കെ.എസ്.ആർ.ടി.സി. വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിന് 3 കോടിയിൽപ്പരം രൂപ നമുക്ക് ചെലവഴിക്കേണ്ടിവരുന്നുണ്ട്. അതുകൂടി കണക്കാക്കിക്കൊണ്ടുവേണം കൃത്യമായ മാനേജ്മെന്റിലൂടെ സാധാരണക്കാരന്റെ വാഹനമായ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കേണ്ടത്. റണ്ണിംഗ് ചെലവ് കുറയ്ക്കണം. ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് മാറുകയെന്നത് ഏറ്റവും നല്ല സജഷനാണ്. ഗതാഗത വകുപ്പിന്റെ ഏറ്റവും പ്രശംസനീയമായ ഇടപെടലാണ് സേഫ് കേരള പദ്ധതി; ആ പദ്ധതിയെ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകണം. ഞങ്ങൾ ആത്മാർത്ഥമായി, ഹൃദയത്തിൽ തൊട്ടുപറയാം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടലിന്റെ ഭാഗമായാണ് ലൈഫ് മിഷൻ ഇത്രയധികം ശ്രദ്ധേയമായി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിച്ചത്. അതുപോലെ ഉദ്യോഗസ്ഥ സംവിധാനത്തെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് സേഫ് കേരള പദ്ധതികൂടി കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള ഇടപെടൽ നടത്തണം.

ഇന്ന് ഒരു വാർത്തയുണ്ട്. സ്ത്രീകൾക്കുവേണ്ടി വാദിക്കുന്ന കെ.എസ്.യു.വിന്റെ നേതാക്കന്മാരെയൊന്നും ഇവിടെ കാണുന്നില്ല. മൂന്ന് കെ.എസ്.യു. നേതാക്കൾക്കെതിരെ കേസെടുത്തുവെന്ന് പറയുന്നു. മാധ്യമങ്ങൾ ഇതൊന്നും കാണുന്നില്ലേ? ഏതെങ്കിലും ഒരു ബ്രാഞ്ച് സെക്രട്ടറിയുടെ തൊട്ടടുത്ത വീട്ടിലാണെങ്കിൽപ്പോലും വലിയ വാർത്തകളാണല്ലോ? നിങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവരുന്നില്ലേ? മൂന്ന് കെ.എസ്.യു. നേതാക്കൾക്കെതിരെയാണ് കേസെടുത്തിരിക്കുന്നത്. പറയുന്നതൊന്ന്, പ്രവർത്തിക്കുന്നത് മറ്റൊന്ന് എന്ന തരത്തിലാണ് പ്രതിപക്ഷം പോകുന്നത്. അപകടകരമായ അവസ്ഥയിലേയ്ക്ക് നമ്മുടെ നാടിനെ കൊണ്ടെത്തിക്കുകയാണ്. നിങ്ങൾ അണികളെ തെറ്റിദ്ധരിപ്പിക്കുമ്പോൾ ഓർക്കണം സംസ്ഥാന നേതാക്കളുടെ പേരിലാണ് സ്ത്രീകൾക്കുനേരെയുള്ള ഇത്തരത്തിലുള്ള വലിയ അപമാനം. ശ്രീമതി ഷാനിമോൾ ഉസ്മാനെപ്പോലെയുള്ള നേതാക്കൾ അപ്പുറത്തുണ്ടല്ലോ, എന്തേ നിങ്ങൾ ഒരക്ഷരം പറയുന്നില്ല. സംഘ്പരിവാറിനെക്കാൾ കൂടുതൽ നുണപ്രചരണം നടത്തുന്നവരായി ഇന്ന് കേരളത്തിലെ പ്രതിപക്ഷം മാറുമ്പോൾ നിങ്ങൾ ഓർക്കേണ്ടതുണ്ട്,

കേരളത്തിലെ ഗവൺമെന്റ് നടത്തുന്ന നിസ്തുല പ്രവർത്തനങ്ങളുടെ പ്രചാരകരായി മാറിയില്ലെങ്കിലും നുണപ്രചാരകരായി മാറാതിരിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പൂർണ്ണ മനസ്സോടെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു......(ബഹളം).....

ശ്രീ. മാത്യു ടി. തോമസ്: സർ, ..(ബഹളം)......

മി. ചെയർമാൻ: പേര് പറഞ്ഞിട്ടില്ല. ഇല്ല.. പേര് പറഞ്ഞിട്ടില്ല..

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്നലെ ഞാൻ ഇവിടെ ഉന്നയിച്ചത് ബഹുമാന്യനായ കേരളത്തിലെ ടൂറിസം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ കഴിഞ്ഞ ദിവസം, മണ്ണ് വാരിത്തിന്ന കുഞ്ഞുങ്ങളുടെ കുടുംബത്തിന് വീടുവച്ച് നൽകിയപ്പോൾ അവിടത്തെ രക്ഷിതാക്കളെ, അമ്മയെയും അച്ഛനെയുംപറ്റി പറഞ്ഞുവെന്ന പൊതുവായ വാർത്തയ്ക്കൊപ്പം സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ അതിശക്തമായ വാചകങ്ങൾ പറഞ്ഞപ്പോൾ എവിടെയായിരുന്നു ഈ പ്രിയപ്പെട്ട, ബഹുമാന്യരായ വനിതാ അംഗങ്ങൾ എന്നാണ് ചോദിച്ചത്. അതിനൊരു മറുപടി വേണം. അത് കൂടി പറയൂ.. പ്ലീസ്.

മി. ചെയർമാൻ: ശ്രീ. മാത്യു ടി. തോമസ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ..(ബഹളം)......

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറയാത്ത കാര്യം പറഞ്ഞുവെന്നുള്ളത് രേഖയിലുണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭ കെ.എസ്.യു. സംസ്ഥാന നേതാക്കൾ സഹപ്രവർത്തകരുടെ ചിത്രം മോർഫ് ചെയ്ത ഗുരുതരമായ സംഭവവികാസമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിനെ മറികടക്കാൻ തെറ്റായ പ്രചരണം നടത്തുകയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രനെതിരായ തെറ്റായ പരാമർശം രേഖയിലുണ്ടാവാൻ പാടില്ല.*

മി. ചെയർമാൻ: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

2.00 P.M.]

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട ചെയർ, ബഹുമാന്യയായ ശ്രീമതി യു. പ്രതിഭ പ്രസംഗിക്കുന്നതിനിടയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ടാണ് ശ്രീമതി ഷാനിമോൾ ഉസ്മാൻ ഇവിടെ സംസാരിച്ചത്. എന്നാൽ നിർഭാഗ്യവശാൽ ആ പ്രസംഗത്തെ സംബന്ധിച്ച് ക്രമത്തിലല്ലാത്ത ഒരു കാര്യവും ചൂണ്ടിക്കാണിക്കാതെ ഈ സഭയിൽ പരാമർശിക്കപ്പെടാത്ത മറ്റൊരു

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 1603/ഇ.ബി./2020/നി.സെ തീയതി 5-3-2020) സഭാരേഖയിൽ നിലനിർത്തി.

പ്രശ്നം ദുരുദ്ദേശത്തോടെ ഉന്നയിക്കുകയാണ് ചെയ്തത്. അത് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവകാശം ദുരുപയോഗപ്പെടുത്തുകയാണ്. അംഗങ്ങൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവകാശം ദുരുപയോഗപ്പെടുത്തി തന്നിഷ്ടപ്രകാരം മൈതാനപ്രസംഗം നടത്തുന്നത് ഓർഡറിലാണോയെന്നത് ചെയർ പരിശോധിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, 303 പ്രകാരം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇന്നലെ ബഹുമാന്യയായ, നവാഗതയായ അരൂർ എം. എൽ. എ. ശ്രീമതി ഷാനിമോൾ ഉസ്മാൻ ...(ബഹളം)... ഇക്കാര്യം പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി കടകംപള്ളി സുരേന്ദ്രൻ സഭയിലുണ്ടായിരുന്നിട്ടും ഒരക്ഷരം മറുപടി പറഞ്ഞില്ല. പിന്നെ ഇവർക്കെന്തിനാണ് പൊള്ളുന്നത്? അങ്ങനെ അദ്ദേഹം പറഞ്ഞിട്ടില്ലെങ്കിൽ അക്കാര്യം എഴുന്നേറ്റുനിന്ന് നിഷേധിക്കുമായിരുന്നു. ഇവർ മറ്റുള്ളവർക്കുവേണ്ടി തുള്ളേണ്ട കാര്യമൊന്നുമില്ല. അദ്ദേഹം മാന്യമായി കേട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിന് തെറ്റുപറ്റിയെന്ന് ബോദ്ധ്യമുള്ളതുകൊണ്ട് മൗനം വിദ്വാന് ഭൂഷണമാക്കി അദ്ദേഹം അവിടെ ഇരുന്നു. അതല്ലേ കാണേണ്ടത്?

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട ചെയർ, ഞാൻ ഇവിടെ നേരത്തെ ഉന്നയിച്ചത് തന്നെയാണ് വീണ്ടും ഉന്നയിക്കുന്നത്. ബഹുമാന്യനായ പി. ടി. തോമസ് ചട്ടം 303 പ്രകാരമാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്. ചട്ടം 303 പ്രകാരം- "ക്രമപ്രശ്നം ഈ ചട്ടങ്ങളുടെയോ ഭരണഘടനയിൽ സഭയുടെ കാര്യനിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടെയോ വ്യാഖ്യാനത്തെയോ നടപ്പിലാക്കലിനെയോ സംബന്ധിച്ചുള്ളതായിരിക്കേണ്ടതും സ്പീക്കറുടെ അധികാര പരിധിയിൽപ്പെടുന്ന ഒരു പ്രശ്നം ഉന്നയിക്കുന്നതും ആയിരിക്കേണ്ടതാണ്". ഇന്നലെ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞതിനെക്കുറിച്ച് അദ്ദേഹം ഇന്ന് പറയുകയാണ്. അനാവശ്യമായി ചട്ടങ്ങൾ ദുരുപയോഗപ്പെടുത്തി ക്രമപ്രശ്നം ഉന്നയിക്കുകയാണ് ശ്രീ. പി. ടി. തോമസ് ചെയ്യുന്നത്. ഈ സഭയുടെ വിലപ്പെട്ട സമയം ദുരുപയോഗപ്പെടുത്തുകയാണ്. മുതിർന്ന അംഗങ്ങൾ ഇങ്ങനെ ചെയ്യുന്നതിനെതിരെ ചെയർ റൂളിംഗ് കൊടുക്കണം.

മി. ചെയർമാൻ: ഇക്കാര്യം ചെയർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാത്ത തരത്തിലുള്ള കോടതി ഇടപെടലുകൾ നിരന്തരമുണ്ടായ വകുപ്പാണ് ഗതാഗത വകുപ്പ്. വളരെ കൃത്യമായ നയം ഈ മുന്നണിയെ സംബന്ധിച്ചും

കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചും ഉണ്ട്. പല ഘട്ടങ്ങളിലും ദൈനംദിന കാര്യങ്ങളിൽ വളരെ ദൗർഭാഗ്യകരമായ കോടതി ഉത്തരവുകളുണ്ടാകുന്ന ഒരവസ്ഥാവിശേഷം കെ.എസ്.ആർ.ടി.സി.-യിലുണ്ടായി എന്നുള്ളത് നമ്മുടെ മുന്നിലുള്ള സത്യമാണ്. ഇവിടെ നഖക്ഷതം അല്ല, ശസ്ത്രക്രിയയാണ് കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യം. പ്രധാന പ്രശ്നം എന്താണെന്ന് കണ്ട് പരിഹരിക്കുന്നതിനുള്ള സമഗ്രമായ, സമൂലമായ ഇടപെടലാണ് വേണ്ടത്. അതിന് തടസ്സങ്ങൾ പലപ്പോഴുമുണ്ടാകുന്നു എന്നാണ് ഞാൻ ആദ്യമേ സൂചിപ്പിച്ചത്. കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ് വളരെ ലാഭത്തിലാണെന്ന് പല ആളുകളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും ആകെയുള്ള ബസ്സുകളുടെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിന്റെ ശതമാനം വളരെ കൂടുതലാണ്. ആന്ധ്രാപ്രദേശിൽ 97 ശതമാനമാണ്. നമ്മുടെ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. സർവ്വീസ് 25 ശതമാനത്തിൽ താഴെയാണ്. ഇത് വർദ്ധിപ്പിച്ചു കൊണ്ടുവന്നാൽ മാത്രമേ മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യെ രൂപാന്തരപ്പെടുത്താൻ സാധിക്കുകയുള്ളൂ. നമുക്ക് ഡിപ്പോകളും മാനേജ്മെന്റ് സംവിധാനങ്ങളും വർക്ക്ഷോപ്പുകളുമുണ്ട്. ഇവ പരമാവധി പ്രയോജനപ്പെടുത്താനുള്ള തീവ്രമായ പരിശ്രമം കെ.എസ്.ആർ.ടി.സി.-യിൽ അനിവാര്യമാണ്. അതിന് തടസ്സമുണ്ടാകുന്ന രൂപത്തിലുള്ള കോടതി വിധികളെ എങ്ങനെ മറികടക്കാൻ കഴിയുമെന്നുള്ളതാണ് പരിശോധിക്കേണ്ടത്. മെച്ചപ്പെട്ട ഇന്ധനക്ഷമത, ടയറുകളുടെ ആയുർദൈഘ്യം ഇതൊക്കെ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി.-യിൽ ആവശ്യമാണ്. അതുപോലെ കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച പ്രധാനപ്പെട്ട പ്രശ്നമാണ് സർവ്വീസ് ഇതര ചെലവുകൾ. നാറ്റ്പാക് തയ്യാറാക്കിയ Price Index for Stage Carriage Operations (PISCO) എന്ന സൂചികയുണ്ട്. വാഹനത്തിന്റെ വില, നൽകേണ്ടിവരുന്ന വേതനം, ഇന്ധനത്തിന്റെ ചെലവ്, ഇൻഷ്വറൻസ് പ്രീമിയം തുടങ്ങിയ ഘടകങ്ങളെല്ലാമെടുത്ത് ഓരോന്നിനും നൽകേണ്ട വെയിറ്റേജ് നൽകിയാണ് PISCO എന്ന സൂചിക നിർണ്ണയിച്ചത്. അവിടെ സർവ്വീസ് ഇതര ചെലവായ പെൻഷൻ ഒരു ഘടകമല്ല. അതുപോലെ കഴിഞ്ഞ നാളുകളിൽ പെൻഷൻ കൊടുക്കാനെടുത്ത വായ്പ, തിരിച്ചടയ്ക്കേണ്ടിവരുന്ന പലിശ ബാധ്യത ഇവയൊന്നും PISCO-യിൽ വരുന്നില്ല. സ്വകാര്യ ബസ്സുകൾക്കും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും ഒരേ സൂചികയാണ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് PISCO എന്ന സൂചികയിൽ കെ.എസ്.ആർ.ടി.സി.-യിലെ വലിയ ബാധ്യതയായ പെൻഷൻ ചെലവടക്കമുള്ള കാര്യങ്ങൾ, സർവ്വീസ് ഇതര ചെലവുകൾ തുടങ്ങിയവ ഉൾപ്പെടുന്നില്ലെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേഷൻ ലാഭകരമായി നടത്തുന്നുവെന്ന വസ്തുത അംഗീകരിച്ചുകൊണ്ട് സർവ്വീസ് ഇതര ചെലവുകൾക്ക് ഉണ്ടാകുന്ന ബാധ്യത,

സർവ്വീസ് ഇതര വരുമാനം കണ്ടെത്താനുള്ള തീവ്രമായ ശ്രമമാണ് ആവശ്യം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിന് ചില ശ്രമങ്ങളുണ്ടായെങ്കിലും പരിപൂർണ്ണമായി വിജയത്തിലെത്തിയില്ല. അതിന്റെ ഭാഗമായാണ് കണ്ണായ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചത്. പക്ഷെ, നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സുകളിലൊന്നും മുറികൾ അത്ര ലാഭത്തിൽ പോയിട്ടില്ലെന്ന പ്രശ്നം നിലനിൽക്കുകയാണ്. അതുകൊണ്ട് സമൂലമായ അഴിച്ചുപണിക്ക്, ഇടപെടലിന് തയ്യാറാകണം. സുശീൽ ഖന്ന റിപ്പോർട്ട് ഇവിടെയുണ്ട്. അത് പൂർണ്ണമായും managerial perspective-ൽ മാത്രമുള്ളതാണ്. അതിനപ്പുറം തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്ത് ജനങ്ങളുടെ ആവശ്യം പരിഗണിച്ചുകൊണ്ടുള്ള നയപരമായ ഒരു ഇടപെടൽ കെ.എസ്.ആർ.ടി.സി.-യിൽ അനിവാര്യമാണെന്ന് മാത്രമാണ് സൂചിപ്പിക്കാനുള്ളത്.

ഇപ്പോൾ ഏറ്റവും കൂടുതൽ സംസാരിക്കുന്ന വിഷയം റോഡ് സുരക്ഷയെ സംബന്ധിച്ചുള്ളതാണ്. ഏറ്റവും അവസാനം തമിഴ്നാടിലുണ്ടായ അവിനാശി റോഡപകടം: പക്ഷെ, അതിലുൾപ്പെട്ട രണ്ട് വാഹനങ്ങളും കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതാണ്. ഗതാഗത നിയമങ്ങൾ ലംഘിക്കാനുള്ള പ്രവണത കേരളത്തിൽ വർദ്ധിച്ചുവരികയാണെന്ന് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യയായ യു. പ്രതിഭ ഇവിടെ സൂചിപ്പിച്ചു. 2006-ലെ സുപ്രീം കോടതി വിധി അനുസരിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഭാരവാഹനങ്ങൾക്കും പെർമിറ്റിന്റെ prerequisite ആയി speed governor ഘടിപ്പിച്ചിരിക്കണം. ഇതുവരെയും കെ.എസ്.ആർ.ടി.സി. ബസുകൾക്കോ കണ്ടെയ്നർ ലോറികൾക്കോ speed governor ഉണ്ടായിരുന്നോയെന്ന പരിശോധന നടന്നിട്ടില്ല. നടന്നതായി പത്രങ്ങളിൽ കണ്ടില്ല. പല വെഹിക്കിൾ ഇൻസ്പെക്ടർമാരും പരിശോധിച്ചിട്ടുണ്ട്. ഈ നിയമം നടപ്പിലായിട്ടുണ്ടോയെന്ന പരിശോധന നടന്നിട്ടില്ല.

റോഡ് സേഫ്റ്റി അതോറിറ്റിയെയും റോഡ് സേഫ്റ്റി ഫണ്ടിനെയും സംബന്ധിച്ച് ചില പരാമർശങ്ങളുണ്ടായി. കർശന ഇടപെടലുകൾ നടത്തിയാൽ റോഡപകട നിരക്ക് ഏറ്റവും ഉയർന്ന് നിൽക്കുന്ന സംസ്ഥാനം എന്ന അവമതിയിൽ നിന്നും കേരളത്തിന് രക്ഷനേടാൻ കഴിയും. ഞാൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് റോഡ് സേഫ്റ്റി അതോറിറ്റി ബിൽ പൈലറ്റ് ചെയ്തത്. പ്രതിപക്ഷാംഗങ്ങളുടെ അമെന്റ്മെന്റുകൾ കൂടി സ്വീകരിച്ചാണ് ആ നിയമം പാസ്സാക്കിയത്. ആ നിയമം പാസ്സായ വർഷം speed governor ഘടിപ്പിക്കുന്നതടക്കം ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചതുകൊണ്ട് വലിയ തോതിൽ അല്ലെങ്കിൽപ്പോലും നേരിയ തോതിൽ റോഡപകടങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നാണ് പോലീസിന്റെ ക്രൈം റിക്കാർഡ്സ് ബ്യൂറോയിലെ കണക്കുകൾ കാണിക്കുന്നത്. 2005-ൽ 42000-ൽ അധികം റോഡപകടങ്ങളാണുണ്ടായത്. എന്നാൽ 2008 ആയപ്പോൾ 35000

ആയി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. അതിനുശേഷം വീണ്ടും റോഡപകടങ്ങൾ വർദ്ധിച്ചു. നിയമം കർശനമായി നടപ്പിലാക്കുന്ന അവസ്ഥയിൽനിന്നും പിന്നിലേയ്ക്ക് പോയി. റോഡ് സേഫ്റ്റി അതോറിറ്റിക്ക് റോഡ് സേഫ്റ്റി ഫണ്ട് നിയമംമൂലം നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ വാഹനങ്ങളും രജിസ്റ്റർ ചെയ്യുമ്പോഴുള്ള വൺ ടൈം സെസ്, അതോടൊപ്പംതന്നെ സംസ്ഥാനത്തെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും പോലീസും ഗതാഗത നിയമ ലംഘനങ്ങൾക്ക് ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീയുടെ അമ്പത് ശതമാനം, സർക്കാർ ഗ്രാന്റുകൾ എന്നിങ്ങനെ മൂന്ന് ഘട്ടത്തിലൂടെയാണ് ഫണ്ട് ലഭിക്കുന്നത്. സർക്കാർ ഗ്രാന്റ് കിട്ടുന്നില്ല; കളക്ട് ചെയ്യുന്ന കോമ്പൗണ്ടിംഗ് ഫീയുടെ അമ്പത് ശതമാനവും വൺ ടൈം സെസ്സും റോഡ് സേഫ്റ്റി ഫണ്ടിന് പോകണമെന്നുള്ളത് നിർബന്ധമാണ്. അത് ലഭിക്കുന്നുണ്ടോയെന്നുള്ളത് പരിശോധിക്കേണ്ട വിഷയമാണ്. റോഡ് സേഫ്റ്റി മെഷേഴ്സ് നമുക്ക് നടപ്പിലാക്കാൻ കഴിയാതെ വരുന്നു. അതിലേയ്ക്ക് കർശനമായ ഇടപെടലുകൾ ഉണ്ടാകണം. റോഡ് സേഫ്റ്റി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമങ്ങൾ നമുക്കുണ്ടാകണം.

ട്രാഫിക് നിയമങ്ങൾ ലംഘിക്കാനുള്ള പ്രവണത നാട്ടിൽ ഇല്ലാതാക്കാനുള്ള സാമൂഹിക മനസ്സ് രൂപപ്പെടുത്താൻ നമുക്ക് കഴിയണം. ഇപ്പോൾ കൊറോണ വൈറസിന്റെ കാലഘട്ടമാണ്. 3000 പേർ കൊറോണ വൈറസ് ബാധിച്ച് മരണപ്പെട്ടപ്പോൾ ലോകത്തെമ്പാടുമുള്ള എല്ലാവരും മാസ്ക് ധരിക്കാൻ തയ്യാറായി. 13 ലക്ഷം ആളുകളാണ് റോഡപകടങ്ങളിൽ മരണപ്പെടുന്നത്. കേരളത്തിൽ 4500-ഓളം ആളുകൾ എല്ലാവർഷവും മരണപ്പെടുന്നു. എന്നാൽപ്പോലും സീറ്റ് ബെൽറ്റ്, ഹെൽമറ്റ് എന്നിവ ധരിക്കാനോ speed governor ഘടിപ്പിക്കാനോ നമ്മൾ തയ്യാറാകുന്നില്ല. മാനസികമായ ഈ അടിമത്വത്തിൽനിന്ന് കേരള ജനതയെ രക്ഷപ്പെടുത്തിയെടുക്കാനുള്ള അവബോധം സൃഷ്ടിക്കുന്നതിന് നാം കൂട്ടായി യത്നിക്കണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ ഗവൺമെന്റിന് രണ്ട് വനിത മന്ത്രിമാരാണുള്ളത്. രണ്ടുപേരും ഭേദമാണെന്നാണ് എന്റെ അഭിപ്രായം. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ മത്സ്യബന്ധന മേഖലയിൽ നല്ല മത്സ്യമാണ് നൽകുന്നത്. ശ്രീ. മോൻസ് ജോസഫ് പറഞ്ഞ റബ്ബർ മീനല്ല. ഈരാറ്റുപേട്ടയിൽ സർക്കാരിന്റെ ഒരു സ്റ്റോറുണ്ട്. അവിടെനിന്നാണ് ഞാൻ മത്സ്യം വാങ്ങുന്നത്. ഒന്നാംതരം മത്സ്യമാണ് നൽകുന്നത്. അതിന് നന്ദി പറയുകയാണ്.

ഗതാഗതം സംബന്ധിച്ച് ശ്രീ. മാത്യു ടി. തോമസ് പറയുന്നത് കേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. ഇപ്പോൾ പറഞ്ഞ കാര്യങ്ങളെല്ലാം അദ്ദേഹം മന്ത്രിയായിരുന്നപ്പോൾ ഇംപ്ലിമെന്റ് ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

എന്തുകൊണ്ടോ അദ്ദേഹത്തിനത് കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞ ഉപദേശങ്ങൾ ശ്രീ. എ. കെ. ശശീന്ദ്രനെങ്കിലും സ്വീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. മാത്യു ടി. തോമസ് മാത്രമാണ് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് സംസാരിച്ചത്. ബാക്കിയെല്ലാവരും മറ്റുള്ള കാര്യങ്ങളൊക്കെ പറഞ്ഞിട്ട് ഏറ്റവും അവസാനം ഒരു സന്തോഷത്തിനുവേണ്ടി കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പറയുകയാണ് ചെയ്തത്. ഞാൻ അങ്ങനെ പറയുന്നില്ല. ഇത് 32000 തൊഴിലാളികളുടെ ജീവിത പ്രശ്നമാണ്. ശ്രീ. എ. കെ. ശശീന്ദ്രന് കെ.എസ്.ആർ.ടി.സി.-യെ നന്നാക്കണമെന്ന് ഉദ്ദേശമുണ്ടെങ്കിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനായി ഇതിനെ മാറ്റണം. എന്നിട്ടത് തൊഴിലാളികളെ ഏല്പിക്കണം, അവരത് നടത്തട്ടെ. ലാഭവും നഷ്ടവുമുണ്ടെങ്കിൽ അവർ അനുഭവിക്കട്ടെ. എന്തുകൊണ്ട് അങ്ങനെ ചെയ്യാൻ പാടില്ല? അല്ലെങ്കിൽ ഫാസ്റ്റ് പാസ്സഞ്ചറും എക്സ്പ്രസും സൂപ്പർഫാസ്റ്റും ഒരു കോർപ്പറേഷന്റെ കീഴിലും ബാക്കിയുള്ളത് മറ്റൊരു കോർപ്പറേഷന്റെ കീഴിലുമാക്കണം. എന്തിനാണ് ഇതെല്ലാംകൂടി ചുമന്നുകൊണ്ട് വിഷമിക്കുന്നത്? ഇത് മാറ്റണമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അല്ലാതെ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ആർക്കും കഴിയില്ല. ഇപ്പോൾ ഒരു എം.ഡി. വന്നിട്ടുണ്ട്. അദ്ദേഹം ഭേദമുള്ള ആളാണ്. അദ്ദേഹത്തെ എത്ര നാൾ അവിടെയിരുത്തുമെന്ന് അറിയില്ല. ഓടുന്ന വാഹനങ്ങൾ ഓടിക്കും. എം.എൽ.എ.-മാരോ രാഷ്ട്രീയക്കാരോ പറഞ്ഞെന്നുവച്ച് ബസ്സുകൾ സ്ഥിരമായി നഷ്ടത്തിലോടിക്കേണ്ട ആവശ്യമെന്താണ്? ഏതെങ്കിലും എം.എൽ.എ. പറഞ്ഞെങ്കിൽ രണ്ട് മാസം ബസ് ഓടിച്ചുനോക്കുക. ലാഭകരമല്ലെങ്കിൽ ആ ബസ് സർവ്വീസ് നിർത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രി കർശന നിർദ്ദേശം കൊടുക്കണം. നഷ്ടം സഹിച്ച് ഒരു സ്ഥാപനം നടത്തണമെന്ന് എവിടെയാണ് എഴുതിവച്ചിട്ടുള്ളത്? ഇവിടെ പ്രൈവറ്റ് ഏജൻസികളില്ലേ, അവരെ ഏല്പിക്കണം. കോർപ്പറേഷൻ ലാഭകരമാക്കാനുള്ള നടപടിയിലേയ്ക്ക് പോകണം.

ശബരിമല തീർത്ഥാടനത്തിനെത്തുന്ന ഭക്തർക്ക് സുരക്ഷയൊരുക്കാനായി ഗതാഗത വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സേഫ് സോൺ. അതിന്റെ പ്രവർത്തനംമൂലം ശബരിമല സീസണിലുണ്ടാകുന്ന മരണം 30 ശതമാനം കുറയ്ക്കാൻ കഴിഞ്ഞു. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് വളരെ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. അതൊന്നും കണ്ടില്ലെന്ന് നടിക്കരുത്. നല്ലത് ചെയ്താൽ നല്ലതാണെന്നുതന്നെ പറയണം. അവരുടെ പ്രവർത്തനംകൊണ്ട് റോഡിൽ മരിച്ചുവീഴുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ സേഫ് സോൺ പദ്ധതി വളരെ ശക്തമായി മുന്നോട്ട് കൊണ്ടുപോയി കേരളത്തിലെ ജനങ്ങളെ മരണത്തിൽനിന്ന് രക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

ഹെൽമറ്റ് ധരിക്കുകയില്ലെന്ന് നിർബന്ധമുള്ളവരുണ്ട്. അവർക്കെതിരെ കേസ്സെടുക്കാൻ എന്തുകൊണ്ട് മടിക്കുന്നു? കേരളം മുഴുവൻ ശക്തമായി അന്വേഷണം നടത്തി ഹെൽമറ്റ് ധരിക്കാത്ത എല്ലാവരെയും പിടിക്കാനുള്ള നടപടി സ്വീകരിക്കുന്നതിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ തന്റേടമായി മുന്നോട്ടുപോകണം. ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നുമില്ല, എതിർക്കുന്നുമില്ല. നന്ദി, നമസ്കാരം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ മത്സ്യബന്ധനം, വാഹന നികുതികൾ, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷപൂർവ്വം പിന്താങ്ങുകയാണ്.

ഒരു ജനാധിപത്യ ജനകീയ സർക്കാർ പൊതുപണം ചെലവഴിക്കുമ്പോൾ എന്തിനായിരിക്കണം ഊന്നൽ നൽകേണ്ടത് എന്നത് സംബന്ധിച്ച് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ വികസന കാഴ്ചപ്പാട് പരമപ്രധാനമായ ഒന്നായിരുന്നു. ഓരോ ചില്ലിക്കാശ് ചെലവഴിക്കുമ്പോഴും ഭരണാധികാരികളുടെ മനസ്സിൽ ഏറ്റവും ദരിദ്രനായ ഒരുവന്റെ മുഖം ഓർമ്മയുണ്ടാകണമെന്ന സുദൃഢമായ ചിന്തയാണ് അദ്ദേഹം പങ്കുവച്ചത്. " To wipe out the tears of common man" എന്നദ്ദേഹം പറഞ്ഞുവച്ചു. കഴിഞ്ഞ നാലുവർഷത്തെ ഇടതുപക്ഷ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ പരിശോധിച്ചാൽ അക്ഷരാർത്ഥത്തിൽ ഈ ആശയം സർവ്വാത്മനാ സ്വീകരിച്ചിരിക്കുന്നതായി നമുക്ക് കാണാവുന്നതാണ്. കടലിന്റെ മക്കളുടെ കണ്ണീരൊപ്പാനും കൈത്താങ്ങാകാനും സർക്കാർ ഒപ്പമുണ്ടെന്ന ബോധം ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്കും തീരപ്രദേശങ്ങളിലുള്ള എല്ലാവർക്കുമുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വീടില്ലാതിരുന്ന 2 ലക്ഷം പേർക്ക് ഇപ്പോൾ വീടുണ്ട്. ജാതിയോ മതമോ പൗരത്വമോ പരിശോധിച്ചല്ല അവർക്ക് വീട് നൽകിയത്. വീടില്ലാത്ത ഏറ്റവും ദരിദ്രരായ രണ്ട് ലക്ഷം പേർക്കാണ് വീട് നൽകിയത്. വീട് നൽകിയതിനെ സംബന്ധിച്ച് പല അർത്ഥത്തിലും ഗവൺമെന്റിനനുകൂലമായ കാര്യങ്ങൾ വരുമ്പോഴും ഇപ്പോഴുള്ള സർക്കാരിനേക്കാൾ കൂടുതൽ വീട് വച്ചത് ഞങ്ങളാണ്, നാല് ലക്ഷം വീടുകൾ കൂടുതലാണ് വച്ചത് എന്നിങ്ങനെ അതിന്റെ എണ്ണം സംബന്ധിച്ചൊക്കെ വലിയ തർക്കമുണ്ടാകുകയാണ്. ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം നൽകേണ്ടതില്ലെന്ന് കെ.പി.സി.സി. തീരുമാനിക്കുമ്പോൾ, ഈ സംസ്ഥാനത്ത് ദുരിതബാധിതരെ സഹായിക്കാൻ ആയിരം വീട് നിർമ്മിക്കുമെന്ന് അവർ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്? അതിന്റെ നിജസ്ഥിതി അറിഞ്ഞാൽ കൊള്ളാമെന്ന് പ്രതിപക്ഷത്തിരിക്കുന്ന ആളുകളോട് ഞാൻ ചോദിക്കുകയാണ്. അവർ വീട് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച സമയത്ത് ഞങ്ങൾക്കും ചെറിയൊരു

ആശ്വാസമുണ്ടായി. ഓരോ മണ്ഡലത്തിലും ഏറ്റവും ദരിദ്രരായ നാലോ അഞ്ചോ ആളുകൾക്ക് വീട് ലഭിക്കുമെന്ന സന്തോഷം ഞങ്ങൾക്ക് തോന്നി. പക്ഷേ വീട് ലഭിച്ചില്ലെന്ന് മാത്രമല്ല, വീടിന്റെ ഫോട്ടോസ്റ്റാറ്റെങ്കിലുമുണ്ടാക്കി ഓരോരുത്തർക്കും കൊടുക്കുന്ന സ്ഥിതിയുണ്ടാക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. വളരെ ഗുരുതരമായ സ്ഥിതിയിൽ, ദുരിതാശ്വാസ നിധിയോടും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും യു.ഡി.എഫ്. പുലർത്തിയിട്ടുള്ളത് വളരെ മോശപ്പെട്ട സമീപനമായിരുന്നുവെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, നേരത്തെ അങ്ങ് ചോദിച്ച ചോദ്യം പലരും പല മാധ്യമങ്ങളിലൂടെയും ചോദിക്കുന്നതാണ്. രാഷ്ട്രീയ പാർട്ടിയുടെ സ്വന്തം അണികളിൽനിന്ന് മാത്രം ധനശേഖരണം നടത്തി വീടുവച്ചുകൊടുക്കാമെന്ന് പ്രഖ്യാപിച്ച പദ്ധതിയാണത്. 1000 വീടുകൾ പ്രഖ്യാപിച്ചതിൽ മുന്നൂറ്റി എൺപതോളം വീടുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ കണക്കുകൾ പറയാം. സി.പി.ഐ.(എം)-ന്റെ സംസ്ഥാന സമ്മേളനത്തോടനു ബന്ധിച്ച് 2000 വീടുകൾ പ്രഖ്യാപിച്ചതിൽ എത്ര വീടുകൾ നിങ്ങൾ കൊടുത്തിട്ടുണ്ട്? (ബഹളം)

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, അതിനിരട്ടി കൊടുത്തുകഴിഞ്ഞു. (ബഹളം) ഞങ്ങളുടെ ഓരോ പ്രദേശത്തും എത്രയോ വീടുകളാണ് കൊടുത്തിട്ടുള്ളത്. (.....ബഹളം...) 2018-ലും 2019-ലും പ്രളയക്കെടുതിയിൽ കേരളം മുങ്ങിയപ്പോൾ വിദേശത്തുനിന്നുള്ള ഫണ്ട് തടഞ്ഞുകൊണ്ടും ദുരിതാശ്വാസം പിടിച്ചുകൊണ്ടും ബി.ജെ.പി. സർക്കാർ കേരളത്തെ വഞ്ചിച്ചപ്പോൾ, ജീവനക്കാർ നൽകുന്ന സംഭാവനപോലും തടയാൻ ശ്രമിച്ചുകൊണ്ടാണ് യു.ഡി.എഫ്. അതിനെ നേരിട്ടത്. പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ നേരിടുന്നതിനായി 90 കോടി രൂപ ചെലവഴിച്ച് ഏഴ് ജില്ലകളിലായി നിർമ്മിക്കുന്ന 14 പ്രത്യേക ദുരിതാശ്വാസ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുകയാണ്. ഞാൻ പ്രതിനിധീകരിക്കുന്ന അഴീക്കോടും ഒരെണ്ണമുണ്ടെന്നുള്ളത് വലിയൊരു ആശ്വാസമാണ്. പ്രകൃതി ദുരന്തം നേരിടുന്നതിനായി ഈ കേന്ദ്രങ്ങൾ മുഖേന നാലുതരം എമർജൻസി റെസ്പോൺസ് ടീമുകളെ പരിശീലിപ്പിക്കുകയാണ്.

ലോകരാഷ്ട്രത്തലവന്മാരെ വേദിയിലിരുത്തി പരിസ്ഥിതിക്കുവേണ്ടി ജീവിതം മാറ്റിവച്ച കൊച്ചുവിദ്യാർത്ഥിയായ 'Greta Thunberg'-ന്റെ പ്രശസ്തമായ ചോദ്യം നമുക്കെല്ലാവർക്കുമറിയാം. 'How dare you'? പരിസ്ഥിതിയെ ഇത്രമാത്രം വഷളാക്കി വച്ചിട്ട് സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് ആദ്യം ചർച്ച ചെയ്യാൻ നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നുവെന്നാണ്. ഇടതുപക്ഷ സർക്കാർ

കാലാവസ്ഥാവ്യതിയാനം പരിഗണിച്ചുകൊണ്ടുതന്നെ പരിസ്ഥിതി സൗഹൃദ വികസനം നടപ്പിലാക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ മന്ത്രിയുടെ നേതൃത്വത്തിൽ തയ്യാറാക്കിവരികയാണ്. അതിൽ 'പുനർഗേഹം' എന്ന പരിപാടി നാളെ ഉദ്ഘാടനം ചെയ്യുകയാണ്. കടലിലെ മാറ്റങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ദൂരപരിധിയിലുള്ള 18685 കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കുന്നതിനുവേണ്ടി 2450 കോടി രൂപയുടെ അനുമതിയാണ് നൽകിയിരിക്കുന്നത്. ഓരോ കുടുംബത്തിനും വീടും സ്ഥലവും വാങ്ങുന്നതിന് 10 ലക്ഷം രൂപയാണ് നൽകുന്നത്. 10 ലക്ഷം രൂപ നൽകുമ്പോൾ അത് വീണ്ടും 15 ലക്ഷം രൂപയാക്കണമെന്നാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. ഏതെങ്കിലും അർത്ഥത്തിൽ ഇവിടത്തെ സാമ്പത്തികസ്ഥിതിയും മറ്റുകാര്യങ്ങളുമൊക്കെ ആലോചിക്കാതെ ഓരോ പ്രാവശ്യവും ഗവൺമെന്റ് എന്ത് പ്രഖ്യാപിക്കുന്നുവോ അതിൽ 5 ലക്ഷം 10 ലക്ഷം കൂട്ടി വളരെ ഈസിയായി പറയാവുന്നതാണ്. അത്തരം നിരുത്തരവാദപരമായ സമീപനമാണ് യഥാർത്ഥത്തിൽ ഇപ്പോൾ പ്രതിപക്ഷം സ്വീകരിക്കുന്നത്. പ്രളയത്തിൽ കേരളം മുങ്ങിത്താണപ്പോൾ നമ്മുടെ സ്വന്തം സൈന്യം, മത്സ്യത്തൊഴിലാളികൾ കയ്യും മെയ്യും മറന്ന് നമ്മെ രക്ഷിച്ചതാണ്. അവരെ സംരക്ഷിക്കാൻ ഈ സർക്കാർ ഒപ്പമുണ്ടെന്നുള്ളത് ഓരോ കേരളീയനും അങ്ങേയറ്റം സന്തോഷം പകരുന്ന കാര്യമാണ്. കടലിനടിയിൽ അടിഞ്ഞുകൂടുന്ന ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് നമ്മുടെ സർക്കാർ ആസൂത്രണം ചെയ്യുന്ന 'ശുചിത്വ സാഗരം' പദ്ധതിക്ക് ഐക്യരാഷ്ട്രസഭയുടെ 'World Economic Forum'-ൽ പ്രത്യേക പ്രശംസ കിട്ടിയ കാര്യം ഞാൻ ഇവിടെ പരാമർശിക്കട്ടെ.

ഈ അവസരത്തിൽ ഫിഷറീസ് വകുപ്പിനോട് പ്രത്യേകമായി ഒരു കാര്യം സൂചിപ്പിക്കുകയാണ്: നമ്മുടെ മത്സ്യസമ്പത്ത് ദിനംപ്രതി കുറഞ്ഞുവരുന്നതായി മത്സ്യത്തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു. പുഴയിലും കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് ഉയർത്തുന്നതുപോലെ, കടലിന്റെ തീരമേഖലയിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള ഏതെങ്കിലും നൂതനമായ ആശയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി ISRO വികസിപ്പിച്ചെടുത്ത 1500 കിലോമീറ്റർ വരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'NAVIC' (NAVigation with Indian Constellation) എന്ന ഉപകരണം 15000 പേർക്കാണ് ഈ സർക്കാർ നൽകിയത്.

മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസിനെപ്പറ്റി നേരത്തെ ഇവിടെ സൂചിപ്പിച്ചു. 5 ലക്ഷം രൂപ 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഓരോ മത്സ്യബന്ധന യാനങ്ങളും കടലിൽ പോകുന്നതും വരുന്നതും മോണിറ്റർ ചെയ്യുന്നതിന് 'സാഗര' എന്ന മൊബൈൽ ആപ്പ് പ്രവൃത്തിപഥത്തിൽ എത്തിച്ചതും

അഭിനന്ദനീയമാണ്. അതോടൊപ്പം പ്രധാനപ്പെട്ട ഒരു കാര്യമാണ് മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നത്. കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് തിരികെ വരേണ്ടിവരുന്ന തൊഴിലാളികൾക്ക് ദിവസക്കൂലി കിട്ടാത്തതുമൂലം വലിയ പ്രതിസന്ധിയുണ്ടാകുകയാണ്. ഒരുപക്ഷെ, ചില തൊഴിലാളികളെങ്കിലും മുന്നറിയിപ്പുകൾ അവഗണിക്കുന്നുവെന്ന് പത്രങ്ങളിലൊക്കെ വാർത്ത വരുന്നു. തൊഴിൽ ഭദ്രതയില്ലായ്മയും ജോലിക്ക് കൂലി കിട്ടാത്തതുമൊക്കെ അവരുടെ ദാരിദ്ര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഇത്തരം അവസരങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് subsistence allowance പോലുള്ള ഒരു ചെറിയ തുകയെങ്കിലും നൽകുന്നതിന് ഗവൺമെന്റ് ആലോചിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

അലങ്കാരമത്സ്യ കൃഷിക്ക് പ്രളയത്തിൽ നഷ്ടം സംഭവിച്ചപ്പോൾ നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് പരിഗണിക്കേണ്ട ഒരു വിഷയമാണ്. ഇക്കാര്യവും സർക്കാർ ഗൗരവമായെടുക്കണമെന്ന് സൂചിപ്പിക്കുന്നു. ഈ മേഖലയിലുള്ള നവസംരംഭകരെ പ്രോത്സാഹിപ്പിക്കാനുള്ള നല്ല ശ്രമം ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നുവെന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. കാലാവസ്ഥാ വ്യതിയാനം യാഥാർത്ഥ്യമായ സ്ഥിതിക്ക് ഇനിയും പ്രകൃതിദുരന്തങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്ന് ശാസ്ത്രസമൂഹം പറയുന്നു. അതുകൊണ്ട് നമ്മുടെ നാടിന്റെ ആസൂത്രണവും വികസനവും വളരെ കൃത്യമായി ചെയ്യുമ്പോൾ, പുതിയ പല കാര്യങ്ങളും ജനകീയ പങ്കാളിത്തത്തോടെ ചെയ്യാൻ സർക്കാർ ആലോചിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നുവെന്നുള്ളത് വലിയ കാര്യമാണ്. പ്രകൃതി ദുരന്തം നേരിടുന്നതിൽ തീരദേശ സേന രൂപീകരിക്കുന്നു. വീട് നിർമ്മാണം കേവലമായ ഒരു നിർമ്മാണമല്ല, അതിനപ്പുറം നാട്ടുകാരുടെ, സന്നദ്ധസംഘടനകളുടെ, പ്രവാസികളുടെ അങ്ങനെ എല്ലാവരുടെയും പിന്തുണ കിട്ടുന്ന തരത്തിൽ വലിയ രീതിയിലുള്ള ഒരു സർഗ്ഗാത്മക ജനാധിപത്യ സംസ്കാരത്തിന്റെ അനുഭവ പാഠങ്ങളാണ് വികസനത്തിന് നൽകുന്നത്. അത് നമുക്ക് നേരിൽ കാണാൻ കഴിയുന്നത് സന്തോഷകരമായ കാഴ്ചയാണ്.

പരിസ്ഥിതി സൗഹൃദ നയം ഗതാഗത വകുപ്പിലും ദൃശ്യമാണ്. കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഇലക്ട്രിക് നയത്തിനും അംഗീകാരം നൽകിയിരിക്കുന്നു. 2022-ഓടെ ഒരു ദശലക്ഷം ഇലക്ട്രിക് വാഹനങ്ങളാണ് നിരത്തിലിറങ്ങാൻ പോകുന്നത്. 2016-നേക്കാൾ വാഹനങ്ങളുടെ എണ്ണം 6% വർദ്ധിച്ചുവെങ്കിലും അപകടനിരക്കും മരണനിരക്കും കുറഞ്ഞുവെന്നത് ഗതാഗതവകുപ്പിന്റെ അഭിമാനകരമായ നേട്ടമാണ്. അതുപോലെ ജലഗതാഗതത്തിനും പ്രോത്സാഹനം നൽകുന്നതിനുവേണ്ടി 'ആദിത്യ' എന്ന സോളാർ ബോട്ട്, 'വേഗ-120' എന്ന അതിവേഗ എ.സി.ബോട്ട്, ഇവയൊക്കെ ജലഗതാഗതത്തിന്റെ പുതിയ മാതൃകകളായി നമുക്ക് കാണാൻ കഴിയും. ഒരുകാര്യം

കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. അമ്പുകൾ ഒടുങ്ങാത്ത ആവനാഴിയായി ഈ സർക്കാരിന്റെ ഭരണനേട്ടങ്ങൾ നമുക്കൊപ്പമുണ്ട്. കേരളം കണ്ട ഏറ്റവും മികച്ച സർക്കാർ എന്ന നിലയിലേക്ക് അതിവേഗം ഈ സർക്കാർ നടന്നടുക്കുകയാണ്. സഖാവ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ സർക്കാർ കേരളത്തിൽ ഇതുപര്യന്തമുള്ള ചരിത്രം, കക്ഷിരാഷ്ട്രീയത്തിനതീതമായി പരിശോധിക്കുന്ന ആർക്കും ഏറ്റവും മോശപ്പെട്ട പ്രതിപക്ഷം ഇതായിരുന്നുവെന്ന് നിസ്സംശയം, നിഷ്പക്ഷം പറയാൻ കഴിയും. പ്രതിപക്ഷനേതാവിനെപ്പോലും തെരഞ്ഞെടുക്കാൻ കഴിയാത്തവിധം പിന്നോട്ടുപോയ ഡൽഹി കോൺഗ്രസ്സിന്റെ വിധിയാണ് കേരളത്തിൽ ആവർത്തിക്കാൻ പോകുന്നതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തെ മാറ്റാൻ വികസനത്തിന്റെ പുതുചരിത്രം രചിക്കാൻ എല്ലാവരുടെയും സഹകരണം ഉറപ്പാക്കിക്കൊണ്ട് പരിസ്ഥിതി സൗഹൃദം പുലർത്തുന്ന ഒരു സർക്കാരിന്റെ 2020-21 ബഡ്ജറ്റിലേക്കുള്ള മത്സ്യബന്ധനം, വാഹന നികുതികൾ, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

ശ്രീ. എം. നൗഷാദ്: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2020-21 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്മേലുള്ള മത്സ്യബന്ധനം, വാഹന നികുതികൾ, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ അഭിമാനത്തോടെ അതിലേറെ ആഹ്ളാദത്തോടെ ഞാൻ പിന്തുണയ്ക്കുകയാണ്. രാജ്യത്തെ സമസ്ത മേഖലകളെയും പ്രതിസന്ധിയുടെ അഗാധതലത്തിലേക്കെത്തിക്കുന്ന മോദി ഗവൺമെന്റിന്റെ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾമൂലം കെടുതി അനുഭവിക്കുന്ന ജനങ്ങളുടെ മുന്നിൽ ഒരു സൂര്യദീപ്തമായി ഉയർന്നുനിൽക്കുന്ന ഒന്നാണ് കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ്. ദുർബല ജനവിഭാഗങ്ങളോടുള്ള അനുഭാവംകൊണ്ട് പ്രത്യേകത അർഹിക്കുന്നതാണ് ഈ ബഡ്ജറ്റ്. വരവുചെലവ് കണക്കുകൾ മാത്രമായ ബഡ്ജറ്റുകളിൽ നിന്ന് തികച്ചും വ്യത്യസ്തമായി ഈ നാട്ടിലെ ജനങ്ങൾ, മണ്ണ്, ജലാശയങ്ങൾ, സംസ്കാരം, കല, പരിസ്ഥിതി, ആരോഗ്യ, വിദ്യാഭ്യാസ, പാർപ്പിട മേഖലകൾ എന്നിങ്ങനെ സമസ്ത മേഖലകളുടെയും സമ്പദ്‌വ്യവസ്ഥയെ ശാസ്ത്രീയമായി പരിശോധിക്കുന്ന നയങ്ങളും അർത്ഥവത്തായ നയപരിപാടികളും മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ അടങ്ങിയ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ കാലങ്ങളിൽ മത്സ്യമേഖലയിൽ ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങളെ എന്നും വോട്ട് ബാങ്കുകൾ മാത്രമായി കണ്ടുകൊണ്ടിരുന്നതിൽ നിന്ന് വ്യത്യസ്തമായി അവരെ ജനങ്ങളായി കണ്ടുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ദീർഘവീക്ഷണമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇന്ന് ജനങ്ങളുടെ, മത്സ്യത്തൊഴിലാളികളുടെ അമ്മയായി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയ്ക്ക് മാറാൻ കഴിഞ്ഞത് കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്.

മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രധാന പ്രശ്നം കടൽ കയറുക എന്നതാണ്. അതിൽനിന്നും അവരെയും അവരുടെ ഭവനങ്ങളെയും സംരക്ഷിക്കുന്നതിന് പുനർഗേഹം പദ്ധതി ആരംഭിച്ചു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കടലിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ, കഴിഞ്ഞ സർക്കാരിന്റെ പദ്ധതികൾ എന്നുപറഞ്ഞാൽ ജനങ്ങൾ മുഖം തിരിച്ചുനിൽക്കുകയാണെങ്കിൽ; ഞങ്ങൾക്ക് മുട്ടത്തറയിലുള്ളതുപോലെ ഫ്ലാറ്റ് പണിതുതന്നാൽ മതി, ഈ സർക്കാർ ഒപ്പമുണ്ടെന്ന് പറയുന്നത് വെറുതെയല്ല. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾക്കത് ബോധ്യമുണ്ട്, അത്തരത്തിലുള്ള പദ്ധതികൾ ഞങ്ങൾക്കും നടപ്പിലാക്കിത്തരണമെന്ന് തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികൾ ഇന്ന് ആവശ്യപ്പെടുകയാണ്.

മത്സ്യത്തൊഴിലാളികളുടെ മക്കളായി പിറന്നാൽ അവരും മത്സ്യത്തൊഴിലാളികളായിതന്നെ ജീവിതം അവസാനിപ്പിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നത്. പക്ഷേ ഇപ്പോൾ സമൂഹത്തിന്റെ മുഖ്യധാരയിലുള്ള വ്യത്യസ്ത മേഖലകളിലേയ്ക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ സാമൂഹികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഐ.എ.എസ്., എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് സൗജന്യമായി പഠിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ തയ്യാറാക്കി. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നും നിരവധിപേരെ ഇന്ന് ഡോക്ടർമാരായും എഞ്ചിനീയർമാരായും മാറ്റാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തോടെയുള്ള നടപടികളുടെ ഭാഗമായാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നാല് വർഷംകൊണ്ട് എങ്ങനെ ഡോക്ടറാകും?

<u>ശ്രീ. എം. നൗഷാദ്</u>: സർ, പഠിച്ചുതുടങ്ങിയത് അറിഞ്ഞില്ലേ? നേരത്തെ ശ്രീമതി ഗീതാ ഗോപി കണക്ക് പറഞ്ഞു. ഈ നാട്ടിൽത്തന്നെ ഉണ്ടായിരിക്കണം. അങ്ങയുടേത് മത്സ്യത്തൊഴിലാളികളുള്ള മേഖലയല്ലേ; അവിടെയുള്ള ആരും എം.ബി.ബി.എസ്.-ന് പഠിക്കുന്നില്ലേ? അവർ ഡോക്ടർമാരാകും. പ്രതിപക്ഷാംഗങ്ങൾക്ക് സത്യത്തെ കാണാൻ കഴിയില്ല, അന്തംവിട്ട പ്രതി എന്തുംചെയ്യും, അസ്വസ്ഥമായ മനസ്സ് ചെയ്യുന്നതെല്ലാം അബദ്ധജഡിലങ്ങളായിരിക്കും. അതുപോലെ അബദ്ധജഡിലമായ കാര്യമാണ് ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. എന്താണ് കാരണം? ഇതുവരെ കേരളത്തിലുണ്ടായിരുന്ന അവസ്ഥയെന്താണെന്ന് ചോദിച്ചാൽ, അഞ്ച് വർഷം യു.ഡി.എഫ്. ഭരിച്ചാൽ, അടുത്ത അഞ്ച് വർഷം എൽ.ഡി.എഫ്. ഭരിക്കും. ഇപ്പോൾ എൽ.ഡി.എഫ്. ഭരിക്കുന്നു, ഇനി യു.ഡി.എഫ്.-ന് വരാം എന്നായിരുന്നു

കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷത്തിന്റെ സ്വപ്നമെങ്കിൽ അതെല്ലാം തകർന്നടിയുന്ന കാഴ്ചയാണ് കേരളം കണ്ടു കൊണ്ടിരിക്കുന്നത്. അവരുടെ ഉരുക്ക് കോട്ടകളായിരുന്ന പാലായും വട്ടിയൂർക്കാവും കോന്നിയും പോയി. ഇനി കേരളവും പോകാൻ പോകുന്നു. ഈ യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം. മത്സ്യത്തൊഴിലാളി മേഖലയിൽ ഈ പദ്ധതികൾ മാത്രമല്ല ഇൻഷ്വറൻസ് പദ്ധതികൾ, അഞ്ച് ലക്ഷമെന്നുള്ളത് പത്ത് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ മത്സ്യത്തിന്റെ ഉല്പാദനം വർദ്ധിപ്പിച്ചു. പച്ച മത്സ്യം ലഭിക്കുന്നില്ല; പകരം കടലിൽ നിന്നും റബ്ബറാണ് കിട്ടുന്നതെന്ന് ശ്രീ. മോൻസ് ജോസഫ് പറഞ്ഞു. അതിന് പരിഹാരമെന്ന നിലയിൽ കടലിലെ പ്ലാസ്റ്റിക് ഉൾപ്പെടെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റാണിത്. അതോടൊപ്പം 'അന്തിപച്ച' എന്നൊരു പദ്ധതികൂടി തുടങ്ങിയിട്ടുണ്ട്. അത് സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് മനസ്സിലാക്കണം, സാധിക്കുമെങ്കിൽ സ്വന്തം മണ്ഡലത്തിൽ ആ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കണം. എന്താണ് അന്തിപച്ച? മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ പച്ചമീൻ കമ്പോളത്തിൽ കൊണ്ടുവന്ന് ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് നൽകുന്ന അന്തിപ്പച്ച പദ്ധതി നടപ്പിലാക്കിയ ഗവൺമെന്റാണിത്.

അതുപോലെ ഗതാഗത മേഖല, ഐ.സി.യു.-വിൽ കിടന്ന കെ.എസ്.ആർ.ടി.സി.-യെ വാർഡിലാക്കി പരിചരിച്ച് രക്ഷപ്പെടുത്തുന്നതിനു വേണ്ട നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ജലഗതാഗത മേഖലയിൽ 111 കോടി രൂപയുടെ പദ്ധതി, ഉൾനാടൻ ജലഗതാഗത മേഖലയിൽ 75 കോടി രൂപയുടെ പദ്ധതി; ഇത്തരത്തിൽ ഗതാഗത മേഖലയിലും മത്സ്യത്തൊഴിലാളി മേഖലയിലും അതിശക്തമായ നടപടികളെടുത്ത് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

കേരളത്തെക്കുറിച്ച് സ്വാമി വിവേകാനന്ദൻ പറഞ്ഞത് 'കേരളം ഒരു ഭ്രാന്താലയം' എന്നാണ്. കഴിഞ്ഞകാല ഇടതുപക്ഷ ഗവൺമെന്റുകളുടെ പ്രതിബദ്ധതയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ഭ്രാന്താലയമായിരുന്ന കേരളം ദൈവത്തിന്റെ സ്വന്തം നാടായി മാറിയെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള പദ്ധതികളാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി ഏത് മേഖലയെടുത്താലും, അരി വെന്തോയെന്നറിയാൻ എല്ലാ ചോറും ഞെക്കി നോക്കേണ്ടെന്ന് പറയാറുണ്ട്.

അതുപോലെയാണ് ക്രമസമാധാന പാലന മേഖല. കൂടത്തായി എന്ന ഒരു കേസ് പരിശോധിച്ചാൽ മനസ്സിലാകും. ആ കേസ് തെളിയിക്കാൻ സാധിച്ചത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പോലീസ് ആയതുകൊണ്ട് മാത്രമാണ്. ജോളി ചേച്ചിമാർക്ക് സ്വാധീനിക്കാൻ കഴിയുന്ന ഗവൺമെന്റല്ല ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. അതുകൊണ്ടാണ് ഇന്ന് ജോളി നിയമത്തിന്റെ മുന്നിൽ വന്നത്.

മുസ്ലീം ലീഗുകാർ സി.എച്ച്. ഭവനിൽ എന്തൊക്കെ ചർച്ചകളാണ് നടത്തുന്നത്; ഇവിടെ ധാരാളം കാര്യങ്ങൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞു, പക്ഷെ സാധാരണ ജനങ്ങളുടെ ദുരിതമകറ്റാനുള്ള പദ്ധതികളെക്കുറിച്ച് ചർച്ച നടക്കുന്നുവെന്ന് അദ്ദേഹവും പറഞ്ഞില്ല. സംഘ്പരിവാറിനെ എതിർക്കുന്നതിനും അവരെ പരാജയപ്പെടുത്തുന്നതിനും വേണ്ടിയുള്ള നയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതായി താങ്കളും പറഞ്ഞില്ല. ജനങ്ങളുടെ അറിവിൽ എന്താണ്? ഒന്നുകിൽ മീറ്റിംഗ് അതിനുശേഷം ഈറ്റിംഗ്, ഇത് ഞാൻ പറഞ്ഞതല്ല, ശ്രീ. വി. പി. സജീന്ദ്രൻ സഭയിൽതന്നെ പറഞ്ഞതാണ്. കൂടെക്കിടക്കുന്നവനല്ലേ രാപ്പനി അറിയുകയുള്ളൂ. കൂടെ സഹകരിച്ച ശ്രീ. വി. പി. സജീന്ദ്രൻ ഈ സഭയിൽ പറഞ്ഞതാണ്. മുത്തലാഖ് ബില്ലിന്റെ വോട്ടെടുപ്പിൽനിന്നും എങ്ങനെ മാറിനിൽക്കാം, ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിക്കെതിരായി എങ്ങനെ വോട്ട് ചെയ്യാതിരിക്കാം എന്ന ചർച്ചയാണ് ലീഗ് ഹൗസിൽ നടക്കുന്നത്. സാധാരണ ജനങ്ങളുടെ ദുരിതങ്ങൾ അകറ്റുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനങ്ങളും അവരെ സംബന്ധിച്ചില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ നടന്ന ചർച്ചയിൽ പറഞ്ഞതെന്താണ്? പെരിയയിലെ രണ്ട് പിഞ്ചുകുഞ്ഞുങ്ങൾ.......... ആരാണ് ഈ പിഞ്ചുകുഞ്ഞുങ്ങൾ? കൊലപാതക ശ്രമക്കേസ്സിലെ പ്രതികളെ പിഞ്ചുകുഞ്ഞുങ്ങളായി കാണുന്ന മനസ്സുമായി, അന്ധമായ എൽ.ഡി.എഫ്. വിരോധവും സി.പി.ഐ.(എം) വിരോധവും പിണറായി വിരോധവും കൈമുതലാക്കിക്കൊണ്ട് നടക്കുന്ന നിങ്ങൾക്ക് അങ്ങനെയേ തോന്നുകയുള്ളൂ. ദൃഢനിശ്ചയത്തോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പ്രളയം വന്നപ്പോൾ 'ദുരഭിമാനം വെടിയൂ പട്ടാളത്തെ വിളിക്കൂ' എന്ന് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ നിലവിളിച്ചത് കേരളം കണ്ടതാണ്. പട്ടാളത്തെ വിളിച്ചു. ഏത് പട്ടാളത്തെയാണ് വിളിച്ചത്? കേരളത്തിന്റെ സ്വന്തം പട്ടാളമായ മത്സ്യത്തൊഴിലാളികളെ ഉപയോഗിച്ച് കേരളത്തെ സംരക്ഷിച്ചത് ലോകംമുഴുവൻ കണ്ടതാണ്. അത്തരത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കോൺഗ്രസ്സിന്റെ അവസ്ഥയെന്താണ്? റിസോർട്ടിലേയ്ക്ക് വിളിക്കുന്നത് എന്നാണെന്ന് അന്വേഷിച്ചുനടക്കുകയാണ്. കർണ്ണാടക പോയി.

വോട്ട് നൽകിയ ജനങ്ങൾ ഏൽപ്പിച്ച വിശ്വാസം കോടികൾക്ക് വിൽക്കുന്ന നിലപാടാണ് കോൺഗ്രസ്സിനുള്ളത്. അതാണ് കർണ്ണാടകയിൽ കണ്ടത്. ഇപ്പോൾ മധ്യപ്രദേശിലും കച്ചവടം തുടങ്ങി. റിസോർട്ടിലാണ് കോൺഗ്രസ് എം.എൽ.എ.മാരുള്ളത്. ജനങ്ങൾ തെരഞ്ഞെടുത്തു വിടുന്നത് നിയമസഭയിലേയ്ക്കാണെങ്കിൽ അവർ പോകുന്നത് റിസോർട്ടുകളിലേയ്ക്കാണ്. ഇതാണ് കോൺഗ്രസിന്റെ ഗതികേട്. ഈ നിലപാട് മാറ്റണം. ഡൽഹി കത്തുമ്പോൾ, കലാപങ്ങളുടെ പേരിൽ ആയിരക്കണക്കിനാളുകൾക്ക് ഭവനങ്ങൾ നഷ്ടമാകുമ്പോൾ കോൺഗ്രസ് നേതൃത്വം എവിടെയായിരുന്നു. ഒരാളെങ്കിലും അവിടെ പോയോ? ഏതോ ഗുഹയിൽപോയി ഒളിച്ചിരിക്കുകയല്ലായിരുന്നോ നിങ്ങളുടെ നേതാവ്? ജനങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ കാണാനില്ലെന്ന് പരസ്യം നൽകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെത്തി. കെ.എസ്.യു. ഓഫീസുകളിൽ എന്താണ് നടക്കുന്നതെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചു. സഹപ്രവർത്തകരുടെ ഫോട്ടോ എങ്ങനെ മോർഫിംഗ് നടത്താമെന്ന ചർച്ചയും പരിശീലനവുമാണ് കെ.എസ്.യു. ഓഫീസുകളിൽ നടത്തുന്നത്. ഇതാണ് നിങ്ങളുടെ അവസ്ഥ. ജനങ്ങളോട് പ്രതിബദ്ധതയുണ്ടെങ്കിൽ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുന്ന ഗവൺമെന്റിനെ പിൻതുണയ്ക്കണം. നിങ്ങൾ ഈ സഭയിൽ ശ്രീ. ടി. പി. സെൻകുമാറിനുവേണ്ടി, സംഘികൾക്കുവേണ്ടി വാദിച്ചത് കേരള ജനത മറന്നിട്ടില്ല. സംഘികൾക്കുവേണ്ടി വാദിച്ചതുപോലെതന്നെയാണ് ശ്രീ. ലോക്നാഥ് ബഹ്റയ്ക്കെതിരായി സംസാരിക്കുന്നത്. ക്രമസമാധാന പാലനത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ക്രമസമാധാന പാലനത്തിന്റെ ചുമതല പോലീസിനാണ്. പോലീസിന്റെ തലവൻ ശ്രീ. ലോക്നാഥ് ബഹ്റയാണ്. കേരളത്തെ ക്രമസമാധാന പാലനത്തിൽ ഒന്നാം സ്ഥാനത്ത് എത്തിച്ചതിലുള്ള അസഹിഷ്ണുത കൊണ്ടാണ് നിങ്ങൾ ഇത്തരത്തിലുള്ള ജല്പനങ്ങൾ നടത്തുന്നത്. സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തി നുണകൾ പ്രചരിപ്പിച്ച് ജനങ്ങളുടെ ശ്രദ്ധതിരിച്ചാണ് ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതെന്ന് കഴിഞ്ഞ കാലങ്ങളിൽ നമ്മൾ പറഞ്ഞിട്ടുണ്ട്. നുണകളുടെ പ്രളയം നടത്തി അതിൽ അന്ധാളിച്ചുപോയ ജനത്തിന്റെ വികാരം മുതലെടുത്തുകൊണ്ട് അവർ അധികാരത്തിൽ വന്നുവെങ്കിൽ അതേ പാത തന്നെയാണ് നിങ്ങളും പിൻതുടരുന്നത്. നിങ്ങൾക്കും സംഘികൾക്കും ഒരേ സ്വരമാണ്.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. എം. നൗഷാദ്: സർ, ഈ ധനാഭ്യർത്ഥന ചർച്ചയിൽ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലായില്ലെന്ന് പറയുമ്പോൾ ഇതെല്ലാം നടപ്പിലാക്കണമെങ്കിൽ സാമ്പത്തികം വേണം. ഇപ്പോൾ കേരളത്തിന് നികുതിപിരിവില്ല. നികുതി

പിരിക്കുന്നത് കേന്ദ്രസർക്കാരാണ്. ജി.എസ്.ടി. വഴി കേന്ദ്രസർക്കാരിന്റെ കൈകളിലെത്തുന്ന തുക യഥാസമയം കേരളത്തിന് നൽകാത്തതിനെക്കുറിച്ച് പ്രളയകാലത്ത് സഹായിക്കാത്തതിനെക്കുറിച്ച്, കേന്ദ്രം വായ്പാ പരിധി വെട്ടിക്കുറച്ചതിനെക്കുറിച്ച് ഒരൊറ്റ അക്ഷരം മിണ്ടാൻ കഴിയാതെ സംഘികൾക്ക് ഓശാന പാടുന്ന 'മോൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീര് കണ്ടാൽമതി' എന്നുപറയുന്നതുപോലെ ജനങ്ങൾ എത്ര ദുരിതത്തിലായാലും വേണ്ടില്ല എൽ.ഡി.എഫ്. ഗവൺമെന്റ് ബുദ്ധിമുട്ടിലായാൽമതി എന്ന മനോഭാവവുമായി നടക്കുന്ന നിങ്ങളുടെ നിലപാടുകൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. കഴിഞ്ഞ കാല അനുഭവങ്ങളിൽനിന്നും വട്ടിയൂർക്കാവിലും, കോന്നിയിലും പാലായിലും കണ്ടു. ഇനി വരുംദിനങ്ങളിൽ മറ്റുള്ള സ്ഥലങ്ങളിലും അത് ബോധ്യമാകുമെന്ന് നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പിൻതുണച്ചു കൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ധനാഭ്യർത്ഥനയിലേയ്ക്ക് വരുന്നതിനുമുമ്പ് ലീഗ് ആഫീസിൽ നടക്കുന്നതെന്താണെന്നാണ് ഇവിടെ ചിലയാളുകൾക്ക് അറിയേണ്ടത്. ഞങ്ങളുടെ പ്രിയപ്പെട്ട നേതാവ് സെയ്ദ് മുഹമ്മദാലി ശിഹാബ് തങ്ങളുടെ ഓർമ്മകളിൽ ബൈത്തുല് റഹ്മ, അതായത് അനുഗ്രഹീത ഭവനങ്ങൾ എന്നുപറഞ്ഞ് ഈ രാജ്യത്ത് വീടില്ലാത്ത 7000-ൽപ്പരം ആളുകൾക്ക് ഒരു പാർട്ടി വീട് വച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അത് മുസ്ലീംലീഗാണ്. അക്കാര്യമാണ് ലീഗ് ആഫീസിൽ ചർച്ച ചെയ്യുന്നത്. അതുപോലെ ഈ നാട്ടിലെ എല്ലാ പ്രധാന ആതുരാലയങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങളുടെ നേതാവ് സി.എച്ച്.-ന്റെ സ്മരണയിൽ നടക്കുന്ന സി.എച്ച്. സെന്ററിന്റെ പ്രവർത്തനങ്ങളുണ്ട്. നിങ്ങൾ തിരുവനന്തപുരം സി.എച്ച്. സെന്ററിൽ പോയി നോക്കണം. ആർ.സി.സി.-യിലെ രോഗികൾക്ക് മരുന്നും ഭക്ഷണവും നൽകി വേണ്ട വിധത്തിലുള്ള പരിചരണം നൽകുന്ന പ്രവർത്തനത്തെക്കുറിച്ചാണ് ലീഗ് ആഫീസിൽ ആലോചിക്കുന്നത്. അല്ലാതെ ശ്രീ. എം. നൗഷാദ് വിചാരിക്കുന്നതുപോലെ... യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറിമാറി വരികയാണെന്ന് ഇവിടെ പറഞ്ഞല്ലോ; ഇനി അങ്ങനെയൊന്നുമല്ല എന്നാണ് പറയാൻ പോകുന്നത്. എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്; ഇവിടെ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ജനവിധിയുണ്ട്. 124 മണ്ഡലങ്ങളിൽ നിങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. പൗരത്വ നിയമത്തിൽ ചിലത് കാട്ടിക്കൂട്ടിയതുകൊണ്ട് ഇവിടെ നിങ്ങൾ വരാൻ പോകുകയാണെന്നാണ് നിങ്ങൾ ധരിക്കുന്നത്. നിങ്ങളുടെ കാപട്യം ഞാൻ തുറന്നുപറയാം; നിങ്ങളുടെ കാപട്യം ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. അതിനുകൂടിയുള്ള ശക്തമായ തിരിച്ചടിയാണ് കിട്ടാൻ പോകുന്നത്. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിക്കട്ടെ. നിങ്ങൾ

അധികാരത്തിൽ വരാനൊന്നും പോകുന്നില്ല. അടുത്ത തവണ യു.ഡി.എഫ്.-ന്റെ ഭരണം വരികയും നിങ്ങൾ തകർത്ത് തരിപ്പണമാക്കിയ കേരളത്തെ ഞങ്ങൾ സാധാരണ രീതിയിലേയ്ക്ക്, വളർച്ചയിലേയ്ക്കും വികാസത്തിലേയ്ക്കും പുരോഗതിയിലേയ്ക്കും കൊണ്ടുവരികയും ചെയ്യും. മുത്തലാഖ് ബില്ലിന്റെ സമയത്ത് എവിടെയായിരുന്നു വെന്ന് ഇവിടെ ചോദിച്ചല്ലോ; മുത്തലാഖ് ബിൽ എത്ര തവണ പാർലമെന്റിൽ വന്നുവെന്ന് നിങ്ങൾക്കറിയാമോ; സഭയിലെ ഒരു ദിവസം ഞങ്ങളുടെ നേതാവ് ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന് പാർട്ടി ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട മീറ്റിംഗുണ്ടായിരുന്നു. ഈ പാർലമെന്റിന്റെ കാലത്തല്ല. തൊട്ടുമുമ്പുള്ള കാലത്താണ്. ഞാൻ ചോദിക്കട്ടെ, അന്ന് നിങ്ങളുടെ (ഇടതുപക്ഷത്തിന്റെ) എത്രയാളുകൾ പാർലമെന്റിൽ ഹാജരായിരുന്നിട്ടുണ്ട്. പാർലമെന്റിൽ ആറ് സി.പി.ഐ (എം) എം.പി.-മാർ ആ സമയത്തുണ്ടായിരുന്നില്ല എന്നുള്ളതാണ് വസ്തുത. ഞങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കുകയും അതിലുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. നിങ്ങൾ എവിടെയായിരുന്നു; നിങ്ങൾ ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ ജാതി വർത്തമാനങ്ങളൊന്നും പറയേണ്ട. കേരളത്തിൽ പ്രളയ ദുരിതാശ്വാസം നടത്തിയതിന്റെ കണക്കാണല്ലോ പറയുന്നത്. അതിന്റെ മോഡൽ എല്ലാവർക്കുമറിയാം. തൃക്കാക്കര ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് വന്നത് 10 ലക്ഷം രൂപയാണ്. അദ്ദേഹത്തിന്റെ ഭാര്യയുടെ അക്കൗണ്ടിലേയ്ക്ക് 2 ലക്ഷം രൂപയാണ് വന്നത്. ഇന്ന് ഭർത്താവ് ജയിലിലാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, പോയിന്റ് ഓഫ് ഓർഡർ.... തൃക്കാക്കര ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് 10 ലക്ഷം രൂപവന്നു എന്നത് വളരെ തെറ്റായ പരാമർശമാണ്. അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല. അത് രേഖകളിൽ നിന്ന് നീക്കം ചെയ്യണം.* അത് തെളിയിക്കണം. തെളിയിക്കു...അല്ലെങ്കിൽ പറയണം.

മി. ചെയർമാൻ: പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ലോക്കൽ കമ്മിറ്റിയാണോ ഏരിയ കമ്മിറ്റിയാണോ എന്നുള്ള തർക്കം മാത്രമേയുള്ളൂ. ഏതായാലും കമ്മിറ്റിയുണ്ട്. സെക്രട്ടറിയാണ്. അതിലൊന്നും തർക്കമില്ല. സെക്രട്ടറിയാണ്. സി.പി.ഐ.(എം)-ഉം ആണ്. അതിലൊന്നും തർക്കമില്ല.

ശ്രീ. പി. ടി. തോമസ്: സർ, 'കണ്ട നിങ്ങൾ അവിടെ നിൽക്ക്, കേട്ട ഞാൻ പറയാം' എന്നുപറഞ്ഞതുപോലെ പറയരുത്. ഞാൻ അല്ലേ അവിടത്തെ എം.എൽ.എ.; എന്നോടല്ലേ നിങ്ങൾ ചോദിക്കേണ്ടത്? സംഗതി നൂറ് ശതമാനവും സത്യമാണ്. ....(ബഹളം).....

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 1608/ഇ.ബി./2020/നി.സെ. തീയതി 5-3-2020) സഭാരേഖയിൽ നിലനിർത്തി.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇന്നലെ വയനാട്ടിൽ ഒരു പാവപ്പെട്ട മനുഷ്യൻ വീട് കിട്ടാതെ ആത്മഹത്യ ചെയ്തു. നിങ്ങൾ ഇവിടെ വീടിന്റെ പേരിൽ വലിയ ആഘോഷങ്ങൾ നടത്തുമ്പോഴാണ് ഈ സാധു ആത്മഹത്യ ചെയ്തത്. ലോക്കൽ കമ്മിറ്റി സെക്രട്ടറിയായാലും വേണ്ടില്ല, ഏരിയ കമ്മിറ്റി സെക്രട്ടറിയായാലും വേണ്ടില്ല, ആത്മഹത്യ ചെയ്തവന് കൊടുക്കേണ്ട പണമാണ്; സി.പി.ഐ(എം)-ന്റെ നേതാവ് അൻവറാണ് ഇത് അടിച്ചുമാറ്റിയത് എന്നാണ് പത്രത്തിൽ പറയുന്നത്. നിങ്ങളുടെ വികസനത്തിന്റെ തോത് ഇതാണ്. ഇനി ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

അതിനുമുമ്പ് വേറെ ചില അഭ്യർത്ഥനകളെ എതിർക്കേണ്ടി വന്നതുകൊണ്ടാണ് എന്റെ സമയം അങ്ങനെ പോയത്. അവസാനമാകുമ്പോൾ അതിന് സമയം ലഭിച്ചില്ലെന്നുവരും. ഗതാഗത, മത്സ്യബന്ധന മേഖലകൾക്ക് ഒരു ഉണർവ്വും നൽകാത്ത ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് വഴി അങ്ങനെയൊരു ഉണർവ്വുണ്ടായിട്ടില്ല. ഈ ബഡ്ജറ്റിലുള്ള നികുതി നിർദ്ദേശങ്ങളൊക്കെ വാഹന ഗതാഗതവുമായി ബന്ധപ്പെട്ടതാണ്. 2 ലക്ഷം രൂപ വരെ വില വരുന്ന മോട്ടോർ ബൈക്കുകൾക്ക് ഒരു ശതമാനവും മോട്ടോർ കാറുകൾക്ക് 2 ശതമാനവുമാണ് നികുതി വർദ്ധിപ്പിച്ചത്. അതുപോലെ തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവരുടെ വാഹനങ്ങൾക്ക് ത്രൈമാസ നികുതി കൂട്ടിയിട്ടുണ്ട്. പാവപ്പെട്ട കമ്മിറ്റികളൊക്കെ നടത്തുന്ന, ഒരുപാട് ധർമ്മ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെയുണ്ട്. അവർക്കൊക്കെയാണ് നികുതി കൂട്ടിയിട്ടുള്ളത്. അതുപോലെ തന്നെ സ്വകാര്യ മുച്ചക്ര വാഹനങ്ങൾക്ക് നികുതി കൂട്ടി. ഇതെല്ലാം ഈ മേഖലയിലെ പാവപ്പെട്ടവരെയാണ് ബാധിക്കുന്നത്. പൊല്യൂഷൻ ടെസ്റ്റിംഗ് സ്റ്റേഷന്റെ ഫീസ് കൂട്ടി. അങ്ങനെ എല്ലാത്തിനും ഈ മേഖലയിൽ നികുതി വർദ്ധനവാണ്. പിന്നെയുള്ളത് കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപ എന്നുള്ളതാണ്. കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപ എല്ലാ പ്രാവശ്യവും പറയുന്നതാണ്. അവിടെ ഒരത്ഭുതവും നടക്കില്ല. ഇപ്രാവശ്യവും ഒന്നും സംഭവിക്കാനില്ല. ഇപ്രാവശ്യത്തെ 1000 കോടി രൂപ കേട്ടപ്പോൾ കിലുക്കത്തിൽ ഇന്നസെന്റ് നിൽക്കുന്ന നിൽപ്പിലാണ് കെ.എസ്.ആർ.ടി.സി.-ക്കാർ നിൽക്കുന്നത്. കാരണം എന്താണെന്നുവച്ചാൽ, ഏയ് ഒന്നും സംഭവിക്കുകയില്ല എന്നാണ് അവർ പറയുന്നത്. പ്രത്യേകിച്ച് ഒന്നും സംഭവിക്കാനില്ല. കഴിഞ്ഞ തവണ നിങ്ങൾ 1000 കോടി രൂപ പറഞ്ഞിട്ട് എത്ര രൂപയാണ് ചെലവാക്കിയത്; അതുകൊണ്ട് തന്നെ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി അങ്ങനെയാണ്. ഞങ്ങളുടെ കാലത്താണെങ്കിൽ 30-ാം തീയതി ശമ്പളം കൊടുത്തിരുന്നു. ഇപ്പോൾ തൊട്ടടുത്ത 20-ാം തീയതിയായിട്ടും ശമ്പളം കിട്ടുന്നില്ല. നിങ്ങളുടെ കാലത്ത് ആകെ നാലുകൊല്ലം കൊണ്ട് 101 ബസ്സുകളാണ് വാങ്ങിയത്. ഞങ്ങൾ 5 കൊല്ലത്തിനിടയിൽ 3000 ബസ്സുകളാണ് വാങ്ങിയത്. യു.ഡി.എഫ്.-ന്റെ കാലത്ത് 5500 ഷെഡ്യൂളുകളുണ്ടായിരുന്നു. ഇപ്പോൾ നിങ്ങളുടെ കാലത്ത് 4300 ഷെഡ്യൂളുകൾ മാത്രമേയുള്ളൂ. 1200 ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു. എല്ലാ മണ്ഡലങ്ങളിലുള്ളവർക്കും അനുഭവമില്ലേ; എം.എൽ.എ.-മാർ ഇവിടെയില്ലേ; പറയണം.

കെ.എസ്.ആർ.ടി.സി.-യിൽ രണ്ടരവർഷമായി ആശ്രിത നിയമനമില്ല. ഇത് ക്രൂരതയാണ്. അച്ഛനോ ഭർത്താവോ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ലഭിക്കേണ്ട ജോലി രണ്ടരക്കൊല്ലമായി നിങ്ങൾ കൊടുത്തിട്ടില്ല. തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും എൽ.ഐ.സി. റിക്കവറിപോലും ഇപ്പോൾ അടയ്ക്കുന്നില്ല. അവിനാശിയിലുണ്ടായ അപകടത്തിലെ ഡ്രൈവറുടെ എൽ.ഐ.സി. അടച്ചിട്ടില്ല. ഇതൊക്കെ വലിയ ക്രൂരതയാണ്. അവിനാശി നമുക്കൊരു പാഠമാകേണ്ടതാണ്. മന്ത്രിയോട് ഞാൻ സൂചിപ്പിക്കുകയാണ്, ഏത് ടെയിലറിലും രണ്ട് ഡ്രൈവറുണ്ടാകണം. ഒരാൾ അമിതമായി ഉറക്കമൊഴിച്ച് വണ്ടിയോടിക്കുന്ന സാഹചര്യം ഒഴിവാക്കണം. നിരപരാധികളായ 10-20 പേരെയാണ് നമുക്ക് ആ അപകടത്തിൽ നഷ്ടപ്പെട്ടത്. അതുപോലെ തന്നെ 5 ഗഡു ഡി.എ. കെ.എസ്.ആർ.ടി.സി.-യിൽ പെൻഡിംഗാണ്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനുള്ള ശ്രമങ്ങളുണ്ടാകണം.

പോലീസിലെ ഉണ്ട കാണുന്നില്ല, തോക്ക് കാണുന്നില്ല അങ്ങനെ പലതും കാണുന്നില്ല. പക്ഷേ അതിനിടയിൽ വേറെ വർത്തമാനങ്ങൾ കേട്ടില്ലേ; ബി.എസ്. 4 എഞ്ചിൻ - ഇവിടെ ശ്രീ. പാറക്കൽ അബ്ദുല്ല ചോദ്യമായി ഉന്നയിച്ചു. മുഖ്യമന്ത്രി അന്ന് അതിന് മറുപടി പറഞ്ഞില്ല. വേറെ കാര്യങ്ങളിലേയ്ക്ക് പോയി. ബി.എസ്. 4 എഞ്ചിൻ രാജ്യത്ത് എവിടെയും ഉപയോഗിക്കാൻ പാടില്ലാത്ത ജീപ്പാണ്. കാരണമെന്താണ്; പൊല്യൂഷനാണ്. മുടക്കാചരക്കായ ജീപ്പ്, വിൽക്കാൻ പറ്റാത്ത 202 ജീപ്പാണ് നിങ്ങൾ പോലീസ് വകുപ്പിന് വാങ്ങിക്കൊടുത്തത്. ഗതാഗത വകുപ്പിന് ആർജ്ജവമുണ്ടെങ്കിൽ പോലീസിന് വാങ്ങിക്കൊടുത്ത ആ 202 വാഹനങ്ങൾ കേരളത്തിലെ റോഡിലിറങ്ങാതെ നോക്കണം. കാരണം, അത്രയേറെ പൊല്യൂഷനാണ് അതിൽ നിന്നുണ്ടാകാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് പിന്നാമ്പുറത്ത് വലിയ അഴിമതിയുടെ കഥകളാണ് പറഞ്ഞുകേൾക്കുന്നത് എന്നുകൂടി സാന്ദർഭികമായി ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. കൂട്ടത്തിൽ മണ്ഡലത്തിലെ കാര്യം കൂടി സൂചിപ്പിക്കുകയാണ്. മണ്ണാർക്കാട് നിന്നും അട്ടപ്പാടിയിലേയ്ക്ക് പോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളൊക്കെ പഴയതാണ്. ചുരത്തിൽ മൂന്ന് തവണ ബ്രേക്ക് ഡൗണായി. നൂറുകണക്കിന് ആദിവാസികളും കുട്ടികളുമുള്ള സമയത്താണ് വണ്ടി ബ്രേക്ക് ഡൗണാകുന്നത്. രണ്ട് അപകടങ്ങളിൽ നിന്ന് തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. ഞാൻ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലേയ്ക്ക് ചുരം വഴി പോകുന്ന എല്ലാ കെ.എസ്.ആർ.ടി.സി. ബസ്സുകളും പുതിയതാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ ഇതുമായി ബന്ധപ്പെട്ട മറ്റൊരു ധനാഭ്യർത്ഥന മത്സ്യബന്ധനമാണ്. മത്സ്യമേഖലയിൽ 5000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ന്യായമായ ഭാഷയിൽ പറഞ്ഞാൽ ഇതൊരു വിടുവായത്തമല്ലേ? 2020-21-ൽ 750 കോടി രൂപ മത്സ്യ മേഖലയിൽ

ചെലവാക്കുമെന്നാണ് പറയുന്നത്. ഇത് മറ്റൊരു വിട്ടുവായത്തമാണ്. കഴിഞ്ഞ തവണ ചെലവഴിച്ചത് എത്ര രൂപയാണ്; 150 കോടി രൂപയിൽ താഴെയാണ്. ഇവിടെ എല്ലാവരും സൂചിപ്പിച്ചു; തീരദേശമേഖലയിൽ കടൽഭിത്തിക്കും പുലിമുട്ടിനും 57 കോടി രൂപ. ഇതുകൊണ്ട് എന്ത് ചെയ്യാനാണ്; എല്ലാ പ്രളയകാലത്തും എല്ലാ വർഷകാലത്തും കടലിന്റെ മക്കൾ പ്രയാസപ്പെടുന്നത് നമ്മൾ കണ്ടതല്ലേ; ആദ്യം പരിഹരിക്കേണ്ട പ്രശ്നം അതല്ലേ; കടൽഭിത്തികൾ കെട്ടുക എന്നതിനോട് തികഞ്ഞ നിസംഗതയാണ് ഈ ഗവൺമെന്റ് കാണിക്കുന്നത്?

നമ്മുടെ രാജ്യത്ത് പൗരത്വവുമായി ബന്ധപ്പെട്ട് വലിയ പ്രക്ഷോഭങ്ങളും പോരാട്ടങ്ങളും നടക്കുകയാണ്. ഐക്യരാഷ്ട്രസഭപോലും ഈ നിയമം പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കോടതിയിൽ നിയമപോരാട്ടത്തിന് തയ്യാറായിരിക്കുകയാണ്. എൻ.ആർ.സി.-യുടെ കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. വിവരാവകാശ നിയമപ്രകാരം പ്രധാനമന്ത്രിയുടെ സിറ്റിസൺ സർട്ടിഫിക്കറ്റ് വേണമെന്ന് പറഞ്ഞ് ശ്രീ. ശുഭങ്കാർ സർക്കാർ എന്നൊരാൾ അപേക്ഷ കൊടുത്തു. അതിന് പ്രധാനമന്ത്രിയുടെ ഓഫീസ് എന്താണ് പറഞ്ഞത്: പ്രധാനമന്ത്രിക്ക് രജിസ്ട്രേഷന്റെ ആവശ്യമൊന്നുമില്ല, സിറ്റിസൺഷിപ്പ് ആക്ട് സെക്ഷൻ 3 പ്രകാരം ഇന്ത്യൻ ബൈ ബർത്താണ്. അതുകൊണ്ട് അദ്ദേഹത്തിന് ആവശ്യമില്ലെന്നാണ് എൻ.ആർ.സി.-യും ഇതുപോലെ തന്നെയാണ്. ഇവിടെയുള്ള എല്ലാവരും കേരളത്തിലെ മൂന്നര കോടി ജനങ്ങളിൽ തൊണ്ണൂറ്റി ഒൻപതേമുക്കാൽ ശതമാനമാളുകളും ബൈ ബർത്ത് ഇന്ത്യൻ സിറ്റിസൺ ആണ്. അവരോടാണ് ഭരണകൂടം നിങ്ങൾ നിങ്ങളുടെ പൗരത്വരേഖ കാണിക്ക് എന്നുപറയുന്നത്. അങ്ങനെ രാജ്യത്തിലെ ജനങ്ങളെ പൗരത്വ രേഖകൾക്കുവേണ്ടി നെട്ടോട്ടമോടിക്കുന്ന എൻ.ആർ.സി.-യുടെ കാര്യത്തിൽ കുറെക്കൂടി ശക്തമായ നിലപാടുകൾ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഞാൻ സിറ്റിസൺഷിപ്പ് ആക്ടിലെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. By birth, 1987-വരെ ഇന്ത്യയിൽ ജനിച്ചവർ അവരുടെ മാതാപിതാക്കളെപ്പറ്റിപോലും ആരായേണ്ട കാര്യമില്ല. ഇന്ത്യയിൽ ജനിച്ചവരെല്ലാം ഇന്ത്യൻ പൗരന്മാരാണ്. അത് മോദിക്ക് ബാധകമായത്, ഇന്ത്യൻ ഭരണഘടന പ്രകാരം, ഇന്ത്യയിലെ ഏതൊരു പൗരനും ബാധകമാണ്. പിന്നെ എന്തിനാണ് ഇങ്ങനെയൊരു എൻ.ആർ.സി.? ഇവിടെ ദുരുപയോഗം ചെയ്യാനും ഒരുപറ്റം ജനങ്ങളെ ബുദ്ധിമുട്ടിക്കാനുമാണ് എൻ.ആർ.സി. ഇപ്പോൾ നിങ്ങളും ഗവർണറും എന്തൊരു ഭായി ഭായിയാണ്. ഒരു സമയത്ത് എന്തെല്ലാം അട്ടഹാസമായിരുന്നു. ഇവിടെ വന്ന് നിങ്ങൾ കോംപ്രമൈസ് ചെയ്തത് നമ്മൾ കണ്ടു. ഈ സഭ ശ്രദ്ധിച്ചോയെന്ന് അറിയില്ല. ഈ അടുത്തകാലത്ത് സർക്കാരിന്റെ പ്രധാന പരിപാടികളുടെയെല്ലാം ഉദ്ഘാടകൻ കേരള ഗവർണറാണ്. ഞങ്ങൾ പത്രങ്ങളിലൂടെയുള്ള പരസ്യങ്ങളിൽ

കാണുന്ന കാര്യമാണ്. അടുത്തകാലത്തായി കേരള സർക്കാരിന്റെ നാലഞ്ച് പ്രധാന പദ്ധതികൾ ഉദ്ഘാടനം ചെയ്തത് ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനാണ്. ഞങ്ങളുടെ പോരാട്ടത്തിൽ കോംപ്രമൈസില്ല, നിങ്ങൾ അവിടെയും കോംപ്രമൈസ് ചെയ്തിരിക്കുകയാണ്. അത്തരം കോംപ്രമൈസിനൊന്നും ഞങ്ങളെ കിട്ടുകയില്ല. ലീഗ് ഓഫീസിൽ എന്താണ് നടക്കുന്നതെന്ന് ഇവിടെ ചോദിച്ചു. ഞാൻ ചോദിക്കുന്നു, ഡൽഹിയിൽ അതിദാരുണമായ സംഭവമുണ്ടായിട്ട് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗെന്ന ഒരു പാർട്ടിയല്ലാതെ ആ ജനങ്ങൾക്കൊപ്പം ആരാണ് ഉണ്ടായിരുന്നത്? ഒരാഴ്ചയായി ഡൽഹിയിൽ ദുരിതമനുഭവിക്കുന്നവരുടെ കൂടെയാണ് മുസ്ലിംലീഗ് എന്ന പാർട്ടി. ഇന്നലെയും ദുരിതാശ്വാസ ധനം വിതരണം ചെയ്തത് മുസ്ലീം ലീഗ് എന്ന പാർട്ടിയാണ്, അല്ലാതെ സർക്കാരല്ല. വേറൊരു പാർട്ടിയെയും ഞങ്ങൾ അവിടെ കണ്ടിട്ടില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഈ വിഷയത്തിലുള്ള പോരാട്ടം നിങ്ങളെപ്പോലെ മനുഷ്യശൃംഖല നടത്തി ആളെ പറ്റിക്കാനുള്ളതല്ല. ഈ പോരാട്ടം സത്യസന്ധമാണ്. ഇതൊരു ജനതയുടെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമാണ്. അതുകൊണ്ടുതന്നെ ഇതിലൊന്നും ആരോടും ഒരു കോംപ്രമൈസിനും ഞങ്ങളില്ല എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

വള്ളിക്കുന്ന് നിയോജകമണ്ഡലം എം.എൽ.എ.-യ്ക്ക് ഇതിൽ ഇടപെട്ട് സംസാരിക്കാൻ കഴിയാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ തലപ്പാറ മുതൽ കോഴിക്കോട് അതിർത്തിവരെ എന്നും അതിശക്തമായ ബ്ലോക്കാണ് അനുഭവപ്പെടുന്നത്. ഈ ബ്ലോക്കിലൂടെ പല റോഡ് സുരക്ഷാ പ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. ആ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടുപ്രകാരം പറയുകയാണ്. നിങ്ങൾ പറയുന്നത് എല്ലാം വളരെ ഭദ്രമാണെന്നാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. നമ്മുടെ ട്രഷറി നിയന്ത്രണത്തിലാണ്. അൻപതിനായിരം രൂപയിൽ കൂടുതലുള്ള ഒരു ബില്ലും കേരളത്തിൽ ഒരിടത്തും മാറുന്നില്ല. എന്നാലും നിങ്ങൾ പറയുന്നത് നിങ്ങളുടെ സർക്കാർ വളരെ ഗംഭീരമാണെന്നാണ്. ജനങ്ങൾ ഇതെല്ലാം നോക്കി കാണുന്നുണ്ട്. ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഗതാഗതം, മത്സ്യബന്ധനം, വാഹന നികുതികൾ എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ഇന്നലെ രാവിലെ ചോദ്യോത്തരവേള സമയത്ത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് എഴുന്നേറ്റുനിന്ന് ഒരു കാര്യം പറഞ്ഞു. മറ്റൊന്നുമല്ല, മന്ത്രിമാരെ

പുകഴ്ത്തി സംസാരിക്കണമെന്ന് ഭരണകക്ഷി അംഗങ്ങളോട് മന്ത്രിമാർ ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന സംശയമാണ് അദ്ദേഹം ഉന്നയിച്ചത്. തീർച്ചയായും ഞങ്ങളുടെ മന്ത്രിമാർ നടത്തുന്ന മികച്ച പ്രവർത്തനങ്ങളെ അഭിനന്ദിക്കും, ആ പ്രവർത്തനങ്ങളെ അഭിനന്ദിക്കാൻതന്നെയാണ് ഞങ്ങളെ ചുമതലപ്പെടുത്തിയിട്ടുള്ളതും. അതിൽ അങ്ങ് വല്ലാതെ വൈഷമ്യം കൊള്ളേണ്ട കാര്യമില്ല. അങ്ങ് പ്രതിപക്ഷനേതാവെന്ന നിലയിൽ ഉയർന്ന് പ്രവർത്തിച്ചാൽ അങ്ങയേയും ഞങ്ങൾ അഭിനന്ദിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അങ്ങയുടെ കൂട്ടത്തിലുള്ളവർക്ക് ആ കാര്യത്തിൽ എന്തോ സംശയമുണ്ടെന്ന് അങ്ങേയ്ക്ക് തോന്നി തുടങ്ങിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങ് ഒന്ന് പുറകിലേയ്ക്ക് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കും. ഇല്ലെങ്കിൽ അങ്ങേയ്ക്ക് പറയേണ്ടിവരും യു ടൂ ബ്രൂട്ടസേയെന്ന്. കാരണം, മറ്റൊന്നുമല്ല അത്തരമൊരു ഉണ്ടയാണ് അങ്ങയുടെ പുറകിലിരിക്കുന്ന വ്യക്തി ഇടയ്ക്കൊന്ന് പൊട്ടിച്ചതെന്നുകൂടി കാണണം. ആ ഉണ്ട തട്ടിയും മുട്ടിയും പിന്നെയും തട്ടിയും അങ്ങയുടെ നെഞ്ചത്തുതന്നെയാണ് കൊള്ളാൻ പോകുന്നതെന്ന് ഈ അവസരത്തിലെങ്കിലും അങ്ങ് മനസ്സിലാക്കുന്നത് നല്ലതാണെന്നാണ് വളരെ വിനയത്തോടുകൂടി പറയാനുള്ളത്. ഇന്ത്യയ്ക്കകത്ത് ബി.ജെ.പി.-യെ വളർത്തിയത് ഇടതുപക്ഷമാണെന്ന് ബഹുമാന്യരായ ചില പ്രതിപക്ഷ അംഗങ്ങൾ ഇന്നലെ പറയുന്നതുകേട്ടു. ബി.ജെ.പി.-യെ ഇടതുപക്ഷമാണ് വളർത്തിയതെന്ന് സമർത്ഥിക്കാൻവേണ്ടി ഇല്ലാക്കഥകൾ പ്രചരിപ്പിക്കാൻ ചിലരിവിടെ തയ്യാറായി നിൽക്കുന്നു. ഒന്നാം യു.പി.എ. സർക്കാരിനെ ഇടതുപക്ഷം പിന്തുണച്ചിരുന്നു. ആ പിന്തുണയുടെ ഭാഗമായിട്ടാണ് അന്നത്തെ ഗവൺമെന്റ് ചില ജനക്ഷേമ പ്രവർത്തനങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചത്. എന്നാൽ കോൺഗ്രസ് അക്കാലത്ത് അവരുടെ തനി സ്വഭാവം കാണിക്കാൻ തീരുമാനിച്ചു. അമേരിക്കയുമായി കൂട്ടുകൂടിക്കൊണ്ട് ഈ രാജ്യത്തേയ്ക്ക് അമേരിക്കയുടെ ആണവ റിയാക്ടറുകൾ കൊണ്ടുവരാൻ തീരുമാനിച്ചപ്പോൾ ഇടതുപക്ഷത്തിന് പിന്തുണ പിൻവലിക്കേണ്ടിവന്നു. അങ്ങനെ പിന്തുണ പിൻവലിക്കുന്ന സമയത്ത് ഇടതുപക്ഷം പിന്തുണ പിൻവലിച്ചാലും തങ്ങളുടെ ഭരണം തുടരണമെന്ന് കണക്കാക്കിക്കൊണ്ട് അന്ന് കോൺഗ്രസ് പാർട്ടി സ്വീകരിച്ച നിലപാടെന്താണ്? രാഷ്ട്രീയ ധാർമ്മികതയെപ്പറ്റി പറയുന്ന കോൺഗ്രസ് അക്കാലത്ത് എടുത്ത സമീപനമെന്താണ്? ആ കാലത്തല്ലേ കോൺഗ്രസ്സ് പാർട്ടി പണം കൊടുത്ത് എം.പി.മാരെ വിലയ്ക്ക് വാങ്ങിയ ചിത്രം നമ്മൾ കണ്ടത്. കോൺഗ്രസ്സിന് അനുകൂലമായി വോട്ട് രേഖപ്പെടുത്താൻ വേണ്ടി സമ്മർദ്ദം ചെലുത്തി പണം കൊടുത്തതായി പാർലമെന്റിനകത്ത് ചില എം.പി.മാർ കിട്ടിയ പണം പ്രദർശിപ്പിച്ചുകൊണ്ട് നടത്തിയ ആ നീക്കത്തെ നമ്മൾ കണ്ടതല്ലേ. വോട്ടിന് കോഴയെന്ന നിലയ്ക്ക് CNN-ഉം IBN-ഉം ദൃശ്യങ്ങൾ പുറത്തുകാണിച്ചതാണ്.

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ....

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അദ്ദേഹം പറഞ്ഞ കാലഘട്ടത്തിൽ കോൺഗ്രസ് എം.പി.-മാരെ പണം കൊടുത്ത് വാങ്ങിയെന്ന് പറഞ്ഞത്

അവാസ്തവമാണ്. ആ കാര്യം എവിടെയെങ്കിലും അദ്ദേഹത്തിന് തെളിയിക്കാൻ സാധിക്കുമോ? അത് കോടതി തള്ളിയ കേസ്സാണ്. അതുകൊണ്ട് ഇത് ഒരു കാരണവശാലും സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.* ഇത് നുണ പ്രചരണങ്ങൾ നടത്തുന്ന സി.പി.(എം)-ന്റെ ഗീബത്സ്യൻ സമീപനമാണ്. അതിന്റെ വക്താവാണ് അദ്ദേഹം.

മി. ചെയർമാൻ : അത് പരിശോധിക്കുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഉള്ളതു പറഞ്ഞാൽ കള്ളിക്കു തുള്ളൽവരുമെന്നുള്ള കാര്യം പ്രസക്തമാണല്ലോ. അക്കാലത്ത് തങ്ങൾക്ക് കിട്ടിയ നോട്ടുകെട്ടുകൾ ചില എം.പി.-മാർ പാർലമെന്റിനകത്തുകൊണ്ടുവന്ന് പ്രദർശിപ്പിച്ച്, എന്നിട്ട് പറഞ്ഞു ഇത് വേറെയാരുമല്ല തന്നത് അഹമ്മദ് പട്ടേലാണ്. അഹമ്മദ് പട്ടേൽ ആരാണ്? ശ്രീമതി സോണിയാ ഗാന്ധിയുടെ പൊളിറ്റിക്കൽ സെക്രട്ടറി, കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി. ശ്രീ. അഹമ്മദ് പട്ടേലും ശ്രീ. അമർസിംഗുമൊക്കെ അന്ന് എം.പി.-മാരെ വിലയ്ക്ക് വാങ്ങുന്ന സന്ദർഭത്തിൽ കോൺഗ്രസിന്റെ ധാർമ്മികത എവിടെപ്പോയി? ഇപ്പോൾ കേൾക്കുന്നത് ശരിയാണെങ്കിൽ മദ്ധ്യപ്രദേശിൽ കോൺഗ്രസിന്റെ ചില എം.എൽ.എ.-മാർ അന്തിയുറങ്ങാൻപോലും അവസരം കൊടുക്കാതെ റിസോർട്ടുകളിലാണെന്ന ചിത്രം നമ്മൾ കാണുന്നതല്ലേ. കോൺഗ്രസിന് എം.പി.-മാരെയും -എം.എൽ.എ.-മാരെയും വില കൊടുത്ത് വാങ്ങാൻ കഴിയും. ആ നിലയ്ക്ക് കോൺഗ്രസ് ഇന്ന് വല്ലാത്ത പതനത്തിലേയ്ക്ക് എത്തി നിൽക്കുന്ന കാഴ്ചയല്ലേ കാണുന്നത്. യു.പി.എ. സർക്കാരിന്റെ കാലത്ത് ഇടതുപക്ഷം പിന്തുണ പിൻവലിച്ചപ്പോൾ തെരഞ്ഞെടുപ്പ് നടന്നു, ആ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയപ്പോൾ നിങ്ങൾ അർമാദിക്കുകയായിരുന്നില്ലേ, ആ അർമാദിക്കലിന്റെ ഭാഗമായിട്ടല്ലേ ആ കാലത്ത് നിങ്ങൾ കുംഭകോണങ്ങൾ നടത്തിയത്. ഞാൻ കൽക്കരി കുംഭകോണത്തെക്കുറിച്ചും സ്പെക്ട്രം ഇടപാടിനെക്കുറിച്ചും അധികമൊന്നും പറയുന്നില്ല. അന്ന് പ്രതിരോധ വകുപ്പുമന്ത്രി ബഹുമാന്യനായ എ. കെ. ആന്റണിയായിരുന്നു. ആ എ. കെ. ആന്റണിയുടെ കാലത്തല്ലേ ഇസ്രയേലിൽനിന്നും മിസൈൽ ഇടപാടുമായി ബന്ധപ്പെട്ടുകൊണ്ട് 600 കോടി രൂപയുടെ കുംഭകോണം നടന്നത്. ആ 600 കോടി രൂപയിൽ ഏതാണ്ട് 450 കോടി രൂപയും കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് ഫണ്ടിലേയ്ക്ക് ശ്രീ. എ. കെ. ആന്റണി കമ്മീഷനായി കിട്ടിയ കാശ് കൊടുത്തുവെന്നല്ലേ ആ കാലത്തെ രേഖകൾ തെളിയിക്കുന്നത്? അത്തരത്തിൽ ഒരു ഭാഗത്ത് കോഴ കൊടുത്ത് എം.പി.-മാരെ വിലയ്ക്ക് വാങ്ങുക; വേറൊരു ഭാഗത്ത് പ്രതിരോധ ഇടപാടുകളടക്കമുള്ളവയിൽ വലിയ തോതിൽ കമ്മീഷൻ വാങ്ങുക.

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 1604/ഇ.ബി./2020/നി.സെ. തീയതി 5-3-2020) സഭാരേഖയിൽ നിലനിർത്തി.

മി. ചെയർമാൻ : പോയിന്റ് ഓഫ് ഓർഡർ..

3.00 P.M.]

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.... സി.പി.ഐ.(എം.)-ന്റെ കേന്ദ്ര കമ്മിറ്റി അംഗങ്ങളോ പോളിറ്റ് ബ്യൂറോ അംഗങ്ങളോ ഈ സഭയിലുള്ള ബഹുമാന്യനായ മുഖ്യമന്ത്രിയടക്കം ഒരാളും ഇന്നുവരെ ഉന്നയിക്കാത്തൊരു ആരോപണം, നാളെ ബി.ജെ.പി.-ക്ക് വടി കൊടുക്കാൻവേണ്ടി ഇവിടെ ഈ അംഗം തെറ്റായി, അതും ഒരാളും ആരോപണം ഉന്നയിക്കാത്ത ശ്രീ. എ. കെ. ആന്റണിയെക്കുറിച്ച് ഉന്നയിക്കുന്നത് ഓർഡറിലാണോ; ഇക്കാര്യം സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ശ്രീ. എ. കെ. ആന്റണിയെന്താ പുണ്യാളനാണെന്നാണോ വിചാരിച്ചിരിക്കുന്നത്; xxxxxxxxxxxx xxxxxxx xxxxxxxxxx xxxxxxxxxxxxxxxxxxxx xxxxx xxxxxxxxxxxxx xxxxxxxxxxxxx xxxxxxxxxx xxxxxxxx*

ഇസ്രയേലുമായി കേന്ദ്ര സർക്കാർ ഒപ്പുവച്ച മിസൈൽ ഇടപാടിൽ 600 കോടി രൂപയുടെ കോഴ വാങ്ങിയെന്ന വെളിപ്പെടുത്തലുമായിട്ടാണ് ബോംബെയിലെ ഡി.എൻ.എ. പത്രം പുറത്തുവന്നത്. അതുമാത്രമല്ല, ആദർശ് ഫ്ലാറ്റിന്റെ കാര്യം, ഇനിയും പറയിപ്പിക്കണോ; ആദർശ് ഫ്ലാറ്റ് കുംഭകോണം, 2 ജി സ്പെക്ട്രം ഇടപാട്, കൽക്കരി കുംഭകോണം. നിങ്ങൾക്ക് അധികാരം കിട്ടിയ രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത്... (മൈക്ക് ഓഫ്)

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ ശ്രീ. ജോൺ ഫെർണാണ്ടസ് ഇവിടെ സംസാരിക്കുമ്പോൾ തികച്ചും അടിസ്ഥാനരഹിതമായി xxxxxxxxxxxxxx xxxxxxxxxxxxxxx xxxxxxxxxxxxxx xxxxxxxxxxxxxx xxxxxxxxxxxxxxx

xxxxxxxxxxxx xxxxxxxxxxxxxx xxxxxxxxxxxxxx xxxxxxxxxxxx*

മി. ചെയർമാൻ: അക്കാര്യം പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഉള്ള കാര്യമാണ് പറഞ്ഞത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇത്തരം പരാമർശങ്ങളൊന്നും ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ടതില്ല. തീർച്ചയായും നമുക്ക് വിഷയങ്ങളിലേയ്ക്ക് കടക്കാം.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 1582/ഇ.ബി./2020/നി.സെ) രേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി അഴിമതി നടത്താറില്ല. ഞങ്ങൾ അഴിമതി നടത്താത്തവരാണ്. കേരളത്തിലെ ജനങ്ങൾക്കാവശ്യമായ നന്മകൾ ചെയ്യുന്ന ഒരു സർക്കാരാണ്. പക്ഷേ ആ സർക്കാരിനെ സംശയത്തിന്റെ പുകമറയ്ക്കകത്ത് നിർത്തി ജനങ്ങൾക്കിടയിൽ സർക്കാരിനെതിരായി വികാരമുണ്ടാക്കാമെന്ന നിലയിലാണ് ഇന്നലെയും ഇന്നും ചിലയാളുകൾ ഇവിടെ സംസാരിച്ചത്. ഇവിടെ അത്തരത്തിൽ പറഞ്ഞ കൂട്ടത്തിൽ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു, അടുത്ത തവണ കേരളത്തിൽ ഭരിക്കാൻ പോകുന്നത് യു.ഡി.എഫ്. ആണെന്ന്. എന്തുനല്ല നടക്കാത്ത സ്വപ്നമാണ്. സ്വപ്നമൊക്കെ കാണാം. നാടോടിക്കാറ്റ് എന്ന സിനിമയിൽ ദാസനും വിജയനും കാണുന്ന സ്വപ്നം പോലെയാണ്. പശു അമറിയപ്പോൾ "ദാ, ഐശ്വര്യത്തിന്റെ സൈറൺ മുഴങ്ങുന്നു" എന്നുപറഞ്ഞ് ദാസനും വിജയനും നടത്തിയതുപോലുള്ളൊരു സ്വപ്നം കാണൽ. അത്തരം സ്വപ്നം കാണൽ കണ്ട് മുസ്ലീംലീഗുകാർ ആശ്വാസം കൊള്ളട്ടെ എന്ന മാത്രമേ എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളൂ.

കേരളത്തിൽ മത്സ്യത്തൊഴിലാളി മേഖലയും മത്സ്യബന്ധന മേഖലയും ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. കേരളത്തിലെ മത്സ്യ കയറ്റുമതി മേഖല ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ഒരു ടൺ മത്സ്യംപോലും കേരളത്തിൽനിന്ന് കയറ്റി പ്പോകുന്നില്ല. കൊറോണയടക്കമുള്ള പ്രശ്നങ്ങളെത്തുടർന്ന് ആയിരക്കണക്കിന് കോടി രൂപയുടെ മത്സ്യമാണ് കയറ്റുമതി ചെയ്യാൻ കഴിയാതെ മത്സ്യ സംസ്കരണ ശാലകളിലെ സ്റ്റോറുകളിൽ കെട്ടിക്കിടക്കുന്നത്. ഇതിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് വിലയിടിയുന്നു എന്നുമാത്രമല്ല, മത്സ്യ അനുബന്ധ മേഖലകളിലെ തൊഴിലാളികൾക്ക് പണിയില്ലാതെ വരുന്ന സ്ഥിതിയുമുണ്ട്. ഇത് കേരളം നേരിടുന്ന വലിയൊരു പ്രശ്നമാണ്. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന കാര്യത്തെക്കുറിച്ച് ആലോചിക്കണം. ഇപ്പോൾ ഉൾനാടൻ മത്സ്യസമ്പത്തിന്റെ കാര്യത്തിൽ കണക്കുകളിൽ ചില വർദ്ധനവൊക്കെ ഉണ്ടെങ്കിലും യഥാർത്ഥത്തിൽ കഴിഞ്ഞ ഏതാനും മാസങ്ങളായി ഉൾനാടൻ മേഖലയിലും കടൽ മേഖലയിലും മത്സ്യം പിടിക്കുന്നതിന്റെ അളവ് കുറഞ്ഞിരിക്കുകയാണ്. ഉൾനാടൻ മേഖലയിൽ, പ്രത്യേകിച്ചും ശിവരാത്രി തക്കത്തിലൊക്കെ (തക്കമെന്ന് പറഞ്ഞാൽ മത്സ്യത്തൊഴിലാളികൾക്ക് മനസ്സിലാകും) ദിവസങ്ങളോളം കൂടുതൽ മത്സ്യം കിട്ടിയിരുന്നുവെങ്കിൽ ഇക്കഴിഞ്ഞ ശിവരാത്രി തക്കത്തിന് ഒരു വിധത്തിലും മത്സ്യത്തൊഴിലാളികൾക്ക് ജീവിക്കാൻ കഴിയാത്തവണ്ണം മത്സ്യം കിട്ടാത്ത സാഹചര്യമാണുണ്ടായത്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നു ചോദിച്ചാൽ, മത്സ്യത്തിന്റെ പ്രജനനം നടക്കുന്നില്ല. കേരളത്തിലെ 44 നദികൾ പടിഞ്ഞാറോട്ടൊഴുകി കടലിൽ ചേരുന്നുണ്ട്. ഇന്നിപ്പോൾ ആ നിലയ്ക്ക് കടലിലേയ്ക്ക് ജലമൊഴുകുന്നില്ല. കേരളത്തിലെ 44-ൽ 43 നദികൾ പടിഞ്ഞാറൊഴുകുന്നത് മുഴുവൻ ഏതാണ്ട് നീരൊഴുക്ക് നിലച്ചിരിക്കുകയാണ്. ആ നീരൊഴുക്കിൽ ജലം മാത്രമല്ല, മഴ വെള്ളത്തോടൊപ്പം കടലിലെ മത്സ്യങ്ങൾക്കാവശ്യമായ ഭക്ഷണ വസ്തുക്കളടക്കമുണ്ട്.

എന്നാൽ അത് കിട്ടാതെ വരുന്നതിനെത്തുടർന്ന് കടൽ മത്സ്യത്തിന്റെ രുചിയും അളവും കുറയുന്നു. കടൽ മത്സ്യവും കായൽ മത്സ്യവും കിട്ടുന്നില്ല. ഇത് ഗൗരവമായ പ്രശ്നമാണ്. അത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിന്റെ കടൽത്തീരത്തടക്കം കൊള്ളയടി നടത്താൻവേണ്ടി കേന്ദ്ര സർക്കാരിപ്പോൾ Marine Fisheries Regulation and Management Bill എന്ന പേരിൽ ഒരു നിയമം കൊണ്ടുവരുന്നത്. മത്സ്യമേഖല സംസ്ഥാന സർക്കാരിന്റെ വിഷയമാണ്. സംസ്ഥാന സർക്കാരിന് നിയമനിർമ്മാണം നടത്താൻ അവകാശമുള്ള മേഖലയിൽ കേന്ദ്ര സർക്കാർ ഒരു നിയമം കൊണ്ടുവന്നുകൊണ്ട് കേരളംപോലുള്ള സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കാൻ പോകുകയാണ്. കേരളത്തിൽ ഇന്ന് ലഭ്യമായ മത്സ്യ സമ്പത്തുപോലും കുത്തകകൾക്ക് കയ്യേറാനും കേരളത്തിന്റെ തീരപ്രദേശം അവരുടെ കൈകളിലേയ്ക്ക് എത്താനും ഈ ബിൽ സഹായിക്കും. ഇത് വലിയ പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. കടലിൽ കൂട് കൃഷി പോലുള്ളവ സ്ഥാപിച്ചാൽ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക്, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കിട്ടാതെ വരും. അതുപോലെതന്നെ സോളാർ പാനൽ കടലിൽ വയ്ക്കാൻ പോകുകയാണെന്നാണ് പറഞ്ഞത്, സോളാർ പാനലുകൾ കടലിലേയ്ക്ക് വന്നുകഴിഞ്ഞാലുണ്ടാകുന്ന പ്രത്യാഘാതം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യം പിടിക്കാനുള്ള ഇടം നഷ്ടമാകുന്നു എന്നുള്ളതാണ്. ഇത്തരം പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണം. ചില നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. പക്ഷേ, അതുപോരാ; കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ വലിയ ആശങ്ക നിലനിൽക്കുകയാണ്. കേരളത്തിലെ മത്സ്യ സമ്പത്ത് കൊള്ളയടിക്കപ്പെടാൻ പോകുകയാണ്. കേരളത്തിന്റെ തീരപ്രദേശം നഷ്ടപ്പെടാൻ പോകുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ മേഖലയുടെ സംരക്ഷണത്തിനാവശ്യമായ ഗൗരവമായ വിഷയങ്ങൾ ഉയർത്തി കേന്ദ്രത്തിനെ സമീപിക്കണമെന്നാണ് പറയാനുള്ളത്.

ഗതാഗത മേഖലയുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. കേരളത്തിന്റെ ഗതാഗത മേഖലയിൽ വലിയ മാറ്റം വരികയാണ്. പൊതുഗതാഗതം മെച്ചപ്പെടുത്താനുള്ള നീക്കം അടിയന്തരമായി ഉണ്ടാകണം. ഒരു ബസ് റോഡിൽ ഇറങ്ങാതായാൽ അതിനുപകരമായി 43 ഇരുചക്ര വാഹനങ്ങളും നാല് കാറുകളും റോഡുകളിൽ ഇറങ്ങുന്നുണ്ടെന്നാണ് കണക്ക്. അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും അപകടങ്ങളെക്കുറിച്ചും ഗൗരവമായി ചർച്ച ചെയ്യേണ്ടൊരു സന്ദർഭമാണിത്. അതുകൊണ്ടാണ് കേരളത്തിൽ മാതൃകാപരമായി മെട്രോ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ കൊണ്ടുവരികയും അതിന്റെ തുടർച്ചയായി കൊച്ചിയിൽ സംയോജിത ഗതാഗത സംവിധാനം ഏർപ്പെടുത്താനും തീരുമാനിച്ചത്. അതുപോലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ ഗതാഗത മേഖലയിൽ വലിയ മാറ്റമുണ്ടാക്കാനും അപകടരഹിതമായ ഒരു കേരളം ഗതാഗത രംഗത്ത് സൃഷ്ടിക്കാനുമുള്ള ഇടപെടലുകൾ ഉണ്ടാകണം. അതിനുവേണ്ടിയുള്ള നീക്കങ്ങൾ നടത്താൻ ഈ സർക്കാർ മുന്നോട്ടുവരണമെന്നുകൂടി

അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

എനിക്കുമുമ്പ് സംസാരിച്ച അംഗം ശ്രീ. ജോൺ ഫെർണാണ്ടസ് ശ്രീ. എ. കെ. ആന്റണിയെയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അധിക്ഷേപിക്കുന്ന തരത്തിൽ പരാമർശം നടത്തി. പക്ഷേ അതിന് അദ്ദേഹത്തിന്റെതന്നെ നേതാവായ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുതന്നെയാണ് അദ്ദേഹത്തിനുള്ള മറുപടി. (.....ബഹളം.....ബഹളം..) അദ്ദേഹം വന്ന വഴി മറന്നുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. ഇന്ന് പത്രങ്ങളിൽ ഒരു വാർത്ത വന്നു.... എത്ര ആംഗ്ലോ-ഇന്ത്യൻ ജനസംഖ്യയാണ് കേരളത്തിലുള്ളത് എന്ന ശ്രീ. അൻവർ സാദത്തിന്റെ ചോദ്യത്തിന് പാർലമെന്റിൽ ബി.ജെ.പി. മന്ത്രി നൽകിയ മറുപടിക്ക് സമാനമായ ഒരു മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയത്. വെറും 242 ആംഗ്ലോ-ഇന്ത്യൻ ജനസംഖ്യ മാത്രമേ കേരളത്തിലുള്ളൂവെന്നാണ് അദ്ദേഹം നൽകിയ മറുപടി. അതിനെതിരെ ഒരു അക്ഷരംപോലും ഉരിയാടാൻ തയ്യാറായില്ല. അങ്ങ് വന്നത് ആ ജനസമൂഹത്തെ പ്രതിനിധീകരിച്ചാണ്. അങ്ങ് ആദ്യം പറയേണ്ടിയിരുന്നത് ആ വാക്കുകളാണ്.

ഗതാഗതത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുന്ന അവസരത്തിൽ ഈ നഗരത്തിലാകെ ട്രാൻസ്പോർട്ട് ബസ്സുകൾ സ്തംഭിച്ചിരിക്കുകയാണ്. പോലീസും ട്രാൻസ്പോർട്ട് ജീവനക്കാരും ജനങ്ങളും തമ്മിൽ സംഘർഷമാണ്. പ്രൈവറ്റ് ബസ്സുകൾ ട്രാൻസ്പോർട്ട് ഗ്യാരേജിൽ കയറി ആളെക്കയറ്റാൻ പോയപ്പോൾ അതിനെ എതിർത്ത ഡി.റ്റി.ഒ.-യെ ആഭ്യന്തര വകുപ്പ് ഭരിക്കുന്ന മുഖ്യമന്ത്രിയുടെ പോലീസ് അറസ്റ്റ് ചെയ്ത് ഫോർട്ട് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും തുടർന്ന് ആർക്കും യാത്രചെയ്യാൻ പറ്റാത്തത്ര സംഘർഷപൂരിതമായ സാഹചര്യമാണ് ഇന്നിവിടെ ഉണ്ടായതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഇത് അറിഞ്ഞോ എന്നറിയില്ല. കൊറോണ വൈറസ് ബാധിച്ചവരെ ജനങ്ങളിൽനിന്ന് മാറ്റി നിർത്തുന്നതുപോലെ, ഗതാഗത-മത്സ്യബന്ധന വകുപ്പുകളെ ഈ സർക്കാർ ജനങ്ങളിൽനിന്ന് മാറ്റി നിർത്തിയിരിക്കുകയാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഏറ്റവുമധികം ദാരിദ്ര്യം അനുഭവിക്കുന്നവരും പരിമിതമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുന്നവരും അപകടകരമായ സാഹചര്യങ്ങളിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നവരുമാണ് മത്സ്യത്തൊഴിലാളികൾ. ആ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി അനുവദിക്കുന്ന പദ്ധതി വിഹിതംതന്നെ പരിമിതമാണ്. എന്നാൽ ആ പരിമിതമായ പദ്ധതി വിഹിതംപോലും ചെലവഴിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. 2019-20-ൽ 380.70 കോടി രൂപയാണ് അനുവദിച്ചത്, എന്നാൽ

ഇന്നുവരെ ചെലവഴിച്ചിട്ടുള്ളത് 204.68 കോടി രൂപ മാത്രമാണ്, വെറും 53.77 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2018-19-ൽ 68.51 ശതമാനമായിരുന്നു ചെലവഴിച്ചത്. ഗവർണറുടെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റുകളിലും പ്രഖ്യാപിക്കപ്പെട്ട ഒരു പദ്ധതിപോലും യാഥാർത്ഥ്യമാകുന്നില്ല. വളരെ കൊട്ടിഘോഷിച്ച കോസ്റ്റൽ ഹൈവേയ്ക്ക് 6500 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്. എന്നാൽ ഇതുവരെ 15 കോടി രൂപയുടെ വർക്കുപോലും നടന്നിട്ടില്ല. തവനൂർ മണ്ഡലത്തിലെ 15 കിലോമീറ്റർ തീരദേശ ഹൈവേയിൽ 30 ശതമാനം പണി നടത്തിയിട്ടുണ്ട്. 550 കിലോമീറ്റർ തീരദേശ ഹൈവേയിൽ 15 കിലോമീറ്ററിലെ 30 ശതമാനം പണി മാത്രമാണ് ഈ സർക്കാരിന് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് ഓർക്കണം. 2016-ലെ നയ പ്രഖ്യാപനത്തിലെ 222-ാം ഖണ്ഡികയിൽ കടലെടുപ്പിന് വിധേയമാകുന്ന മുഴുവൻ വീടുകളിലെയും മത്സ്യത്തൊഴിലാളികളെ 3 വർഷത്തിനുള്ളിൽ പുനരധിവസിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. എന്നിട്ട് പുനരധിവസിപ്പിച്ചോ; മുഴുവൻ മത്സ്യത്തൊഴിലാളികളെയും മാറ്റിപാർപ്പിച്ചോ? നാളെയാണ് പദ്ധതിയുടെ ഉദ്ഘാടനം നടക്കാൻ പോകുന്നത്. സർക്കാർ 4 വർഷം കഴിഞ്ഞതിനുശേഷമാണ് ഉദ്ഘാടനം നടത്താൻ പോകുന്നത്. 2017-ലെ നയപ്രഖ്യാപനത്തിലെ 90-ാം ഖണ്ഡികയിലും ഇതുതന്നെ ആവർത്തിച്ചിരുന്നു. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്ന് പറഞ്ഞിരുന്നു, പുനരധിവസിപ്പിച്ചോ? 2017-18 ബഡ്ജറ്റിലെ 110-ാം ഖണ്ഡികയിൽ 24851 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50 മീറ്ററിനുപുറത്ത് വീടുനിർമ്മിച്ച് നൽകുമെന്ന് പറഞ്ഞു. 2018-19-ലും ഇത് ആവർത്തിച്ചു. 2019-20-ൽ 50-ാം ഖണ്ഡികയിൽ 10,000 വീടുകൾ അടിയന്തരമായി നിർമ്മിച്ചു നൽകുമെന്ന് പറഞ്ഞു. എത്ര പേർക്കാണ് നൽകിയത്? ഇക്കണോമിക് റിവ്യൂവിൽ പേജ് നമ്പർ 97-ൽ 380 പേർക്ക് വീടുനിർമ്മിച്ചു നൽകിയതായി കൊടുത്തിട്ടുണ്ട്. 2017-18-ലെ 24000 എവിടെയാണ് 380 എവിടെയാണ്? പ്രഖ്യാപിച്ച 6500 കോടി രൂപ എവിടെ നിൽക്കുന്നു, ചെലവഴിച്ച 15 കോടി രൂപ എവിടെ നിൽക്കുന്നു? നിങ്ങൾ പറയുന്നതെല്ലാം വലിയ കാര്യങ്ങളാണ്. പക്ഷേ അതൊന്നും പ്രവൃത്തിപഥത്തിൽ എത്തിക്കുന്നില്ല. കാലാകാലങ്ങളായി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നൽകുന്ന ഭവന പദ്ധതിയിൽ നിങ്ങൾ നൽകിയിട്ടുള്ളത് വെറും 3000 വീടുകളാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ 19000 വീടുകൾ നിർമ്മിച്ചുനൽകി. വീടുകൾ നിങ്ങൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി, ലൈഫിൽ കൊടുക്കട്ടെ, പക്ഷേ, ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്ന വീടുകൾ നിർത്തലാക്കരുത്, അത് വീണ്ടും തുടരണം. ഭവനത്തിന്റെ പ്രശ്നമാണ് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്. ഒറ്റമുറി വീട്ടിൽ താമസിക്കുന്ന ഒരു കുടുംബത്തിലെ പ്രായപൂർത്തിയായ മകൾക്ക് വസ്ത്രം മാറണമെങ്കിൽ അച്ഛൻ പുറത്തിറങ്ങി നിൽക്കണം; അല്ലെങ്കിൽ പ്രായപൂർത്തിയായ സഹോദരൻ പുറത്തിറങ്ങി നിൽക്കണം. അങ്ങനെയുള്ള കുടുംബങ്ങൾക്ക് ഞങ്ങൾ 19000 വീടുകൾ

നൽകിയപ്പോൾ നിങ്ങൾ വെറും 3000 വീടുകൾ മാത്രമാണ് നൽകിയത്. ലൈഫ് പദ്ധതിയിൽ ലയിപ്പിച്ചുവെന്ന് പറയുന്നു. ലൈഫ് പദ്ധതിയിൽ നിങ്ങൾ ഇതുവരെ എത്ര വീടുകൾ നൽകി? മത്സ്യത്തൊഴിലാളികൾക്ക് എത്രവീടുകൾ നൽകിയെന്ന് പറയാൻ സാധിക്കുമോ? ലൈഫ് പദ്ധതിവഴി 75 ശതമാനവും പഞ്ചായത്തുകൾക്കാണ് വീടുനിർമ്മിച്ചു നൽകുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഹൗസിംഗിനുവേണ്ടി വച്ചിരിക്കുന്ന പണം എന്തുചെയ്യും? ആ പണം ഉപയോഗിച്ചുകൊണ്ട് തുടർന്നു വന്നിരുന്നതു പോലുള്ള ഭവനനിർമ്മാണ പദ്ധതി തുടരണം. 2016-ലെ നയ പ്രഖ്യാപനത്തിന്റെ 123-ാം ഖണ്ഡികയിൽ എല്ലാ മത്സ്യഗ്രാമങ്ങളിലും ശുദ്ധജലം, കക്കൂസ്, മാലിന്യ സംസ്കരണം എന്നിവ ഉറപ്പാക്കുമെന്ന് പറഞ്ഞിരുന്നു, എവിടെ നൽകി? വീടുകളുടെ മെയിന്റനൻസിനായി പണം നൽകുന്നുണ്ടോ? മെയിന്റനൻസിനുപോലും പണം നൽകുന്നില്ല. ഇതെല്ലാം പ്രഖ്യാപിച്ചതിനുശേഷമല്ലേ എന്റെ നിയോജകമണ്ഡലത്തിലെ പുല്ലുവിളയിൽ ശിലുവമ്മയെന്നു പറയുന്ന ഒരാൾ കക്കൂസ് ഇല്ലാത്തതുകൊണ്ട് വെളിയിട വിസർജ്ജനത്തിന് പോയ വഴിയിൽ തെരുവ് നായ്ക്കൾ കടിച്ചുകീറി കൊന്നത്. അത് ഈ കാലഘട്ടത്തിലല്ലേ? അങ്ങ് കുറച്ചെങ്കിലും മത്സ്യ മേഖലയോട് മേഴ്സി കാണിക്കണം. അവരുടെ ഭവന നിർമ്മാണ കാര്യത്തിൽ മേഴ്സിലെസ്സായിട്ടുള്ള നടപടി സ്വീകരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. 2018-ലെ നയപ്രഖ്യാപനവും ഇങ്ങനെയൊക്കെതന്നെയാണ്. അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഓഖി ഫണ്ട് ചെലവഴിച്ചത് തമിഴ്നാട് ഗവൺമെന്റും കേരള ഗവൺമെന്റുമാണ്. കേരള ഗവൺമെന്റ് ചെലവഴിച്ചത് ജനങ്ങൾ സംഭാവനയായി നൽകിയ തുകയാണ്. 108,34,37,138 രൂപ ജനങ്ങൾ സംഭാവനയായി നൽകി. കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്നും 111 കോടി രൂപ നൽകിയിട്ടുണ്ട്. മൊത്തം 220 കോടി രൂപ ലഭ്യമായതിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് എത്ര രൂപ ചെലവാക്കിയിട്ടുണ്ട്? ദുരന്തമുണ്ടായി ഇത്രയും ആളുകൾ മരിച്ചതല്ലേ; അപ്പോൾ അതിന്റെ ഭൂരിപക്ഷം തുകയും ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടിയല്ലേ ചെലവഴിക്കേണ്ടത്? ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടപ്പിലാക്കേണ്ട മറ്റു പല പദ്ധതികൾക്കുംവേണ്ടി ഓഖി ഫണ്ടിൽനിന്നും പണമെടുത്ത് ചെലവാക്കിയത് ശരിയായ നടപടിയല്ല. അങ്ങ് നാളെ ഇവിടെ എഫ്.ആർ.പി. ബോട്ട് നൽകുന്നു; 8 ലക്ഷം രൂപയുടെ ബോട്ടാണ് നൽകുന്നത്. തമിഴ്നാട് സർക്കാർ 75 ലക്ഷം രൂപയുടെ ബോട്ടാണ് നൽകിയത്. തമിഴ്നാട് ഗവൺമെന്റ് കൊടുത്തത് സർക്കാർ ഫണ്ടുപയോഗിച്ചു കൊണ്ടാണ്. അല്ലാതെ തമിഴ്നാട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നല്ല നൽകിയത്. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അടിയന്തരമായി നടപടികൾ സ്വീകരിക്കണം. 2018-ൽ 2000 കോടി രൂപയുടെ ഓഖി പാക്കേജ് പ്രഖ്യാപിച്ച് മത്സ്യത്തൊഴിലാളികളെ വഞ്ചിച്ച സർക്കാരാണിത്. കഴിഞ്ഞ ബഡ്ജറ്റിൽ ഓരോവർഷവും 1000 കോടി രൂപ വച്ച് 5000 കോടി രൂപ ചെലവഴിക്കുമെന്ന് പറഞ്ഞു. എവിടെയാണ് ഈ

കോടികൾ? വായ് നിറയെ കോടികൾ പറയുന്ന സർക്കാരായി മാറിയിരിക്കുകയാണ് ഈ സർക്കാർ.

കെ.എസ്.ആർ.ടി.സി.-യുടെ കാര്യം ഞാൻ പറഞ്ഞു. കെ.എസ്.ആർ.ടി.സി. -ക്ക് കട്ടപ്പുറം ശശീന്ദ്രവിലാസം റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന് പറയുന്നതായിരിക്കും നല്ലത്. 9480 ജീവനക്കാരെ പിരിച്ചുവിട്ടിട്ടും പുതിയ ബസ്സുകൾ നിരത്തിലിറക്കാതെയും 6 ഗഡു ഡി.എ. കുടിശ്ശിക മുടക്കിയിട്ടും ശമ്പള പരിഷ്കരണം നൽകാതിരുന്നിട്ടും എങ്ങനെയാണ് 2130 കോടി രൂപ കടമായിരുന്നത് 4320 കോടി രൂപയായി മാറിയതെന്ന് അങ്ങ് വിശദീകരിക്കണം. 12,000 വെടിയുണ്ടകളെ 3000 വെടിയുണ്ടകളാക്കി മാറ്റിയ മഹാന്മാരായ ഉദ്യോഗസ്ഥൻമാർ തലപ്പത്ത് ഇരുന്നിട്ടും ഇതിന്റെ കടം കുറയ്ക്കാൻ യാതൊരു നടപടിയും ഉണ്ടായിരുന്നില്ലെന്നത് അങ്ങ് പ്രത്യേകമായി ഓർക്കണം. ഞങ്ങളുടെ കാലത്ത് 2757 പുതിയ ബസ്സുകളിറക്കി, നിങ്ങൾ ഒന്നാമത്തെ ബഡ്ജറ്റിൽ 300 സി.എൻ.ജി. ബസ്സുകളും രണ്ടാമത്തെ ബഡ്ജറ്റിൽ 1000 ബസ്സുകൾ കിഫ്ബി പദ്ധതി വഴിയും ഇറക്കുമെന്ന് പറഞ്ഞു. അതുപോലെ മുഖ്യമന്ത്രി 1500 ഇലക്ട്രിക് ബസ്സുകളിറക്കുമെന്ന് പറഞ്ഞു. ഒന്നും കണ്ടില്ല, ഒരു ബസ്സും കണ്ടില്ല. ഇതിൽ മന്ത്രിയെ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല, മുന്നണിയുടെ ഒരു നയം കൂടിയുണ്ടാകണം. കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തണമെങ്കിൽ അതിനെ സർക്കാർ ഏറ്റെടുക്കണം. സർക്കാർ ഡിപ്പാർട്ടുമെന്റാക്കി മാറ്റാതെ ഇനി രക്ഷയില്ലെന്നുള്ള അവസ്ഥയിലാണ് എത്തിയിരിക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. അമിത്ഷാ പാർലമെന്റിൽ നടത്തിയ പ്രസംഗത്തെപ്പോലെയാണ് തോന്നിയത്. ഇന്ന് ഡൽഹിയിൽ നടക്കുന്ന കലാപത്തെ ന്യായീകരിച്ചുകൊണ്ട് ശ്രീ. അമിത്ഷാ പറഞ്ഞത്, സിഖ് കലാപത്തെക്കുറിച്ചാണ്. സിഖ് കലാപം മാത്രമല്ല, നിരവധി കലാപങ്ങളുടെ കണക്കുകൾ അദ്ദേഹം പറയുന്നു. ബി.ജെ.പി.-ക്കാർപോലും ഓർക്കാത്ത കണക്കുകൾ അവരെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പറയുന്നത്. ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ക്വാട്ട് ചെയ്യുന്നത് ശ്രീ. പിണറായി വിജയന്റെ പ്രസ്താവനകളെയാണ്. ശ്രീ. യോഗി ആദിത്യനാഥിന്റെ പ്രസ്താവനകളെപ്പോലും അദ്ദേഹം ക്വാട്ട് ചെയ്യുന്നില്ല. ശ്രീ. പിണറായി വിജയനെ ക്വാട്ട് ചെയ്തുകൊണ്ട് ശ്രീ. നരേന്ദ്ര മോദി പറയുന്നു. മുണ്ടുടുത്ത മോദിയാണ് പിണറായി വിജയൻ എന്നൊരു വലിയ ആക്ഷേപമുണ്ട്, എനിക്ക് ആ അഭിപ്രായമില്ല. യഥാർത്ഥത്തിൽ ശ്രീ. പിണറായി വിജയനിൽനിന്നാണ് പല കാര്യങ്ങളും ശ്രീ. നരേന്ദ്ര മോദി പഠിക്കുന്നത്. അതുകൊണ്ട് കുർത്തയിട്ട പിണറായി വിജയനാണ് ശ്രീ. നരേന്ദ്ര മോദിയെന്ന് പറയാൻ ആഗ്രഹിക്കുകയാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>മി. സ്പീക്കർ</u>: .....ഓർഡർ....ഓർഡർ..... ചട്ടം 288 അനുസരിച്ച് വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിക്ക് അവസരം നൽകുന്നു.

# VII വ്യക്തിപരമായ വിശദീകരണം

## പത്രവാർത്ത സംബന്ധിച്ച്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇന്നലെ ബഹുമാനപ്പെട്ട അരൂർ എം.എൽ.എ. അവരുടെ പ്രസംഗത്തിനിടയിൽ എന്റെ പേര് പരാമർശിച്ചുകൊണ്ട് ഒരു പത്രത്തിൽ വന്ന വാർത്തയെ ആസ്പദമാക്കി സ്ത്രീത്വത്തെ അപമാനിച്ചുവെന്ന മട്ടിൽ സംസാരിക്കുകയുണ്ടായി. ഞാനത് ഇവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞതുപോലെ നവാഗതയായ നമ്മുടെ സഹോദരി തന്റെ പ്രസംഗത്തിന് കൊഴുപ്പുകൂട്ടാൻ നടത്തിയ ഒരു പരാമർശമായിട്ട് മാത്രമേ ഞാൻ അതിനെ കണ്ടുള്ളൂ. നഗരത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന ശ്രീദേവി എന്ന വനിതയുടെ കുഞ്ഞ് മണ്ണ് തിന്നുവെന്ന വാർത്ത നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. അത്തരമൊരു വിവാദ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭയുടെ അങ്കണത്തിൽ നടന്ന ഒരു ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു ഞാൻ. ആ യോഗ സ്ഥലത്ത് എല്ലാ മാധ്യമങ്ങളും ഉണ്ടായിരുന്നു. കാരണം അത് നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല രാജ്യത്ത് തന്നെ വലിയ ചർച്ചാവിഷയമായിട്ടുള്ള കാര്യമായിരുന്നു. ഞാൻ അവിടെ ചെല്ലുമ്പോൾ ശ്രീദേവിയും അവരുടെ 8 വയസ്സ് മുതൽ 6 മാസം വരെ പ്രായമുള്ള ആറു കുഞ്ഞുങ്ങളുമുണ്ടായിരുന്നു. ശ്രീദേവിയും കുഞ്ഞുങ്ങളും പട്ടിണി കിടന്ന് മരിക്കാതിരിക്കാൻ കാരണക്കാരായ അവിടെയുള്ള ചില പൊതുപ്രവർത്തകരും ആ സമ്മേളന സ്ഥലത്തുണ്ടായിരുന്നു. മണ്ണുതിന്നുവെന്ന വാർത്ത അറിഞ്ഞ മാത്രയിൽത്തന്നെ നഗരസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ മേയർ സ്ഥലത്തുപോയി വാർത്തയുടെ ഉള്ളടക്കത്തെ സംബന്ധിച്ച് മനസ്സിലാക്കാനുള്ള ശ്രമം നടത്തുകയും അദ്ദേഹത്തിന് കാര്യങ്ങൾ മനസ്സിലാകുകയും ചെയ്തു. ഇവർ താമസിക്കുന്ന വീട് നല്ലതായിരുന്നില്ല, പരിതാപകരമായ അന്തരീക്ഷത്തിലാണ് കഴിയുന്നതെന്ന് മനസ്സിലാക്കി അവർക്ക് വീട് നിർമ്മിച്ചുനൽകാനുള്ള തീരുമാനവും ജോലി നൽകുന്നത് സംബന്ധിച്ചും അദ്ദേഹം അവിടെ വച്ചുതന്നെ പറഞ്ഞു. നിർഭാഗ്യവശാൽ ശ്രീദേവിയുടെ ഭർത്താവ് ഒരു മുഴുക്കുടിയനായിരുന്നു. അയാൾ കുട്ടികളെ നോക്കുകയോ ആഹാരം കൊടുക്കുകയോ ചെയ്തിരുന്നില്ല. ആ കുട്ടികളെല്ലാം ജീവനോടെയെങ്കിലും കഴിയാൻ കാരണം അവിടെയുള്ള പൊതുപ്രവർത്തകരായിരുന്നു. ഒരു കുട്ടിയായപ്പോഴും രണ്ട് കുട്ടികളായപ്പോഴും സംരക്ഷിച്ചു. മൂന്നും നാലും അഞ്ചും കുട്ടികളായി, ആറ് കുട്ടികളായപ്പോഴും സംരക്ഷിക്കുന്ന പൊതുപ്രവർത്തകർക്ക് ഒരു ആശയം തോന്നി. ഇവരുടെ രണ്ടോ മൂന്നോ കുട്ടികളെ ശിശുക്ഷേമ സമിതിയിൽ ഏൽപ്പിക്കാൻ കഴിഞ്ഞാൽ അവരുടെ

ഭാരം കുറച്ച് കുറയുമല്ലോ എന്നുകരുതി അവർ ശിശുക്ഷേമസമിതിയുടെ അന്നത്തെ സെക്രട്ടറിയായ ശ്രീ. ദീപക്കിനോട് ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു. ഉടൻതന്നെ ദീപക് സാമൂഹ്യക്ഷേമ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥരോട് ഇതുസംബന്ധിച്ച വസ്തുതകൾ അന്വേഷിക്കാൻ പറഞ്ഞു. അവർ പോയപ്പോൾ പരിസരത്ത് പൊതുപ്രവർത്തകരായ ആളുകളുമുണ്ടായിരുന്നു. അവരാണ് വീട് കൊണ്ടുപോയി കാണിച്ചത്. ശിശുക്ഷേമ സമിതി ഈ ആറുകുട്ടികളിൽ നാലുപേരെ ഏറ്റെടുക്കണമെന്നുണ്ടെങ്കിൽ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും തീവ്രത സമിതിക്ക് നന്നായി ബോദ്ധ്യപ്പെട്ടിരിക്കുമല്ലോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിൽത്തന്നെ വ്യത്യസ്ത അഭിപ്രായമുണ്ട്. അങ്ങയുടെ പേഴ്സണൽ എക്സ്പ്ലനേഷനാണ് പറയേണ്ടത്. അതുമാത്രം പറഞ്ഞാൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് പറഞ്ഞോ എന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെ ഒറ്റയടിക്ക് പറഞ്ഞാൽ മതിയോ, ഞാനങ്ങനെ പറഞ്ഞില്ല എന്നുമാത്രം പറഞ്ഞാൽ മതിയോ. ഞാൻ അവിടെ നടന്ന സംഭവത്തിന്റെ വസ്തുതയാണ് പറയുന്നത്. ആ സംഭവത്തെ ആസ്പദമാക്കിയാണ് പറഞ്ഞത്. ഞാൻ പറയുന്നതിൽ നിങ്ങൾക്ക് വിഷമമുണ്ടെങ്കിൽ പറയുന്നില്ല. നിങ്ങൾ പറയുന്നതുപോലെ പറയണമെങ്കിൽ നിങ്ങൾ എനിക്കത് പറഞ്ഞുതന്നാൽ മതി.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങയെപ്പറ്റി പറഞ്ഞത് ശരിയാണോ, അല്ലയോ എന്നുമാത്രം പറഞ്ഞാൽ മതി.

മി. സ്പീക്കർ: അങ്ങ് പറയൂ...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശരിയല്ലെന്നുതന്നെയാണ് ഞാൻ പറയുന്നത്. ഞാൻ ഇന്നലെ പറയാതിരുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്ന സന്ദർഭമായതുകൊണ്ടാണ്. മാത്രമല്ല, അങ്ങനെ പറഞ്ഞത് നവാഗതയായിട്ടുള്ള ഒരു വനിതയാണ്, അവരുടെ പ്രസംഗത്തെ ഒന്ന് കൊഴുപ്പിക്കാൻ നോക്കിയതാണ്. ആ ചടങ്ങിൽ ധാരാളം പത്ര പ്രവർത്തകരുണ്ടായിരുന്നു, ധാരാളം മാധ്യമങ്ങളുമുണ്ടായിരുന്നു. ഒരു സ്ത്രീത്വത്തെയും അപമാനിക്കുന്ന തരത്തിൽ ഞാൻ പറഞ്ഞിട്ടില്ല. ഞാനിവിടെ പറഞ്ഞത്

വസ്തുതകളാണ്. പട്ടിണിയും ദാരിദ്ര്യവും വിഷമവുമൊക്കെ അനുഭവിക്കുന്ന ഒരു കുടുംബം, കള്ളുകുടിയനായ ഭർത്താവ്. ഈ സാഹചര്യത്തിൽ അവരെ സംരക്ഷിച്ചുവന്നിരുന്ന പൊതുപ്രവർത്തകർ ഒരു കത്തെഴുതി കൊടുത്തപ്പോൾ പട്ടിണിയുടെ തീവ്രത ശിശുക്ഷേമ സമിതിക്ക് മനസ്സിലായിക്കോട്ടെ എന്ന് വിചാരിച്ചതാണ്. പട്ടിണികൊണ്ട് മണ്ണുതിന്നുന്ന അവസ്ഥവരെയെത്തി എന്നു പറഞ്ഞുവെന്നുള്ള കാര്യമൊക്കെയാണ് ഞാനവിടെ സംസാരിച്ചത്. അതെല്ലാം അവർ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അവർക്കാർക്കും ഞാൻ സ്ത്രീത്വത്തെ അപമാനിച്ചുവെന്ന് തോന്നിയില്ല. കള്ളുകുടിയനായ ഭർത്താവ് ഒരു കുടുംബത്തെ ദ്രോഹിക്കുന്ന കാര്യം ഞാനവിടെ പറയുകയായിരുന്നു, അതൊന്നും സ്ത്രീത്വത്തെ അപമാനിക്കുന്നതല്ല പെങ്ങളേ. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ശ്രീദേവിക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടാകില്ല, ആർക്കും അങ്ങനെയൊരു അഭിപ്രായമുണ്ടാകില്ല. ഏതെങ്കിലും ഒരു പത്രത്തിൽ രണ്ടുവരി വന്ന കാര്യമെടുത്ത്, അത് ഇന്നലെ പറഞ്ഞുവെന്ന് മാത്രമല്ല, അപ്പോൾ ഞാൻ മിണ്ടിയില്ല, എന്നാൽ ഇന്നും അത് ആവർത്തിച്ച് പറഞ്ഞത് ശരിയല്ല. ഞാൻ അങ്ങനെ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള ഒരു പ്രസ്താവനയും എവിടെയും നടത്തിയിട്ടില്ല.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: സർ,...

<u>മി. സ്പീക്കർ</u>: ഇല്ല, വ്യക്തിപരമായ വിശദീകരണത്തിനുമുകളിൽ വീണ്ടും വേറെ വിശദീകരണമില്ല. ഇരിക്കൂ...

**(ധനകാര്യം ...തുടർച്ച)**

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും, അവർ നൽകിയ നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും ഒരുപോലെ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഗതാഗത മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇവിടെ വന്നിട്ടുള്ളത്. ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നത് നമ്മുടെ ഗതാഗത മേഖലയെ ആധുനിക കാലഘട്ടവുമായി സമരസപ്പെടുത്തിക്കൊണ്ട് മികച്ച സേവനം ജനങ്ങൾക്ക് നൽകുക എന്ന കാഴ്ചപ്പാടാണ്. അത് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ മാത്രം കണ്ടുകൊണ്ടാകരുതെന്ന നിലപാട് ദയവായി എല്ലാവരും സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് മൂന്നരക്കോടിയോളം ജനങ്ങളാണുള്ളത്. ഒന്നേമുക്കാൽ കോടി വാഹനങ്ങളാണ് നമ്മുടെ സംസ്ഥാനത്തിനകത്തു മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ളത്. വാഹനപ്പെരുപ്പം കൊണ്ട് വീർപ്പുമുട്ടുന്ന ഈ സംസ്ഥാനത്ത്, നിയമം അനുസരിക്കാൻ തയ്യാറല്ല എന്ന തരത്തിൽ ജനങ്ങളും പൊതുസമൂഹവും പെരുമാറുന്നതിന്റെ ഭാഗമായി പല

വിധത്തിലുള്ള അപകടങ്ങളും അപകടമരണങ്ങളുമാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും ഒടുവിലത്തേതാണ് നമ്മുടെ സംസ്ഥാനത്തിനകത്തല്ലെങ്കിലും, അവിനാശിയിൽ വച്ചുണ്ടായ അപകടം. അതുകൊണ്ട് ആധുനികവത്കരണത്തിലൂടെ ഈ പ്രശ്നങ്ങൾക്ക് എങ്ങനെയാണ് പരിഹാരം കാണാൻ കഴിയുക എന്നത് മുൻകൂട്ടി കണ്ടുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുണ്ടായിരുന്നത്. ആ ബഡ്ജറ്റ് നിർദ്ദേശങ്ങളെക്കുറിച്ച് ആരും പറഞ്ഞില്ല എന്നത് ഖേദകരമാണെന്നുമാത്രമേ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. നമുക്കുവേണ്ടത്, സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുകയാണ്. അതിനായി ആദ്യമായി ചെയ്യേണ്ടത്, നമുക്ക് ഏറ്റവും കൂടുതലുള്ള പൊതുസർവ്വീസുകളായ സ്വകാര്യ-കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളെല്ലാം ഒരു ക്ലസ്റ്ററിന്റെ കീഴിൽ കൊണ്ടുവന്ന് പാസഞ്ചർ ഇൻഫർമേഷൻ സംവിധാനം ഏർപ്പെടുത്തി, സ്മാർട്ട് സേവനങ്ങൾ മോട്ടോർ വാഹന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുക എന്നതാണ്. റോഡ് സുരക്ഷാ നടപടികൾ സ്വീകരിക്കേണ്ടതും അതിനോടൊപ്പംതന്നെ ചെയ്യേണ്ടതാണ്. ഇവിടെ പ്രശംസിച്ചുകൊണ്ട് സംസാരിച്ചത് ശ്രീ. പി. സി. ജോർജ് ആണെന്നുതോന്നുന്നു, നമുക്ക് മാതൃകയായി കാണാൻ കഴിഞ്ഞത് നേരത്തേ ആരംഭിച്ച 'സേഫ് ശബരിമല' പദ്ധതിയാണ്. ആ പദ്ധതി നടപ്പിലാക്കിയതോടുകൂടി ഓരോ വർഷത്തെയും അപകടങ്ങളുടെ എണ്ണവും അപകടമരണങ്ങളുടെ എണ്ണവും നമുക്ക് കുറയ്ക്കാൻ കഴിഞ്ഞു. ഈ പ്രാവശ്യം ഒരു അപകടമരണംപോലും അവിടെ ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത ആ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും ശ്ലാഘിക്കാൻ പറ്റിയ വിധത്തിലുള്ള ഒരു മികച്ച നേട്ടമാണ്. ഇതിന്റെകൂടി അടിസ്ഥാനത്തിലാണ് 'സേവ് കേരള' പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. അതിന് നേരിയ തോതിലുള്ള ഫലം മാത്രമേ കണ്ടുതുടങ്ങിയിട്ടുള്ളൂ. കാരണം പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിച്ചിട്ടില്ല. കഴിഞ്ഞ കൊല്ലം പ്രഖ്യാപനം നടന്നു എന്നുപറഞ്ഞത് ശരിയാണ്. ഇതിനായി റിക്രൂട്ട്മെന്റ് നടത്തണം; അവർക്ക് ട്രെയിനിംഗ് കൊടുക്കണം; പോലീസ് ട്രെയിനിംഗ് അക്കാഡമിയിൽ വച്ച് ബാച്ചുകളായാണ് അവർക്ക് ട്രെയിനിംഗ് കൊടുത്തത്. അവസാന ബാച്ചിന്റെ പരിശീലനം പൂർത്തിയായത് മൂന്ന് മാസം മുമ്പാണ്. മറ്റു നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ സംവിധാനം ഫലപ്രദമാകുകയും നമുക്ക് മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുകയും ചെയ്യുമെന്നാണ് കരുതുന്നത്. അതിന്റെ ഭാഗമായി ഇപ്പോഴും നേരിടുന്ന പ്രശ്നം നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വാഹന ഉടമകൾ മടി കാണിക്കുന്നുവെന്നതാണ്.

വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും ജി.പി.എസ്. ഘടിപ്പിക്കുന്നതിന് സമയപരിധി

നീട്ടിത്തരണമെന്നുള്ള ആവശ്യമാണ് സംഘടനകളുടെ നേതൃത്വത്തിൽപോലും വന്നുകൊണ്ടിരിക്കുന്നത്. ഇത്തരം ആവശ്യങ്ങളുമായി സമീപിക്കുന്ന സംഘടനകളുടെ ഭാരവാഹികളിൽ പലരും രാഷ്ട്രീയനേതാക്കൾ ആണെന്നുള്ളത് നമുക്കെല്ലാപേർക്കുമറിയാം. സംഘടനകളെന്ന രൂപത്തിൽ വരുമ്പോൾ നിരുത്സാഹപ്പെടുത്തുന്നൊരു നിലപാട് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം കാണിക്കണമെന്നാണ് പറയാനുള്ളത്. എങ്കിൽ നമുക്ക് എല്ലാ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിക്കുന്ന സംവിധാനം ഉണ്ടാക്കാൻ കഴിയും. "അപകടത്തിൽപ്പെട്ട രണ്ട് വാഹനങ്ങളിലും ഈ സംവിധാനങ്ങൾ ഉണ്ടായിരുന്നോ; അത് പരിശോധിച്ചിട്ടില്ല, പത്രങ്ങളിൽ വാർത്തകളൊന്നും വന്നില്ല" എന്ന് ബഹുമാന്യനായ മാത്യു ടി. തോമസ് ഇവിടെ പറഞ്ഞത് ശരിയാണ്. അപകടത്തിൽപ്പെട്ട ലോറിയിൽ സ്പീഡ് ബ്രേക്കർ, ജി.പി.എസ്. എന്നിവ ഘടിപ്പിച്ചിട്ടുണ്ടായിരുന്നു. അത് ഉള്ളതുകൊണ്ടാണ് ഈ വാഹനം എവിടെനിന്ന് പുറപ്പെട്ടു, എത്രമണിക്ക് പുറപ്പെട്ടു, എത്രമണിക്കാണ് അപകടസ്ഥലത്ത് എത്തിയത്; എത്ര സ്ഥലങ്ങളിൽ വാഹനം നിർത്തി വിശ്രമിച്ചിട്ടുണ്ട് എന്നു തുടങ്ങിയ കാര്യങ്ങളൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞത്. കെ.എസ്.ആർ.ടി.സി. ബസ്സിൽ ഡ്രൈവർമാർ രണ്ട് പേരാണ്. ഡ്രൈവർ-കം-കണ്ടക്ടർ എന്ന സംവിധാനമാണ് അവിടെയുണ്ടായിരുന്നത്. വാഹനങ്ങളിൽ കർശനമായി ജി.പി.എസ്. ഘടിപ്പിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിന് ഇനിയൊരു ഇളവ് കൊടുക്കുകയില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന് എല്ലാപേരും സഹകരിക്കണം. അതുപോലെതന്നെ ആർ.ടി. ഓഫീസുകൾ കേന്ദ്രീകരിച്ചാണ് പല പ്രവർത്തനങ്ങളും നടക്കുന്നത്. അതുസംബന്ധിച്ച് പല അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിട്ടുള്ളതിന്റെ ഫലമായി ജനങ്ങൾക്കായുള്ള സേവനം മെച്ചപ്പെടുത്തണം. അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളും എന്നതിനെ ആക്ഷേപങ്ങളെന്നോ ആരോപണങ്ങളെന്നോ ഞാൻ പറയുന്നില്ല. ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളെല്ലാം ഇനി ഓൺലൈനായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ചുതന്നിട്ടുണ്ട്. അങ്ങനെ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിയും. ഇ-വെഹിക്കിൾ പോളിസി എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിവിടെ ചൂണ്ടിക്കാണിച്ചു. ചെലവ് കുറഞ്ഞ ഇന്ധനമെന്ന നിലയിലാണ് ഇ-വെഹിക്കിൾ പോളിസിയിലേയ്ക്ക് സർക്കാർ പോയത്. രണ്ടാമത്, സാധാരണ ഇന്ധനങ്ങൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണത്തിന്റെ തോതുമായി താരതമ്യം ചെയ്യുമ്പോൾ സീറോ മലിനീകരണമാണ് ഇലക്ട്രിക് വാഹനങ്ങളിലൂടെ ഉണ്ടാകാൻ പോകുന്നത്. ആ ഒരു പോളിസി അംഗീകരിക്കുമ്പോൾ അടുത്ത ദിവസം രാവിലെ മുതൽ കേരളത്തിലെ

എല്ലാ നിരത്തുകളിലും ഇലക്ട്രിക് വാഹനങ്ങൾ ഓടുമെന്ന് പറയാൻ കഴിയില്ല. ഇതിന് മുന്നോടിയായി നിരവധി തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ മിതമായ വിലയ്ക്കും ന്യായമായ വിലയ്ക്കും ലഭ്യമാകേണ്ടതുണ്ട്. മോട്ടോർ നിർമ്മാണ കമ്പനികൾ ആ രംഗത്തേയ്ക്ക് വരേണ്ടതുണ്ട്. അതുപോലെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം. അങ്ങനെ പല സൗകര്യങ്ങളും ആരംഭിച്ചുവരുന്ന മുറയ്ക്ക് മാത്രമേ ഇത് പടിപടിയായി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കെ.എസ്.ഇ.ബി.എൽ. ഇതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇതിനായി നികുതി നിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സംസാരിച്ചപ്പോൾ നികുതി വർദ്ധിപ്പിച്ചുവെന്ന് പറയാൻ ഇടയായി. നികുതി വർദ്ധിപ്പിച്ചപ്പോൾ തന്നെ ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ആദ്യത്തെ 5 വർഷത്തെ നികുതി പൂർണ്ണമായും ഒഴിവാക്കാനുള്ള നിർദ്ദേശമാണ് ബഡ്ജറ്റിലുള്ളത്. ആതുപോലെതന്നെ 20 ടൺ രജിസ്റ്റേർഡ് ലെയ്ഡൻ വെയിറ്റിൽ കൂടുതലുള്ള ചരക്കുവാഹനങ്ങളുടെ നികുതിയിൽ 25 ശതമാനം കുറവുവരുത്തിയിട്ടുണ്ട്. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി സ്റ്റേജ് കാര്യേജുകളുടെ നികുതിയിൽ 10 ശതമാനം കുറവുവരുത്തിയിട്ടുണ്ട്. പൊതു ഗതാഗതമേഖല പ്രോത്സാഹിപ്പിക്കുക, കൂടുതൽ ആകർഷകമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇതോടൊപ്പം തന്നെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ദീർഘിപ്പിക്കാനുള്ള നിർദ്ദേശവും ബഡ്ജറ്റിലുണ്ട്. ഇതൊക്കെ സ്വാഗതം ചെയ്യേണ്ടതായിരുന്നു. പക്ഷേ ആരും ആ നിലയിലേയ്ക്ക് ചർച്ചകൾ കൊണ്ടുപോയില്ല എന്നതിൽ എനിക്ക് നിരാശയുണ്ട്. അതുപോലെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് മഞ്ചേശ്വരം എം.എൽ.എ.-യ്ക്ക് വേണ്ടി സംസാരിച്ചപ്പോൾ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ആർ.ടി. ഓഫീസിന്റെ കാര്യം വിട്ടുപോയി എന്നുപറഞ്ഞു. സർക്കാരിന്റെ നയം ആർ.ടി. ഓഫീസുകളില്ലാത്ത എല്ലാ താലൂക്കുകളിലും ആർ.ടി. ഓഫീസുകൾ സ്ഥാപിക്കുക എന്നതാണ്. അക്കാര്യം ബഹുമാന്യനായ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുമുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും. ബാക്കിയുള്ള എല്ലാ സ്ഥലത്തും ആർ.ടി. ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. സേഫ് കേരളാ പദ്ധതി തുടങ്ങിയപ്പോൾ അപകടങ്ങളുടെ എണ്ണത്തിൽ നേരിയ ആശ്വാസം ഉണ്ടായെന്ന് പറഞ്ഞിരുന്നു. പക്ഷെ അത് അഭിമാനിക്കാൻ കഴിയുന്ന ഒന്നല്ല. 2019-ഡിസംബർ മാസത്തെ മരണസംഖ്യ 360 ആയിരുന്നത് അതേ മാസം കഴിഞ്ഞ വർഷം 436 അയിരുന്നു. 2020 ജനുവരി മാസം മരണസംഖ്യ 387 ആയിക്കുറഞ്ഞപ്പോൾ അതിന്റെ മുമ്പത്തെ വർഷം 450 ആയിരുന്നു. എണ്ണം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അതൊന്നും പ്രത്യക്ഷത്തിലുള്ള വലിയ നേട്ടമല്ല. നമ്മുടെ

ശ്രമങ്ങൾക്ക് ഫലം കണ്ടു തുടങ്ങിയിട്ടുണ്ട് എന്നുള്ളതിന്റെ ലക്ഷണമായി എടുത്താൽ മതി. സംസ്ഥാനം പുതിയൊരു മാതൃക പരീക്ഷിക്കുകയാണ്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഷാർജ രാജാവുമായി ചർച്ചകൾ നടത്തിയപ്പോൾ നമ്മുടെ നാട്ടിലെ ഡ്രൈവർമാർക്ക് ഷാർജയിൽ ജോലിസാധ്യതയുമായി ബന്ധപ്പെട്ട് പുതിയ ധാരണയിൽ എത്തിച്ചേരുകയുണ്ടായി. കേരളത്തിൽ ഡ്രൈവിംഗ് പരിശീലനം നൽകാനും മറ്റും അനുയോജ്യമായ സ്ഥലം ഷാർജ ഭരണാധികാരികൾക്ക് ലഭ്യമാക്കുമെങ്കിൽ ആ രാജ്യത്ത് ഉപയോഗിക്കുന്ന തരത്തിലുള്ള ലൈസൻസ് ഇവിടെയുള്ളവർക്ക് ലഭിക്കുന്നതിനുള്ള പരിശീലനം നൽകാമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് വാഗ്ദാനം കൊടുത്തിട്ടുണ്ട്. അതിനുള്ള നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാന ബഡ്ജറ്റിൽ ഇതിനുവേണ്ടി പണം അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തു. എടപ്പാളിൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുമായി ബന്ധപ്പെട്ട് പരിശീലനം നടത്താനും അതിന്റെ ടെസ്റ്റിംഗ് നടത്താൻ മലപ്പുറം ജില്ലയിലെ വേങ്ങരയ്ക്ക് അടുത്തുള്ള കിൻഫ്രയുടെ സ്ഥലം ഉപയോഗിക്കാമെന്നും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഗൾഫിൽ പോയി വലിയ തുക ചെലവഴിച്ച് ഡ്രൈവിംഗ് പഠിച്ച് ലൈസൻസ് എടുക്കുന്ന പാവപ്പെട്ട നമ്മുടെ നാട്ടിലെ ഡ്രൈവർമാർക്ക് സഹായകമാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ വേണ്ടവിധത്തിലുള്ള ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ട് ഇത് നന്നായി നടപ്പിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റൊന്ന്, കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി മൊബൈൽ കോർട്ടുകൾ പുനഃസ്ഥാപിക്കണമെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ കോടതിയുടെ അനുവാദം ആവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ഇതിനുള്ള അനുവാദം ലഭിക്കുമോ എന്ന് നോക്കാം. അതുമാത്രമേ ഇതുമായി ബന്ധപ്പെട്ട് പറയാൻ സാധിക്കുകയുള്ളൂ. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച എന്തോ രോഗമാണ് കെ.എസ്.ആർ.ടി.സി.-ക്ക് ബാധിച്ചത് എന്ന മട്ടിൽ മുൻമന്ത്രിമാർ ഉൾപ്പെടെയുള്ളവർ സംസാരിക്കുന്നത് ഖേദകരമാണ്. കെ.എസ്.ആർ.ടി.സി. ഇത്തരത്തിൽ എത്തിയതിന് ആരാണ് ഉത്തരവാദിയെന്നുള്ളതിന് ഒരന്വേഷണം നമുക്ക് നടത്തേണ്ടതുണ്ടോ; അങ്ങനെ ആരുടെയെങ്കിലും തലയിൽ കുറ്റം ചാരിവച്ച് കൈ കഴുകാൻ ആർക്കെങ്കിലും കഴിയുമോ; ഇപ്പോൾ അഭിമാനപൂർവ്വം നിങ്ങൾ പറഞ്ഞല്ലോ 4000 എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്ന്. അതിനെയാണ് ബഹുമാനപ്പെട്ട കോടതി പിൻവാതിൽ നിയമനമെന്ന് പറഞ്ഞത്. പി.എസ്.സി. മുഖാന്തിരം നിയമിക്കേണ്ട 2147 പേരുടെ അഡ്വൈസ് മെമ്മോ അയച്ച സമയത്താണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചത്. അങ്ങനെയുള്ള 4000 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ സ്ഥിരം

ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും അവർക്ക് കൊടുക്കേണ്ടിവന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2467 പേർക്കും നിയമനം കൊടുത്തു. അപ്പോൾ ഫലത്തിൽ 6427 ജീവനക്കാർ. ഇവർക്കെല്ലാപേർക്കും ആനുകൂല്യങ്ങൾ കൊടുക്കേണ്ടിവന്നു. കഴിഞ്ഞ വർഷം മുതൽ ശമ്പളം കൊടുക്കാനോ പെൻഷൻ കൊടുക്കാനോ കെ.എസ്.ആർ.ടി.സി. ഒരു ധനകാര്യ സ്ഥാപനത്തിൽനിന്നും കടമെടുക്കുന്നില്ല. ഇതാണ് കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ അവസ്ഥ. ഡിപ്പോകൾ പണയം വച്ചും സഹകരണബാങ്കിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ പണം കടമെടുത്തുമാണ് നേരത്തെ ജീവനക്കാർക്കുള്ള ശമ്പളവും പെൻഷനും കൊടുത്തുകൊണ്ടിരുന്നത്. സർക്കാരിന്റെ പുതിയ കാഴ്ചപ്പാടിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. കടമെടുക്കുന്നതിനുപകരം പെൻഷൻ കൊടുക്കാനുള്ള മുഴുവൻ സംഖ്യയും സഹകരണ ബാങ്കുമായി ഒരു കൺസോർഷ്യം രൂപീകരിച്ച് സർക്കാർ ഗ്യാരണ്ടി നിന്ന് സർക്കാർതന്നെ പണമടയ്ക്കുന്ന മെക്കാനിസമാണ് ഇപ്പോഴുള്ളത്. മാർച്ച് ആകാൻ പോകുന്നു. അടുത്ത മാസത്തെ പെൻഷൻ കിട്ടുമോ എന്ന ആശങ്ക ബഹുമാനപ്പെട്ട മെമ്പർമാർക്ക് വേണ്ട. പെൻഷൻ കൃത്യമായി കൊടുക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും സർക്കാർ ചെയ്യും. നാളെ ജീവനക്കാർക്ക് ശമ്പളം കിട്ടും, അതിനൊരു പ്രയാസവുമില്ല. അതിനർത്ഥം സാമ്പത്തികമായി വലിയ ഭദ്രതയിലാണെന്നല്ല. ജീവനക്കാർക്കും തൊഴിലാളികൾക്കും സർക്കാർ നൽകിയ വാഗ്ദാനം പാലിക്കുക എന്നുള്ള ദൃഢനിശ്ചയത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും ആ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ 2016-ൽ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 5141 ബസ്സുകളാണ് പ്രതിദിനം സർവ്വീസ് നടത്തിയിരുന്നത് എന്നു പറഞ്ഞു. ശരിയാണ്; ഞങ്ങളത് വെട്ടിക്കുറച്ചിട്ടുണ്ട്. 4757 ബസ്സുകളാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. 984 സർവ്വീസുകൾ വെട്ടിച്ചുരുക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതുപോലെ ഡീസലടിക്കാൻപോലും പണം ലഭിക്കാത്ത സർവ്വീസുകൾ നടത്തേണ്ടതുണ്ടോ ഇല്ലയോയെന്നും അതിനെ രക്ഷപ്പെടുത്തണമെങ്കിൽ കർശന നിലപാട് സ്വീകരിക്കണമെന്നും പറഞ്ഞു. അതിന്റെ ഭാഗമായി അത്തരം സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ട്. സർവ്വീസുകൾ വെട്ടിക്കുറച്ച പ്രദേശങ്ങളിൽ യാത്രാക്ലേശമുണ്ടായിട്ടുണ്ട്. സ്വാഭാവികമായും യാത്രാക്ലേശത്തിന്റെ നേരിട്ടുള്ള വിമർശനത്തിന് അതാത് സ്ഥലത്തെ ജനപ്രതിനിധികളാണ് ഇരയാകേണ്ടി വരികയെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. കുറച്ച് ക്ഷമിച്ചാൽ ഈ അന്തരീക്ഷത്തിന് മാറ്റമുണ്ടാക്കാൻ കഴിയും. ഇത്രയും ബസ്സുകൾ കുറഞ്ഞിട്ടും ശരാശരി 16 ലക്ഷം കിലോമീറ്റർ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ടെന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ ബസ്സുകൾ വെട്ടിക്കുറയ്ക്കുന്നതിനുമുമ്പ് 14.43 ലക്ഷം കിലോമീറ്റർ മാത്രമേ സർവ്വീസ്

നടത്തിയിട്ടുള്ളൂ. എന്നുപറഞ്ഞാൽ അനാവശ്യമായി, ചുരുങ്ങിയ റൂട്ടുകളിൽ ആളുകളെ തൃപ്തിപ്പെടുത്താൻ പല പ്രാദേശിക സമ്മർദ്ദങ്ങൾക്കും വഴങ്ങി ബസ്സുകൾ ഓടിക്കുന്നതുകൊണ്ട് നമുക്ക് പ്രയോജനമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇപ്പോൾ എല്ലാം ഭദ്രമാണെന്നാണല്ലോ പറഞ്ഞത്. എം.എൽ.എ.-മാരെ സംബന്ധിച്ച് ഏറ്റവും വലിയ ബുദ്ധിമുട്ട് കെ.എസ്.ആർ.ടി.സി.-യിലെ ബസ്സുകൾ പൂട്ടി ക്യാൻസൽ ചെയ്യുന്നതാണ്. ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസെന്നുള്ള നിലയിൽ എല്ലാ പ്രദേശങ്ങളിലും ഓടിക്കൊണ്ടിരുന്ന മിക്കവാറും ബസ്സുകൾ സർവ്വീസ് നിർത്തിയിരിക്കുകയാണ്. ഇനിയും സർവ്വീസ് നിർത്തുന്നതിനെപ്പറ്റിയാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങനെയാണെങ്കിൽ കെ.എസ്.ആർ.ടി.സി. തന്നെ നിർത്തുന്നതല്ലേ നല്ലത്? കാരണം ജനങ്ങൾക്കുവേണ്ടി ഓടിക്കേണ്ട സർവ്വീസുകൾ ഏതാണ്ട് 75% നിർത്തിയിരിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി. ഒരു രോഗിയാണെന്ന് എല്ലാവരും പറഞ്ഞല്ലോ. ആ രോഗത്തെ ചികിത്സിക്കണമെങ്കിൽ അതിനെ രക്ഷപ്പെടുത്തുന്നതിനുള്ള ശസ്ത്രക്രിയ നടത്തണം. ശസ്ത്രക്രിയ നടത്തുന്ന സമയത്ത് ഒരൽപ്പം പ്രയാസമുണ്ടാകും. 987 ബസ്സുകളുടെ സർവ്വീസുകളാണ് നിർത്തലാക്കിയത്. അതിന്റെ പ്രയാസമുണ്ടെന്നുള്ളത് ഞാൻ അഡ്മിറ്റ് ചെയ്തല്ലോ. അല്ലാതെ എല്ലാം ഭദ്രമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. ആ പ്രദേശത്ത് ഓടിക്കൊണ്ടിരുന്ന ബസ്സുകൾ നിർത്തുമ്പോൾ ഒരു ജനപ്രതിനിധി എന്ന നിലയിൽ പ്രയാസമുണ്ട്. പക്ഷേ കുറച്ചൊന്ന് സഹിച്ചാൽ, രോഗത്തിൽനിന്ന് മോചനം നേടിയാൽ നമുക്ക് നല്ല സർവ്വീസ് നടത്താൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസംകൊണ്ടാണ് ഞാനിത് പറയുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):സർ, ഈ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിലെ മൊത്തം യാത്രക്കാരുടെ എണ്ണത്തിൽ എന്താണ് സംഭവിച്ചത്; ബസ്സിന്റെ എണ്ണം കുറഞ്ഞതുപോലെ യാത്രക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അല്ല. അങ്ങനെയും അതിനെ വ്യാഖ്യാനിക്കാം. അന്ന് 25 ലക്ഷം യാത്രക്കാരാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 29 ലക്ഷം യാത്രക്കാരാണ്. അതാണ് ആ വ്യത്യാസം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ബസ്സുകളുടെ എണ്ണം കുറഞ്ഞപ്പോൾ യാത്രക്കാരുടെ എണ്ണം കുറഞ്ഞിട്ടില്ല; കിലോമീറ്റർ കുറയുകയാണ് ചെയ്തിട്ടുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കെ.എസ്.ആർ.ടി.സി.-യെ എങ്ങനെയെങ്കിലും നന്നാക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങ് വന്നപ്പോഴും അങ്ങേയ്ക്ക് മുമ്പ് ഇരുന്നയാൾ വന്നപ്പോഴും ഞങ്ങൾക്കൊരു പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ പ്രതീക്ഷ മങ്ങിപ്പോകുന്നതിലുള്ള മനഃപ്രയാസത്തിലാണ് ഈ ചോദ്യം. അങ്ങയെ ശപിക്കാനോ, ഇതു പോകട്ടെയെന്ന് പറയാനോ വേണ്ടിയല്ല. എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരും ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളുകളടക്കം എല്ലാവരും അവിടെ സമരത്തിലല്ലേ. ശ്രീ. ആനത്തലവട്ടം ആനന്ദൻ അവിടെ നടത്തിയ പ്രസംഗം എനിക്ക് ഇതുവരെ ഇവിടെ പറയാൻ തോന്നിയിട്ടില്ല. കാരണം, ഇത് നന്നാകട്ടെയെന്ന് കരുതിയാണ്. ശമ്പളം മാത്രമല്ല വണ്ടികളെല്ലാം പിൻവലിക്കുകയാണ്. ആളുകൾ വിഷമിക്കുകയാണ്. നാട്ടിൻപുറത്തെ ആളുകളുടെ ശാപം അങ്ങേയ്ക്ക് ഏൽക്കരുത്. അതാണ് നമ്മുടെ ആഗ്രഹം. ജീവനക്കാരാകെ വിഷമത്തിലാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങയെപ്പോലുള്ള നല്ല സുഹൃത്തുക്കൾ ഉള്ളിടത്തോളംകാലം എനിക്ക് ശാപമേൽക്കില്ല. എങ്ങനെയെങ്കിലും വരുമാനവും ചെലവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവന്ന് ഇനിയും കടമെടുക്കുന്ന അവസ്ഥയിൽനിന്നും ഇതിനെ മാറ്റാനാവശ്യമായ ശ്രമകരമായ ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. ഡിപ്പോകൾ പണയംവച്ചും കടമെടുത്തും ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്ന രീതിയിൽ മാറ്റം വന്നിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ഗവൺമെന്റ് തരുന്ന കാശും ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം കൊടുത്ത് തുടങ്ങിയിട്ടുണ്ട്. കടം വാങ്ങിയാണ് കൊടുക്കുന്നതെങ്കിൽ ഒന്നാം തീയതിതന്നെ ആനുകൂല്യങ്ങൾ കൊടുക്കാം. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ പത്ത് ഡിപ്പോകൾ മാത്രമേ പണയം വയ്ക്കാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. കടമെടുക്കാതെ ശമ്പളവും പെൻഷനും കൊടുക്കുന്നൊരവസ്ഥയിലേയ്ക്ക് മാറിയിട്ടുണ്ടെന്നത് നല്ല ലക്ഷണമായി കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുറച്ചുകൂടി സമയമെടുത്താൽ നമുക്ക് നല്ല നിലയിലെത്താം. മറ്റൊന്ന് ക്രൂ ചെയ്ഞ്ചുമായി ബന്ധപ്പെട്ട കാര്യമാണ്. കാസർഗോഡ്- മംഗലാപുരം റൂട്ടിൽ ആദ്യപടിയായി ഷെഡ്യൂൾ പുനഃക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ രണ്ടാഴ്ചയ്ക്കകം പൂർത്തിയാകും. മോട്ടോർ തൊഴിലാളി ആക്ട് അനുസരിച്ച് എട്ട് മണിക്കൂറിൽ കൂടുതൽ ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ പാടില്ല. അങ്ങനെ കൂടുതൽ സമയം ജോലി ചെയ്യുന്ന സർവ്വീസുകളെ പുനഃക്രമീകരിക്കേണ്ടിവരും. ക്രൂ ചെയ്ഞ്ച് സിസ്റ്റം നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. വളരെ വേദനാജനകമായ, അവിനാശിയിലുണ്ടായ അപകടത്തിന്റെ പശ്ചാത്തലത്തിലാണ് ആ തീരുമാനമെടുത്തത്. ഡ്രൈവർമാർക്ക്

വിശ്രമമില്ലാതെ വണ്ടി ഓടിക്കാൻ കഴിയുന്ന സാഹചര്യം കെ.എസ്.ആർ.ടി.സി. ബസ്സിൽ മാത്രമല്ല ട്രക്കുകാരിലുമുണ്ട്. അവർ നിർബന്ധപൂർവ്വം പീഡനം അനുഭവിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. ഒരുമാസം ഇരുപത് ദിവസം വണ്ടി ഓടിക്കേണ്ടിവരുന്നു. അതിനൊരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണർ, ലേബർ കമ്മീഷണർ, റോഡ് സേഫ്റ്റി അതോറിറ്റി ചെയർമാൻ എന്നിവർ ചേർന്ന ഒരു സബ് കമ്മിറ്റിയുണ്ടാക്കി മാർഗ്ഗരേഖയുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഡ്രൈവർ-കം-കണ്ടക്ടർ സിസ്റ്റം പുനരാരംഭിക്കുന്നതാണ് നല്ലത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അത് പരിശോധിക്കാം. അവിനാശിയിൽ അപകടത്തിൽപ്പെട്ട ബസ്സിൽ ഡ്രൈവർ-കം-കണ്ടക്ടർ സിസ്റ്റമായിരുന്നു ഉണ്ടായിരുന്നത്. പ്രസ്തുത സിസ്റ്റം ഇതിനോടകംതന്നെ പ്രവർത്തനമാരംഭിച്ച് തുടങ്ങിയിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. വാട്ടർ ട്രാൻസ്പോർട്ടിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുണമെങ്കിൽ...... കൊച്ചിപോലുള്ള സ്ഥലത്ത് കുറച്ച് പ്രയാസമനുഭവിക്കുന്നതായി മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത്യാധുനിക നിലവാരത്തിലുള്ള 12 സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ കൊച്ചിയെ പ്രത്യേകമായി പരിഗണിച്ച് അവിടെയുണ്ടാകുന്ന പ്രയാസത്തിന് പരിഹാരം കാണാൻ കഴിയും. നാല് വാട്ടർ ടാക്സികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ടിനെക്കുറിച്ച് നേരത്തേ പറഞ്ഞുകഴിഞ്ഞതാണ്. ഏതു മേഖലയിലായാലും കാര്യക്ഷമതയോടുകൂടി കാര്യങ്ങൾ മുമ്പോട്ടു പോകേണ്ടതുണ്ടെന്നതു തന്നെയാണ് ഗവൺമെന്റിന്റെ ധാരണ. ആയിരം കോടി രൂപ ചെലവിനത്തിലേയ്ക്ക് മാത്രമായി മുമ്പൊരുകാലത്തും ഒരു ഗവൺമെന്റും നൽകാത്തവിധത്തിലുള്ള സപ്പോർട്ടാണ് കെ.എസ്.ആർ.ടി.സി.ക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ബസ് വാങ്ങിക്കുന്ന കാര്യത്തിൽ ഇതിനകം ധാരണയായിട്ടുണ്ട്. അതിനുള്ള നടപടികൾ ഈയാഴ്ചതന്നെ ആരംഭിക്കുന്നതാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇവിടെ പൊതുവെ വന്ന ചർച്ചകൾ കുറേയധികം ക്രിയാത്മകമായിരുന്നു. ഒട്ടേറെ നിർദ്ദേശങ്ങൾ വന്നു. ചെറിയ ചെറിയ വിമർശനങ്ങളേ ഉണ്ടായിട്ടുള്ളൂ. അതിനെ ഞാൻ പോസിറ്റീവായിത്തന്നെ കാണുകയാണ്. ചിലത് അടിസ്ഥാന രഹിതവുമാണ്. വസ്തുതകളുടെ പിൻബലമില്ലാത്ത ചില വിമർശനങ്ങളും വന്നിട്ടുണ്ട്. കേരളത്തിന്റെ

മത്സ്യമേഖലയിലെ ആളോഹരി വരുമാനം എടുത്ത് നോക്കിയാൽ അവരുടെ ജീവിത നിലവാരം വളരെ പിന്നിലാണ്. കേരളത്തിലെ ഒരാളുടെ ആളോഹരി വരുമാനം 2,25,484 രൂപ ആണെങ്കിൽ ഒരു മത്സ്യത്തൊഴിലാളിയുടെ ആളോഹരി വരുമാനം 1,10,407 രൂപയാണ്. അത് അവർ ജോലി ചെയ്യാത്തതുകൊണ്ടല്ല. ആത്മാർത്ഥമായും ഒരു കളവുമില്ലാതെയും പണിയെടുക്കുന്ന ആത്മാഭിമാനമുള്ള ഈ തൊഴിലാളികളുടെ ആളോഹരി വരുമാനം പകുതിയിൽ താഴെയായി മാറുന്നത് അവർ അനുഭവിക്കുന്ന ചൂഷണത്തിന്റെ തോതുകൊണ്ടാണ്. സ്വന്തമായി വള്ളവും വലയും ഇല്ലാതിരിക്കുക, ഇടനിലക്കാർ വ്യാപകമായി ചൂഷണം ചെയ്യുക എന്നിങ്ങനെ ഹാർബർ തൊട്ട് മാർക്കറ്റ് വരെ നടക്കുന്ന ചൂഷണത്തിന്റെ ഫലമായിട്ടാണ് അവരുടെ വരുമാനത്തിൽ ഇത്രയും വലിയ ഇടിവ് നിലനിൽക്കുന്നത്. പ്രളയസമയത്ത് മുൻപിൻ നോക്കാതെ അവർ ഓടിയെത്തിയത് നമ്മൾ കണ്ടതാണ്. ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി പറഞ്ഞതുപോലെ രാജ്യത്തിന്റെ സൈന്യമായി ഉയർന്നത് അവരാണ്. അത്തരത്തിൽ ആത്മാർത്ഥതയുള്ള തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി അവരെ സുരക്ഷിതരായി നിലനിർത്താൻ എന്തുചെയ്യാൻ കഴിയും എന്നതിനാണ് ഈ ഗവൺമെന്റ് മുൻഗണന നൽകുന്നത്. എല്ലാംകൂടി 5 വർഷം കൊണ്ട് ചെയ്യാൻ കഴിയുമെന്നൊന്നും ഞാൻ കരുതുന്നില്ല, ഈ ഗവൺമെന്റും കരുതുന്നില്ല. പക്ഷെ സാധ്യമായതൊക്കെ ചെയ്യാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. കേരളത്തിന്റെ ഉൽപ്പാദന മേഖലയിൽ മത്സ്യമേഖലയുടെ പങ്ക് 2015-16 വരെ 10.45% ആയിരുന്നു. എന്നാൽ 2018-19-ൽ ഈ രംഗത്തിന്റെ ഉൽപ്പാദനമേഖല 14.75% ആയി വളർന്നു. ഞങ്ങൾ വളരെ ശക്തമായി വിവിധ മേഖലകളിൽ ഇടപെട്ടതിന്റെ ഫലമാണത്. കടലിൽനിന്നും ലഭ്യമാകുന്ന മത്സ്യസമ്പത്തിന്റെ അളവ് കുറഞ്ഞുവെന്ന് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. അതിന്റെ പ്രധാനപ്പെട്ട കാരണം അശാസ്ത്രീയമായ മത്സ്യബന്ധന രീതിയാണ്. ചെറുമത്സ്യങ്ങളെ പിടിച്ച് വളത്തിനായി കൊണ്ടുപോകുന്ന ട്രോളിംഗ് ബോട്ടുകളുടെ കാരുണ്യമില്ലാത്ത നിലപാടാണ് മത്സ്യസമ്പത്ത് നാശോന്മുഖമാക്കുന്നതിലേയ്ക്ക് എത്തിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് 58 മത്സ്യങ്ങളുടെ ചെറുവലിപ്പം നിശ്ചയിച്ചുകൊണ്ട് അതിന്റെ ട്രോളിംഗ് നിരോധിക്കണമെന്ന് പറഞ്ഞ് ശിപാർശ വന്നത്. പക്ഷെ ആ ഗവൺമെന്റ് അത് ചെയ്തില്ല. എന്നാൽ ഈ ഗവൺമെന്റ് മിനിമം ലീഗൽ സൈസ് അനുസരിച്ച് 58 ഇനം ചെറുമത്സ്യങ്ങളെ ചെറുവലിപ്പത്തിൽ പിടിക്കുന്നത് നിരോധിച്ച് ശിപാർശ നടപ്പിലാക്കി. ആ നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എം.എഫ്.ആർ. ആക്ട് അമെന്റ് ചെയ്തു. അതോടുകൂടി ചെറുമത്സ്യങ്ങളെ പിടിക്കുന്നത് കടുത്ത ശിക്ഷാർഹമായ കാര്യമായി മാറി. രണ്ടര ലക്ഷം രൂപ വരെ ശിക്ഷിച്ചു. അതുണ്ടാക്കിയ കോലാഹലമൊക്കെ വളരെ വലുതായിരുന്നു. പക്ഷെ ഈ ഗവൺമെന്റ് അടിയുറച്ച് നിന്നതുകൊണ്ട്...

പൂർണ്ണമായും നിയന്ത്രിച്ചു എന്ന് കരുതുന്നില്ല, എന്നാലും ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 4.88 ലക്ഷം മെട്രിക് ടൺ ആയിരുന്ന മത്സ്യസമ്പത്തിന്റെ അളവ് ഇപ്പോൾ കടൽ സമ്പത്ത് സംരക്ഷിക്കുന്നതിൽ കർശനമായ നിലപാട് എടുത്തതോടുകൂടി 6.48 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. അതുകൊണ്ട് മാത്രമായില്ല, മറ്റ് ഒട്ടേറെ കാര്യങ്ങളുണ്ട്. അതിലേയ്ക്ക് ഞങ്ങൾ പോകുന്നുണ്ട്. ഇപ്പോൾ കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ചില നടപടികൾ എടുക്കണമെന്ന് ഇവിടെ സൂചിപ്പിച്ചു. കടലിൽ പാര് നിശ്ചയിക്കൽ, കടലിൽതന്നെ കൂട് മത്സ്യകൃഷി എന്നിവ ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ഇവിടെ ശ്രീ. ജോൺ ഫെർണാണ്ടസ് അതിനെ തെറ്റായി ധരിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണ് കൂട് മത്സ്യകൃഷി എന്ന പദ്ധതി. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ഐ.ഒ.റ്റി.-(National Institute of Ocean Technology) യുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് അത്തരം നടപടികൾ സ്വീകരിക്കുന്നത്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിൽ ഫലപ്രദമായ ഇടപെടലാണ് ഞങ്ങൾ നടത്തുന്നത്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ നാശത്തെക്കുറിച്ച് കുറേയധികം കാര്യങ്ങൾ ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചു. വേമ്പനാട് കായലിലും അഷ്ടമുടി കായലിലും മറ്റ് കായലുകളിലുമെല്ലാം ഭയാനകമായ രീതിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനാൽ മത്സ്യസമ്പത്ത് നാശത്തിന്റെ വക്കിലാണ്. Kerala University of Fisheries and Ocean Studies (KUFOS) നടത്തിയ പഠനത്തിൽ വന്ന റിപ്പോർട്ട് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർ വേമ്പനാട് കായലിനെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 100 സ്റ്റേഷനായി തിരിച്ചതിൽ 26 എണ്ണത്തിന്റെ റിപ്പോർട്ട് കിട്ടിയപ്പോൾ തന്നെ നാലായിരത്തിലേറെ ലക്ഷം ടൺ മാലിന്യമാണ് ഈ കായലിൽതന്നെ സംഭരിക്കപ്പെട്ടിരിക്കുന്നത് എന്ന് കണ്ടെത്തിയത്. അതിൽ ഒരു സ്ക്വയർ കിലോമീറ്റർ എടുത്താൽത്തന്നെ 85 ടൺ വരെ പ്ലാസ്റ്റിക് അവിടെ നിക്ഷേപിച്ചിരിക്കുകയാണ്. അതുകൊണ്ട് നമ്മൾ ഇപ്പോൾ ചെയ്യാൻ പോകുന്നത് കായലുകൾ മാലിന്യരഹിതമാക്കുക എന്നതാണ്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിന് അത് അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് തോടുകളും ഇടതോടുകളുമൊക്കെ ഇപ്പോൾ പരിഗണനയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന വിപുലമായ യോഗത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്കും ചെളിയും അഴുക്കുകളും നീക്കം ചെയ്യുന്ന ഒരു മാസ്സീവ് കാമ്പയിനായി നമ്മൾ മുമ്പോട്ട് പോകേണ്ടതുണ്ട്. അതിനെക്കുറിച്ചും ഗവൺമെന്റ് കൂട്ടായി ആലോചിക്കുകയാണ്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ രക്ഷിക്കുക എന്നത് പ്രധാനപ്പെട്ട ഒരു അജണ്ടയായി മാറ്റുകയാണ്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ ജീവിതനിലവാരം

മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതിന് നിയമത്തിൽതന്നെ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഹാർബറിൽ നിന്ന് മാർക്കറ്റിലേയ്ക്ക് എന്ന ഒരു പുതിയ ആശയം നടപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ ഓക്ഷനിംഗ് എന്ന ഒരു ബിൽ തന്നെ ഞങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിച്ചു. അതിന് ഈ സഭാ സമ്മേളന കാലയവളിൽ അവസരം കിട്ടുമെന്നാണ് ഞാൻ കരുതുന്നത്. അതുകൂടി വന്നാൽ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന ഇടപെടലിലേയ്ക്ക് ഞങ്ങൾക്ക് പോകാൻ സാധിക്കും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഇവിടെ ഇപ്പോൾ പലരും സൂചിപ്പിച്ചത് മത്സ്യത്തൊഴിലാളികളുടെ വീടിന്റെ കാര്യമാണ്. 'ഞങ്ങൾ 19000 വീടുകൾ കൊടുത്തു' എന്ന് ഇവിടെ ശ്രീ. എം. വിൻസെന്റ് പറഞ്ഞു. പറഞ്ഞ് പറഞ്ഞ് വലുതാക്കേണ്ട. രണ്ട് ലക്ഷം രൂപയ്ക്ക് 12000-ൽ ചില്ല്വാനം വീടുകളാണ് അക്കാലത്ത് അനുവദിച്ചത്. അതിൽ 54000 വീടുകൾ പൂർത്തീകരിക്കാതെ കിടന്നതിൽ, ആ പട്ടികയിൽ എത്രത്തോളം കയറിയിട്ടുണ്ടെന്നുള്ളത് വേറെ കണക്ക് പരിശോധിക്കാം. ഞങ്ങൾ വന്നിട്ട് 2 ലക്ഷം രൂപ എന്നുള്ളത് 4 ലക്ഷം രൂപയായി ഉയർത്തി. രണ്ട് ലക്ഷം രൂപയ്ക്ക് വീട് പണിയാൻ കഴിയില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ആ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ടാണ് ഞങ്ങൾ 4 ലക്ഷം രൂപയായി അതിനെ ഉയർത്തിയത്. 3714 വീടുകളാണ് പൂർത്തീകരിച്ചത്. 5457 വീടുകൾ വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലിരിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ അത് 75,000 രൂപയായിരുന്നു. അത് ഞങ്ങളാണ് 2 ലക്ഷം രൂപയാക്കിയത്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അത് ഞാൻ സമ്മതിച്ചു. പക്ഷെ ആ 75,000 രൂപയുടെ പദ്ധതിയും തീർന്നിട്ടില്ല. 2001 മുതലുള്ളതാണ് ഞങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ആ 75,000-ത്തിന്റെയും രണ്ട് ലക്ഷത്തിന്റെയും പ്രവൃത്തികൾ തീർന്നില്ല എന്നുള്ളതുകൊണ്ടാണ് 2001 മുതൽ കൊടുത്ത വീടുകളുടെ കണക്ക് ഞങ്ങൾ എടുത്തത്. അത് പരിശോധിച്ചപ്പോൾ 54000 വീടുകൾ പൂർത്തീകരിക്കാതെ കിടക്കുന്നുവെന്ന് കണ്ടെത്തി. അതിൽ ഇപ്പോൾ അമ്പത്തിരണ്ടായിരമാണ് പൂർത്തീകരിച്ചത്. ഇനിയും ബാക്കി 2000 വീടുകളുണ്ട്. ഞങ്ങൾ കണക്ക് കണക്കായിതന്നെയാണ് പറയുന്നത്. ഈ ഗവൺമെന്റിന്റെ ലക്ഷ്യമെന്താണ്? വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് കൊടുക്കണം. പണി തീരാതെ കിടന്ന മുഴുവൻ വീടുകളെയും പൂർത്തിയാക്കി ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കണം. ഞങ്ങൾ വളരെ പ്രായോഗികമാണ്. നിങ്ങളുടെ കാലത്ത് കൊടുത്തില്ല എന്നൊന്നും

ഞാൻ പറഞ്ഞില്ലല്ലോ? കൊടുത്തിട്ടും പൂർത്തീകരിക്കാൻ കഴിയാത്തതിൽ ഒരു ഗവൺമെന്റ് ഇടപെട്ട് സാധാരണക്കാരന്റെ ജീവിത സ്വപ്നം സാക്ഷാത്കരിക്കാൻ എങ്ങനെയാണ് അവരുടെ ഭാഗമായി മാറുന്നത് എന്നതിന്റെ ലക്ഷണമായാണ് ഞങ്ങൾ ഇക്കാര്യം പറഞ്ഞത്. അതിനെ രാഷ്ട്രീയമായി പ്രതിരോധിച്ചിട്ട് കാര്യമൊന്നുമില്ല. വസ്തുത വസ്തുതയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 19000 വീടുകൾ എന്നുള്ളത് നിയമസഭയിൽ നൽകിയ മറുപടിയാണ്. എന്റെ ചോദ്യം അതല്ല, ലൈഫ് പദ്ധതിയിലേയ്ക്ക് ലയിപ്പിക്കുന്നതോടുകൂടി ഫിഷറീസിന്റെ ഹൗസിംഗ് സ്കീം ഇല്ലാതാകുകയാണ്. ലൈഫിന്റെ വീട് എന്നുപറയുന്നത് 75 ശതമാനവും പഞ്ചായത്തിന്റെ ഫണ്ടും ലോണുമാണ്. അപ്പോൾ ഫിഷറീസ് ഹൗസിംഗ് സ്കീമിനുവേണ്ടി കാലാകാലങ്ങളായി വകയിരുത്തുന്ന പണം എന്തുചെയ്യും? അതുകൊണ്ട് ആ സ്കീം തുടരണം. ലൈഫിൽ കൊടുക്കുന്നതും തുടരുക. അത്രയധികം ആവശ്യക്കാരുണ്ടല്ലോ.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, എക്കാലത്തും ഇങ്ങനെയാണ് നമ്മുടെ ഭവനനിർമ്മാണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. ഇ.എം.എസ്. പാർപ്പിട പദ്ധതി എങ്ങനെയാണ്? കേന്ദ്രാവിഷ്കൃത പദ്ധതിയും പഞ്ചായത്ത് വായ്പ എടുക്കുന്ന പദ്ധതിയും തനത് ഫണ്ടും സർക്കാർ കൊടുക്കുന്ന സഹായവും ചേർത്തല്ലേ എടുത്തിട്ടുള്ളത്. പുതിയ കാര്യമാണോ ഈ പറഞ്ഞത്.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. .....(ബഹളം).....മറുപടി പറയാൻ സമ്മതിക്കൂ.

<u>മി. സ്പീക്കർ</u>: ചർച്ച നടന്നല്ലോ. .....(ബഹളം)..... മിനിസ്റ്റർ അങ്ങ് പറയൂ.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഞാൻ പറയാൻ വരുന്നത് ശ്രീ. എം. വിൻസെന്റ് പറയുന്ന ആശങ്ക പരിഹരിക്കാനാണ്. മറുപടി കേൾക്കൂ. ലൈഫിൽ കൊടുത്ത വീടുകളിൽ മത്സ്യത്തൊഴിലാളികളുടെ 1347 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അതെല്ലാംകൂടി ചേരുമ്പോൾ 5061 വീടുകളാണ് പൂർത്തീകരിച്ചത്. 8706 വീടുകളുടെ പണി വിവിധ ഘട്ടങ്ങളിൽ നിൽക്കുകയാണ്. അങ്ങ് പറഞ്ഞത് ശരിയാണ്, മത്സ്യത്തൊഴിലാളികളുടെ സെലക്ഷൻ നടത്താൻ കുടുംബശ്രീയും മറ്റുമാണ് പോയത്. ഫിഷറീസ് വകുപ്പിന് പദ്ധതിയുണ്ട് എന്നതുകൊണ്ട് പലരും അങ്ങോട്ടേയ്ക്ക് പോയില്ല. അവിടത്തെ മാനദണ്ഡം വളരെ

കർശനമാണ്. വിധവകൾ, അഗതികൾ, അങ്ങനെ പലപല മാനദണ്ഡങ്ങളുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ മാനദണ്ഡം കുറച്ചുകൂടി ലളിതമാണ്. അപ്പോൾ അത് വളരെ വലിയ ആശങ്ക തീരദേശത്തുണ്ടാക്കി എന്നത് ശ്രദ്ധയിൽപ്പെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലടക്കം അത് കൊണ്ടുവരികയും ലൈഫ് മിഷൻ ആ വിഷയത്തിൽ പരിഹാരം കണ്ടെത്തുകയും ചെയ്തു. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർഷത്തെ ബജറ്റിൽ 7000 വീട് എന്നുപറഞ്ഞത്. അത് വരാൻ പോകുന്നേയുള്ളൂ. ഏപ്രിലിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ലൈഫ് മിഷനുമായി ആലോചിച്ച് ഭൂമിയുള്ള, എന്നാൽ വീടില്ലാത്തവരുടെ, 4883 പേരുടെ ലിസ്റ്റ് പഞ്ചായത്തിന് നൽകിക്കഴിഞ്ഞു. എല്ലാവരുടെയും ആശങ്കയ്ക്ക് പരിഹാരമായി വീട് വയ്ക്കും. കൂടാതെ 6287 പേരാണ് ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ളത്. അത് തീരദേശത്തു മാത്രമല്ല മൊത്തത്തിലാണ്. അതിൽ മൂവായിരത്തി ചില്ല്വാനം പേരും തിരുവനന്തപുരം ജില്ലയിൽ തന്നെയാണ്. ഈ ലിസ്റ്റ് ഞങ്ങൾ കണ്ടെത്തി സമ്പൂർണ്ണ പാർപ്പിടം പദ്ധതിയിലേയ്ക്ക് ഫിഷറീസ് വകുപ്പ് കൂടി ചേർന്നുകൊണ്ട് ലൈഫ് മിഷൻ വഴി തന്നെ അത് പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കാണ് 2020-21-ൽ കടക്കുന്നത്. ഇതു കൂടാതെയാണ് തീരദേശത്തുള്ള 50 മീറ്ററിനകത്തുള്ള വീടുകൾ, CRZ-നെക്കുറിച്ച് പറയുമ്പോൾ അതിനകത്ത് വരുന്നത് 500 മീറ്റർ വരെയാണ്.

CRZ (Coastal Regulation Zone)-നെക്കുറിച്ച് ശ്രീ. ടി. ജെ. വിനോദ് ഒരാക്ഷേപം ഇവിടെ ഉന്നയിക്കുകയുണ്ടായി. CRZ-ന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് പറഞ്ഞു. 2011-ലാണ് CRZ നിയമം വന്നത്. അന്ന് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കൊടുക്കണമായിരുന്നു. എന്നാൽ അഞ്ചുവർഷക്കാലം കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാതെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വെറുതെയിരുന്നു. ആന്ധ്രാപ്രദേശും കർണ്ണാടകയും തമിഴ്നാടുമെല്ലാം മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊടുത്തതിനാൽ അവർക്ക് എക്സംപ്ഷൻ ലഭിച്ചു. കേരളത്തിൽ അഞ്ച് വർഷക്കാലം കാൽ കാശിന്റെ ജോലി ചെയ്യാതെ ഒരു എക്സംപ്ഷനും ഇടനൽകാതെ ഇരുന്നിട്ടാണ് ഇപ്പോൾ ഈ ഗവൺമെന്റിനെ കുറ്റം പറയുന്നത്. 2019-ലെ നിയമത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പുതന്നെ ഫലപ്രദമായി ഇടപെട്ട് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിക്കഴിഞ്ഞു. അതിന്റെ അന്തിമ ചർച്ച നടക്കുകയാണ്. കഴിയുന്നത്രവേഗം

അത് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച് എക്സംപ്ഷൻ വാങ്ങും. അപ്പോൾ ഇവിടെ ഉന്നയിക്കപ്പെട്ട ഭവനനിർമ്മാണത്തിലെ പല ആശങ്കകളും പരിഹരിക്കപ്പെടും. ഇപ്പോൾ മത്സ്യത്തൊഴിലാളികളെ തീരദേശത്തുനിന്നും 50 മീറ്റർ ദൂരത്തേയ്ക്ക് മാറ്റുന്നത് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിന്റെ കുറവുകൊണ്ടല്ല. മറിച്ച് കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെടുന്ന എന്നുള്ളതുകൊണ്ടാണ്. പ്രസ്തുത ദൂരത്തിനപ്പുറത്തേയ്ക്ക് മത്സ്യത്തൊഴിലാളികളെ ആർക്കും മാറ്റാൻ കഴിയില്ല. CRZ-ൽത്തന്നെ മത്സ്യത്തൊഴിലാളി ഭവനത്തിന് എക്സംപ്ഷനുണ്ട്. അതുകൊണ്ട് ഇവിടെ ഉന്നയിക്കുന്ന ആശങ്കകളൊന്നും മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നതല്ല.

കടൽക്ഷോഭത്തിൽ വീടുനഷ്ടപ്പെട്ടവർ വലിയതുറയിലുണ്ടെന്ന് ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ പറയുകയുണ്ടായി. മനോഹരമായി പൂർത്തീകരിച്ച 192 ഫ്ലാറ്റുകളിൽ അങ്ങുകൂടി വന്നല്ലേ അവരെയെല്ലാം പുനരധിവസിപ്പിച്ചത്. അങ്ങ് ഈയിടെയൊന്നും വലിയതുറയിലൂടെ യാത്ര ചെയ്തിരുന്നില്ലേ; വലിയതുറയിൽ പോകുന്നില്ലേ? ഈ സർക്കാർ അധികാരത്തിൽവന്ന് പന്ത്രണ്ടാമത്തെ ദിവസം ഞാൻ വലിയതുറയിൽ പോയി അവരെ കണ്ടിരുന്നു. അന്ന് അവർ പറഞ്ഞത്, 'ഞങ്ങൾക്ക് ആരെയും വിശ്വാസമില്ല, കഴിഞ്ഞ ഗവൺമെന്റും ഞങ്ങളെ മാറ്റിപ്പാർപ്പിക്കുമെന്ന് പറഞ്ഞു, ഒന്നും അവർ ചെയ്തില്ല, നിങ്ങളും വന്ന് പറയുന്നു മാറ്റിപ്പാർപ്പിക്കുമെന്ന്, ഞങ്ങൾക്ക് ആരേയും വിശ്വാസമില്ല' എന്നാണ്. അപ്പോൾ ഞാൻ അവരോട് പറഞ്ഞു, അനുഭവത്തിന്റെ അടിത്തറയിലാണ് നിങ്ങൾ ഇങ്ങനെ പറയുന്നത്. എന്നാൽ ഞങ്ങളെ നിങ്ങൾക്ക് വിശ്വസിക്കാം. പറഞ്ഞാൽ പറയുന്നത് നടപ്പിലാക്കുന്നവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. തീർച്ചയായും നിങ്ങളെ മാറ്റി പാർപ്പിക്കും. ഫ്ലാറ്റിനെക്കുറിച്ച് അവരോട് സംസാരിച്ചപ്പോൾ, ഫ്ലാറ്റ് വേണ്ടെന്നാണ് പറഞ്ഞത്. എന്നാൽ ഇപ്പോൾ മുട്ടത്തറ ഫ്ലാറ്റ് നിർമ്മിച്ചപ്പോൾ എല്ലാവർക്കും ഫ്ലാറ്റ് മതിയെന്ന അഭിപ്രായത്തിലെത്തി. അത്ര മനോഹരമായ ഫ്ലാറ്റാണ് മുട്ടത്തറയിൽ നിർമ്മിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 375 സ്ക്വയർഫീറ്റുള്ള മനുഷ്യൻ കയറാത്ത 8 ഫ്ലാറ്റുകളാണ് ആകെ നിർമ്മിച്ചത്. എന്നാൽ 540 സ്ക്വയർഫീറ്റുള്ള മനോഹരമായ വീടാണ് ഈ സർക്കാർ നിർമ്മിച്ചത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സ്ഥലം ഏറ്റെടുത്തത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ്. ...(മൈക്ക് ഓഫ്)....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ വഴങ്ങുന്നില്ല. നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ ഇവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നല്ലോ; ഇടപെട്ടില്ലല്ലോ? 540 സ്ക്വയർഫീറ്റുള്ള മനോഹരമായ വീട്ടിൽ അവർ താമസിക്കുകയാണ്. 192 വീടുകകളിൽ 80 എണ്ണത്തിൽ താമസിക്കുന്നവർ എ.സി. വച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ആ തലത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ബീമാപള്ളിയിൽ പണി ആരംഭിച്ചിട്ടില്ലെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ബീമാപള്ളിയിൽ അടുത്ത ഫ്ലാറ്റിന്റെ പണി തുടങ്ങിയിട്ടുണ്ട്. ഇതൊന്നും താങ്കൾ അറിയുന്നില്ലേ? കാരോടുള്ള ഫ്ലാറ്റിന്റെ പണി ഏകദേശം 75 ശതമാനം കഴിഞ്ഞു. വലിയതുറയിൽ വീണ്ടും ഒരിടത്തുകൂടി ഫ്ലാറ്റ് നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ അവിടത്തെ പള്ളിക്കാർ ഹൈക്കോടതിയിൽ കേസിന് പോയി.

ശ്രീ. വി. എസ്. ശിവകുമാർ: സർ,....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ വഴങ്ങുന്നില്ല. വെറുതെ ഇടപെടേണ്ട.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... ഇരിക്കു. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കു.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ സെന്റ് ആന്റണീസ് സ്കൂളുമായി ബന്ധപ്പെട്ട് കോടതിയിൽ പോയി. അവിടെ 3 ഏക്കർ സ്ഥലത്ത് ഫ്ലാറ്റ് നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചതാണ്. കോടതി കേസുമായി ബന്ധപ്പെട്ട് രണ്ടര വർഷമാണ് തടസ്സപ്പെടുത്തിയത്. സർക്കാർ അതിൽ ഇടപെടുകയും കോടതി ഇപ്പോൾ പ്രസ്തുത സ്ഥലം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ മാർച്ച് മാസം അവസാനത്തോടുകൂടി അവിടെയും 200-ഓളം വീടുകളുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് തറക്കല്ലിടും. കാരണം ഏറ്റവും കൂടുതൽ ഭൂരഹിതരുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. ഇപ്പോൾ 775 ഫ്ലാറ്റുകളാണ് നിർമ്മാണത്തിലിരിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. ഈ വീടുകളുടെ നമ്പർ കൂടാതെ 775 വീടുകൾ/ഫ്ലാറ്റുകൾ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം (പൊന്നാനി), കണ്ണൂർ അടക്കമുള്ള വിവിധ ജില്ലകളിൽ നിർമ്മാണ ഘട്ടത്തിലാണ്. ഇത്തരത്തിൽ മുഴുവൻ ആളുകൾക്കും സമ്പൂർണ്ണ പാർപ്പിടമാണ് സർക്കാർ ലക്ഷ്യമിടുന്നത്. 18865 വീടുകളാണ് തീരദേശത്തുനിന്നും മാറ്റുന്നത്. കഴിഞ്ഞ വർഷവും പത്ത് ലക്ഷം രൂപവരെ വീടുവയ്ക്കാൻ കൊടുക്കുമെന്ന് പറഞ്ഞെന്ന് ശ്രീ. എം. വിൻസെന്റ് ഇവിടെ പറയുകയുണ്ടായി. അത് കൊടുത്തുതുടങ്ങി. 6 ലക്ഷം രൂപവച്ച് ഭൂമി വാങ്ങി 1902 വീടുകളുടെ നിർമ്മാണമാണ് ആരംഭിച്ചിരിക്കുന്നത്. അത് ഇവിടെ പറഞ്ഞ ആദ്യത്തെ കണക്കിൽ ഉൾപ്പെട്ടതല്ല. ഭൂമിയും വീടും ഇല്ലാത്തവരുടെ കാര്യത്തിൽ പഞ്ചായത്തുകൾ പദ്ധതി ആരംഭിക്കുന്നതേയുള്ളൂ. 1902 പേർക്ക് വീട് വയ്ക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഭൂമി വാങ്ങിക്കഴിഞ്ഞു. വീടിന്റെ നിർമ്മാണത്തിലേയ്ക്ക് അവരും പോകുകയാണ്. അതു കൂടാതെയാണ് 18865 വീടുകൾ. അതിൽ 317 പേർക്ക് ഭൂമി വാങ്ങാനുള്ള നടപടി അന്തിമ ഘട്ടത്തിലെത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ ശംഖുംമുഖത്തുവച്ച് അവർക്ക് വീടിന്റെ ആദ്യ സമ്മതപത്രം

കൊടുക്കുകയാണ്. ബൃഹത്തായ 'പുനർഗേഹം പദ്ധതി' ഔപചാരികമായി നാളെ തുടങ്ങുകയാണ്. അതിന് 2,450 കോടി രൂപയാണ് ചെലവുവരുന്നത്. അതിൽ 1,398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് ലഭിക്കുന്നത്. പദ്ധതി പൂർത്തീകരണത്തിന് മൂന്ന് വർഷമാണ് അനുവദിച്ചിട്ടുള്ളത്. "എട് കുടുക്കേ ചോറും കറിയും" എന്ന് പറയുംപോലെ ഭൂമിയും വീടും കൊടുക്കാൻ സാധിക്കില്ലല്ലോ? അതിന് മൂന്ന് വർഷത്തെ സമയം എടുക്കും. അങ്ങനെ മൂന്ന് വർഷത്തെ ടാർജറ്റിട്ടാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി തീരദേശത്ത് നടപ്പിലാക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യബന്ധന മേഖലയെക്കുറിച്ച് ഒന്നും അറിയാത്തതുകൊണ്ടാണ് ശ്രീ. എൻ. ഷംസുദ്ദീൻ 5000 കോടി രൂപ എന്നൊക്കെ പറഞ്ഞത്. മത്സ്യബന്ധന മേഖലയിൽ ഇപ്പോൾ 2040 കോടി രൂപയുടെ ഓൺഗോയിംഗ് പദ്ധതികളാണുള്ളത്. 2450 ഭവനങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ പോകുന്നതേയുള്ളൂ. അതുകൂടാതെ 2040 കോടി രൂപയുടെ പദ്ധതിയാണ് ബഡ്ജറ്റിന് പുറത്ത് നടക്കുന്നത്. അതുകൊണ്ട് ബഡ്ജറ്റ് വായിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഇത്രയും ദുഃഖമൊന്നും പ്രകടിപ്പിക്കേണ്ട കാര്യമില്ല. ബഡ്ജറ്റിന് പുറത്തുള്ള തുകയാണിത്. ഹാർബർ, സ്കൂളുകൾ തുടങ്ങിയ പദ്ധതികൾക്കായി കിഫ്ബി പദ്ധതിവഴി മാത്രം 653 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 937 കോടി രൂപയുടെ പ്രവൃത്തിയാണ് ഹാർബറിനും റോഡിനുമായി നടക്കുന്നത്. ഇതെല്ലാം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേയുള്ള പദ്ധതികളാണ്. മത്സ്യമേഖലയിലെ പിന്നോക്കാവസ്ഥ കണ്ടുകൊണ്ടുതന്നെ അത് പരിഹരിക്കാനുള്ള വളരെ വലിയ ഇടപെടലാണ് കേരളത്തിലെ മത്സ്യമേഖലയിൽ നടക്കുന്നത്. അതിനിടയിലാണ് കക്കൂസ് ഇല്ലെന്ന കാര്യം ഇവിടെ പറയുന്നത്. ഇന്ത്യയിൽ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ച ഏക സംസ്ഥാനം കേരളമാണ്. അപ്പോഴാണ് ഇവിടെ കക്കൂസ് ഇല്ലാത്ത കഥ പറയുന്നത്. ആർക്കാണ് ഇല്ലാത്തത്; മുഴുവൻ ആളുകളെയും വെളിയിട വിസർജ്ജനത്തിൽനിന്നും ഒഴിവാക്കിയ സംസ്ഥാനമാണ് കേരളം. അതുപോലെയാണ് വൈദ്യുതിയുടെ കാര്യവും. വൈദ്യുതിക്ക് കാശ് കൊടുക്കേണ്ടതില്ല, ഒരു പ്രോജക്ടായി മുഴുവൻ വീടുകളും വൈദ്യുതീകരിച്ചു. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെല്ലാം സമ്പൂർണ്ണതയിലേയ്ക്ക് എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. എന്തെങ്കിലും കാട്ടിക്കൂട്ടി മൂന്നുപേർക്ക് കൊടുത്ത് പുരപ്പുറം അടിക്കുകയല്ല, സമ്പൂർണ്ണതയിലേയ്ക്ക് പോകുകയാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആ അർത്ഥത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

തമിഴ്നാട്ടിൽ ഓഖിയുമായി ബന്ധപ്പെട്ട് ചെയ്ത കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഓഖിയുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ കണ്ട് പകർത്തുകയാണ് തമിഴ്നാട് ചെയ്തത്. കേരളത്തിൽ 2037-വരെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ഏറ്റെടുക്കുകയും ആളുകളുടെ പുനരധിവാസം നടപ്പിലാക്കുകയും ചെയ്തു. ഇതൊന്നും തമിഴ്നാട് ഇപ്പോഴും ചെയ്തിട്ടില്ല. തമിഴ്നാടിന് 200 deep sea trawler

ബോട്ടുകൾക്ക് അനുമതി ലഭിച്ചു. അതെങ്ങനെയാണ്; കേന്ദ്ര ഗവൺമെന്റ് നൽകിയ തുകയാണ്. 7000 കോടി രൂപയുടെ പ്രോജക്ട് കൊടുത്തെങ്കിലും കേന്ദ്രം കേരളത്തിന് ഒരു തുകയും അനുവദിച്ചില്ല. തമിഴ്നാടിന് 200 കോടി രൂപ അനുവദിച്ചു. അതിന്റെ ഭാഗമായി അവർ ട്രോളറുകൾ ഉണ്ടാക്കുന്നു, കേരളത്തിന് ഒറ്റ പൈസപോലും കേന്ദ്രം നൽകിയിട്ടില്ല. അതിനുവേണ്ടി ഒരുമിച്ചുനിന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ് വേണ്ടത്. അതിനുപകരം തമിഴ്നാട് ചെയ്തത് കണ്ടില്ലേ; കേരളം എന്താണ് ചെയ്യാത്തതെന്ന് ചോദിക്കുകയല്ല വേണ്ടത്; കേരളത്തിന് ഒരു പൈസയും അനുവദിച്ചിട്ടില്ലെന്നതാണ് വസ്തുത; അതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. എന്നാൽ മത്സ്യഫെഡുവഴി 559 കോടി രൂപയാണ് ചെലവഴിച്ചത്. കേന്ദ്രം തുക നൽകാതിരുന്നപ്പോൾ മത്സ്യഫെഡ് 1057 വള്ളങ്ങളാണ് ഈ കഴിഞ്ഞ നാലുവർഷംകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തത്. 2500 ഒ.ബി.എം. ക്രാഫ്റ്റും കൊടുത്തു. 559 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയതിൽ 225 കോടി രൂപ സബ്സിഡിയാണ്. നിങ്ങളുടെ ഭരണകാലത്ത് 2013-14 മുതലുള്ള സബ്സിഡി കൊടുത്തിരുന്നില്ല. 2013-14, 2014-15, 2015-16 വർഷങ്ങളിലേതുൾപ്പെടെ 225 കോടി രൂപയുടെ സബ്സിഡിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡിന് നൽകിയിട്ടുള്ളത്. 108 കോടി രൂപയാണ് കുട്ടികളുടെ ലംപ്സം ഗ്രാന്റായി ഇപ്പോൾ കൊടുത്തത്. നിങ്ങളുടെ ഭരണകാലത്ത് 18 കോടി രൂപ കുടിശ്ശികയായിരുന്നു. ഞങ്ങളത് ഇ-ഗ്രാന്റ്സാക്കിയതുകൊണ്ട് കുട്ടികളുടെ അക്കൗണ്ടിലേയ്ക്ക് ലഭിക്കും. ലംപ്സംഗ്രാന്റ് കൃത്യമായി കൊടുക്കുകയാണ്. മണ്ണെണ്ണ സബ്സിഡിയായി നിങ്ങളുടെ ഭരണകാലത്ത് അനുവദിച്ചത് 25 കോടി രൂപ മാത്രമാണ്. അതും പൂർണ്ണമായി നൽകിയില്ല. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മണ്ണെണ്ണ സബ്സിഡി 150.3 കോടി രൂപയാണ്. ഈ ഗവൺമെന്റ് മണ്ണെണ്ണ സബ്സിഡി, വള്ളത്തിന്റെയും വലയുടെയും സബ്സിഡി, വീടുകളുടെ കാര്യം എന്നിങ്ങനെ സമഗ്രമായ കാഴ്ചപ്പാടോടുകൂടിയാണ് മത്സ്യബന്ധന രംഗത്ത് ഓരോ കാര്യങ്ങൾ നടപ്പിലാക്കുന്നത്.

വലിയതുറയിൽ വീട് നഷ്ടപ്പെട്ടവർ താമസിച്ച സ്കൂൾ ഇന്ന് ഹൈടെക് ആണ്. ശ്രീ. വി. എസ്. ശിവകുമാറിനത് നിഷേധിക്കാൻ കഴിയില്ല. 6 കോടി രൂപയാണ് ചെലവഴിച്ചത്. ഞങ്ങൾ രണ്ടുപേരുംകൂടിയാണ് ആ സ്കൂൾ ഉദ്ഘാടനം ചെയ്തത്. പുനരധിവാസ ക്യാമ്പായിരുന്ന സ്കൂളാണ് ഇപ്പോൾ ഹൈടെക്കായത്. ഇന്റർനാഷണൽ നിലവാരമുള്ള ഒരു ടെന്നീസ് കോർട്ടടക്കം നിർമ്മിച്ചുകൊണ്ടാണ് സ്കൂൾ കെട്ടിടം മനോഹരമാക്കിയിട്ടുള്ളത്. അതുപോലെ ആരോഗ്യ രംഗത്തും, ഞാൻ വിസ്താരഭയത്താൽ ബാക്കിക്കാര്യങ്ങളൊന്നും പറയുന്നില്ല.

സ്ത്രീകളുടെ തൊഴിലുമായി ബന്ധപ്പെട്ട് 'SAF' (Society for Assistance to Fisherwomen). കുടുംബശ്രീ രാജ്യത്ത് ഒരു ശക്തിയായി, സ്ത്രീ ശാക്തീകരണത്തിൽ വലിയ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. പക്ഷേ കുടുംബശ്രീ ഗ്രൂപ്പുകളിലെ എല്ലാ ഗ്രൂപ്പുകളും ആക്ടിവിറ്റി ഗ്രൂപ്പുകളല്ല. 'SAF'-ന്റെ എല്ലാ ഗ്രൂപ്പുകളും ആക്ടിവിറ്റി

ഗ്രൂപ്പുകളാണ്. 2500-ഓളം ഗ്രൂപ്പുകളെ അത്തരത്തിലേയ്ക്ക് കൊണ്ടുവന്നിട്ടുണ്ട്. പല അംഗങ്ങളും അനുബന്ധ മേഖലയിലെ തൊഴിലാളികളുടെ കാര്യം സൂചിപ്പിച്ചു. അത് ശരിയാണ്. അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് പലിശരഹിത വായ്പ കൊടുക്കാനും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പാക്കി (ജെ.എൽ.ജി.) അവരെ കൊണ്ടുപോകാനും വളരെ കൃത്യമായ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇൻഷ്വറൻസ് രംഗത്ത് 3 കോടി രൂപ മാത്രമാണ് മാറ്റിവച്ചതെന്ന് ശ്രീ. ടി. ജെ. വിനോദ് പരാതിപ്പെട്ടു. 3 കോടി രൂപ എന്നത് ഇതുവരെ ഇല്ലാത്ത ഇൻപുട്ട് ഇൻഷ്വറൻസാണ്. ബോട്ടുകൾക്കും വള്ളങ്ങൾക്കുമുള്ള ഇൻഷ്വറൻസ് തുകയായ 3 കോടി രൂപ ആദ്യമായി ഏർപ്പെടുത്തിയതാണ്. മുഴുവൻ തൊഴിലാളികളെയും ഇൻഷ്വർ ചെയ്യുന്നത് വകുപ്പാണ്, അത് 12 കോടി രൂപയാണ്. ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചാണ് അത്തരത്തിൽ പറഞ്ഞത്.

കാസർഗോഡ് ഹാർബറിനെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞു, 17.5 കോടി രൂപ ഇപ്പോൾ ഹാർബറിന് നീക്കിവച്ചിട്ടുണ്ട്. ഹാർബർ പണി പൂർത്തീകരിച്ചു. പക്ഷേ, മണ്ണ് അടിഞ്ഞുകിടക്കുന്നതിനാൽ വള്ളം അടുപ്പിക്കാൻ സാധിക്കില്ല, അവിടെയൊരു പുലിമുട്ടുകൂടി നിർമ്മിച്ചാൽ മാത്രമേ ഹാർബർ പൂർണ്ണമാകുകയുള്ളൂ. അതിന്റെ വർക്ക് ഇപ്പോൾ സാംഗ്ഷൻ ചെയ്തിട്ടുണ്ട്. ഉടൻതന്നെ പണി ആരംഭിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3 ഹാർബറുകൾ പൂർത്തീകരിച്ചു, ബാക്കി മൂന്നെണ്ണം ഉദ്ഘാടന ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. 9 എണ്ണത്തിന്റെ, പരപ്പനങ്ങാടിയടക്കം, കൃത്യമായ വർക്ക് നടക്കുകയാണ്. 659 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ഹാർബർ രംഗത്ത് നടക്കുന്നത്. പക്ഷേ, കാസർഗോഡിന്റെ കാര്യം പറഞ്ഞതിനുശേഷം അദ്ദേഹം എ.കെ.ജി സെന്ററിനെതിരെ ഇത്ര വിദ്വേഷപരമായ പ്രചാരണം നടത്തിയത് എന്തിനാണെന്ന് എനിക്ക് ഒട്ടും മനസ്സിലാകുന്നില്ല. ആർ.എസ്.എസ്.-കാരാണ് ഇത്തരത്തിൽ പ്രചാരണം നടത്തിയതെങ്കിൽ നമുക്ക് മനസ്സിലാകും. കാരണം എന്താണ്; അവരുടെ വർഗ്ഗീയതയെ നഖശിഖാന്തം എതിർക്കുന്നത് ഞങ്ങളാണ്. ഈ കോർപ്പറേറ്റ് നയത്തെ എതിർക്കുന്നത് ഞങ്ങളാണ്, പ്രതിപക്ഷം എന്തിനാണ് ഞങ്ങളെ എതിർക്കുന്നത്; നിങ്ങൾ എതിർക്കുന്നെങ്കിൽ അതിനർത്ഥം നിങ്ങളുടെ വർഗ്ഗീയ നിലപാടിനെ ഞങ്ങൾ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്നതുകൊണ്ടാണ് എന്നാണ്. ഭൂരിപക്ഷമാണെങ്കിലും ന്യൂനപക്ഷമാണെങ്കിലും വർഗ്ഗീയത അനുവദിക്കുന്ന പ്രശ്നം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കില്ല. അതുകൊണ്ട് ശ്രീ. എൻ. എ. നെല്ലിക്കുന്ന് വെപ്രാളപ്പെട്ടിട്ട് കാര്യമില്ല. അതിൽ എസ്.ഡി.പി.ഐ. ആയാലും വേറെ ആരാണെങ്കിലും, ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. രാജ്യത്തിന്റെ മാനവികതയുടെ പ്രതീകമാണ് എ.കെ.ജി. സെന്ററെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. ബേജാറായിട്ട് യാതൊരു കാര്യവുമില്ല. അതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി എ. കെ. ജി. സെന്ററിനെക്കുറിച്ച് പറഞ്ഞത് വളരെ നന്നായി. ബഹുമാന്യനായ എ. കെ. ആന്റണിയാണ് നഗരത്തിന്റെ ഹൃദയഭാഗത്ത് ആ സ്ഥലം അനുവദിച്ചത്. പക്ഷേ, നിങ്ങൾ വലിയൊരു കുഴപ്പം ചെയ്തിട്ടുണ്ട്. എ.കെ.ജി. സെന്ററിന് അനുവദിച്ചതിനെക്കാൾ കൂടുതലായി യൂണിവേഴ്സിറ്റി കോളേജിന്റെ 8.5 സെന്റ് സ്ഥലം നിങ്ങൾ കവർന്നെടുത്തിട്ടുണ്ട്. ഞാൻ രേഖാമൂലം ഈ സഭയിൽ ഉന്നയിച്ചതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റ് ആ സ്ഥലം അളന്നതാണ്. ആ സ്ഥലം തിരിച്ചുകൊടുക്കാൻ നിങ്ങൾ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരമൊരു ആരോപണം അദ്ദേഹം ഉന്നയിച്ചുവെന്ന് പറയുന്നത് ശരിയാണ്. കാരണം, വസ്തുതയില്ലാത്ത ആരോപണം ഉന്നയിക്കാൻ അദ്ദേഹം ബഹുമിടുക്കനാണ്. ഇതുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തിയതാണ്. ആ ആരോപണത്തിൽ യാതൊരു വസ്തുതയും ഇല്ലെന്നും ഒരു കയ്യേറ്റവും എ.കെ.ജി. സെന്റർ നടത്തിയിട്ടില്ലെന്നും കണ്ടെത്തിയിട്ടുള്ള കാര്യമാണ്. ....(ബഹളം).....

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ: എ.കെ.ജി സെന്ററിന്റെ സ്ഥലം കയ്യേറ്റം എന്നതു സംബന്ധിച്ച് ഡിബേറ്റില്ല. ഇരിക്കൂ....ഇരിക്കൂ... ഇതിൽ ഒരു പോയിന്റ് ഓഫ് ഓർഡറും ഇല്ല. അങ്ങ് ക്ഷമിക്കുക. പോയിന്റ് ഓഫ് ഓർഡർ ഇല്ല. (ബഹളം) പ്ലീസ്.....പ്ലീസ്. ആ കാര്യം അങ്ങ് വ്യക്തിപരമായ വിശദീകരണത്തിന് എഴുതി നൽകുക. അങ്ങേയ്ക്ക് സമയം അനുവദിക്കാം. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ,

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ശ്രീ. പി. ടി. തോമസ്, എ.കെ.ജി. സെന്ററിന് 35 സെന്റ് സ്ഥലം ശ്രീ. എ. കെ. ആന്റണി അനുവദിച്ചതിനെക്കുറിച്ചാണ് സംസാരിച്ചത്. കൊല്ലം ഡി.സി.സി.-ക്ക് സർക്കാരിന്റെ രണ്ടേക്കർ സ്ഥലമാണ് പതിച്ചുനൽകിയത്. പല പാർട്ടി ഓഫീസുകളും അത്തരത്തിൽ പൊതുസ്ഥലത്തു തന്നെയാണുള്ളത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് വ്യക്തിപരമായി വിശദീകരണം നൽകുന്നതിന് ചട്ടമുണ്ട്. ചട്ടം 288 പ്രകാരം എഴുതിത്തന്നാൽ സംസാരിക്കാനുള്ള അവസരം നൽകാം. ഇരിക്കൂ... ഏത് ചട്ടപ്രകാരമാണ് ആവശ്യപ്പെടുന്നതെന്നുകൂടി എഴുതിത്തന്നാൽ അവസരം നൽകാം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, നെയ്യാർഡാമിലെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന് നിങ്ങളുടെ ഭരണകാലത്ത് എത്ര ഏക്കർ സ്ഥലമാണ് എടുത്തത്;

നെയ്യാർ ഡാം ഫിഷറീസ് ഹാച്ചറിക്കുള്ള സ്ഥലമാണ്. അവിടെനിന്നും രാജീവ് ഗാന്ധി സെന്ററിന് എത്ര ഏക്കർ സ്ഥലമാണ് പതിച്ചെടുത്തിരിക്കുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള വർത്തമാനങ്ങളൊന്നും ബഹുമാനപ്പെട്ട പി. ടി. തോമസ് പറയേണ്ടതില്ല. ആവശ്യമില്ലാത്ത വർത്തമാനത്തിലേയ്ക്ക് പോകണ്ട. ഞാൻ ഡിമാന്റിലേയ്ക്ക് കടക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി കൺക്ലൂഡ് ചെയ്യട്ടെ....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒരു കാര്യംകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്. കേരളത്തിനു പുറത്തുനിന്നും മാലിന്യമുള്ള, റബ്ബർപോലെയുള്ള മത്സ്യം വരുന്നതിനെക്കുറിച്ച് ശ്രീ. മോൻസ് ജോസഫ് ഇവിടെ സൂചിപ്പിച്ചു. അത് ശരിയാണ്. നമുക്കിവിടെ 8 ലക്ഷം ടണ്ണിലേറെ മത്സ്യം ആവശ്യമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം ഏകദേശം 6 ലക്ഷം ടണ്ണാണ്. ബാക്കി പുറത്തുനിന്നും വാങ്ങുന്നുണ്ട്. നമുക്കാവശ്യമായ മത്സ്യം ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഭൗതിക സാഹചര്യം കേരളത്തിലുണ്ട്. കേരളം ജലാശയങ്ങൾ കൊണ്ട് സമ്പന്നമാണ്. 'ഒരു നെല്ലും ഒരു മീനും' പദ്ധതി ഇന്ന് നമുക്ക് 7000 ഹെക്ടറിലാണ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. നമുക്കത് ഒട്ടേറെ സ്ഥലങ്ങളിൽ ചെയ്യാൻ സാധിക്കും. അതിനൊരു consensus വേണ്ടതുണ്ട്. നെൽകൃഷി ചെയ്യുമെന്ന് ഉറപ്പാക്കി മത്സ്യകൃഷികൂടി ചെയ്താൽ വമ്പിച്ച മത്സ്യസമ്പത്ത് നമുക്കുണ്ടാക്കാൻ സാധിക്കും. വർഷങ്ങളായി കൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലവും കൃഷിക്ക് ഉപയോഗിക്കാൻ സാധിക്കും. ഈ തരത്തിൽ ഒരു പുതിയ സംസ്കാരത്തിലേയ്ക്ക് വരണം. രാജ്യത്തിന്റെ സാമ്പത്തികോത്പാദനത്തിനുള്ള ശക്തമായ ഇടപെടൽ ഉണ്ടാകുകയും വേണം. ഇതുവരെ കേരളം സേവനരംഗത്താണ് അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർന്നുനിൽക്കുന്നത്. ആരോഗ്യരംഗവും വിദ്യാഭ്യാസരംഗവുമെല്ലാം അന്തർദ്ദേശീയ നിലവാരത്തിലാണ്. നമ്മൾ വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കുന്നതാണ്. ഉൽപ്പാദനരംഗത്ത് കേരളം പിന്നിലാണ്. ഉൽപ്പാദനരംഗത്ത് നമ്മൾ മുന്നോട്ടുവരുന്നതിനാണ് വ്യവസായം, കൃഷി, മത്സ്യ രംഗങ്ങളിൽ തുടക്കം കുറിക്കുന്നത്. വമ്പിച്ച സാധ്യതയാണ് കേരളത്തിനുള്ളത്. അതുകൊണ്ട് നമ്മുടെ രാജ്യത്ത് സമ്പത്തുൽപ്പാദനത്തിലും പോഷകമൂല്യ സംരക്ഷണത്തിലും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിലും വലിയ സാധ്യതയാണ് ഉൾനാടൻ മത്സ്യസമ്പത്തിനുള്ളത്. അതിലേയ്ക്കാണ് നാം പോകേണ്ടത്. വരുന്ന ഒരു വർഷത്തെ ട്രസ്റ്റ് ഏരിയയായി അതാണ് കാണുന്നത്. തീർച്ചയായും ആ തരത്തിലേയ്ക്കുകൂടി പോയാൽ നമുക്കാവശ്യമായ മത്സ്യം ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. എല്ലാ നല്ല നിർദ്ദേശങ്ങളും നൽകിയ അംഗങ്ങളോട് നന്ദി പറയുന്നു. ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

# VIII പ്രത്യേക പരാമർശം

## മിന്നൽ പണിമുടക്ക്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ട.സി. ജീവനക്കാർ ഒരു മിന്നൽ പണിമുടക്ക് നടത്തി 5 മണിക്കൂർ നേരം ബസ് ഗതാതഗതം സ്തംഭിക്കുകയും കുഴഞ്ഞുവീണ കടകംപള്ളി സ്വദേശിയെ ആശുപത്രിയിൽ എത്തിക്കാൻ സാധിക്കാതെ മരിക്കുകയുമുണ്ടായി. വളരെ ഗുരുതരമായ ഈ പ്രശ്നത്തിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇടപെടണം. ഇപ്പോഴും പ്രസ്തുത മിന്നൽ പണിമുടക്ക് തുടർന്നുകൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ പ്രശ്നമാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ, പണിമുടക്ക് പിൻവലിച്ചു. ഒരാൾ കുഴഞ്ഞുവീണ് മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മി. സ്പീക്കർ: ചട്ടം 303 അനുസരിച്ച് അങ്ങേയ്ക്ക് എന്താണ് ഉന്നയിക്കാനുള്ളത്?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിക്കുന്ന ഒരാളാണ് ഞാൻ എന്നുപറഞ്ഞു. (ബഹളം)

മി. സ്പീക്കർ: ചട്ടം 303 അനുസരിച്ചുള്ള അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്? .....(ബഹളം).....പ്ലീസ്....ഇരിക്കൂ.....ഇരിക്കൂ.........(ബഹളം).......

ശ്രീ. പി. ടി. തോമസ്: സർ, അവരെ നിയന്ത്രിക്കൂ. (ബഹളം).

മി. സ്പീക്കർ: അവരുടെ ബഹളമൊന്നും അങ്ങേയ്ക്ക് ബാധകമല്ലെന്ന് എനിക്കറിയാം. അങ്ങ് പറയൂ.

ശ്രീ. പി. ടി. തോമസ്: സർ, അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്ന ഒരു വിദഗ്ദ്ധനാണ് ഞാനെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു......(ബഹളം).... ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, അത്തരമൊരു കാര്യം ചൂണ്ടിക്കാണിക്കാൻ അങ്ങ് തയ്യാറാണോ? എ.കെ.ജി. സെന്ററിന് ശ്രീ. എ. കെ. ആന്റണി അനുവദിച്ച സ്ഥലത്തേക്കാൾ ഒരിഞ്ച് ഭൂമിയെങ്കിലും കൂടുതലുണ്ടെങ്കിൽ ആ ഭൂമി വിട്ടുനൽകാൻ അങ്ങ് തയ്യാറാകുമോ? .... (ബഹളം) .....ശ്രീ. എ. കെ. ആന്റണി അനുവദിച്ച സ്ഥലം രേഖയിലുണ്ട്.ആ രേഖയിലുള്ളതിനേക്കാൾ കൂടുതൽ സ്ഥലമുണ്ടെങ്കിൽ വിട്ടുനൽകാൻ അങ്ങ് തയ്യാറാകുമോ? അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ; ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ് അങ്ങ് ഇരിക്കൂ....(ബഹളം).......

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ ആരോപണം തന്നെ അടിസ്ഥാനരഹിതമാണ്. ഇതുപോലെയുള്ള അരോപണങ്ങളാണ് അദ്ദേഹം ഉന്നയിക്കാറുള്ളതെന്നാണ് ഞാൻ പറഞ്ഞത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുകയും അതിൽ യാതൊരു വസ്തുതയും ഇല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും കണ്ടെത്തിയതുമാണ്. അക്കാര്യം രേഖകൾപ്രകാരം തെളിയിച്ചിട്ടുള്ളതുമാണ്. അതാണ് വസ്തുത.

മി. സ്പീക്കർ: ചട്ടം 285 അനുസരിച്ച് അങ്ങേയ്ക്ക് എന്താണ് ഉന്നയിക്കാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട സ്പീക്കർ അൽപ്പം മുൻപ് ശ്രീ. കടകംപള്ളി സുരേന്ദ്രന് സംസാരിക്കാൻ അവസരം നൽകി. ഈ സഭയിൽ വന്ന് ഉത്തരം നൽകാൻ കഴിയാത്ത, കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും മുൻ കേന്ദ്രമന്ത്രിയുമായ ശ്രീ. എ. കെ. ആന്റണിയെപ്പറ്റി വളരെ മോശമായ രീതിയിൽ, ശ്രീ. ജോൺ ഫെർണാണ്ടസ് ഒരു പരാമർശം നടത്തി. ഞാൻ അക്കാര്യം ഉന്നയിച്ചു. അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. സഭ പിരിയുന്നതിന് മുൻപ് അങ്ങ് റൂളിംഗ് നൽകണം.

മി. സ്പീക്കർ: അങ്ങനെയൊരു കീഴ്വഴക്കമില്ലല്ലോ ശ്രീ. കെ. സി. ജോസഫ്. സഭയിൽ ഉന്നയിക്കുന്ന കാര്യങ്ങൾ പരിശോധിക്കാനായി പ്രത്യേക procedure ഉണ്ട്. അത് പരിശോധിച്ച് നടപടി സ്വീകരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, പരിശോധിക്കാൻ രണ്ട് മിനിട്ട് സമയം മതിയാകില്ലേ; എല്ലാം കമ്പ്യൂട്ടറിലല്ലേ? നാളെ ഇതെല്ലാം പത്രങ്ങളിൽ വന്നാൽ?

മി. സ്പീക്കർ: അദ്ദേഹം നടത്തിയ പരാമർശങ്ങളിൽ ശരിയുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് പറയുവാനുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്നും പരിശോധിച്ചശേഷമാണ് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. അതിനായി ഒരു ഫയൽ put up ചെയ്താണ് വരുന്നത്. അത് അങ്ങേയ്ക്കറിയില്ലേ? ഇതിന് മുൻപ് ഉന്നയിക്കപ്പെട്ട കാര്യങ്ങളിലും അങ്ങനെതന്നെയായിരുന്നു. ഒരു ദിവസവും സഭ പിരിയുന്നതിന് മുമ്പ് സഭാരേഖകളിൽ നിന്നും ഒഴിവാക്കിയെന്ന റൂളിംഗ് നൽകിയിട്ടില്ല. അങ്ങനെ ഒരു കീഴ്വഴക്കം ഇല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എ. കെ. ആന്റണിയുടെ പൊതുജീവിതം എല്ലാപേർക്കും അറിയാവുന്നതാണ്. അദ്ദേഹത്തെപ്പോലൊരു വ്യക്തിയെക്കുറിച്ച് ഇവിടെ ഒരംഗം വളരെ അടിസ്ഥാന രഹിതമായ ആരോപണമാണ് ഉന്നയിച്ചത്. വാസ്തവത്തിൽ ആ സമയത്തുതന്നെ അങ്ങ് അത് റൂൾ ചെയ്യേണ്ടതായിരുന്നു. കാരണം അത് ശരിയായ നടപടിയല്ല. ഈ സഭയിൽ വന്ന് മറുപടി പറയാൻ ശ്രീ. എ. കെ. ആന്റണിക്ക് സാധിക്കില്ലല്ലോ? ആ നിലയിലേക്ക് നമ്മൾ നടത്തുന്ന ചർച്ചകളുടെ നിലവാരം പോകുന്നത് ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ലാത്തതൊന്നും ഉണ്ടാകില്ല. പരിശോധിച്ച് നടപടി സ്വീകരിക്കും. അതിനൊരു സമയം ആവശ്യമാണ്. മൂന്നേകാൽ മണിക്കാണ് അദ്ദേഹം ഇവിടെ സംസാരിക്കുന്നത്. അതിന് നാലുമണിക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് സാധിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, അത്തരമൊരു പരാമർശം വന്നപ്പോൾതന്നെ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം പരാമർശങ്ങൾ ഈ വേദികളിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ല. ഇന്നുമാത്രമല്ല, ഇത് എല്ലാപേർക്കും എല്ലാ കാലത്തേക്കുമായുള്ള സന്ദേശമായി തീരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അത് അപ്പോൾത്തന്നെ ഞങ്ങൾ പറഞ്ഞിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: രേഖ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ഒരു സംശയവും വേണ്ട.

**(ധനകാര്യം തുടർച്ച.......)**

**ധനാഭ്യർത്ഥന നമ്പർ IX**

**വാഹനനികുതികൾ**

<u>മി. സ്പീക്കർ:</u> സർവ്വശ്രീ അബ്ദുൽ ഹമീദ്. പി., പി. കെ. അബ്ദു റബ്ബ്, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, വി. എസ്. ശിവകുമാർ, ഐ. സി. ബാലകൃഷ്ണൻ, പി. സി. ജോർജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. വി. കെ. പ്രശാന്ത്
44. ശ്രീ. കെ. ഡി. പ്രസേനൻ
45. ശ്രീമതി യു. പ്രതിഭ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
56. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
57. ശ്രീ. മുല്ലക്കര രത്നാകരൻ
58. പ്രൊഫ. സി. രവീന്ദ്രനാഥ്
59. ശ്രീ. സജി ചെറിയാൻ
60. ശ്രീ. എസ്. ശർമ്മ
61. ശ്രീ. എ. കെ. ശശീന്ദ്രൻ
62. ശ്രീ. സി. കെ. ശശീന്ദ്രൻ
63. ശ്രീ. പി. കെ. ശശി
64. ശ്രീ. വി. ശശി
65. ശ്രീ. ഐ. ബി. സതീഷ്
66. ശ്രീ. ബി. സത്യൻ
67. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീ. ജി. സുധാകരൻ
70. ശ്രീ. വി. എസ്. സുനിൽ കുമാർ
71. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. ഇ. കെ. വിജയൻ
79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്
16. ഡോ. എം. കെ. മുനീർ

17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീമതി ഷാനിമോൾ ഉസ്മാൻ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്
34. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 0 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII

### മത്സ്യബന്ധനം

മി. സ്പീക്കർ: സർവ്വശ്രീ പി. കെ. അബ്ദു റബ്ബ്, സി. മമ്മൂട്ടി, കെ. എൻ. എ. ഖാദർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി., പാറക്കൽ അബ്ദുല്ല, ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, വി. എസ്. ശിവകുമാർ, ഐ. സി. ബാലകൃഷ്ണൻ, പി. സി. ജോർജ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ പി.

36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി

38. ശ്രീ. മുരളി പെരുനെല്ലി

39. ശ്രീ. സി. കെ. നാണു

40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്

42. ശ്രീ. എ. പ്രദീപ്കുമാർ

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. പുരുഷൻ കടലുണ്ടി

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. എം. രാജഗോപാലൻ

49. ശ്രീ. കെ. രാജൻ

50. ശ്രീ. എസ്. രാജേന്ദ്രൻ

51. ശ്രീ. ആർ. രാജേഷ്

52. ശ്രീ. റ്റി. വി. രാജേഷ്

53. ശ്രീ. കെ. രാജു

54. ശ്രീ. രാജു എബ്രഹാം

55. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

56. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

57. ശ്രീ. മുല്ലക്കര രത്നാകരൻ

58. പ്രൊഫ. സി. രവീന്ദ്രനാഥ്
59. ശ്രീ. സജി ചെറിയാൻ
60. ശ്രീ. എസ്. ശർമ്മ
61. ശ്രീ. എ. കെ. ശശീന്ദ്രൻ
62. ശ്രീ. സി. കെ. ശശീന്ദ്രൻ
63. ശ്രീ. പി. കെ. ശശി
64. ശ്രീ. വി. ശശി
65. ശ്രീ. ഐ. ബി. സതീഷ്
66. ശ്രീ. ബി. സത്യൻ
67. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീ. ജി. സുധാകരൻ
70. ശ്രീ. വി. എസ്. സുനിൽ കുമാർ
71. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. ഇ. കെ. വിജയൻ
79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. കെ. സി. ജോസഫ്
16. ഡോ. എം. കെ. മുനീർ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീമതി ഷാനിമോൾ ഉസ്മാൻ

28. ശ്രീ. വി. എസ്. ശിവകുമാർ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. ഉമ്മർ

33. ശ്രീ. എം. വിൻസെന്റ്

34. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XLI**

**ഗതാഗതം**

മി. സ്പീക്കർ: സർവ്വശ്രീ അനിൽ അക്കര, വി. ടി. ബൽറാം, പി. കെ. അബ്ദു റബ്ബ്, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, അബ്ദുൽ ഹമീദ്. പി., കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, സണ്ണി ജോസഫ്, പി. സി. ജോർജ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോൺ ഫെർണാണ്ടസ്

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. വി. കെ. സി. മമ്മത് കോയ

31. ശ്രീ. എം. എം. മണി

32. ശ്രീ. മാത്യു ടി. തോമസ്

33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ പി.

36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി

38. ശ്രീ. മുരളി പെരുനെല്ലി

39. ശ്രീ. സി. കെ. നാണു

40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്

42. ശ്രീ. എ. പ്രദീപ്കുമാർ

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. എസ്. രാജേന്ദ്രൻ
51. ശ്രീ. ആർ. രാജേഷ്
52. ശ്രീ. റ്റി. വി. രാജേഷ്
53. ശ്രീ. കെ. രാജു
54. ശ്രീ. രാജു എബ്രഹാം
55. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
56. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
57. ശ്രീ. മുല്ലക്കര രത്നാകരൻ
58. പ്രൊഫ. സി. രവീന്ദ്രനാഥ്
59. ശ്രീ. സജി ചെറിയാൻ
60. ശ്രീ. എസ്. ശർമ്മ
61. ശ്രീ. എ. കെ. ശശീന്ദ്രൻ
62. ശ്രീ. സി. കെ. ശശീന്ദ്രൻ
63. ശ്രീ. പി. കെ. ശശി
64. ശ്രീ. വി. ശശി
65. ശ്രീ. ഐ. ബി. സതീഷ്
66. ശ്രീ. ബി. സത്യൻ
67. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീ. ജി. സുധാകരൻ
70. ശ്രീ. വി. എസ്. സുനിൽ കുമാർ

71. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

72. ശ്രീ. എം. സ്വരാജ്

73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

74. ശ്രീ. പി. തിലോത്തമൻ

75. ഡോ. ടി. എം. തോമസ് ഐസക്

76. ശ്രീ. പി. ഉണ്ണി

77. ശ്രീമതി വീണാ ജോർജ്ജ്

78. ശ്രീ. ഇ. കെ. വിജയൻ

79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

5. ശ്രീ. റ്റി. എ. അഹമ്മദ് കബീർ

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. അനിൽ അക്കര

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. പി. കെ. ബഷീർ

13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. കെ. സി. ജോസഫ്

16. ഡോ. എം. കെ. മുനീർ
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. ഉമ്മൻ ചാണ്ടി
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീമതി ഷാനിമോൾ ഉസ്മാൻ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്
34. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 0 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് മാസം 5-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.28-ന് പിരിഞ്ഞു.)